# വള്ളുവനാട് എന്ന നിർമ്മിതി
# എം. ടി. വാസുദേവൻനായരുടെ കൃതികളിൽ

കാലിക്കറ്റ് സർവ്വകലാശാലയിലെ മലയാള–കേരളപഠനവിഭാഗത്തിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി
സമർപ്പിക്കുന്ന ഗവേഷണപ്രബന്ധം

**സുരേഷ് പുത്തൻപറമ്പിൽ**

**മലയാള–കേരളപഠനവിഭാഗം**
**കാലിക്കറ്റ് സർവ്വകലാശാല**

**2016**

# VALLUVANADU AS A CONSTRUCT IN THE WRITINGS OF M.T. VASUDEVAN NAIR

**Thesis submitted to the Department of Malayalam and Kerala Studies**

**University of Calicut for the Degree of**
**DOCTOR OF PHILOSOPHY**

**SURESH PUTHENPARAMBIL**

**DEPARTMENT OF MALAYALAM AND KERALA STUDIES**

**UNIVERSITY OF CALICUT**

**2016**

**ഡോ. ആർ.വി.എം. ദിവാകരൻ**
അസിസ്റ്റന്റ് പ്രൊഫസർ
മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലാ മലയാള-കേരളപഠനവിഭാഗത്തിൽ പിഎച്ച്. ഡി. യോഗ്യതാ പരീക്ഷയ്ക്ക് സമർപ്പിക്കുന്ന **'വള്ളുവനാട് എന്ന നിർമ്മിതി എം. ടി. വാസുദേവൻനായരുടെ കൃതികളിൽ'** എന്ന ഈ പ്രബന്ധം **സുരേഷ് പുത്തൻപറമ്പിൽ** എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി

തിയ്യതി : **ഡോ. ആർ.വി.എം.ദിവാകരൻ**

# സത്യപ്രസ്താവന

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന **'വള്ളുവനാട് എന്ന നിർമ്മിതി എം. ടി. വാസുദേവൻ നായരുടെ കൃതികളിൽ'** എന്ന ഈ ഗവേഷണപ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും പരീക്ഷയ്ക്കോ അസോസിയേറ്റ്ഷിപ്പിനോ ഫെലോഷിപ്പിനോ മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ലെന്ന് ഇതിനാൽ സത്യമായി ബോധിപ്പിക്കുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി
തിയ്യതി :

സുരേഷ് പുത്തൻപറമ്പിൽ

**ഡോ. ആർ.വി.എം. ദിവാകരൻ**
അസിസ്റ്റന്റ് പ്രൊഫസർ
മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

# സാക്ഷ്യപത്രം

**സുരേഷ് പുത്തൻപറമ്പിൽ** സമർപ്പിച്ച **'വള്ളുവനാട് എന്ന നിർമ്മിതി എം. ടി. വാസുദേവൻനായരുടെ കൃതികളിൽ'** എന്ന പ്രബന്ധം പരീക്ഷകർ നിർദ്ദേശിച്ച ഭേദഗതികൾ വരുത്തി പരിഷ്കരിച്ച കോപ്പിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി

തിയ്യതി : **ഡോ. ആർ.വി.എം.ദിവാകരൻ**

# സത്യപ്രസ്താവന

**'വള്ളുവനാട് എന്ന നിർമ്മിതി എം. ടി. വാസുദേവൻ നായരുടെ കൃതികളിൽ'** എന്ന ഈ ഗവേഷണപ്രബന്ധം പരീക്ഷകർ നിർദ്ദേശിച്ച ഭേദഗതികൾ വരുത്തി പരിഷ്കരിച്ച കോപ്പിയാണെന്ന് ഇതിനാൽ സത്യമായി ബോധിപ്പിക്കുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി
തിയ്യതി :

സുരേഷ് പുത്തൻപറമ്പിൽ

## കൃതജ്ഞത

ഗവേഷണ പ്രബന്ധത്തിന്റെ രചനയിൽ പ്രോത്സാഹനവും വിലയേറിയ നിർദ്ദേശങ്ങളും നൽകി സഹായിച്ച എന്റെ ഗവേഷണ മാർഗ്ഗദർശി ഡോ. ആർ. വി. എം. ദിവാകരനോടുള്ള കടപ്പാട് രേഖപ്പെടുത്തുന്നു. ഗവേഷണകാലത്ത് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകി സഹായിച്ച ഡോ. എം. എം. ബഷീർ, ഡോ. എം. വി. നാരായണൻ, ശ്രീ. പാലക്കീഴ് നാരായണൻ, ശ്രീ. എസ്. രാജേന്ദു എന്നിവരോടും ഏറെ നന്ദിയുണ്ട്. ഗവേഷണത്തിന് ആവശ്യമായ സഹായങ്ങളും സൗകര്യങ്ങളും നൽകിയ മലയാള വിഭാഗത്തിലെ മുൻ വകുപ്പധ്യക്ഷന്മാരായ ഡോ. ടി. പവിത്രൻ, ഡോ. എം. എൻ. കാരശ്ശേരി, ഡോ. അനിൽ വള്ളത്തോൾ ഇപ്പോഴത്തെ വകുപ്പധ്യക്ഷനായ ഡോ. എൽ. തോമസ്കുട്ടി എന്നിവരോടും എന്റെ കടപ്പാട് രേഖപ്പെടുത്തുന്നു.

ഗവേഷണത്തിന്റെ വിഷയ സ്വീകരണം മുതൽ പ്രബന്ധരചനയുടെ അവസാനം വരെ നിർദ്ദേശങ്ങൾ നൽകിയും ഗവേഷണത്തിലെ പ്രതിസന്ധി ഘട്ടങ്ങളിൽ മുന്നോട്ടു പോകാനുള്ള ഊർജ്ജം നൽകിയും ആദ്യാവസാനം കൂടെ നിന്ന ഡോ. പി. പവിത്രൻ, ഡോ. എൽ. സുഷമ (ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, തിരൂർ), ഡോ. കെ. എം. അനിൽ, മഞ്ജു കെ. സുഹൃത്തും സഹഗവേഷകയുമായ സൗമ്യ കെ. സി, എന്നിവരോടുള്ള നന്ദി വാക്കുകൾക്കതീതമാണ്.

പ്രബന്ധരചനയുടെ സമയത്ത് നിർദ്ദേശങ്ങൾ നൽകിയും പ്രൂഫ് നോക്കിയും സഹായിച്ച സുഹൃത്തുക്കളായ ഉണ്ണികൃഷ്ണൻ പി, രൺജിത്ത് എൻ. വി, ദിവ്യ വി, സലാഹുദ്ദീൻ സി. ടി, പ്രിയ എൻ. വി., ജിൻസി കെ. എന്നിവരോടും ഏറെ നന്ദിയുണ്ട്.

ഗവേഷണ കാലത്ത് ഏറെ സഹായിച്ച സെൻട്രൽ ലൈബ്രറിയിലെയും മലയാള വിഭാഗം ലൈബ്രറിയിലെയും ഓഫീസിലെയും ജീവനക്കാരോടുള്ള നന്ദിയും

അറിയിക്കട്ടെ. കാലടി ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല മലയാള വിഭാഗം ലൈബ്രറി, തൃശ്ശൂർ അപ്പൻ തമ്പുരാൻ സ്മാരക ഗ്രന്ഥാലയം എന്നിവിടങ്ങളിലെ ജീവനക്കാരോടും നന്ദിയുണ്ട്. ഈ പ്രബന്ധം വൃത്തിയായും ഭംഗിയായും ടൈപ്പ് ചെയ്ത ചെനക്കൽ ബിന എന്ന സ്ഥാപനത്തിലെ ജീവനക്കാരോടും ഞാൻ നന്ദിയുള്ളവനാണ്.

# ഉള്ളടക്കം


| | | |
|---|---|---|
| **ആമുഖം** | | **1 – 18** |
| **അധ്യായം 1** | | |
| **വള്ളുവനാട്: ദേശം, സ്വത്വം, എഴുത്ത്** | | **19 – 61** |
| **1.1.** | **ഗോത്രസമൂഹത്തിന്റെ സ്വത്വം** | **21** |
| **1.2.** | **മാറുന്ന ദേശാതിർത്തികൾ** | **22** |
| **1.3.** | **ദേശരാഷ്ട്രം** | **22** |
| **1.4.** | **വള്ളുവനാട് എന്ന ദേശം** | **24** |
| **1.5.** | **വള്ളുവനാട്ടിലെ മിത്തുകൾ** | **27** |
| 1.5.1. | പറയിപെറ്റ പന്തിരുകുലം | 27 |
| 1.5.1.1. | മേഴത്തോൾ അഗ്നിഹോത്രി | 28 |
| 1.5.1.2. | രജകൻ | 29 |
| 1.5.1.3. | ഉളിയന്നൂർ പെരുന്തച്ചൻ | 29 |
| 1.5.1.4. | വള്ളോൻ | 30 |
| 1.5.1.5. | വടുതല നായർ | 30 |
| 1.5.1.6. | ഉപ്പുകൂറ്റൻ | 30 |
| 1.5.1.7. | കാരയ്ക്കൽമാതാ | 31 |
| 1.5.1.8. | അകവൂർ ചാത്തൻ | 31 |
| 1.5.1.9. | പാക്കനാർ | 32 |
| 1.5.1.10. | പാണനാർ | 32 |
| 1.5.1.11. | നാറാണത്തുഭ്രാന്തൻ | 32 |
| 1.5.1.12. | വായില്ലാക്കുന്നിലപ്പൻ | 32 |
| 1.5.2. | ആനകളുമായി ബന്ധപ്പെട്ട മിത്തുകൾ | 33 |
| 1.5.2.1. | ആനമുത്ത് | 34 |
| **1.6.** | **വള്ളുവനാടിന്റെ രാജചരിത്രം** | **34** |
| 1.6.1. | ആദി വള്ളുവനാട് | 36 |
| 1.6.2. | ആയ്‌വംശബന്ധം | 36 |
| 1.6.3. | പല്ലവരാജവംശബന്ധം | 37 |

1.6.4. വള്ളുവനാടും നെടുങ്ങനാടും 38

1.6.5. വള്ളുവനാടും സാമൂതിരിയും 39

1.6.6. ആറങ്ങോട്ടുസ്വരൂപം 41

**1.7. കീഴാള-കാർഷിക-ഉത്സവ ദേശങ്ങൾ 42**

1.7.1. കുടിയേറ്റം - കാർഷിക ബന്ധങ്ങൾ 42

1.7.2. കീഴാള ചരിത്രം 44

1.7.3. വള്ളുവനാടിന്റെ ജീവലോകം 46

1.7.4. ദേശപ്പെരുമയുടെ പൂരക്കാഴ്ച്ചകൾ 49

**1.8. കൊളോണിയൽ ആധുനികതയും ദേശസ്വത്വവും 51**

1.8.1. വള്ളുവനാട് താലൂക്ക് 51

1.8.2. മലബാർ പ്രൊവിൻസ 51

1.8.3. വള്ളുവനാട് താലൂക്ക് ആരംഭം 52

**1.9. വള്ളുവനാട് കേരളപ്പിറവിക്ക് ശേഷം 52**

**1.10. ദേശവും എഴുത്തും 53**

1.10.1. നോവലും ദേശവും 54

1.10.2. വള്ളുവനാടിന്റെ നോവൽ സാഹിത്യം 55

1.10.2.1. അധ്വാനത്തിന്റെ പോരിടങ്ങൾ 55

1.10.2.2. മതേതരദേശങ്ങൾ 57

1.10.2.3. എം.ടി യും വള്ളുവനാടും 58

**അധ്യായം 2**

**ഭൂപ്രകൃതി: ആഖ്യാനം അനുഭവം 62 – 104**

**2.1. ഭൂപ്രകൃതിയുടെ ആഖ്യാനം 63**

**2.2. കേരളത്തിന്റെ ഭൂപ്രകൃതി 64**

**2.3. പ്രകൃതിയും സാഹിത്യവും 66**

**2.4. അന്യവൽക്കരിക്കപ്പെടുന്ന വയൽക്കാഴ്ചകൾ 67**

2.4.1. നിശബ്ദമാകുന്ന വയലുകൾ 68

2.4.2. കാൽപ്പനികതയുടെ കതിരുവിളയുന്ന പാടങ്ങൾ 72

2.4.3. തീയാളുന്ന പാടങ്ങൾ 78

**2.5. കുന്നിൻ ചെരിവുകൾ 79**

2.5.1. അഭയത്തിന്റെ സ്ഥലപരിസരം 80

| | | |
|---|---|---|
| 2.5.2. | അതിരാളൻകുന്നും കണ്ണാന്തളിപ്പൂക്കളും | 85 |
| 2.5.3. | മാറിപ്പോയ ജീവിതവഴികൾ | 87 |
| **2.6.** | **ഊഷരമായ പുഴക്കാഴ്ചകൾ** | **89** |
| 2.6.1. | ഓർമ്മയുടെ കണ്ണീർചാലുകൾ | 90 |
| 2.6.2. | മണൽക്കാടായിമാറിയ പുഴ | 91 |
| 2.6.3. | നിശ്ചലമായ ഒഴുക്കുകൾ | 93 |
| **2.7.** | **മഴ, വെള്ളം-ഇല്ലായ്മയും ആധിക്യവും** | **95** |
| 2.7.1. | അസഹ്യതയുടെ അനുഭവലോകം | 96 |
| 2.7.2. | പേമാരിയായ് പെയ്ത ദുരന്തം | 100 |
| 2.7.3. | സ്വപ്നങ്ങൾ പെയ്ത മഴക്കാലം | 101 |
| **2.8.** | **നിശബ്ദമായ ഭൂപ്രകൃതി** | **103** |

**അധ്യായം 3**

**സ്ഥലം എന്ന ആഖ്യാനയുക്തി:**
***നാലുകെട്ട്, അസുരവിത്ത്, കാലം* എന്നീ നോവലുകളിലെ**
**ഇടങ്ങളുടെ വിശകലനം** **105 – 161**

| | | |
|---|---|---|
| **3.1.** | **വീടുകൾ** | **108** |
| 3.1.1. | അധ്വാനത്തിന്റെ വീട് | 109 |
| 3.1.2. | സ്വാതന്ത്ര്യത്തിന്റെ അകസ്ഥലം | 110 |
| 3.1.3. | ദാരിദ്ര്യത്തിന്റെ അകസ്ഥലം | 111 |
| 3.1.4. | നാലുകെട്ട്: അപരിചിതത്വത്തിന്റെ അത്ഭുതലോകം | 113 |
| 3.1.5. | വടക്കിനി : പുതിയ കീഴാളതയുടെ വെളിസ്ഥലം | 117 |
| 3.1.6. | ഏറ്റുപറച്ചിലിന്റെ ഇടം | 118 |
| 3.1.7. | നിരാശയുടെ വീട്ടകങ്ങൾ | 119 |
| 3.1.8. | മാനവികതയുടെ വീട് | 120 |
| 3.1.9. | ചതിയുടെ ഇടങ്ങൾ | 122 |
| 3.1.10. | വീട് എന്ന ഇടത്താവളം | 123 |
| 3.1.11. | അവിശ്വാസത്തിന്റെ ഇടം | 124 |
| **3.2.** | **അധ്വാനത്തിന്റെ അകസ്ഥലങ്ങൾ** | **125** |
| 3.2.1. | അധ്വാനത്തിന്റെ പെണ്ണിടം | 125 |
| 3.2.2. | നിസ്സഹായതയുടെ ഇടം | 128 |
| 3.2.3. | സംഘർഷത്തിന്റെ ഇടങ്ങൾ | 130 |

**3.3. അധികാരസ്ഥലം 130**

3.3.1. അധികാരത്തിന്റെ സംഘർഷങ്ങൾ 131

3.3.2. അധികാരത്തിന്റെ വ്യത്യസ്ത മുഖങ്ങൾ 132

3.3.3. അധികാരത്തിന്റെ പെണ്ണിടം 134

**3.4. വിദ്യാലയം എന്ന സ്ഥലം 135**

3.4.1. വിജയത്തിന്റെ സ്ഥലപരിസരം 135

3.4.2. വിദ്യാലയത്തിന്റെ ഓർമ്മകൾ 137

3.4.3. കോളേജും നഗരാനുഭവവും 137

**3.5. അങ്ങാടി എന്ന സാമൂഹ്യസ്ഥലം 139**

3.5.1. കാഴ്ചയുടെ സ്ഥലാനുഭവം 139

3.5.2. പുതിയ ചിന്തകളുടെ ഇടം 141

3.5.3. കാപട്യങ്ങളുടെ ലോകം 142

**3.6. കളിസ്ഥലം 142**

**3.7. ആരാധനാസ്ഥലം 144**

**3.8. തൊഴിലിടം 145**

**3.9. പെണ്ണിടം 145**

**3.10. സാമ്പത്തിക സ്ഥലം 146**

3.10.1. സമ്പത്തും മറുനാടും 146

3.10.2. സമ്പത്തിന്റെ ആൾരൂപങ്ങൾ 149

3.10.3. ഇല്ലായ്മകളുടെ കാലം 150

**3.11. കീഴാളസ്ഥലരാശി 152**

3.11.1. ദൈന്യതയുടെ ഇടം 152

3.11.2. അധ്വാനത്തിന്റെ നിലങ്ങൾ 154

3.11.3. കീഴടങ്ങലിന്റെ ആവർത്തനങ്ങൾ 157

**3.12. നാട്-മറുനാട് 159**

**3.13. സാമൂഹ്യ ഇടങ്ങളുടെ അഭാവം 160**

**അദ്ധ്യായം 4**
**ഭാഷയും ഭാഷണവും എം. ടി കൃതികളിലെ സ്ഥലപരിസരങ്ങളിൽ 162 - 229**

**4.1. വള്ളുവനാടൻ ഭാഷ 163**

**4.2. കുടുംബബന്ധ പശ്ചാത്തലത്തിലുള്ള സ്ത്രീ-പുരുഷ ഭാഷണങ്ങൾ 168**

| | | |
|---|---|---|
| 4.2.1 | ഗൃഹഭാഷണങ്ങൾ | 169 |
| 4.2.2 | ഭാഷണത്തിൽ തെളിയുന്ന ഭാവനാലോകം | 173 |
| 4.2.3 | സംഭാഷണത്തിലെ ദേശസൂചകങ്ങൾ | 176 |
| 4.2.4. | പുറത്തേക്കുവികസിക്കുന്ന ഭാഷണങ്ങൾ | 177 |
| 4.2.5. | ഭാഷണത്തിലെ വീട്ടകങ്ങൾ | 180 |
| 4.2.6. | ആചാരവും വിശ്വാസവും | 185 |
| 4.2.7. | തിരിച്ചുവിളിക്കുന്ന വാക്കുകൾ | 185 |
| **4.3.** | **കുടുംബബന്ധ പശ്ചാത്തലത്തിലെ പുരുഷ-പുരുഷ ഭാഷണങ്ങൾ** | **186** |
| 4.3.1. | അധികാരവും നിസ്സഹായതയും | 186 |
| 4.3.2. | പ്രതികാര ഭാഷണം | 193 |
| 4.3.3. | നിരാശയുടെ ഇടം. | 195 |
| 4.3.4. | ഓർമ്മകൾ ഉണർത്തുന്ന ഭാഷണങ്ങൾ | 195 |
| **4.4.** | **കുടുംബബന്ധ പശ്ചാത്തലത്തിലെ സ്ത്രീ-സ്ത്രീ ഭാഷണങ്ങൾ** | **197** |
| 4.4.1. | നഷ്ടപ്പെടുന്ന അവകാശങ്ങൾ | 198 |
| 4.4.2. | ഇല്ലായ്മയുടെ സംഘർഷങ്ങൾ | 199 |
| **4.5.** | **സാമുഹ്യബന്ധ പശ്ചാത്തലത്തിലുള്ള സ്ത്രീ-പുരുഷ ഭാഷണങ്ങൾ** | **200** |
| 4.5.1. | കീഴാള ഭാഷണങ്ങൾ | 200 |
| 4.5.2. | പ്രണയ ഭാഷണങ്ങൾ | 201 |
| 4.5.2.1. | പ്രണയത്തിന്റെ പുതിയ ഇടം | 201 |
| 4.5.2.2. | അഭയത്തിന്റെ പുതിയ ഇടം | 202 |
| 4.5.2.3. | പ്രണയത്തിന്റെ അപരിചിത ഇടങ്ങൾ | 203 |
| 4.5.3. | കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ഭാഷണങ്ങൾ | 204 |
| 4.5.4. | നഗര ഭാഷണങ്ങൾ | 205 |
| **4.6.** | **സാമുഹ്യബന്ധ പശ്ചാത്തലത്തിലെ പുരുഷ-പുരുഷ ഭാഷണങ്ങൾ** | **206** |
| 4.6.1. | സംഭാഷണത്തിലെ ദേശക്കാഴ്ചകൾ | 206 |
| 4.6.2. | സംഭാഷണങ്ങളും ദേശമുദ്രകളും | 208 |
| 4.6.3. | മനക്കരുത്തിന്റെ ഇടം | 210 |
| 4.6.4. | അറിവിന്റെ ഇടങ്ങൾ | 211 |
| 4.6.5. | സംഘർഷം നിറയുന്ന സംഭാഷണങ്ങൾ | 212 |
| 4.6.6. | കാലത്തിന്റെ മാറ്റങ്ങൾ | 217 |
| 4.6.7. | യൗവ്വനത്തിന്റെ ക്ഷോഭങ്ങൾ | 220 |
| 4.6.8. | നഗരത്തിലെ ചതിക്കുഴികൾ | 222 |

| | | |
|---|---|---|
| **4.7.** | **സാമൂഹ്യബന്ധ പശ്ചാത്തലത്തിലെ സ്ത്രീ-സ്ത്രീ ഭാഷണങ്ങൾ** | **223** |
| 4.7.1. | നാടിന്റെ ഇന്നലെകൾ | 223 |
| 4.7.2. | മനുഷ്യത്വത്തിന്റെ ഇടം | 224 |
| 4.8. | വൈയക്തിക ഭാഷണങ്ങളുടെ ഇടങ്ങൾ | 225 |
| | **ഉപസംഹാരം** | **230 – 236** |
| | **ഗ്രന്ഥസൂചി** | **237 – 250** |
| | **അനുബന്ധം** | **251 – 260** |

# ആമുഖം

ഓരോ നാടിന്റെയും അനന്യമായ സംസ്കൃതി രൂപപ്പെടുന്നത് നിരവധി ചരിത്രസന്ദർഭങ്ങളിൽക്കൂടിയാണ്.കേരളീയദേശങ്ങൾ ഗോത്രസമൂഹങ്ങളിലൂടെയും നാടുകളിലൂടെയും കടന്നുവരികയും പിന്നീട് വൈദേശികാധിപത്യത്തിന് വഴിമാറുകയും ചെയ്തവയാണെന്ന് സാമാന്യമായി പറയാം. ഈ പ്രബന്ധത്തിൽ പരിചരിക്കുന്ന വള്ളുവനാട് ദേശവും വ്യത്യസ്തമല്ല. സ്വാതന്ത്ര്യാനന്തരം ഏകരാഷ്ട്രത്തിൻ കീഴിലേക്ക് നാം മാറി. ഭരണസൗകര്യാർത്ഥം സംസ്ഥാനങ്ങളും ജില്ലാ ഭരണപ്രദേശങ്ങളും രൂപംകൊണ്ടു.ദേശവൈവിധ്യങ്ങളെ അപ്രസക്തമാക്കുന്ന ഏകദേശീയതയോട് ഇടഞ്ഞുകൊണ്ട് ബഹുദേശീയതകൾ ഉടലെടുത്തു. ഓരോ പ്രദേശത്തിന്റെയും സംസ്കാര വൈവിധ്യങ്ങളെ അടയാളപ്പെടുത്തുന്ന പ്രാദേശികചരിത്രമെഴുത്തുകളുണ്ടായി.

പ്രാദേശികതയുടെ എഴുത്ത് ചരിത്രരചനയിൽ മാത്രമല്ല സാഹിത്യരചനയിലും കടന്നുവന്നു. സാഹിത്യരൂപങ്ങളിൽ നോവൽ എന്ന ജനുസ്സിലാണ് ഇത്തരം ദേശത്തിന്റെ എഴുത്തുകൾ കൂടുതലും കാണുന്നത്. മലയാളനോവൽസാഹിത്യത്തിൽ ശ്രദ്ധേയരായ എഴുത്തുകാരിൽ മിക്കവരും തങ്ങളുടെ ദേശത്തിന്റെ പശ്ചാത്തലത്തിൽ കൃതികൾ രചിച്ചവരാണ്. ഓരോ നോവലിസ്റ്റും ദേശത്തെ തങ്ങളുടെ ഭാവനയ്ക്കൊത്താണ് ആവിഷ്കരിച്ചിരിക്കുന്നത്. ഒരു ദേശത്തിൽനിന്ന് തനിക്ക് വേണ്ടതുമാത്രം കണ്ടെടുക്കുകയാണ് അവർ. ചില എഴുത്തുകാർ ഒരു പ്രത്യേക സ്ഥലത്തെ ആവർത്തിച്ച് തങ്ങളുടെ നോവലിന്റെ ആധാരസ്ഥലമായി സ്വീകരിക്കും. അങ്ങനെ ഭാവനാദേശങ്ങളായി അവ സാഹിത്യത്തിൽ പ്രത്യക്ഷപ്പെടും. അതുകൊണ്ടാണ് ഒരേ സ്ഥലത്തെ വ്യത്യസ്ത എഴുത്തുകാർ ആവിഷ്കരിക്കുമ്പോൾ അത് വ്യത്യസ്ത ദേശങ്ങളായി വായനക്കാർക്ക് അനുഭവപ്പെടുന്നത്.

എം. ടി വാസുദേവൻനായരും ചെറുകാടും ഉറൂബും വള്ളുവനാട് എന്ന ദേശത്തിന്റെ പശ്ചാത്തലത്തിൽ കഥ പറഞ്ഞവരാണ്. വള്ളുവനാട് എന്ന ദേശത്തെ വ്യത്യസ്തമായ രീതിയിലാണ് ഈ മൂന്ന് എഴുത്തുകാരും ആവിഷ്കരിച്ചിരിക്കുന്നത്. ഇതിൽ എം. ടി വാസുദേവൻനായരുടെ കൃതികളിൽ ആവിഷ്കരിക്കപ്പെട്ടിരി

ക്കുന്ന വള്ളുവനാട് എന്ന ദേശത്തിന്റെ സവിശേഷതകൾ കണ്ടെത്താനാണ് ഈ പഠനത്തിൽ ശ്രദ്ധിക്കുന്നത്. ഒരു കാലത്ത് നാട്ടുരാജ്യമായും പിന്നീട് കോളനിഭരണത്തിന്റെ കീഴിലും കഴിഞ്ഞ ദേശമാണ് വള്ളുവനാട്. സ്വാതന്ത്ര്യാനന്തരം ദേശാതിർത്തികൾ പുനർനിശ്ചയിക്കപ്പെട്ടു. പുതിയ ജില്ലകൾ രൂപീകരിക്കപ്പെട്ടു. അതോടെ വള്ളുവനാട് താലൂക്ക് അപ്രത്യക്ഷമായി. ഇന്ന് വള്ളുവനാട് എന്ന ദേശം എഴുത്തുകാർ തങ്ങളുടെ കൃതികളിലൂടെ നിർമ്മിച്ചെടുക്കുന്ന ഭാവനാദേശം മാത്രമാണ്. ഇങ്ങനെ ഒരിക്കൽ ഉണ്ടായിരുന്ന വള്ളുവനാട് എന്ന ദേശത്തെ എം. ടി തന്റെ കൃതികളിൽ പുനർനിർമ്മിച്ചെടുക്കുമ്പോൾ ഏതുതരത്തിലാണ് ദേശം ആവിഷ്കരിക്കപ്പെടുന്നത് എന്ന് അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്. എം. ടി രചിച്ച *നാലുകെട്ട്, അസുരവിത്ത്, കാലം* എന്നീ നോവലുകൾ വിശകലനം ചെയ്തുകൊണ്ടാണ് ഈ പഠനം നിർവ്വഹിച്ചിരിക്കുന്നത്.

**പഠനലക്ഷ്യം**

വള്ളുവനാട് എന്ന ദേശത്തെ തന്റെ കൃതികളിൽ ആവർത്തിച്ച് ആവിഷ്കരിച്ച എഴുത്തുകാരനാണ് എം.ടി വാസുദേവൻനായർ. വള്ളുവനാടൻ ഗ്രാമം അദ്ദേഹത്തിന്റെ എഴുത്തിനെ ഗാഢമായി സ്വാധീനിച്ചിട്ടുണ്ട്. എം.ടി യുടെ കഥാപാത്രങ്ങളിൽ മിക്കവരും കൂടല്ലൂരിലും പരിസരങ്ങളിലും ജീവിച്ചിരുന്നവരാണ്. തന്റെ ബാല്യകാലാനുഭവങ്ങളും കുടുംബബന്ധങ്ങളുമാണ് അദ്ദേഹം തന്റെ നോവലിനും കഥയ്ക്കും വിഷയമാക്കിയിരിക്കുന്നത്. ദേശത്തെ എഴുത്തിൽ ആവിഷ്കരിച്ച എം. ടി കൃതികളിൽ വള്ളുവനാട് ഏത് തരത്തിലാണ് പ്രതിനിധാനം ചെയ്യപ്പെട്ടിരിക്കുന്നത് എന്ന് അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്. വള്ളുവനാടിന്റെ ഭൂപ്രകൃതി, കാർഷിക ജീവിതങ്ങൾ, സാമൂഹിക ബന്ധങ്ങൾ, ഭാഷണത്തിലെ പ്രത്യേകതകൾ ഇവയെല്ലാം ഏതുതരത്തിലാണ് എം.ടി യുടെ കൃതികളിൽ ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശകലനം ചെയ്യുകയും വള്ളുവനാടൻ ദേശനിർമ്മിതിയുടെ പ്രത്യേകതകൾ കണ്ടെത്തുകയുമാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

**പ്രസക്തി**

എം.ടി യെക്കുറിച്ച് നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ എഴുത്തുകാർ ഒരു ദേശത്തെ ഭാവന ചെയ്യുന്നതെങ്ങനെയാണെന്നത് എം.ടി യുടെ കൃതികളെ ആധാരമാക്കി പഠിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് എഴുത്തും ദേശവും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് ചില മൗലിക ധാരണകൾ ഉണ്ടാക്കുന്നു എന്നതാണ് ഈ പഠനത്തിന്റെ പ്രസക്തി. ഏതൊരെഴുത്തുകാരുടെയും ഭാവനയിൽ ദേശം നിർമ്മിക്കപ്പെടുന്നത് എങ്ങനെയാണ് എന്ന് വിശകലനം ചെയ്യാനുള്ള ഒരു മാർഗ്ഗം എന്ന നിലയ്ക്ക് ഈ പഠനത്തെ കാണാം. എഴുത്തും ദേശവും എന്ന വിപുലമായ പരിപ്രേക്ഷ്യത്തിലേക്ക് മലയാളത്തിൽ നിന്നൊരു മാതൃക *നാലുകെട്ട്, അസുരവിത്ത്, കാലം* എന്നീ നോവലുകളെ മുൻനിർത്തി അവതരിപ്പിക്കപ്പെടുന്നു എന്നതാണ് ഈ പ്രബന്ധത്തിന്റെ പ്രസക്തി.

**രീതിശാസ്ത്രം**

ഇവിടെ വിശകലനത്തിന് വിധേയമാക്കുന്ന സാഹിത്യകൃതികളെ അല്ലെങ്കിൽ സാഹിത്യപാഠത്തെ ഒരു സാംസ്കാരികപാഠമായി (Cultural text) ട്ടാണ് എടുക്കുന്നത്. അതായത് നോവൽപാഠത്തെ മറ്റു പല പാഠങ്ങളുമായി സംവാദാത്മകബന്ധത്തിൽ കൊണ്ടുവരികയും അങ്ങനെ സൃഷ്ടിക്കപ്പെടുന്ന അന്തർപാഠപരതയെ വിശകലനം ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. കാർഷിക സംസ്കൃതി, ഗോത്രസ്മൃതി, മിത്തുകൾ, പുരാവൃത്തങ്ങൾ എന്നിവയുടെ ആഖ്യാനപാഠങ്ങൾ ഇതിനായി ഉപയോഗിക്കുന്നു. അങ്ങനെ വിവിധ വഴികളിലൂടെ ഈ പാഠത്തിലേക്ക് വരാൻ ശ്രമിക്കുന്നു. അതോടൊപ്പം കേരളത്തിൽ സംഭവിച്ചിട്ടുള്ള ആധുനികവൽക്കരണത്തിന്റെയും അതിന്റെ വളർച്ചയുടെയും വികാസത്തിന്റെയുമൊക്കെ വിവിധങ്ങളായ പാഠങ്ങളെ വിശകലനത്തിന് വിധേയമാക്കുന്നു. ഇതിന്റെയൊക്കെ വെളിച്ചത്തിൽ നിന്നുകൊണ്ട് ഈ നോവലുകളെ വിലയിരുത്താനാണ് ശ്രമിക്കുന്നത്. ഈ

അർത്ഥത്തിൽ പൂർണ്ണമായും സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രം ഉപയോഗി ച്ചാണ് ഈ പഠനം നിർവ്വഹിച്ചിട്ടുള്ളത്.

**ഉപാദാനങ്ങൾ**

എം.ടി വാസുദേവൻനായർ 1958-ൽ രചിച്ച *നാലുകെട്ട്,* 1962-ൽ രചിച്ച *അസുരവിത്ത്*, 1969 ൽ രചിച്ച *കാലം* എന്നീ നോവലുകളാണ് ഈ പഠനത്തിന്റെ മുഖ്യ ഉപാദാനങ്ങളായി സ്വീകരിച്ചിരിക്കുന്നത്.

**പൂർവ്വപഠനങ്ങൾ**

എം. ടി വാസുദേവൻനായരുടെ *നാലുകെട്ട്, അസുരവിത്ത്, കാലം* എന്നീ നോവലുകളെക്കുറിച്ചുണ്ടായ പൂർവ്വപഠനങ്ങളെ സാമാന്യമായി പരിചയപ്പെടുത്തു കയാണ് ഇവിടെ ചെയ്യുന്നത്. *നാലുകെട്ട്* എന്ന നോവലിനെ കുറിച്ചാണ് ഏറ്റവും കൂടുതൽ പഠനങ്ങൾ വന്നിട്ടുള്ളത്. അതുകൊണ്ട് തന്നെ അവയെ ആദ്യം പരിചയ പ്പെടുത്തുന്നു. *അസുരവിത്തിനെ*ക്കുറിച്ചുള്ള പഠനങ്ങൾ ഡോ. എം. ലീലാവതി എഡിറ്റ് ചെയ്തിട്ടുണ്ട്. ആ പുസ്തകത്തിലെ പഠനങ്ങളാണ് തുടർന്ന് പരിചയപ്പെടു ത്തുന്നത്. അതിനുശേഷം *കാല*ത്തെക്കുറിച്ചു വന്ന പഠനങ്ങളും എം. ടി കൃതി കളെക്കുറിച്ച് പൊതുവായി വന്ന പഠനങ്ങളും പരിചയപ്പെടുത്തുന്നു.

എൻ. ജയകൃഷ്ണൻ എഡിറ്റ് ചെയ്ത് കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറ ക്കിയ *നാലുകെട്ടിന്റെ തച്ചുശാസ്ത്രം* എം.ടി വാസുദേവൻനായരുടെ *നാലുകെട്ട്* എന്ന നോവലിനെക്കുറിച്ചുള്ള പഠനങ്ങളുടെ സമാഹാരമാണ്. 'നാലുകെട്ടുകൾ പൊളിക്കുമ്പോൾ' എന്ന എൻ. ജയകൃഷ്ണന്റെ ആമുഖക്കുറിപ്പോടെയാണ് പുസ്തകം തുടങ്ങുന്നത്. *നാലുകെട്ട്* എന്ന നോവലിനെ വ്യത്യസ്ത കാഴ്ചപ്പാടുക ളിലൂടെ നോക്കി കാണുന്ന മുപ്പത്തിയൊന്ന് ലേഖനങ്ങളും എം.ടി യെക്കുറിച്ചുള്ള പ്രഗൽഭരായ വ്യക്തികളുടെ ഓർമ്മകളും അനൂപ് രാമകൃഷ്ണനും ജോഷി ബെന ഡിക്ടും ചേർന്ന് രചിച്ച 'അപ്പുണ്ണിയുടെ യാത്രകൾ' എന്ന ഡോക്യുമെന്ററിയുടെ

തിരക്കഥയും സാറാജോസഫുമായി രാജേഷ് തില്ലങ്കേരി നടത്തിയ അഭിമുഖവും ഉണ്ണികൃഷ്ണൻ ചെറുതുരുത്തി രചിച്ച 'നാലുകെട്ടിലെ പാറുക്കുട്ടി' എന്ന കവിതയും നാലുകെട്ടിനെക്കുറിച്ചുള്ള എം.ടി യുടെ ആത്മഭാഷണവും ഈ പുസ്തകത്തിലുണ്ട്. കൂടാതെ എം.ടി യുടെ കൃതികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

*നാലുകെട്ടിന്റെ തച്ചുശാസ്ത്രം* എന്ന കൃതിയിലെ ആദ്യ ലേഖനം എസ്. ഗുപ്തൻ നായരുടെ 'നാലുകെട്ടിലെ നിഴലും വെളിച്ചവും' എന്നതാണ്. ഈ ലേഖനത്തിൽ എം. ടി യുടെ നോവലുകളിലെ ചില സന്ദർഭങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഗദ്യഭാഷയുടെ താളവും ലയവും എങ്ങനെയാണ് എം.ടി യുടെ കൃതികളിൽ ചേർന്നുനിൽക്കുന്നതെന്ന് അദ്ദേഹം പറയുന്നു. എം. ടി യുടെ കഥാപാത്രങ്ങൾ നൂറുശതമാനവും നാടുമായി ചേർന്നു നിൽക്കുന്നവർ തന്നെയാണെന്ന് ഒ. വി. വിജയന്റെ കഥാപാത്രങ്ങളുമായി താരതമ്യം ചെയ്തുകൊണ്ട് ഗുപ്തൻനായർ സ്ഥാപിക്കുന്നു. 'മനീഷിയുടെ നോട്ടം ഉണ്മയിലേക്കും ഉണ്ടാകേണ്ടതിലേക്കും' എന്ന ഡോ.എം.ലീലാവതിയുടെ ലേഖനമാണ് മറ്റൊന്ന്. ഇതിൽ കാരണവരെ ധിക്കരിച്ച് സ്വന്തം ജീവിതം തിരഞ്ഞെടുത്ത പാറുകുട്ടിയെന്ന കഥാപാത്രത്തെ എം. ടി യുടെ മികച്ച കഥാപാത്രസൃഷ്ടിയായി നിരീക്ഷിക്കുന്നു. മക്കത്തായത്തിലേയും മരുമക്കത്തായത്തിലേയും കാരണവന്മാരെ എതിർക്കുകയും കീഴാളരുടെയും സ്ത്രീകളുടെയും പക്ഷത്തുനിന്നു രചന നിർവ്വഹിക്കുകയും ചെയ്ത നോവലിസ്റ്റാണ് എം.ടി എന്നും ലീലാവതി പറയുന്നു. മറ്റൊരു ലേഖനം സച്ചിദാനന്ദൻ രചിച്ച 'പരിത്യക്തരുടെ രാഷ്ട്രീയം' എന്നതാണ്. പ്രാദേശിക സ്വഭാവമാണ് എം. ടി രചനകളിലെ സൂക്ഷ്മ രാഷ്ട്രീയം എന്ന് ഇദ്ദേഹം നിരീക്ഷിക്കുന്നു. എം.ടി കൃതികളിലെ പ്രത്യക്ഷ രാഷ്ട്രീയത്തിന്റെ അഭാവത്തെ ന്യായീകരിക്കുകയും ഹിന്ദു-മുസ്ലീം സാഹോദര്യത്തെ വാഴ്ത്തുകയും ചെയ്യുന്നുണ്ട് ഈ ലേഖനത്തിൽ. എം. ടി കൃതികളിലെ ആധുനികതാ സങ്കല്പത്തെകുറിച്ചും എം.ടി യ്ക്ക് പ്രിയപ്പെട്ട അന്യഭാഷാ എഴുത്തുകാരെ കുറിച്ചും ഈ ലേഖനത്തിൽ പറയുന്നു.

പ്രൊഫ. കെ. പി. ശങ്കരൻ 'സിദ്ധിയുടെ വിസ്മയം' എന്ന ലേഖനത്തിൽ എം.ടി യുടെ എഴുത്ത് മലയാള സാഹിത്യത്തിൽ ഒരു വിസ്മയമായി മാറിയതെങ്ങനെയെന്ന് അന്വേഷിക്കുന്നു. കവിതയിൽ ചങ്ങമ്പുഴ എങ്ങനെയാണോ ഒരു വിസ്മയമായി മാറിയത് അതുപോലെ നോവൽ/കഥാസാഹിത്യത്തിൽ ഒരു വിസ്മയമായി മാറിയ എഴുത്തുകാരനാണ് എം.ടി എന്ന് കെ.പി.ശങ്കരൻ നിരീക്ഷിക്കുന്നു. 'നാലുകെട്ടും ഇംഗ്ലീഷ് പരിഭാഷയും' എന്ന ഡോ.എം.എം.ബഷീറിന്റെ ലേഖനത്തിൽ ഗീതാ കൃഷ്ണൻകുട്ടിയുടെ *നാലുകെട്ട്* പരിഭാഷയുടെ സവിശേഷതകൾ എന്തെല്ലാമെന്ന് അന്വേഷിക്കുന്നു. എം.ടി യുടെ മൂലകൃതി വായിച്ചിട്ടില്ലാത്തവർക്ക് അനല്പമായ ആഹ്ലാദം നൽകുന്നതാണ് ഈ പരിഭാഷയെന്ന് എം.എം.ബഷീർ പറയുന്നു. നോവലിലെ സർപ്പം തുള്ളലിന്റെയും മറ്റും അടിസ്ഥാനത്തിൽ നാലുകെട്ടിനെ പഠിക്കുന്ന വി.സി.ശ്രീജന്റെ ലേഖനമാണ് 'ചിത്രകൂടം'. പകിടക്കുരു തിരിയുന്ന അനിശ്ചിതത്വവും യാദൃശ്ചികതയും അടിസ്ഥാനമാക്കി നോവലിലെ കഥാസന്ദർഭങ്ങളെ ഈ ലേഖനം വിശകലനം ചെയ്യുന്നുണ്ട്. കൂടാതെ അപ്പുണ്ണിയുടെ പകയെ പാമ്പിന്റെ പകയോട് താരതമ്യപ്പെടുത്തുകയും ചെയ്യുന്നു. മാത്രമല്ല നോവലിലെ സാമ്പത്തിക വിനിമയങ്ങളെയും വിശകലനം ചെയ്യുന്നുണ്ട്. 'ഇന്നു മുളച്ച തകരകൾക്കില്ലാത്തത്! നാലുകെട്ടുകൾ പറയുന്നതെന്ത്?' എന്ന ലേഖനത്തിൽ വർത്തമാനകാല ഗൃഹാതുരത്വത്തിനെതിരെയുള്ള ഒരു വിയോജനക്കുറിപ്പാണ് *നാലുകെട്ട്* എന്ന് കെ.ഇ.എൻ. നിരീക്ഷിക്കുന്നു. ഇന്ന് നാടുനിറയുന്ന കുടുംബസംഗമങ്ങളുടെ മറവിൽ നടക്കുന്നത് പഴയ ജാതി-മത സംഗമം തന്നെയാണ്. നവോത്ഥാന നായകരും എഴുത്തുകാരും കുടഞ്ഞെറിഞ്ഞ ജാതിബോധത്തെയും തറവാട്ടഭിമാനത്തെയും ഇന്ന് തിരിച്ചുകൊണ്ട് വരികയാണ് എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. ഇങ്ങനെ സമകാല കേരളീയ അവസ്ഥയുമായി *നാലുകെട്ടിനെ* ചേർത്ത് വായിക്കുകയാണ് കെ.ഇ.എൻ. ചെയ്യുന്നത്.

പി. കെ. പോക്കർ 'നാലുകെട്ടിന്റെ വർണഘടന' എന്ന ലേഖനത്തിൽ ഒരു യഥാർത്ഥ നോവലെന്ന നിലയിൽ *നാലുകെട്ടി*ന്റെ അപ്രഗഥനവും ഇന്നത്തെ

നിർമ്മാണ മാതൃകയിൽ നാലുകെട്ടിന്റെ തിരിച്ചുവരവും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് പരിശോധിക്കുന്നുണ്ട്. സ്വസമുദായത്തിന്റെ ജീർണ്ണതയ്ക്കെതിരെ കലാപം നടത്തുന്നയാളാണ് അപ്പുണ്ണിയെന്നും പി. കെ. പോക്കർ പറയുന്നു. *നാലുകെട്ട്* എന്ന നോവൽ നൽകുന്ന ഭിന്നാനുഭവങ്ങളെ കുറിച്ച് 'നാലുകെട്ട് എന്ന നോവൽ അനുഭവം' എന്ന ലേഖനത്തിൽ ഡോ. ഡി. ബെഞ്ചമിൻ പറയുന്നു. കേരളത്തിന്റെ ചരിത്രത്തിലെ ഒരു പരിവർത്തന ദശയുടെ അനുഭവം, തകർന്നു പോകുന്ന തറവാട് നൽകുന്ന അനുഭവം, നിസ്സഹായരായ മനുഷ്യർ നൽകുന്ന അനുഭവം, പകയും പ്രതികാരവും കൊണ്ടു നടക്കുന്ന അപ്പുണ്ണി നൽകുന്ന അനുഭവം ഇങ്ങനെ വ്യത്യസ്ത അനുഭവങ്ങളാണ് *നാലുകെട്ട്* നല്കുന്നതെന്ന് ഡി.ബെഞ്ചമിൻ നിരീക്ഷിക്കുന്നുണ്ട്. വാസ്തുശില്പത്തിന്റെ പരമ്പരാഗതമായ പ്രൗഢികളെ തച്ചുടച്ച കോർബൂസിയെ പോലെ നോവലിന് മറ്റൊരു വാസ്തുശില്പ ഘടനയൊരുക്കുകയാണ് എം.ടി ചെയ്തതെന്ന് 'നാലുകെട്ട് രണ്ടാം വായന' എന്ന ലേഖനത്തിൽ ഡോ.പി.കെ.രാജശേഖരൻ നിരീക്ഷിക്കുന്നു. ഉറൂബിന്റെ *സുന്ദരികളും സുന്ദരന്മാരും* എം.ടി യുടെ *നാലുകെട്ട്,* ഒ.വി.വിജയന്റെ *ഖസാക്കിന്റെ ഇതിഹാസം* എന്നീ നോവലുകളിലെ അങ്ങാടി ദൃശ്യങ്ങൾ വിശദീകരിച്ച് എം.ടി യുടെ ആഖ്യാനത്തിന്റെ പ്രത്യേകതകൾ കണ്ടെത്തുന്നു. റിയലിസത്തിന്റെ ആഖ്യാനഭാഷയെ ബിംബങ്ങളിലേക്ക് വിമോചിപ്പിക്കുകയായിരുന്നു എം.ടി യെന്നും ആധുനികതയിലേക്കുള്ള പാതയുടെ തുടക്കമാണ് *നാലുകെട്ട്* എന്നും പി.കെ.രാജശേഖരൻ പറയുന്നു. നാലുകെട്ട് പൊളിക്കുന്നതിലൂടെ ജന്മിത്വ വ്യവസ്ഥയെത്തന്നെ പൊളിക്കുകയാണ് അപ്പുണ്ണി ചെയ്യുന്നതെന്ന് 'നാലുകെട്ടിലെ കാഴ്ചകൾ' എന്ന ലേഖനത്തിൽ ഡോ.പി.സോമൻ പറയുന്നു. നാലുകെട്ടിലെ അസമത്വത്തെയും നാലുകെട്ട് എന്ന ബന്ധവ്യവസ്ഥയെയും നാലുകെട്ടിലെ അനുഷ്ഠാനങ്ങളെയും നാലുകെട്ടിന്റെ സമകാലിക പ്രസക്തിയെയുമെല്ലാം പി. സോമൻ വിശകലന വിധേയമാക്കുകയും ചെയ്യുന്നുണ്ട്.

നാടോടിക്കഥയുടെ സവിശേഷതകളുള്ള നോവലായി *നാലുകെട്ടിനെ* വായിക്കുകയാണ് 'നോവൽ ശീർഷകത്തിലെ നാടോടിക്കഥ' എന്ന ലേഖനത്തിൽ ഡോ.കെ.എസ്.രവികുമാർ ചെയ്യുന്നത്. നാടോടിക്കഥകളുടെ വിവിധ ഘടകങ്ങളു മായി *നാലുകെട്ട്* എന്ന നോവലിലെ കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളെയും കെ.എസ്. രവികുമാർ താരതമ്യം ചെയ്യുന്നുണ്ട്. ഇ.പി.രാജഗോപാലൻ രചിച്ചതാണ് 'നായകനെ ഒറ്റിക്കൊടുക്കുന്ന നോവൽ' എന്ന ലേഖനം. പാരമ്പര്യ ധിക്കാരത്തി ന്റെയും സമൂഹത്തിൽ നിന്ന് വിടുതി നേടുന്ന വ്യക്തി രൂപത്തിന്റെയും കഥയാണ് *നാലുകെട്ട്* എന്ന് അദ്ദേഹം കണ്ടെത്തുന്നു. പുതിയ കാലത്ത് നാലുകെട്ട് തിരിച്ചു വരുന്നുണ്ട്. ഇഷ്ടപ്പെട്ട പെണ്ണിനെ അവളുടെ ഇഷ്ടം കൂടി നോക്കി കൊണ്ടുവന്ന് മണ്ണിലധ്വാനിച്ച് ജീവിച്ച കോന്തുണ്ണിനായരാണ് ആധുനികനെന്നും ആ ആധുനി കത പരാജയപ്പെട്ടപ്പോഴാണ് അപ്പുണ്ണിയുടെ ആധുനികത ഉണ്ടായതെന്നും ഇ.പി. രാജഗോപാലൻ നിരീക്ഷിക്കുന്നു.

'നാലുകെട്ടിലെ ചന്ദ്രക്കല' എന്ന ഡോ. വി. ലിസി മാത്യുവിന്റെ ലേഖന ത്തിൽ ഇരുട്ടിന്റെയും വെളിച്ചത്തിന്റെയും വിന്യാസക്രമം നോവലിന്റെ കഥാഗ തിയെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നു എന്ന് വിശകലനം ചെയ്യുന്നു. ചന്ദ്രനും ചന്ദ്രക്കലയും തമ്മിലുള്ള ബന്ധം കഥാപാത്രങ്ങളുടെ സ്വഭാവമായും കഥാഗതിയു മായും ബന്ധപ്പെടുത്തി വായിക്കാനും ഈ ലേഖനത്തിൽ ശ്രമിക്കുന്നു. കൂടല്ലൂ രിന്റെ കഥ പറഞ്ഞ എം. ടി കൂടല്ലൂരിലെ ഏതേതെല്ലാം ഭാഗങ്ങളാണ് തന്റെ നോവ ലിൽ ചിത്രീകരിച്ചതെന്ന് കണ്ടെത്തുകയാണ് 'നാലുകെട്ടിന്റെ വാസ്തുമണ്ഡലം' എന്ന ലേഖനത്തിൽ എം. ജി. ശശിഭൂഷൺ ചെയ്യുന്നത്. പഴയ വള്ളുവനാടിന്റെ സാങ്കൽപ്പിക ദേശമണ്ഡലത്തിൽ ഉൾപ്പെടുത്താവുന്ന പന്നിയൂരിന്റെ ഭാഗമായ കൂട ല്ലൂരും പരിസരങ്ങളും മാത്രമായിരുന്നു എം.ടി ചിത്രീകരിച്ചതെന്ന് കഥയിലെ ദേശ ചിത്രീകരണങ്ങളെ ഉദാഹരിച്ചുകൊണ്ട് അദ്ദേഹം വിശദമാക്കുന്നു. *നാലുകെട്ട്* എന്ന നോവലിലെ പണത്തിന്റെ ഉറവിടത്തെയും വിനിമയത്തെയും 'തോട്ടങ്ങൾ' എന്ന ലേഖനത്തിൽ കെ. സി. നാരായണൻ വിശദീകരിക്കുന്നുണ്ട്. നാണ്യം വിള

യുന്ന തോട്ടങ്ങൾ കൂടല്ലൂരിലെ ഫ്യൂഡൽ ഇല്ലായ്മകളിൽ നിന്നും അപ്പുണ്ണിയെ കര കയറ്റിയതെങ്ങനെ എന്നും ഈ ലേഖനത്തിൽ വിശകലനം ചെയ്യുന്നുണ്ട്. എൻ. പി. വിജയകൃഷ്ണൻ 'നാലുകെട്ടിനെക്കുറിച്ച് ഒരു വിചാരം' എന്ന ലേഖനത്തിൽ വ്യത്യസ്ത തലമുറകൾ *നാലുകെട്ടി*നെ എങ്ങനെയാകാം വായിച്ചതെന്ന് അന്വേഷി ക്കുന്നു. *നാലുകെട്ടി*ന്റെ വായനയിലൂടെ അക്കാലത്തെ ഗ്രാമചരിത്രവും കുടുംബച രിത്രവും വ്യക്തമാകും. *നാലുകെട്ടിൽ* വിശദീകരിക്കുന്ന ചില സാംസ്കാരിക സവി ശേഷതകൾ ഈ നോവലിന്റെ ഘടനയെ എങ്ങനെ സൗന്ദര്യവൽക്കരിക്കുന്നു എന്നും അന്വേഷിക്കുന്നുണ്ട്. കുടുംബത്തിന്റെ രാഷ്ട്രീയമാണ് *നാലുകെട്ടി*ലെ പ്രതിപാദ്യമെന്നും എൻ. പി. വിജയകൃഷ്ണൻ പറയുന്നു. 'നാലുകെട്ടിന്റെ തച്ചു ശാസ്ത്രം' എന്ന എൻ. ജയകൃഷ്ണന്റെ ലേഖനത്തിൽ *നാലുകെട്ടി*ന്റെ ആഖ്യാന ശൈലിയുടെ പ്രത്യേകതകൾ ചർച്ച ചെയ്യുന്നുണ്ട്. കൂടാതെ നാലുകെട്ടുകളുടെ തച്ചുശാസ്ത്രങ്ങൾക്കൊന്നും തളച്ചിടാൻ കഴിയാത്ത കരുത്തുറ്റ കഥാപാത്രമാണ് പാറുക്കുട്ടിയെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. വ്യക്തിയെ വളരാനനുവദിക്കാത്ത സാമൂഹിക ശക്തികൾക്കെതിരെ ഏതാണ്ട് ഒറ്റയ്ക്ക് പൊരുതി വിജയം നേടുന്ന അപ്പുണ്ണിയുടെ കഥയാണ് *നാലുകെട്ടിന്റെ* അടിസ്ഥാന തന്തുവെന്ന് 'നോവലിന്റെ അവബോധ പരിണാമം നാലുകെട്ടിൽ' എന്ന ലേഖനത്തിൽ ഡോ.എസ്.എസ്. ശ്രീകുമാർ നിരീക്ഷിക്കുന്നു. കേരളീയ മധ്യവർഗ്ഗത്തിന്റെ പ്രതിസന്ധി കൃത്യമായി പ്രദർശിപ്പിക്കുന്ന ആദ്യ രചനയാണ് *നാലുകെട്ട്* എന്നും അദ്ദേഹം പറയുന്നു. തറ വാട്ടുകാരെ മനുഷ്യരാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്ന നോവ ലാണ് *നാലുകെട്ട്* എന്ന് സുജ സൂസൻ ജോർജ്ജ് 'തറവാട്ടുകാരായാൽ പോര മനു ഷ്യരാവണം' എന്ന ലേഖനത്തിൽ കണ്ടെത്തുന്നു. നോവലിലെ സ്ത്രീ കഥാപാത്ര ങ്ങളുടെ ശക്തി വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെപോയി എന്നും അവർ പറയുന്നു.

പാറുക്കുട്ടിയ്ക്ക് കോന്തുണ്ണിനായരോടും അമ്മിണിക്ക് അപ്പുണ്ണിയോടുമു ണ്ടായ പ്രണയത്തെ അടിസ്ഥാനമാക്കിയുള്ള വായനയാണ് ഡോ. ഇ. ബാനർജി യുടെ 'നാലുകെട്ടിലെ പ്രണയിനി' എന്ന ലേഖനത്തിന്റെ ഉള്ളടക്കം. *നാലുകെട്ട്*

ചരിത്രപരമായ എന്തു ദൗത്യമാണ് നിർവ്വഹിച്ചതെന്ന് അന്വേഷിക്കുകയാണ് 'നാലുകെട്ടും സ്വത്വപ്രതിസന്ധിയും' എന്ന ലേഖനത്തിൽ ഡോ. സി. ഉണ്ണികൃഷ്ണൻ ചെയ്യുന്നത്. നാലുകെട്ടിന് കാലം തീർത്ത പരിണാമങ്ങളും വിശ്വാസങ്ങളും പുതിയ രീതിയിൽ തിരിച്ചുവരുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതാണ് കെ.വി. സുബ്രഹ്മണ്യന്റെ 'നാലുകെട്ടിന്റെ പരിണാമങ്ങൾ' എന്ന ലേഖനം. ജാതി-മത വിഭാഗീയതകൾക്കതീതമായി മനുഷ്യബന്ധങ്ങളെക്കുറിച്ചുള്ള കരുതലാണ് *നാലുകെട്ടിന്റെ* സാമൂഹിക ജാഗ്രത എന്ന് ആലങ്കോട് ലീലാകൃഷ്ണൻ 'നാലുകെട്ട് പൊളിച്ചു പണിയുമ്പോൾ' എന്ന ലേഖനത്തിൽ കണ്ടെത്തുന്നു. *നാലുകെട്ടി*നു മുൻപ് ഇറങ്ങിയ *ഇന്ദുലേഖ*, *നാലുകെട്ടി*ന് ശേഷം പുറത്തിറങ്ങിയ *ഖസാക്കിന്റെ ഇതിഹാസം* എന്നീ നോവലുകളുമായി ചേർത്തുവെച്ചുകൊണ്ട് *നാലുകെട്ടിനെ* പഠിക്കുന്ന ലേഖനമാണ് ഡോ.എ.എൻ. കൃഷ്ണൻ എഴുതിയ 'കേരളം നാലുകെട്ടിനു മുൻപും പിൻപും'. പി.മുഹമ്മദലിയുടെ 'അപ്പുണ്ണി വായിക്കപ്പെടാത്ത അധ്യായം' എന്ന ലേഖനത്തിൽ അപ്പുണ്ണിയും സെയ്താലിക്കുട്ടിയും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ *നാലുകെട്ടി*നെ പഠിക്കുകയാണ് ചെയ്യുന്നത്. അപ്പുണ്ണിയും അമ്മിണിയും തമ്മിലുള്ള പ്രണയത്തെക്കുറിച്ചാണ് കെ. എസ്.വെങ്കിടാചലം 'കാൽപ്പനികതയിലെ മോഹിപ്പിക്കുന്ന ഇരുട്ട്' എന്ന ലേഖനത്തിൽ പറയുന്നത്. നോവലിലെ കാലവുമായി ബന്ധപ്പെട്ടാണ് 'ഋതുഭേദങ്ങളുടെ പാരിതോഷികം' എന്ന എം.എ. റഹ്മാന്റെ ലേഖനം. ഈ ലേഖനത്തിൽ അപ്പുണ്ണി നാലുകെട്ട് പൊളിച്ച് പണിയുന്ന പുതിയ വീട് ഭൂമി മലയാളത്തിൽ വരാൻ പോകുന്ന ഋതുഭേദമാണെന്ന് ലേഖകൻ കണ്ടെത്തുന്നു. അൻപത് വർഷം കഴിഞ്ഞിട്ടും അന്നത്തെ അതേ ശക്തിയോടെ പുനർജ്ജനിക്കുന്ന നോവലാണ് *നാലുകെട്ട്* എന്ന് 'നാലുകെട്ട് കഥ പറയുമ്പോൾ' എന്ന ലേഖനത്തിൽ വിനീത് വി.എസ്. പറയുന്നു. *നാലുകെട്ടിലെ* പ്രകൃതി ചിത്രീകരണത്തെ കഥയുമായി ചേർത്ത് വായിക്കുകയാണ് 'നാലുകെട്ട്: പാരിസ്ഥിതിക വായന' എന്ന ലേഖനത്തിൽ ഡോ.ശശിധരൻ ചെയ്യുന്നത്.

ഇത്രയും ലേഖനങ്ങൾക്കു പുറമെ വി.കെ. ശ്രീരാമൻ, എൻ.ശശിധരൻ, എം.ടി. രവീന്ദ്രൻ, എൻ.പ്രഭാകരൻ, സി. ആർ. രതീഷ്കുമാർ, ആലങ്കോട് ലീലാകൃഷ്ണൻ, കെ.ജയപ്രകാശ് ബാബു എന്നിവരുടെ ഓർമ്മകളും അനൂപ് രാമകൃഷ്ണൻ, ജോഷി ബെനഡിക്ട് എന്നിവർ ചേർന്ന് രചിച്ച 'അപ്പുണ്ണിയുടെ യാത്രകൾ' എന്ന തിരക്കഥയും സാറാജോസഫുമായി രാജേഷ് തില്ലങ്കേരി നടത്തിയ അഭിമുഖവും ഉണ്ണികൃഷ്ണൻ ചെറുതുരുത്തിയുടെ 'നാലുകെട്ടിലെ പാറുക്കുട്ടി' എന്ന കവിതയും നാലുകെട്ടിനെക്കുറിച്ച് എം.ടി യുടെ ആത്മഭാഷണവും എം.ടി യുടെ കൃതികളുടെ പട്ടികയും ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ ഇതുവരെ വന്ന *നാലുകെട്ട്* എന്ന നോവലിനെക്കുറിച്ചുള്ള പഠനങ്ങളെ സമാഹരിച്ച കൃതിയാണ് 'നാലുകെട്ടിന്റെ തച്ചുശാസ്ത്രം'.

എം. ടി യുടെ *അസുരവിത്ത്* എന്ന നോവലിനെകുറിച്ച് ഡോ. എം. ലീലാവതി നടത്തിയ പഠനമാണ് *അസുരവിത്ത് ഒരു പഠനം. അസുരവിത്തിലെ* കഥയും കാലദേശങ്ങളും സാമൂഹിക പരിസരങ്ങളും നോവലിലെ കഥാപാത്രങ്ങളും ശൈലികളും ബിംബങ്ങളുമെല്ലാം ഈ കൃതിയിൽ പഠനവിധേയമാക്കുന്നുണ്ട്. മരുമക്കത്തായ കാലത്തിന്റെ പ്രശ്നങ്ങൾ ചേർത്തുവെച്ചാണ് നോവലിലെ കാലത്തെ വായിക്കുന്നത്. കൃഷിസ്ഥലവും അവിടുത്തെ ചെറുമികളുടെ പാട്ടും കണ്ണിനും കാതിനും ഉത്സവമാണെന്നമട്ടിലാണ് ഈ കൃതിയിലെ സ്ഥലകാല പഠനങ്ങൾ നിർവ്വഹിച്ചിട്ടുള്ളത്. നോവലിലെ ഗോവിന്ദൻകുട്ടി, കുഞ്ഞുകുട്ടി, കുഞ്ഞരയ്ക്കാർ, ശേഖരൻനായർ തുടങ്ങി ഇരുപതോളം കഥാപാത്രങ്ങളെ പഠനവിധേയമാക്കുന്നുണ്ട്. ശൈലികളും ബിംബങ്ങളും എങ്ങനെ നോവലിനോട് നീതി പുലർത്തുന്നു എന്ന അന്വേഷണവും ഈ കൃതിയിൽ കാണാൻ സാധിക്കുന്നു.

പ്രൊഫ.ടോണിമാത്യു സമാഹരിച്ച് കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ എം. ടി. കൃതികളുടെ പഠനങ്ങളാണ് *എം.ടി യുടെ സർഗപ്രപഞ്ചം.* കഥാപഠനം, നോവൽ പഠനം, ചലച്ചിത്ര പഠനം, പൊതു പഠനങ്ങൾ, ബാലസാഹിത്യ

പഠനം, ഓർമ്മ, അഭിമുഖം എന്നിങ്ങനെയാണ് ഈ പഠനങ്ങളെ വിഭജിച്ചിരിക്കുന്നത്.

നോവൽ പഠനത്തിൽ *നാലുകെട്ട്*, *മഞ്ഞ്*, *രണ്ടാമൂഴം*, *കാലം*, *വാരാണസി*, *പാതിരാവും പകൽവെളിച്ചവും*, *അസുരവിത്ത്* എന്നീ നോവലുകളെ ഈ ഭാഗത്ത് പഠനവിധേയമാക്കുന്നു. എം.ടി യുടെ ചലച്ചിത്രങ്ങളെ വിശേഷിച്ച് തിരക്കഥകളെ വിശകലനം ചെയ്യുകയാണ് ചലച്ചിത്ര പഠനം എന്ന ഭാഗത്ത് ചെയ്യുന്നത്. അതിനുപുറമെ നോവൽ, കഥ, സഞ്ചാര സാഹിത്യം എന്നീ വിഭാഗങ്ങളിലെ കൃതികളെക്കുറിച്ചുള്ള ലേഖനങ്ങൾ പൊതു പഠനങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ബാലസാഹിത്യ കൃതികളെക്കുറിച്ചുള്ള പഠനവും പ്രഗൽഭരുടെ എം.ടി യെക്കുറിച്ചുള്ള ഓർമ്മകളും അഭിമുഖങ്ങളും തുടർന്നു വരുന്നുണ്ട്. കൂടാതെ എം.ടി യുടെ ജ്ഞാനപീഠ പ്രസംഗം അനുബന്ധമായി ചേർത്തിരിക്കുന്നു.

*എം.ടി നോവൽ പഠനങ്ങൾ* എന്ന എ. സജീവൻ എഴുതിയ പുസ്തകത്തിൽ *നാലുകെട്ട്, അസുരവിത്ത്, കാലം, മഞ്ഞ്* എന്നീ നോവലുകളെ പഠനവിധേയമാക്കുന്നു. 'പൊളിച്ചെഴുത്തിന്റെ നാലുകെട്ട്' എന്ന ലേഖനത്തിൽ അപ്പുണ്ണിയുടെ അമ്മയായ പാറുക്കുട്ടിയുടെ സ്നേഹവും മകനുവേണ്ടി അവർ സ്വന്തം ജീവിതം മാറ്റിവെച്ചതുമെല്ലാം ചൂണ്ടിക്കാണിക്കുന്നു. അതുപോലെ മാതൃസ്നേഹമുള്ള അപ്പുണ്ണിയുടെ അമ്മമ്മയെപ്പറ്റിയും പറയുന്നു. കൂടാതെ *അസുരവിത്തിലെ* കുഞ്ഞരയ്ക്കാരെ പോലെ നന്മനിറഞ്ഞ കഥാപാത്രമാണ് *നാലുകെട്ടി*ലെ സെയ്താലിക്കുട്ടിയെന്നും കൂട്ടിച്ചേർക്കുന്നു. 'സ്നേഹത്തിന്റെ അസുരവിത്ത്' എന്ന ലേഖനത്തിൽ ഗോവിന്ദൻകുട്ടിയോട് ജ്യേഷ്ഠൻ കുമാരനുള്ള സ്നേഹവും ജ്യേഷ്ഠത്തിയായ കുഞ്ഞുക്കുട്ടികുഞ്ഞോപ്പോൾക്കുമുള്ള സ്നേഹവും നിഷ്കളങ്കമാണെന്നും എം.ടിയുടെ നായകൻമാരുടെ അമ്മമാരിൽ ഏറ്റവും ത്യാഗം അനുഭവിച്ച അമ്മ ഗോവിന്ദൻകുട്ടിയുടെ അമ്മയാണെന്നും എ. സജീവൻ നിരീക്ഷിക്കുന്നു. 'കാലമെന്ന കറുപ്പും വെളുപ്പും' എന്ന ലേഖനത്തിൽ സേതുവിന്റെ സ്വഭാവത്തിൽ ചില ദോഷ

ങ്ങൾ പുറമേക്ക് കാണാമെങ്കിലും അയാളുടെ ദോഷംകൊണ്ടല്ല അയാളുടെ കാല്പനിക മനസ്സുകൊണ്ടാണ് ഇങ്ങനെ സ്വാർത്ഥനായി പോകുന്നത് എന്ന് എ. സജീവൻ പറയുന്നു.

പ്രതാപൻ തായാട്ട് എഴുതിയ *പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ ഇതിഹാസങ്ങൾ* പ്രസിദ്ധീകരിച്ചിരിക്കുന്നത് ഹരിതം ബുക്സാണ്. എം. ടി വ്യക്തിയെന്ന നിലയിൽ, എം.ടി സാഹിത്യം, എം.ടി സിനിമ എന്നിങ്ങനെയാണ് കൃതിയുടെ ഉള്ളടക്കത്തിന്റെ വിഭജനം. അരുൺ ചെവ്വേരിയുടെ *എം.ടി കഥാപഠനങ്ങൾ* എന്ന പുസ്തകത്തിൽ എം.ടി യുടെ തെരഞ്ഞെടുത്ത ഏതാനും കഥകളെ വിശകലനം ചെയ്യുന്നു. ശത്രുഘ്നൻ എഴുതിയ *എം.ടി യും ഞാനും* എന്ന പുസ്തകത്തിൽ എം.ടി യോടൊപ്പമുള്ള ടെലിവിഷൻ പ്രവർത്തനകാലവും പത്രപ്രവർത്തനകാലവും രേഖപ്പെടുത്തുന്നുണ്ട്. *നമ്മുടെ എം.ടി* എന്ന അക്ബർ കക്കട്ടിലിന്റെ പുസ്തകത്തിൽ *മഞ്ഞ്* എന്ന നോവലും *വാരിക്കുഴി* എന്ന കഥയും പഠനവിധേയമാകുന്നു. പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ *എന്റെ എം.ടി* എന്ന പുസ്തകത്തിൽ എം.ടി യുടെ ജീവിതവും ലേഖകന്റെ ഓർമ്മകളും ചേർത്തുവെക്കുന്നു. *ചോരപൊടിയാത്ത ഭാഷ* എന്ന എ.സഹദേവന്റെ പുസ്തകത്തിൽ മാധ്യമ പ്രവർത്തകൻ എന്ന നിലയിലുള്ള എം.ടി യുടെ സംഭാവനകൾ വിലയിരുത്തുന്നു. തുഞ്ചൻ പറമ്പിനെ സാഹിത്യസമ്പന്നമാക്കി തീർത്ത എം.ടി യുടെ സംഭാവനകളെ വിലയിരുത്തുന്ന പുസ്തകമാണ് ഷൈബിൻ ഷഹാന എഴുതിയ *എഴുത്തച്ഛനും പെരുന്തച്ചനും* എന്ന പുസ്തകം. ഒരു പത്രപ്രവർത്തകൻ എന്ന രീതിയിലുള്ള എം.ടി യുടെ കഴിവിനെ അടയാളപ്പെടുത്തുകയാണ് *എം.ടി തൊട്ടരികെ* എന്ന പുസ്തകത്തിലൂടെ ഡോ.കെ.ശ്രീകുമാർ ചെയ്യുന്നത്. കെ. ജയകുമാർ *മൗന വാല്മീകം* എന്ന പുസ്തകത്തിൽ എം.ടി വാസുദേവൻനായരോടൊപ്പമുള്ള വിദേശയാത്രകൾ അടയാളപ്പെടുത്തുകയാണ് ചെയ്യുന്നത്.

*നാലുകെട്ട്* എന്ന നോവലിന്റെ രചനാകാലത്തെ സാമൂഹ്യ സാംസ്കാരിക അവസ്ഥകളെ ഇന്നത്തെ അവസ്ഥയുമായി താരതമ്യം ചെയ്യുന്ന കൃതിയാണ് വി. കെ. ശ്രീരാമൻ എഡിറ്റ് ചെയ്ത *കാലത്തിന്റെ നാലുകെട്ട്*. സജിൽ ശ്രീധർ എഡിറ്റ് ചെയ്ത *എം.ടി എഴുത്തിന്റെ ആത്മാവ്* എന്ന പുസ്തകം എം.ടി പഠനങ്ങൾ, എം.ടി യുടെ ആത്മകഥാക്കുറിപ്പുകൾ, എം.ടി യുമായി നടത്തിയ അഭിമുഖങ്ങൾ എന്നിവ ഉൾപ്പെടുന്ന കൃതിയാണ്. ഡോ. എൻ. പി. വിജയകൃഷ്ണന്റെ *എം.ടി കഥകളുടെ പുതുപാഠങ്ങൾ* എം.ടി കഥകളുടെ പഠനമാണ്. അതോടൊപ്പം എം.ടി യുമായി പല കാലങ്ങളിൽ നടത്തിയ ദീർഘസംഭാഷണങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. സാഹിത്യത്തിലും സിനിമയിലും സൗഹൃദങ്ങളിലുമായി ചിതറിക്കിടക്കുന്ന ഓർമ്മകളെ ചേർത്ത്വെക്കുന്ന പഠനമാണ് ജോൺപോൾ എഴുതിയ *കഥയിതു വാസുദേവം.* എം.ടി കൃതികളിൽ ഉള്ളടങ്ങിയിരിക്കുന്ന ജൈവദർശനത്തിന്റെ വ്യത്യസ്ത ഭാവങ്ങൾ കണ്ടെത്തുന്ന ഡോ. ആനന്ദ് കാവാലത്തിന്റെ രചനയാണ് *എം.ടി യുടെ രചനകൾ: ഒരു പുനർവായന* എന്ന കൃതി. ആലങ്കോട് ലീലാകൃഷ്ണന്റെ *എം.ടി ദേശം വിശ്വാസം പുരാവൃത്തങ്ങൾ* എന്ന രചന എം.ടി യുടെ രചനാലോകവും നാടുമെല്ലാം പ്രതിപാദിക്കപ്പെടുന്ന കൃതിയാണ്.

എം. ടി കൃതികളെക്കുറിച്ച് ആനുകാലികങ്ങളിൽ ധാരാളം ലേഖനങ്ങൾ വന്നിട്ടുണ്ട്. പല ലേഖനങ്ങളും ദേശവുമായി ബന്ധപ്പെട്ട് പഠിച്ചവയായിരുന്നു. എന്നാൽ ഇവയിൽ നി വ്യത്യസ്തമായൊരു സമീപനമാണ് ഈ ഗവേഷണ പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്. 2002 ആഗസ്റ്റിലെ മാധ്യമത്തിൽ പി. പവിത്രൻ എഴുതിയ 'ചെറുകാടിന്റെ വള്ളുവനാട്, എം. ടി യുടെ വള്ളുവനാട്' എന്ന ലേഖനമാണ് ഈ ഗവേഷണ പ്രബന്ധത്തിന്റെ മുന്നൊരുക്കം നടത്താൻ സഹായിച്ചത്. എം. ടി യുടെ വള്ളുവനാട് ഒരു കാല്പനികദേശമാകുമ്പോൾ ചെറുകാടിന്റെ വള്ളുവനാട് അധ്വാനത്തിന്റെ കരുത്തറിഞ്ഞ വള്ളുവനാടാണ്. മാത്രമല്ല കീഴാള കർഷക ശബ്ദങ്ങളെ നിശ്ശബ്ദമാക്കുന്ന ദേശനിർമ്മിതിയാണ് എം. ടി കൃതികളിലൂടെ സംഭ

വിക്കുന്നത് എന്നും പി. പവിത്രൻ പറയുന്നു. ഇവയെല്ലാമാണ് എം. ടി കൃതികളെക്കുറിച്ചു വന്ന പ്രധാന പഠനങ്ങൾ.

**പ്രബന്ധസ്വരൂപം**

ഈ പ്രബന്ധത്തെ നാല് അധ്യായങ്ങളായാണ് വിഭജിച്ചിരിക്കുന്നത്. ഒന്നാമത്തെ അധ്യായത്തിൽ കൊളോണിയൽ ഭരണത്തിന് മുമ്പും പിമ്പുമുള്ള വള്ളുവനാട് എന്ന ദേശത്തെക്കുറിച്ചും മാറിയ ദേശാതിർത്തികളെക്കുറിച്ചും പറയുന്നു. വള്ളുവനാടിന്റെ രാജ ചരിത്രം, കീഴാളചരിത്രം, മിത്തുകളിലൂടെയും ഐതിഹ്യങ്ങളിലൂടെയും രൂപപ്പെട്ട വള്ളുവനാടിന്റെ പ്രത്യേകതകൾ എന്നിവയും ചർച്ച ചെയ്യുന്നു. കൂടാതെ വള്ളുവനാടിനെ സാഹിത്യത്തിൽ പ്രത്യേകിച്ച് നോവലിൽ ഏതു തരത്തിലാണ് ആവിഷ്കരിച്ചിരിക്കുന്നതെന്നും അന്വേഷിക്കുന്നു. വള്ളുവനാടൻ പശ്ചാത്തലത്തിൽ കഥ പറഞ്ഞ ചെറുകാട്, ഉറൂബ് എന്നിവരുടെ ദേശാവിഷ്കാരത്തിന്റെ സവിശേഷതകളെ സാമാന്യമായി പരിചയപ്പെടുത്തുന്നു. അതിനുശേഷം എം.ടി യും വള്ളുവനാടൻ സാഹിത്യവും തമ്മിലുള്ള ബന്ധത്തെ സാമാന്യമായി പരിചയപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

'ഭൂപ്രകൃതി ആഖ്യാനം അനുഭവം' എന്ന രണ്ടാമത്തെ അധ്യായത്തിൽ കേരളത്തിന്റെ ഭൂപ്രകൃതിയുടെ വിവരണവും ഭൂപ്രകൃതിയും സാഹിത്യവും തമ്മിലുള്ള ബന്ധവും വിവരിക്കുന്നു. പിന്നീട് *നാലുകെട്ട്, അസുരവിത്ത്, കാലം* എന്നീ നോവലുകളിലെ പ്രകൃതിചിത്രീകരണങ്ങളെ കഥാസന്ദർഭവുമായി ചേർത്ത് വിശകലനം ചെയ്യുന്നു. വയലുകൾ, പുഴകൾ, കുന്നിൻ ചെരിവുകൾ, മഴ തുടങ്ങിയ പ്രകൃതിയനുഭവങ്ങൾ കൃതികളിൽ ഏതുതരത്തിലാണ് ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത് എന്നും വള്ളുവനാടിന്റെ ഭൂപ്രകൃതിയെ എം. ടി കൃതികൾ ഏതുതരത്തിലാണ് ചിത്രീകരിച്ചിരിക്കുന്നതെന്നും ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നുണ്ട്.

'സ്ഥലം എന്ന ആഖ്യാനയുക്തി: *നാലുകെട്ട്, അസുരവിത്ത്, കാലം* എന്നീ നോവലുകളിലെ ഇടങ്ങളുടെ വിശകലനം' എന്ന മൂന്നാമത്തെ അധ്യായത്തിൽ നോവലിൽ ചിത്രീകരിച്ചിരിക്കുന്ന വീടുകൾ, അവയുടെ അകസ്ഥലങ്ങൾ എന്നിവ കഥാപാത്രങ്ങൾക്ക് ഏതുതരം സ്ഥലാനുഭവമാണ് ഉണ്ടാക്കുന്നതെന്ന് വിശകലനം ചെയ്യുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും വീട്ടകങ്ങൾ ഏതു തരത്തിൽ അനുഭവപ്പെടുന്നു എന്നും ചർച്ചചെയ്യുന്നുണ്ട്. കൂടാതെ പുറം സ്ഥലങ്ങളായ വിദ്യാലയം, അങ്ങാടി, കളിസ്ഥലം, ആരാധനാസ്ഥലം, തൊഴിലിടം, പെണ്ണിടം, കീഴാള-കർഷക സ്ഥലങ്ങൾ എന്നീ സ്ഥലാനുഭവങ്ങളും കഥാപാത്രങ്ങളും തമ്മിലുള്ള ബന്ധത്തെയും വിശകലനം ചെയ്യുന്നുണ്ട്.

'ഭാഷയും ഭാഷണവും എം. ടി കൃതികളിലെ സ്ഥലപരിസരങ്ങളിൽ' എന്ന നാലാമത്തെ അധ്യായത്തിൽ പഠനവിധേയമാക്കുന്ന നോവലുകളിലെ ഭാഷയും സംഭാഷണത്തിലൂടെ രൂപപ്പെടുന്ന ദേശത്തിന്റെ പ്രത്യേകതകളും വിശകലനം ചെയ്യുന്നു. കുടുംബബന്ധ പശ്ചാത്തലത്തിലുള്ള സ്ത്രീ-പുരുഷ ഭാഷണങ്ങൾ, പുരുഷ-പുരുഷ ഭാഷണങ്ങൾ, സ്ത്രീ-സ്ത്രീ ഭാഷണങ്ങൾ എന്നിവ വിശകലനം ചെയ്യുന്നു. ഇതിലൂടെ തെളിയുന്ന വള്ളുവനാടൻ ഗ്രാമങ്ങളിലെ വീട്ടകങ്ങളെക്കുറിച്ച് സൂക്ഷ്മമായ വിശകലനത്തിന് ശ്രമിക്കുന്നു. അതുപോലെ സാമൂഹ്യബന്ധപശ്ചാത്തലത്തിലുള്ള പുരുഷ-പുരുഷ ഭാഷണങ്ങൾ, സ്ത്രീ-പുരുഷ ഭാഷണങ്ങൾ, സ്ത്രീ-സ്ത്രീ ഭാഷണങ്ങൾ എന്നിവയെ വിശകലന വിധേയമാക്കിക്കൊണ്ട് പുറം സ്ഥലങ്ങൾ എങ്ങനെയാണ് സംഭാഷണത്തിലൂടെ രൂപപ്പെടുന്നതെന്നും എന്തെല്ലാം സവിശേഷതകളാണ് ഇത്തരം സ്ഥല ചിത്രീകരണത്തിനുള്ളത് എന്നും അന്വേഷിക്കുന്നു.

ഈ നാല് അധ്യായങ്ങളിൽ നിന്നും രൂപപ്പെട്ട നിഗമനങ്ങൾ ഉപസംഹാരത്തിൽ ചേർത്തിരിക്കുന്നു.

ഗവേഷണത്തിന് സഹായകമായ പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും പട്ടികയാണ് തുടർന്ന് ചേർത്തിരിക്കുന്നത്. കൂടാതെ വള്ളുവനാട് എന്ന ഗ്രാമത്തെക്കുറിച്ച് എം.ടി വിവിധ പ്രഭാഷണങ്ങളിലും അഭിമുഖങ്ങളിലും പറഞ്ഞ കാര്യങ്ങൾ പഠനത്തിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

# അധ്യായം 1

# വള്ളുവനാട്: ദേശം, സ്വത്വം, എഴുത്ത്

കൊളോണിയൽ കാലഘട്ടത്തിൽ വിസ്മരിക്കപ്പെട്ട, അദൃശ്യമാക്കപ്പെട്ട ഒരു ജനതയുടെ സാംസ്കാരികത്തുടർച്ചകളെ സൂക്ഷ്മതലത്തിൽ കണ്ടെടുക്കുന്നത് പ്രാദേശിക ചരിത്രത്തിലാണ്. ഇന്ത്യൻ ദേശീയതയുടെയും കേരളദേശീയതയുടെയും പൊതുവ്യവഹാരങ്ങൾക്കകത്ത് സ്ഥാനപ്പെടാതെപോയ സ്വരങ്ങളുടെ വീണ്ടെടുപ്പ് ഇതിലൂടെ സംഭവിക്കുന്നു. ആ നിലയിൽ സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങളുടെയും ആത്മാവിഷ്കാരം ഫലപ്രദമാകുക പ്രാദേശിക ചരിത്രത്തെക്കൂടി രേഖപ്പെടുത്തുമ്പോഴാണ്. ഒരു ദേശത്തിന്റെ സ്വത്വരൂപീകരണം നടക്കുന്നത് നിരവധി ചരിത്രസന്ദർഭങ്ങളിൽക്കൂടിയാണ്. പ്രാചീനകാലത്ത് ഗോത്രസമൂഹങ്ങളായും നാടുവാഴിത്ത അധികാരങ്ങളുമായും ബന്ധപ്പെട്ടാണ് ദേശങ്ങൾ നിലനിന്നിരുന്നത്. വൈദേശിക അധിനിവേശത്തോടെ രാജഭരണത്തിനുമേൽ കോളനിഭരണത്തിന്റെ അധികാരങ്ങൾ ചുമത്തപ്പെട്ടു. അതോടെ കീഴടക്കപ്പെട്ട, അടിമമനോഭാവത്തിലൂന്നിയ ഒരു ദേശബോധത്തിലേക്ക് രാജഭരണംപോലും മാറി. സ്വാതന്ത്ര്യാനന്തരം ഏകരാഷ്ട്രത്തിൻ കീഴിലേക്ക് നാം മാറ്റപ്പെട്ടു. ഏകദേശീയതയ്ക്കു കീഴിൽ നിന്നുകൊണ്ടുതന്നെ ഭരണസൗകര്യാർത്ഥം സംസ്ഥാനങ്ങളും ജില്ലാ ഭരണ പ്രദേശങ്ങളും രൂപംകൊണ്ടു. അതിർത്തികളെല്ലാം പുനർനിശ്ചയിക്കപ്പെട്ടു. ദേശവൈവിധ്യങ്ങളെയെല്ലാം അപ്രസക്തമാക്കിക്കൊണ്ടാണ് ഏകദേശീയതാസങ്കൽപ്പം വളർന്നുവന്നത്. ഏകദേശീയത എന്ന സങ്കൽപ്പത്തെ വെല്ലുവിളിച്ചുകൊണ്ടാണ് ബഹുദേശീയതകൾ ഉടലെടുക്കുന്നത്. ഓരോ പ്രദേശത്തിന്റെയും വൈവിധ്യങ്ങളെയും സംസ്കാരത്തെയും ഉൾക്കൊള്ളുന്ന പുതിയ ദേശീയബോധത്തിന്, പ്രാദേശികതയുടെ രാഷ്ട്രീയത്തിന് ഇന്ന് പ്രാധാന്യം ഏറെയാണ്. ആധുനിക സമൂഹം ഇതിനെ ഗൃഹാതുരമായിട്ടാണ് കാണുന്നത്. എന്നാൽ ഇത് കേവലം പഴമയിലേക്കുള്ള കാല്പനിക മടക്കമല്ല. മറിച്ച്, പ്രാദേശികമായ ചരിത്രത്തിന്റെ വീണ്ടെടുപ്പാണ്. എല്ലാ ജനവിഭാഗങ്ങളുടെയും ആചാരം, അനുഷ്ഠാനം, ജീവിതരീതി തുടങ്ങിയവയുടെ വ്യക്തമായ അടയാളപ്പെടത്തലുകളായി പ്രാദേശിക ചരിത്രം

മാറുന്നുണ്ട്. അതുകൊണ്ടുതന്നെ പ്രാദേശികതയുടെ രാഷ്ട്രീയം ഇന്ന് ഏറെ സംവാദങ്ങൾക്ക് വഴിവെക്കുന്നുണ്ട്. ഒരു കാലത്ത് നിശബ്ദമാക്കപ്പെട്ട ജീവിതങ്ങളുടെയും അവരുടെ ദേശത്തിന്റെയും പുതിയ സ്വത്വനിർമ്മിതിയാണ് പ്രാദേശിക ചരിത്ര രചനകളിലൂടെ ഉണ്ടാകുന്നത്. അതുകൊണ്ടുതന്നെ പ്രാദേശിക ചരിത്രപഠനത്തിന് പ്രാധാന്യം ഏറിവന്നു.

## 1.1. ഗോത്രസമൂഹത്തിന്റെ സ്വത്വം

പാരമ്പര്യത്തിന്റെ ഭാഗമായാണ് ഗോത്രജനത ഒരുമിച്ചു ചേർന്നിരുന്നത്. ഓരോ ഗോത്രത്തിന്റെയും ആചാരങ്ങളും അനുഷ്ഠാനങ്ങളും അവർക്കിടയിൽ തന്നെ വ്യത്യസ്തതകൾ തീർത്തു. ഗോത്രത്തിന്റെ അധികാരികൾ അവരെ സംരക്ഷിച്ചു. ആജ്ഞകൾ അനുസരിക്കാനും ആചാരങ്ങൾ പാലിക്കാനും അവർ ശീലിച്ചു. പ്രാദേശികമായ ദൈവങ്ങളും ആരാധനാ സമ്പ്രദായങ്ങളും ജീവിത രീതിയും രൂപപ്പെട്ടു. സാമൂഹികമായ സ്വത്വരൂപീകരണ പ്രക്രിയയിൽ ഒഴിവാക്കാനാകാത്തതാണ് ഗോത്രവ്യവസ്ഥ.

'പൗരത്വം(nationalist), രാഷ്ട്രസത്ത (nationness), ദേശീയത (Nationalism) എന്നിവ പ്രത്യേകതരം സാംസ്കാരികനിർമ്മിതികളാണ്. അവ മനുഷ്യമനസ്സിൽ ഉത്പാദിപ്പിക്കുന്ന വൈകാരികവേഗങ്ങൾ കൊല്ലാനും ചാകാനും മനുഷ്യരെ പ്രേരിപ്പിക്കുന്നതു കാണുമ്പോൾ അവ വരുന്നത് വളരെ ആഴത്തിൽ നിന്നാണെന്ന് മനസ്സിലാവും. ഓരോ രാഷ്ട്രവും പുതിയതാണെന്ന് അവകാശപ്പെടുമ്പോൾത്തന്നെ അതിന്റെ വേരുകൾ ചരിത്രാതീതകാലത്തോളം പുരാതനമാണ്' (ഇ. വി. രാമകൃഷ്ണൻ 2001: 20). ഈ വേരുകൾ ഗോത്ര വ്യവസ്ഥയുമായി ബന്ധപ്പെട്ടതാണ്. ഏതൊരു ഏകദേശീയതാ ബോധത്തിനകത്തും നിരവധി ഗോത്ര സ്മൃതികളുടെ വൈവിധ്യങ്ങളുണ്ടാകും. ഈ വൈവിധ്യങ്ങളെ കണ്ടെടുക്കുന്നത് ചരിത്രപൂരണത്തെ സഹായിക്കും.

## 1.2. മാറുന്ന ദേശാതിർത്തികൾ

കൊളോണിയൽ ഭരണത്തിനു മുമ്പ് ഇവിടെ രാജഭരണവും നാടുവാഴി മേധാവിത്വവുമായിരുന്നു നിലനിന്നിരുന്നത്. ഇത്തരം നാടുകൾ ഭരണസൗകര്യത്തിനായി വിഭജിക്കപ്പെട്ടു. നാട്ടതിർത്തികൾ രൂപപ്പെട്ടു. നാട്ടുരാജ്യങ്ങൾ തമ്മിൽ യുദ്ധമുണ്ടാകുമ്പോൾ ഈ നാട്ടതിർത്തികൾ മാറിവന്നു. പത്തൊമ്പതാം നൂറ്റാണ്ടിനുമുമ്പുള്ള ഭരണാതിർത്തികൾ കൊളോണിയൽ ഭരണത്തോടെ മാറി.

'സാമ്രാജ്യങ്ങളുണ്ടായിരുന്ന കാലത്ത് 19-ാം നൂറ്റാണ്ടിനുമുമ്പ് കൊളോണിയൽ ഭരണത്തിനു മുമ്പുള്ള സാമ്രാജ്യങ്ങൾ ഭരണപ്രദേശങ്ങൾ സൃഷ്ടിച്ചു. പ്രദേശങ്ങളും സംസ്ഥാനങ്ങളുമുണ്ടായത് അത്തരം സാമ്രാജ്യങ്ങളുടെ ഭരണ സൗകര്യത്തിനുവേണ്ടി ആയിരുന്നു. ആ അതിരുകൾ 18-ാംനൂറ്റാണ്ടിന്റെ അന്ത്യത്തിലും 19-ാം നൂറ്റാണ്ടിന്റെ ആദ്യത്തിലും ഇന്ത്യയിലപ്പാടെ മാറുകയും ഭരണവുമായി ബന്ധപ്പെട്ട പുതിയ പ്രദേശങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു' (കെ.എൻ.പണിക്കർ 2007: 11).

ഓരോ പ്രദേശത്തെ ജനങ്ങളും പുതിയ അതിർത്തികൾക്കുള്ളിൽ നിന്നു തന്നെ തിരിച്ചറിവ് രൂപപ്പെടുത്തുന്നുണ്ട്. ഭരണവുമായി ബന്ധപ്പെട്ട അറിവും അതിൽ നിന്നു വ്യത്യസ്തമായ അവരുടെ ജീവിതാനുഭവങ്ങളുമായി ബന്ധപ്പെട്ട തിരിച്ചറിവും അവരിൽ രൂപം കൊള്ളുന്നുണ്ട്. കോളനി ഭരണത്തോടെ അവർ മറ്റൊരു ദേശബോധത്തിലേക്ക് മാറ്റപ്പെട്ടു. വൈദേശിക ആധിപത്യത്തിനു കീഴിൽ അടിച്ചമർത്തപ്പെട്ട സ്വത്വബോധവുമായി അവർ ജീവിച്ചു.

## 1.3. ദേശരാഷ്ട്രം

ദേശരാഷ്ട്രമെന്ന സങ്കൽപ്പം രൂപപ്പെടാൻ തുടങ്ങിയത് ആധുനികതയുടെ കാലത്താണ്. ആധുനികതയിൽ നിന്നകറ്റി നിർത്തിക്കൊണ്ട് രാഷ്ട്രമെന്ന പ്രതിഭാസത്തെക്കുറിച്ച് പഠിക്കാനാവില്ലെന്ന് എറിക് ഹോബ്സ് ബോം പ്രസ്താവിക്കുന്നു

ണ്ട് (ഇ. വി. രാമകൃഷ്ണൻ 2001: 29). രാഷ്ട്രത്തെ ഭരണകൂടമായും ഭരണകൂടത്തെ ജനങ്ങളായും ഇവിടെ പ്രതിനിധാനം ചെയ്യുന്നു.

ഒരു ജനതയെ രാഷ്ട്രമായി നിർവ്വചിക്കാൻ 19-ാം നൂറ്റാണ്ടിലെ ലിബറൽ ചിന്തകർ ഉപയോഗിച്ച മാനദണ്ഡങ്ങൾ ഇവയാണ്: ഏതെങ്കിലും ഒരു ഭരണകൂടവുമായി അതിനുള്ള ബന്ധം, സ്വന്തമായി സാഹിത്യ പാരമ്പര്യമുള്ള ഒരു വരേണ്യ വിഭാഗം, സാമ്രാജ്യത്വ മോഹങ്ങൾ പ്രകടിപ്പിക്കുന്ന തരത്തിൽ ആക്രമണങ്ങൾ നയിച്ച ചരിത്രം ബൂർഷ്വാ ലിബറലിസത്തിന്റെ വീക്ഷണത്തിൽ സാമൂഹ്യപരിണാമത്തിന്റെ അനിവാര്യഘട്ടമാണ് രാഷ്ട്രം (2001: 29).

രാഷ്ട്രത്തെ വിഭാവനം ചെയ്യുന്നതിൽ ഭാഷയ്ക്കും അച്ചടിമുതലാളിത്തത്തിനുമുള്ള പങ്ക് ബെനഡിക്ട് ആൻഡേഴ്സൺ *വിഭാവിത സമുദായങ്ങൾ (Imagined Communities)* എന്ന ഗ്രന്ഥത്തിൽ എടുത്തുപറയുന്നുണ്ട്. നിരവധി ദേശഭാഷകൾ നിലനിന്നിടത്ത് അച്ചടിഭാഷ വികസിക്കുന്നതോടെ പ്രാദേശികമായ ഭാഷാവൈവിധ്യം അന്യമാകും. അച്ചടിഭാഷകൾ നിയന്ത്രിക്കുന്ന പുതിയൊരു ദേശബോധം ഉണ്ടായിത്തീരുകയും ചെയ്യും.

ക്ലബ്ബുകൾ, കോഫീഹൗസുകൾ, ദിനപത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവയിലൂടെ നടന്ന വിവാദങ്ങളും സംവാദങ്ങളും ഫ്യൂഡൽ വ്യവസ്ഥിതിക്കെതിരെയും ആധുനികതയുടെ ദർശനങ്ങൾക്കനുകൂലമായും പൊതുജനങ്ങളെ അണിനിരത്തി മതേതരമായൊരു പരിപ്രേക്ഷ്യത്തിലേക്ക് ദേശരാഷ്ട്രത്തിന്റെ ചരിത്രം പരിണമിക്കുന്നു (ഇ. വി. രാമകൃഷ്ണൻ 2001: 28). എന്നാൽ യൂറോപ്പിൽ വളർന്ന ദേശരാഷ്ട്രങ്ങൾ തങ്ങളുടെ ഔദ്യോഗിക ദേശീയതകളെ കോളനികളിൽ അടിച്ചേൽപ്പിച്ചു. അങ്ങനെ അടിച്ചേൽപ്പിക്കപ്പെട്ടപ്പോൾ തദ്ദേശീയസംസ്കാരം പിന്തള്ളപ്പെട്ടു. ഇങ്ങനെ ഔദ്യോഗിക ദേശീയതകൾ ദമനകാരികളായി. അതിനോടുള്ള പ്രതികരണമെന്ന നിലയിലാണ് കോളനികളിലെ ദേശീയതകൾ ഉടലെടുത്തത്. ഇങ്ങനെ കോളനികളിൽ വികസിച്ച ദേശീയതകൾ ദേശീയതയുടെ ചരിത്രത്തിലെ അവ

സാന തരംഗമാണെന്ന ആൻഡേഴ്സന്റെ വാദത്തെ സാധൂകരിക്കുകയാണ് ഇ.വി. രാമകൃഷ്ണൻ ചെയ്യുന്നത് (2001:33).

19-ാം നൂറ്റാണ്ടിലെ സാഹചര്യങ്ങളിൽ രൂപംകൊണ്ട 'ദേശരാഷ്ട്രം' (Nation-state) 20-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഒരു പ്രതിസന്ധിയെ നേരിടുകയാണെന്നാണ് എറിക് ഹോബ്സ്ബോമിന്റെ അഭിപ്രായം. ദേശീയതയുടെ ചരിത്രപരമായ പ്രാധാന്യം ഇനിയങ്ങോട്ടു കുറയാനാണ് സാധ്യത. ഏഷ്യയിലും ആഫ്രിക്കയിലും പുതിയ രാഷ്ട്രങ്ങൾ നിലവിൽ വന്നത് അപകോളനീകരണത്തിന്റെ ഭാഗമായാണ്. സാമ്രാജ്യത്വം കോളനികളുടെ അതിരുകൾ നിശ്ചയിച്ചത് സ്വന്തം അധികാരത്തെ വ്യാപിപ്പിക്കാനായിട്ടായിരുന്നു. മിക്ക രാഷ്ട്രങ്ങളിലും ഇപ്പോൾ ഒന്നിലധികം ദേശീയതകൾ - ഭാഷ, മതം, വംശിമ എന്നിവയെ കേന്ദ്രീകരിച്ചുകൊണ്ടുള്ളവ-നിലവിലുണ്ടെന്നും അത്തരം ബഹുസ്വരതകൾ പക്ഷെ ഏകദേശീയത എന്ന സങ്കല്പത്തെ ദുർബലപ്പെടുത്തുന്നില്ലെന്നും ഹോബ്സ്ബോം പറയുന്നു. (ഇ. വി. രാമകൃഷ്ണൻ 2001: 33).

ഔദ്യോഗിക ദേശീയതകൾ ആധിപത്യസ്വഭാവത്തിലേക്ക് പോകുമ്പോഴും ആധുനികതയുടെ രാഷ്ട്രയുക്തി പ്രാദേശികതയുടെ ദേശസ്വത്വങ്ങളെ അപ്രസക്തമാക്കുമ്പോഴുമാണ് വ്യക്തികൾ ദേശസ്വത്വങ്ങളിലേക്കും അവയുടെ സംഘബലത്തിലേക്കും തിരിച്ചുപോകുന്നത്. അടിസ്ഥാനവർഗ്ഗത്തിന്റെ സംസ്കാരത്തെ ഉൾക്കൊള്ളാൻ കഴിയുന്നതും ഇത്തരം ദേശീയതകൾക്കായിരിക്കും.

### 1.4. വള്ളുവനാട് എന്ന ദേശം

പന്തലൂർ മലകൾ (ഗൂഡല്ലൂർ) തൊട്ട് പൊന്നാനി കടപ്പുറം വരെയായിരുന്നു പ്രാചീന വള്ളുവനാട്. ഏ.ഡി.പതിനൊന്നാം നൂറ്റാണ്ടിനു ശേഷം മാക്കോതെയിലെ ചേരന്മാരുടെ ഭരണാവസാനത്തോടുകൂടി പല നാടുകൾക്കൊപ്പം വള്ളുവനാടും സ്വതന്ത്രമായി. പിന്നീട് സാമൂതിരി പല ഭാഗങ്ങളും പിടിച്ചടക്കി. അതിനു

ശേഷം ഇന്നത്തെ പെരിന്തൽമണ്ണ താലൂക്കിലേക്ക് വള്ളുവനാട് ചുരുങ്ങി. ബ്രിട്ടീഷ് ഭരണകാലത്ത് ഒറ്റപ്പാലം, മണ്ണാർക്കാട്, പട്ടാമ്പി തുടങ്ങി തിരൂർ താലൂക്കിന്റെ ഏതാനും ഭാഗങ്ങൾ വരെ വള്ളുവനാടായിരുന്നു (രാജേന്ദു 2012 ബി :16).

വടക്ക് കോലത്തുനാടും തെക്ക് വേണാടും പ്രബലരായ നാടുവാഴികളുടെ അധികാര കേന്ദ്രങ്ങളായിരുന്നു എന്നും ഈ നാടുകൾക്കിടയിൽ വടക്കു നിന്ന് തെക്കോട്ട് പതിനൊന്ന് നാടുകൾ കൂടി ലിഖിതങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ടെന്നും രാഘവവാര്യരും രാജൻ ഗുരുക്കളും അഭിപ്രായപ്പെടുന്നു (1992:171). അതിൽ ഒരു നാടാണ് വള്ളുവനാട്.

വള്ളുവനാട് എന്ന ദേശം നിരവധി നാടുവാഴി പോരാട്ടങ്ങളും കീഴാള കർഷക സമരങ്ങളും നടന്ന മണ്ണാണ്. വള്ളുവനാട് രാജാക്കന്മാരുടെ ആയിരം കോൽ തട്ടകത്തിൽ ഉൾപ്പെട്ട കുറുവ പ്രദേശത്തിന് മാമാങ്കവുമായി ബന്ധമുണ്ട്. മാമാങ്കത്തിൽ മേൽക്കോയ്മ തീരുമാനിക്കാനുള്ള വള്ളുവനാട് രാജാക്കന്മാരുടെ ചാവേർപ്പട ചന്ദ്രോത്ത് എന്ന ചന്ദ്രാട്ടിൽ (ചന്ത്രത്തിൽ) പണിക്കന്മാരുടെ നേതൃത്വത്തിൽ പടപ്പറമ്പ് എന്ന കുന്നിൻ പുറത്ത് ഒത്തുകൂടി അവിടെ നിന്നായിരുന്നു തിരുനാവായിലേക്ക് മാർച്ച് ചെയ്തത് (ഗ്രാമപഞ്ചായത്ത് വികസന രേഖകൾ, കുറുവ ഗ്രാമപഞ്ചായത്ത് വികസന രേഖകൾ വാല്യം 117).[1] സ്വാതന്ത്ര്യസമരവുമായും വള്ളുവനാടിന് ബന്ധമുണ്ട്. മലബാർ കലാപത്തോടെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനൊപ്പം ഐക്യദാർഢ്യം പ്രഖ്യാപിച്ച് നീങ്ങാനും ഈ ദേശത്തിന് കഴിഞ്ഞിട്ടുണ്ട്. വള്ളുവനാട്ടിൽ ഉൾപ്പെട്ട പടപ്പറമ്പിലെ കുറുവ സ്വദേശിയാണ് കട്ടിലശ്ശേരി മുഹമ്മദ് മുസ്ല്യാർ. സ്വാതന്ത്ര്യസമരസേനാനികളായ എം.പി. ഗോവിന്ദമേനോൻ, എം. പി. നാരായണമേനോൻ, എം.പി.കുഞ്ഞിക്കണ്ണമേനോൻ, പി.എൻ.കെ. പണിക്കർ, പി.എസ്. നായർ, എൻ. താവുണ്ണി വൈദ്യർ എന്നിവർ സ്വാതന്ത്ര്യസമരമുഖത്ത് സജീവമായ വള്ളുവനാട്ടിലെ സമരപോരാളികളാണ്. 'ബ്രിട്ടീഷ് സർക്കാരി

[1] ഈ രേഖകൾ കാലിക്കറ്റ് സർവ്വകലാശാലയിലെ സെൻട്രൽ ലൈബ്രറിയിൽ ലഭ്യമാണ്.

നെതിരെയുള്ള സ്വാതന്ത്ര്യ സമര പ്രക്ഷോഭം അടിച്ചമർത്തുന്ന ഭരണാധികാരികളെ ചോദ്യം ചെയ്ത കുറ്റത്തിന് ബ്രിട്ടീഷ് സർക്കാരിന്റെ ഗൂർക്കാ റജിമെന്റ് കരിങ്കല്ല ത്താണിക്ക് സമീപത്തുള്ള സ്വന്തം വീട്ടുവളപ്പിലെ പ്ലാവിൽ ബന്ധിച്ച് വെടിവെച്ച് കൊന്ന കുഞ്ഞിക്കമ്മ വള്ളുവനാട്ടിലെ താഴേക്കാട് പ്രദേശത്തുകാരനാണ്' (ഗ്രാമപഞ്ചായത്ത് വികസന രേഖകൾ, താഴെക്കാട് ഗ്രാമപഞ്ചായത്ത് വികസന രേഖകൾ വാല്യം 117). അതുപോലെ കർഷക സമരങ്ങളും വള്ളുവനാട്ടിൽ നടന്നി രുന്നു. '1969- ലെ കേരളാഭൂപരിഷ്കരണ ഭേദഗതി നിയമത്തിലെ മുഴുവൻ വകുപ്പു കളും 1970 ജനുവരി ഒന്നു മുതൽ നടപ്പാക്കിയെങ്കിലും മിച്ചഭൂമി ഏറ്റെടുക്കുന്നതിന് അധികൃതരുടെ ഭാഗത്തെ ഉദാസീനത ബോധ്യമായപ്പോൾ അത് അവസാനിപ്പിക്കു ന്നതിനും സർക്കാരിന് മിച്ചഭൂമി കാണിച്ചുകൊടുക്കുന്നതിനുമായി സംസ്ഥാനവ്യാപ കമായി ആരംഭിച്ച ഐതിഹാസികമായ സമരം വള്ളുവനാട്ടിലെ ഇരിമ്പിളി യത്താണ് നടന്നത്. 118 ദിവസം തുടർച്ചയായി നടന്ന കർഷകസമരമായിരുന്നു ഇത്' (ഗ്രാമപഞ്ചായത്ത് വികസന രേഖകൾ, ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് വാല്യം 117, പുറം 11). അതുപോലെ അയിത്തത്തിനും അനാചാരത്തിനുമെതി രെയും സമരങ്ങൾ നടന്നിരുന്നു. 'ഇരിമ്പിളിയം കളരിക്കൽ ക്ഷേത്രപ്രവേശന സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരത്തോടനുബന്ധിച്ച് നടന്ന യോഗത്തിൽ കെ. കേളപ്പൻ പങ്കെടുത്തിരുന്നു. അവർണ ജാതിക്കാർക്ക് പ്രവേശനം നിഷേധിച്ചിരുന്ന കൊടുമുടി ക്ഷേത്രത്തിൽ നിരവധി സമരങ്ങൾ നടന്നു. ഇതിന്റെ ഫലമായി 1908 ലാണ് ഈ ക്ഷേത്രത്തിൽ അവർണർക്ക് പ്രവേശനം ലഭിച്ചത്' (ഗ്രാമപഞ്ചായത്ത് വികസന രേഖകൾ, ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് വികസന രേഖകൾ, വാല്യം 117, പുറം 12).

നാടുവാഴിത്ത മത്സരങ്ങളിൽപ്പെട്ടാണ് വള്ളുവനാടിന്റെ സമ്പത്തും അധികാ രവും നഷ്ടപ്പെട്ടത്. സാമൂതിരിയും ഹൈദരും നടത്തിയ ആക്രമണങ്ങളും കൊ ളോണിയൽ അധിനിവേശവും വള്ളുവനാട് സ്വരൂപത്തെ തകർത്തു. കേരളസം സ്ഥാന രൂപീകരണത്തോടെ വള്ളുവനാട് താലൂക്ക് എന്നതും അപ്രത്യക്ഷമായി.

ഇന്ന് എഴുത്തുകാർ അവരുടെ കൃതികളിൽ ആവിഷ്കരിക്കുന്ന ഭൂപ്രദേശം മാത്ര മായി വള്ളുവനാട് മാറി.

### 1.5. വള്ളുവനാട്ടിലെ മിത്തുകൾ

വള്ളുവനാട് നിരവധി മിത്തുകളുമായി ബന്ധപ്പെട്ട ദേശമാണ്. നിരവധി രാജാക്കന്മാരുടെ പോരാട്ടങ്ങൾക്കും വെട്ടിപ്പിടിക്കലുകൾക്കും കീഴടങ്ങലുകൾക്കും പ്രതികാരങ്ങൾക്കും സാക്ഷിയാണ് ഈ മണ്ണ്. നിളയൊഴുകുന്ന വള്ളുവനാടിന്റെ മണ്ണിൽ നിരവധി മിത്തുകളും ഉറഞ്ഞുകിടക്കുന്നുണ്ട്. വള്ളുവനാടൻ മിത്തുകളിൽ ഏറെ പ്രധാനപ്പെട്ട ഒന്നാണ് പറയിപെറ്റ പന്തിരുകുലം കഥ. ഈ മിത്തുകളിൽ യുക്തിക്ക് നിരക്കാത്ത പലതും കണ്ടേക്കാം. ചിലതെല്ലാം ചരിത്രവുമായി ബന്ധമു ള്ളതാവാം. മിത്തുകളുടെ സ്വഭാവമാണത്. അവയുടെ ചരിത്രം രേഖപ്പെടുത്താത്തി ടത്തോളം കാലം ആ ഐതിഹ്യങ്ങൾ മനോഹരമായ മിത്തുകളായി നമ്മുടെ മണ്ണിൽ നിലകൊള്ളും.

#### 1.5.1. പറയിപെറ്റ പന്തിരുകുലം

വിക്രമാദിത്യ രാജാവ് തന്റെ സദസ്യനും പണ്ഡിതനുമായിരുന്ന വര രുചിയോട് രാമായണത്തിലെ പ്രധാന ശ്ലോകമേത് എന്നും അതിൽത്തന്നെ പ്രധാന പ്പെട്ട വാക്യമേത് എന്നും ചോദിച്ചു. ആ ചോദ്യത്തിന്റെ ഉത്തരം തേടിയുള്ള യാത്ര യിൽ രാത്രി ആൽമരത്തറയിൽ വിശ്രമിക്കുമ്പോൾ വനദേവതമാരുടെ സംഭാഷണ ത്തിൽ നിന്ന് വരരുചി തേടിയ ഉത്തരം ലഭിച്ചു. എന്നാൽ അതോടൊപ്പം അന്നു രാത്രി ആ ഗ്രാമത്തിലെ പറയച്ചാളയിൽ ജനിച്ച പെൺകുഞ്ഞിനെ വരരുചി വിവാഹം കഴിക്കുമെന്നും വനദേവതമാർ പറഞ്ഞു. അതോടെ ആ കുഞ്ഞിന്റെ ജനനം നാടിന് ആപത്താണെന്ന് വരരുചി രാജാവിനെ തെറ്റിദ്ധരിപ്പിച്ചു. രാജ കൽപ്പന പ്രകാരം രാജകിങ്കരന്മാർ കുഞ്ഞിനെ തലയിൽ പന്തം കുത്തി വാഴപ്പോള യിലാക്കി നദിയിലൊഴുക്കി. കാലങ്ങൾക്കുശേഷം മറ്റൊരു യാത്രയിൽ ഒരു ബ്രാഹ്മ ണന്റെ വീട്ടിൽനിന്ന് വരരുചി ഭക്ഷണം കഴിക്കുകയും വരരുചിയെ പാണ്ഡിത്യം

കൊണ്ട് അതിശയിപ്പിച്ച ബ്രാഹ്മണപുത്രിയെ അദ്ദേഹം വിവാഹം കഴിക്കുകയും ചെയ്തു. പിന്നീടാണ് അത് പണ്ട് നദിയിലൊഴുക്കിയ പെൺകുട്ടിയാണെന്നറിഞ്ഞത്. അതോടെ വരരുചി ഭാര്യാസമേതനായി രാജ്യസഞ്ചാരം ആരംഭിച്ചു. യാത്രക്കിടയിൽ ഭാര്യ ഗർഭംധരിക്കുകയും ഓരോ ദിക്കിൽവെച്ച് കുഞ്ഞുങ്ങൾക്ക് ജന്മം നൽകുകയും ചെയ്തു. ഈ പന്ത്രണ്ട് മക്കളെയും ജനിച്ച സ്ഥലത്ത് ഉപേക്ഷിച്ച് അവർ യാത്രതുടർന്നു. മക്കൾ ഓരോരുത്തരും ഓരോ കുലം സ്ഥാപിച്ച് തൊഴിൽ ചെയ്ത് ജീവിച്ചു.പന്തിരുകുലത്തിന്റെ അമ്മയായ പറയി വളർന്ന നരിപ്പറ്റമന വള്ളുവനാട്ടിലാണെന്ന് ഡോ. രാജൻ ചുങ്കത്ത് അഭിപ്രായപ്പെടുന്നു. 'തൃത്താലയ്ക്കു വടക്ക്, പുഴയ്ക്കക്കരെ കൊടുമുണ്ട ദേശം, പുഴയോരത്ത് ആലും കുളവും പടിക്കൽ പാടവും അതിരിടുന്ന മനപ്പറമ്പിലൊരില്ലം. ഇതു നരിപ്പറ്റ മന. കാലത്തിന്റെ നിയോഗമെന്നൊണം മഹാബ്രാഹ്മണനായ വരരുചിയുടെ പത്നിയായി മാറിയ പറയിപ്പെണ്ണ് വളർന്നു വലുതായ ഇല്ലം' (രാജൻ ചുങ്കത്ത്, 2010: 14). പന്തിരുകുലം കഥയിൽ പറയുന്ന ഈ പന്ത്രണ്ടു മക്കൾക്കും വള്ളുവനാടുമായി ബന്ധമുണ്ട്.

#### 1.5.1.1. മേഴത്തോൾ അഗ്നിഹോത്രി

പന്തിരുകുലത്തിലെ ഒന്നാമത്തെ മകനായ മേഴത്തോൾ അഗ്നിഹോത്രിയുടെ ഇല്ലം വള്ളുവനാട്ടിലെ തൃത്താലയിലാണ്. മേഴത്തോൾ ബ്രഹ്മദത്തൻ അഗ്നിഹോത്രിയുടെ ഇല്ലമായ ചേമഞ്ചേരി മനയിലാണ് കേരളത്തിന്റെ യജ്ഞസംസ്കാരം ആരംഭിച്ചത്. മേഴത്തോൾ അഗ്നിഹോത്രിയുടെ തൊണ്ണൂറ്റിയൊൻപതു യാഗങ്ങൾക്കും വേദിയായ യജ്ഞേശ്വരം ക്ഷേത്രവും ഇവിടെയാണ്. വരരുചിയുടെ ചാത്തമൂട്ടാൻ ഭീഷ്മാഷ്ടമി നാളിൽ പന്തിരുകുലത്തിലെ സഹോദരന്മാർ പണ്ട് ഒത്തുകൂടിയിരുന്നത് ചേമഞ്ചേരി മനയിലായിരുന്നു.

മേഴത്തോളഗ്നിഹോത്രിയുടെ ഭവനം പൊന്നാനിത്താലൂക്കിൽ മേഴത്തൂരംശത്തിലാണത്രേ. വള്ളുവനാട് താലൂക്കിൽ ഒറ്റപ്പാലത്തിനു സമീപമുള്ള കടമ്പൂരു മന

യ്ക്കൽ നമ്പൂതിരിമാർ ഈ അഗ്നിഹോത്രിയുടെ പുലക്കാരുമാണത്രേ (കൊട്ടാരത്തിൽ ശങ്കുണ്ണി 1982: 64).

'വള്ളുവനാട്ടിലെ പ്രസിദ്ധമായ കൊടിക്കുന്ന് ഭഗവതിക്ഷേത്രത്തിൽ തുലാമാസത്തിലെ പൂരം നാളിൽ നടക്കുന്ന 'പൂരംപഠഹാരം' മഹോത്സവത്തിലെ 'മണാളർ' സാന്നിധ്യം ചേമഞ്ചേരി മനയുടെ കാവേരി തീരബന്ധം ബലപ്പെടുത്തുന്നു. കൊടിക്കുന്നത്തെ മണാളർമാരുടെ പൂർവ്വികർ കാവേരിതീരത്തുനിന്ന് അമ്മ്യാരുകുട്ടിയോടൊപ്പം വന്നവരത്രേ. അഗ്നിഹോത്രി അവരെ കൊടിക്കുന്നത്ത് വിന്യസിച്ചു' (രാജൻ ചുങ്കത്ത് 2010: 24). ഇതെല്ലാം അഗ്നിഹോത്രിയുടെ വള്ളുവനാടൻ ബന്ധമാണ് സൂചിപ്പിക്കുന്നത്.

#### 1.5.1.2. രജകൻ

വരരുചി ഭാരതപ്പുഴയുടെ തീരത്ത് ഉപേക്ഷിച്ച മറ്റൊരു മകനാണ് രജകൻ. കടവല്ലൂരിൽ രജകൻ വിദ്യാപീഠം സ്ഥാപിച്ചിരുന്നു. കാലാന്തരത്തിൽ ഇത് അന്യം നിന്നുപോയി.

#### 1.5.1.3. ഉളിയന്നൂർ പെരുന്തച്ചൻ

പന്തിരുകുലത്തിലെ മൂന്നാമനെ ഉളിയന്നൂരെ മൂത്താശ്ശാരിയാണ് എടുത്തു വളർത്തിയത്. അസാധാരണമായ കഴിവുള്ളയാളായിരുന്നു പെരുന്തച്ചൻ. തൊഴിലിൽ മകൻ തന്നെ വെല്ലുമെന്ന് അറിഞ്ഞ് വീതുളിയെറിഞ്ഞ് മകനെ കൊന്നവനാണ് പെരുന്തച്ചൻ എന്നും കഥയുണ്ട്. പന്നിയൂർ അമ്പലത്തിന്റെ പണി മുഴുമിക്കാനാകാതെ പെരുന്തച്ചൻ കുലത്തൊഴിൽ അവസാനിപ്പിച്ചത് വള്ളുവനാട്ടിലെ നിളാതീരത്തുവെച്ചാണ്.

### 1.5.1.4. വള്ളോൻ

വള്ളുവൻ എന്ന സംസ്കരിച്ച പദത്തിന്റെ പ്രാകൃത രൂപമാണ് വള്ളോൻ. തിരുവള്ളുവരാണ് വള്ളോൻ എന്നും അഭിപ്രായമുണ്ട്. വള്ളുവനാടുമായി വള്ളുവന് ഏറെ ബന്ധമുണ്ട്. വള്ളുവന്റെ നാടാണ് വള്ളുവനാട്. തമിഴ്നാട്ടിലെ ഉന്നതരായ പറയജാതിയിൽപ്പെട്ടവരായിരുന്നു വള്ളുവന്മാർ. തമിഴ്നാട്ടിൽ നിന്നും വള്ളുവനാട്ടിലേക്കുള്ള കുടിയേറ്റത്തിലൂടെയാവാം ഇവർ ഇവിടെ എത്തിയത്. കരികാലചോളൻ കാവേരി നദിയ്ക്ക് അണകെട്ടുന്ന സമയത്ത് മേഴത്തോൾ അഗ്നിഹോത്രിയെ ക്ഷണിച്ചത് വള്ളോൻ ആയിരുന്നു.

### 1.5.1.5. വടുതല നായർ

മേഴത്തൂർ അംശത്തിലെ കുണ്ടുളി നായർ തറവാടാണ് പന്തിരുകുലത്തിലെ ശൂദ്രനായ വടുതലനായരുടെ ഗൃഹം. ആയോധനകലയുടെ അധിപനായിരുന്നു വടുതലനായർ. അഗ്നിഹോത്രിയുടെ യാഗവുമായി ബന്ധപ്പെട്ട് ഇരുമ്പാലശ്ശേരിയിൽ നിന്നും മേഴത്തൂരിൽ കുടിയേറിപ്പാർത്തവരാണ് കുണ്ടുളി നാടുവാഴി കുടുംബക്കാർ.

### 1.5.1.6. ഉപ്പുകൂറ്റൻ

നിളയുടെ അഴിമുഖമായ പൊന്നാനിയായിരുന്നു ഉപ്പുകൂറ്റന്റെ കർമ്മഭൂമി. നിളാതീരത്തിലെ തൃത്താല കുമ്പിടിത്തെരുവിലെ ഒരു മുസ്ലീം കുടുംബമായിരുന്നു ഈ കുഞ്ഞിനെ എടുത്തുവളർത്തിയത്. (മലയാള മനോരമ ദിനപത്രം, 1998 നവംബർ 22; 1). ഈ കുടുംബത്തിന്റെ പഴയ തറവാട്ടുകെട്ടിടം ഈരാറ്റിങ്കൽ കോളനിക്കുസമീപം കുമ്പിടി തെരുവിൽ ഇപ്പോഴുമുണ്ട്. കുമ്മാട്ടിക്കാവിലെ ഉത്സവ ദിവസം

തൃത്താലയിലെ ഹിന്ദു, മുസ്ലീം, കുടുംബങ്ങളെ അനുസ്മരിക്കുന്ന ചടങ്ങുണ്ട്.[2] ഇത് പന്തിരുകുലത്തിന്റെ മതമൈത്രിയെ സൂചിപ്പിക്കുന്ന ചടങ്ങാണ്.

#### 1.5.1.7. കാരയ്ക്കൽമാതാ

കാരയ്ക്കൽമാതയുടെ വംശപരമ്പരയായ കവളപ്പാറ സ്വരൂപത്തിനും വള്ളുവനാടുമായി ബന്ധമുണ്ട്. കവളപ്പാറ കൊട്ടാരത്തൊടിയിൽ നിന്നും വിളിപ്പാടകലെ കുടികൊള്ളുന്ന ആര്യങ്കാവ് ഭഗവതിയാണ് ഇവരുടെ പരദേവത. ഓങ്ങല്ലൂർ മുതൽ കിഴക്ക് കണ്ണിയമ്പുറം തോടുവരെയും തെക്ക് ഭാരതപ്പുഴ മുതൽ വടക്ക് മുണ്ടക്കോടുകുർശ്ശി വരെയുള്ള ഭൂപ്രദേശത്തിന്റെയും അധിപനായിരുന്നു കവളപ്പാറ മൂപ്പിൽനായർ. പാലക്കാട്, പെരുമ്പടപ്പ്, നെടിയിരുപ്പ് സ്വരൂപങ്ങളുടെ ഇടയ്ക്ക്, ഭാരതപ്പുഴയോരത്ത് വളരെയേറെ തന്ത്രപ്രാധാന്യമുള്ള ഒരു സ്ഥാനത്താണ് കവളപ്പാറ സ്വരൂപത്തിന്റെ ആസ്ഥാനം. പന്തിരുകുലത്തിന്റെ പാരമ്പര്യം പേറുന്ന വള്ളുവനാടൻ രാജവംശമാണ് കവളപ്പാറ സ്വരൂപം.

#### 1.5.1.8. അകവൂർ ചാത്തൻ

വരരുചി പെരിയാറിന്റെ തീരത്ത് ഉപേക്ഷിച്ച കുഞ്ഞായിരുന്നു അകവൂർ ചാത്തൻ. അദ്ദേഹത്തിന്റെ ജന്മസ്ഥലത്തിന് വള്ളുവനാടുമായി ബന്ധമില്ലെങ്കിലും അദ്ദേഹം മൃതിയടഞ്ഞ സ്ഥലം വള്ളുവനാട്ടിലെ തിരുന്നാവായയാണെന്ന് അഭിപ്രായമുണ്ട്. 'അകവൂർ ചാത്തൻ മൃതിയടഞ്ഞ പരബ്രഹ്മ പ്രതിഷ്ഠയുള്ള ഓച്ചിറ തിരുവിതാംകൂറിലെ ഓച്ചിറയല്ലെന്നും, ആ സ്ഥലം തിരുന്നാവായയാണെന്നും കേസരി ബാലകൃഷ്ണപിള്ള അഭിപ്രായപ്പെടുന്നു. (എം. എൻ. വിജയൻ 2013: 460).

[2] ദേവേന്ദ്രനുമായുള്ള ഏതോ തർക്കത്തെ തുടർന്ന് ദേവലോകത്തു നിന്നും ഭ്രഷ്ടരായ നാലു ദേവതമാർ വേദഭൂമിയായ തൃത്താലയിലെത്തി. ആദ്യത്തെ മൂന്നു ദേവതമാർ തൃത്താലക്ക് സമീപമുള്ള മുത്തശ്ശിയാർ, കൊടിക്കുന്ന്, കണ്ണേങ്കാവ് എന്നിവിടങ്ങളിൽ താമസിച്ചു. ഇടം ഇല്ലാതെ ഒരു ദേവത പാക്കനാരെ സമീപിച്ചു. അഗ്നിഹോത്രിയുടെയും ഉപ്പുകൂറ്റന്റെയും സഹായത്തോടെ പാക്കനാർ ദേവതയെ 'ഈരാറ്റിങ്കലിൽ' കുടിയിരുത്തി. ദേവതയെ കുടിയിരുത്താൻ തൃത്താലയിലെ ഹിന്ദു, മുസ്ലീം, കുടുംബങ്ങളാണ് പാക്കനാരെ സഹായിച്ചത്. അതുകൊണ്ടാണ് അവരെ കുമ്മാട്ടിക്കാവിലെ ഉത്സവത്തിന് സ്മരിക്കുന്നത് (രാജൻ ചുങ്കത്ത് 2012:53).

#### 1.5.1.9. പാക്കനാർ

മേഴത്തോൾ അഗ്നിഹോത്രിയുടെ ഇല്ലത്തിന് അടുത്താണ് ഈരാറ്റിങ്കൽ പാക്കനാർ കോളനി. പറയകോളനി എന്നും ഇതിന് പേരുണ്ട്. മേഴത്തോൾ അഗ്നി ഹോത്രി അനുജൻമാർക്ക് സ്വത്ത് ഭാഗംവെച്ചപ്പോൾ ജ്യേഷ്ഠനെ പിരിയാനുള്ള വിഷമം പാക്കനാർ അറിയിച്ചു. അഗ്നിഹോത്രി ഈരാറ്റിങ്കലെത്തി തന്റെ ശൂലം കൊണ്ട് സ്ഥാനം നിശ്ചയിച്ച് പാക്കനാരെ അവിടെ താമസിപ്പിച്ചു എന്നാണ് ഐതിഹ്യം.

#### 1.5.1.10. പാണനാർ

തിരുവരങ്ങത്തെ പാണനാരുടെ വംശപരമ്പരയിൽപ്പെട്ടവരാണ് കേരള ത്തിലെ പാണന്മാർ. തുയിലുണർത്തലാണ് പാണന്റെ കുലവൃത്തി. ഉടുക്കുകൊണ്ട് താളംപിടിച്ച് കുടുംബത്തിന് ഐശ്വര്യം പകരാൻ ഐതിഹ്യങ്ങൾ പാടുകയാണ് ഇവർ ചെയ്യുന്നത്. നിളയോര ഗ്രാമമായ വാടാനാംകുറുശ്ശിയിൽ താമസിക്കുന്ന 'ചെമ്മട്ടുതൊടി' കുടുംബം പാണനാരുടെ പിൻഗാമികളാണെന്ന് രാജൻ ചുങ്കത്ത് പറയുന്നു (2010:40).

#### 1.5.1.11. നാറാണത്തുഭ്രാന്തൻ

വള്ളുവനാട്ടിലെ നാരായണമംഗലത്തു മനയാണ് നാറാണത്തു ഭ്രാന്തന്റെ ഇല്ലം. ഇവിടെയുള്ളവരാണ് നാറാണത്തുഭ്രാന്തനെ എടുത്തുവളർത്തിയത്. നാറാ ണത്തുഭ്രാന്തൻ കല്ലുരുട്ടിക്കയറ്റിയ രായിരനെല്ലൂർ മലയും വള്ളുവനാട്ടിലാണ്. രായിരനെല്ലൂർ മലമുകളിൽ വെച്ചാണ് നാറാണത്തു ഭ്രാന്തന് ദേവീദർശനം ലഭി ച്ചത്. ഇവിടെ ഇപ്പോൾ ഒരു ക്ഷേത്രമുണ്ട്.

#### 1.5.1.12. വായില്ലാക്കുന്നിലപ്പൻ

വള്ളുവനാട്ടിലെ കടമ്പഴിപ്പുറം കുന്നിനു മുകളിലാണ് തന്റെ പന്ത്രണ്ടാ മത്തെ മകനായ വായില്ലാക്കുന്നിലപ്പനെ വരരുചി കുടിയിരുത്തിയത്. ഇവിടെ

യാണ് പ്രസിദ്ധമായ വായില്ലാകുന്നത്തമ്പലം. കുംഭത്തിലെ കാർത്തിക നാളിൽ ഇവിടത്തെ ഉത്സവം കൊടിയേറും. ഒമ്പതാം ദിവസം നടക്കുന്ന ഈ വള്ളുവനാടൻ ഉത്സവത്തിൽ അഞ്ചു ദേശക്കാർ മത്സരിച്ച് പങ്കെടുക്കും. മിത്തും ഐതിഹ്യവും ഉത്സവവും കടമ്പഴിപ്പുറത്ത് കൂടിച്ചേരുന്ന കാഴ്ചയാണ് ഈ വള്ളുവനാടൻ ഉത്സവത്തിൽ കാണുന്നത്.

പന്തിരുകുലം കഥയിൽ നിന്നും മതേതരമായൊരു ദേശത്തിന്റെ ചിത്രം നമുക്ക് കണ്ടെടുക്കാനാകും. മനുഷ്യരെല്ലാം വ്യത്യസ്ത തൊഴിലുകൾ ചെയ്യുകയും സ്നേഹത്തോടെയും പരസ്പര സഹകരണത്തോടെയും കഴിയുകയും ചെയ്ത ഒരു കാലത്തെ ഓർമ്മപ്പെടുത്തുകയാണ് പന്തിരുകുലം കഥ ചെയ്യുന്നത്.

### 1.5.2. ആനകളുമായി ബന്ധപ്പെട്ട മിത്തുകൾ

പൂരവുമായും ആനകളുമായും ബന്ധപ്പെട്ട മിത്തുകളും വള്ളുവനാട്ടിലുണ്ട്. ആനക്കമ്പക്കാർക്കിടയിൽ 'പൂമുള്ളി ആനകൾ' ഒരു മിത്താണ്. പൂമുള്ളി ക്ഷേത്രം പണിയുന്നകാലത്ത് നാറേരിമലയിൽ വെച്ച് പണിതീർത്ത ഒറ്റക്കല്ലിൽ കൊത്തുപണികളോടെ തീർത്ത കൂറ്റൻ കൽത്തൂൺ എട്ടു നാഴിക ദൂരം വലിച്ച് പെരിങ്ങോട്ടെത്തിച്ചത് പൂമുള്ളി ശേഖരൻ, ചെർളയം ഗോപാലൻ എന്നീ രണ്ട് ആനകളായിരുന്നു. കൂറ്റൻ കരിങ്കൽത്തൂണുപൊക്കുമ്പോൾ ഒരു തൊഴിലാളി അതിനടിയിൽപെട്ടു. അയാളെ രക്ഷിക്കാൻ ശേഖരൻ തൂണ് ഒറ്റക്ക് താങ്ങിനിന്നു. അതിൽ ക്ഷതം സംഭവിച്ചാണ് ശേഖരൻ ചെരിഞ്ഞത്. ആ സങ്കടം മൂലം പൂമുള്ളിക്കാർ കുറേകാലം ആനകളെ പോറ്റിയില്ല. പിന്നീടാണ് പൂമുള്ളി ഗണേശൻ എന്ന ആനയെ വാങ്ങിയത്. ഈ ഗണേശനാണ് പൂമുള്ളിക്കാർക്ക് നിധി എടുത്തു കൊടുത്തത് എന്നൊരു മിത്തും ആനക്കമ്പക്കാർക്കിടയിലുണ്ട് (ആലങ്കോട് ലീലാകൃഷ്ണൻ 2011: 34).

#### 1.5.2.1. ആനമുത്ത്

വള്ളുവനാട്ടിൽ പ്രചാരത്തിലുള്ള മറ്റൊരു മിത്താണ് ആനമുത്ത്. ഇത് കെട്ടുകഥയോ സങ്കൽപ്പമോ ആവാം. ലക്ഷണമൊത്ത ചില ആനകളുടെ മസ്തക ത്തിൽ ഗജമുത്ത് ഉണ്ടാവും. ഇത് കൈവശം വെച്ചാൽ ശ്രേയസ്സ് ഉണ്ടാകുമെന്നാണ് വിശ്വാസം. ഗജമുത്ത് ലഭിക്കാൻ ആനയെക്കൊന്ന ഒരാളുടെ കഥയും ഉത്സവപ്പറമ്പു കളിലുണ്ട് (ആലങ്കോട് ലീലാകൃഷ്ണൻ 2011: 37).

ഇങ്ങനെ നിരവധി മിത്തുകൾ മണ്ണിലുറഞ്ഞു കിടക്കുന്ന ദേശമാണ് വള്ളുവ നാട്. ഭാവനാസ്ഥലമെന്ന നിലയിൽ പന്തിരുകുലം കഥയും കഥാപാത്രങ്ങളും വള്ളുവനാടിനെ മുഴുവൻ പ്രതിനിധീകരിക്കുന്നുണ്ട്.

### 1.6. വള്ളുവനാടിന്റെ രാജചരിത്രം

വള്ളുവനാടിന്റെ രാജചരിത്രവുമായി ബന്ധപ്പെട്ട നിരവധി അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. 'ക്രി. 959 ലെ ഒരു ചോളലിഖിതത്തിൽ വല്ലഭ രാഷ്ട്രനാഥ നായ രാജശേഖരനെക്കുറിച്ച് പറയുന്നുണ്ട്. വല്ലഭരാഷ്ട്രം വള്ളുവനാട് തന്നെ. രാജശേഖരൻ രായിരനും. ക്രി. പത്തും പതിനൊന്നും നൂറ്റാണ്ടുകളിലെ വള്ളുവനാ ടൻ ശിലാരേഖകളിൽ വള്ളുവനാട്ടടികളെ രാജശേഖരനെന്നോ രായിരനെന്നോ പരാമർശിക്കുന്നു. വള്ളുവനാടുടയ രായിരൻ ചാത്തൻ ക്രി. 1000-ാം ആണ്ടത്തെ ജൂതപ്പട്ടയ[3]ത്തിൽ നാടുവാഴികളായ സാക്ഷികളുടെ കൂട്ടത്തിലുണ്ട്. ഒരു ശുകപുരം ലിഖിതത്തിൽ ഇരായിര ചേകരനായ വള്ളുവൻ തീരുമാനമെടുക്കുന്നവരോടൊപ്പം പരാമർശിക്കപ്പെടുന്നു. പൂക്കോട്ടൂരിലെ ഇടയൂർ ലിഖിതത്തിൽ പ്രത്യക്ഷപ്പെടുന്ന വള്ളുവർ തവനൂരിൽപ്പെട്ട ഭൂമി ശുകപുരം ക്ഷേത്രത്തിന് വിട്ടുകൊടുക്കുന്നത് സംബന്ധമായ നിബന്ധന വ്യവസ്ഥചെയ്യുമ്പോൾ വള്ളുവനാടുടയവരും സന്നിഹി

[3] കേരളം വാണിരുന്ന ചേരരാജാവായ ഭാസ്കര രവിവർമ്മ പെരുമാൾ ജറുസലേ മിൽനിന്ന് അഭയാർത്ഥികളായി വന്ന ജൂതൻമാരുടെ നേതാവായ ജോസഫ് റമ്പാന് അഞ്ചുവണ്ണവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചു നൽകിയ ശാസനം. ഈ ശാസ നത്തിൽ അക്കാലത്തെ പല സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ വസ്തുതകളും പ്രതിഫലിക്കുന്നുണ്ട് (പുതുശ്ശേരി രാമചന്ദ്രൻ, 2007:72).

തനാവുന്നു. നിബന്ധനകൾ തെറ്റിക്കുന്ന ഊരാളർക്ക് ഈ വ്യവസ്ഥയിൽ ശിക്ഷ വിധിച്ചിരിക്കുന്നു. ഇത് നാടുടയവർക്ക് ഊരുടയാരുടെ മേലുണ്ടായിരുന്ന അധി കാരം വ്യക്തമാക്കുന്നു.' ഇങ്ങനെയാണ് വള്ളുവനാടിനെപ്പറ്റിയും വള്ളുവനാടുടയ വരെപ്പറ്റിയും രാഘവവാര്യരുടെയും രാജൻ ഗുരുക്കളുടെയും അഭിപ്രായം (1992: 174).

വള്ളുവനാട് രാജാവിൽ നിന്ന് ഏറ്റവും ഒടുവിലായി പിടിച്ചടക്കി സാമൂതിരി രാജ്യത്തോട് ചേർത്തതാണ് വള്ളുവനാട് എന്നും നെടുങ്ങനാട് കുറച്ചുകാലം സാമൂതിരിയുടെ കീഴിലായിരുന്നു എന്നും *മലബാർ മാന്വലിൽ* ലോഗൻ പറയുന്നു (2012: 400).

വള്ളുവനാടിന്റെ എഴുതപ്പെട്ട ദേശചരിത്ര രൂപീകരണം നിരവധി അധികാര കൈമാറ്റത്തിലൂടെയും മറ്റും രൂപപ്പെട്ടു വന്നതാണ്. വള്ളുവക്കോനാതിരിയാണ് വള്ളുവനാട്ടിനുടയോൻ. വള്ളുവക്കോനാതിരിയുടെ വംശത്തിന്റെ ഉത്ഭവത്തെക്കു റിച്ചും രാജവംശസ്ഥാപനങ്ങളെക്കുറിച്ചും രണ്ട് വീക്ഷണങ്ങളാണ് നിലനിൽക്കുന്ന തെന്ന് എസ്. രാജേന്ദു *വള്ളുവനാട് ചരിത്രം* എന്ന കൃതിയിൽ പറയുന്നുണ്ട്. ആയ്വംശപരമ്പരയാണ് തെക്കൻവള്ളുവനാട്ടിലുള്ളതെന്ന ഇളംകുളത്തിന്റെ അഭി പ്രായവും പല്ലവരാജവംശത്തിന്റെ തുടർച്ചയാണ് വല്ലഭനെന്ന മറ്റൊരഭിപ്രായവു മാണ് രാജേന്ദു സൂചിപ്പിക്കുന്നത് (എസ്. രാജേന്ദു 2012: 326). വള്ളുവനെന്ന പദ ത്തിന്റെ സംസ്കൃതരൂപമാണ് വല്ലഭൻ. ഇളംകുളം പറയുന്ന ആദ്യത്തെ നിരീ ക്ഷണം ആയ്വംശബന്ധത്തെ സംബന്ധിക്കുന്നതാണ്. ഇളംകുളം വിവരിക്കുന്ന പഴയ വള്ളുവനാടിനെ ആദിവള്ളുവനാട് എന്നു വിളിക്കാമെന്നും ആദിവള്ളുവനാ ടിനെപറ്റിയുള്ള ചില സൂചനകൾ സംഘംകൃതികൾ നൽകുന്നുണ്ടെന്നും എൻ.എം. നമ്പൂതിരി അഭിപ്രായപ്പെടുന്നു (2008: 445).

### 1.6.1. ആദിവള്ളുവനാട്

അതിയന്റെ കാലത്ത് പൊതിയിൽ രാജ്യം പാണ്ഡ്യാക്രമണങ്ങളാൽ ശിഥില മായി. അതിയൻ പരാജയപ്പെട്ടതോടുകൂടി പാണ്ഡ്യൻ കേരളത്തിന്റെ തേക്കേ അതിർത്തിയിൽകൂടി അറബിക്കടലോളം വ്യാപിച്ചു. ക്രിസ്തു അഞ്ചാംശതക ത്തോടെ ആയന്മാർ മധ്യതിരുവിതാംകൂറിലും തെക്കൻതിരുവിതാംകൂറിലും ഉൾ പ്പെട്ട ഭൂഭാഗങ്ങളുടെ അധിപന്മാർ മാത്രമായി. ഔവ്വയാരാൽ വാഴ്ത്തപ്പെട്ട നാഞ്ചിൽ വള്ളുവർ ആദ്യകാലത്തെ ആയ് ശാഖകളിൽ ഒന്നിന്റെ അധിപനായിരുന്നു. നാഞ്ചി നാട്ടിൽ വ്യാപിച്ചിരുന്ന നാഞ്ചിൽ വള്ളുവരുടെ ശാഖ ഇവിടെ പ്രത്യേകം പരാ മർശം അർഹിക്കുന്നു. പാണ്ഡ്യൻമാർ തിരുനെൽവേലി ഭാഗങ്ങൾ കയ്യടക്കിയ തോടെ ശിഥിലമായ ആയ്വംശം പലഭാഗങ്ങളിലേക്ക് പ്രയാണം ചെയ്തിരിക്കാം. അതിൽ ഒന്നാവണം നാഞ്ചിൽ വള്ളുവന്റേത്. ഒരു പക്ഷേ നാഞ്ചിൽ വള്ളുവന്റെ വംശം തന്നെ പിൽക്കാലത്ത് ആ ഭൂഭാഗത്തിന്റെ അധീശത്വം നഷ്ടപ്പെട്ട് മറ്റ് ഭാഗ ങ്ങളിലേക്ക് നീങ്ങിയിരിക്കാം. ഈ കുടിയേറ്റ ഘട്ടത്തിൽ നിന്നാണ് നാം വള്ളുവ നാട്ടു പാരമ്പര്യത്തിലേക്ക് കടക്കേണ്ടതെന്ന് എൻ.എം. നമ്പൂതിരി അഭിപ്രായപ്പെടു ന്നു (2008:450).

തെക്കേമലബാറിന്റെ ബഹുഭൂരിഭാഗം വരുന്ന പ്രദേശങ്ങളിൽ ഒരു കാലത്ത് പരമാധികാരം സ്ഥാപിച്ച് വാണരുളിയിരുന്ന വള്ളുവനാട്ടുരാജാവിന്റെ (വള്ളുവ ക്കോനാതിരി) അധീനതയിൽ പിൽക്കാലത്ത് അവശേഷിച്ച ഭൂവിഭാഗം വെള്ളാട്ടിരി അഥവാ ആദിവള്ളുവനാട് എന്ന് അറിയപ്പെടുന്നു. മൈസൂർ അധിനിവേശം തുട ങ്ങിയകാലത്ത് വെള്ളാട്ടിരിനാട്ടിൽ ഉൾപ്പെട്ടിരുന്നത് ആധുനിക വള്ളുവനാട്, ഏർ നാട് താലൂക്കുകളിലെ അംശങ്ങൾ ആയിരുന്നു (ലോഗൻ 2012: 400).

### 1.6.2. ആയ്വംശബന്ധം

കുലശേഖരഭരണകാലത്താണ് വടക്കൻ വള്ളുവനാട് നിലവിൽ വരുന്നത്. അതിനുശേഷം നിരവധി ചരിത്രസംഭവങ്ങൾക്ക് വംശം സാക്ഷിയായി. കേവലം ഒര

നുഷ്ഠാന പദവി മാത്രമാണ് പിന്നീട് വള്ളുവനാട്ട് രാജാക്കൻമാർക്കുണ്ടായിരുന്നത്. തെക്കൻവള്ളുവനാടിന്റെ തുടർച്ചയാണ് തങ്ങളെന്ന് വള്ളുവക്കോനാതിരി കേരള വർമ്മ പറയുന്നു. അദ്ദേഹവുമായി എൻ.എം.നമ്പൂതിരി നടത്തിയ ആശയവിനിമയങ്ങളിലൂടെ കൂടുതൽ കാര്യങ്ങൾ വ്യക്തമാകുന്നുണ്ട്. തിരുനെൽവേലിയായിരുന്നു തെക്കൻ വള്ളുവനാടിന്റെ ആസ്ഥാനം. ശ്രീവള്ളിപുത്തൂരുമായി വംശത്തിനു ബന്ധമുണ്ട്. അങ്ങാടിപ്പുറത്തെ തിരുവള്ളിക്കാടെന്നസ്ഥലം ഇതിനെയാണ് ഓർമ്മിപ്പിക്കുന്നത്. പൊതിയിൽമലയിലെന്നപോലെ പന്തല്ലൂർമലയിലാണ് ഇവരുടെ കുലഭവനമെന്ന് കരുതുന്നു. തിരുനെൽവേലിയിൽ നിന്നുവന്ന മാന്നാർമലരാജവംശം മണ്ണാർമല വംശമായി മഞ്ചേരി ശാഖയായി നിലനിൽക്കുന്നു. ഇവരുടെ വകയാണ് തിരുമാന്ധാംകുന്ന് ക്ഷേത്രത്തിന്റെ സ്ഥലം. ആയിരത്താണ്ടുകൾക്കപ്പുറത്ത് ആദിവള്ളുവനാട്ടിലേക്കും നാഞ്ചിൽ വള്ളുവനാട്ടിലേക്കും പൊതിയിൽമല ആയ്‌വംശത്തിലേക്കും കടന്നുചെല്ലുന്ന ഓർമ്മകളാണിത് (എൻ. എം. നമ്പൂതിരി 2008: 461).

### 1.6.3. പല്ലവരാജവംശബന്ധം

പല്ലവരാജവംശത്തിന്റെ തുടർച്ചയാണ് വള്ളുവനാടെന്ന് ചില പണ്ഡിതൻമാർ നിരീക്ഷിച്ചിട്ടുണ്ട്. വള്ളുവനാടിന് (സംസ്കൃതത്തിലെ വല്ലഭക്ഷോണി) രണ്ടാംചേര സാമ്രാജ്യത്തോളം പഴക്കമുള്ള ഒരു ചരിത്രമുണ്ടെന്ന് എ. ശ്രീധരമേനോൻ പറയുന്നു. എ.ഡി.പത്താം ശതകത്തിൽ ജീവിച്ചിരുന്ന ഒരു രാജശേഖരൻ സ്ഥാപിച്ചതാണ് വള്ളുവനാട് എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു (1997: 199).

വല്ലഭന്മാരുടെ നാടാണ് വള്ളുവനാട്. നാടിന്റെ സ്ഥാപകൻ ചാലൂക്യവംശത്തിലെ ഒരു ഭരണാധികാരിയായിരുന്നു എന്നുംവരാം. ജൂതശാസനത്തിലും വീരരാഘവപട്ടയ[4]ത്തിലും വള്ളുവനാട് സാക്ഷിയാണ്. ക്രി.969-ലെ തിരുവൊറ്റിയൂർ ശാസനത്തിൽ ശാസനദാതാവ് വല്ലഭന്റെ പിതാവ് വള്ളുവനാട്ടു രാജാവായ രാജ

[4] മണിഗ്രാമത്തിലെ ചാത്തൻ വടുകൻ, ഇരവി ചാത്തൻ എന്നീ ക്രിസ്ത്യൻ കച്ചവടക്കാർക്ക് അവകാശങ്ങൾ നൽകിയ രേഖയാണ് വീരരാഘവ പട്ടയം.

ശേഖരനാണെന്ന് പറയുന്നു. തിരുവാറ്റുവായ് നാടുവാഴികളെപ്പോലെ വള്ളുവക്കോനാതിരിമാരും രായിരന്മാരായിരുന്നോ എന്നും സംശയമുണ്ട്.

### 1.6.4. വള്ളുവനാടും നെടുങ്ങനാടും

നാട്ടുരാജ്യങ്ങളുടെ വെട്ടിപ്പിടിക്കലിന്റെയും പടയോട്ടങ്ങളുടേയും ചരിത്രം പരിശോധിച്ചാൽ പല നാട്ടുരാജ്യങ്ങൾക്കുമുള്ള പരസ്പരബന്ധം മനസിലാകും. മഹോദയപുരത്തെ ചേരപ്പെരുമാക്കൻമാരുടെ ഭരണകാലമാവുമ്പോഴേക്കും (ഏ.ഡി. 9 മുതൽ 12 വരെയുള്ള നൂറ്റാണ്ടുകൾ) വള്ളുവനാട്, ഏറനാട് എന്നിവക്കൊപ്പം കേരളത്തിലുണ്ടായിരുന്ന പതിനേഴ് നാടുകളിൽ ഒന്നായിരുന്നു നെടുങ്ങനാട്. ഇതിന്റെ തലസ്ഥാനം ചെമ്പുലങ്ങാടായിരുന്നു. കല്ലടിക്കോടൻ മലനിരകൾ തൊട്ട് തൂതപ്പുഴയും ഭാരതപ്പുഴയും കൂടിച്ചേരുന്ന കൂട്ടക്കടവുവരെ നെടുങ്ങനാട് കീഴ്ത്തല എന്നും അതിനു പടിഞ്ഞാട്ട് പുറങ്ങ്, മാറഞ്ചേരി, ചാലിശ്ശേരി വരെ മേത്തല എന്നും പറഞ്ഞു വന്നിരുന്നു. കൊടിക്കുന്ന് ഭഗവതിയാണ് പരദേവത. പ്രാചീന കാലത്ത് നെടുങ്ങനാട് മുഴുവൻ കൊടിക്കുന്ന് തട്ടകമായിരുന്നതുകൊണ്ടാണ് കൂട്ടക്കടവിനു പടിഞ്ഞാട്ട് കുമ്പിടിയിലും മറ്റും കൊടിക്കുന്നിലമ്മയ്ക്ക് ഗുരുതി കഴിച്ചു വരുന്നത്.

ചേരഭരണകാലത്തിനുശേഷം സ്വതന്ത്രനായിത്തീർന്ന നെടുങ്ങേതിരിപ്പാട് സ്വതവേ ദുർബലനായ ഭരണാധികാരിയായിരുന്നു. ഇക്കാലത്ത് വള്ളുവക്കോനാതിരി നെടുങ്ങനാടിന്റെ ചില ഭാഗങ്ങൾ കയ്യടക്കി. നെടുങ്ങനാടിന്റെ കല്ലടിക്കോടൻ പ്രദേശവും വടക്കേ മുത്തശ്ശിയാർകാവു തട്ടകവും തിരുവേഗപ്പുറയും കോങ്ങാടും കടമ്പഴിപുറവും കൈക്കലാക്കി. ഏ.ഡി. പതിനാലാം നൂറ്റാണ്ടോടെ കവളപ്പാറ, തൃക്കടീരി, വീട്ടിക്കാട്, വട്ടക്കാവിൽ, പെരുമ്പടനായന്മാരെല്ലാം ശക്തരായി നെടുങ്ങനാടിന്റെ ഭരണകേന്ദ്രത്തിലേക്കു വന്നു. ഇവരെ ഒതുക്കാൻ നെടുങ്ങേതിരിപ്പാട് പെരുമ്പടപ്പിന്റെ സഹായം അഭ്യർത്ഥിച്ചു. സാമൂതിരി നെടുങ്ങനാട്ടി

ലൂടെ കൊട്ടിച്ചെഴുന്നെള്ളത്ത് നടത്തി. എന്നാൽ സാമൂതിരി പിന്നീട് തിരിച്ചുപോയില്ല.

ഹൈദരുടെയും ടിപ്പുവിന്റെയും പടയോട്ടങ്ങളെത്തുടർന്ന് ഏ.ഡി. 1792-ൽ ബ്രിട്ടീഷുകാരുമായി നെടുങ്ങനാടിനുവേണ്ടി സാമൂതിരി ഉടമ്പടി ഒപ്പുവെച്ചു. പിന്നീട് ബ്രിട്ടീഷുകാർ ചെർപ്പുളശ്ശേരി കേന്ദ്രമാക്കി നെടുങ്ങനാട് താലൂക്ക് രൂപീകരിച്ചു. ഏ.ഡി. 1860-ൽ നെടുങ്ങനാട് എന്ന പ്രയോഗം ചരിത്രത്തിൽ നിന്ന് എന്നെന്നേക്കുമായി ഇല്ലാതായി (എസ്. രാജേന്ദു 2012:3).

**1.6.5. വള്ളുവനാടും സാമൂതിരിയും**

13-ാം ശതകത്തിന്റെ ഉത്തരാർദ്ധത്തിലാണ് സാമൂതിരി തിരുനാവായ പിടിച്ചടക്കുന്നത്. അതുവരെ വള്ളുവക്കോനാതിരിയായിരുന്നു മാമാങ്കത്തിന്റെ അധ്യക്ഷൻ. ഒരിക്കൽ കോഴിക്കോട്ട്കോയ മാമാങ്കം കണ്ടുവന്ന് സാമൂതിരിയെ മുഖം കാണിക്കുകയും മാമാങ്ക വിശേഷങ്ങൾ മുഴുവൻ പറയുകയും ചെയ്തു. അതെല്ലാം നെടിയിരുപ്പിൽ വന്നുചേരേണ്ടതാണെന്നും കോയ കൂട്ടിച്ചേർത്തു. അതിനു തന്നാൽ നിവൃത്തിയില്ലെന്ന് സാമൂതിരി പറഞ്ഞപ്പോൾ അടിയൻ പിടിച്ചടക്കിത്തരാമെന്ന് കോയ സാമൂതിരിയോടു പറഞ്ഞു. അങ്ങനെയാണെങ്കിൽ കോയയെ തന്റെ വലത്തു ഭാഗത്തു നിർത്തുമെന്നു സാമൂതിരി ഉറപ്പുകൊടുത്തു. അങ്ങനെ കോയയുടെ സഹായത്തോടെ സാമൂതിരി തിരുനാവായ പിടിച്ചടക്കി. അങ്ങനെയാണ് മാമാങ്കത്തിന്റെ രക്ഷാപുരുഷസ്ഥാനം സാമൂതിരിക്ക് ലഭിച്ചത്. നിലപാടുനിൽക്കുമ്പോൾ കോയയെ വലതു ഭാഗത്ത് നിർത്തി സാമൂതിരി വാക്കുപാലിക്കുകയും ചെയ്തു എന്ന് ഗുണ്ടർട്ട് കേരളോൽപ്പത്തിയിൽ വിവരിക്കുന്നു (1992: 200-201). ഏ.ഡി.14-ാം ശതകത്തോടെ സാമൂതിരി നെടുങ്ങനാട് കീഴടക്കി. പെരുമ്പടപ്പ് സ്വരൂപത്തിന്റെയും വള്ളുവക്കോനാതിരിയുടെയും പൊതുശത്രു സാമൂതിരി ആയിരുന്നു. വള്ളുവക്കോനാതിരി ഈ സമയത്ത് സാമൂതിരിയെ നേരിടാൻ പെരുമ്പടപ്പിന്റെ സഹായം അഭ്യർത്ഥിക്കുന്നുണ്ട്.

'ഇനി ശത്രു ആക്രമിക്കുമ്പോൾ വേണ്ടുന്ന സഹായങ്ങൾക്ക് പെരുമ്പടപ്പ് സ്വരൂപത്തിലെ സ്ഥലമായ ചാത്തമംഗലത്ത് ഒരു കോവിലകവും അവിടുത്തെ ചില വിനായി വള്ളുവനാട്ടിലെ ഏതാനും ഉഭയവും തരാമെന്നും പറയുന്നു. പാട്ടത്തിൽ ഒന്നിന് കാവൽപലവും തരാം. അങ്ങാടിപ്പുറത്ത് ആറാംപൂരം നടത്താനുള്ള അവകാശവും പെരുമ്പടപ്പിലേക്ക് നൽകുന്നു' (എസ്. രാജേന്ദു 2012: 24).

എന്നാൽ സാമൂതിരി ആദ്യം നെടുങ്ങനാട് കീഴടക്കി. പിന്നീട് വള്ളുവനാടിനെ ആക്രമിച്ചു. ഏ.ഡി.1120 മുതൽ 14-ാം നൂറ്റാണ്ട് വരെയായിരുന്നു വള്ളുവക്കോനാതിരിക്ക് മാമാങ്കസ്ഥാനം ലഭിച്ചിരുന്നത്. കൊല്ലം 820 നടുത്താണ് സാമൂതിരി പന്തല്ലൂരിൽകടന്നു യുദ്ധമുണ്ടാകുന്നത്. എന്നാൽ വള്ളുവക്കോനാതിരിക്ക് അതിനു മുമ്പുതന്നെ മാമാങ്കസ്ഥാനം നഷ്ടപ്പെട്ടിരുന്നു. ഏ. ഡി. 1766 വരെ ഇന്നത്തെ പെരിന്തൽമണ്ണ താലൂക്കിലെ ഏതാനും ദേശങ്ങളിൽ ഒതുങ്ങിക്കഴിയുകയായിരുന്നു വള്ളുവക്കോനാതിരി. പന്തല്ലൂരും മലപ്പുറവും കല്ലടിക്കോടും സാമൂതിരിയുടെ കൈവശമായി. പിന്നീട് ഹൈദരുടെ ആക്രമണത്തിൽ സാമൂതിരി ഭരണവും അവസാനിച്ചു.

14-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മാമാങ്കാധ്യക്ഷൻ എന്ന പദവി വള്ളുവക്കോനാതിരിമാർ സ്ഥിരമാക്കിയെടുത്തുവെന്ന് കെ. ശിവശങ്കരൻനായർ നിരീക്ഷിക്കുന്നു. തിരുനാവായ വള്ളുവനാട്ടിലായതുകൊണ്ടാകാം അവർക്ക് അതിനു സാധിച്ചത്. അതായിരിക്കാം തിരുനാവായ പിടിച്ചടക്കാൻ സമൂതിരിയെ പ്രേരിപ്പിച്ചതും. പന്നിയൂർ, ചോകിരം ചേരിപ്പോരുകൾ അങ്ങനെയാണെന്നും അദ്ദേഹം പറയുന്നു (1998: 234).

പതിനാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ദക്ഷിണേന്ത്യയിൽ മുസ്ലീം സുൽത്താന്മാരുടെ ഭരണം സ്ഥാപിതമായതുമുതൽ അവർ കേരളത്തിൽ വാണിജ്യകുത്തക നേടാൻ ശ്രമിച്ചിരുന്നു. കരുത്തനായ സാമൂതിരിയെ പെരുമാളാക്കി വാഴിക്കുകയാണ് അതിനുള്ള ഉപായമെന്ന് അവർ കരുതി. എന്നാൽ തിരുനാവായയും

പന്നിയൂർ ചോകിരം ഗ്രാമങ്ങളും വള്ളുവനാട്ടിലാകയാൽ സ്വാഭാവികമായും മാമാങ്കാധ്യക്ഷൻ വള്ളുവക്കോനാതിരിതന്നെയായിരുന്നു. വാണിജ്യം വിപുലീകരിക്കാൻ മാമാങ്കാധ്യക്ഷനായി സാമൂതിരിയെ മാറ്റേണ്ടത് അവരുടെ ആവശ്യമായി. അതു കൊണ്ടാണ് മാമാങ്കാധ്യക്ഷസ്ഥാനം വള്ളുവക്കോനാതിരിയിൽ നിന്നും കൈവശ പ്പെടുത്താൻ അവർ സാമൂതിരിയെ സഹായിച്ചത് എന്നും കെ. ശിവശങ്കരൻ നായർ കൂട്ടിച്ചേർക്കുന്നു (1998: 238).

### 1.6.6. ആറങ്ങോട്ടുസ്വരൂപം

ആറ്റിനക്കരെയുള്ള നാട് എന്ന അർത്ഥത്തിൽ ആറങ്ങോട്ടു സ്വരൂപമെന്നും വള്ളുവനാടിനെ പറയുന്നു. മാമാങ്കം നടന്നുപോന്ന തിരുനാവായ, കേരളബ്രാഹ്മ ണരെ പ്രതിനിധീകരിച്ച പന്നിയൂർ ചോകിരം ഗ്രാമങ്ങൾ എന്നിവ വള്ളുവനാട്ടിലാ യിരുന്നു. വള്ളുവപ്പിള്ളി (അങ്ങാടിപ്പുറം)യായിരുന്നു ആദ്യകാല തലസ്ഥാനം. സാമൂതിരിയിൽ നിന്നുണ്ടായ സമ്മർദ്ദം മൂലമാകാം അത് പിന്നീട് തിരുമാന്ധാം കുന്നിലേക്ക് മാറ്റിയത്. തിരുമാന്ധാംകുന്ന് ദേവിയാണ് വള്ളുവക്കോനാതിരിമാ രുടെ കുലദൈവം. കൊറ്റവൈ[5]യുടെ പ്രതിരൂപമായ തിരുമാന്ധാംകുന്ന് ദേവി വള്ളുവന്മാർക്കുണ്ടായിരുന്ന ചേരബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. ഇങ്ങനെ വ്യത്യസ്തമായ നിരവധി അഭിപ്രായങ്ങൾ വള്ളുവനാട് എന്ന ദേശമായും അവി ടത്തെ രാജഭരണവുമായുമൊക്കെ നിലനിൽക്കുന്നുണ്ട്. ഇവയിൽ ചില വാദങ്ങൾ യുക്തി ഭദ്രമാണ്. എന്നാൽ ചില വാദങ്ങളിൽ യുക്തിക്ക് നിരക്കാത്ത കാര്യങ്ങളും കാണാം. ഇത്തരത്തിൽ വള്ളുവനാടിന്റെ രാജചരിത്രത്തെക്കുറിച്ചുള്ള വ്യത്യസ്ത അഭിപ്രായങ്ങളാണ് ഇവിടെ പ്രതിപാദിച്ചത്.

[5] സംഘകാലത്തെ യുദ്ധദേവതയായിരുന്നു കൊറ്റവൈ.

### 1.7. കീഴാള-കാർഷിക-ഉത്സവ ദേശങ്ങൾ

വള്ളുവനാടിന് വ്യക്തമായ കാർഷിക-കീഴാള ബന്ധമുണ്ട്. ഇതിനെയെല്ലാം അപ്രസക്തമാക്കികൊണ്ടാണ് മേലാള ന്യൂനപക്ഷം ദേശത്തിന്റെ രക്ഷാകർത്തൃത്വം ഏറ്റെടുക്കുന്നത്. വയലുകളും വയൽപ്പാട്ടുകളുമുള്ള നാടാണ് വള്ളുവനാട്. കീഴാള -കർഷക തൊഴിലാളികളുടെ മണ്ണാണത്. എന്നാൽ പതിവുപോലെ മുഖ്യധാരയിൽ നിന്നും അവർ മാറ്റിനിർത്തപ്പെടുന്നു. വള്ളുവനാടിന്റെ കീഴാള-കാർഷിക ബന്ധ ങ്ങൾ ഗൗരവമായ പഠനം അർഹിക്കുന്നതാണ്. അതുപോലെ കാർഷിക സംസ്കൃ തിയുമായി ബന്ധപ്പെട്ട നിരവധി ഉത്സവങ്ങളും വള്ളുവനാട്ടിലുണ്ട്. ഇവയെ മാറ്റി നിർത്തിക്കൊണ്ടുള്ള വള്ളുവനാടിന്റെ ദേശപഠനം പൂർണ്ണമാവില്ല.

#### 1.7.1. കുടിയേറ്റം - കാർഷികബന്ധങ്ങൾ

തെക്കുനിന്ന് മലബാറിലേക്കുള്ള കുടിയേറ്റത്തിന് കാർഷികവൃത്തിയുമാ യുള്ള ദൃഢബന്ധം ശ്രദ്ധിക്കേണ്ടതുണ്ട്. നാഞ്ചിനാട് കേരളത്തിലെ മുഖ്യനെല്ലറയാ ണ്. അവിടെയാണ് വെള്ളാളർ, വള്ളുവർ വിഭാഗം വ്യാപിച്ചത്. കൃഷിവിദഗ്ദ്ധരായി രുന്നു ഇക്കൂട്ടർ. അതുതന്നെയാവും ഭാരതപ്പുഴയുടെ തെക്കേക്കരയിലും വടക്കേക്ക രയിലുമുള്ള സമൃദ്ധമായ പാടശേഖരങ്ങളിലേക്ക് ആയ്-വെള്ളാള വിഭാഗങ്ങളെ നയിച്ചത്.

ഒൻപത്, പത്ത് നൂറ്റാണ്ടുകാലത്തെ ബ്രാഹ്മണേതര ഗ്രാമങ്ങളുടെ ലഘു സൂചനകളിൽ വെള്ളാളർ വിഭാഗത്തെ പരാമർശിക്കുന്നുണ്ട്. ക്രി. 849ലെ തരിസാ പ്പള്ളി രേഖ[6]യിൽ അടിസ്ഥാന മാത്രയുടെ പുറമെ വെള്ളാളർ എന്നൊരു വിഭാ ഗത്തെ കാണാം. സമകാലിക ദക്ഷിണേന്ത്യൻ പശ്ചാത്തലത്തിൽ വെള്ളാളർ കൃഷി ക്കാരാണ്. അവരിൽ ഭൂവുടമകളുമുണ്ട്. കൃഷിപ്പണിക്കാരുമുണ്ട്. അതേ രീതി

[6] കേരളചക്രവർത്തിയായിരുന്ന സ്ഥാണു രവിവർമ്മയുടെ അഞ്ചാം ഭരണവർഷമായ ക്രി.വ.849 ലേതാണ് ഈ ശാസനം. വേണാട്ടുരാജാവായിരുന്ന അയ്യനടികൾ മാർ സബീർ ഇശോയ്ക്ക് കൊല്ലത്ത് പള്ളി പണിയാൻ ഭൂമിയും മറ്റു ചില അധികാരാവകാ ശങ്ങളും നൽകുന്ന രേഖയാണിത്. കോട്ടയത്ത് വലിയപള്ളിയിലിരിക്കുന്ന ഈ പട്ടയ ത്തിന് കോട്ടയം ചെപ്പേട് എന്നും പറയുന്നു.

യിൽത്തന്നെയാവണം ദേശകാല ഭേദങ്ങളോടെ കേരളത്തിലും വെള്ളാള വിഭാഗം നിലവിലിരുന്നത്. തരിസാപ്പള്ളിയിലെ വെള്ളാളർ ഭൂവുടമകളല്ല. അവർ അവിടത്തെ ആളടിയാരടക്കമുള്ള ഭൂമിക്ക് കാരാളരാണെന്ന് നേരിട്ട് വിശദീകരിച്ചിട്ടുണ്ട് (രാഘവ വാര്യർ, രാജൻ ഗുരുക്കൾ 1992: 114-115). ഇവരുടെ നിരീക്ഷണത്തിലും തെളിയുന്ന കാര്യം വെള്ളാളർ കൃഷിക്കാരായിരുന്നു എന്നു തന്നെയാണ്. കൃഷിയുമായും കാർഷിക ജീവിതവുമായും ദൃഢബന്ധമുള്ള ജനവിഭാഗമായിരുന്നു ഇവർ എന്ന് ഇതിൽ നിന്നും വ്യക്തമാണ്. മാത്രമല്ല ഇന്ന് വള്ളുവനാടിന്റെ ഒരു പ്രധാനഭാഗമായി കാണുന്ന നദിയാണ് ഭാരതപ്പുഴ. കുടിയേറ്റവുമായി ബന്ധപ്പെട്ട് വേറെയും ചില നിരീക്ഷണങ്ങളുണ്ട്.

കന്യാകുമാരി ജില്ലയുടെ തെക്കേയറ്റം ഉൾപ്പെട്ട തോവാള, അഗസ്തീശ്വരം എന്നീ താലൂക്കുകളെയാണ് നാഞ്ചിനാട് എന്നു പറയുന്നത്. സംഘകാലത്ത് നാഞ്ചിൽ വള്ളുവന്റെ ഭരണത്തിലിരുന്നതുകൊണ്ടാണ് ആ പേര് ലഭിച്ചത്. ആയ് വേളുകളുടെ നാടായ വള്ളുവനാട്ടിലൂടെ (കൽക്കുളം താലൂക്ക്) ഒഴുകിയ നദിയാണ് പറളിയാർ. ആയ്വേളുകളും നാഞ്ചിൽ വള്ളുവൻമാരും പാണ്ഡ്യൻമാരുടെ സാമന്തന്മാരായിരുന്നതുകൊണ്ട് ഇരുകൂട്ടരും ശത്രുക്കളില്ലാതെ കഴിഞ്ഞു. ചോളപ്രതാപ കാലത്ത് കാവേരി തടത്തിൽ നിന്ന് കർഷകരായ വെള്ളാളൻമാർ-ചോളന്മാർ വെള്ളാളൻമാരായിരുന്നല്ലോ-ധാരാളമായി നാഞ്ചിനാട്ടിൽ കുടിയേറി. അവരുടെ കൂട്ടായ്മ ക്രമേണ നാഞ്ചിൽ വള്ളുവന്മാരിൽനിന്നും സ്വതന്ത്രമായി. നെൽകൃഷി ഒട്ടും പുരോഗമിച്ചിട്ടില്ലായിരുന്ന ആയ്നാട്ടിൽ നാഞ്ചിനാട്ടിലെ അധികനെല്ല് ഒഴിച്ചുകൂടാനാകാത്തതായിരുന്നു. ആയ്വേളുകളുടെ കൂട്ടായ്മയായിരുന്ന വേണാട് നാഞ്ചിനാട്ടിൽകോയ്മ പുലർത്തുകയും തന്മൂലം വേണാടർ എപ്പോഴും പാണ്ഡ്യരോട് വിധേയത്തമുള്ളവരായിരിക്കുകയും ചെയ്തു.

ആയ്-വെള്ളാള വിഭാഗങ്ങളുടെ ഈ കുടിയേറ്റം വ്യക്തമാക്കുന്ന ഒരു കാര്യം അവരുടെ പ്രധാന തൊഴിൽ കൃഷിയായിരുന്നു എന്നതാണ്. ഇന്നും വള്ളു

വനാടൻ പ്രദേശങ്ങളിൽ വയലുകൾ ധാരാളമുണ്ട്. കേരളത്തിൽ ഇന്ന് നെൽകൃഷി ധാരാളമായി നടക്കുന്ന പ്രദേശങ്ങളിൽ ചിലത് വള്ളുവനാട്ടിലാണുള്ളത്.

### 1.7.2. കീഴാളചരിത്രം

ഏതുനാടിനുമെന്നപോലെ വള്ളുവനാടിനും സമാന്തരമായൊരു കീഴാളചരിത്രമുണ്ടെന്ന് കാണാം. ഇന്നത്തെ പെരിന്തൽമണ്ണ, ഒറ്റപ്പാലം താലൂക്കുകളും പൊന്നാനി, തിരൂർ, ഏറനാട് താലൂക്കുകളുടെ ഏതാനും ഭാഗങ്ങളും ചേർന്ന ഭൂവിഭാഗമായിരുന്നു വള്ളുവനാട്. ദക്ഷിണകേരളത്തിൽ വള്ളുവനാട് എന്ന പ്രദേശമുണ്ടായിരുന്നു. എന്നാൽ ഏ. ഡി. പത്താം ശതകത്തോടുകൂടി ഈ വള്ളുവനാട് ഇല്ലാതാകുകയും മലബാറിൽ മറ്റൊരു വള്ളുവനാട് രൂപം കൊള്ളുകയും ചെയ്തു. 'ദക്ഷിണകേരളത്തിലെ വള്ളുവനാട് ഏ.ഡി.പത്താംശതകത്തോടുകൂടി ചരിത്രത്തിന്റെ താളുകളിൽ നിന്ന് മറഞ്ഞു പോകുന്നുണ്ട്. അക്കാലത്ത് അതേപേരിൽ മലബാറിൽ മറ്റൊരു വള്ളുവനാട് പ്രശസ്തിയിലേക്കുയർന്നുകൊണ്ടിരുന്നു' (ടി.എച്ച്.പി. ചെന്താരശ്ശേരി 1970: 94).

'ചേരസാമ്രാജ്യത്തിലെ ഒരു സാമന്തരാജ്യമായിരുന്നു ദക്ഷിണകേരളത്തിലെ വള്ളുവനാട്. വള്ളുവനാടിന്റെ തലസ്ഥാനം വള്ളുവപ്പിള്ളിയായിരുന്നു. ചോളന്മാർ ഏ. ഡി. 1090 -ൽ ചേരരാജ്യം ആക്രമിച്ചപ്പോൾ വള്ളുവനാടും ആക്രമണവിധേയമാവുകയും അവിടത്തെ ആദിമ ദ്രാവിഡരുടെ വാഴ്ച അവസാനിക്കുകയും ചെയ്തു. വള്ളുവനാട്ടിലെ ചെറുമർ, കുറുമ്പർ മുതലായവരെ ചില ആക്രമണകാരികൾ പരാജയപ്പെടുത്തി ഓടിച്ചിട്ട് നാടുകൈവശപ്പെടുത്തിയെന്ന് മലബാർ മാന്വലിൽ വില്യം ലോഗൻ അഭിപ്രായപ്പെടുന്നുണ്ട്. ആദ്യകാലത്തെ ബ്രാഹ്മണരിലും കലർപ്പുകളുണ്ടായിരുന്നു' (ഡാർവിൻ 2010:14).

കേരളത്തിൽ ചാതുർവർണ്ണ്യത്തിന്റെ പ്രചാരണത്തിനു നായകത്വം വഹിച്ചിരുന്ന മാമൂലനാർ താഴ്ന്നവർഗ്ഗത്തിൽ നിന്നും ഉയർന്നുവന്ന ആളായിരിക്കാം. ചാതുർവർണ്ണ്യത്തിന്റെ പ്രചാരകരായി മാറുന്നത് പലപ്പോഴും പല്ലവരാജാക്കൻമാ

രെപ്പോലെ താഴ്ന്നവർഗ്ഗത്തിൽ നിന്നും ക്ലാസ്സ് കയറ്റം കിട്ടിയവരാണ്. ബ്രാഹ്മണർ എന്നുപറഞ്ഞാൽ വിദ്യാസമ്പന്നർ എന്ന അർത്ഥമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ കവികളെയെല്ലാം ബ്രാഹ്മണരാക്കുവാൻ മറയോർ തയ്യാറാവുകയും ചെയ്തിരുന്നു. പല കവികളും അത് സ്വീകരിക്കുകയും ചെയ്തിരിക്കാം. ബ്രാഹ്മണരിലെ ഈ കലർപ്പിനെ ആധാരമാക്കിയായിരിക്കാം ബ്രാഹ്മണബന്ധു എന്നും മറ്റും പറയുന്നത്.

'ബ്രാഹ്മണരിലെ കലർപ്പിന്റെ കഥയിലെ മുക്കുവരെ അവരുടെ പൂണൂലിന്റെ നൂൽമുറിച്ച് കഴുത്തിലിട്ട് ബ്രാഹ്മണരാക്കിയതിനേക്കൾ വലിയ വ്യത്യാസമില്ലാത്ത താണ് തെക്കൻ തിരുവിതാംകൂറിലെ ഏറെ പ്രസിദ്ധമായ വള്ളുവന്മാരുടെ കഥ. ആദ്യം ഇവരെ ബ്രാഹ്മണരാക്കുകയും പിന്നീട് ക്ഷത്രിയരാക്കുകയുമാണ് ചെയ്ത ത്. പറയവർഗ്ഗത്തിൽപെട്ട വള്ളുവൻമാരുടെ സ്ഥിതി നാഞ്ചിൽ വള്ളുവന്റെയും തിരുവള്ളുവരുടെയും ചരിത്രത്തിൽ നിന്ന് മനസ്സിലാക്കാം' (ഡാർവിൻ 2010: 14).

ക്രിസ്തുവിന് പിമ്പ് 500 നടുത്ത് നാഞ്ചിനാടിന്റെ വടക്കുഭാഗം വാണിരുന്ന വള്ളുവരാജാവിനെ പ്രകീർത്തിച്ച് ഔവ്വയാരും മറ്റും പാടിയ പാട്ടുകൾ പുറനാനൂറി ലുണ്ട്. ഇരണിയൽ, കൽക്കുളം പ്രദേശങ്ങൾക്ക് വള്ളുവനാടെന്ന് പേര് വരാൻ കാരണം ഇവിടം വള്ളുവരാജാക്കൻമാർ ഭരിച്ചിരുന്നതുകൊണ്ടാണ്. അതുപോലെ ഇളങ്കോ അടികൾക്കും കമ്പർക്കുമൊപ്പം ഇരിക്കാനവകാശമുള്ള സംഘസാഹിത്യ ത്തിലെ മറ്റൊരു കവി വള്ളുവർ മാത്രമാണ്. നാഞ്ചിൽ വള്ളുവൻമാരുടെ പിൻഗാമി കളായ വള്ളുവനാട്ടാഴ്വാൻമാരെപ്പറ്റി പാർത്ഥിവപുരം ക്ഷേത്രത്തിൽ തന്നെയുള്ള ഒരു ശാസനത്തിലും (T A S III പുറം 55) കരിപ്പുകോട്ടയിലെ കൈലാസനാഥ ക്ഷേത്രത്തിലെ ഒരു രേഖയിലും (T A S VI പുറം 182) പറയുന്നുണ്ട്. രണ്ടാമത്തേത് 1162 ൽ സ്ഥാപിച്ചതാണ്. വള്ളുവനാട്ടാഴ്വാന്മാരെ അക്കാലത്ത് കാരിത്തുറ കുടും ബക്കാരായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വള്ളുവനാടിന് ഗംഗൈകൊണ്ടചോഴ വള്ളുവനാട് എന്നും പേരുണ്ടായിരുന്നു. കാരിത്തുറ കുടുംബക്കാർ ഒരു കാലത്ത് രാജപദവിയിൽ ഇരുന്നതായി മനസ്സിലാക്കണം. കൊളച്ചലിലും പുതുഗ്രാമത്തിന

ടുത്ത് കരിപ്പുകോട്ടയിലും (നാഗർകോവിലിൽ നിന്നു മൂന്നുമൈൽ അകലെ) പണ്ട് ഇവർക്ക് കോവിലകങ്ങൾ ഉണ്ടായിരുന്നുവെന്നും ജെ. ഡാർവിൻ നിരീക്ഷിക്കുന്നു (2010: 15).

വള്ളുവനാടിന്റെ ഈയൊരു കീഴാളബന്ധത്തിന് ചരിത്രമെഴുത്തുകളിലൊന്നും വേണ്ടത്ര പ്രാധാന്യം ലഭിച്ചു കാണുന്നില്ല. ചരിത്ര നിർമ്മിതിയിലെ ഇത്തരം തമസ്ക്കരണങ്ങൾ ഒരുപാട് അറിവുകളെയും സംസ്കാരത്തിന്റെ രൂപപ്പെടലിനെയുമെല്ലാം ദോഷകരമായി ബാധിക്കുമെന്നതിന് തെളിവാണ് ചരിത്രപ്രാധാന്യം ലഭിക്കാതെപോയ വള്ളുവനാടിന്റെ ഈ കീഴാളബന്ധം. ഇത്തരം ചരിത്രാംശങ്ങൾകൂടി അടയാളപ്പെടുത്തിയാലേ നീതീകരിക്കപ്പെടാവുന്ന ചരിത്രമെഴുത്തുകൾ ഉണ്ടാകൂ.

വള്ളുവനാടിന്റെ കീഴാളസ്വത്വം വേണ്ടത്ര പഠിക്കപ്പെട്ടിട്ടില്ല. കീഴാളർക്ക് പ്രാധാന്യമുണ്ടായിരുന്ന, അവർക്ക് അധികാരവും അവകാശവുമുണ്ടായിരുന്ന ഒരു ദേശമായിരുന്നു വള്ളുവനാട്. എന്നാൽ ഒരു കാലത്ത് അവരുടേതായിരുന്ന രാജ്യവും അവർക്ക് നഷ്ടപ്പെടുകയാണുണ്ടായത്. അടിച്ചമർത്തപ്പെട്ടവരുടെ ദേശസ്മൃതികൾ വള്ളുവനാടിന്റെ മണ്ണിൽ ഇന്നുമുണ്ട്.

**1.7.3. വള്ളുവനാടിന്റെ ജീവലോകം**

വള്ളുവനാടിന്റെ വേറെയൊരു ചിത്രമാണ് വള്ളുവനാട്ടിലെ നാടൻപാട്ടുകളിലൂടെ തെളിയുന്നത്. നാടോടി വാങ്മയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട വിഭാഗമാണ് നാടൻപാട്ടുകൾ. ഒരു നാടിന്റെ കാർഷിക സംസ്കാരവും വിശ്വാസവും അനുഷ്ഠാനവും ജീവിതവുമെല്ലാം ഇവയിൽ പ്രതിഫലിക്കുന്നു.

ജനതയുടെ ഹൃദയത്തുടിപ്പുകൾ എന്നുവിശേഷിപ്പിക്കാവുന്ന നാടൻപാട്ടുകളിൽ ഗ്രാമീണജീവിതത്തിന്റെ തെളിമയാർന്ന ദൃശ്യങ്ങൾ കാണാം. വൈയക്തിക വികാരങ്ങളേക്കാൾ സംഘഗതങ്ങളായ വികാരങ്ങൾക്കാണിവിടെ പ്രാധാന്യമെന്ന്

*വള്ളുവനാട്ടിലെ നാടൻപാട്ടുകൾ* എന്ന കൃതിയുടെ അവതാരികയിൽ ഡോ. എ. കെ. നമ്പ്യാർ പറയുന്നു (2003: 9).

ചവിട്ടുകളിപ്പാട്ടുകൾ, ചോഴികളിപ്പാട്ടുകൾ, പാണപ്പാട്ടുകൾ, പറയരുടെ പാട്ടുകൾ, ഐവർകളിപ്പാട്ടുകൾ, പരിചമുട്ടുകളിപ്പാട്ടുകൾ, നന്തുണിപ്പാട്ടുകൾ എന്നിവയെല്ലാമാണ് വള്ളുവനാട്ടിലെ പ്രധാനപാട്ടുകൾ. ഇവയിലൂടെ തെളിയുന്നത് മുഖ്യധാരാചരിത്രമെഴുത്തിന്റെ പരിധികളിൽ അടയാളപ്പെടുത്താതെപോയ ജീവിതത്തിന്റെ നേരുകളാണ്. ചരിത്രത്തിൽ ഇടം ലഭിക്കാതെപോയ കീഴാളവർഗ്ഗത്തിന്റെ ജീവിതമാണ് നാടൻപാട്ടുകളിലൂടെ തെളിയുന്നത്. നാടോടി സാഹിത്യം ഉപയോഗിച്ച് ഒരു ദേശത്തിന്റെ ചരിത്രം അന്വേഷിക്കുന്നത് പൂർണ്ണമായും ശരിയല്ല. എങ്കിലും ഈ പാട്ടുകളിലൂടെ പിറവിയെടുത്ത നാടിനെക്കുറിച്ചും അവിടത്തെ സാമൂഹിക ജീവിതത്തെക്കുറിച്ചുമെല്ലാം അറിയാനും ചരിത്രനിർമ്മിതിയെ നീതീകരിക്കാനും നമുക്ക് കഴിയണം.

പഴയ ബ്രിട്ടീഷ് മലബാറിന്റെ കീഴിലുള്ള ഒറ്റപ്പാലം, പൊന്നാനി, പെരിന്തൽമണ്ണ താലൂക്കുകളിൽ പ്രചാരത്തിലിരുന്നവയാണ് ചവിട്ടുകളി, ചോഴികളിപാട്ടുകൾ. ചവിട്ടുകളിപാട്ടുകളുടെയും ചോഴികളി പാട്ടുകളുടെയും പശ്ചാത്തലം ഭൂമിതന്നെയാണ്.

വള്ളുവനാട്ടിലെ ഭദ്രകാളീക്ഷേത്രങ്ങളിലെ കാളവരവ് സമയത്താണ് കാളകളിപ്പാട്ടുകൾ പാടുന്നത്. കന്നുകാലികളെ ആരാധനയുടെ ഭാഗമായി കാണുകയാണിവിടെ. അധ്വാനവും ആരാധനയും ദൈവികമായൊരിടത്തിൽ കൂടിച്ചേരുന്ന വള്ളുവനാടൻചിത്രമാണ് ഇവിടെ കാണുന്നത്.

"നിങ്ങളോളം ആൾസംഘം ഞങ്ങളുണ്ടെങ്കിൽ
കൊച്ചിരാജാവിന്റെ തല കപ്പലോടിക്ക്യേ" (2003: 58)

എന്നൊരുപാട്ടിലുണ്ട്. അധികാരവ്യവസ്ഥയിലുള്ള അസംതൃപ്തിയും അധികാരത്തെ വെല്ലുവിളിക്കാനുള്ള തന്റേടവുമാണിവിടെ കാണുന്നത്. അധികാരത്തിന്റെ മേലാള കീഴാള ആധിപത്യം, അതിലെ പ്രശ്നങ്ങൾ ഇവയൊന്നും ചരിത്രമെഴുത്തിന്റെ മുഖ്യധാരക്കുള്ളിൽ വരുന്നില്ല. വള്ളുവനാട്ടിലെ കീഴാള വിഭാഗമാണ് ചവിട്ടുകളി അവതരിപ്പിക്കാറുള്ളത്. ആണുങ്ങളും പെണ്ണുങ്ങളും ഒരുമിച്ചും വേറെയായും ഇത് കളിക്കുന്നു. ഈ നാടോടി കലാരൂപത്തിലൂടെ തെളിയുന്നത് ഒരു ജനതയുടെ അധ്വാനത്തിന്റെ കരുത്താണ്. മണ്ണിൽ അധ്വാനിച്ച് ജീവിക്കുന്ന, ആൺ-പെൺ വ്യത്യാസമില്ലാതെ തൊഴിൽ രംഗത്തും വിനോദങ്ങളിലും സാമൂഹ്യബോധത്തോടെ ജീവിച്ച ഒരു ജനതയുടെ ജീവിതം ഇത്തരം പാട്ടുകളിലൂടെ തെളിയുന്നു.

ചോഴികളിയിൽ സ്ഥലവർണ്ണന ഒരു പ്രധാന ഇനമാണ്. ദേശത്തെ തമ്പുരാന്റെ ചോദ്യത്തിനു ചോഴികൾ മറുപടിപറയുന്ന സമയത്ത് തങ്ങൾ പിന്നിട്ടുപോന്ന പറമ്പുകളും പാടങ്ങളും വർണ്ണിക്കുന്നു. മകരക്കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിലൂടെയാണ് ചോഴികളുടെ യാത്ര. കുട്ടാടൻ പാടവും പാമ്പൂരിപ്പാടവും ആരിയൻ പാടവുമെല്ലാം പാട്ടിൽ പ്രമേയമാകുന്നു. വള്ളുവനാടിന്റെ കീഴാളചരിത്രവുമായി ബന്ധപ്പെടുത്തുമ്പോൾ ഈ പാടശേഖരവർണ്ണനയ്ക്ക് ഏറെ പ്രസക്തിയുണ്ട്. 'പ്രാചീന മലയാള ചമ്പൂകൃതികളിൽ വള്ളുവനാടൻ പ്രദേശത്തെ പുഞ്ചനിലങ്ങളെപ്പറ്റി പ്രസ്താവം കാണാം' (രാഘവവാര്യർ, രാജൻ ഗുരുക്കൾ 1992: 200).

വള്ളുവനാടൻ പ്രദേശങ്ങളിലെ കീഴാളവർഗ്ഗക്കാരുടെ വാമൊഴിയാണ് ചവിട്ടുകളിപാട്ടുകളിലും ചോഴികളിപാട്ടുകളിലും ഉപയോഗിച്ചിരിക്കുന്നത്. ഇങ്ങനെ ചരിത്രത്തിൽ ഇടം നേടാതെ പോയ ഇത്തരം ജീവിതങ്ങളിലൂടെ വള്ളുവനാടിന്റെ വേറിട്ടൊരു ചിത്രം വരയ്ക്കാൻ കഴിയും. ഇത്തരം പഠനങ്ങളിലൂടെ ഒരു ജനകീയ ദേശത്തെ നമുക്ക് കണ്ടെടുക്കാൻ സാധിക്കും. ഗോത്രസമൂഹജീവിതവുമായി ബന്ധപ്പെട്ടാണ് ഈ ജനകീയദേശത്തെ കാണേണ്ടത്. ഭരണവുമായി ബന്ധപ്പെട്ട അവബോധത്തോടെ അതിനനുസരിച്ച് ജീവിക്കുമ്പോഴും അതിൽ നിന്നും വ്യത്യ

സ്തമായി അവരുടെ ജാതി, മതം, ആചാരം, അനുഷ്ഠാനം, ജീവിതാനുഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഒരു ബോധരൂപീകരണവും അവരിൽ സംഭവിക്കുന്നുണ്ട്. ഈ പാട്ടുകൾക്കെല്ലാം ജാതി-മതബന്ധമുണ്ട്. അതുകൊണ്ടു തന്നെ ഇവയിൽ അധികവും അനുഷ്ഠാനപരമാണ്. അനുഷ്ഠാനപരമായവ ദൈവികമാണ്. ഇവയുടെയെല്ലാം ആരാധനയും ഒപ്പം വിനോദപരമായ കൂട്ടായ്മയും രൂപീകരിച്ചുകൊണ്ട് സംഘബലത്തോടെ കഴിയുന്ന ഇടമാണ് ഇത്. ഗോത്രസ്മൃതികളുടെ ഊർജ്ജത്തോടെ നല്ലൊരു നാളെയെ ഇവർ സ്വപ്നം കാണുന്നുണ്ട്. ആ സ്വപ്നം അവരുടെ ദേശവും അവിടുത്തെ തൊഴിലും ആരാധനയും ജീവിതവുമൊക്കെയായി ബന്ധപ്പെട്ടതാണ്.

### 1.7.4. ദേശപ്പെരുമയുടെ പൂരക്കാഴ്ച്ചകൾ

വള്ളുവനാടിന്റെ നാടോടി സംസ്കാരത്തിന്റെ ഇടങ്ങളിലാണ് കേരളത്തിൽ ഏറ്റവുമധികം വേല, പൂരങ്ങൾ നടക്കുന്ന നാട്ടുകാവുകളുള്ളത്. കാർഷിക സംസ്കൃതിയുമായി ഈ പൂരങ്ങൾക്കുള്ള ബന്ധം ശ്രദ്ധേയമാണ്. ജാതി-മത-വർഗ വ്യത്യാസമില്ലാതെ ഓരോരുത്തർക്കും തനിക്കൊത്തവണ്ണം പങ്കുചേരുവാൻ ഈ ഉത്സവങ്ങളിൽ ഇടമുണ്ട്.

വള്ളുവനാട് രാജവംശത്തിന്റെ പരദേവതാക്ഷേത്രമാണ് തിരുമാന്ധാംകുന്ന് ക്ഷേത്രം. പതിനൊന്നു ദിവസങ്ങളിലായി ഇവിടെ നടക്കുന്ന പൂരം ഏറെ ശ്രദ്ധേയമാണ്. വള്ളുവനാടൻ താളസംസ്കൃതി കൊട്ടിയിറങ്ങുന്ന മറ്റൊരു പൂരമാണ് മലമൽക്കാവ് പൂരം. ആനച്ചന്തം നിറയുന്ന പൂരങ്ങളിലൊന്നാണ് എളവാതിൽക്കൽ പൂരം. ഇരുപത് ആനകൾ നിരന്ന എളവാതിൽക്കൽപൂരവും അറുപത് ആനകൾ നിരന്ന ആമക്കാവിലെ പൂരവുമെല്ലാം വള്ളുവനാടിന്റെ പൂരപ്പെരുമ വിളിച്ചോതുന്നവയാണ്. വള്ളുവനാടിന്റെ പ്രതാപം വിളിച്ചോതുന്ന മറ്റൊരു പൂരമാണ് ചിനക്കത്തൂർ പൂരം. പൊയ്ക്കുതിരകളും താളമേളങ്ങളും നിറയുന്ന പൂരമാണ് ചിനക്കത്തൂർ പൂരം. കുണ്ടറക്കാവ്, ആമക്കാവ്, കറുകപൂത്തൂർ, ചിറയ്ക്കലമ്പലം, പുതുക്കു

ളങ്ങരക്കാവ്, ചിറവരമ്പത്ത് കാവ്, മുല്ലയാംപറമ്പത്തുകാവ്, വട്ടോളിക്കാവ്, തുടങ്ങി വിശാലമായ പൂരപ്പെരുമയാണ് വള്ളുവനാടിന് അവകാശപ്പെടാനുള്ളത്.

വള്ളുവനാടൻ വേലകളുടെ ജനകീയ മുഖം അടിയാള കർഷക ജനസംസ്കൃതിയുടേതാണ്. കല്ലടത്തൂരിലെ താമിവെളിച്ചപ്പാടിന്റെ മണ്ടകത്തിലാണ് മലവാഴിയാട്ടം[7] നടക്കുന്നത്. അടിയാള ജനതയുടെ കറുത്ത സൗന്ദര്യവും കരുത്തും വിളിച്ചോതുന്നതാണ് ഈ വേലക്കാഴ്ചകൾ.

വള്ളുവനാട്ടിലെ ഒട്ടുമിക്ക കാവുകളും വിശാലമായ വയലുകളുടെ വക്കിലാണ്. മകരക്കൊയ്ത്തുകഴിഞ്ഞാൽ അടുത്ത വിളവിറക്കുന്ന കാലംവരെ കാർഷികോത്സവം തന്നെയാണ്. വള്ളുവനാടൻ പൂരങ്ങളിൽ മഹാക്ഷേത്രങ്ങളേക്കാൾ നാട്ടുകാവുകൾക്ക് പ്രാധാന്യം വന്നതും അതുകൊണ്ടാണ്.

കാർഷിക ജീവിതത്തിന്റെ ശേഷിപ്പുകളാണ് മിക്കപൂരങ്ങൾക്കും വേഷക്കൂട്ടൊരുക്കുന്നത്. ശരീരം മുഴുവൻ വൈക്കോൽ പൊതിഞ്ഞ വൈക്കോൽ പൂതം, മരമുഖം വെച്ച മണ്ണാപ്പൂതങ്ങൾ, കുരുത്തോലക്കിരീടം ചൂടിയ മൂക്കൻ ചാത്തൻമാർ, പാള, വാഴനാര്, കരിമ്പനയോല, കരി എന്നിവകൊണ്ട് മെയ്ക്കാപ്പൊരുക്കിയ കരിങ്കാളികൾ, പാളമുഖം വെച്ച പറപ്പൂതങ്ങൾ തുടങ്ങിയവ വേലയും കാർഷിക സംസ്കൃതിയും തന്മയീഭവിക്കുന്നതിന്റെ ഉദാഹരണമാണ്. കർഷകനും കാളയും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്നതാണ് കാളവരവ്. മുളന്തണ്ടുകളിൽ കെട്ടിയെഴുന്നള്ളിച്ച് കൊണ്ടുവരുന്ന കൂറ്റൻകാളകൾ വള്ളുവനാടൻ പൂരങ്ങളുടെ സുന്ദരമായ കാഴ്ചയാണ്.

വള്ളുവനാട്ടിൽ അമ്പലങ്ങളിലും കാവുകളിലും മാത്രമല്ല ഉത്സവമുള്ളത്. മുസ്ലീം പള്ളികളിലും ജാറങ്ങളിലും ദർഗ്ഗകളിലും നേർച്ച നടക്കാറുണ്ട്. ആനയെഴുന്നള്ളിപ്പും മേളവും വാണിഭവും വരവുകളുമെല്ലാം നേർച്ചക്കുണ്ടാകും. തീർത്തും

7 കല്ലടിക്കോടൻ പുറമല പൊട്ടിപിളർന്ന് അമകലയിൽ നിന്ന് പടകൂട്ടി പുറപ്പെട്ടുപോന്ന മലവാഴിയായ കരിനീലിയുടെ അപദാനങ്ങളാണ് മലവാഴിയാട്ടത്തിന്റെ ഇതിവൃത്തം.

മതേതരമായ ആഘോഷമാണ് ഇത്തരം നേർച്ചകൾ.തൃത്താല നേർച്ചയും  പട്ടാമ്പി നേർച്ചയുമെല്ലാം വള്ളുവനാടൻ നാട്ടുത്സവങ്ങളുടെ പട്ടികയിൽ ഇടം നേടിയ ഉത്സവങ്ങളാണ്.

## 1.8. കൊളോണിയൽ ആധുനികതയും ദേശസ്വത്വവും

കൊളോണിയൽ ആധുനികതയുടെ വരവോടെ വള്ളുവനാടിന്റെ ദേശസ്വത്വത്തിന് മാറ്റമുണ്ടാകുന്നു. നാടുവാഴി അധികാരത്തിനുമേൽ ബ്രിട്ടീഷ് അധിനിവേശമുണ്ടായി. നാടുവാഴി അധികാരം അതോടെ നാമമാത്രമായി. വള്ളുവനാട് താലൂക്ക് രൂപീകരണം, സ്കൂൾ, റെയിൽ പാത, റെയിൽവെസ്റ്റേഷൻ എന്നിവയുടെ ആരംഭം ഇവയെല്ലാം വള്ളുവനാടിനെ ആധുനികതയുടെ ദേശസ്വത്വത്തിലേക്ക് എത്തിച്ചു.

### 1.8.1. വള്ളുവനാട് താലൂക്ക്

മലപ്പുറം ഡിവിഷനിൽ ചേർന്നിരുന്ന ഒരു താലൂക്കായിരുന്നു വള്ളുവനാട് താലൂക്ക്. വലുപ്പത്തിന്റെ കാര്യത്തിൽ ഏറനാട് കഴിഞ്ഞാൽ പിന്നെ ഏറ്റവും വലിയ താലൂക്ക് വള്ളുവനാടായിരുന്നു.

### 1.8.2. മലബാർ പ്രൊവിൻസ്[8]

മലബാർ പ്രൊവിൻസ കവ്വായിപ്പുഴ തുടങ്ങി പൊന്നാനിപ്പുഴവരെ നീണ്ടുകിടക്കുന്നു. എങ്കിലും കരപ്രദേശത്തിലും പാലക്കാടിന്റെ സമീപവും അത് അധികം തെക്കോട്ട് വ്യാപിച്ചിരിക്കുന്നു. 'മലബാർ ഒരു പ്രൊവിൻസ ആയാലും അതിനെ വടക്കിലെ തലശ്ശേരി ജില്ലയും തെക്കിലെ കോഴിക്കോട്ട ജില്ലയും ആയി വിഭാഗിച്ചിരിക്കുന്നു. മുമ്പെ പതിനാറ് താലൂക്ക ഉണ്ടായ ചെറിയ ഈരണ്ടും മുമ്മൂന്നും താലൂക്ക ഒന്നാക്കി ചേർത്തതകൊണ്ട് ഇപ്പോൾ ഒമ്പതേയുള്ളൂ. അവ 1. ചിറക്കൽ 2. കോട്ടയം 3. കുറുമ്പ്രനാട 4. വയനാട ഇവ തലശ്ശേരി ജില്ലയോട് ചേർന്നിരിക്കുന്നു

[8] പ്രൊവിൻസ എന്നതിന് മലയാളത്തിൽ പലപ്പോഴും ജില്ല എന്നു പറയുന്നു

5. കോഴിക്കോട 6. ഏറനാട 7. പൊന്നാനി 8. വള്ളുവനാട 9. പാലക്കാട ഇവയും കൊച്ചി പട്ടണവും തിരുവിതാംകൊട രാജ്യത്തിലെ തങ്കച്ചേരി, അഞ്ചുതെങ്ങും കോഴിക്കോട ജില്ലയിൽ ഉൾപ്പെട്ടിരിക്കുന്നു' (ഗുണ്ടർട്ട 1992:30).

**1.8.3. വള്ളുവനാട് താലൂക്ക് ആരംഭം**

ഈ താലൂക്ക് കടലുണ്ടിപ്പുഴയുടെയും പൊന്നാനിപുഴയുടെയും മദ്ധ്യേ തന്നെ. ഇപ്പോൾ അതിൽ മങ്കരപ്പുഴയുടെയും പൊന്നാനിപ്പുഴയുടെയും നടുവിലുള്ള നെടുങ്ങനാടും അടങ്ങിയിരിക്കുന്നു. 'അതിന്റെ അതിരുകൾ: വടക്ക ഏർന്നാടും വയനാടും കിഴക്ക നീലഗിരിയും കൊയമ്പത്തൂരും തെക്ക പാലക്കാടും കൊച്ചിരാജ്യവും പടിഞ്ഞാറ പൊന്നാനി താലൂക്കും ഏറനാടും' എന്നിങ്ങനെ കേരളോൽപ്പത്തിയിൽ വള്ളുവനാട് താലൂക്കിനെക്കുറിച്ച് ഗുണ്ടർട്ട് വിവരിക്കുന്നു (1992: 40).

'കടലുണ്ടിപ്പുഴയുടെയും തൂതപ്പുഴയുടെയും തീരങ്ങളിൽ ഒഴികെ തെങ്ങും കവുങ്ങും ചുരുക്കമാണ്. താലൂക്കിന്റെ കിഴക്കുഭാഗങ്ങളിൽ പനകൾ ധാരാളമുണ്ട്. നഞ്ചനിലങ്ങളും ധാരാളമുണ്ട്. കുന്നുകളുടെ ഉയർന്ന ചരിവുകളിൽകൂടി നഞ്ചകൃഷി ധാരാളമുണ്ട്. പുഞ്ചയായ ഭൂമികളിൽ മോടനും എള്ളും കൃഷിചെയ്തിരുന്നു' (എസ്. രാജേന്ദു 2012: 344). ഇത് വള്ളുവനാട് താലൂക്കിന്റെ കാർഷികാവസ്ഥയെക്കൂടി സാക്ഷ്യപ്പെടുത്തുന്നു.

**1.9. വള്ളുവനാട് കേരളപ്പിറവിക്ക് ശേഷം**

1956 നവംബർ ഒന്നിന് കേരള സംസ്ഥാനം നിലവിൽ വന്നപ്പോൾ 5 ജില്ലകളാണ് ഉണ്ടായിരുന്നത്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശൂർ, മലബാർ എന്നിവയായിരുന്നു ഈ ജില്ലകൾ. 1957 ജനുവരി ഒന്നിന് മലബാർ ജില്ല വിഭജിച്ച് പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകൾ രൂപീകരിച്ചു. ഇതോടെ മലബാർ ജില്ല ഇല്ലാതായി. 1969 ജൂൺ 16-നാണ് മലപ്പുറം ജില്ല നിലവിൽ വരുന്നത്. ഇതിലെ

താലൂക്കുകൾ ഏറനാട്, നിലമ്പൂർ, പെരിന്തൽമണ്ണ, തിരൂർ, തിരൂരങ്ങാടി, പൊന്നാനി എന്നിവയാണ്. ബ്രിട്ടീഷ് ഭരണകാലത്ത് രൂപീകരിച്ച വള്ളുവനാട് താലൂക്ക് ഇതോടെ ഇല്ലാതായി. പെരിന്തൽമണ്ണ, ഒറ്റപ്പാലം താലൂക്കുകളും പൊന്നാനി, തിരൂർ, ഏറനാട് താലൂക്കുകളുടെ ചില ഭാഗങ്ങളും ചേർന്നതായിരുന്നു വള്ളുവനാട്. ഇന്ന് വള്ളുവനാട് എന്ന സ്ഥലം ഭരണപ്രവിശ്യ എന്ന നിലയിൽ അപ്രത്യക്ഷമായിരിക്കുന്നു. എഴുത്തുകാരുടെ ഒരു ഭാവനാലോകമാണ് ഇന്ന് വള്ളുവനാട്. വള്ളുവനാടിന്റെ ചരിത്രവും പ്രതാപവും ജീവിതവുമെല്ലാം എഴുത്തുകാർ തങ്ങളുടെ കൃതികളിൽ നിർമ്മിച്ചെടുക്കുകയാണ്. ഒരു സാങ്കൽപ്പിക ദേശമായി വള്ളുവനാട് സാഹിത്യത്തിൽ അടയാളപ്പെടുകയാണ് ചെയ്യുന്നത്.

### 1.10. ദേശവും എഴുത്തും

ഓരോ എഴുത്തുകാരും തങ്ങളുടെ രചനകളിൽ വൈയക്തികമായ ചില മുദ്രകൾ പതിപ്പിക്കുന്നുണ്ടാവും. ചിലർ തങ്ങൾ ജീവിക്കുന്ന ദേശപരിസരത്തിന്റെ പാശ്ചാത്തലത്തിലാണ് രചനകൾ നടത്തുക. അതിലൂടെ നാടിന്റെ കഥ കൂടിയാണ് ആവിഷ്കരിക്കപ്പെടുന്നത്. 'കാലത്തെയെന്നപോലെ ദേശത്തെയും എഴുതുന്ന സാഹിത്യരൂപമാണ് നോവൽ. ദേശത്തെ എഴുതുന്നതിലൂടെ നോവലിസ്റ്റുകൾ സംസ്കാരത്തിന്റെ ഘടനാവിശേഷങ്ങൾ കൃതിയിലേക്കു കൂട്ടിക്കൊണ്ടു വരുന്നു. സ്ഥലത്തിന്റെ പരപ്പിലും ആഴത്തിലുമാണ് നോവലിന്റെ കാലം കുടിക്കൊള്ളുന്നത്' (പി.കെ.രാജശേഖരൻ 1999:120). ഉത്തരാധുനികതയുടെ കാലത്തോടെയാണ് ബഹുദേശീയതാ സങ്കല്പം ശക്തമായത്. ഓരോ എഴുത്തുകാരും ചെറുനാടിന് ചരിത്രം തീർത്തു. കഥയും നോവലും നാടകവും കവിതയുമെല്ലാം ദേശപശ്ചാത്തലത്തിൽ രചിക്കപ്പെട്ടു. അന്ധമായ ദേശീയതാ സങ്കൽപ്പമല്ല ഇവിടെ കാണുന്നത്. പ്രാദേശികതയുടെ നന്മയാണ് ഇത്തരം എഴുത്തുകളിൽ തെളിയുന്നത്. താൻ പിറന്നു വീണ മണ്ണിൽ നിന്നാണ്, തനിക്ക് ആഴത്തിൽ പരിചിതമായ തന്റെ ദേശത്തിൽ നിന്നാണ് പിന്നീട് പ്രായോഗികാർത്ഥത്തിൽ അപരിചിതമായ ഇടങ്ങളിലേക്ക് അറിവ് വളരു

ന്നത്. അതുകൊണ്ടുതന്നെ ഓരോ പ്രദേശവും അതിന്റെ പ്രത്യേകതകളിലാണ് അറിയപ്പെടേണ്ടത്. മലയാള സാഹിത്യത്തിൽ വിശേഷിച്ച് നോവൽ സാഹിത്യത്തിൽ ദേശത്തിന്റെ എഴുത്തുകൾ വളരെ ശ്രദ്ധേയമാണ്.

### 1.10.1. നോവലും ദേശവും

മലയാള നോവൽ സാഹിത്യത്തിൽ ശ്രദ്ധേയരായ എഴുത്തുകാരിൽ മിക്കവരും തങ്ങളുടെ ദേശത്തിന്റെ പശ്ചാത്തലത്തിൽ നോവൽ രചിച്ചവരാണ്. ഓരോ എഴുത്തുകാരും ദേശത്തെ നോവലിൽ ആവിഷ്കരിക്കുമ്പോൾ തങ്ങളുടെ ഭാവനക്കൊത്ത് മാറ്റം വരുത്തും. ആവിഷ്കരിക്കപ്പെടുന്ന ദേശത്തിൽ നിന്നും തനിക്ക് വേണ്ടത് മാത്രം കണ്ടെടുക്കുകയാണ് അവർ ചെയ്യുന്നത്. നോവലിൽ സ്ഥലത്തെ അടയാളപ്പെടുത്തുമ്പോൾ അത് ഭൂപരമായ അർത്ഥത്തിലുള്ള ഒരു ഭൗതിക സ്ഥലമല്ല. എഴുത്തുകാരന്റെ അനുഭവവും ഭാവനയും എല്ലാം ചേർന്ന് രൂപപ്പെടുത്തുന്ന ഒരു സവിശേഷ സ്ഥലമാണ്. യഥാർത്ഥ സ്ഥലത്തിൽ നിന്നും തനിക്കുവേണ്ട അംശങ്ങൾ സ്വാംശീകരിച്ച് ആവശ്യമില്ലാത്തതെല്ലാം ഒഴിവാക്കി തന്റെ കാഴ്ചപ്പാടുകൾക്കനുസരിച്ച ഒരു പ്രത്യയശാസ്ത്രസ്ഥലം നിർമ്മിച്ചെടുക്കുകയാണ് എഴുത്തിലൂടെ നോവലിസ്റ്റ് ചെയ്യുന്നത്.  ചില എഴുത്തുകാർ ഒരു പ്രത്യേക സ്ഥലത്തെ ആവർത്തിച്ച് തങ്ങളുടെ നോവലിന്റെ ആധാരസ്ഥലമായി സ്വീകരിക്കും. ഇത്തരത്തിലുള്ള സ്ഥലങ്ങളെ ഭാവനാനുസൃതമായി മാറ്റിയാണ് ആവിഷ്കരിക്കുന്നത്. ഇവരുടെ ഭാവനാദേശങ്ങളാണ് നോവലിൽ ആവിഷ്കരിക്കപ്പെടുന്നത്. അതുകൊണ്ടാണ് ഒരേ സ്ഥലത്തെ വ്യത്യസ്ത എഴുത്തുകാർ ആവിഷ്കരിക്കുമ്പോൾ അത് വ്യത്യസ്ത ദേശങ്ങളായി നമുക്ക് അനുഭവപ്പെടുന്നത്.

തിരുവിതാംകൂറിന്റെ രാജഭരണവും രാഷ്ട്രീയവുമെല്ലാം നോവലിൽ ആവിഷ്കരിച്ച സി.വി.രാമൻപിള്ളയും കുട്ടനാടിന്റെ കഥപറഞ്ഞ തകഴി ശിവശങ്കരപ്പിള്ളയും മൂപ്പിലശ്ശേരിയെ നോവലിൽ എഴുതിയ കോവിലനും അതിരാണിപ്പാടത്തിന്റെ കഥാകാരനായ എസ്. കെ. പൊറ്റക്കാടും ദേശത്തെ നോവലിലേക്ക് ആവാഹിച്ച

മഹാപ്രതിഭകളാണ്. അതുപോലെ വള്ളുവനാടിന്റെ പാശ്ചാത്തലത്തിൽ എഴുതിയ ഉറൂബും ചെറുകാടും എം. ടി വാസുദേവൻനായരും നോവലിൽ ദേശത്തെ അടയാളപ്പെടുത്തിയവരാണ്.

### 1.10.2. വള്ളുവനാടിന്റെ നോവൽ സാഹിത്യം

വള്ളുവനാട്ടിലൂടെ ഒഴുകുന്ന നിളയും നിളയുടെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട കൃതികളും നിരവധിയാണ്. വള്ളുവനാട്ടിലെ പറയിപെറ്റ പന്തിരുകുലം എന്ന മിത്തിനെ പ്രമേയമാക്കി എൻ. മോഹനൻ എഴുതിയ *ഇന്നലത്തെ മഴ* (2011) എന്ന നോവലും നരേന്ദ്രനാഥ് എഴുതിയ *പറയിപെറ്റ പന്തിരുകുലം* (2008) എന്ന നോവലും നേരിട്ട് വള്ളുവനാടിനെ പശ്ചാത്തലമാക്കിയ ശ്രദ്ധേയമായ കൃതികളാണ്. വള്ളുവനാട് എന്ന ദേശത്തിന്റെ പശ്ചാത്തലത്തിൽ കഥകൾ പറഞ്ഞ എഴുത്തുകാരുടെ നോവലുകളാണ് ഇവിടെ വിശദീകരിക്കാൻ ശ്രമിക്കുന്നത്. ചെറുകാട്, ഉറൂബ്, എം.ടി വാസുദേവൻനായർ എന്നിവരാണ് അവരിൽ പ്രധാനികൾ. ചെറുകാടും ഉറൂബും വള്ളുവനാടിനെ ചിത്രീകരിച്ചിരിക്കുന്നത് ഏത് തരത്തിലാണെന്ന് അന്വേഷിക്കുകയാണിവിടെ ചെയ്യുന്നത്.

#### 1.10.2.1. അധ്വാനത്തിന്റെ പോരിടങ്ങൾ

ദീർഘകാലം നാടുവാഴിഭരണത്തിൽ കഴിഞ്ഞിരുന്ന വള്ളുവനാടിനെ കാർഷിക ജീവിതത്തിന്റെ ഇടമായാണ് ചെറുകാട് ആവിഷ്കരിച്ചിരിക്കുന്നത്. വള്ളുവനാടൻ മണ്ണും ആ മണ്ണിൽ പൊന്നുവിളയിച്ച കർഷകനും കർഷകന് ശബ്ദവും ഊർജ്ജവും നൽകിയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമെല്ലാം ഉൾക്കൊള്ളുന്ന വള്ളുവനാടിനെയാണ് ചെറുകാടിന്റെ കൃതികളിൽ കാണാൻ കഴിയുക. *മുത്തശ്ശി* എന്ന നോവലിൽ വള്ളുവനാട്ടിലെ നാരകത്ത് തറവാടിനെപ്പറ്റിയും മാമൂലുകൾ കാത്തു സൂക്ഷിച്ച് പുതുമയോട് കലഹിക്കുന്ന അമ്മാളുവമ്മയെപ്പറ്റിയും പറയുന്നു. എന്നാൽ ജീവിതാനുഭവങ്ങളിൽ നിന്ന് പഠിക്കേണ്ടതു പഠിച്ച് ആത്മാർത്ഥത തുളുമ്പുന്ന വ്യക്തിയായി അവർ മാറുന്നുണ്ട്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാ

നവും ഗ്രന്ഥശാലാ പ്രസ്ഥാനവും അധ്യാപക പ്രസ്ഥാനവുമെല്ലാം വേരൂന്നിപടർന്ന തിന്റെ ചരിത്രമുൾക്കൊള്ളുന്ന കൃതി കൂടിയാണ് *മുത്തശ്ശി.*

വള്ളുവനാട്ടിലെ ജന്മി-കുടിയാൻ ബന്ധത്തിന്റെ കഥ പറഞ്ഞ നോവലാണ് *മണ്ണിന്റെ മാറിൽ.* സംഘടിത ശക്തിയോടെ കൃഷിക്കാർ അവകാശങ്ങൾ നേടു ന്നതും കൃഷിഭൂമി കയ്യടക്കുന്നതും ചെറുകാട് ആവിഷ്കരിക്കുന്നു. കൃഷിഭൂമിയുടെ യഥാർത്ഥ അവകാശി കർഷകനാണെന്ന് വടക്കുമ്പാട്ടിന്റെ ചരിത്രം പറഞ്ഞു കൊണ്ട് സ്ഥാപിക്കുന്ന നോവലാണ് *മണ്ണിന്റെ മാറിൽ.* 'ഇടതുപക്ഷ പ്രത്യയശാ സ്ത്രത്തിന്റെയും അതിന്റെ സൗന്ദര്യ ശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ സാഹി ത്യരചന നടത്തിയവരിൽ പ്രമുഖനാണ് ചെറുകാട്' (വി.യു.സുരേന്ദ്രൻ, 2009: 108). കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വിപ്ലവത്തിൽ നിന്നും ഊർജ്ജമുൾക്കൊണ്ട വള്ളു വനാടിനെയാണ് ചെറുകാട് തന്റെ നോവലുകളിലൂടെ വരച്ചത്.

വിമോചനസമരത്തിന്റെ പശ്ചാത്തലത്തിൽ ചെറുകാട് എഴുതിയ നോവ ലാണ് *പ്രമാണി.* വള്ളുവനാടൻ സ്ഥലപരിസരങ്ങളിൽ വിമോചനസമരം ഏതു തര ത്തിലായിരുന്നു നടന്നത് എന്ന് ഈ നോവലിലൂടെ അദ്ദേഹം പറയുന്നു. ഇ. എം. എസ്. ഗവൺമെന്റിനെതിരെ കേരളം മുഴുവൻ നടന്ന വിമോചന സമ രത്തെ തന്റെ ദേശ പശ്ചാത്തലത്തിൽ കാണാനാണ് ചെറുകാട് ശ്രമിച്ചത്. തന്റെ മുരിങ്ങാച്ചോട്ടിൽ നിന്നാണ് നക്ഷത്രം കാണുന്നതെന്ന അദ്ദേഹത്തിന്റെ ദർശനം തന്നെയാണ് ഈ നോവലും മുന്നോട്ടുവെയ്ക്കുന്നത്. 'അതാതു പ്രദേശത്തിന്റെ പരിമിതിയിൽ ഒതുങ്ങി നിന്നുകൊണ്ടാണ് എല്ലാവരുമെഴുതുന്നത്. എന്റെ വേദ നയും ആഹ്ലാദവുമെല്ലാം ഞാനനുഭവിക്കുന്നത് എന്റെ മണ്ണിൽ വെച്ചാണ്. ആവി ഷ്കരണത്തിലും അതിന്റെ ഗന്ധരുചികൾ ഉണ്ടാവണം'(1995: 43) എന്നും ചെറു കാട് കരുതുന്നു.

ചെറുകാട് ആവിഷ്കരിക്കുന്നത് വള്ളുവനാടിന്റെ സാമൂഹിക സ്ഥല പരിസ രങ്ങളെയാണ്. സമൂഹത്തിലെ കീഴാള കർഷക ശബ്ദങ്ങളെ അടയാളപ്പെടുത്തുന്ന

സ്ഥലരാശിയാണ് ചെറുകാടിന്റെ കൃതികളിൽ കാണാൻ കഴിയുക. മണ്ണും വയലും കൃഷിയും അവിടെ പണിയെടുക്കുന്നവരുടെ നോവും നിനവുമെല്ലാം വള്ളുവ നാടൻ പാശ്ചാത്തലത്തിൽ പറയുകയാണ് തന്റെ കൃതികളിലൂടെ ചെറുകാട് ചെയ്തത്.

**1.10.2.2. മതേതരദേശങ്ങൾ**

കാല-ദേശങ്ങളുടെ പാശ്ചാത്തലത്തിൽ മനുഷ്യനന്മയുടെ കഥ പറഞ്ഞ എഴുത്തുകാരനാണ് ഉറൂബ്. ഏറനാട്, വള്ളുവനാട് ഗ്രാമങ്ങളിലെ നന്മനിറഞ്ഞ മനുഷ്യരെയാണ് അദ്ദേഹത്തിന്റെ കൃതികളിൽ കാണാനാവുക. മതമൈത്രിയുടെ ദേശപരിസരത്തെയാണ് അദ്ദേഹം എഴുത്തിൽ ആവിഷ്കരിക്കാൻ ശ്രമിച്ചത്. ദേശീയ പ്രസ്ഥാനവും സ്വാതന്ത്ര്യപ്രസ്ഥാനവുമെല്ലാം നിറഞ്ഞ സ്ഥലമായി ഉറൂബിന്റെ വള്ളുവനാട് മാറുന്നു.

സ്വാതന്ത്ര്യത്തിനുമുമ്പുണ്ടായിരുന്ന കേരളീയ സമൂഹത്തിന്റെ മൂന്നു വ്യാഴവട്ടക്കാലത്തെ അനുഭവങ്ങളാണ് *സുന്ദരികളും സുന്ദരന്മാരും* എന്ന കൃതിയുടെ ഇതിവൃത്തം. സമൂഹത്തിന്റെ സമഗ്രമായ അവതരണമാണ് ഈ കൃതിയിൽ കാണാൻ കഴിയുക. മാപ്പിളലഹളയും അതിനെ തുടർന്നുണ്ടായ സംഘർഷങ്ങളും ഈ നോവലിൽ വിവരിക്കപ്പെടുന്നുണ്ട്. വടക്കേ മലബാറിന്റെ രാഷ്ട്രീയ ചിത്രവും ഉറൂബിന്റെ ഈ കൃതിയിലൂടെ നമുക്ക് വായിച്ചെടുക്കാനാവും.

ഒരു സ്ത്രീയുടെ മനസ്സിനെ മനോഹരമായി ആവിഷ്കരിക്കുന്ന നോവലാണ് *ഉമ്മാച്ചു*. ഈ നോവലും ഹിന്ദു-മുസ്ലിം മൈത്രിയുടെ സാക്ഷ്യമാണ്. ഉമ്മാച്ചുവും ബീരാനും മായനും ചേരുന്ന പ്രണയത്തെ ആ നാടിന്റെ പശ്ചാത്തലത്തിൽ, മാനവികതയുടെ പശ്ചാത്തലത്തിൽ പറയുകയാണ് ഉറൂബ് ചെയ്യുന്നത്. ഒരു കാലഘട്ടത്തെയും ആ കാലത്തിലൂടെ പരിണാമം പ്രാപിച്ച മനുഷ്യരുടെയും കഥയാണ് ഉറൂബ് പറഞ്ഞത്. വർഗ്ഗീയസംഘട്ടനത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ *ആമിന,* വിചിത്രസ്വഭാവമുള്ള മനുഷ്യരുടെ കഥപറഞ്ഞ *കുഞ്ഞമ്മയും കൂട്ടുകാരും*

*മൗലവിയും ചങ്ങാതിമാരും* എന്നീ കൃതികളും തകർന്ന തറവാടും അവിടെ കഴിയുന്ന നിസ്സഹായരായ മനുഷ്യരുടെയും കഥപറഞ്ഞ *മിണ്ടാപ്പെണ്ണ്,* ഭാവ സങ്കീർണ്ണമായ മനുഷ്യമനസ്സിന്റെ കഥപറഞ്ഞ *അണിയറ*, സ്ത്രീയുടെ സ്വപ്നങ്ങളും ദുഃഖങ്ങളും സന്തോഷങ്ങളുമെല്ലാം ആവിഷ്കരിച്ച *അമ്മിണി* എന്നിവയുമെല്ലാം ഉറൂബിന്റെ മികച്ച രചനകളായി നിൽക്കുന്നു.

**1.10.2.3. എം.ടി യും വള്ളുവനാടും**

വള്ളുവനാട് എന്ന പ്രദേശത്തെ തന്റെ കൃതികളിൽ ആവർത്തിച്ച് ആവിഷ്കരിച്ച എഴുത്തുകാരനാണ് എം.ടി വാസുദേവൻനായർ. ഗ്രാമം അദ്ദേഹത്തിന്റെ എഴുത്തിനെ ഗാഢമായി സ്വാധീനിച്ചിട്ടുണ്ട്. എം.ടി യുടെ കഥാപാത്രങ്ങളിൽ മിക്കവരും കൂടല്ലൂരിലും പരിസരങ്ങളിലും ജീവിച്ചിരുന്നവരാണ്. എന്നാൽ എം.ടി യുടെ കൃതികളിൽ പരാമർശിക്കപ്പെടുന്ന വള്ളുവനാടൻ പ്രദേശങ്ങളും കൊടിക്കുന്നത്തുകാവും എല്ലാം നെടുങ്ങനാട്ടിൽ നിന്നും വള്ളുവനാട്ടിലേക്ക് കൂട്ടിച്ചേർക്കപ്പെട്ടതാണ്. എന്നും കീഴടങ്ങിനിന്നിരുന്ന, പോരാട്ടവീര്യം പ്രദർശിപ്പിക്കാത്ത ഒരു പ്രദേശമായിരുന്നു നെടുങ്ങനാട്. ചേരന്മാരോടും വള്ളുവക്കോനാതിരിയോടും നായർ പ്രഭുക്കന്മാരോടും സാമൂതിരിയോടുമെല്ലാം കീഴടങ്ങി നിന്നതിന്റെ ചരിത്രമാണ് നെടുങ്ങനാടിനുള്ളത്. വള്ളുവനാടിന്റെ പോരാട്ടവീര്യമൊന്നും നെടുങ്ങനാടിന് അവകാശപ്പെടാൻ കഴിയില്ല. അതുകൊണ്ടുതന്നെയാകാം എം.ടി യുടെ കഥാപാത്രങ്ങളും കീഴടങ്ങലിന്റേയും നാടുവിടുന്നതിന്റെയും ഒരു ഭൂമിക സ്വീകരിച്ചത്. തന്റെ ബാല്യകാല അനുഭവങ്ങളും കുടുംബബന്ധങ്ങളുമാണ് അദ്ദേഹം തന്റെ നോവലിനും കഥയ്ക്കും വിഷയമാക്കിയിരിക്കുന്നത്. 'വള്ളുവനാടൻ ഭാഷ' എന്നൊരു പ്രയോഗം ഉണ്ടായത് എം.ടി കൃതികളിലൂടെയാണ്. ദേശത്തെ ഇത്രമേൽ എഴുത്തിൽ ആവിഷ്കരിച്ച എം.ടി യുടെ കൃതികളിൽ വള്ളുവനാട് ഏതുതരത്തിലാണ് പ്രതിനിധാനം ചെയ്യപ്പെടുന്നത് എന്ന അന്വേഷണം സമഗ്രമായ അർത്ഥത്തിൽ ഇതുവരെ നിർവ്വഹിക്കപ്പെട്ടിട്ടില്ല. അതുകൊണ്ടു തന്നെ വള്ളുവനാടിന്റെ

ഭൂപ്രകൃതി, കാർഷിക ജീവിതങ്ങൾ, സാമൂഹ്യബന്ധങ്ങൾ, സംഭാഷണത്തിലൂടെ രൂപപ്പെടുന്ന ദേശം ഇവയെല്ലാം ഏതുതരത്തിലാണ് എം. ടി കൃതികളിൽ ആവി ഷ്കരിക്കപ്പെട്ടിരിക്കുന്നതെന്ന് വിശകലനം ചെയ്യുന്നത് ഏറെ പ്രസക്തമാണ്.

നവോത്ഥാന നോവലുകൾ വ്യക്തികൾ അനുഭവിക്കുന്ന സാമൂഹികമായ ഉച്ചനീചത്വങ്ങൾക്കെതിരെയും നീതി നിഷേധങ്ങൾക്കെതിരെയും ശക്തമായി പ്രതി കരിക്കുന്നവയായിരുന്നു. എന്നാൽ തുടർന്ന് വ്യക്തി അവനവനിലേക്കുതന്നെ തിരിയുന്ന കാഴ്ചയാണ് കണ്ടത്. തന്റെ സ്വപ്നങ്ങളിലേക്കും മോഹങ്ങളിലേക്കും ദുഃഖങ്ങളിലേക്കും മോഹഭംഗങ്ങളിലേക്കും ഉൾവലിഞ്ഞു. ഈ വൈയക്തിക സം ഘർഷങ്ങൾ തന്മയത്വത്തോടെ ആവിഷ്കരിച്ച എഴുത്തുകാരനാണ് എം.ടി വാസു ദേവൻനായർ.

ലോകകഥാമത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ച 'വളർത്തുമൃഗങ്ങൾ' എന്ന കഥയോടെ സാഹിത്യലോകത്തിൽ വരവറിയിച്ച അദ്ദേഹം പിന്നീട് നിരവധി നോവ ലുകളിലൂടെയും കഥകളിലൂടെയും തിരക്കഥകളിലൂടെയും മലയാളസാഹിത്യ ത്തിൽ തന്റെ സ്ഥാനം ഉറപ്പിച്ചു. തന്റെ ഗ്രാമമായ വള്ളുവനാടൻ പശ്ചാത്തലത്തി ലാണ് അദ്ദേഹം തന്റെ മിക്ക കൃതികളും രചിച്ചത്. 'അറിയാത്ത അത്ഭുതങ്ങളെ ഗർഭത്തിലാവാഹിക്കുന്ന മഹാസമുദ്രങ്ങളേക്കാൾ അറിയുന്ന നിളയെയാണെനി ക്കിഷ്ടം' എന്ന് പറഞ്ഞ അദ്ദേഹം വള്ളുവനാടിന്റെ കഥാകാരൻ എന്ന നിലയിൽ മലയാളസാഹിത്യലോകത്ത് പ്രതിഷ്ഠിക്കപ്പെട്ടു.

*പാതിരാവും പകൽവെളിച്ചവു*മെന്ന ആദ്യ നോവൽ ഗോപിയുടെയും ഫാത്തിമയുടെയും പ്രണയകഥയാണ്.വീട്ടുകാരുടെയും നാട്ടുകാരുടെയും എതിർ പ്പിനെ തുടർന്ന് സഫലമാകാതെ പോയതാണ് ഗോപിയുടെയും ഫാത്തിമയു ടെയും പ്രണയം. അപക്വമായ പ്രണയത്തിന്റെ തുടർച്ചകളും ഭയവുമാണ് ഗോപി യുടെയും ഫാത്തിമയുടെയും പ്രണയം തകർത്തത്. *പാതിരാവും പകൽവെളിച്ചവും* ഗ്രാമത്തിന്റെ പശ്ചാത്തലത്തിൽ പറയുന്ന കഥയാണ്. വള്ളുവനാടിന്റെ പശ്ചാത്ത

ലത്തിൽ എഴുതിയ *നാലുകെട്ട്, അസുരവിത്ത്, കാലം* എന്നീ നോവലുകളെ ഈ പ്രബന്ധത്തിൽ വിശദമായി പഠിക്കുന്നുണ്ട്. മഹാഭാരത കഥയെ ഉപജീവിച്ചെഴുതിയ നോവലാണ് *രണ്ടാമൂഴം*. മഹാഭാരതകഥയായിട്ടുപോലും പലപ്പോഴും കഥയും കഥാപാത്രങ്ങളും നാടും മനുഷ്യരുമായി മാറുന്നുണ്ട്. ഭാരതം പലതുമുണ്ട്. ഇപ്പോൾ കൂടല്ലൂർ ഭാരതവുമായി എന്ന് വി.കെ.എൻ. പറഞ്ഞതായി ചന്ദ്രശേഖരൻ അഭിപ്രായപ്പെടുന്നു (ടോണി മാത്യു 2009: 133). ഇത്തരത്തിൽ വള്ളുവനാടൻ ഗ്രാമം എം.ടി യുടെ എഴുത്തിനെ ചൂഴ്ന്നു നിൽക്കുന്നുണ്ട്. സിലോണിൽ ജോലി ചെയ്തിരുന്ന അച്ഛന്റെ മരണശേഷം അയാളുടെ നാലുമക്കളും അച്ഛന്റെ ഭൂതകാലത്തിലേക്ക് യാത്ര ചെയ്യുന്നതാണ് *വിലാപയാത്ര* എന്ന നോവലിന്റെ ഇതിവൃത്തം. മക്കളോരോരുത്തരും തങ്ങളുടേതായ രീതിയിൽ അച്ഛന്റെ ഭൂതകാലം വ്യാഖ്യാനിക്കുകയാണ് ഈ കൃതിയിൽ ചെയ്യുന്നത്. സുധാകരൻ എന്ന വ്യക്തിയുടെ ജീവിതത്തിലൂടെ കടന്നുപോകുന്ന നോവലാണ് *വാരാണസി*. പുണ്യഭൂമിയായ വാരാണസിയുടെ പശ്ചാത്തലത്തിലാണ് എം.ടി ഈ കഥ പറയുന്നത്. ഈ നോവലുകളെല്ലാം എം.ടി യുടെ സവിശേഷമായ രചനാവൈഭവം പ്രകടമാക്കുന്ന കൃതികളാണ്. എം.ടി എഴുതിയ നോവലുകളും കഥകളും തിരക്കഥകളുമെല്ലാം വള്ളുവനാടൻ പശ്ചാത്തലത്തിലുള്ളവയായിരുന്നു. ഇതിൽ വള്ളുവനാട് എന്ന ഗ്രാമവും തറവാടുകളും പ്രത്യക്ഷത്തിൽ വരുന്നത് *നാലുകെട്ട്, അസുരവിത്ത്, കാലം* എന്നീ നോവലുകളിലാണ്.

എം.ടി എഴുതിയ കഥകളധികവും സ്വന്തം കാലത്തെ അടയാളപ്പെടുത്തിയവയായിരുന്നു. ഗ്രാമത്തിന്റെ പശ്ചാത്തലത്തിൽ 'പള്ളിവാളും കാൽച്ചിലമ്പും' 'ബന്ധനം', 'ശിലാലിഖിതം', 'ഒടിയൻ' തുടങ്ങി നിരവധി കഥകൾ എഴുതിയിട്ടുണ്ട്. തറവാടുകളുടെ പശ്ചാത്തലത്തിലെഴുതിയ 'നുറുങ്ങുന്ന ശൃംഖലകൾ', 'ഒരു പിറന്നാളിന്റെ ഓർമ്മ', എന്നിവയും ഒറ്റപ്പെട്ടുപോയ മനുഷ്യരുടെ ജീവിതം ആവിഷ്കരിക്കുന്ന 'ഇരുട്ടിന്റെ ആത്മാവ്', 'കുട്ട്യേടത്തി', 'വളർത്തുമൃഗങ്ങൾ', 'ഓളവും തീരവും' തുടങ്ങിയ കഥകളും എം.ടി യുടെ രചനാതന്ത്രംകൊണ്ട് കഥാലോക

ത്തിൽ വേറിട്ടുനിൽക്കുന്നു. നിരവധി തിരക്കഥകൾ രചിച്ച എം.ടി അവയിലും തന്റെ ഗ്രാമത്തെ അടയാളപ്പെടുത്താൻ ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ എഴുത്തിന്റെ എല്ലാ മേഖലകളിലും ഗ്രാമത്തിന്റെ ഓരോ ചലനവും ദൃശ്യമാണ്.

*രക്തം പുരണ്ട മൺതരികൾ, വെയിലും നിലാവും, കുട്ട്യേടത്തി, നിന്റെ ഓർമ്മയ്ക്ക്, സ്വർഗ്ഗം തുറക്കുന്ന സമയം, വാനപ്രസ്ഥം* തുടങ്ങി പതിനെട്ടിലധികം കഥാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചു. ബാലസാഹിത്യകൃതികളും ഉപന്യാസങ്ങളും സാഹിത്യപഠനങ്ങളും യാത്രാവിവരണകൃതികളും നാടകവും രചിച്ചു. എം.ടി സംവിധാനം ചെയ്ത മിക്ക സിനിമകളുടെയും പശ്ചാത്തലം വള്ളുവനാടൻ ഗ്രാമമായിരുന്നു. ഇങ്ങനെ സാഹിത്യത്തിന്റെ സർവ്വ മേഖലകളിലും അദ്ദേഹം തന്റേതായ സ്ഥാനം ഉറപ്പിച്ചു. ഈ രചനകളിൽ മിക്കതും അദ്ദേഹം തന്റെ വള്ളുവനാടൻ ഗ്രാമപശ്ചാത്തലത്തിലാണ് രചിച്ചത്. വള്ളുവനാടൻ പശ്ചാത്തലത്തിലെഴുതിയ *നാലുകെട്ട്, അസുരവിത്ത്, കാലം* എന്നീ നോവലുകളെ വിശദമായി പഠിക്കുകയാണ് ഈ പ്രബന്ധത്തിൽ തുടർന്ന് ചെയ്യുന്നത്.

# അധ്യായം 2

# ഭൂപ്രകൃതി: ആഖ്യാനം അനുഭവം

തങ്ങളുടെ ചുറ്റുമുള്ള പ്രകൃതിയാഥാർത്ഥ്യങ്ങളെ ഭാവനാത്മകമായി ആവിഷ്കരിക്കുകയാണ് എഴുത്തുകാർ ചെയ്യുന്നത്. തന്റെ ചുറ്റിലുമുള്ള പൂവിനെയും പുല്ലിനെയും കിളികളെയും മനുഷ്യനേയുമെല്ലാം കൃതിയിൽ ഉൾപ്പെടുത്തുമ്പോൾ അവ നിലനിൽക്കുന്ന ദേശം കൂടിയാണ് കൃതിയിൽ ഉൾച്ചേരുന്നത്. ഒരു ദേശത്തെ അല്ലെങ്കിൽ അവിടത്തെ പ്രകൃതിയെ അതുപോലെ കൃതിയിൽ ആവിഷ്കരിക്കുക സാധ്യമല്ല. യഥാർത്ഥ സ്ഥലത്തുനിന്നും അയാൾ തനിക്കു വേണ്ടതെല്ലാം സ്വീകരിക്കുന്നു. ആവശ്യമില്ലാത്തതെല്ലാം വിട്ടുകളയുന്നു. ചിലതെല്ലാം തന്റെ ഭാവനയ്ക്കനുസരിച്ച് മാറ്റിയെടുക്കുന്നു. ഇങ്ങനെ യഥാർത്ഥമായ ഒരു സ്ഥലത്തെ തന്റെ കൃതിയിലൂടെ ഭാവനാലോകമാക്കി മാറ്റുകയാണ് എഴുത്തുകാർ ചെയ്യുന്നത്.

### 2.1. ഭൂപ്രകൃതിയുടെ ആഖ്യാനം

ഭൂപ്രകൃതി ആഖ്യാനങ്ങളിലൂടെ വായനക്കാരന് അനുഭവവേദ്യമാകുന്ന വള്ളുവനാടിന്റെ ചിത്രം കണ്ടെടുക്കാനാണിവിടെ ശ്രമിക്കുന്നത്. ഒരു ദേശം ആഖ്യാനം ചെയ്യപ്പെടുമ്പോൾ ആ ദേശത്തുനിന്നും എഴുത്തുകാരൻ കണ്ടെടുക്കുന്നത് എന്തെല്ലാമാണെന്ന് അന്വേഷിക്കുന്നതിലൂടെ അദ്ദേഹത്തിന്റെ ആഖ്യാനത്തിന്റെ സവിശേഷതകൾ കണ്ടെത്തുകയും ഏതുതരത്തിലാണ് അദ്ദേഹം ഒരു ദേശത്തെ നോക്കിക്കണ്ടതെന്ന് മനസ്സിലാക്കുകയും ചെയ്യാം. ഓരോ എഴുത്തുകാരും ദേശത്തെ ആഖ്യാനം ചെയ്യുമ്പോൾ ശ്രദ്ധിക്കുന്ന സൂക്ഷ്മസ്വഭാവങ്ങൾ വായിച്ചെടുക്കാനും ഇവിടെ സാധിക്കുന്നു.

വള്ളുവനാട് എന്ന സ്ഥലത്തെ തന്റെ നോവലുകളിൽ ചിത്രീകരിക്കുമ്പോൾ പണ്ട് നിലനിന്ന വള്ളുവനാട്ടിൽ നിന്നും എന്തെല്ലാമാണ് എം.ടി സ്വീകരിക്കുന്നതെന്നും എന്തെല്ലാമാണ് വിട്ടുകളയുന്നതെന്നും അന്വേഷിക്കുന്നതിലൂടെ അദ്ദേഹത്തിന്റെ കൃതികളിലെ വള്ളുവനാടിന്റെ നിർമ്മിതി തന്ത്രം വായിച്ചെടുക്കാനാകും. ചരിത്രപരമായി നോക്കുമ്പോൾ ഒരു കാർഷിക സ്ഥലമായും മാമാങ്കവും അതിനെത്തുടർന്നുണ്ടായ പോരാട്ടങ്ങൾ നടന്ന സ്ഥലമായും വള്ളുവനാടിനെ കാണാം.

നിരവധി കർഷക ജീവിതങ്ങളുടെ വിയർപ്പുവീണ മണ്ണാണത്. നിരവധി കർഷക സമരങ്ങളുടെ പോരാട്ടഭൂമികയായിരുന്നു വള്ളുവനാട്.

കേരളത്തിന്റെ ഭൂപ്രകൃതിയുടെ സവിശേഷതയായ സമതലപ്രദേശമായിരുന്നു വള്ളുവനാട്ടിൽ കൂടുതൽ ഉണ്ടായിരുന്നത്. എം.ടി കൃതികളിലെ ഭൂപ്രകൃതിയുടെ സവിശേഷതകൾ എന്തെല്ലാമാണെന്ന് അന്വേഷിക്കുകയും ഈ സവിശേഷതകൾ വള്ളുവനാടൻ പ്രകൃതി ചിത്രീകരണത്തിൽ എം.ടി സ്വീകരിച്ചത് എങ്ങനെയാണെന്നും ഈ പ്രകൃതി ചിത്രീകരണവും കഥാപാത്ര ചിത്രീകരണവും ഏതേതെല്ലാം സന്ദർഭങ്ങളിൽ ബന്ധപ്പെട്ടിരിക്കുന്നു എന്നുമുള്ള അന്വേഷണമാണ് ഇവിടെ പ്രധാനമായും നടത്തുന്നത്.

### 2.2. കേരളത്തിന്റെ ഭൂപ്രകൃതി

ഭൂമിശാസ്ത്രപരമായി പ്രത്യേകതകളുള്ള നാടാണ് കേരളം. അതുകൊണ്ടു തന്നെ ഭൂപരമായ ഈ സവിശേഷതകൾ കേരളത്തിന് തനതായ ഒരു വ്യക്തിത്വം നൽകിയിട്ടുണ്ട്. മലനാട്, ഇടനാട്, സമതലം എന്നിങ്ങനെ ഭൂമിയെ സ്ഥൂലദൃഷ്ട്യാ മൂന്നു വിഭാഗങ്ങളാക്കി തിരിക്കാമെന്ന് എ. ശ്രീധരമേനോൻ അഭിപ്രായപ്പെടുന്നുണ്ട്. (1997:14). മലനാട്, ഇടനാട്, തീരപ്രദേശം  എന്നും അത് വിഭജിക്കപ്പെടാറുണ്ട്. 'കിഴക്കേ അതിർത്തിയിൽ കിടക്കുന്ന സഹ്യപർവ്വത നിരയാണ് മലനാട്. പർവ്വതത്തിന്റെ ഉന്നതതലങ്ങൾ ഇടതൂർന്ന വനങ്ങളാൽ സമൃദ്ധമാണ്. മലഞ്ചെരുവുകളിലെ വനഭൂമികളിൽ ഇടയ്ക്കിടെ തോട്ടങ്ങൾ കാണാം. പടിഞ്ഞാറ് കടൽത്തീരത്തോട് ചേർന്നുകിടക്കുന്ന പ്രദേശം സമതലമാണ്. മണൽ നിറഞ്ഞതാണ് ഈ ഭാഗത്തെ മണ്ണ്. ഇവിടെ സമൃദ്ധിയായി വളരുന്ന തെങ്ങുകൾ ഭൂമിയെ ഒരിക്കലും മായാത്ത ഹരിതഭംഗിയണിയിക്കുന്നു. സമതല പ്രദേശത്തിൽ വിപുലമായ നെൽകൃഷിയുമുണ്ട്. മലനാടിനും സമതലത്തിനും ഇടയ്ക്കാണ് ഇടനാട്. മണ്ണിൽ ചെങ്കല്ലിന്റെ കലർപ്പുള്ള ഈ മേഖലയിൽ ഒറ്റപ്പെട്ട കുന്നുകൾ താഴ്വരകളെ അവിടവിടെ

തടഞ്ഞു നിർത്തുകയും സമഭൂമികൾ വനച്ഛാദിതമായ ഗിരിപാർശ്വങ്ങളിൽ അവസാനിക്കുകയും ചെയ്യുന്നു' (എ. ശ്രീധരമേനോൻ 1997: 14).

കേരളം എന്ന ഈ ഭൂപ്രദേശം മലബാർ, മലമണ്ഡലം, മലനാട്, മലയാളം എന്നൊക്കെയാണ് വിളിക്കപ്പെട്ടിരുന്നത്. കേരളത്തിൽ നിന്ന് തമിഴ് ക്ഷേത്രങ്ങളിൽ ദാനം ചെയ്തവരെ മലമണ്ഡലത്തിൽ നിന്നുള്ളവൻ, മലയാളത്തിൽ നിന്നു വന്നവൻ എന്നെല്ലാമാണ് വിളിച്ചിരുന്നത്. മലമണ്ഡലം പ്രാചീനതമിഴകത്തിന്റെ ഒരു ഭാഗമായിരുന്നെന്നും തമിഴ് കൃതികളിൽ പരാമർശിക്കപ്പെടുന്ന ഭൂവിഭജനരീതി കേരളത്തിലും ഉപയോഗിക്കപ്പെട്ടിരുന്നതായി കരുതാമെന്നും കെ.എൻ.ഗണേശ് അഭിപ്രായപ്പെടുന്നു (1990: 2-3).

തമിഴ് ഭൂവിഭജനം ആധുനിക കേരളത്തിന്റെ ഭൂപ്രകൃതി നിർണ്ണയത്തിൽ അങ്ങനെത്തന്നെ ഉപയോഗിക്കാൻ കഴിയില്ലെന്നും തമിഴരുടെ ഭൂവിഭജനം അക്കാലത്തെ ഉത്പാദന പ്രക്രിയയുമായി ബന്ധപ്പെട്ടതാണെന്നും പ്രാചീന കേരളത്തിലെ ഉത്പാദന രൂപങ്ങൾ ഭൂപ്രകൃതിയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് അത് മനസ്സിലാക്കി തരുന്നുണ്ടെന്നും കേരളത്തിൽ അഞ്ചു തിണകളും ഭൂമിശാസ്ത്രപരമായി വ്യത്യസ്തങ്ങളായ പ്രദേശങ്ങളല്ലായിരുന്നെന്നും അവ ഇടകലർന്നിരുന്നെന്നും കെ. എൻ. ഗണേശ് കൂട്ടിച്ചേർക്കുന്നു (1990:45).

ഇടനാടൻ പ്രദേശത്താണ് വള്ളുവനാട് സ്ഥിതിചെയ്യുന്നതെന്ന് വള്ളുവനാടിന്റെ ഭൂപരമായ സവിശേഷതകൾ നോക്കിയാൽ വ്യക്തമാകും. നെൽവയലുകൾ ധാരാളമായി ഇവിടെ കാണുന്നുണ്ട്. കൂടാതെ കുന്നിൻ പുറങ്ങളും ചെങ്കൽ പ്രദേശങ്ങളും കാണാം. ഭാരതപ്പുഴ വള്ളുവനാട്ടിലൂടെയാണ് ഒഴുകുന്നത്. ഈ ഇടനാടൻ ഭൂവിഭാഗത്തെ കുറുകെ മുറിച്ചുകൊണ്ട് ചെറുതും വലുതുമായ അനേകം പുഴകൾ കിഴക്കൻ മലകളിൽ നിന്നുത്ഭവിച്ച് പടിഞ്ഞാറ് കടലിലേക്കൊഴുകുന്നതായും രാജൻ ഗുരിക്കളും രാഘവവാര്യരും അഭിപ്രായപ്പെടുന്നു (1992: 67). പുഴയുടെയും വയലിന്റെയും സാന്നിധ്യം കൊണ്ടും ഭൂപരമായ സ്ഥാനം കൊണ്ടും വള്ളുവനാട്

എന്നറിയപ്പെട്ടിരുന്ന പ്രദേശം ഇടനാടൻ പ്രദേശത്താണെന്ന് ഉറപ്പിക്കാം. ഈ വള്ളുവനാടൻ പ്രദേശത്തെയാണ് എം.ടി തന്റെ കൃതികളുടെ പശ്ചാത്തലമായി ആവിഷ്കരിക്കുന്നത്.

**2.3. പ്രകൃതിയും സാഹിത്യവും**

ഏതൊരു കലയും ഒരു സ്ഥലവത്കരണം സാധ്യമാക്കുന്നുണ്ട്. ദേശത്തിന്റെയും പ്രകൃതിയുടെയും അംശങ്ങൾ മിക്ക ആഖ്യാനങ്ങളിലും കാണാൻ കഴിയും. ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്കുള്ള മാറ്റമാണ് മിക്കവാറും കഥകളിലും സംഭവിക്കുന്നത്. നോവലിലും കഥകളിലും കവിതയിലും നാടകത്തിലുമെല്ലാം കഥ നടക്കുന്ന സ്ഥലത്തെയും അവിടത്തെ പ്രകൃതിയെയും പശ്ചാത്തലമായി ചിത്രീകരിച്ചിട്ടുണ്ടാകും. പ്രകൃതിയെ ഉപാസിച്ച നിരവധി കവികൾ മലയാളത്തിനുണ്ട്. ചങ്ങമ്പുഴയും ഒ. എൻ. വി. യും പി. കുഞ്ഞിരാമൻ നായരും സുഗതകുമാരിയും അയ്യപ്പപ്പണിക്കരും എല്ലാം ഇത്തരത്തിൽ പ്രകൃതിയെ ഉപാസിച്ചവരാണ്. നോവലിലും ഇത്തരം പ്രകൃതിയെ എഴുത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള ശ്രമം നടന്നിട്ടുണ്ട്. നോവലിലെ ഭൂഭാഗദൃശ്യങ്ങളെ തള്ളിക്കളഞ്ഞുകൊണ്ടുള്ള നോവൽ വായനകൾ ഒരിക്കലും പൂർണ്ണമാകില്ല. കാരണം കേവലമായ പ്രകൃതിദൃശ്യങ്ങൾ മാത്രമല്ല കഥയോടും കഥാപാത്രങ്ങളോടും ബന്ധപ്പെട്ടു കിടക്കുന്ന ഒരു അദൃശ്യമായ കണ്ണിയാണ് ഇത്തരം ദൃശ്യങ്ങൾ.

'നോവലിലെ ഭൂപ്രകൃതിയും ഭൂഭാഗ ദൃശ്യങ്ങളും ക്രിയാംശം നടക്കുന്ന വെറും പശ്ചാത്തലമല്ല. ക്രിയാംശത്തിന്റെ സർവ്വപ്രധാനമായ നിർണ്ണായകമായാണ് സ്ഥലം നോവലിന്റെ ആഖ്യാനത്തിൽ ഇടം നേടുന്നത്. അതുകൊണ്ടു തന്നെ നോവലിനെക്കുറിച്ചുള്ള ഒരു പഠനവും അതിലെ ഭൂഭാഗദൃശ്യത്തിന്റെയും സ്ഥലഭാവനയുടെയും ശ്രദ്ധാപൂർവ്വമായ വ്യാഖ്യാനം കൂടാതെ പൂർണ്ണമാകില്ല'(പി.കെ. രാജശേഖരൻ 1999:124).

വള്ളുവനാട് കഥാസ്ഥലിയായി എഴുതപ്പെട്ട *നാലുകെട്ട്, അസുരവിത്ത്, കാലം* എന്നീ നോവലുകളെ മുൻനിർത്തി എം. ടി കൃതികളിൽ വള്ളുവനാടിന്റെ പ്രകൃതിയെ എങ്ങനെ ചിത്രീകരിക്കുന്നു എന്ന അന്വേഷണമാണ് ഈ അധ്യായ ത്തിൽ നടത്തുന്നത്. പ്രകൃതിയെ ഭാവനാമണ്ഡലമെന്ന നിലയിൽ രണ്ടായി തിരിക്കാം.

1. പ്രകൃതി ഭൂഭാഗ ചിത്രണമെന്ന നിലയിൽ (Landscape) ശുദ്ധ പ്രകൃതി.
2. പ്രകൃതി അധ്വാനമണ്ഡലമെന്ന നിലയിൽ-മനുഷ്യർ ഉൾപ്പെടുന്നതും ഉൽപ്പാദനപരവും വർഗ്ഗപരവുമായ ബന്ധങ്ങൾ ഉൾച്ചേരുന്നതുമായ പ്രകൃതി.

എം. ടി കൃതികളിൽ വ്യത്യസ്തമായ രീതിയിലാണ് ഭൂഭാഗങ്ങളുടെ ചിത്രീകരണം നിർവഹിച്ചിട്ടുള്ളത്.

**2.4. അന്യവൽക്കരിക്കപ്പെടുന്ന വയൽക്കാഴ്ചകൾ**

വയലിന്റെ ചിത്രീകരണം എം. ടി കൃതികളിൽ വളരെ ശ്രദ്ധേയമാണ്. ഒരു പ്രധാന തൊഴിലിടമാണ് വയൽ. എന്നാൽ വയലുകൾ എം. ടി കൃതികളിൽ ചിത്രീ കരിച്ചിരിക്കുന്നത് വളരെ വ്യത്യസ്തമായ രീതിയിലാണ്. കൊയ്ത്തുപാട്ടില്ലാത്ത, എല്ലാ കർഷക ശബ്ദങ്ങളെയും നിശബ്ദമാക്കുന്ന വയൽക്കാഴ്ചകളാണ് *നാലുകെ ട്ടിൽ* കാണാനാവുക. കേവല പ്രകൃതിയെന്ന നിലയ്ക്കാണ് ഇവിടെ വയലും പുഴയും മറ്റുമൊക്കെ ചിത്രീകരിക്കപ്പെടുന്നത്. അധ്വാനമണ്ഡലമെന്ന നിലയിൽ വയൽ ചിത്രീകരിക്കപ്പെടുന്നില്ല. വയലിൽ അധ്വാനിക്കുന്ന ഒരു സ്ത്രീയെയോ പുരുഷനെയോ ആഖ്യാനത്തിൽ അധികം കാണുന്നില്ല.

### 2.4.1. നിശബ്ദമാകുന്ന വയലുകൾ

*നാലുകെട്ടി*ലെ വയലുകൾ അധികവും വെള്ളത്തിന്റെ ആധിക്യത്താൽ മൂട പ്പെട്ടതാണ്. 'പാടം മുഴുവൻ വിരിപ്പുവിള നിറവയറായി നിൽക്കുകയാണ്. റോഡു പൊട്ടിയാൽ പാടം മുഴുവൻ വെള്ളത്തിനടിയിൽ.വേഗത്തിൽ വെള്ളമൊഴിച്ചാൽത്ത ന്നെയും ചിങ്ങത്തിൽ കൊയ്തെടുത്തു കളത്തിൽ കൊണ്ടുവന്നിട്ടാൽ നെല്ലുമുഴു വൻ പതിരായിരിക്കും' (വാസുദേവൻനായർ എം. ടി 2009 സി: 116).

ഇവിടെ ഉപയോഗശൂന്യമാകാൻ പോകുന്ന ഒരു വയലിനെയാണ് ചിത്രീകരി ക്കുന്നത്. കർഷകനിൽ നിന്നും അന്യവൽക്കരിക്കപ്പെട്ട വയലാണ് ഇവിടെ കാണു ന്നത്. അപ്പുണ്ണി കാണുന്ന വയലും അയാളുടെ ഓർമ്മയിൽ തെളിയുന്ന വയലും ഇങ്ങനെ അന്യവൽക്കരിക്കപ്പെട്ടതാണ്. അപ്പുണ്ണിയുടെ അമ്മയായ പാറുക്കുട്ടി ഓർക്കുന്നതാണ് ഈ വയൽ ചിത്രം. അമ്മയ്ക്ക് ശങ്കരൻനായരുമായി അടുപ്പമു ണ്ടെന്ന് പറയുന്നതുകേട്ട് അപ്പുണ്ണി അമ്മയുമായി പിണങ്ങിപ്പോകുന്നു. അതോടെ തനിച്ചായ പാറുക്കുട്ടിയുടെ ഓർമ്മയിലെ ഈ വയൽ അവളുടെ അവസ്ഥ വെളിവാ ക്കുന്നുണ്ട്. നിറവയറായി നിൽക്കുന്ന വിളകൾ ഒരമ്മയുടെ ഗർഭാവസ്ഥയെയാണ് ഓർമ്മിപ്പിക്കുന്നത്.നൊന്തുപ്രസവിച്ച മകൻ വീടുവിട്ടുപോയപ്പോൾ ഒരു അമ്മയ്ക്ക് ചിന്തിക്കുന്ന എല്ലാറ്റിലും മാതൃത്വവുമായി ബന്ധമുള്ള അംശങ്ങൾ കണ്ടെത്താൻ സാധിച്ചേക്കാം. നെല്ല് മുഴുവൻ പതിരായേക്കും എന്ന ആശങ്കയ്ക്ക് പാറുക്കുട്ടി യുടെ ജീവിതവുമായി ബന്ധമുള്ള മകൻ തനിക്ക് ഉപകാരപ്പെടാതെ, അവന്റെ സ്നേഹം ലഭിക്കാതെ തന്റെ ജീവിതം അർത്ഥമില്ലാതെ/പതിരായിപ്പോകുമോ എന്ന സംശയവും പാറുക്കുട്ടിക്കുണ്ട്. അവളുടെ ജീവിതവും വയലും ചേർന്നു നിൽക്കു ന്ന സന്ദർഭമായി ഈ വയൽ ചിത്രീകരണം മാറുന്നുണ്ട്.

'തലേന്നു പച്ചകാണാമായിരുന്ന പാടം മുഴുവൻ വെള്ളമാണ്. പറമ്പുകളും ഞാറ്റുവട്ടികളും കഴിഞ്ഞു വെള്ളം പടിവരെ എത്തിയിരിക്കുന്നു. ഇന്നലെ നിറവയ

റായ നെല്ലു നിന്നിരുന്ന പാടങ്ങളിലൂടെയാണ് ഇപ്പോൾ തോണികൾ നീങ്ങുന്നത്' (2009 സി: 120).

തലേന്നത്തെ പച്ച ഇന്നലെവരെ അപ്പുണ്ണി കൂടെയുണ്ടായിരുന്നു എന്ന പ്രതീക്ഷയും സുരക്ഷിതത്വബോധവുമാണ് സൂചിപ്പിക്കുന്നത്. എന്നാൽ ഇന്ന് അത് നഷ്ടമായി എന്ന ബോധം പാറുക്കുട്ടി വേദനയോടെ ഓർക്കുന്നു.

വെള്ളം കയറുന്നതിനു മുമ്പും പിമ്പും രണ്ടുതരം സ്ഥലബോധമാണ് വയൽ പ്രതിനിധാനം ചെയ്യുന്നത്. വെള്ളം കയറുന്നതിനു മുൻപ് അത് നെല്ലിന്റെ ഉത്പാദനസ്ഥലം, കർഷകന്റെ ജീവിതോപാധിയുടെ ഇടം, ഒരു നാടിന്റെ സമ്പദ് വ്യവസ്ഥയുടെ ഉറവിടം എന്നീ നിലകളെയെല്ലാം പ്രതിനിധീകരിക്കുന്നുണ്ട്. എന്നാൽ വെള്ളം കയറുന്നതോടെ ഇത്തരം സ്ഥലപരമായ സവിശേഷതകളെല്ലാം ഇല്ലാതായി യാത്ര ചെയ്യാനുള്ള ഒരു സ്ഥലമായി/ജലയാത്രയുടെ ഒരു ഇടമായി വയൽ മാറുന്നു. വയലിന്റെ യഥാർത്ഥ കാർഷിക ഉപയോഗം എം. ടി കൃതികളിൽ അപ്രസക്തമാണ്.

'നിറവയറായി നെല്ലുനിന്നിരുന്ന പാടങ്ങൾ' എന്ന പ്രയോഗത്തിൽ പൂർണ്ണ ഗർഭിണിയായ ഒരു സ്ത്രീയുടെ അവസ്ഥ പ്രകടമാണ്. ഗർഭിണിയായ സ്ത്രീ പ്രസവിക്കുന്നതിലൂടെ അടുത്ത തലമുറയെ നിലനിർത്തുകയാണ്. നിറവയറായി നിൽക്കുന്ന നെല്ലും അതുപോലെ തന്നെയാണ്. ഇന്നേയ്ക്കുള്ള അന്നവും നാളേയ്ക്കുള്ള വിത്തും അവിടെയുണ്ട്. വെള്ളം കയറുന്നതിലൂടെ അത് നശിക്കുകയാണ് ചെയ്യുന്നത്. കാർഷിക സംസ്കാരത്തിലൂന്നിയ ഒരു ഭാവിയെ അപ്രസക്തമാക്കുകയാണ് ഇവിടെ. തോണികൾ നീങ്ങുന്ന പാടങ്ങൾ എന്നതിലും കർഷകനിൽ നിന്നും അന്യവൽക്കരിക്കപ്പെട്ട പാടമാണുള്ളത്. ഒരു വസ്തു/സ്ഥലം അതിന്റെ പരമപ്രധാനമായ ഉപയോഗത്തിനു വിനിയോഗിക്കാതെ മറ്റ് ഉപയോഗങ്ങൾക്ക് വിനിയോഗിക്കപ്പെടുകയാണിവിടെ. ഇത് യഥാർത്ഥമായ കാർഷിക സ്ഥലബോധത്തിന് എതിരുനിൽക്കുന്നതാണ്.

വേനലിന്റെ വരൾച്ച നേരിടുന്ന വയൽക്കാഴ്ചകളും *നാലുകെട്ടിൽ* കാണാം. വേനലിന്റെ തീക്ഷ്ണത പല കഥാസന്ദർഭങ്ങളോടും ചേർന്നു നിൽക്കുന്നുണ്ട്.

'പൊള്ളുന്ന ഉച്ചവെയിൽ. വരമ്പിലൂടെ നടക്കുമ്പോൾ പൊടിമണ്ണു തീക്കട്ട പോലെ പൊള്ളുന്നു. വയലിറങ്ങി അരികിലൂടെ നടന്നാൽ തണലുണ്ട്' (2009 സി: 75). ഉച്ചവെയിലിലെ വരമ്പും തീക്കട്ടപോലെ പൊള്ളുന്ന പൊടിമണ്ണും അപ്പുണ്ണി യുടെ അപ്പോഴത്തെ ജീവിതാവസ്ഥയെ വരച്ചുകാണിക്കുന്നു. ഫീസടയ്ക്കാൻ കാശില്ലാത്തതിനാൽ തലവേദനയാണെന്നു പറഞ്ഞ് ഉച്ചയ്ക്ക് സ്കൂളിൽ നിന്നും വീട്ടിലേക്ക് പോകുകയാണ് അപ്പുണ്ണി. ജീവിത യാഥാർത്ഥ്യങ്ങൾ, ദാരിദ്ര്യം, അപ മാനം എന്നിവ അവനെ പൊള്ളിക്കുകയാണ്. തീക്കട്ടപോലെ പൊള്ളുന്ന പൊടി മണ്ണ് മണ്ണിന്റെ ഏറ്റവും ഊഷരമായ അവസ്ഥയെ കാണിക്കുന്നു. അതുപോലെ ഊഷരമായ അവസ്ഥയിലാണ് അപ്പുണ്ണിയുടെ ജീവിതവും.

പഠനത്തിനുശേഷം ജോലികിട്ടി അപ്പുണ്ണി നാലുകെട്ടിൽ നിന്നിറങ്ങി പാടവ രമ്പിലൂടെയാണ് പോകുന്നത്. 'പാടത്തിന്റെ നട്ടെല്ലുപോലെ ഉയർന്ന നടുവരമ്പി ലൂടെ അപ്പുണ്ണി ധൃതിയിൽ നടന്നു'(2009 സി: 170). ഇവിടെ പാടത്തിന്റെ നട്ടെല്ലായി വരമ്പ് പ്രതിനിധീകരിക്കപ്പെടുന്നു. 'നട്ടെല്ലുള്ളവൻ' എന്ന പ്രയോഗത്തിൽ നട്ടെല്ല് ആണത്തം, അഭിമാനം എന്നിവയുടെ സൂചകങ്ങളാണ്. വരമ്പത്ത് നിൽക്കുന്ന അഭിമാനിയായി ഇവിടെ അപ്പുണ്ണി മാറുന്നുണ്ട്.

ജോലികിട്ടി പണം സമ്പാദിച്ച് നല്ല നിലയിൽ എത്തിയപ്പോഴും അപ്പുണ്ണി യുടെ സ്വപ്നം 'പാടത്തിന്റെ നടുവിലൂടെ, ഉയർന്ന വരമ്പിലൂടെ തല ഉയർത്തിപ്പി ടിച്ച് ഒന്നു നടക്കണം' എന്നതാണ്. ഇവിടെയെല്ലാം ഒരു ഫ്യൂഡൽ ബോധം പേറുന്ന അപ്പുണ്ണിയെയാണ് കാണാനാവുക. പാടത്തിറങ്ങുക എന്നതോ പാടത്ത് പണിയെടുക്കുന്നവരോ ഒരിക്കലും അയാളുടെ ഓർമ്മകളിലോ ജീവിതത്തിലോ പരിഗണിക്കപ്പെടുന്നില്ല. അപ്പുണ്ണിയും അവന്റെ സ്വപ്നങ്ങളും എപ്പോഴും പാടത്തി റങ്ങാൻ മടിക്കുന്ന സവർണ്ണ മൂല്യബോധത്തിൽ തന്നെയാണ്.

വക്കീൽ കുമാരൻനായരും കുട്ടൻനായരും തമ്മിൽ വയൽവക്കത്ത് വെച്ച് വടക്കേപ്പാട്ടെ ഓഹരി ഭാഗം വെക്കുന്നതിനെപ്പറ്റി സംസാരിക്കുന്നുണ്ട്. ഭാഗംവെപ്പിന്റെ കാര്യം അറിഞ്ഞതു മുതൽ വക്കീൽ കുമാരൻനായർ കുട്ടൻനായരെ നോക്കി നടക്കുകയായിരുന്നു. 'തൃത്താല രജിസ്ട്രാഫീസിൽ നിന്ന് ഒരു ചൂണ്ടിപണയത്തിന്റെ രജിസ്റ്റർ കഴിഞ്ഞു തിരിച്ചു വരുമ്പോഴാണ് തോണിക്കടവിനടുത്തെ വയലിന്റെ വരമ്പത്ത് ചെറുമികൾ ചാഴിവീശുന്നതും നോക്കി കുട്ടൻനായർ ഇരിക്കുന്നത് കണ്ടത്' (2009 സി: 109). ചെറുമികൾ ചാഴിവീശുന്നതും നോക്കി വയലിന്റെ വരമ്പത്തിരിക്കുന്ന കുട്ടൻനായർ മുൻപ് സൂചിപ്പിച്ച പാടത്തിറങ്ങാൻ മടിക്കുന്ന, അധ്വാനത്തെ വിലക്കെടുക്കാത്ത അലസതയുടെയും പ്രമാണിത്തത്തിന്റെയും പ്രതിനിധി തന്നെയാണ്.

പിന്നീട് അപ്പുണ്ണി തിരിച്ചുവരുമ്പോൾ കാണുന്നത് കൊയ്ത്ത് കഴിഞ്ഞ് കിടക്കുന്ന പാടമാണ്. 'പാടം കൊയ്ത്ത് കഴിഞ്ഞു കിടക്കുകയാണ്. വലിയ വരമ്പിലേക്ക് കയറിയപ്പോൾ അയാൾ പുതിയൊരു സിഗരറ്റിന് തീ കൊളുത്തി. എതിരേ വന്ന ഒരു വയസ്സൻ പാണൻ തിരുവായുസ്സുനേർന്നു കണ്ടത്തിലേയ്ക്കിറങ്ങി മാറി നിന്നു' (2009 സി: 190).

കൊയ്ത്ത് കഴിഞ്ഞ പാടമോ വെള്ളം കയറി നശിച്ച പാടമോ അല്ലാതെ കതിരുവിളഞ്ഞ് നില്ക്കുന്ന പാടം ഒരിക്കലും അപ്പുണ്ണിയുടെ കാഴ്ചകളിൽ വരുന്നില്ല. വരമ്പത്തേയ്ക്ക് കയറി പുതിയൊരു സിഗരറ്റിന് തീകൊളുത്തുമ്പോൾ അധികാരത്തിന്റെ പുതിയ കീഴടക്കലുകൾ സംഭവിക്കുകയാണിവിടെ. അവിടെയും വയൽവരമ്പ് അധികാരത്തിന്റെ ചിഹ്നമായി മാറുന്നുണ്ട്. ഒന്നുമില്ലായ്മയിൽ നാടുവിട്ടുപോയി സമ്പന്നനായി തിരിച്ചു വന്നപ്പോഴും അപ്പുണ്ണി ഫ്യൂഡൽ സ്വപ്നങ്ങളെ സാക്ഷാത്കരിക്കുക തന്നെയാണ് ചെയ്യുന്നത്. നാടുവിടലിനോ അന്യദേശവാസത്തിനോ അയാളുടെ സവർണ്ണ ബോധ്യങ്ങളിലടിയുറച്ച മനസ്സിനെ മാറ്റാൻ സാധിച്ചില്ല.

### 2.4.2. കാൽപ്പനികതയുടെ കതിരുവിളയുന്ന പാടങ്ങൾ

*അസുരവിത്തി*ലെ വയൽക്കാഴ്ച *നാലുകെട്ടി*ലേതിൽ നിന്ന് വ്യത്യസ്തമാണ്. താഴെ മൂന്നു കണ്ടവും ഒരു വള്ളും ചേർന്ന ചെറുകോടു നിലം കതിരാടി നിൽക്കുന്ന വയലാണ് കാണുന്നത്. പന്ത്രണ്ടുമേനി കൊയ്യാൻ സാധിക്കുന്ന വിളയാണ്. പുതിയ നെല്ലിന്റെ ചുവന്ന ചോറു നാക്കിലയിൽ നിറച്ചു വിളമ്പുന്ന കാലം സ്വപ്നം കണ്ടു കഴിയുന്നത് ഗോവിന്ദൻകുട്ടി ഓർക്കുന്നുണ്ട്.

ഊർച്ചക്കണ്ടത്തിനപ്പുറത്തെ ചെറിയ കണ്ടങ്ങളിൽ പൂട്ടുനടക്കുന്നു. പൂട്ടുന്ന തൊഴിലാളികളുടെ ആർപ്പു കേൾക്കുന്ന വയലാണ് ഇവിടെ ചിത്രീകരിക്കുന്നത്. 'ഊർച്ച മരത്തിനു മുകളിലൂടെ കൊഴുത്ത ചേറ് മറിയുമ്പോൾ പൊങ്ങുന്ന ഇഴുക്കമുള്ള മണ്ണിന്റെ മണം തട്ടിയാൽ കുട്ടിക്കാലത്തു ലഹരി കയറിയിരുന്നു' (വാസുദേവൻനായർ എം. ടി 2009 എ: 39).

കാർഷിക ജീവിതവുമായും മണ്ണുമായും ബന്ധമുള്ള കഥാപാത്രമാണ് ഗോവിന്ദൻകുട്ടി. എന്നാൽ അയാളും സമുദായത്തിലെ ഉയർന്ന സ്ഥാനം കാരണം എത്രകാലം ജോലി ഇല്ലാതിരുന്നിട്ടും പാടത്തിറങ്ങാനോ പണിചെയ്യാനോ തയ്യാറാകുന്നില്ല. മണ്ണിന്റെ മണം തട്ടിയാലുണ്ടാകുന്ന കുട്ടിക്കാലത്തെ ലഹരി വലുതാകുന്നതോടെ നഷ്ടമാകുന്നു. അത്തരത്തിലുള്ള ഒരു സാമൂഹ്യസ്ഥലത്താണ് ഗോവിന്ദൻകുട്ടിയുടെ ജീവിതം.

'വയൽവക്കിലെ കവുങ്ങിൻതോട്ടത്തിലെ തണലുകളിൽ ചെറിയ കാവൽമാടങ്ങൾപോലെ കാണപ്പെട്ട കുണ്ടൻ കുടകളനങ്ങി, ചെറുമികൾ കണ്ടത്തിലിറങ്ങി. മൂത്ത ചെറുമൻ വരമ്പു മുട്ടത്തിൽ കൂട്ടിവെച്ച തലയരിഞ്ഞ ഞാറ്റിൻ മുടികൾ വീശിയെറിഞ്ഞു കറുത്ത ചേറിൽ അളന്നുമുറിച്ചിട്ടപോലെ അകലമൊപ്പിച്ച് വീണ ഞാറ് പച്ചപ്പുള്ളികളായി' (2009 എ: 41).

കർഷകത്തൊഴിലാളികളുടെ അധ്വാനവും കൈത്തഴക്കവും ഇവിടെ പ്രകടമാണ്. മിക്ക കീഴാള കഥാപാത്രങ്ങൾക്കും പേരില്ല എന്ന പ്രത്യേകത ശ്രദ്ധേയ

മാണ്. അളന്നു മുറിച്ചിട്ടപോലെ അകലമൊപ്പിച്ച് വീഴുന്ന ഞാറ്റു മുടികൾ കർഷകന്റെ തൊഴിൽ വൈദഗ്ധ്യമാണ് കാണിക്കുന്നത്. തന്റെ തൊഴിലിൽ എത്ര വിദഗ്ദ്ധനായിരുന്നാലും ജാതിയിൽ താഴ്ന്നവനായതുകൊണ്ടുതന്നെ അവന് പേരുപോലും ഇല്ലാതായി. ഇങ്ങനെ ചരിത്രത്തിൽ പേരില്ലാത്തവനെ സാഹിത്യത്തിലും പേരില്ലാത്തവനായി നിലനിർത്തുകയാണ് എം. ടി ചെയ്യുന്നത്.

തൊഴിലിടങ്ങളിലെ വിവേചനം നോവലിൽ പലയിടത്തും വ്യക്തമായി കാണുന്നുണ്ട്. ഇപ്പോൾ നിലം കൊയ്യാനെത്തുന്നത് താഴത്തേതിലെ ചെറുമക്കളല്ല, മമ്മാലിയുടെ കൂലിപ്പണിക്കാരാണ് എന്ന് ഗോവിന്ദൻകുട്ടി ഓർക്കുന്നു. ഇവിടെ താഴത്തേതിലെ ചെറുമക്കൾ കൊയ്യാൻവരാത്തത് ഗോവിന്ദൻകുട്ടിയെ സംബന്ധിച്ചിടത്തോളം സങ്കടമാകുന്നത് അവർക്ക് കൂലി കൊടുക്കേണ്ടതില്ല എന്നതുകൊണ്ടു മാത്രമാണ്. രണ്ടുതരം തൊഴിലാളികളെപ്പറ്റിയാണ് ഇവിടെ പറയുന്നത് ഒന്ന് താഴത്തേതിലെ ചെറുമക്കൾ, രണ്ട് മമ്മാലിയുടെ കൂലിപ്പണിക്കാർ. ജാതിപ്പേരുകൊണ്ടു മാത്രം സൂചിതമാകുന്ന ചൂഷിതരാണ് ആദ്യത്തേത്. രണ്ടാമത്തേത് കൂലിപ്പണിക്കാരാണ്. അവർ കൂലികിട്ടിയാലേ പണിചെയ്യൂ എന്ന് ആ വാക്കിൽ തന്നെയുണ്ട്.

ഓർമ്മയിലെ വയൽക്കാഴ്ചകളും ഇപ്പോഴത്തെ വയൽക്കാഴ്ചകളും ഗോവിന്ദൻകുട്ടിയുടെ മനസ്സിൽ രണ്ടുതരം ചിത്രങ്ങളാണ് വരയ്ക്കുന്നത്. ഞാറ്റുകണ്ടത്തിലെ കർഷകരുടെ അധ്വാനം നോക്കിനിൽക്കേ ഗോവിന്ദൻകുട്ടിയുടെ ഓർമ്മകളിൽ കൃഷിയും പാടവും എല്ലാം തെളിയുന്നു. കരിതാഴ്ത്തി ചേറു കലക്കി വലിക്കുന്ന പത്തിരുപത്പൂട്ട് കന്നും ഊർന്നു നിരപ്പാക്കുന്ന ചെറുമക്കളുടെ ആർപ്പുവിളികളും ചേറുലയുന്ന സ്വരവും അയാളുടെ ഓർമ്മകളിൽ തെളിയുന്നു.

'ചെറുമികൾ വരിയായി കുമ്പിട്ടുനിൽക്കുന്നതോടെ കൈകൾ താളത്തിൽ പ്രവർത്തിക്കുന്നു. ചേറിൽ പൊട്ടുകുത്തി കിടക്കുന്ന ഞാറ്റിൻ മുടികൾ വിടരുന്ന പച്ചപ്പാവാടച്ചുരുളുകളെ ഓർമ്മിച്ചുകൊണ്ട് നിരന്നു കയറുന്നു' (2009 എ: 41).

വരിയായി കുമ്പിട്ടു നിൽക്കുന്ന ചെറുമികളും അവരുടെ താളത്തിൽ പ്രവർത്തിക്കുന്ന കൈകളും എന്ന പ്രയോഗം ഒരു യാന്ത്രികാനുഭൂതിയാണ് ഉണ്ടാക്കുന്നത്. ഒരു ജൈവികാനുഭൂതി ഉണ്ടാക്കാൻ ഇവിടെ കഴിയുന്നില്ല. മാത്രമല്ല ചേറിൽ പൊട്ടുകുത്തി കിടക്കുന്ന ഞാറ്റിൻ മുടികൾ, പച്ചപ്പാവാടചുരുളുകൾ പോലെയാണ് ഗോവിന്ദൻകുട്ടിയ്ക്ക് അനുഭവപ്പെടുന്നത്. അധ്വാനത്തിന്റെ തീക്ഷ്ണമായ അനുഭവമാണ് മണ്ണിൽ വീഴുന്ന ഞാറ്റിൻ മുടികൾ. അത് നാളത്തേക്കുള്ള അന്നമാണ്. അതിനുവേണ്ടി അധ്വാനിക്കുന്ന കർഷക സ്ത്രീയുടെ വസ്ത്രസങ്കൽപ്പത്തിൽ നിന്നും അന്യമായതാണ് പച്ചപ്പാവാടചുരുളുകൾ. വയലിൽ നടക്കുന്ന അധ്വാനത്തിന്റെ മഹത്വമല്ല, പച്ചപ്പാവാടച്ചുരുളുകളുടെ കാൽപ്പനികതയിലാണ് ഗോവിന്ദൻകുട്ടിയുടെ മനസ്സ് ചെല്ലുന്നത്.

കൃഷിക്കാരനായശേഷം പുത്തൻ കൊയ്ത്തിനേക്കാളും അയാളെ ആഹ്ലാദിപ്പിക്കാറ് നാടും പണിയുമാണ്. കാളിത്തള്ളയും മാണിയും കൂടി ഏഴെട്ടു ദിവസമെടുക്കും ചെറുകോടു നാടു കഴിക്കാൻ. ഗോവിന്ദൻകുട്ടി ആ സമ്പ്രദായം മാറ്റി. പത്തു ചെറുമികളെ കണ്ടത്തിലിറക്കി ഒറ്റദിവസംകൊണ്ട് നട്ടു തീർക്കും.

പുത്തൻ കൊയ്ത്തിനേക്കാളും നാടും പണിയും ഇഷ്ടപ്പെടുന്ന ഗോവിന്ദൻകുട്ടി നല്ലൊരു കർഷകനാണെന്ന് നമുക്ക് തോന്നാം. എന്നാൽ ചെറുമികളെ പാടത്തിറക്കി ജോലി ചെയ്യിക്കുകയാണയാൾ. എം. ടി യുടെ നായകന്മാരെല്ലാം വയൽവരമ്പിൽ നിൽക്കാൻ ആഗ്രഹിക്കുന്നവരാണ്. പാടത്തിറങ്ങാനോ അധ്വാനിക്കാനോ അവരൊന്നും തയ്യാറല്ല. അതിൽ തെല്ലെങ്കിലും പാടത്തിറങ്ങുകയും പണി ചെയ്യുന്നതിൽ സഹായിക്കുകയും ചെയ്യുന്നത് ഗോവിന്ദൻകുട്ടി മാത്രമാണ്.

ഗോവിന്ദൻകുട്ടിയുടെ കൂട്ടുകാരനാണ് മാമ്പി. അവനും ഒരു കർഷകത്തൊഴിലാളിയായി മാറുകയാണ് ചെയ്യുന്നത്. അവനെ തൊട്ടതിന്റെ പേരിൽ ഗോവിന്ദൻകുട്ടിക്ക് തല്ലു കിട്ടിയിട്ടുണ്ട്. 'ഗോവിന്ദൻകുട്ടി സ്കൂളിൽ പോകാൻ തുടങ്ങിയ കാലത്തു മാമ്പി പൂന്തോട്ടത്തിലെ കന്നിനെ നോക്കാൻ തുടങ്ങി; അഞ്ചാം ക്ലാസ്സ്

ജയിച്ചപ്പോഴേക്ക് ഓണവും വിഷുവും എടുത്തു പൂന്തോട്ടത്തിലെ പടിക്കൽ ചെറുമനായി' (2009 എ: 49). ഒരേ പ്രായത്തിലുള്ള രണ്ടു കുട്ടികളുടെ ജീവിതം വ്യത്യസ്തമാകുന്ന കാഴ്ചയാണ് ഇവിടെ കാണുന്നത്. ഗോവിന്ദൻകുട്ടി പഠിക്കേണ്ടവനാണ്. എന്നാൽ മാമ്പിയുടെ ജീവിതത്തിന്റെ നിയോഗം ഒരു ചെറുമനാകുക എന്നതാണ്.

ആ ഗ്രാമത്തിൽ ഹിന്ദു മുസ്ലീം സംഘർഷം നടക്കുന്നുണ്ട്. മഴയത്തു മണൽകുത്തിയൊഴുകി ചെമ്മണ്ണിളകി ചളികൂടിക്കിടക്കുന്ന ഒഴിഞ്ഞ നാട്ടുവഴി നാട്ടിലെ സംഘർഷത്തെ പരോക്ഷമായി പ്രതിനിധീകരിക്കുന്നുണ്ട്. വഴിയുടെ ഒരു വശത്ത് മതിൽപോലെ ഇടതിങ്ങി വളരുന്ന മുൾക്കൈതക്കൂട്ടമുണ്ട്. ആ വഴിയിലൂടെയാണ് കുഞ്ഞരക്കാർ നടക്കുന്നത്. അയാൾ മതത്തിന്റെ പേരിലുള്ള സംഘർഷത്തെ എതിർക്കുന്ന വ്യക്തിയാണ്. അയാളുടെ വഴികളിൽ അയാൾ മാത്രമേയുള്ളു. വളരുന്ന കൈതക്കൂട്ടം വരാനിരിക്കുന്ന സംഘർഷങ്ങളെ ഓർമ്മിപ്പിക്കുന്നുണ്ട്. ചെമ്മണ്ണിളകിയ വഴി ആ നാടിന്റെ ഉറപ്പായിരുന്ന മതേതരത്വത്തിന്റെ ഇളക്കത്തെ തന്നെയാണ് സൂചിപ്പിക്കുന്നത്. ഓരോ ജീവിതസന്ദർഭത്തേയും പ്രകൃതിയുമായി ബന്ധിപ്പിക്കാൻ എം. ടി ശ്രമിക്കുന്നുണ്ട്. പ്രകൃതിയെ വ്യക്തിജീവിതത്തോടു മാത്രമല്ല നാടിന്റെ സാമൂഹികജീവിതത്തോടും ബന്ധിപ്പിക്കാനുള്ള ശ്രമം ഇവിടെ കാണുന്നുണ്ട്.

സമ്പത്തെല്ലാം നഷ്ടമായിക്കൊണ്ടിരിക്കുന്ന, പ്രതാപം അവസാനിച്ചുകൊണ്ടിരിക്കുന്ന തറവാട്ടിലെ കണ്ണിയാണ് ഗോവിന്ദൻകുട്ടി. 'ചെറുകോടു നിലം കൊയ്താൽ കറ്റയെത്തുന്നത് മമ്മാലിയുടെ മുറ്റത്താണ്' (2009 എ: 66). സ്ഥലത്തിന്റെ സാമൂഹികമായ മാറ്റമാണ് ഇവിടെ കാണുന്നത്. ഭൂപരിഷ്ക്കരണം വന്നതോടെ സമ്പത്തെല്ലാം നഷ്ടമായ തറവാടുകളിലൊന്നിലെ പ്രതിനിധിയാണ് ഗോവിന്ദൻകുട്ടി. പണ്ട് ചെറുകോടു നിലം കൊയ്താൽ കറ്റയെത്തുന്ന മുറ്റം മാറിപ്പോയിരിക്കുന്നു. ജന്മിത്വത്തിൽ നിന്നും മുതലാളിത്തത്തിലേക്കുള്ള സാമൂഹ്യമാറ്റമാണ് ഇവിടെ കാണുന്നത്.

'മഴപെയ്തു കുതിർന്ന പടിവാതിൽക്കൽ നിന്നും പാടത്തേക്കു നോക്കി. ഞാറുകളെല്ലാം വേരോടി കറുത്തുകഴിഞ്ഞിരുന്നു. കാറ്റടിക്കുമ്പോൾ പാടത്തിനു മുകളിൽ തിളങ്ങുന്ന മഞ്ഞവെയിൽ അലയിളകി. കാണാത്ത കാലടികൾ നീങ്ങു മ്പോൾ കോടി മായാത്ത പാവുമുണ്ടിന്റെ വീതിക്കസവുകര ഒഴുകിയകലുകയാണ്' (2009 എ: 76).

ഞാറുകൾ കറുത്തു വേരോടി നിൽക്കുമ്പോഴും ഗോവിന്ദൻകുട്ടിയ്ക്ക് പാട മൊരു കാൽപ്പനിക ഭൂമിയാവുകയാണ് ഇവിടെ. കോടിമായാത്ത പാവുമുണ്ടും ഒഴു കിയകലുന്ന വീതിക്കസവുകരയും സുവർണ്ണ സ്വപ്നങ്ങളുടെ സാക്ഷ്യമാണ്. ഒരു അധ്വാന സ്ഥലമായല്ല കാൽപ്പനിക സ്വപ്നങ്ങളുടെ വിളനിലമായാണ് ഗോവി ന്ദൻകുട്ടി വയലിനെ കാണുന്നത്. നോവലിലെ ചില സന്ദർഭങ്ങളിൽ വയലിലെ അധ്വാനങ്ങൾ ഗോവിന്ദൻകുട്ടിയുടെ ഓർമ്മകളിൽ തെളിയുന്നുണ്ടെങ്കിലും അവി ടെയും ഗോവിന്ദൻകുട്ടി അധ്വാനത്തെ മുകളിൽ നിന്നും നോക്കിക്കാണുകയാണ്.

പെരുമ്പലത്ത് കൃഷിപ്പണി നോക്കി നടത്താൻ ശേഖരേട്ടൻ പറഞ്ഞതനുസ രിച്ച് പോകുമ്പോഴും ഒരു സാമ്രാജ്യം ഭരിക്കുന്ന സുഖമായിരുന്നു ഗോവിന്ദൻകുട്ടി യുടെ മനസ്സിൽ. വിളഞ്ഞു കിടക്കുന്ന പാടങ്ങളും കാവൽ വിളികളും കൂക്കും കേൾക്കുന്ന ചെറുമക്കളുടെ കാവൽ മാടങ്ങളുമാണ് പെരുമ്പലത്തെ കാഴ്ചകൾ. അയാളെ അവിടെ നിന്നും തിരിച്ച് പൂന്തോട്ടത്തിലേക്ക് വിളിപ്പിച്ചു. മഞ്ഞുവീണ് നനഞ്ഞ് കതിരുകൾ തലചായ്ക്കുന്ന വരമ്പുകളിലൂടെയാണ് അയാൾ തിരിച്ചു പോകുന്നത്. അയാളുടെ വിവാഹക്കാര്യത്തിനാണ് അയാളെ അങ്ങോട്ടു വിളിപ്പിച്ചി രിക്കുന്നത്. പുതിയൊരു ജീവിതത്തിലേക്കാണയാൾ നടക്കുന്നത്. അതിന്റെ പശ്ചാ ത്തലമൊരുക്കുകയാണ് മഞ്ഞുവീണ കതിരുകൾ കൊണ്ട് നോവലിസ്റ്റ് ചെയ്യുന്നത്.

എന്നാൽ പിന്നീട് ശേഖരൻനായർ തന്നെ ചതിക്കുകയായിരുന്നു എന്ന റിഞ്ഞ ഗോവിന്ദൻകുട്ടി അയാളെ കാണാൻ പോകുന്നുണ്ട്. 'മുണ്ടകൻ കൊയ്തു ന ഗ്നമായി കിടക്കുന്ന പാടത്തിന്റെ വിശാലതയിലൂടെ ഒരു ചുഴലിക്കാറ്റുപോലെ

അയാൾ നീങ്ങി' (2009 എ: 145). നഗ്നമായി കിടക്കുന്ന പാടം, കതിരില്ലാത്ത വരണ്ടു പോയ പാടം, കൊയ്ത്തുകഴിഞ്ഞ് നിശബ്ദമായ പാടം. ആ പാടത്തുകൂടെയാണ് തന്നെ ചതിച്ച പൂന്തോട്ടത്തിലെ ശേഖരൻനായരെ വെല്ലുവിളിച്ച് ഗോവിന്ദൻകുട്ടി നടന്നത്.

പെരുമ്പലത്തേക്ക് കൃഷിപ്പണിനോക്കാൻ പോകുന്നതിന്റെ തലേന്ന് പുത്തൻകളത്തിലെ പടിക്കലെ ഉയർന്ന വരമ്പത്ത് നരച്ചശിരസ്സുമായി നിൽക്കുന്ന കുഞ്ഞരക്കാരുടെ പുരനോക്കി ഗോവിന്ദൻകുട്ടി നിൽക്കുന്നുണ്ട്. നാളെ മുതൽ അയാൾ കാര്യസ്ഥനാണ്. വരമ്പത്ത് നിന്ന് കാര്യങ്ങൾ നോക്കുന്നയാൾ. വയൽവരമ്പ് ഒരു അധികാര ചിഹ്നമായി ഇവിടെയും വരുന്നുണ്ട്.

മതംമാറിയശേഷമുള്ള ജീവിതവും അതിന്റെ നിരർത്ഥകതയും ഗോവിന്ദൻകുട്ടിയ്ക്ക് മനസ്സിലായി. അതോടെ അയാൾ അവിടെനിന്നും ആരും കാണാതെ രാത്രിയിൽ ഇറങ്ങി നടന്നു. പുതിയൊരു സാമൂഹ്യസ്ഥലത്തേക്കുള്ള മാറ്റമാണ് മതംമാറ്റത്തിലൂടെ അയാൾ ആഗ്രഹിച്ചത്. എന്നാൽ അവിടെയും അയാൾ പ്രതീക്ഷിച്ച ജീവിതം സാധ്യമായില്ല.

'ഇടവഴിയുടെ മറുതലയിലെത്തിയപ്പോൾ സംശയിച്ചു നിന്നു. വെള്ളം നിറഞ്ഞു നിൽക്കുന്ന വയൽപ്പരപ്പാണ്' (2009 എ: 211). വെള്ളം നിറഞ്ഞു നിൽക്കുന്ന വയൽ കൃഷിയെ അന്യവൽക്കരിക്കുന്ന വയലാണ്.

'കുന്നിൻ പുറത്തെത്തിയപ്പോഴേക്കു പുഴയും നിരത്തും പാടവും ഒന്നായിക്കഴിഞ്ഞുവത്രേ' (2009 എ: 254). പുഴയും നിരത്തും പാടവും വെള്ളം നിറഞ്ഞ് ഒന്നാകുന്നു. ഇവിടെയും വയലിന്റെ യഥാർത്ഥ ധർമ്മം നിറവേറ്റാൻ സാധിക്കാത്ത കാഴ്ചയാണ് കാണുന്നത്. കർഷകനെ സംബന്ധിച്ച് അസഹ്യമാണ് ഈ കാഴ്ചകൾ.

**2.4.3. തീയാളുന്ന പാടങ്ങൾ**

വയൽ ചിത്രീകരണത്തോടെയാണ് *കാലം* എന്ന നോവലിന്റെ ആരംഭം. നനഞ്ഞ വയൽവരമ്പുകളും കുതിർന്ന മണ്ണും എല്ലാം ചേർന്ന ഒരു ചിത്രമാണ് ആദ്യം തന്നെ കണ്ടെടുക്കാൻ കഴിയുക.

ഒരു യാത്ര ആരംഭിക്കുകയാണ്. ഗ്രാമത്തിൽ നിന്നും നഗരത്തിലേക്കുള്ള യാത്ര. നനഞ്ഞ വയൽ വരമ്പും കുതിർന്ന മണ്ണുമുള്ള പിറുപിറുക്കുന്ന പുഴയും കറുകത്തലപ്പുകളിൽ ഉറങ്ങിക്കിടക്കുന്ന പച്ചക്കുതിരകളും എല്ലാമുള്ള ഗ്രാമത്തിൽ നിന്നാണ് യാത്ര. സേതു പുറപ്പെടുന്ന ഗ്രാമത്തിന്റെ ഒരു ചിത്രം തുടക്കത്തിൽ തന്നെ നമുക്ക് നോവലിസ്റ്റ് നൽകുന്നു. സേതു എന്ന പതിനാറുകാരൻ പഠനത്തി നായി നഗരത്തിലേക്ക് പോവുകയാണ്.

*കാലം* എന്ന നോവലിലെ വയൽ ചിത്രീകരണവും മുമ്പ് രണ്ടു നോവലുക ളിലായി വിശകലനം ചെയ്ത രീതിയിൽ തന്നെയാണ്. *നാലുകെട്ടി*ലും *അസുരവി ത്തി*ലും വെള്ളത്തിന്റെ ആധിക്യംകൊണ്ടാണ് വയൽ കർഷകന് അന്യമാകുന്നതെ ങ്കിൽ *കാല*ത്തിൽ വരൾച്ചകൊണ്ടാണ് അത് സംഭവിക്കുന്നത്. കത്തിക്കാളുന്ന ഉച്ച വെയിലും തീനാളങ്ങൾ പോലെ വീശുന്ന കാറ്റും നിറഞ്ഞ വരണ്ട അന്തരീക്ഷ മാണ് നോവലിൽ.

'കട്ട ഉടച്ചിട്ട പാടങ്ങൾക്കു മുകളിൽ തീ ആളുന്നുണ്ടെന്നു തോന്നും. അതി നുമപ്പുറത്ത് അരയാൽ വീണു കിടക്കുന്ന വേലപ്പറമ്പിനു താഴെ വരണ്ട മണൽപ്പര പ്പിലേക്ക് ഒരു നിമിഷമേ നോക്കാനാവൂ. കണ്ണു മഞ്ഞളിച്ചു പോവും' (വാസുദേ വൻനായർ എം. ടി 2009 ബി: 9).

തീയാളുന്ന പാടങ്ങൾ, വേനലിന്റെ വറുതി ഇതെല്ലാം കർഷകനെ സംബ ന്ധിച്ച് ദുഃഖകരമായ അവസ്ഥയാണ്. കർഷകനെ കാണാത്ത, അവന്റെ മനസ്സ് അറി യാൻ ശ്രമിക്കാത്ത തരത്തിലാണ് എം.ടി കൃതികളിലെ വയലിന്റെ ചിത്രീകരണം. *നാലുകെട്ടിൽ* വെള്ളത്തിന്റെ ആധിക്യത്താൽ നെൽപ്പാടങ്ങൾക്കു മുകളിലൂടെ

തോണി പോകുന്ന കാഴ്ച വിവരിക്കുന്നുണ്ട്. അവിടെ വെള്ളത്തിന്റെ ആധിക്യം കൊണ്ടാണ് വയൽ കർഷകന് സങ്കടം നൽകുന്നതെങ്കിൽ *കാല*ത്തിൽ വെള്ളത്തിന്റെ ഇല്ലായ്മയാണ് കർഷകന് സങ്കടം നൽകുന്നത്. കട്ട ഉടച്ചിട്ട പാടങ്ങളും വരണ്ട മണൽപരപ്പും വറുതിക്കാലത്തെയാണ് ഓർമ്മപ്പെടുത്തുന്നത്. കട്ട വിണ്ടു കിടക്കുന്ന പാടങ്ങൾ നോവലിൽ വേറെയും വരുന്നുണ്ട്.

ഇതിനു സമാനമാണ് സേതുവിന്റെ ജീവിതവും. വറുതിയുടെ സങ്കടത്തിലാണ് സേതുവിന്റെ കുട്ടിക്കാലം കഴിയുന്നത്. പതിവുള്ള മഴയൊന്നും ലഭിക്കാതെ കൊടും ചൂടിൽ തപിക്കുന്ന വയലുപോലെതന്നെയാണ് സേതുവിന്റെ മനസ്സും. അച്ഛൻ പതിവായി അയക്കുന്ന കാശ് വൈകിയാൽ വീട്ടിൽ കഞ്ഞിവെക്കാൻ പോലും കഴിയില്ല. ദാരിദ്ര്യത്തിന്റെ കൂടെ വീട്ടിൽ അമ്മയും ചെറിയമ്മയും തമ്മിലുള്ള വഴക്കും കൂടി ആകുമ്പോൾ തീക്കാറ്റടിക്കുന്ന വയലുപോലെതന്നെയാകുന്നു സേതുവിന്റെ മനസ്സും.

നഗരത്തിൽ ജോലി അന്വേഷിച്ച് പോയ ശേഷമുള്ള തിരിച്ചു വരവിൽ കൊയ്ത്തൊഴിഞ്ഞ പാടമാണ് അയാൾ കാണുന്നത്. 'മുണ്ടകൻ കൊയ്ത് വയൽ മേടത്തിലെ പുതുമഴ കാത്തു ചുക്കിച്ചുളിഞ്ഞു കിടക്കുന്നു' (2009 ബി: 250). വരണ്ട് ചുക്കിച്ചുളിഞ്ഞ വയലാണ് ഇവിടെ കാണുന്നത്. മണ്ണു പോലും ചുട്ടുപഴുത്തു കിടക്കുകയാണ്. *നാലുകെട്ടി*നെയും *അസുരവിത്തി*നെയും അപേക്ഷിച്ച് വയലിന്റെ ചിത്രീകരണം *കാല*ത്തിൽ കുറവാണ്. ഉള്ള വയൽ ചിത്രീകരണങ്ങളാകട്ടെ കർഷകനെ മാറ്റി നിർത്തികൊണ്ടുള്ളതാണ്.

### 2.5. കുന്നിൻ ചെരിവുകൾ

കേരളത്തിന്റെ ഭൂപ്രകൃതി വിഭജനത്തിൽ പറയുന്ന ഇടനാടൻ പ്രദേശം കുന്നുകളും ചെങ്കല്ലിന്റെ കലർപ്പുള്ള മണ്ണും നിറഞ്ഞതാണ്. എം. ടി യുടെ നോവലുകളിൽ ഇത്തരം പ്രദേശങ്ങൾ ഇടക്കിടെ കാണുന്നുണ്ട്. കുന്നിൻപുറങ്ങളും ചെങ്കൽ പ്രദേശങ്ങളും നിറഞ്ഞ ഭൂപ്രകൃതിയുടെ സാന്നിധ്യം *നാലുകെട്ടി*ലും

*അസുരവിത്തി*ലും *കാല*ത്തിലും ഒരു അഭയസ്ഥലമായും കാൽപ്പനികപ്രദേശമായും ഒക്കെയാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്.

### 2.5.1. അഭയത്തിന്റെ സ്ഥലപരിസരം

കുന്നിൻചെരിവ് അപ്പുണ്ണിയെ സംബന്ധിച്ച് അഭയസ്ഥലമാണ്. മനസ്സിന് എന്തെങ്കിലും പ്രയാസമുണ്ടാകുമ്പോൾ അപ്പുണ്ണി കുന്നിൻചെരിവിലേക്കാണ് പോകുന്നത്. സ്കൂളിൽ നിന്നും വീട്ടിലേക്കുള്ള വഴിയിൽ കുന്നിൻപുറത്തെ നനഞ്ഞു നിൽക്കുന്ന പുൽക്കട്ടകൾ ചവിട്ടിയടർത്തി വഴുക്കുചാലുണ്ടാക്കി കളി ക്കുക അപ്പുണ്ണിയുടെ ഒരു വിനോദമാണ്. തറവാട്ടിൽ നിന്ന് പുറത്താക്കിയപ്പോഴും വീട് വിട്ട് ഇറങ്ങിയപ്പോഴും അവൻ എത്തുന്നത് നരിവാളൻ കുന്നിന്റെചെരിവിലേ ക്കാണ്. ആ വിജനതയിൽ അവൻ അഭയം കണ്ടെത്തുകയായിരുന്നു. പ്രകൃതി യിൽ അഭയം തേടുന്ന ഒരു മനസ്സ് അപ്പുണ്ണിയിൽ കാണാം. അവിടെയും ഒരു കാൽപ്പനിക സ്ഥലമായാണ് എം. ടി കുന്നിൻചെരിവിനെ ചിത്രീകരിച്ചിരിക്കുന്നത്. വൈയക്തികമായ ഒരു അനുഭവസ്ഥലമാണ് കുന്നിൻചെരിവ്. അതിനപ്പുറമുള്ള സ്ഥലാവസ്ഥകളിലേക്ക് കുന്നിൻചെരിവ് മാറുന്നില്ല. ഒരു സാമൂഹ്യസ്ഥലമായോ കൃഷിസ്ഥലത്തിന്റെ കൂട്ടായ അനുഭവസ്ഥലമായോ അതിനെ മാറ്റുന്നതിന് നോവ ലിസ്റ്റ് ഒരിക്കലും ശ്രമിക്കുന്നില്ല. കുന്നിൻ ചെരിവുകളിലെ കൃഷി പരാമർശിക്കപ്പെ ടുന്നുണ്ടെങ്കിലും സാമൂഹികമായ/കൂട്ടായ ഒരു അനുഭവസ്ഥലമായി അത് മാറു ന്നില്ല.

'തേങ്ങൽ എക്കിട്ടമായി മാറിയിരിക്കുകയാണ്. ഷർട്ടിന്റെ തുമ്പുകൊണ്ട് കണ്ണുതുടച്ച്, ചക്കരക്കിഴങ്ങ് നടാൻ ഏരി കൂട്ടിയ ചെരിവുകയറി, കുന്നിന്റെ നെറു കയിലെത്തി. ഇളം ചൂടുള്ള വെയിൽ. ചരൽക്കല്ലുകൾ ചവിട്ടിക്കൊണ്ടാണു നടന്ന ത്' (2009 സി: 57).

തറവാട്ടിൽ നിന്നും പുറത്താക്കിയതിന്റെ സങ്കടവും അപമാനവും സഹി ച്ചുള്ള വരവാണ്. ചരൽക്കല്ലുകൾ നിറഞ്ഞ നടവഴി ദുർഘടം നിറഞ്ഞ അവന്റെ

ജീവിതംപോലെയാണ്. അവിടേക്കാണ് സെയ്താലിക്കുട്ടി വരുന്നത്. സെയ്താലി ക്കുട്ടി തറവാട്ടിൽ നിന്നും പുറത്താക്കപ്പെട്ട അപ്പുണ്ണിയെ കാണുന്നിടത്തും വീട് വിട്ട് ഇറങ്ങിയ അപ്പുണ്ണിയെ കാണുന്നിടത്തും പ്രകൃതിയുടെ സാന്നിധ്യമുണ്ട്. കുന്നിൻപുറത്തുനിന്നും സെയ്താലിക്കുട്ടിയാണ് അപ്പുണ്ണിയെ ആശ്വസിപ്പിച്ച് കൂട്ടി ക്കൊണ്ടുപോകുന്നത്. കുന്നിൻചെരിവിൽ ഇരിക്കുമ്പോൾ അപ്പുണ്ണി അറിയാതെ സങ്കടങ്ങൾ മറക്കുന്നു. വൈയക്തികമായ ഒരു അനുഭവസ്ഥലമായി, അഭയസ്ഥാന മായി കുന്നിൻചെരിവ് മാറുന്നു.

'നരിവാളൻ കുന്നിന്റെ ചെരിവിൽ കണ്ണാന്തളിപ്പടർപ്പുകളുടെ നടുവിൽ തുറിച്ചു നിൽക്കുന്ന പാറക്കെട്ടിന്റെ മുകളിൽ അവൻ ഇരിക്കുകയാണ്' (2009 സി: 101).

തറവാടും വീടും നഷ്ടപ്പെട്ട് ഇരിക്കുന്ന അപ്പുണ്ണിയുടെ മുൻപിൽ കണ്ണാന്ത ളിപ്പടർപ്പുകളുടെ നടുവിൽ തുറിച്ചു നിൽക്കുന്ന പാറക്കെട്ടുപോലെ ജീവിതം മുന്നിൽ നിൽക്കുകയാണ്. പോകുവാൻ മറ്റൊരു ഇടമില്ലാതെ എല്ലാം നഷ്ടപ്പെ ട്ടുള്ള ഇരിപ്പാണ്. അയാളുടെ ജീവിതത്തിന്റെ നിസ്സഹായതയാണ് ഇവിടെ വെളി പ്പെടുന്നത്.

തറവാട്ടിലേക്ക് തിരിച്ചു ചെന്നശേഷം രണ്ടു വർഷം കഴിഞ്ഞാണ് അപ്പുണ്ണി വീണ്ടും നരിവാളൻ കുന്നിനുമുകളിൽ എത്തുന്നത്. പത്താംതരത്തിലെ സർക്കാർ പരീക്ഷയ്ക്ക് ഫീസ് അടയ്ക്കാൻ അവസാന ദിവസമായിട്ടും അപ്പുണ്ണിക്ക് കഴിഞ്ഞി ല്ല. കടം വാങ്ങാനായി പലരോടും ചോദിച്ചു എന്നാൽ എവിടെനിന്നും കിട്ടിയില്ല. ഫീസ് അടക്കേണ്ട അവസാന ദിവസം രാവിലെ സ്കൂളിലേക്ക് പോകാതെ നരിവാ ളൻ കുന്നിന്റെ ചെരിവിലാണ് അപ്പുണ്ണി എത്തുന്നത്.

'നിരത്തിൽ നിന്നു വീണ്ടും പാടത്തേയ്ക്കിറങ്ങി. അവിടെ നിന്ന് ഇടവഴി കയറി കുറേ നടന്നപ്പോൾ കുന്നിൻചെരിവിലെത്തി. എങ്ങോട്ടാണീ നടത്തമെന്നാ ലോചിച്ചില്ല. അവസാനം ചെന്നെത്തിയത് നരിവാളൻ കുന്നിന്റെ ചെരിവിലാണ്.

അപ്പോൾ അവന് ഓർമ്മ വന്നു, വീട്ടിൽ നിന്ന് ഇറങ്ങിപ്പോന്ന ആ പ്രഭാതത്തിലും വന്നിരുന്നത് ഇവിടെയാണ്' (2009 സി: 152).

എങ്ങോട്ടാണെന്ന് മുൻധാരണയില്ലാഞ്ഞിട്ടുപോലും മനസ്സിൽ സങ്കടം വരുമ്പോൾ അപ്പുണ്ണി അറിയാതെ എത്തുന്നത് കുന്നിൻചെരിവിലാണ്. 'തുറിച്ചു നിൽക്കുന്ന ആ പാറക്കെട്ട് അപ്പോഴും പഴയപടിതന്നെയുണ്ട്. അവനതിന്റെ മുകളിലിരുന്നു, ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്ന ആ പ്രഭാതത്തിൽ പാറക്കെട്ടിന്റെ മുകളിൽ വന്നിരുന്നത്. അതേ, രണ്ടുകൊല്ലം മുമ്പാണ്. അന്ന് കുന്നിൻപുറം നിറച്ചും കണ്ണാന്തളികളുണ്ടായിരുന്നു' (2009: സി 153).

തുറിച്ചു നിൽക്കുന്ന ആ പാറക്കെട്ട് ഇപ്പോഴും അങ്ങനെ തന്നെയാണ്. അവന്റെ ജീവിതവും ഒരു അറ്റമെത്താത്ത അവസ്ഥയിലാണ്. രണ്ടുകൊല്ലം മുമ്പ് വന്നപ്പോൾ കുന്നിൻചെരിവ് നിറയെ കണ്ണാന്തളിപ്പൂക്കളുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ കണ്ണാന്തളിപ്പൂക്കളെല്ലാം നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

'കരിഞ്ഞ പുൽത്തകിടിയിൽ അവന്റെ നിഴൽ പിന്നിൽ നീണ്ടുകിടന്നു' (2009 സി: 153). പുൽത്തകിടി കുട്ടിക്കാലത്ത് വഴുക്കുചാലുണ്ടാക്കി കളിച്ചിരുന്ന സ്ഥലമാണ്. കുട്ടിക്കാലത്ത് ജീവിത പ്രയാസങ്ങളറിയാത്ത കാലത്ത് വിനോദത്തിനുള്ള സ്ഥലമായിരുന്നു കുന്നിൻചെരിവ്. എന്നാൽ ജീവിതം കഷ്ടപ്പാടുകളിലേക്ക് നീങ്ങിയപ്പോൾ അവന്റെ മോഹങ്ങൾപോലെ പുൽത്തകിടിയും കരിഞ്ഞു കിടക്കുന്നു.

ജോലികിട്ടി പോകുന്നതോടെ വ്യത്യസ്തമായ ഒരു ഭൂപ്രദേശത്താണ് അപ്പുണ്ണി എത്തുന്നത്. തീർത്തും അപരിചിതമായ ഒരു സ്ഥലപരിസരമാണ് വയനാട്ടിലേത്. ചെങ്കുത്തായ മല നിരകളും കാടു പിടിച്ചു കിടക്കുന്ന താഴ്വരകളും ഉച്ചവെയിലിൽ വെട്ടിത്തിളങ്ങുന്ന ഇലപ്പടർപ്പുകൾ നിറഞ്ഞ കാടുകളും കാട്ടുവാഴകൾ പറ്റിപിടിച്ചു നിൽക്കുന്ന പാറക്കെട്ടുകളും നിറഞ്ഞ കാഴ്ചകളാണ് അപ്പുണ്ണി ബസ്സിലിരുന്നു കാണുന്നത്.

പാടങ്ങളും കണ്ണാന്തളിനിറഞ്ഞ കുന്നിൻചെരിവും കൈതക്കാടുകളും പുല്ലാനിപ്പടർപ്പുകളും നിറഞ്ഞ നാട്ടിലെ സ്ഥലത്തിന്റെ കാഴ്ചാനുഭവങ്ങളിൽ നിന്നും വ്യത്യസ്തമാണ് വയനാട്ടിലേത്. കൂറ്റൻ മരങ്ങൾ നിറഞ്ഞ വനാന്തരങ്ങൾ, കരിഞ്ഞ മരക്കുറ്റികൾ, മലയുടെ ശരീരം ചുറ്റിവരിയുന്ന കറുത്ത പാതകൾ അങ്ങിനെ പോകുന്ന വയനാടൻ കാഴ്ചകൾ കുടിയേറ്റത്തിന്റെയും അധിനിവേശത്തിന്റെയും സ്ഥലാനുഭവമാണ് പങ്കുവെക്കുന്നത്. കൊളോണിയൽ അധിനിവേശത്തിന്റെ അവശിഷ്ടങ്ങളായ തേയിലത്തോട്ടങ്ങളും അവിടത്തെ തൊഴിലുമാണ് വയനാട്ടിലെ പ്രധാന ഉപജീവനമാർഗ്ഗം. എന്നാൽ കൂടല്ലൂരിലെ പാടങ്ങളിൽ വിളയുന്ന നെൽക്കതിരുകൾ കർഷക അധ്വാനത്തിനുമേൽ ഫ്യൂഡൽ അധിനിവേശം നടത്തുന്ന അധികാരത്തിന്റെ ഫലമാണ്.

ഒടുവിൽ അപ്പുണ്ണിയ്ക്ക് ഭാഗത്തിൽ ലഭിക്കുന്നതും ചരലും പാറയും പുല്ലാനിപ്പൊന്തയും മാത്രമുള്ള കുന്നിൻചെരിവാണ്. സ്ഥലം ഭാഗംവെച്ചപ്പോൾ അപ്പുണ്ണിക്ക് കിട്ടിയ സ്ഥലത്തിന്റെ അതിരുകൾ മീനാക്ഷിയേടത്തിയിൽ നിന്നാണ് അയാൾ മനസ്സിലാക്കുന്നത്.

'അവിടെ വരുച്ചാൽ മുതൽക്കു ചാത്തപ്പന്റെ ചാളവരെയുള്ള വിശാലമായ ചെരുവു ഭാഗത്തിൽ അയാൾക്കു നീക്കിവെച്ചിട്ടുള്ളതാണ്' (2009 സി: 195).

ഒരു അതിര് വരുച്ചാലും മറ്റേ അതിര് ചാത്തപ്പന്റെ ചാളയുമാണ്. വരുച്ചാൽ മഴവെള്ളമൊഴുകിപ്പോകുന്ന ചാലാണ്.അതിനു സമാനമാണ് ചാത്തപ്പന്റെ ചാളയും എന്ന ധ്വനി ഈ പ്രയോഗത്തിൽ വരുന്നുണ്ട്.

'ചരൽക്കല്ലുകളും ഇടയ്ക്ക് ഒറ്റപ്പെട്ട ചില പുല്ലാനിപ്പൊന്തകളും. ശൂന്യതയുടെ സാമ്രാജ്യംപോലെ ആ സ്ഥലം കിടക്കുന്നു. ആ മണ്ണു തന്റെ സ്വന്തമാണത്രേ!' (2009 സി: 195).

ശൂന്യതയുടെ സാമ്രാജ്യംപോലെയാണ് അയാൾക്ക് ആ സ്ഥലം അനുഭവപ്പെടുന്നത്. തനിക്കുവേണ്ടി ആരും വാദിക്കാനില്ലാത്തതുകൊണ്ടാണ് ആ സ്ഥലം

ലഭിച്ചതെന്നാണ് അപ്പുണ്ണിയുടെ  വിശ്വാസം. അതുകൊണ്ടുതന്നെ അത് ആർക്കും വേണ്ടാത്ത സ്ഥലമാണെന്ന് അപ്പുണ്ണി കരുതുന്നു.

'ചരലും പാറയും പുല്ലാനിപ്പൊന്തയും മാത്രമുള്ള കുന്നിൻചെരിവ് അപ്പുണ്ണിയ്ക്ക്.അവിടെ ചോരനിറമുള്ള മണ്ണ് നൂറ്റാണ്ടുകളായി ഉറങ്ങിക്കിടക്കുന്നു.  അതിന്റെ മധ്യത്തിൽ നിൽക്കുമ്പോൾ ആ മണ്ണിൽ വിളകൾ കിളിരുന്നത് അയാളുടെ ഭാവനയിൽ തെളിഞ്ഞുവന്നു'(2009 സി: 195).

നൂറ്റാണ്ടുകളായി ഉറങ്ങിക്കിടക്കുന്ന മണ്ണ്.  ഉർവ്വരമായ ആ അവസ്ഥയിൽ നിന്നും ആ മണ്ണ് മോചിപ്പിക്കപ്പെടണമെങ്കിൽ മണ്ണ് അധ്വാനത്തിന്റെ കരുത്തറിയണം. അവിടെ കൃഷിയിറക്കണം. ആ സ്ഥലത്തിന്റെ നടുവിൽ നിൽക്കുമ്പോൾ ആ മണ്ണിൽ വിളകൾ കിളിരുന്നത് അയാളുടെ ഭാവനയിൽ തെളിയുന്നുണ്ട്.  എന്നാൽ അധ്വാനവും അതിന്റെ മഹത്വവും മണ്ണിൽനിന്നും അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത അപ്പുണ്ണിയുടെ ഭാവനയിൽ അദ്ദേഹം തികഞ്ഞ മുതലാളി തന്നെയാണ്.  തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിച്ച് അതിന്റെ ഫലം അനുഭവിക്കുന്ന മുതലാളിത്ത മനസ്സാണ് അപ്പുണ്ണിയെ നയിക്കുന്നത്. അതുകൊണ്ടാണ് അപ്പുണ്ണിക്ക് വയൽവരമ്പത്തുകൂടി നടക്കുന്നത് ആഗ്രഹമാകുന്നതും വയലിലിറങ്ങുന്നത് അയാളുടെ ആഗ്രഹങ്ങളുടെ അതിരിൽപ്പോലും വരാത്തതും. പാടത്തിന്റെ നട്ടെല്ലുപോലുള്ള വരമ്പും അതിലൂടെയുള്ള നടത്തവും അയാളെ ആനന്ദിപ്പിക്കുന്നു. അതുകൊണ്ടുതന്നെ തനിക്ക് കിട്ടിയ മണ്ണിൽ അധ്വാനിക്കാൻ അയാൾ ഒരിക്കലും തയ്യാറാകില്ല.  സിഗരറ്റ് കത്തിച്ച് പാടവരമ്പിലൂടെ നടക്കുന്ന, ചെറുപ്പം മുതലേ പാടവരമ്പിലൂടെ തല ഉയർത്തി നടക്കണം എന്ന് ആഗ്രഹിച്ച അപ്പുണ്ണിക്ക് വലിയമ്മാവനേക്കാൾ വലിയ ജന്മിയാകാൻ തന്നെയാണ് ആഗ്രഹം. കൊളോണിയൽ അവശിഷ്ടങ്ങളായ തേയിലത്തോട്ടങ്ങളിൽ നിന്നും ഉപജീവനമാർഗ്ഗം കണ്ടെത്തിയവനാണ് അപ്പുണ്ണി. അതുകൊണ്ടു തന്നെ നാടിന്റെ ജൈവികമായ അനുഭവങ്ങളെയും അനുഭൂതികളെയും അയാൾക്ക് കണ്ടെത്താൻ കഴിയില്ല.

### 2.5.2. അതിരാളൻകുന്നും കണ്ണാന്തളിപ്പൂക്കളും

*അസുരവിത്തി*ലും കുന്നിൻചെരിവും പറമ്പുകളും കഥാസന്ദർഭങ്ങളുടെ പ്രതീകമായി ഇടക്കെല്ലാം വരുന്നുണ്ട്. *നാലുകെട്ടി*ലെപ്പോലെ തന്നെ ഒരു അഭയ സ്ഥലമായാണ് കുന്നിൻചെരിവുകൾ *അസുരവിത്തി*ലും കാണുന്നത്. കഞ്ഞിവെ ക്കാൻ അരിയില്ലാതെ അരി വാങ്ങാൻ ഒരു മാർഗ്ഗവുമില്ലാതെ വിഷാദനായി ഗോവി ന്ദൻകുട്ടി പോകുന്നത് കുന്നിൻചെരിവിലേക്കാണ്. മൂച്ചിക്കാട് കടന്ന് പറങ്കിമാവു കൾ വളരുന്ന ചരൽപ്പറമ്പുകളിലൂടെയാണ് അയാൾ നടന്നത്. ഇത്തരം വിഷാദ ത്തോടെയുള്ള യാത്രകളിലെല്ലാം ചരൽപ്പറമ്പ് ഒരു പ്രതീകമായി കടന്നുവരുന്നു ണ്ട്. നടത്തത്തെ ദുസ്സഹമാകുന്ന, കാലുകളെ വേദനിപ്പിക്കുന്ന സ്ഥലമാണ് ചരൽപ്പറമ്പുകൾ.

'ഒറ്റപ്പെട്ട പറങ്കിമാവുകൾ വളരുന്ന ചരൽപ്പറമ്പുകൾ ക്രമത്തിൽ ഉയർന്നു ചെന്നു കുന്നുകളിൽ തല ചായ്ക്കുന്നു.'(2009 എ: 70)

ഒരു അഭയസ്ഥാനമില്ലാത്ത തന്റെ സങ്കടം ഗോവിന്ദൻകുട്ടിയുടെ ഈ ചിന്ത കളിലുണ്ട്. ഒരു ആശ്രയമില്ലാതെ അലയേണ്ടിവരുന്ന ഇയാൾക്ക് അഭയമാകുന്നത് ചരൽപ്പറമ്പുകൾ തലചായ്ക്കുന്ന കുന്നുകൾ തന്നെയാണ്. ഇവിടെ ചരൽപ്പറമ്പു കൾപ്പോലെയുള്ള അയാളുടെ ജീവിതവും പ്രതീകവൽക്കരിക്കപ്പെടുന്നുണ്ട്.

അതിരാളൻകുന്നും കണ്ണാന്തളിപ്പൂക്കളും പ്രണയത്തിന്റെ പ്രതീകമായും ചില സന്ദർഭങ്ങളിൽ വരുന്നുണ്ട്. നബീസുവിന്റെ കൂടെ നടക്കുമ്പോൾ അവളുടെ യൗവ്വനത്തിന്റെ അടയാളങ്ങൾ കാണുമ്പോൾ അയാൾ അതിരാളൻ കുന്നിലെ കണ്ണാന്തളിപ്പടർപ്പുകളെയാണ് ഓർത്തത്. 'ഓണക്കാലമടുത്തെത്തുമ്പോൾ ഒരു ദിവസം പൊടുന്നനെ നീലച്ഛായയിലലിഞ്ഞുചേർന്ന ഇളംചുവപ്പുകൾ ആകെ കുന്നിൻപുറം നിറഞ്ഞു നിൽക്കുന്നു' (2009 എ: 94). കുന്നിൻ പുറത്ത് പെട്ടെന്ന് വസന്തം വിടരുന്നതുപോലെ തന്നെയാണ് നബീസുവിന്റെ യൗവ്വനവും അയാൾക്ക്

അനുഭവപ്പെട്ടത്. പ്രണയത്തിന്റെ ഓർമ്മകളും അയാളെ അതിരാളൻകുന്നിലെ കണ്ണാന്തളിപ്പടർപ്പുകളിലാണ് എത്തിച്ചത്.

കുംഭക്കാറ്റിൽപ്പെട്ട വാഴത്തോട്ടംപോലെയായിരുന്നു കൊച്ചപ്പന്റെ വിവാഹ ക്കാര്യത്തെക്കുറിച്ച് അറിഞ്ഞപ്പോൾ ഗോവിന്ദൻകുട്ടിയുടെ മനസ്സ്. കൊച്ചപ്പന്റെയും രാജമ്മുവിന്റെയും വിവാഹവാർത്ത അയാളുടെ മനസ്സിനെ ശക്തമായി ഉലച്ചിട്ടുണ്ട്. താൻ മോഹിച്ച പെണ്ണിനെ തന്റെ മരുമകൻ വിവാഹം ചെയ്യാൻ പോകുന്നു എന്നത് അയാൾക്ക് അസഹ്യമായിരുന്നു. കലുഷിതമായ ഈ മനസ്സിനെ ഉചിതമായി ചിത്രീ കരിക്കാൻ കുംഭക്കാറ്റിൽപ്പെട്ട വാഴത്തോട്ടം എന്ന പരാമർശത്തിലൂടെ എം. ടി യ്ക്ക് സാധിച്ചിരിക്കുന്നു.

നാടുവിട്ടുപോയ ഗോവിന്ദൻകുട്ടി തിരിച്ചു വരുന്നത് പറമ്പുകൾ കടന്ന് നീണ്ട ഇടവഴി താണ്ടി, പാടം മുറിച്ചു കടന്ന്, അതിരാളൻകുന്ന് കാണുന്ന വേലിപ്പ റമ്പും താണ്ടിയാണ്. നാട്ടിലെ ഓരോ സ്ഥലവും ആ തിരിച്ചുവരവിൽ സാക്ഷിയാ കുന്നുണ്ട്. ചക്കരക്കിഴങ്ങുകൾ നടാൻ ഏരികൂട്ടിയ പറമ്പുകളും കാറ്റിൽ കലപില കൂട്ടുന്ന ഇല്ലിമുളങ്കാടുകളും നാട്ടുവെളിച്ചം നിറഞ്ഞ ഇടവഴിയും എല്ലാം അയാ ളുടെ തിരിച്ചുവരവ് കാണുന്നുണ്ട്. ഒപ്പം കേലൂർക്കാവിലെ താലപ്പൊലിയും കുഞ്ഞ്യോപ്പോളും നെബീസുവും മീനാക്ഷിയും കൊച്ചപ്പനും എല്ലാം അയാളുടെ ഓർമ്മകളിലേക്ക് വരുന്നുണ്ട്.

മതംമാറി തിരിച്ചുവന്ന ഗോവിന്ദൻകുട്ടി ദൂരെ നിന്ന് തന്റെ വീട് നോക്കിക്കാ ണുകയാണ് ചെയ്യുന്നത്. അയാൾക്ക് ഒരിക്കലും ആ വീട്ടിലേക്ക് പോകാൻ കഴി യില്ല. ഇരുണ്ടപൊന്തക്കാടുകളുടെ മുകളിലൂടെ വളഞ്ഞുപോകുന്ന ഇടവഴിയിലൂ ടെയാണ് അയാൾ തിരിച്ചു നടക്കുന്നത്. ഇരുണ്ടപൊന്തക്കാടും വളഞ്ഞുപോകുന്ന ഇടവഴിയും അയാളുടെ ജീവിതത്തിന്റെ സൂചന തന്നെയായി മാറുകയാണിവിടെ.

### 2.5.3. മാറിപ്പോയ ജീവിതവഴികൾ

*കാല*ത്തിലും  കുന്നിൻചെരിവ് പലപ്പോഴും ഒരു അഭയസ്ഥലമായാണ് കടന്നുവരുന്നത്. എന്തെങ്കിലും പ്രശ്നങ്ങൾ അനുഭവിക്കുമ്പോൾ എം. ടി യുടെ നായകൻമാർ കുന്നുകയറിപ്പോയി ഒറ്റക്കിരിക്കുന്ന കാഴ്ചയാണ് നോവലുകളിൽ കാണുന്നത്. അവരുടെ ജീവിതത്തിലെ ഒരു സന്നിഗ്ദ്ധ ഘട്ടമായി കുന്നിൻചെരിവ് നിലനിൽക്കുന്നു.

*കാല*ത്തിലെ സേതുവിനെ സംബന്ധിച്ചും കുന്നിൻപുറം അയാളുടെ ജീവിത്തിലെ പല സംഭവങ്ങൾക്കും സാക്ഷിയാണ്. സേതു തന്റെ ബാല്യവും കൗമാരവും യൗവ്വനവും എല്ലാം കുന്നിൻചെരിവിൽ ചെലവഴിച്ചിട്ടുണ്ട്. സേതുവും സുമിത്രയും കൂടി കുന്നിൻപുറം കയറിയാണ് സ്കൂളിൽ പോയിരുന്നത്. സ്കൂൾ വിട്ടാലും ഇല്ലപറമ്പിൽ പോയിക്കളിച്ചും മാങ്ങപെറുക്കിയും കൊട്ടപ്പാലയുടെ ചുവട്ടിൽ കുരുവീണിട്ടുണ്ടോ എന്നു നോക്കിയുമെല്ലാം കളിച്ചു നടന്നതായിരുന്നു സേതുവിന്റെ ബാല്യകാലം.

അച്ഛന്റെ കാശ് കിട്ടാത്തതിന്റെ പരിഭവം അമ്മ പറയുമ്പോഴും വഴക്കുകൂടുമ്പോഴുമെല്ലാം സേതുവിന് വിഷമമായിരുന്നു. അപ്പോഴും ഒരു ആശ്വാസംപോലെ പടിഞ്ഞാറെ കുന്നുകളിൽ നിന്ന് തണുത്ത കാറ്റ് ഒഴുകി എത്താറുണ്ട്. ഇവിടെ ആശ്വാസത്തിന്റെയും അഭയത്തിന്റെയും ഒരു ഇടമായി കുന്നിൻപുറങ്ങൾ മാറുന്നുണ്ട്.

പബ്ലിക് പരീക്ഷയുടെ റിസൾട്ട് അറിയാൻ പോയി വരുമ്പോൾ തന്റെ വിജയവാർത്തയറിഞ്ഞ് വീട്ടിൽ എല്ലാവരും തന്നെ അഭിനന്ദിക്കുമെന്നാണ് സേതു കരുതിയത്. എന്നാൽ അവൻ പ്രതീക്ഷിച്ചപോലെയുള്ള അഭിനന്ദനമൊന്നും അവരിൽ നിന്നും ലഭിച്ചില്ല. അപ്പോഴവൻ നേരെ കുന്നിറങ്ങി തോട്ടുവക്കിലേക്കാണ് പോകുന്നത്.

നീരൊലിപ്പടർപ്പും ഞാവൽകൂട്ടങ്ങളും മുളങ്കൂട്ടവും കരിമ്പാറകൾ ചത്തുമലച്ചു കിടക്കുന്ന വയലുകളും എല്ലാം നിറഞ്ഞതാണ് സേതുവിന്റെയും സുമിത്രയുടെയും കൗമാരം. സേതുവും സുമിത്രയും കുന്നിൻ ചെരുവിലൂടെ സുമിത്രയുടെ ആടുകളെനോക്കി വരികയായിരുന്ന ഒരു മഴക്കാലത്താണ് മഴനനഞ്ഞ സുമിത്രയെ കുന്നിൻചെരിവിലെ നിലം നന്നാക്കാൻ വെട്ടിയെടുത്ത ചെറിയ ഗുഹപോലുള്ള ഭാഗത്ത്വെച്ച് സേതു ആദ്യമായി തന്നോടു ചേർത്തു നിർത്തുന്നത്. അപ്പുണ്ണിക്കും ഗോവിന്ദൻകുട്ടിക്കും കുന്നിൻചെരിവ് ഒരു അഭയസ്ഥാനം മാത്രമായിരുന്നു. എന്നാൽ സേതുവിന് കുന്നിൻചെരിവ് ഒരു കാൽപ്പനിക സ്ഥലം കൂടിയാണ്. കുന്നിൻപുറത്തുനിന്ന് കല്ലിൽ വീണ് കേടുവരാത്ത ഞാവൽ പഴങ്ങൾ പെറുക്കിക്കൊണ്ടുവന്നു കൊടുത്തിരുന്ന ഏട്ടത്തിയമ്മയും സേതുവിന് സ്നേഹത്തിന്റെയും ആശ്വാസത്തിന്റെയും സാന്നിധ്യമായിരുന്നു.

മാധവമ്മാമൻ സുമിത്രയെ വിവാഹം ചെയ്യാനൊരുങ്ങുന്ന വാർത്തയറിഞ്ഞ സേതു പിന്നീട് അവളെ കാണുന്നതും കുന്നിൻചെരുവിൽ വെച്ചാണ്. വിവാഹത്തിന് വരണമെന്ന് സുമിത്ര സേതുവിനോട് പറയുന്നതും ഇവിടെ വെച്ചുതന്നെ. അവന്റെ ജീവിതത്തിലെ ഏറ്റവും പ്രിയപ്പെട്ടവളായിരുന്നു സുമിത്ര. അവളെ നഷ്ടപ്പെടുകയാണെന്ന് തിരിച്ചറിയുന്നതും കുന്നിൻപുറത്തുവെച്ചു തന്നെയാണ്. എന്നാൽ അവിടെവെച്ച് തന്നെയാണ് സുമിത്ര മാധവനോട് തന്റെ ഏടത്തിയെ വിവാഹം ചെയ്യാൻ ആവശ്യപ്പെടുന്നതും. സേതുവിലേക്കു തന്നെ മടങ്ങാൻ അവൾ ആഗ്രഹിച്ചിരുന്നു. അതുകൊണ്ടാണ് സുമിത്ര ഇങ്ങനെ മാധവനോട് പറഞ്ഞത്. ഇതിനെല്ലാം പശ്ചാത്തലമായി കുന്നിൻചെരിവുകളും നീരോലിപ്പടർപ്പുകളും നിൽക്കുന്നു.

പഠനം കഴിഞ്ഞുവന്ന ശേഷവും അവർ പരസ്പരം കാണുന്നതും സംസാരിക്കുന്നതും കുന്നിൻപുറങ്ങളിൽ നിന്നു തന്നെയായിരുന്നു.

ഒടുവിൽ ജോലി നേടി മുതലാളിയുടെ ഭാര്യയെ വിവാഹം കഴിച്ച് നാട്ടിലേക്കെത്തിയ ശേഷം സുമിത്രയെ കാണാൻ സേതു പോകുന്നതും കുന്നിൻ ചെരുവിലൂടെയാണ്. അവിടെയെല്ലാം ആകെ മാറിയിരിക്കുന്നതായി സേതുവിന് മനസ്സിലായി.

'പഴയ വഴികൾ മാറിയിരിക്കുന്നു. ഞാവൽക്കൂട്ടം നിന്ന കുന്നിൻചെരിവ് കള്ളികളാക്കി തിരിച്ച് കിഴങ്ങു നടാൻ ഏരികൂട്ടി ഒരുക്കിയിരിക്കുന്നു.

കിഴക്ക് വരണ്ടു കിടക്കുന്ന പുഴയ്ക്കക്കരെ വയലിനും മരക്കൂട്ടങ്ങൾക്കുമപ്പുറം വെളിച്ചത്തിന്റെ മുറിവിൽ ചോരത്തുള്ളികൾ പൊടിയാൻ തുടങ്ങുന്നു.

മണ്ണെടുത്ത് അർദ്ധവൃത്താകൃതിയിൽ ഗുഹയായി നിന്നിരുന്ന സ്ഥലം ഈ വളവിലായിരുന്നു. കുന്നുവെട്ടിയിറക്കി ഇടവഴിക്കു വീതികൂട്ടിയപ്പോൾ ആളുകൾ മഴക്കാലത്തു കയറി നിന്നിരുന്ന ഗുഹ നഷ്ടപ്പെട്ടിരിക്കുന്നു'(2009 ബി: 208).

പഴയ വഴികൾ മാറിയതിനൊപ്പം സേതുവിന്റെയും സുമിത്രയുടെയും ജീവിതവും മാറിയിരിക്കുന്നു. സേതു തന്റെ മുതലാളിയുടെ ഭാര്യയെ വിവാഹം ചെയ്തു. സുമിത്രയും തങ്കമണിയുമെല്ലാം അയാളുടെ ജീവിതത്തിൽ നിന്നും ഒഴിവാക്കപ്പെട്ടു. സുമിത്രയാകട്ടെ ഒറ്റക്ക് സന്യാസതുല്യമായ ജീവിതത്തിലേക്ക് മാറി. അവരുടെ ഇഷ്ടങ്ങൾ കൈമാറിയിരുന്ന കുന്നിൻചെരിവ് കള്ളികളായി തിരിച്ച പോലെ അവരും വ്യത്യസ്ത കള്ളികളിലേക്ക് ഒതുക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

### 2.6. ഊഷരമായ പുഴക്കാഴ്ചകൾ

ഭാരതപ്പുഴയുടെ തീരത്തേക്ക് കുടിയേറിയ ജനതയാണ് വള്ളുവനാട്ടുകാർ. കൃഷി പ്രധാനമായ ഉപജീവനമാർഗ്ഗമായതുകൊണ്ടാണ് അവർ തെക്കുനിന്നും ഇങ്ങോട്ട് കുടിയേറിയത്. അവരുടെ പ്രധാന ജലസ്രോതസ്സ് പുഴകളായിരുന്നു. എന്നാൽ എം.ടി കൃതികളിലെ വള്ളുവനാടൻ ചിത്രീകരണത്തിൽ ശോഷിച്ച പുഴക

ളെയോ അല്ലെങ്കിൽ നിറഞ്ഞുകവിഞ്ഞ പുഴകളേയോ ആണ് കാണാൻ കഴിയുക. ഇവ രണ്ടും കർഷകന്റെ ഉപജീവനം അസാധ്യമാക്കുന്നതാണ്.

### 2.6.1. ഓർമ്മയുടെ കണ്ണീർ ചാലുകൾ

പുഴയുടെ കാഴ്ചകൾ *നാലുകെട്ടിൽ* ചിലയിടങ്ങളിൽ കാണുന്നുണ്ട്. ശോഷിച്ച പുഴയുടെ ചിത്രങ്ങളാണ് ഇതിൽ അധികവും. അയ്യപ്പൻകയവും അതിന്റെ ഭയപ്പെടുത്തുന്ന ശാന്തതയും അപ്പുണ്ണിയുടെ ജീവിത സന്ദർഭങ്ങളുമായും ബന്ധപ്പെടുന്നുണ്ട്. ഒരുപക്ഷേ വളരെ ശാന്തമായൊഴുകുന്ന ഒരു നീർച്ചാലുപോലെ തന്നെയാണ് അപ്പുണ്ണിയുടെ അപ്പോഴത്തെ ജീവിതവും എന്നു കാണാനാവും.

പിന്നീട് ഒരു വെള്ളപ്പൊക്ക സമയത്ത് പുഴവെള്ളം കരകവിഞ്ഞ് ഒഴുകുന്ന കാഴ്ചയാണ് കാണുന്നത്. നിരത്തിനൊപ്പം പുഴവെള്ളം എത്തിയിരിക്കുന്നു. സൂക്ഷിച്ചു നടന്നില്ലെങ്കിൽ വക്കിടിയുമെന്ന അവസ്ഥയാണ് അന്നുണ്ടായിരുന്നത്.

ഭഗവതിയുടെ ഒരു കഥയിലും പുഴ പരാമർശിക്കപ്പെടുന്നുണ്ട്. വളരെ കൊല്ലങ്ങൾക്കു മുൻപ് തറവാട്ടിൽ ഒരു സ്ത്രീയും ആറു മക്കളും താമസിച്ചിരുന്നു. സ്ത്രീ ദിവസവും പാൽകറന്നു അമ്പലത്തിൽ കൊണ്ടുപോയികൊടുക്കും. പുഴകടന്നാണ് അമ്പലത്തിലേക്ക് പോകുന്നത്. അമ്പലത്തിലെ നേദ്യച്ചോറുകൊണ്ടാണ് അവർ കഴിഞ്ഞിരുന്നത്.

'ഒരു തുലാമാസത്തിൽ പുഴ നിറഞ്ഞു തോണി കടക്കാൻ നിവൃത്തിയില്ല. പുഴവക്കത്ത് പാൽപ്പാത്രവുമായി കുറേനേരം കാത്തുനിന്നു. ഒടുവിൽ വ്യസനത്തോടെ തിരിച്ചുപോന്നു. കുട്ടികൾക്കന്നുരാത്രി ചോറില്ല. നിറകൊണ്ട പാതിരയ്ക്ക് ഉമ്മറവാതിൽക്കൽ നിന്ന് ആരോ വിളിച്ചു. വാതിൽ തുറന്നപ്പോൾ ഒരു കൈ നീണ്ട് ഒരു ചെമ്പ് ചോറ് അകത്തേയ്ക്ക് നീട്ടിവെച്ചു' (2009 എ: 127).

ഈ കഥയിലും നിറഞ്ഞു കവിഞ്ഞ പുഴയാണ് കാണുന്നത്. തോണിയാത്ര അസാധ്യമാക്കുന്ന പുഴ മനുഷ്യനെ സംബന്ധിച്ചിടത്തോളം ഉപദ്രവമാണ് ഉണ്ടാ

ക്കുക. മനുഷ്യന് പ്രയോജനമാകുന്ന തരത്തിലുള്ള പുഴക്കാഴ്ചകൾ കാണുവാൻ അധികവും കഴിയില്ല. ഒന്നുകിൽ വരണ്ടുപോയ വെള്ളമില്ലാത്ത പുഴ അല്ലെങ്കിൽ നിറഞ്ഞു കവിഞ്ഞ പുഴ. മനുഷ്യനെ സംബന്ധിച്ച് ഈ രണ്ട് അവസ്ഥയും അഭികാമ്യമല്ല. ഇങ്ങനെയുള്ള പുഴക്കാഴ്ചകളാണ് *നാലുകെട്ടിൽ* കാണുന്നത്.

അപ്പുണ്ണി തിരിച്ചുവരുമ്പോൾ പുഴകടന്നാണ് വരുന്നത്. പുഴ അപ്പോൾ കലങ്ങിമറിഞ്ഞൊഴുകുകയായിരുന്നു അയാളുടെ മനസ്സുപോലെ. തിരിച്ചുവരവും പഴയ കാലത്തിന്റെ ഓർമ്മകൾ മനസ്സിലുണ്ടാക്കുന്ന പ്രതികാരവും എല്ലാം ചേർത്ത് കലങ്ങിമറിഞ്ഞ ഒരു അവസ്ഥയിലായിരുന്നു അപ്പുണ്ണിയുടെ മനസ്സും.

'മണൽത്തട്ടിൽ നുരയും പതയും പിടിച്ചു നില്ക്കുന്നു. ചുവന്ന പാവാടത്തുമ്പുകൾ ഇഴയുന്നപോലെ, കലങ്ങിയ പുഴവെള്ളം മണൽത്തിട്ടിനെ തൊട്ടുരുമ്മി കൊണ്ട് ഒഴുകുന്നു' (2009 സി: 189). കലങ്ങിയ പുഴവെള്ളം ഇവിടെ ആവർത്തിച്ച് വരുന്നുണ്ട്. മനസ്സിന്റെ സംഘർഷവും കലങ്ങിമറിച്ചിലുകളും പരോക്ഷമായി സൂചിപ്പിക്കാൻ ഇത്തരം പരാമർശങ്ങളിലൂടെ എം. ടി ക്ക് സാധിക്കുന്നു.

### 2.6.2. മണൽക്കാടായിമാറിയ പുഴ

പുഴക്കടവും പുഴയും പരാമർശിച്ചുകൊണ്ടാണ് *അസുരവിത്ത്* എന്ന നോവൽ ആരംഭിക്കുന്നത്. തുലാമാസത്തിൽ വെള്ളം പൊങ്ങുമ്പോൾ നിരത്ത് നക്കിയെടുത്തുകൊണ്ടാണ് പുഴ ഒഴുകാറ്. ഇടിഞ്ഞു പൊളിഞ്ഞ പുഴക്കടവെല്ലാം നന്നാക്കിയെടുത്തതാണ്. ശേഖരേട്ടനാണ് കുളിക്കടവ് നന്നാക്കിയതെന്നും ഗോവിന്ദൻകുട്ടി ഓർക്കുന്നു.

തന്റെ വിവാഹക്കാര്യം ശേഖരേട്ടൻ പറഞ്ഞപ്പോഴും എന്തു ചെയ്യേണ്ടൂ എന്നറിയാതെ പുഴക്കരയിലേക്കാണ് ഗോവിന്ദൻകുട്ടി പോകുന്നത്. വരണ്ടു ശോഷിച്ചു കിടക്കുന്ന പുഴയിലേക്ക് നോക്കി കേട്ടതെല്ലാം ഓർത്തെടുക്കുകയായിരുന്നു അയാൾ. ശോഷിച്ച ആ പുഴ അയാളുടെ ജീവിതം തന്നെയാണ്. അതിന് പുതുപ്രതീക്ഷ നൽകിയത് ശേഖരേട്ടൻ തന്നെയായിരുന്നു. അയാൾക്ക് താൻ

വിവാഹം കഴിക്കാൻ പോകുന്നു എന്നത് വിശ്വസിക്കാൻ പറ്റിയിരുന്നില്ല. ഒരു പക്ഷേ വരാൻ പോകുന്ന ഒരു ദുരന്തത്തിന്റെ സാക്ഷിയെന്നോണമായിരിക്കാം ആ ശോഷിച്ച പുഴയുടെ സാന്നിധ്യവും.

ഗോവിന്ദൻകുട്ടിയും കുഞ്ഞരയ്ക്കാരും കുളിക്കാൻ പോകുന്നിടത്താണ് പുഴയുടെ സാന്നിധ്യം പിന്നീട് വരുന്നത്. 'കിഴക്കെ പുഴയിലെ വെള്ളം വളരെ കുറവായിരുന്നു. ചെറിയ നീർച്ചാലിൽ ഒരിടത്ത് ഒരു കുഴി കുഴിച്ചിട്ടുണ്ട്. മുട്ടിനേ വെള്ളമുള്ളൂ' (2009 സി: 161). ഇവിടെയും വെള്ളം കുറവായ പുഴയെയാണ് ചിത്രീകരിക്കുന്നത്. ശോഷിച്ച പുഴയാണ് ഇവിടെയും കാണുന്നത്.

എന്നാൽ പുഴയുടെ സാന്നിധ്യത്തിൽനിന്നു മാറി കുളം നോവലിൽ ചിത്രീകരിക്കപ്പെടുന്നത് ഗോവിന്ദൻകുട്ടി മതംമാറാൻ പോകുന്നിടത്താണ്.

'വരണ്ട കല്പടവുകളുടെ ചുരുങ്ങിച്ചുരുങ്ങി വരുന്ന ചതുരങ്ങൾക്കിടയിൽ അനക്കമില്ലാതെ കിടക്കുന്ന കടും പച്ച നിറമുള്ള വെള്ളത്തിലേക്ക് നോക്കിക്കൊണ്ട് അയാൾ നിന്നു. ആ വെള്ളം ഒരു കണ്ണാടിയാണ്. ഒരു കല്ലെറിഞ്ഞാൽ ഉടഞ്ഞു പോയേക്കും'(2009 സി: 167).

ഇതുവരെ ഒഴുകുന്ന പുഴപോലെ സ്വതന്ത്രമായിരുന്നു ഗോവിന്ദൻകുട്ടിയുടെ ജീവിതമെങ്കിൽ മതം മാറുന്നതോടെ അയാൾ ഒരുപാട് നിയന്ത്രണങ്ങൾക്കകത്താകുന്നുണ്ട്. ചതുരങ്ങൾക്കിടയിൽ അനക്കമില്ലാതെ കിടക്കുന്ന വെള്ളംപോലെ ഗോവിന്ദൻകുട്ടിയുടെ ജീവിതം ഒഴുക്കു നിലച്ച് കിടക്കുകയാണ്. ഒരു കല്ലെറിഞ്ഞാൽ ഉടഞ്ഞു പോയേക്കാവുന്ന കണ്ണാടിയാണ് ആ വെള്ളം. ഏതു നിമിഷവും ഉടഞ്ഞു പോയേക്കാവുന്ന ഒരു ജീവിതമാണ് ഗോവിന്ദൻകുട്ടിയുടേത്. മതം മാറ്റത്തിനു മുമ്പും ശേഷവുമുള്ള അവസ്ഥകളെ പുഴ/കുളം എന്നീ ദ്വന്ദങ്ങളിലൂടെ സൂചിപ്പിച്ചിട്ടുണ്ട്.

മതംമാറ്റത്തിനുശേഷം നാട്ടിലേക്കു വരുമ്പോൾ കാണുന്നത് മണൽക്കാടായി മാറിയ പുഴയെയാണ്. 'കടവിനടുത്തെത്തി. പുഴ വരണ്ടു മണൽക്കാടായിരി

ക്കുന്നു. ശേഷിച്ച ഒരു നീർച്ചാൽ ഒഴുക്കില്ലാതെ തളം കെട്ടി നിൽക്കുന്നു' (2009 എ: 183). പുഴയിൽ ശേഷിച്ച നീർച്ചാലും തളംകെട്ടി നിൽക്കുകയാണ്. ഇവിടെ നിലച്ചു പോയത് യഥാർത്ഥത്തിൽ ഗോവിന്ദൻകുട്ടിയുടെ ജീവിതത്തിന്റെ ഒഴുക്കു തന്നെ യാണ്.

പിന്നീടു കാണുന്നത് ഇരുകരമുട്ടി ഒഴുകുന്ന പുഴയെയാണ്. പേമാരി പെയ്ത് നിറഞ്ഞു കവിഞ്ഞിരിക്കുകയാണ് പുഴ. 'പുഴ ഇരുതലമുട്ടി കിടക്കുകയാ ണെന്നുതന്നെ പറയാം. കരയോട് തൊട്ട് അവിടവിടെ മലവെള്ളം നക്കിത്തിന്നു ബാക്കിയായി കിടക്കുന്ന ചെറിയ മണൽത്തിട്ടുകൾ കാണാം' (2009 എ: 213). ഇങ്ങനെ സംഹാരരൂപിയായി ഒഴുകുന്ന പുഴയെയാണ് പിന്നീട് കാണുന്നത്.

**2.6.3. നിശ്ചലമാകുന്ന ഒഴുക്കുകൾ**

പുഴയുടെ വരണ്ട അവസ്ഥ തന്നെയാണ് *കാലത്തി*ലും കാണുന്നത്. നോവ ലിന്റെ ആരംഭത്തിൽ പുലർച്ചെ തീവണ്ടി കയറാൻ വരുന്ന സേതു കാണുന്നത് ഇരുട്ടിന്റെ പുഴയാണ്. വെള്ളത്തിന്റെ അദൃശ്യത ഇവിടെ തുടങ്ങുന്നു. ആ യാത്ര പാലക്കാട് കോളേജിലേക്കായിരുന്നു. അവിടെ ഹോസ്റ്റലിൽ നിന്നും സുഹൃത്തായ കൃഷ്ണൻകുട്ടിയോടൊത്ത് നടന്നെത്തുന്നതും ശോഷിച്ച പുഴയുടെ തീരത്താണ്.

'നടന്നു നടന്നു പുഴവക്കത്തെത്തി. വികൃതമായി ചിതറിക്കിടക്കുന്ന പാറ ക്കെട്ടുകൾക്കിടയിലൂടെ ശോഷിച്ച പുഴ തട്ടി തടഞ്ഞ് ഉരുണ്ടു പോകുന്നു' (2009 ബി: 54).

പുഴയുടെ ഈ അവസ്ഥ നോവലിൽ പലയിടത്തും കാണാം. വെള്ളമുള്ള പ്പോഴാണ് പുഴ അതിന്റെ ധർമ്മം നിറവേറ്റുന്നത്. എന്നാൽ എം. ടി കൃതികളിൽ പുഴകളെല്ലാം വറ്റി വരണ്ടു പോയിരിക്കുന്നു.

പഠനം കഴിഞ്ഞ് തിരിച്ചെത്തുമ്പോഴും പുഴയുടെ അവസ്ഥ അതുതന്നെ യായിരുന്നു. നോക്കെത്താത്ത മണൽ പാടം പോലെ പുഴ വരണ്ടു കിടക്കുകയായി

രുന്നു. ചെളിവെള്ളം അവിടവിടെ തങ്ങി നിൽക്കുന്നുണ്ട്. ഒഴുക്ക് നിലച്ചു പോയിരിക്കുന്നു. ഇങ്ങനെ ഒഴുക്ക് നിലച്ചുപോയ പുഴയുടെ ചിത്രമാണ് എം. ടി *കാല*ത്തിൽ വരച്ചു വെക്കുന്നത്.

ഒരു ജോലിക്കായി ശുപാർശ ചെയ്യാൻ അച്ഛനും സേതുവും കൂടി പോകുന്നതും പുഴകടന്നാണ്. 'പുഴയിൽ തുലാവെള്ളത്തിന്റെ ഊറ്റം അടങ്ങിയിരിക്കുന്നു' (2009 ബി: 16). ശാന്തമായി വരണ്ട് ഒഴുകുന്ന പുഴയാണ് ഈയൊരു സന്ദർഭത്തിൽ കാണുന്നത്. വേനൽക്കാലത്ത് കായ്കറിക്കണ്ടങ്ങളാകുന്ന പുഴക്കാഴ്ചകൾ സേതുവിന്റെ ഓർമ്മകളിൽ തെളിയുന്നുണ്ട്. സേതു ജോലിക്കായി പോകുമ്പോൾ കുന്നുകൾക്കിടയിൽ നിന്ന് കെട്ട് പൊട്ടിച്ച് ചാടിയ പുഴ കടലിന്റെ ഭീകരതയ്ക്ക് മുമ്പിൽ നിശ്ചലമായി നിൽക്കുന്ന കാഴ്ചയാണ് കാണുന്നത്. എന്നാൽ ആ ജോലി ചെയ്യാൻ തയ്യാറാകാതെ അയാൾ തിരിച്ചു പോരുന്നു. വർഷങ്ങൾക്കു ശേഷം അയാൾ നാട്ടിൽ തിരിച്ചെത്തി.

'പുഴ വരണ്ടു പോയിരിക്കുന്നു. മാറിയ മുഖച്ഛായകളും നൃത്തം ചെയ്യുന്ന രൂപമില്ലാത്ത കാനൽ ചോലകളും പിന്നിട്ട് നനവിന്റെ ഓർമ്മകൾ സ്വപ്നം കണ്ടു കിടക്കുന്ന മണൽപ്പരപ്പിന്റെ തീരത്തിൽ നിൽക്കുമ്പോൾ ഒരു നിമിഷം അയാൾ ഓർക്കുന്നു' (2009 ബി: 204).

നനവിന്റെ ഓർമ്മകൾ സ്വപ്നം കണ്ടു കിടക്കുന്ന പുഴയുടെ ദൈന്യതയാണ് ഇവിടെ വിവരിക്കുന്നത്. 'പുഴയുടെ പകുതിയും കൈയ്യേറിയ കായ്ക്കറിക്കണ്ടങ്ങളുടെ പച്ചപ്പിൽ നിരയായി ഉയർന്നു നിൽക്കുന്ന ഏത്തങ്ങൾ ഇളകുന്നു' (2009 ബി: 204).

പുഴ അതിന്റെ യഥാർത്ഥ ഉപയോഗത്തിൽ നിന്നു മറ്റൊരു ഉപയോഗത്തിലേക്ക് മാറിയിരിക്കുന്നു. ജല സ്രോതസ്സായ പുഴയിലെ വെള്ളം വറ്റിയിരിക്കുന്നു. പകരം അവിടെ കൃഷിചെയ്യുന്നു. *നാലുകെട്ടി*ൽ കൃഷി നടത്തേണ്ട വയൽ വെള്ളത്തിൽ മുങ്ങി അതിലൂടെ തോണി പോകുന്ന അവസ്ഥയ്ക്ക് സമാനമാണിത്. ഒരു

വസ്തു അതിന്റെ യഥാർത്ഥ ഉപയോഗത്തിൽ നിന്നു മാറി മറ്റൊരു ഉപയോഗത്തി ലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നതാണ് ഇവിടെ കാണുന്നുത്.

വീണ്ടും നാട്ടിൽ നിന്നു പോയി വർഷങ്ങൾക്കു ശേഷം തിരിച്ചു വരുമ്പോഴും വരണ്ട പുഴ തന്നെയാണ് കാണുന്നത്. വരണ്ട മണൽത്തിട്ടും പുഴയും പിന്നെയും സേതുവിന്റെ ജീവിതത്തിന് സാക്ഷിയായി.

ഒടുവിൽ വീണ്ടും യാത്രയാകുന്നതും ചോരവാർന്നുവീണ ശരീരം പോലെ ചലനമറ്റു കിടക്കുന്ന പുഴ കടന്നാണ്.

'അകലെ ഇരുമ്പു പാലവും തണ്ടു വാളങ്ങളും വിറയ്ക്കുന്നു. മലവെള്ളം സ്വപ്നം കണ്ടുണങ്ങിയ പുഴ, എന്റെ പുഴ, പിന്നിൽ ചോര വാർന്നുവീണ ശരീരം പോലെ ചലനമറ്റു കിടക്കുന്നു' (2009 ബി: 271).

ആ പുഴ സുമിത്ര തന്നെയാണ്. മലവെള്ളം സ്വപ്നം കണ്ട് ഉണങ്ങിയ പുഴ പോലെ അവൾ നിൽക്കുന്നു. ഒരിക്കലും അവളുടെ ജീവിതം ഇനി തളിർക്കില്ല. അത്രമേൽ അവളുടെ ജീവിതം വരണ്ട് പോയിരിക്കുന്നു. വരണ്ട് ശോഷിച്ച പുഴ പോലെ സ്വപ്നങ്ങൾ വറ്റി, പ്രതീക്ഷകൾ നഷ്ടപ്പെട്ട് അവൾ നിൽക്കുന്നു. ഇവിടെ പുഴയും സുമിത്രയും ഏതോ ഇടങ്ങളിൽ ഒന്നായി തീരുകതന്നെയാണ്. ഇങ്ങനെ സുമിത്രയുടെ ജീവിതത്തെ പുഴയുടെ ചിത്രീകരണത്തിലൂടെ വ്യക്തമാക്കുകയാണ് നോവലിസ്റ്റ് ചെയ്യുന്നത്.

### 2.7. മഴ, വെള്ളം – ഇല്ലായ്മയും ആധിക്യവും

മഴയുടെയും വെള്ളത്തിന്റെയും ഇല്ലായ്മയോ ആധിക്യമോ ആണ് ഈ നോവലുകളിലെല്ലാം കാണുന്നത്. രണ്ടും ജീവിതം ദുസ്സഹമാക്കുന്നതാണ്. കൃഷി യേയും സാധാരണക്കാരന്റെ ജീവിതത്തെയും അപ്രസക്തമാക്കുന്ന തരത്തിലാണ് എം. ടി യുടെ നോവലുകളിലെ ജലചിത്രീകരണം.

**2.7.1. അസഹ്യതയുടെ അനുഭവലോകം**

മഴയുടെ അല്ലെങ്കിൽ വെള്ളത്തിന്റെ ആധിക്യമാണ് *നാലുകെട്ടിൽ* അധികവും കാണുന്നത്. അസഹ്യതയുടെ ഒരു അനുഭവലോകമായി മാറുകയാണ് *നാലുകെട്ടി*ലെ മഴക്കാലം. ഒരു മഴക്കാലത്ത് പാറുക്കുട്ടി ഊണുകഴിഞ്ഞ് അപ്പുണ്ണിയെ ഉറക്കുകയായിരുന്നു. ആ സമയത്താണ് ഒരു ചുഴലിക്കാറ്റും ചിനുങ്ങുന്ന മഴയും വന്നത്. ആ മഴ മറ്റൊരു മഴക്കാലത്തേയ്ക്ക് പാറുക്കുട്ടിയുടെ ഓർമ്മകളെ കൊണ്ടുപോയി.

'രാത്രിയിൽ പൊടുന്നനെയാണ് ഇടിയും മഴയും വന്നത്. മീനത്തിൽ അതുപോലൊരു മഴ പിന്നീടുണ്ടായിട്ടില്ല. തകർത്തു പെയ്യുന്ന മഴവെള്ളം മേൽപ്പുരയുടെ പഴുതുകളിലൂടെ കുത്തിയൊഴുകി. പായ നനഞ്ഞു അകം മുഴുവൻ വെള്ളം' (2009 സി: 33).

പാറുവിന് കോന്തുണ്ണിനായരൊടൊപ്പം പോരേണ്ടിവന്നത് പൊടുന്നനെ ആയിരുന്നു. പൊടുന്നനെ ഉണ്ടായ മഴ വീട്ടിനകം മുഴുവൻ എങ്ങനെയാണോ വെള്ളം കയറി ജീവിതം ദുസ്സഹമാക്കിയത്, അതുപോലെ തന്നെയായിരുന്നു പാറുക്കുട്ടിയുടെ ജീവിതവും. പുഴവെള്ളത്തിലൂടെ സാഹസികമായാണ് കോന്തുണ്ണിനായർ പാറുക്കുട്ടിയെ വീട്ടിൽനിന്നിറക്കിക്കൊണ്ടുപോയത്. പുഴയുമായും വെള്ളവുമായും ജീവിതം എവിടെയൊക്കെയോ കെട്ടുപിണഞ്ഞു കിടക്കുന്നുണ്ട്. അമ്മയ്ക്ക് ശങ്കരൻനായരോട് അടുപ്പമുണ്ടെന്ന് പറയുന്നത് കേട്ട് അപ്പുണ്ണി അമ്മയോടു പിണങ്ങി വീട് വിട്ടുപോയി. സങ്കടത്തോടെ കലുഷിതമായ മനസ്സോടെ ഇരിക്കുന്ന പാറുക്കുട്ടിയുടെ മനസ്സുപോലെതന്നെ ആയിരുന്നു അവിടത്തെ അന്തരീക്ഷവും.

'നാലഞ്ചു ദിവസമായി മഴ തുടങ്ങിയിട്ട്. ഇടിയും കാറ്റുമില്ല. തോരാത്ത മഴ തന്നെ. ഒരു കാറ് ആകാശത്തിൽ കണ്ടാൽ മതി, മഴ ഉടനെ പൊട്ടി വീഴുകയായി.

അതു നിൽക്കുമ്പോഴേക്ക് വീണ്ടും ആകാശത്തിന്റെ മുഖം കറുക്കുന്നു' (2009 സി: 113).

മുഖം കറുത്തു നിൽക്കുന്ന ആകാശം പോലെത്തന്നെയായിരുന്നു പാറുക്കുട്ടിയുടെ മനസ്സും. മഴ മാറിയാലേ പണിയുണ്ടാകൂ. തൊഴിലാളികളുടെ തൊഴിലിന് തടസ്സം നിൽക്കുന്നത് മഴയാണ്. മഴകാരണമാണ് പാറുക്കുട്ടിക്ക് ജോലി ഇല്ലാത്തത്. മകൻ വീട് വിട്ട് പോയതിന്റെ ഭയവും അവൾക്കുണ്ട്. പിന്നീട് മുത്താച്ചിയുടെ ഓർമ്മയിലാണ് വെള്ളപ്പൊക്കത്തിന്റെ ചിത്രം തെളിയുന്നത്.

'വടക്കേപ്പാട്ടുകാരുടെ തോട്ടം മുങ്ങി. പാമ്പുംകുട്ടി വരുമ്പോല്യല്ലേ വെള്ളം കേറിര്ന്ന്. വേഗം ഒഴിം ചെയ്തൂട്ടോ' (2009 സി: 115).

തോട്ടം മുങ്ങുന്ന തരത്തിലുള്ള വെള്ളപ്പൊക്കമായിരുന്നു അന്നുണ്ടായിരുന്നത്. തോട്ടങ്ങളെയും മറ്റും ഇല്ലാതാക്കുന്ന തരത്തിലുള്ള വെള്ളപ്പൊക്കം വിളകളുടെ നാശംകൂടിയായിരുന്നു. വെള്ളത്തിന്റെ ആധിക്യമാണ് ഇവിടെ കാണുന്നത്.

ആന ഒലിച്ചുപോയതും കരുണൂർ പാലത്തിന്റെ അടുത്തുവച്ച് ഒരാൾ അതിനെ കയറിട്ടു പിടിച്ചതും അവർ ഓർക്കുന്നുണ്ട്. ചിലർക്ക് വെള്ളമൊഴിഞ്ഞപ്പോൾ പണപ്പെട്ടികളും പാത്രങ്ങളും മറ്റും കിട്ടിയിരുന്നു. വെള്ളം കയറിയ വീടുകളിലേക്ക് പിന്നീട് തിരിച്ചു വന്നപ്പോൾ അടുപ്പിലും തൂണുകളിലും പാമ്പുകൾ പടം വിടർത്തി ആടിയിരുന്നു. അത്രയും ഭീതിയുണർത്തിയ വെള്ളപ്പൊക്കമായിരുന്നു അന്നുണ്ടായത്.

'പൊന്നാര മുത്താച്ച്യേ ങ്ങക്കു കേക്കണോ? വെള്ളം ബാർന്നിട്ടു ഞമ്മളു മോന്തിക്കു കുടീലു ബന്ന്, കൊട്ടേം ബട്ടീം ബെച്ചു ബെറ്ട്ണ ചായ്പിലിക്കു ചെന്നപ്പോ ഒരൂത്ത്. അസ്സല് ബെമ്പാലേര്ന്ന്ൻറള്ളോ!' (2009 സി: 116).

ആമിനുമ്മയുടെ ഓർമ്മകളിലെ വെള്ളപ്പൊക്കവും ഭയപ്പാടുണ്ടാക്കുന്നതായിരുന്നു. നോവലിലെ വെള്ളത്തിന്റെയും പുഴയുടെയും സാന്നിധ്യം ഒന്നുകിൽ വരൾച്ചയുടെയോ അല്ലെങ്കിൽ ആധിക്യത്തിന്റേയോ തന്നെയാണ്.

മുത്താച്ചിയുടെയും ആമിനുമ്മയുടെയും ഓർമ്മകളിലെ വെള്ളപ്പൊക്കത്തിനു സമാനമായ അവസ്ഥയാണ് അന്നുണ്ടായത്. നിരത്തിലും പീടികകളിലും ആളുകൾ ഭയപ്പെട്ടിരിക്കുകയാണ്. ചിലർ പുഴവക്കത്തു തന്നെ സ്ഥലം പിടിച്ചിരിക്കയാണ്. വെള്ളം കയറുന്നുണ്ടോ എന്നറിയാൻ. പാറുക്കുട്ടി അപ്പോൾ ആലോചിക്കുന്നതുമുഴുവൻ അപ്പുണ്ണിയെപ്പറ്റിയാണ്. അപ്പോഴും നല്ല ഇടിയും മിന്നലും തന്നെയായിരുന്നു.

'ആകാശത്തു വീണ്ടും ഒച്ചപ്പാടുണ്ടായി. ഇപ്പോൾ കാട്ടുപൂച്ചകൾ കടിപിടി കൂടുകയാണെന്നേ തോന്നൂ. ഉരുണ്ടു പോകുന്ന ഒരു മുരളൽ. അവസാനം കണ്ണഞ്ചിക്കുന്ന ഒരു മിന്നലും. വീണ്ടും ഉച്ചത്തിൽ പൊട്ടിത്തെറിക്കുന്നപോലെ ഇടിവെട്ടി'(2009 സി: 117).

ഇങ്ങനെ ഭീതി ജനിപ്പിക്കുന്ന തരത്തിൽ മഴയ്ക്ക് ശക്തി കൂടി വരികയായിരുന്നു. വീടുവിട്ടുപോയ അപ്പുണ്ണിയെ തറവാട്ടിലുള്ളവർ വേണ്ടവണ്ണം ശ്രദ്ധിക്കുന്നുണ്ടാകുമോ? അവൻ കിടക്കുന്നതെവിടെയാവും എന്നെല്ലാമാലോചിച്ച് സങ്കടപ്പെട്ടു കിടക്കുകയാണ് പാറുക്കുട്ടി. വെള്ളം കയറി ജീവൻ അപകടത്തിലാകുമെന്ന സ്ഥിതി വന്നപ്പോൾ ആളുകൾ വീടൊഴിഞ്ഞ് പോകാൻ തുടങ്ങി. നിരത്ത് പൊട്ടാറായെന്നും ഇപ്പോൾ വെള്ളം കയറുമെന്നും പറഞ്ഞ് ആമിനുമ്മ പാറുക്കുട്ടിയെയും മുത്താച്ചിയെയും വിളിക്കാൻ വന്നു. എന്നാൽ പാറുക്കുട്ടി പോകാൻ കൂട്ടാക്കിയില്ല. ആളുകളെല്ലാം അപ്പോഴേക്കും പോകാൻ തുടങ്ങിയിരുന്നു.

'വേലിക്കപ്പുറത്തെ വഴിയിലൂടെ മഴയത്ത് നീങ്ങുന്ന റാന്തലുകളുടെ വെളിച്ചത്തിൽ കെട്ടുകളും ഭാണ്ഡങ്ങളുമായി ആളുകൾ പോകുന്നതു കാണാം' (2009 സി: 118).

ഒരു മഴക്കാലത്തിന്റെ ഭീതി നിറഞ്ഞ കാഴ്ചയായിരുന്നു അത്. കൃഷിക്കാരനെ സംബന്ധിച്ച് തന്റെ കാർഷികവൃത്തിയ്ക്ക് അവശ്യം വേണ്ടതാണ് മഴ. എന്നാൽ അത് മിതമായി ലഭിച്ചില്ലെങ്കിൽ കൃഷിമാത്രമല്ല അയാളുടെ ജീവിതം

തന്നെ ഇല്ലാതാകും. ഈ കർഷകമനസ്സ് എം.ടി യുടെ പ്രകൃതിചിത്രണത്തിൽ ഇടം നേടുന്നില്ല.

മകൻ പോയതിലുള്ള വിഷമവും ഒറ്റക്കായിപ്പോയ തന്റെ ദുര്യോഗവും ഓർത്ത് പാറുക്കുട്ടി ആമിനുമ്മയുടെ കൂടെ പോയില്ല. രാവിലെ എണീറ്റ് ചുറ്റും നോക്കിയപ്പോൾ വെള്ളമല്ലാതെ മറ്റൊന്നും കാണാനില്ല. കരകാണാകടലിന്റെ നടുവിൽ അലിഞ്ഞു പോകുന്ന ഒരു തുരുത്തിൽ നിൽക്കുകയാണെന്നു പാറുക്കുട്ടിക്ക് തോന്നിപ്പോയി.

'അതിരിടിയുന്ന ശബ്ദമാണ് കേൾക്കുന്നത്. പടിക്കലെ തിണ്ടുപൊട്ടി പട്ടിണി കിടക്കുന്ന പാമ്പുകളെപ്പോലെ, ചുവന്നുകലങ്ങിയ വെള്ളം പഴുതുകളിലൂടെ മുറ്റത്തേക്ക് ഇരച്ചു കയറി. നോക്കിയിരിക്കെയാണ്, തൊടിയും മുറ്റവും വെള്ളത്തിനടിയിലായത്. ഒതുക്കു കല്ലിന്റെ മുനമ്പുവരെ എത്തിക്കഴിഞ്ഞു' (2009 സി: 121).

മരണം അടുത്തെത്തിയെന്ന് ഉറപ്പിച്ച് പാറുക്കുട്ടി കിടക്കുകയായിരുന്നു. കാരണം ഇനി ചുറ്റുമുള്ള വെള്ളത്തിൽ നിന്നും രക്ഷപ്പെടാൻ കഴിയില്ലെന്ന് അവൾക്ക് ഉറപ്പായിരുന്നു. അപ്പോഴാണ് ഒരു രക്ഷകനെപ്പോലെ ശങ്കരൻനായർ വന്ന് പാറുക്കുട്ടിയെ കൂട്ടികൊണ്ടു പോകുന്നത്. അവളെ രണ്ടാമതൊരു ജീവിതത്തിലേക്കായിരുന്നു അയാൾ കൊണ്ടുപോയത്.

വർഷങ്ങൾക്കു മുമ്പ് നാലുകെട്ടിൽ നിന്നും കോന്തുണ്ണിനായരുടെ കൂടെ ഇറങ്ങിപ്പോന്നപ്പോഴും ഇത്തരം ഒരു യാത്രയായിരുന്നു. കരിങ്കൊറ[9]യില് അന്ന് നിറയെ വെള്ളമായിരുന്നു. 'അവിടെ എത്തിയപ്പോ, ഈർക്കിലക്കൊടി എട്ക്ക്ണ പോലെ ഇങ്ങനെ കൈത്തണ്ടേല്ട്ത്തു പൊന്തിച്ച് ഒരു നടത്തം' (2009 സി: 19) രണ്ടാമത് ശങ്കരൻനായരുടെ കൂടെ പോകുമ്പോഴും ജലം സാക്ഷിയാണ്.

---

9 വർഷക്കാലത്ത് വെള്ളം മുങ്ങിക്കിടക്കാറുള്ള വയൽപ്രദേശങ്ങൾ

'കാലടികൾ പതറി അവസാനത്തെ വേരും അറ്റു കടപുഴകുന്നതുപോലെ ചെരിഞ്ഞു'.

'താഴെ വീണില്ല. അതിനു മുമ്പു കരുത്തുള്ള രണ്ടു കൈകൾ താങ്ങി.

'തോണി കൊണ്ടന്നിട്ട്ണ്ട് പോരൂ.....'

'സംസാരിക്കണമെന്നുണ്ട്. വയ്യാ. ആകെ കുഴഞ്ഞു പോവുകയാണ്....'

'ഞാൻ താങ്ങാം'.

'അയാൾ വാരിയെടുത്തു വെള്ളത്തിലേക്കിറങ്ങി' (2009 സി: 122).

മറ്റൊരു മഴക്കാലം, മറ്റൊരു രക്ഷകൻ, പുതിയൊരു ജീവിതം. പാറുക്കുട്ടി കണ്ണു തുറന്നപ്പോൾ തോണിയിൽ കിടക്കുകയാണ്. നടുക്കടലിലാണെന്നാണ് ആദ്യം കരുതിയത്. ശങ്കരൻനായർ തുഴ വീശി എറിയുകയായിരുന്നു; ജീവിതം പുതിയൊരു കരയിലേക്കടുപ്പിക്കാൻ. എവിടേക്കാ പോകുന്നതെന്ന് പാറുക്കുട്ടി അന്വേഷിച്ചപ്പോൾ 'വെള്ളം കയറാത്ത സ്ഥലത്തേക്ക്' (2009 സി: 123) എന്നായിരുന്നു ശങ്കരൻനായരുടെ മറുപടി. വെള്ളം കയറാത്ത സ്ഥലമാണ് സുരക്ഷിത സ്ഥലം. അതായത് സുരക്ഷിതത്വമില്ലാത്ത തരത്തിലാണ് നോവലിലെ ജല ചിത്രീകരണം. മനുഷ്യനെ സംബന്ധിച്ച് ഉപയോഗശൂന്യമായ തരത്തിലുള്ള വയലുകളും മഴക്കാലവും പുഴയും എല്ലാമാണ് എം. ടി കൃതികളിൽ പൊതുവെ കാണുന്നത്. കർഷകന് ഇടം കൊടുക്കാത്ത എഴുത്തിന്റെ ഭൂമിശാസ്ത്രമാണ് എം. ടി കൃതികളിൽ കാണാൻ കഴിയുക.

**2.7.2. പേമാരിയായി പെയ്ത ദുരന്തം**

*നാലുകെട്ടി*ലെ വെള്ളപ്പൊക്കത്തിനു സമാനമായ അവസ്ഥ *അസുരവിത്തി*ലും കാണുന്നുണ്ട്.

‘കാവിനടുത്തു നിരത്തിലേക്കു വെള്ളം കെട്ടി നിൽക്കാൻ തുടങ്ങിയപ്പോഴേക്കു പീടികക്കാർ മുഴുവൻ സ്ഥലമൊഴിച്ചു. ആളുകൾ ഒഴിച്ചുപോകാൻ തയ്യാറായി നിൽക്കുകയായിരുന്നു. നിരത്തു പൊട്ടുമെന്ന് ഉറപ്പായപ്പോൾ ബാപ്പ വീടൊഴിഞ്ഞു പോരാൻ പറഞ്ഞു. കുന്നിൻപുറത്തെത്തിയപ്പോഴേക്കും പുഴയും നിരത്തും പാടവും ഒന്നായിക്കഴിഞ്ഞുവത്രേ’ (2009 എ: 254).

നബീസു ഓർക്കുന്നതാണിത്. ആളുകൾ വീടൊഴിച്ചു പോകുന്നതും വെള്ളം കയറുന്നതും പിന്നീട് വെള്ളം ഇറങ്ങി വീട്ടിലേക്ക് തിരിച്ചു വരുമ്പോൾ സർപ്പങ്ങളേയും വട്ടക്കൂറകളെയും കണ്ട് ഭയപ്പെടുന്നതുമെല്ലാം *അസുരവിത്തിലും നാലുകെട്ടിലും* കാണുന്ന പൊതുകാഴ്ചയാണ്. പുഴയിൽ തോണി വിലങ്ങിയിട്ട് നാല് ദിവസമായി. പുഴവക്ക് നുറുങ്ങി വീഴുന്ന ശബ്ദം കേൾക്കുന്നുണ്ട്. ഇങ്ങനെ ഭയാനകമായൊരു അന്തരീക്ഷമാണ് അന്ന് ഉണ്ടായത്. ഇതിനെ തുടർന്ന് ആളുകൾക്ക് കോളറ പിടിപെടുകയും മരണം ഒരു മഹാമാരിയായി മാറുകയും ചെയ്തു.

**2.7.3. സ്വപ്നങ്ങൾ പെയ്ത മഴക്കാലം**

*നാലുകെട്ടി*ലും *അസുരവിത്തി*ലും മഴ ഭീതി വിതയ്ക്കുന്ന അനുഭവമാണെങ്കിൽ *കാല*ത്തിൽ മഴ അതിന്റെ കാൽപ്പനിക സൗന്ദര്യങ്ങളെ വീണ്ടെടുക്കുന്നുണ്ട്. സേതുവും സുമിത്രയും തമ്മിലുള്ള അടുപ്പത്തിനെല്ലാം മഴ സാക്ഷിയാണ്. വീടിനു പുറത്ത് ഇടിയും മഴയും തകർക്കുമ്പോൾ വീട്ടിനകത്ത് സുമിത്രയോട് സംസാരിക്കുകയായിരുന്നു സേതു. കത്തിച്ചുവെച്ച ചിമ്മിനി കാറ്റിൽകെട്ട സമയത്താണ് സേതു സുമിത്രയുടെ കൈയ്യിൽ പിടിച്ചത്. പിന്നീട് മറ്റൊരു മഴയത്താണ് കുന്നിൻ ചെരിവിലെ ചെങ്കല്ലുവെട്ടിയെടുത്ത ഗുഹപോലുള്ള ഭാഗത്ത് വെച്ച് സുമിത്രയെ തന്നോടു ചേർത്ത് പിടിച്ചത്.

‘താഴെയിറങ്ങി, നനുത്ത മഴച്ചാറലിലൂടെ നടന്നു പോകുമ്പോൾ മനസ്സു തുലാവർഷം കഴിഞ്ഞ കുട്ടാടമ്പാടം പോലെ നിറഞ്ഞു തുളുമ്പി നിന്നു’ (2009 ബി: 36).

എന്തൊക്കെയോ നേടിയ അഭിമാനത്തോടെയും സന്തോഷത്തോടെയു മാണ് സേതു നടന്നത്. സുമിത്രയോടു തോന്നിയത് പ്രണയമായിരുന്നോ എന്ന തിൽ സേതുവിന് സംശയമുണ്ട്.

'സുമിത്രയോടു തോന്നിയത് സ്നേഹമാണോ? ഓണം വെക്കേഷൻ കഴിഞ്ഞു പോരുമ്പോൾ, പുതിയ ചളിപൊതിഞ്ഞ വരമ്പിലൂടെ വഴുതാതെ ശ്രദ്ധിച്ച് അടിവെച്ച് റെയിൽവേ സ്റ്റേഷനിലേക്ക് നടക്കുമ്പോൾ വടക്കേതിലെ പടിക്കടുത്ത് വാഴക്കൂട്ടത്തിൽ അവൾ നിൽക്കുന്നുണ്ടായിരുന്നു' (2009 ബി: 158).

ചളിപൊതിഞ്ഞ നടക്കാൻ പ്രയാസമുള്ള വരമ്പും അതിലൂടെയുള്ള നട ത്തവും സുമിത്രയുമായുള്ള ബന്ധത്തിന്റെ സാക്ഷ്യം കൂടിയാണ്. ഒടുവിൽ സുമി ത്രപറയുന്ന വാക്കുപോലെ 'സേതൂന് എന്നും ഒരാളോടേ ഇഷ്ടംണ്ടായിരു ന്നൊള്ളൂ. സേതൂനോട് മാത്രം' (2009 ബി: 270). എന്നത് അയാളും ഒടുവിൽ തിരിച്ച റിയുന്നുണ്ട്.

ഗ്രാമസേവകന്റെ ജോലിക്ക് ഇന്റർവ്യൂവിനായി സേതു നഗരത്തിൽ വന്നിറ ങ്ങുന്നതും ഒരു മഴയത്താണ്. രാത്രിയിൽ ലോഡ്ജിൽ ഒറ്റക്കിരിക്കുമ്പോൾ പുറത്ത് മഴ പെയ്യുകയായിരുന്നു. അപ്പോൾ അയാൾ സുമിത്രയെപ്പറ്റിയാണ് ഓർത്തത്. അവ ളുടെ സാമീപ്യത്തിനായാണ് കൊതിച്ചത്. മഴ അയാൾക്ക് സുമിത്രയെക്കുറിച്ചുള്ള ഓർമ്മയാണ്.

ഉച്ചയ്ക്ക് മഴപെയ്തു തോർന്ന കടൽക്കരയിലൂടെ നടക്കുമ്പോഴാണ് സേതു മുതലാളിയുടെ ഭാര്യയെ കാണുന്നത്. 'പുറം കടലിൽ മഴപെയ്യുന്നുണ്ടെന്നു തോന്നി. ഒന്നും വ്യക്തമല്ല' (2009 ബി: 232). സേതുവിനെ സംബന്ധിച്ചിടത്തോളം ആ സ്ത്രീ അവ്യക്തമായ മഴ പോലെതന്നെയായിരുന്നു. പിന്നീട് ആ സ്ത്രീയെ തന്നെയാണ് സേതു വിവാഹം കഴിക്കുന്നത്.

ഒടുവിൽ നാട്ടിൽ വന്നപ്പോഴും പഴയ ഓർമ്മകൾപോലെ മഴ വീണ്ടും പെയ്യാ നൊരുങ്ങി. ഒരു മഴ കാതോർത്താണ് കിടക്കുന്നത്. പക്ഷേ പെയ്തില്ല. പെയ്യാനാ

കാത്ത വിധം ചില മഴക്കാലങ്ങൾ അപ്പോഴേക്കും അയാൾക്ക് നഷ്ടപ്പെട്ടിരുന്നു. സുമിത്ര അവളുടേതായ ഒരു ലോകത്ത് ജീവിച്ചു തുടങ്ങിയിരുന്നു. കൗമാരത്തിലെ മഴക്കാലങ്ങളൊന്നും ഇനി തിരിച്ചുവരില്ലെന്ന് അയാൾ ഉറപ്പിച്ചു.

**2.8. നിശബ്ദമായ ഭൂപ്രകൃതി**

എം.ടി യുടെ നോവലുകളിൽ വള്ളുവനാടിന്റെ ചിത്രീകരണം കാൽപ്പനികാനുഭവങ്ങളുടെ ആവിഷ്കരണമാണ്. കീഴാളകർഷക ശബ്ദങ്ങളെയും ജീവിതങ്ങളെയും അടയാളപ്പെടുത്താത്തതും തൊഴിലാളി വിരുദ്ധവുമായ സ്ഥലബോധമാണ് എം. ടി കൃതികൾ വെളിപ്പെടുത്തുന്നത്. എം. ടി യുടെ ഭൂപ്രകൃതി ചിത്രീകരണവും ഇത്തരത്തിലുള്ളതാണ്. നിശബ്ദമാക്കപ്പെട്ട വയലുകളാണ് മൂന്നു നോവലുകളിലും ഉള്ളത്. കർഷകനെയോ കാർഷിക ജീവിതത്തിന്റെ തുടിപ്പുകളേയോ എം. ടി യുടെ നോവലുകൾ കണ്ടെടുക്കുന്നില്ല. ഒന്നുകിൽ വെള്ളം കയറി നശിച്ച വയലുകൾ അല്ലെങ്കിൽ കട്ട ഉടച്ചിട്ട തീയാളുന്ന വയലുകൾ ഇതാണ് ഈ നോവലുകളിൽ കാണുന്ന വയൽ ചിത്രങ്ങൾ. വയലുകളുടെ സാമൂഹ്യസ്ഥലബോധത്തെ ഇത്തരം ചിത്രീകരണങ്ങൾ അടച്ചു കളയുന്നു. ഇത് രണ്ടും കർഷകനെ അന്യവൽക്കരിക്കുന്ന വയൽകാഴ്ചകളാണ്. കുന്നിൻ ചെരിവുകൾ ഒരു വൈയക്തിക സ്ഥലമായും കാൽപ്പനിക സ്ഥലമായും ഒതുങ്ങുന്നു. പുഴകൾ ഒന്നുകിൽ കരകവിഞ്ഞൊഴുകുന്നത്, അല്ലെങ്കിൽ വരണ്ട് കിടക്കുന്നത്. മഴ പെയ്തു തുടങ്ങിയാൽ വെള്ളപ്പൊക്കത്തിൽ എത്തുന്നു. ഇങ്ങനെ ദുരിതം വിതയ്ക്കുന്ന മഴയാണ് നോവലിൽ അധികവും വരുന്നത്.

നിരവധി കർഷക സമരങ്ങൾ നടന്ന മണ്ണാണ് വള്ളുവനാട്ടിലേത്. എന്നാൽ ഇത്തരത്തിലുള്ള ഒരു സാമൂഹിക സ്ഥലത്തെ കേവലം വൈയക്തികമായ സ്ഥലാനുഭവമാക്കി ഒതുക്കി തീർക്കുകയാണ് എം. ടി തന്റെ നോവലുകളിലൂടെ ചെയ്തത്. കൃഷിയെ പ്രധാന ഉപജീവനമാർഗ്ഗമായി കരുതിയിരുന്ന ഒരു ജനത, അവർ ജീവിച്ച ഇടം, അധ്വാനത്തിന്റെ കരുത്തറിഞ്ഞ മണ്ണ്, അവർക്ക് ഏറ്റവും

പ്രിയപ്പെട്ട വയലേലകളും പുഴകളും ഇതിനെയെല്ലാം അപ്രസക്തമാക്കുന്ന രീതിയിലാണ് എം.ടി കൃതികളിലെ പ്രകൃതിയുടെ ചിത്രീകരണം. ഇങ്ങനെ-കീഴാള കർഷക ശബ്ദങ്ങളെ നിശബ്ദമാക്കുന്ന തരത്തിലുള്ള ഭൂപ്രകൃതിയുടെ ആവിഷ്കരണമാണ് എം.ടി യുടെ നോവലുകളിൽ കാണുന്നത്.

പൊതുവായ അധ്വാനമണ്ഡലത്തെ നിരാകരിക്കുകയും അതിനെ വൈയക്തിക തലത്തിലേക്ക് ചുരുക്കുകയും ചെയ്യുന്നത് കേവലമായ ഒരു പ്രക്രിയയല്ല. പൊതു അധ്വാനമണ്ഡലം സ്വകാര്യസ്ഥലങ്ങളുമായി വൈരുധ്യാത്മകമായ ഒരു ബന്ധം സ്ഥാപിക്കുന്നുണ്ട്. എന്തുകൊണ്ട് പൊതു അധ്വാനമണ്ഡലം തമസ്കരിക്കപ്പെട്ടു എന്നറിയണമെങ്കിൽ എങ്ങനെ സ്വകാര്യമണ്ഡലം അവിടെ പകരം സ്ഥാപിക്കപ്പെട്ടു എന്നറിയണം.

വള്ളുവനാട് എന്ന പൊതുസ്ഥലം വള്ളുവനാട്ടിലെ സ്വകാര്യസ്ഥലങ്ങളുമായി സ്ഥാപിക്കുന്ന സവിശേഷബന്ധത്തിലൂടെയാണ് എം.ടി കൃതികളിൽ വിന്യസിക്കപ്പെട്ടിരിക്കുന്നത്. ഇത് വ്യക്തമാക്കാൻ ബാഹ്യസ്ഥലങ്ങൾക്കപ്പുറത്തുള്ള സ്ഥലരാശിയിലേക്ക് വിശകലനം ചെന്നെത്തേണ്ടതുണ്ട്.

ഈ നിലയിൽ സ്ഥലബോധത്തെ സൂക്ഷ്മതലത്തിൽ വിശകലനം ചെയ്യുകയാണ് അടുത്ത അധ്യായത്തിൽ. സാമൂഹ്യബന്ധങ്ങളുടെ പുനരുൽപ്പാദനവും രൂപാന്തരീകരണവും നടക്കുന്ന 'ഇട'ങ്ങളിലേക്ക് അന്വേഷണത്തെ നയിച്ചുകൊണ്ടാണ് ഇത് നിർവ്വഹിക്കുന്നത്. വാസസ്ഥലബന്ധം, സ്ത്രീ-പുരുഷബന്ധം, സാമുദായിക ബന്ധം എന്നിവയെല്ലാം പുനരുല്പാദിപ്പിക്കുന്ന ഈ ഇടങ്ങളിലേക്കാണ് ഇനി നമുക്ക് സഞ്ചരിക്കാനുള്ളത്. അധ്വാനബന്ധങ്ങളോടൊപ്പം അധ്വാനേതര ബന്ധങ്ങളിലേക്കും അത് നയിക്കുന്നു. സാങ്കൽപ്പിക സ്ഥലങ്ങളിലൂടെയും അവ തമ്മിലുള്ള ബന്ധങ്ങളിലൂടെയും വിനിമയം ചെയ്യപ്പെടുന്ന അധികാരബന്ധങ്ങൾ തന്നെയാണത്. വ്യക്തിബന്ധങ്ങളിൽ പ്രവർത്തിക്കുന്ന സാമൂഹ്യമായ അധികാരത്തിന്റെ സ്ഥലരാശികളും ഇടങ്ങളുമാണവ.

# അധ്യായം 3

## സ്ഥലം എന്ന ആഖ്യാനയുക്തി:

***നാലുകെട്ട്, അസുരവിത്ത്, കാലം എന്നീ***

**നോവലുകളിലെ ഇടങ്ങളുടെ വിശകലനം**

ഒരു വ്യക്തിയുടെ ആത്മസംഘർഷങ്ങൾ ഉടലെടുക്കുന്നത് സ്ഥലം നൽകുന്ന അനുഭവത്തിലൂടെയാണ്. 'സംസ്കൃതത്തിലെ 'സ്ഥല' എന്ന ധാതുവിൽ നിന്നാണ് 'സ്ഥലം' എന്ന വാക്കുണ്ടായത്. 'സ്ഥലതി ഇതി സ്ഥലം' അതായത് സ്ഥിതി ചെയ്യുന്നു എന്നതുകൊണ്ട് സ്ഥലം എന്നർത്ഥം' (രവി നമ്പൂതിരിപ്പാട് 2003:523). ആകൃതിയും വലിപ്പവുമുള്ള ഏതൊരു പ്രത്യക്ഷരൂപത്തിനും ചലിക്കാനും ഭൗതികപ്രവർത്തനത്തിനും സാധ്യത നൽകുന്ന, സ്ഥിതി ചെയ്യുക എന്ന സാങ്കൽപിക മണ്ഡലത്തിന്റെ അവസ്ഥയെ കുറിക്കുന്ന ഒന്നാണ് സ്ഥലം എന്ന് ഭൗതികശാസ്ത്രം നിർവ്വചിക്കുന്നു (Goldstein, 1998:63). സ്ഥലം മനുഷ്യമനസ്സിൽ രൂപപ്പെടുന്ന ഒന്നാണെന്ന ആശയവാദികളുടെ അഭിപ്രായത്തിന് വിരുദ്ധമായി സ്ഥലത്തെ ഒരു ഭൗതികയാഥാർത്ഥ്യമായാണ് മാർക്സിയൻ ചിന്താപദ്ധതികൾ കാണുന്നത്.

ഒരേ സ്ഥലത്തുതന്നെ വ്യത്യസ്ത ഇട[10]ങ്ങളുണ്ടാകാം. സാമൂഹ്യമായ ഇടങ്ങളും സ്വകാര്യഅനുഭവങ്ങളുടെ ഇടങ്ങളും ഇത്തരത്തിൽ കാണാം. വയൽ, കടകൾ തുടങ്ങിയ അദ്ധ്വാനത്തിന്റെ ഇടങ്ങളെ സാമൂഹ്യ ഇടങ്ങളായും വീട് സ്വകാര്യ അനുഭവങ്ങളുടെ ഇടമായും ആണ് ഇവിടെ കാണുന്നത്. വീടിന്റെ അകം വ്യത്യസ്ത ഇടങ്ങളായി അനുഭവപ്പെടാം. വീടിന്റെ മുറ്റം, മുൻവശം, അടുക്കള എന്നിവയെല്ലാം വ്യത്യസ്തമായ ഇടങ്ങളാണ്. കുടുംബ ബന്ധങ്ങളും, ദാരിദ്ര്യവും വീടിനകത്തെ സ്ഥലപരിസരങ്ങളിൽ പലപ്പോഴും പ്രതിസന്ധികളായി മാറുന്നുണ്ട്. പ്രണയവും പ്രതികാരവും അധ്വാനവും അധികാരവുമെല്ലാം വ്യക്തിയുടെ അനുഭ

[10] സാമൂഹ്യബന്ധങ്ങളുടെ പുനരുല്പാദനവും രൂപാന്തരീകരണവും നടക്കുന്നതെവിടെയാണോ ആ സ്ഥലത്തെയാണ് ആഗ്ന്യു ഇടം എന്നു വിളിക്കുന്നത്. (1987:27) ആഗ്ന്യു ഇടത്തെ മൂന്നായി തിരിക്കുന്നു. സാമൂഹികമായ പരസ്പര പ്രവർത്തനങ്ങളുടെ ഇടം (Local place as setting for social interaction) ഭൂമിശാസ്ത്രത്തിന്റെ സ്ഥലത്തിൽ നിലനില്ക്കുന്ന ഇടം (Local – place located in Geographical space) , ഇടത്തിന്റെ ബോധം ഉൾക്കൊള്ളുന്ന ഇടം (Sence of space) എന്നിവയാണവ. ഈ മൂന്നിടങ്ങളും ചേർന്ന ഒന്നാണ് ആഗ്ന്യൂവിന്റെ സങ്കല്പത്തിൽ മൂർത്തമായ ഇടം.

വസീമയിലേക്ക് പ്രവേശിക്കുന്നത് സവിശേഷമായ സ്ഥലികത[11]യിലൂടെയാണ്. സ്ഥലികതയിലുണ്ടായ അന്തരം അനുഭവത്തിന്റെ വൈവിധ്യത്തിന് നിമിത്തമാകുന്നു. ഒരു സ്ഥലം തന്നെ വ്യത്യസ്ത തരത്തിലാണ് ഓരോ സന്ദർഭത്തിലും ഒരു വ്യക്തിക്ക് അനുഭവപ്പെടുന്നത്. വ്യക്തികൾ മാറുമ്പോഴും ഒരേ സ്ഥലം വ്യത്യസ്ത അർത്ഥങ്ങളെ ഉൽ പ്പാദിപ്പിക്കുന്നുണ്ട്. അങ്ങിനെ വരുമ്പോൾ 'സ്ഥലം' അളന്നുതിട്ടപ്പെടുത്താവുന്ന ഒരു ഭൗതിക'യാഥാർത്ഥ്യ'മല്ല. വ്യക്തികളും അവരുടെ ഇടപെടലുകളുമാണ് ഓരോ സ്ഥലത്തേയും വ്യത്യസ്തമായ അനുഭവമാക്കുന്നത്.

ഹെന്റി ലെഫെബ്വ്രെ *'ദ പ്രൊഡക്ഷൻ ഓഫ് സ്പെയ്സ്'* എന്ന കൃതിയിൽ മൂന്നു തരത്തിലുള്ള സ്ഥല സങ്കല്പങ്ങളെ പരിചയപ്പെടുത്തുന്നുണ്ട്. ആനുഭവിക സ്ഥലം, ഇന്ദ്രിയഗോചരമായ സ്ഥലം, ഭാവനാത്മകമായ സ്ഥലം എന്നിവയാണ് ആ സ്ഥലസങ്കല്പങ്ങൾ.

സാമൂഹിക, സാംസ്കാരിക ഘടകങ്ങൾ ചേർന്ന തികച്ചും ഭൗതികമായ സ്ഥലസങ്കല്പമാണ് ആനുഭവികസ്ഥലം. റോഡുകൾ, നിരത്തുകൾ, പൊതുസ്ഥലങ്ങൾ എന്നിവയെല്ലാം ആനുഭവികതലത്തിൽ രൂപപ്പെടുന്നവയാണ്.

മിത്തുകളുടെയും പുരാണങ്ങളുടെയും ഫലമായി ആവിഷ്കൃതമാകുന്ന സ്ഥലസങ്കല്പത്തിലൂടെ ആഖ്യാതാവ് രൂപപ്പെടുത്തുന്ന മാനസിക സൃഷ്ടിയുടെ ഭാവനാതീതമായ സ്ഥലസങ്കല്പമാണ് ഭാവനാത്മകസ്ഥലം. കാവുകളും തിറകളും വിശ്വാസങ്ങളും ഐതിഹ്യങ്ങളും എല്ലാം ചേർന്നാണ് ഭാവനാത്മകസ്ഥലം രൂപപ്പെടുന്നത്.

---

[11] ആഖ്യാനത്തിന്റെ മൗലിക ലക്ഷണങ്ങളിലൊന്നാണ് സ്ഥലികത. സ്ഥലികത (Spatiality) എന്ന പദം കഥയിലെ സംഭവങ്ങൾ നടക്കുന്ന സ്ഥലത്തെ സംബന്ധിക്കുന്ന പദമാണ്. (രാധാകൃഷ്ണൻ നായർ: 2000; 52). സംഭവം നടക്കുന്ന സ്ഥലമെന്നത് കഥാജനക സ്ഥലമോ കഥാജനിത സ്ഥലമോ അനുവാചക സ്ഥലമോ ഏതുമാവാം. കലയിലെയും സാഹിത്യത്തിലെയും സ്ഥലസങ്കല്പമാണ് സ്ഥലികതകൊണ്ട് ഉദ്ദേശിക്കുന്നത് (2000:54).

ഭൂപരമായ ബിംബങ്ങളിലൂടെ രൂപപ്പെടുന്നതാണ് ഇന്ദ്രിയഗോചരമായ സ്ഥല സങ്കല്പം. സ്കൂളുകൾ, വീടുകൾ, ബംഗ്ലാവുകൾ, ജയിലുകൾ, വൃദ്ധസദനങ്ങൾ എന്നീ യന്ത്രവൽകൃതമായ സ്ഥലബിംബങ്ങളാണ് ഇന്ദ്രിയഗോചരമായ സ്ഥലത്തിൽ ആവിഷ്കൃതമാകുന്നത്.

എന്നാൽ ഈ പ്രബന്ധത്തിൽ വൈയക്തിക, സാമൂഹിക, സാംസ്കാരിക ഘടകങ്ങൾ ചേർന്ന ഭൗതികമായ സ്ഥലസങ്കല്പത്തെയാണ് ആനുഭവികസ്ഥലം എന്നു പറയുന്നത്. വീട്, നിരത്തുകൾ, പൊതുസ്ഥലങ്ങൾ, വിദ്യാലയം, ക്ഷേത്രങ്ങൾ, കാവുകൾ തുടങ്ങി വ്യക്ത്യനുഭവവും സാമൂഹ്യാനുഭവവുമായി ബന്ധപ്പെട്ടു നിൽക്കുന്ന എല്ലാ സ്ഥലങ്ങളെയും ആനുഭവികസ്ഥലം എന്ന സംജ്ഞകൊണ്ടാണ് സൂചിപ്പിക്കുന്നത്. ഈ ആനുഭവികസ്ഥലത്തെ വൈയക്തികസ്ഥലം അല്ലെങ്കിൽ അകസ്ഥലമെന്നും സാമൂഹ്യസ്ഥലം അല്ലെങ്കിൽ പുറംസ്ഥലമെന്നും വിഭജിക്കാം.

ഇങ്ങനെ എം.ടി യുടെ കൃതികളിലെ വ്യത്യസ്ത സ്ഥലാവിഷ്കാരങ്ങളും അവ ഓരോ കഥാപാത്രങ്ങൾക്കും ഉണ്ടാക്കുന്ന അനുഭവവും ഏതു തരത്തിലാണെന്ന് അന്വേഷിക്കുകയാണ് ഇവിടെ ചെയ്യുന്നത്. വീടിന്റെ അകത്തും പുറത്തും ഗ്രാമ[12]ത്തിലും നഗരത്തിലും ഒക്കെയുള്ള കഥാപാത്രങ്ങളുടെ ഇടപെടലിലൂടെ ഓരോ സ്ഥലവും വ്യത്യസ്ത അനുഭവങ്ങൾ പ്രദാനം ചെയ്യുന്നു. ഇത്തരം അനുഭവങ്ങളുടെ ആവിഷ്കാരത്തിലൂടെ എം.ടി കൃതികളിൽ രൂപപ്പെടുന്ന വള്ളുവനാടിന്റെ സവിശേഷതകൾ കണ്ടെത്താൻ ശ്രമിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

### 3.1. വീടുകൾ

*നാലുകെട്ട്, അസുരവിത്ത്, കാലം* എന്നീ നോവലുകൾ വീട്ടകങ്ങളുടെ പശ്ചാത്തലത്തിലാണ് വികസിക്കുന്നത്. അതുകൊണ്ട് തന്നെ വീടുകൾ ഈ കൃതി

[12] വ്യത്യസ്ത തൊഴിൽ കൂട്ടായ്മകൾ ഒരു പ്രദേശത്ത് ഒരുമിച്ച് താമസിക്കുകയും അങ്ങനെ രൂപപ്പെടുകയും ചെയ്യുന്ന സ്ഥലമാണ് ഗ്രാമം. ഗ്രാമസമൂഹത്തിൽ കാർഷിക വൃത്തിയ്ക്കാണ് കൂടുതൽ പ്രാധാന്യം ഉണ്ടാവുക. ബ്രാഹ്മണർ താമസിക്കുന്ന സ്ഥലങ്ങളെയും ഗ്രാമങ്ങൾ എന്നു വിളിക്കാറുണ്ട്. അത് പലപ്പോഴും ജാതികേന്ദ്രിത ഗ്രാമങ്ങൾ ആയിരിക്കും.

കളിൽ ധാരാളമായി കാണുന്നുണ്ട്. അവ ഓരോന്നും വ്യത്യസ്ത തരത്തിലാണ് കഥയെയും കഥാപാത്രങ്ങളെയും സ്വാധീനിക്കുന്നത്.

### 3.1.1. അധ്വാനത്തിന്റെ വീട്

വീട് *നാലുകെട്ട്* എന്ന നോവലിലെ പ്രധാനപ്പെട്ട ഒരു 'ആനുഭവികസ്ഥല' മാണ്. ഈ നോവലിൽ പ്രധാനമായും നാലു വീടുകളിലായി പാർക്കുന്ന മനുഷ്യ രുടെ കഥയാണ് ചുരുളഴിയുന്നത്. ഒന്ന് അപ്പുണ്ണി കുട്ടിക്കാലം ചെലവഴിക്കുന്ന അവന്റെ അച്ഛൻ കോന്തുണ്ണിനായർ ഉണ്ടാക്കിയ വീട്. രണ്ടാമത് നോവലിന്റെ പേരായി സൂചിപ്പിക്കപ്പെടുന്ന, അപ്പുണ്ണിയുടെ അമ്മ പാറുക്കുട്ടിയുടെ തറവാടായ നാലുകെട്ട്. പിന്നീടുള്ള രണ്ടു വീടുകൾ പാറുക്കുട്ടി ജോലിക്ക് പോകുന്ന വീടും സൈതാലിക്കുട്ടിയുടെ വീടുമാണ്. അകത്തും പുറത്തും ദാരിദ്ര്യം നിറഞ്ഞ വീടാണ് ആദ്യത്തേത്. 'അവൻ താമസിക്കുന്ന വീട്ടിൽ ഒരു മുറിയും തളവും അടു ക്കളയും മാത്രമേയുള്ളൂ. ചുമർ ചെത്തിത്തേച്ചിട്ടില്ല. രാത്രിയിൽ ചെങ്കല്ലിന്റെ കഷ്ണങ്ങൾ പായിൽ അടർന്നുവീഴും' (2009 സി: 49). ഇതാണ് അപ്പുണ്ണിയുടെ അച്ഛൻ കോന്തുണ്ണിനായരുണ്ടാക്കിയ വീടിന്റെ അവസ്ഥ. രണ്ടാമത്തെ വീടാകട്ടെ പുറമേക്ക് സമ്പന്നമാണെങ്കിലും അകമേ ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. ഈ രണ്ടു വീടുകളിലുമായാണ് അപ്പുണ്ണി ചെറുപ്പവും കൗമാരവും കഴിച്ചത്.

അപ്പുണ്ണിയും അമ്മയും താമസിച്ചിരുന്ന വീടിനെപ്പറ്റിയുള്ള പരാമർശം നോവലിൽ കുറവാണ്. രണ്ടു തവണയാണ് അപ്പുണ്ണി വീടുവിട്ടുനിൽക്കുന്നത്. ആദ്യം വീടുവിട്ടുനിൽക്കുന്നത് സർപ്പം തുള്ളൽ കാണാൻ പോകുന്ന സമയത്താ ണ്. രണ്ടാമത്തേത് അമ്മയ്ക്ക് ശങ്കരൻനായരോട് അടുപ്പമുള്ളതറിഞ്ഞ് വീട് വിട്ടിറിങ്ങിപ്പോരുന്ന സന്ദർഭത്തിലാണ്. നാലുകെട്ടിൽ ജീവിക്കാനുള്ള ആഗ്രഹം രണ്ടാമത്തെ വീടുവിട്ടിറങ്ങലിന്റെ പിന്നിലുണ്ട്. ഒരിക്കൽ തന്നെ ആട്ടിയിറക്കിവിട്ട വീട്ടിലേക്ക് രണ്ടാമതും കയറിച്ചെല്ലുന്നത് കുറേക്കൂടി ഉറച്ച കാൽവെപ്പുകളോടെയാ യിരുന്നു. അതിന് ധൈര്യം നൽകിയത് സെയ്താലിക്കുട്ടിയാണ്.

### 3.1.2. സ്വാതന്ത്ര്യത്തിന്റെ അകസ്ഥലം

കോന്തുണ്ണിനായരുടെ വീട് പാറുക്കുട്ടിക്ക് സ്വാതന്ത്ര്യത്തിന്റെ ഇടമായിരുന്നു. ആ വീട് ദാരിദ്ര്യം നിറഞ്ഞതും സൗകര്യം കുറഞ്ഞതുമായിരുന്നു. എങ്കിലും നാലുകെട്ടിൽ കഴിഞ്ഞതിനേക്കാൾ പാറുക്കുട്ടിയുടെ മനസ്സിനെ സന്തോഷിപ്പിച്ചത് ആ വീടാണ്. മഴയത്ത് ചോർന്നൊലിക്കുന്ന ആ വീട്ടിലാണ് പാറുക്കുട്ടി ജീവിച്ചത്. 'രാത്രിയിൽ പൊടുന്നനെയാണ് ഇടിയും മഴയും വന്നത്. മീനത്തിൽ അതുപോലൊരു മഴ പിന്നീടുണ്ടായിട്ടില്ല. തകർത്തുപെയ്യുന്ന മഴവെള്ളം മേൽപ്പുരയുടെ പഴുതുകളിലൂടെ കുത്തിയൊഴുകി. പായ നനഞ്ഞു. അകം മുഴുവൻ വെള്ളം' (2009 സി: 33). സ്ഥലത്തിന്റെ അരക്ഷിതാവസ്ഥയാണ് പാറുക്കുട്ടിക്ക് ഇവിടെ അനുഭവപ്പെടുന്നത്. നാലുകെട്ട് എന്ന അരക്ഷിതമായ സ്ഥലത്തുനിന്നും പുതിയ ഇടത്തിലേക്ക് എത്തുമ്പോൾ ആ സ്ഥലവും അരക്ഷിതമായ അനുഭവം ഉണ്ടാക്കുന്നു. മഴവെള്ളം കയറി വാസയോഗ്യമല്ലാത്ത അവസ്ഥയിലായിരുന്നു കോന്തുണ്ണിനായരുടെ വീട്. ഇവിടെ വീടിന്റെ സുരക്ഷിതത്വത്തേക്കാൾ കോന്തുണ്ണിനായരുടെ കരുത്താണ് അവൾക്ക് അവിടെ ജീവിക്കാൻ പ്രേരണ നൽകിയത്. പിന്നീട് മകൻ വീടുവിട്ടുപോയപ്പോഴും പെരുമഴയത്ത് വീട്ടിലേക്ക് വെള്ളം കയറുന്ന അവസ്ഥ വന്നപ്പോഴും പാറുക്കുട്ടി വീടുവിട്ടു പോയിട്ടില്ല. ദാരിദ്ര്യവും കഷ്ടപ്പാടും നിറഞ്ഞതാണെങ്കിലും സ്വാതന്ത്ര്യത്തിന്റെ ഇടമായിരുന്നു പാറുക്കുട്ടിക്ക് ആ വീട്. തറവാട്ടിൽ അന്നു നിലനിന്ന എല്ലാ അധികാരങ്ങളെയും ആൺകോയ്മകളെയും തകർത്ത് സ്വന്തം ജീവിതം തെരഞ്ഞെടുത്തവളാണ് പാറുക്കുട്ടി. അതോടെ അവൾ നാലുകെട്ടിൽ നിന്നും ബഹിഷ്കൃതയായി. സ്വാതന്ത്ര്യത്തിന്റെയും പരസ്പര സ്നേഹത്തിന്റെയും പുതിയൊരു സ്ഥലത്തേക്ക് അവൾ എത്തിപ്പെട്ടു. തറവാട്ടിലെ സമ്പത്ത് വർദ്ധിപ്പിക്കാനുള്ള കരാറുകളായിരുന്നു അക്കാലത്തെ വിവാഹങ്ങൾ. പാറുക്കുട്ടിയ്ക്ക് വന്ന വിവാഹാലോചനയും അത്തരത്തിലുള്ള ഒന്നായിരുന്നു . പ്രായമേറിയ ഒരാൾ, ചുണ്ടിലും കൈവെള്ളയിലും പാണ്ടുള്ള ഒരാൾ. പക്ഷെ അതിനെയെല്ലാം മറയ്ക്കുന്ന ചിലതെല്ലാം അയാൾക്കുണ്ട്.

'കാടും മലയും കളങ്ങളുമുണ്ടത്രേ. സ്വകാര്യസ്വത്തു ധാരാളമുണ്ട്. ആദ്യത്തെ ഭാര്യ മരിച്ചു. രണ്ടാമത്തെ ഭാര്യയെ ഉപേക്ഷിച്ചു. എന്നാലും നല്ലവ നാണ്. രണ്ടാമത്തെ ഭാര്യയിലെ മക്കൾക്കു ചെലവിനു കൊടുക്കുന്നുണ്ട്' (2009 സി: 37).

അതായിരുന്നു അന്നത്തെ തറവാട്ടകങ്ങളുടെ സ്ഥിതി. സ്വകാര്യസ്വത്ത് സ്വഭാവദൂഷ്യങ്ങളെ മറച്ചുവെയ്ക്കും. എന്നാൽ പാറുക്കുട്ടി തറവാട്ടിലെ മറ്റു സ്ത്രീ കളെപ്പോലെ തളർന്നില്ല. കാര്യങ്ങൾ കേട്ടപ്പോൾ കോന്തുണ്ണിനായർ അവളോട് പറഞ്ഞു. 'എനിക്ക് നാലുകെട്ടും പത്തായവും ഇല്ല. എന്നാലും ഞാനൊരാണാണ്. ധൈര്യമുണ്ടെങ്കിൽ പോന്നോളൂ. ഈ കൈത്തണ്ടയ്ക്ക് ബലമുള്ള കാലംവരെ പൊലർത്തിക്കോളാം' (2009 സി: 37-38). ആ വാക്ക് അവൾ വിശ്വസിച്ചു. സ്വന്തം ജീവിതം അവൾ തെരഞ്ഞെടുത്തു. തറവാട്ടുകാർ പുലകുളിച്ചു. തറവാട്ടിന് അവളുടെ സ്വാതന്ത്ര്യം അശുദ്ധിയായിരുന്നു. ശുദ്ധി പ്രദാനം ചെയ്യുന്ന അസ്വാ തന്ത്ര്യത്തെ അവൾ തകർത്തു. തറവാട്ടിനകത്തെ അസ്വാതന്ത്ര്യത്തിന്റെ സ്ഥല ബോധത്തിൽ നിന്നും അവൾ സ്വാതന്ത്ര്യത്തിന്റെ പുതിയ സ്ഥലരാശിയിലേക്ക് എത്തിപ്പെട്ടു.

### 3.1.3 ദാരിദ്ര്യത്തിന്റെ അകസ്ഥലം

കോന്തുണ്ണിനായരുടെ വീട് പാറുക്കുട്ടിക്ക് സ്വാതന്ത്ര്യത്തിന്റെ ഇടമായിരു ന്നെങ്കിൽ അപ്പുണ്ണിക്ക് ദാരിദ്ര്യത്തിന്റെ സ്ഥലമായിരുന്നു. *നാലുകെട്ട്* എന്ന നോവലിൽ ദാരിദ്ര്യത്തിന്റെ തീക്ഷ്ണത കാണുന്നുണ്ട്. അപ്പുണ്ണിക്ക് ലഭിക്കുന്ന ഏറ്റവും നല്ല ഭക്ഷണം അമ്മ നൽകുന്ന ഉള്ളി മൂപ്പിച്ച ചോറാണ്. സ്കൂൾ വിട്ടുവരുന്ന ദിവസങ്ങളിൽ അമ്മ ഉറിയിൽ എടുത്തുവെച്ച കഞ്ഞി കുടിച്ചാണ് വിശപ്പടക്കിയിരുന്നത്. സ്കൂളിലേക്ക് പോകുമ്പോൾ കഞ്ഞികൊണ്ടുപോകുവാൻ പാത്രം പോലുമില്ലായിരുന്നു. 'ആമിനുമ്മയുടെ കുറി കിട്ടിയപ്പോൾ അമ്മ തൂക്കു പാത്രം വാങ്ങാൻ പുറപ്പെട്ടതാണ്. പക്ഷേ തൂക്കുപാത്രത്തേക്കാൾ ആവശ്യം ഒരു

ഷർട്ടും മുണ്ടുമാണെന്ന് തോന്നി. അമ്മയും സമ്മതിച്ചു. ഉണ്ടായിരുന്ന രണ്ടു ഷർട്ടിലൊന്നു തിരുമ്മി തിരുമ്മി പിഞ്ഞിക്കഴിഞ്ഞിരുന്നു' (2009 സി: 75). ഇല്ലത്ത് പണിക്കുപോയാണ് പാറുക്കുട്ടി അപ്പുണ്ണിയെ വളർത്തിയത്. സമ്പത്തിന്റെ ലോക ത്തുനിന്നും ദാരിദ്ര്യത്തിന്റെ ലോകത്താണ് പാറുക്കുട്ടി എത്തുന്നത്. സ്വാതന്ത്ര്യ ത്തിന്റെയും സ്നേഹത്തിന്റെയും ലോകം തേടിപ്പോയതുകൊണ്ടാണ് അവൾക്കി ങ്ങനെവന്നതെന്ന സൂചനയും നോവൽ തരുന്നുണ്ട്.

തൃത്താല സ്കൂളിൽവെച്ചാണ് അപ്പുണ്ണി തന്റെ തറവാട്ടിലെ മറ്റു രണ്ടു കുട്ടികളായ ഭാസ്കരനേയും കൃഷ്ണൻകുട്ടിയേയും കാണുന്നത്. അവർ കാളവ ണ്ടിയിലാണ് സ്കൂളിലേക്കു വരുന്നത്. ഉച്ചയ്ക്ക് മാരാരുടെ ഹോട്ടലിൽ അവർക്ക് ഊൺ ഏൽപ്പിച്ചിട്ടുണ്ട്. നോവലിലെ സമ്പന്നരായ കുട്ടികൾക്ക് ഒരു പുറം ലോക മുണ്ട്. അത് അവരെ സ്വീകരിക്കാൻ കഴിയുന്ന, അവർക്ക് ഭക്ഷണം ലഭിക്കുന്ന സ്ഥലമാണ്. പുറത്തേക്ക് വികസിക്കുന്ന സ്ഥലാനുഭവമാണ് അവർക്ക് അടുക്കള. അവരുടെ വീട് അവർ പോകുന്നിടത്തേക്കൊക്കെ വ്യാപിക്കുന്നു. അപ്പുണ്ണിക്ക് വീട്ടിലും പുറത്തും ഭക്ഷണമില്ലാത്ത അവസ്ഥയാണ്. അടുക്കള അടിസ്ഥാനപര മായി ഭക്ഷണം പാകം ചെയ്യുന്ന സ്ഥലമാണ്. അവിടെ ഭക്ഷണം ഇല്ലാതാകുന്ന തോടെ അടുക്കള എന്ന അയാളുടെ അനുഭവം പട്ടിണിയുടേതാകുന്നു. നാലുകെ ട്ടിലെ കുട്ടികൾക്ക് അടുക്കള സമൃദ്ധമാണ്. രുചികളുടെ അനുഭവലോകമാണ് അവർക്ക് അടുക്കള. ഒരേ തറവാട്ടിലുള്ളവരായിട്ടും അപ്പുണ്ണിക്കും ഭാസ്കരനും ഇടയിലുള്ള അസമത്വത്തിനു കാരണം അപ്പുണ്ണിയുടെ അമ്മയായ പാറുക്കുട്ടിയുടെ സ്വാതന്ത്ര്യപ്രഖ്യാപനമാണ്. തികച്ചും യാഥാസ്ഥിതികമാണ് അവളുടെ തറവാട്. എന്നിട്ടും തന്നെ സംബന്ധം ചെയ്യാൻ വന്ന കിഴവൻ നമ്പൂതിരിക്ക് മുന്നിൽ കഴുത്തു നീട്ടാതെ ഇഷ്ടപ്പെട്ട പുരുഷനോടൊപ്പം അവൾ ഇറങ്ങിപ്പോന്നു. ഒരു സ്ത്രീയുടെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെയും സാമൂഹിക നവോത്ഥാനത്തി ന്റെയും ആധുനികതയുടെ പുതുവെളിച്ചം കുടുംബങ്ങൾക്കുള്ളിലേക്ക് വീശുന്ന തിന്റെയും ഒക്കെ സൂചനയായി പാറുക്കുട്ടിയുടെ ഈ പ്രവൃത്തിയെ നമുക്ക് വായി

ച്ചെടുക്കാം. എന്നാൽ ഇഷ്ടപ്പെട്ട ജീവിതം അമ്മ തെരഞ്ഞെടുത്തതുകൊണ്ട് അപ്പുണ്ണി സാമൂഹികമായി ഒട്ടേറെ അസമത്വങ്ങൾ അനുഭവിക്കുന്നുണ്ട്. അപ്പുണ്ണിയെ നാലുകെട്ടിൽനിന്ന് ഇറക്കിവിടുന്നതും അവന്റെ കുട്ടിക്കാലം ദാരിദ്ര്യത്തിന്റേതായിത്തീർന്നതും അവന്റെ അമ്മ ഇഷ്ടപ്പെട്ട വിവാഹം കഴിച്ചതു കൊണ്ടാണ്. 'അമ്മ കാരണം തറവാട് നഷ്ടപ്പെട്ടു. ഇനി വീടും നഷ്ടപ്പെടും' (2009 സി: 98). അമ്മയുടെ സ്വാതന്ത്ര്യം മകന്റെ ദാരിദ്ര്യമാകുന്ന വൈരുദ്ധ്യമാണിവിടെ കാണുന്നത്. ഇവ തമ്മിലുള്ള സംഘർഷം ഇവിടെ വ്യക്തമാണ്.

### 3.1.4 നാലുകെട്ട്: അപരിചിതത്വത്തിന്റെ അത്ഭുതലോകം

നോവലിൽ ചിത്രീകരിക്കപ്പെടുന്ന മറ്റൊരു വീട് നാലുകെട്ടാണ്. കുറേ അംഗങ്ങൾ ജീവിക്കുന്ന ഇടമാണത്. മുത്താച്ചി പറഞ്ഞാണ് അപ്പുണ്ണിക്ക് ആ വീടിനെപ്പറ്റിയുള്ള ചിത്രം ലഭിച്ചത്. ഭഗവതി ഇരിക്കുന്ന നാലുകെട്ടിൽ പത്തായപ്പുരയും കൈയാലയുമുണ്ട്. സർപ്പം തുള്ളൽ[13] കാണുവാൻ മുത്താച്ചിയുടെ കൂടെ എത്തിയപ്പോഴാണ് അപ്പുണ്ണി നാലുകെട്ട് ശരിക്കും കണ്ടത്. 'നാലുകെട്ടു വലിയതുതന്നെ! മനസ്സിൽ കണ്ടപോലെ വൈക്കോൽ മേഞ്ഞതാണ്. കുമ്മായം പൊട്ടിയടർന്ന ഭിത്തികൾ. തടിച്ച അഴികളുള്ള ചാരനിറമുള്ള പഴയ ജനാലപ്പഴുതുകൾ. പത്തായപ്പുര തൊട്ടടുത്തുതന്നെ, അത് ഓടുമേഞ്ഞതാണ്. കൈയാലയും മതിൽക്കെട്ടിന്റെ പൊളിഞ്ഞ ഒരു ഭാഗവും കാണാം' (2009 സി: 48).

[13] നാഗപ്രീതിക്കുവേണ്ടി സർപ്പക്കാവുകളിലും നാഗക്ഷേത്രങ്ങളിലും ഗൃഹങ്ങളിലും പുള്ളുവർ നടത്തുന്ന കർമം. സർപ്പപ്പാട്ട്, പാമ്പും തുള്ളൽ, പാമ്പിൻകളം, നാഗപ്പാട്ട്, സർപ്പോത്സവം എന്നീ പേരുകളിലും സർപ്പപ്പാട്ട് അറിയപ്പെടുന്നു. സർപ്പം തുള്ളുന്നത് സ്ത്രീകളാണ്. അവർ ഏഴോ ഒമ്പതോ ദിവസം മുമ്പ് വ്രതാനുഷ്ഠാനം തുടങ്ങണം. അലങ്കരിച്ച പന്തലിൽ സർപ്പക്കളം ചിത്രീകരിക്കുന്നു. രാവിലെ അരിപ്പൊടികൊണ്ടു മാത്രം (ഭസ്മക്കളം) കളമിടും. ഉച്ചയ്ക്കും രാത്രിയിലും പഞ്ചവർണ പൊടികൾകൊണ്ടാണ് കളമെഴുതുക. സർപ്പയക്ഷിക്കളം, നാഗയക്ഷിക്കളം, അഷ്ടനാഗക്കളം എന്നിങ്ങനെ പലതരത്തിലുള്ള കളങ്ങൾ സന്ദർഭോചിതമായി പുള്ളുവർ ചിത്രീകരിക്കും. പന്തലിൽ വിളക്കുകൾ തൂക്കുകയും കളത്തിനു ചുറ്റും നെല്ല്, അരി, നാളികേരം, വെറ്റില, പഴുക്ക, കവുങ്ങിൻ പൂക്കുല, പാൽക്കുടം, ദീപം എന്നിവകൊണ്ട് അലങ്കരിക്കുകയും ചെയ്യാറുണ്ട്. കളം പൂജിച്ചുകഴിഞ്ഞാൽ സർപ്പം തുള്ളുന്ന സ്ത്രീകൾ പന്തലിലേക്ക് ആനയിക്കപ്പെടും. നാഗരാജാവ്, നാഗയക്ഷി, സർപ്പയക്ഷി, മണിനാഗം, എരിനാഗം, കരിനാഗം, കുഴിനാഗം, പറനാഗം, കന്യാവ് എന്നീ സങ്കല്പങ്ങളിലാണ് തുള്ളുക. സർപ്പം തുള്ളൽ ചിലപ്പോൾ ഒരാഴ്ചയിലധികം നീണ്ടുനില്ക്കാറുണ്ട്. (വിഷ്ണു നമ്പൂതിരി : 2000; 618).

നാലുകെട്ട് മാത്രമല്ല, അതിനുചുറ്റുമുള്ള കാഴ്ചകളും അപ്പുണ്ണിയെ അമ്പരപ്പിച്ചു. 'അമ്പരന്നുനിന്നുപോയി. വലിയ മുറ്റങ്ങൾ, ഉയർന്ന മരത്തടികൾ കുഴിച്ചിട്ടു ചുറ്റിലുമായി കൂട്ടിവെച്ച വൈക്കോൽ കുണ്ടകൾ, വരിയായി ഏഴോ, എട്ടോ കാലികളെ കെട്ടിയ തൊഴുത്ത്' (2009 സി: 48). ഇങ്ങനെ അപ്പുണ്ണിക്ക് സങ്കല്പിക്കാൻ കഴിയാത്ത ഒരു ലോകമായിരുന്നു നാലുകെട്ട്. ഒരു കാലത്ത് അറുപത്തിനാലാളുകൾ താമസിച്ചിരുന്ന ഇടമായിരുന്നു അത്. ഇന്ന് തറവാട്ടിൽ അംഗങ്ങൾ അത്രയില്ല. പക്ഷേ ഇന്നും നാട്ടിൽ പ്രതാപത്തോടെ നാലുകെട്ട് നിൽക്കുന്നു.

നോവലിൽ മൂന്ന് ഘട്ടങ്ങളിലായാണ് അപ്പുണ്ണി നാലുകെട്ടിലേക്ക് എത്തുന്നത്. ചെറുപ്പത്തിൽ മുത്താച്ചിയുടെകൂടെ സർപ്പംതുള്ളൽ കാണാനെത്തുന്നത് തറവാട്ടിലെ കാരണവർ അറിയാതെയാണ്. നാലുകെട്ട് എന്ന അപരിചിതസ്ഥലം ഒരു അത്ഭുതലോകമായാണ് അപ്പുണ്ണിക്ക് അന്ന് അനുഭവപ്പെട്ടത്. സർപ്പം തുള്ളലും കോണിമുറിയിലെ അമ്മിണിയേടത്തിയുടെ സാമീപ്യവും അപ്പുണ്ണിയെ അപരിചിതമായ അനുഭവലോകങ്ങളിലേക്ക് കൊണ്ടുപോയി.

'കൈയിൽ പിടിച്ച കവുങ്ങിൻപൂക്കുല വിടാതെ സർപ്പങ്ങളെപ്പോലെ ആടിയുലഞ്ഞുകൊണ്ട് അവർ ഇരുന്നുകൊണ്ടുതന്നെ കളത്തിൽ നിരങ്ങിനീങ്ങുകയാണ്. കെട്ടുപിണഞ്ഞ സർപ്പങ്ങളുടെ രൂപം മറയുന്നു. . . . വളഞ്ഞു പുളയുന്ന ആ പെൺകിടാവിനെ നോക്കിയിരിക്കെ അവൾ മാറുന്നുണ്ടെന്ന് അവനു തോന്നി. ഉടൽ സർപ്പത്തിന്റെയും മുഖം മനുഷ്യസ്ത്രീയുടേയുമായ ഒരു ജീവിയാണ് കളത്തിൽ തലയിട്ടുലയ്ക്കുന്നത്. മനുഷ്യസ്ത്രീയുടെ മുഖമുള്ള സർപ്പം പടം വിടർത്തി ആടുകയാണ്. . . (2009 സി: 53).

ഇങ്ങനെ അറിയാത്ത അനുഭൂതികളുടെ സ്ഥലമാണ് അപ്പുണ്ണിക്ക് നാലുകെട്ട്. സുന്ദരികളായ പെൺകിടാങ്ങൾ സർപ്പങ്ങളെപ്പോലെ ആടിയുലയുന്ന കാഴ്ച അപ്പുണ്ണിയെ ഒരു മായികദേശത്തേക്ക് കൊണ്ടുചെന്നെത്തിക്കുന്നു. അന്ന് അധികമാരും അറിയാതെ ഒരു അന്യനെപ്പോലെ ആ നാലുകെട്ടിനുള്ളിൽ കഴിഞ്ഞു. അന്ന്

അവനോട് സ്നേഹത്തോടെ പെരുമാറിയത് അമ്മമ്മയും മാളുവും മാത്രമാണ്. അന്നാണ് അവൻ വലിയമ്മാമയെയും അമ്മിണിയേടത്തിയെയും തങ്കേടത്തിയെയും വലിയമ്മയേയുമൊക്കെ കാണുന്നത്. പക്ഷേ പിറ്റേന്ന് രാവിലെ വലിയമ്മാമ അറിഞ്ഞപ്പോൾ കഞ്ഞികുടിക്കാനിരുന്നിടത്തുനിന്നു അവനെ ആട്ടിയിറക്കി. ഇങ്ങനെ അപമാനവും ദുഃഖവും നിറഞ്ഞ ഒരു അനുവഭസ്ഥലമായാണ് നാലുകെട്ട് അപ്പുണ്ണിക്ക് അനുഭവപ്പെടുന്നത്.

വീട്ടിൽനിന്നും അമ്മയോട് പിണങ്ങിയാണ് രണ്ടാമത് അവൻ നാലുകെട്ടിലേക്ക് എത്തുന്നത്. അമ്മയ്ക്ക് ശങ്കരൻനായരോട് അടുപ്പമുണ്ടെന്ന് ആളുകൾ പറഞ്ഞതുകേട്ട് അവൻ വീടുവിട്ടിറങ്ങി. അന്നുവരെ ആ വീടിന്റെ അകം അപ്പുണ്ണിക്ക് എങ്ങനെയാണോ അനുഭവപ്പെട്ടത് അതിനു വിപരീതമായ അനുഭവമാണ് പിന്നീടുണ്ടായത്. അവനും അമ്മയും മാത്രമുള്ള സ്ഥലത്തേക്ക് അവന് അപരിചിതനായ ശങ്കരൻനായർ കയറിവരുന്നു എന്ന് അറിയുന്നതോടെ വീട് എന്ന സ്ഥലത്തിന്റെ അനുഭവതലം മാറിപ്പോകുന്നു. ഇനി എന്താണ് ചെയ്യേണ്ടത് എന്നറിയാതെ കുന്നിൻചരിവിൽ ഇരിക്കുമ്പോൾ സെയ്താലിക്കുട്ടിയാണ് അവനോട് നാലുകെട്ടിലേക്ക് പോകാൻ പറയുന്നത്.അവിടെയും വലിയമ്മാമ അവനെ ഇറക്കിവിടാൻ നോക്കിയെങ്കിലും കുട്ടമ്മാമ അവന്റെ രക്ഷക്കെത്തി.

അപ്പുണ്ണിക്ക് അവിടത്തെ കോണിമുറിയിൽ ഒരു പായകിട്ടി. എല്ലാവരും നാക്കിലയിൽ ഭക്ഷണം കഴിക്കുമ്പോൾ ഒരു ചീന്തില അവനുവേണ്ടിവെച്ചു. നിലവിളക്കിനു മുമ്പിലിരുന്നു വായിക്കും. വീട്ടിനകത്ത് ഒരുപാട് ആളുകളുണ്ടെങ്കിലും അപ്പുണ്ണി തനിച്ചാണ്. മാളുവും അമ്മിണിയേടത്തിയും അവനോട് സംസാരിക്കാറുണ്ട്. പക്ഷേ മാളുവിനെ അപ്പുണ്ണിക്ക് ഇഷ്ടമല്ല. സർപ്പം തുള്ളലിന്റെ അന്നു കണ്ട സർപ്പസുന്ദരിയായ അമ്മിണിയേടത്തിയോടാണ് അപ്പുണ്ണിക്ക് ഇഷ്ടം. വലിയമ്മാമയുടെ ഇളയ മകളാണ് അമ്മിണിയേടത്തി. ബാക്കി എല്ലാവരും അപ്പുണ്ണിയെ അവഗണിച്ചു. എങ്കിലും വാശിയോടെ അവൻ അവിടെത്തന്നെ ജീവിക്കുകയാണ് ചെയ്തത്.

കോണിമുറി അപ്പുണ്ണിക്ക് പുതിയ അനുഭൂതികളുടെ ലോകമായാണ് അനുഭവപ്പെട്ടത്. അമ്മിണിയേടത്തി അവരുടെ സർപ്പസൗന്ദര്യവുമായി എത്തിയത് അവിടേക്കാണ്. നോവലിലെ ഒരു പ്രണയസ്ഥലം കൂടിയാണത്. ആ നാലുകെട്ടിൽ അപ്പുണ്ണിയുടെ അനുഭവങ്ങൾക്കകത്ത് അവിടം വേറിട്ടൊരു അനുഭൂതികളുടെ സ്ഥലമായി നിൽക്കുന്നു.

പത്താംക്ലാസ് ജയിച്ചതോടെ അപ്പുണ്ണി നാലുകെട്ട് വിട്ടുപോന്നു. അവനോട് എന്നും സഹതാപം പ്രകടിപ്പിച്ച മാളു, അമ്മമ്മ, അമ്മിണിയേടത്തി, കടം വാങ്ങിയ പണം തിരിച്ചുകൊടുക്കാതിരുന്ന കുട്ടമ്മാമ, അവനോട് എന്നും ദേഷ്യത്തോടെ പെരുമാറിയ വലിയമ്മാമ, വലിയമ്മ ഇവരെല്ലാം ചേർന്ന ഒരിടമായിരുന്നു നാലുകെട്ട്. ഒരു ഭാഗത്ത് അമ്മമ്മയുടെയും മാളുവിന്റെയും അമ്മിണിയേടത്തിയുടെയും കാരുണ്യവും സ്നേഹവും. മറുഭാഗത്ത് വലിയമ്മാമയുടെയും കുട്ടമ്മാമയുടെയും വലിയമ്മയുടെയും അവഗണനയും കുറ്റപ്പെടുത്തലും. ഇവയെല്ലാം ചേർന്ന ഇടമായിരുന്നു അപ്പുണ്ണിക്ക് നാലുകെട്ട്. ജോലികിട്ടി പോരുമ്പോൾ നാലുകെട്ട് ഒരു ഭാഗം വെക്കലിന്റെ വക്കത്തെത്തിയിരുന്നു. എങ്കിലും അപ്പുണ്ണി തന്റെ ജീവിതത്തിന്റെ ഒരു പ്രധാനഭാഗം ജീവിച്ചുതീർത്തത് അവിടെ ആയിരുന്നു.

അവസാനം നാലുകെട്ടിലേക്ക് വരുന്നത് പണക്കാരനായിട്ടാണ്. തന്നെ ആട്ടിയിറക്കിയ വലിയമ്മാമയിൽനിന്നും നാലുകെട്ട് വാങ്ങി അതിന്റെ ഉടമസ്ഥനായിട്ടാണ് വരുന്നത്. അപ്പുണ്ണിക്ക് നാലുകെട്ട് ഒരേ സമയം രണ്ടുതരം അനുഭവലോകമാണ്. ഒന്ന് സർപ്പം തുള്ളലും അമ്മിണിയേടത്തിയും എല്ലാം ഉൾക്കൊള്ളുന്ന ഒരു മായികസ്ഥലം. മറ്റേത് വലിയമ്മാമയുടെ അവജ്ഞയും അധികാരവും എല്ലാം ചേർന്ന സ്ഥലം. ഇങ്ങനെ രണ്ടുതരം അനുഭവമാണ് അപ്പുണ്ണിക്ക് നാലുകെട്ടിൽനിന്നും ഉണ്ടായത്. ഇതിന്റെ രണ്ടിന്റെയും ഇടക്കാണ് അപ്പുണ്ണി നിൽക്കുന്നത്. അതുകൊണ്ടുതന്നെ ഈ സ്ഥലത്തോട് ഇഴുകിച്ചേരാൻ അപ്പുണ്ണിക്ക് കഴിയില്ല. ഒടുവിൽ അത് പൊളിച്ചുകളയാൻ അയാൾ തീരുമാനിക്കുന്നു. തന്നെ ഉൾക്കൊ

ള്ളാൻ കഴിയാതിരുന്ന തനിക്ക് അവഗണനയുടെ അനുഭവങ്ങൾ സമ്മാനിച്ച ആ നാലുകെട്ട് തകരണം എന്ന് അപ്പുണ്ണി ആഗ്രഹിച്ചു. ഒരിക്കൽ ആട്ടിയിറക്കപ്പെട്ട സ്ഥലത്ത് അതിനെ കീഴടക്കിയവനായി അപ്പുണ്ണി എത്തുന്നു. അപ്പുണ്ണിയുടെ ജീവിതത്തിൽ ആദ്യം പരാജയത്തിന്റെയും പിന്നീട് വിജയത്തിന്റെയും ഇടമാണ് നാലുകെട്ട്.

### 3.1.5 വടക്കിനി : പുതിയ കീഴാളതയുടെ വെളിസ്ഥലം

പാറുക്കുട്ടി പണിക്കുപോകുന്ന വലിയൊരു ഇല്ലമാണ് പിന്നീട് നോവലിൽ കാണുന്ന വീട്. പൂമുഖത്തെ പടിയിലിരുന്ന് മുറുക്കിത്തുപ്പി പണിക്കാരികളെ നോക്കിയിരിക്കുന്ന വല്യനമ്പൂതിരി, പണിക്കാരികൾക്ക് ആജ്ഞ നൽകിക്കൊണ്ടിരിക്കുന്ന കുഞ്ഞാത്തോൽ ഇവരെല്ലാമാണ് അവിടത്തെ പ്രധാന അംഗങ്ങൾ. അവർ കഴിച്ച എച്ചിലിലകളിൽ ബാക്കിയുള്ളതാണ് പാറുക്കുട്ടി കഴിക്കുക. അത് കണ്ടതു മുതലാണ് അപ്പുണ്ണി ഇല്ലത്തേക്ക് പോകുന്നത് നിർത്തിയത്. ഇവിടെ പാറുക്കുട്ടി അനുഭവിക്കുന്ന അയിത്തവും കീഴാളതയും ജാതീയമായ ഒന്നല്ല, മറിച്ച് സാമൂഹികമായതാണ്. സർവ്വപ്രതാപത്തോടെയും ആ നാട്ടിൽ തലയുയർത്തി നിൽക്കുന്ന നാലുകെട്ടിലെ അംഗമായിരുന്നു അവൾ. വീട്ടിലെ പണികൾ ചെയ്യുന്നതുപോലും പണിക്കാരായ സ്ത്രീകളായിരുന്നു. എന്നാൽ തറവാടിനെ അപമാനിച്ച് കോന്തുണ്ണി നായരെ സ്വന്തം ഇഷ്ടപ്രകാരം വിവാഹം കഴിച്ചതോടെ അവളുടെ അവസ്ഥ ദയനീയമായി. ഈ അവസ്ഥ ജാതീയമായല്ല സാമൂഹികമായാണ് അവൾക്ക് ലഭിച്ചത്. നാലുകെട്ടിൽ കഴിഞ്ഞിരുന്ന കാലത്ത് സന്ധ്യയ്ക്ക് മേൽ കഴുകി വന്ന് നിലവിളക്ക് കത്തിച്ചുകാട്ടണം. അതു മാത്രമായിരുന്നു അവൾക്കുണ്ടായിരുന്ന പണി. അവിടെ നിന്നും എച്ചിലിലകളുടെ കൂട്ടത്തിലേക്ക് അവളെ എത്തിച്ചത് അവളുടെ പാരമ്പര്യ നിഷേധവും സ്വാതന്ത്ര്യപ്രഖ്യാപനവുമായിരുന്നു. പാറുക്കുട്ടിയുടെ സ്വാതന്ത്ര്യപ്രഖ്യാപനത്തെ അങ്ങേയറ്റം പ്രശംസിക്കുന്ന ഡോ.എം. ലീലാവതി പാറുക്കുട്ടിയുടെ പ്രവൃത്തിയെ എവിടെയും ആഖ്യാതാവ് നിന്ദിക്കുന്നില്ലെന്നും കണ്ടെത്തുന്നു.

ഫ്യൂഡൽ കാലഘട്ടത്തിലെ പുരുഷാധീശത്വത്തെ ധിക്കരിച്ച് പുറത്തിറങ്ങാൻ തന്റേടമുണ്ടായ സ്വതന്ത്രബുദ്ധിയെ നോവലിലൊരിടത്തും വ്യംഗ്യമായോ വാച്യ മായോ നിന്ദിക്കുന്ന ഒരു നിരീക്ഷണം പോലും കർത്തൃപക്ഷത്തുനിന്നുണ്ടായിട്ടില്ല. പിന്നീട് ഇല്ലത്തെ നെല്ലു കുത്തുകാരിയായി പണിയെടുത്ത് സ്വന്തം കാലിൽ നിൽക്കാനുള്ള തന്റേടം കാട്ടിയതിലും ആ സ്ത്രീ വ്യംഗ്യമായി അഭിനന്ദിക്കപ്പെടുക യാണെന്ന് എം. ലീലാവതി അഭിപ്രായപ്പെടുന്നുണ്ട് (എൻ. ജയകൃഷ്ണൻ 2012:10). ഈ അഭിപ്രായം കേവലം ഉപരിപ്ലവമാണെന്ന് പാറുക്കുട്ടിയുടെ ജീവിതാവസ്ഥ യുടെ ആകെയുള്ള അവസ്ഥ ശ്രദ്ധിച്ചാൽ മനസ്സിലാകും. മുൻപ് സൂചിപ്പിച്ച എച്ചി ലിലകളുടെ കൂട്ടത്തിലേക്കും പട്ടിണിയുടെ തീക്ഷ്ണതയിലേക്കും അവളെ എത്തി ച്ചത് അവളുടെ ഈ സ്വാതന്ത്ര്യ പ്രഖ്യാപനമായിരുന്നു എന്ന് നോവലിന്റെ ആഖ്യാ നത്തിൽ പറയാതെ പറഞ്ഞുവെക്കുന്നുണ്ട്. പരമ്പരാഗതമായി നിലനിൽക്കുന്ന ആണധികാരങ്ങളെയും ജാത്യാഭി മാനങ്ങളെയും ധിക്കരിക്കുന്നവർക്ക് ജീവിതം അങ്ങേയറ്റം ദുരിതമായിരിക്കുമെന്ന ഓർമ്മപ്പെടുത്തലാണ് ഈ വീടിന്റെയും അവ ളുടെ അനുഭവങ്ങളുടെയും ചിത്രീ കരണത്തിലൂടെ ആഖ്യാതാവ് നിർവ്വ ഹിക്കുന്നത്. കീഴടങ്ങാൻ കൂട്ടാക്കാത്ത സ്വാതന്ത്ര്യമോഹികളായ സ്ത്രീകളെ ദുരിതത്തിന്റെ സ്ഥലപരിസരങ്ങളിലേക്ക് എടുത്തെറിയുന്ന കാഴ്ചയാണ് ഇവിടെ കാണുന്നത്.

### 3.1.6. ഏറ്റുപറച്ചിലിന്റെ ഇടം

പിന്നീട് നോവലിൽ കാണുന്നത് സൈതാലിക്കുട്ടിയുടെ വീടാണ്. ദാരിദ്ര്യം നിറഞ്ഞ ഒരു വീടു തന്നെയാണ് സെയ്താലിക്കുട്ടിയുടേതും. അയാളുടെ പീടിക യോട് ചേർന്ന് നിൽക്കുന്ന കൽച്ചുമരുകളുള്ള ഒരു കൊച്ചുവീട്. ഇരിക്കാനുള്ള മുട്ടിപ്പലകയും വാതിൽക്കൽ തൂക്കിയ ചാക്കുവിരിയും വീടിന്റെ ദാരിദ്ര്യം വ്യക്തമാ ക്കുന്നു. മുകളിൽ പുല്ലുമേഞ്ഞ്, ചെത്തിത്തേക്കാത്ത കൽച്ചുമരുകളുള്ള വീട്. സൈതാലിക്കുട്ടിയുടെ വീട് ശത്രുവിന്റെ വീടായിട്ടായിരുന്നു അതുവരെയുള്ള

അപ്പുണ്ണിയുടെ ഓർമ്മകളിൽ ഉണ്ടായിരുന്നത്. എന്നാൽ നേരിട്ടുള്ള അനുഭവത്തിൽ ആ സ്ഥലം അയാൾക്ക് അഭയമായിത്തീരുകയാണ്. കോന്തുണ്ണിനായരുടെ മരണ ത്തിന് കാരണക്കാരനായ സെയ്താലിക്കുട്ടി അയാളുടെ മകന് പുതിയൊരു ജീവിതം നൽകുകയാണ് വീട്ടിലെ സൽക്കാരത്തിലൂടെ ചെയ്യുന്നത്. അന്ന് കൂടല്ലൂരെ വീട്ടിൽ കോന്തുണ്ണിനായർക്ക് വിഷം കലർത്തിയ ഭക്ഷണം നൽകിയ സെയ്താലിക്കുട്ടി പിന്നീട് അപ്പുണ്ണിക്ക് നേർവഴികാട്ടികൊടുക്കുന്ന നല്ലവനായി മാറുന്നുണ്ട്. മാത്രമല്ല പണ്ട് അങ്ങനെ ഒരു കയ്യബദ്ധം പറ്റിയെന്ന് രോഗശയ്യയിൽ ആ വീട്ടിൽ കിടക്കുമ്പോൾ സൈതാലിക്കുട്ടി അപ്പുണ്ണിയോട് ഏറ്റുപറയുന്നുണ്ട്. ആ ഏറ്റുപറച്ചിൽ തന്നെയാണ് ആ വീട്ടിൽ നിന്ന് അപ്പുണ്ണിക്ക് കിട്ടിയ നല്ല അനുഭ വങ്ങളുടെ കാരണവും.

### 3.1.7. നിരാശയുടെ വീട്ടകങ്ങൾ

*അസുരവിത്ത്* എന്ന നോവലിലും വീട് വ്യത്യസ്ത തരത്തിൽ ആഖ്യാനം ചെയ്യപ്പെടുന്നുണ്ട്. *അസുരവിത്തി*ലെ ഗോവിന്ദൻകുട്ടി വീടിനെ ഇഷ്ടപ്പെടാത്ത വ്യക്തിയാണ്. 'ഗോവിന്ദൻകുട്ടി എഴുന്നേറ്റു. ഒന്നു കുളിക്കണം. എന്നിട്ടു വീട്ടിലെ ത്തണം. ധൃതിയുണ്ടായിട്ടല്ല. ചുറ്റിത്തിരിഞ്ഞ് എപ്പോഴായാലും അവിടെ എത്തിച്ചേ രണമല്ലോ?' (2009 എ: 18).

വീട് ഗോവിന്ദൻകുട്ടിക്ക് ഇങ്ങനെ ഇഷ്ടമില്ലാതെ എത്തിച്ചേരുന്ന ഒരു ഇടം മാത്രമാണ്. ദാരിദ്ര്യവും കഷ്ടപ്പാടും അമ്മ പറയുന്ന വഴക്കും എല്ലാം ചേർന്ന നിരാശയുടെ ഒരു ലോകമാണ് ഗോവിന്ദൻകുട്ടിക്ക് വീട്. ജോലിയൊന്നും ഇല്ലാത്ത തുകൊണ്ടുതന്നെ സമയം  തള്ളിനീക്കുകയാണ് ഗോവിന്ദൻകുട്ടി. വൈകുന്നേരം പുഴവക്കത്തെ സിമന്റു തിണ്ണയിൽ ഇരുന്നു സമയം കളയുകയാണ് ഗോവിന്ദ ൻകുട്ടിയുടെ പ്രധാന പണി. അല്ലെങ്കിൽ  മേലേപ്പടി കയറി കുന്നിൻ ചെരുവിലൂടെ നടന്ന് മുകളിലെ തുറിച്ചു നിൽക്കുന്ന പാറക്കെട്ടിലിരിക്കും. കുടുംബത്തിൽനിന്നും സാമൂഹിക പരിസരങ്ങളിൽനിന്നും ഒഴിഞ്ഞുമാറി തീർത്തും വൈയക്തികമായൊരു

തലത്തിൽ നിൽക്കുന്ന ഗോവിന്ദൻകുട്ടിയെയാണ് നോവലിന്റെ ആരംഭത്തിൽ കാണുന്നത്.

ദാരിദ്ര്യം ഗൃഹാന്തരീക്ഷത്തെ കൂടുതൽ ദുരിതമയമാക്കിതീർക്കുന്നുണ്ട്. ഒരാൾ അധികമായി വന്നുകയറിയാൽ ഭക്ഷണം ഉണ്ടാകില്ല എന്നതാണ് വീട്ടിലെ അവസ്ഥ. കുമാരേട്ടൻ ഭക്ഷണം കഴിക്കാൻ ഉണ്ടെങ്കിൽ കുഞ്ഞ്യോപ്പോൾ പട്ടിണി യാകുമെന്ന് ഗോവിന്ദൻകുട്ടിക്കറിയാം. സംബന്ധംചെയ്ത വീട്ടിലെ ചെലവു നടത്താനായി പ്ലാവു മുറിക്കാൻ കുമാരേട്ടൻ വരുമ്പോൾ മീനാക്ഷിയുടെ മനസിൽ പ്ലാവ് മുറിച്ചാൽ ഉണ്ടാകുന്ന പട്ടിണിയാണ് കടന്നുവന്നത്.

'മിഥുനം കർക്കടകത്തില് അരീം നെല്ലുംല്യാത്തപ്പോ ചക്കേടെ മടലെങ്കിലും ഉപ്പിലിട്ടുവെച്ച്...'(2009 എ: 26) എന്ന കുഞ്ഞുകുട്ടിയുടെ വാക്കുകൾ മോന്തായം നുറുങ്ങിയ ആ വീടിന്റെ അകസ്ഥലങ്ങളിലെ ദാരിദ്ര്യത്തിന്റെ തീക്ഷണതയാണ് വ്യക്തമാക്കുന്നത്. സംബന്ധംചെയ്ത വീട്ടിൽ വേണ്ടത്ര പരിഗണന കിട്ടാതെ വന്ന പ്പോൾ കുമാരേട്ടൻ സ്വന്തം വീട്ടിലെത്തി. ഗോവിന്ദൻകുട്ടി തന്നെ ചതിച്ച ശേഖ രൻനായരോട് പകരം വീട്ടാൻ വീട് വിട്ടുപോയി മതംമാറി. കുഞ്ഞിക്കാളിയമ്മ അസുഖം വന്ന് കിടപ്പിലായി. എല്ലാറ്റിനും സാക്ഷിയായി കുഞ്ഞുകുട്ടി ആ വീട്ടിനു ള്ളിൽ ജീവിതം കഴിച്ചു. ഇങ്ങനെയുള്ള വൈയക്തിക സംഘർഷങ്ങളുടെ ഒരു സ്ഥലമാണ് *അസുരവിത്തി*ലെ ഗോവിന്ദൻകുട്ടിയുടെ വീട്.

### 3.1.8. മാനവികതയുടെ വീട്

കുഞ്ഞരയ്ക്കാരുടെ പുര പുഴയുടെ വക്കത്തായിരുന്നു. പുരയുടെ പിന്നിൽ നിന്നും പുഴയിലേക്കിറങ്ങാൻ പടവുകൾ വെട്ടിയിട്ടുണ്ട്. ഒരു മതേതര ഇടമാണ് കുഞ്ഞരയ്ക്കാരുടെ വീട്. വീട്ടിൽനിന്നും വഴക്കിട്ടറിങ്ങിയ ഗോവിന്ദൻകുട്ടി കുഞ്ഞ രയ്ക്കാരുടെ വീട്ടിലാണ് എത്തുന്നത്. അന്ന് രാത്രി അവിടെ കിടക്കട്ടെ എന്ന് തെല്ലൊരു സംശയത്തോടെ ചോദിച്ചപ്പോൾ കുഞ്ഞരയ്ക്കാർ പറഞ്ഞ മറുപടി അയാളുടെ മനുഷ്യസങ്കല്പത്തിലെ നൻമയുടെ തെളിവാണ്.

'അത്തായപട്ടിണ്യായിട്ട് ഞമ്മടെ പെരേലാരും കെടക്കരുത്ന്ന് ഞമ്മക്കൊരു വേസ്ഥണ്ട്. മാപ്ലാരടെ ചോറ്ങ്ങ്ക്ക് പറ്റ്വോ?' (2009 എ: 154).

എന്നതാണ് കുഞ്ഞരയ്ക്കാർ ഗോവിന്ദൻകുട്ടിക്ക് നൽകിയ മറുപടി. അത്രയ്ക്ക് നല്ല ഒരു മനുഷ്യസ്നേഹിയായിരുന്നു കുഞ്ഞരയ്ക്കാർ. ഗോവിന്ദൻകുട്ടിയെ തല്ലാൻ ശേഖരൻനായരുടെ ആൾക്കാർ തെരഞ്ഞുനടക്കുന്നുണ്ട് എന്നറിഞ്ഞ കുഞ്ഞരയ്ക്കാർ അയാളെ സമാധാനിപ്പിക്കുകയാണ് ചെയ്യുന്നത്. തന്റെ പറമ്പിൽ കടന്ന് നിങ്ങളെ ഒരുത്തനും ഒന്നും ചെയ്യില്ലെന്നും അങ്ങനെ ചെയ്യാൻ ധൈര്യമുള്ള ഒരുത്തനും ഇന്നില്ലെന്നും കുഞ്ഞരയ്ക്കാൻ പറയുന്നു. കുഞ്ഞരയ്ക്കാരും ഭാര്യയും മക്കളും ഗോവിന്ദൻകുട്ടിയോട് സ്നേഹത്തോടെ പെരുമാറി. എന്നാൽ പിന്നീട് ഗോവിന്ദൻകുട്ടി സ്വന്തം ഇഷ്ടപ്രകാരം ഇസ്ലാംമതം സ്വീകരിച്ചു. ഗോവിന്ദൻകുട്ടിയുടെ മതംമാറ്റം പലതരത്തിൽ വായിക്കപ്പെട്ടിട്ടുണ്ട്. കുഞ്ഞരയ്ക്കാരുടെ മകളായ നഫീസുവിനോടുള്ള പ്രണയമായി ചിലർ അതിനെ വ്യാഖ്യാനിച്ചു. എന്നാൽ അതിനെല്ലാമപ്പുറം കുടുംബത്തോടും സമൂഹത്തോടുമുള്ള ഒരു കലാപമായിരുന്നു ഗോവിന്ദൻകുട്ടിയുടെ മതംമാറ്റം. എല്ലാവരും കൈവെടിഞ്ഞപ്പോൾ സഹായിച്ച കുഞ്ഞരയ്ക്കാരോട് 'പൊന്നാനിക്കയച്ച് തൊപ്പിടീക്കാൻ' പറഞ്ഞ കുമാരേട്ടനോടും മുസ്ലീമിന്റെ വീട്ടിൽ നിന്ന് ചോറുണ്ട് അവിടെക്കിടന്നുറങ്ങിയതിന് തല്ലാൻ വരികയും കുഞ്ഞരയ്ക്കാരുടെ കുടുംബത്തെ പുലഭ്യം പറയുകയും ചെയ്ത സമൂഹത്തോടുമെല്ലാം ഗോവിന്ദൻകുട്ടി ചെയ്ത പ്രതികാരമായിരുന്നു അയാളുടെ മതംമാറ്റം.

മതംമാറി അബ്ദുള്ള എന്ന പേര് സ്വീകരിച്ച് ഗ്രാമത്തിൽ തിരിച്ചെത്തിയ ഗോവിന്ദൻകുട്ടിക്ക് കുഞ്ഞരയ്ക്കാരെ കാണാനായിരുന്നു തിടുക്കം.അതുകൊണ്ടാണ് രാത്രി മുതലാളിയുടെ വീട്ടിലെ സൽക്കാരം കഴിഞ്ഞയുടനെ കുഞ്ഞരയ്ക്കാരുടെ വീട്ടിലെത്തിയത്. എന്നാൽ പ്രതീക്ഷിച്ച സ്വീകരണമല്ല അബ്ദുള്ളയ്ക്ക് അവിടെനിന്നും ലഭിച്ചത്.

'ഇപ്പ വന്നേന് ഒന്നും പരേണില്ല. നാളേന്നല്ല, ഒരിക്കലും ബരണ്ടിനി. കേക്ക്ണ്ണ്ടോ? ഞമ്മടെ പടിക്കകത്തു ചവുട്ട്യാ കുഞ്ഞരയ്ക്കാരുടെ കളിമാറും' (2009 എ: 202).

മതം മാറുന്നതിനുമുമ്പ് ശത്രുക്കളിൽ നിന്ന് ഗോവിന്ദൻകുട്ടിയെ സംരക്ഷിച്ച വനായിരുന്നു കുഞ്ഞരയ്ക്കാർ. എന്നാൽ കുടുംബത്തേയും സമുദായത്തേയും അപമാനിച്ച ഗോവിന്ദൻകുട്ടിയെ ഉൾക്കൊള്ളാൻ കുഞ്ഞരയ്ക്കാർക്ക് കഴിഞ്ഞില്ല. ഒരേ സ്ഥലംതന്നെ വ്യത്യസ്ത അനുഭവലോകമായി മാറുന്ന കാഴ്ചയാണ് ഇവിടെ കാണുന്നത്. മതംമാറ്റത്തിന് മുമ്പും പിമ്പും രണ്ടുതരം അനുഭവലോകമായാണ് കുഞ്ഞരയ്ക്കാരുടെ വീട് ഗോവിന്ദൻകുട്ടിക്ക് അനുഭവപ്പെടുന്നത്. മതംമാറി വന്ന ശേഷം കുഞ്ഞരയ്ക്കാരുടെ തോളിൽ കൈയിട്ട് നടക്കണമെന്നായിരുന്നു ഗോവി ന്ദൻകുട്ടിയുടെ വിചാരം. എന്നാൽ ഗോവിന്ദൻകുട്ടിക്ക് കാണാൻ കഴിയാത്ത മനു ഷ്യസ്നേഹത്തിനുടമയായിരുന്നു കുഞ്ഞരയ്ക്കാർ. ജാതിക്കും മതത്തിനും അതീ തമായി മനുഷ്യനെ മനുഷ്യനായി കാണാനുള്ള കഴിവായിരുന്നു കുഞ്ഞരയ്ക്കാ രുടെ കൈമുതൽ. ഒട്ടേറേ മതസംഘർഷങ്ങൾ നടന്ന ആ നാട്ടിലെ മതേതര മുഖ മായിരുന്നു കുഞ്ഞരയ്ക്കാരിലൂടെ നോവലിസ്റ്റ് സൃഷ്ടിച്ചത്. അത്തരമൊരു മതേ തരയിടമായി, മാനവികസ്ഥലമായി കുഞ്ഞരയ്ക്കാരുടെ വീട് മാറുന്നുണ്ട്.

### 3.1.9. ചതിയുടെ ഇടങ്ങൾ

പണക്കാരനായ ശേഖരൻനായരുടെ വീടും *അസുരവിത്ത്* എന്ന നോവലിൽ വരുന്നുണ്ട്. ഹാജിയാരുടെ കയ്യിലായിരുന്നു പൂന്തോട്ടത്തിൽ തറവാട്. നാടു വിട്ടുപോയി തിരിച്ചുവന്നപ്പോൾ ഹാജിയാരുടെ കയ്യിൽനിന്നും ശേഖരൻ നായർ അത് തിരിച്ചുവാങ്ങി. വലിയ പുരയും പത്തായപ്പുരയും പണിയിച്ചു. അങ്ങാടിയിൽ ഒരു മാളികപ്പുര കയറ്റി. സമ്പന്നതയുടെ ലോകത്താണ് ആ കുടുംബം കഴിയുന്നത്. എന്നാൽ അകത്ത് ചതിയുടെയും കാപട്യത്തിന്റെയും ലോകമാണ്. ആ വീട്ടിൽ ജോലിക്ക് നിന്ന മീനാക്ഷി എന്ന പെൺകുട്ടിയെയാണ് ശേഖരൻനായരുടെ മകൻ

ഗർഭിണിയാക്കുന്നത്. ആ പെൺകുട്ടിയെ മകനെക്കൊണ്ട് വിവാഹം കഴിപ്പിക്കാതെ ഭാര്യാ സഹോദരനായ ഗോവിന്ദൻക്കുട്ടിയെക്കൊണ്ട് വിവാഹം കഴിപ്പിക്കുകയാണ് ശേഖരൻനായർ ചെയ്തത്. ഇങ്ങനെ പൂന്തോട്ടത്തിൽ വീട് സ്വന്തം ബന്ധു ക്കളെപോലും ചതിയിൽ വീഴ്ത്തുന്ന ഒരു ഇടമായി നിൽക്കുന്നു.

### 3.1.10. വീട് എന്ന ഇടത്താവളം

*കാല*ത്തിലെ സേതുവിനും വീട് ഒരു പ്രശ്നമാണ്. ദാരിദ്ര്യം, കുടും ബത്തിലെ വഴക്ക് എന്നിവയെല്ലാം വീടിന്റെ അകസ്ഥലത്തെ കൂടുതൽ ദുരിത മയമാക്കുന്നു. സേതുവിന് അഭിമാനക്ഷതം സംഭവിച്ചത് ഒരു അവധിക്കാലത്ത് കൂട്ടുകാരനായ ഹരിദാസൻ വീട്ടിൽവന്ന ദിവസമാണ്. അന്ന് ചായയും പല ഹാരവും കൂടി അയാൾക്ക് കൊടുക്കാൻ പറ്റിയില്ല. ഹരിദാസന്റെ വീട് ഒരിക്കൽ സേതു കണ്ടിട്ടുണ്ട്.

'ഇരുമ്പു ഗെയ്റ്റ് തുറന്നാൽ ഇരുവശത്തും തിണ്ടിൽ മൺചട്ടികളിൽ കുതിരവാലിച്ചെടികൾ. മുറ്റത്ത് മുല്ലപന്തൽ. ചെറുതാണെങ്കിലും ഓടിട്ട ഭംഗിയുള്ള വീടാണ് ദാസന്റെ' (2009 ബി: 15).

എന്നാൽ തന്റെ വീട് സേതുവിന് എന്നും അപമാനമായിരുന്നു. വീടിനകവും പുറവും അവനെ ഒരുപോലെ വേദനിപ്പിച്ചു. തന്റെ വീടിന്റെ അവസ്ഥ ഹരിദാസൻ മറ്റു കുട്ടികളോട് പറയുന്ന രംഗം ആലോചിച്ചപ്പോൾ സേതുവിന് ദുഃഖം തോന്നി.

'നുറുങ്ങിയ മോന്തായമുള്ള ആ നരച്ച വൈക്കോൽ കെട്ടിടം തല്ലി തകർക്കണമെന്നു തോന്നി' (2009 ബി: 17). തന്റെ ഇല്ലായ്മയിലുള്ള അസഹിഷ്ണു തകൊണ്ടാണ് സേതുവിന് ഇങ്ങനെ തോന്നുന്നത്. അതോടൊപ്പം വീട്ടിനകത്തെ വ്യക്തികൾ തമ്മിലുള്ള സംഘർഷവും അയാളെ അലട്ടുന്നു. നാലുകെട്ട് തകർത്ത് പുതിയ ഒരു വീട്‌വെക്കാൻ ആലോചിക്കുന്ന അപ്പുണ്ണിയെപ്പോലെയല്ല *കാല*ത്തിലെ

സേതു. അവന് എല്ലാം തല്ലിത്തകർക്കാനാണ് ആഗ്രഹം. അയാളുടെ വ്യക്തിബന്ധങ്ങളിലും ഈ മനോഭാവം കാണുന്നുണ്ട്.

മിഥ്യാഭിമാനബോധമാണ് എം.ടി യുടെ നായകന്മാരെയെല്ലാം നയിക്കുന്നത്. കടുത്ത നിരാശയിൽ ജീവിക്കുന്ന കഥാപാത്രങ്ങളാണ് ഏറെയും. വീടിനകത്തേക്ക് എല്ലാം ചുരുക്കിക്കെട്ടുന്നതായാണ് ഇവിടെ കാണുന്നത്. ഇങ്ങനെ സാമൂഹ്യ സ്ഥലത്തെ അപ്രസക്തമാക്കുന്ന തരത്തിൽ വീട്ടകങ്ങൾക്ക് പ്രാധാന്യം നൽകുകയാണ് എം.ടി. ചെയ്യുന്നത്.

### 3.1.11. അവിശ്വാസത്തിന്റെ ഇടം

*കാല*ത്തിൽ പിന്നീട് കാണുന്ന വീട് ശ്രീനിവാസൻ മുതലാളി സേതുവിന് താമസിക്കാൻ നൽകിയ നഗരത്തിലെ വീടാണ്. സേതു ഒരിക്കൽ അതിനെ വെറുക്കുകയും പിന്നീട് ആ വീടിനെ സ്നേഹിക്കുകയും ചെയ്യുന്നുണ്ട്. സേതു ആദ്യം കരുതിയപോലെ ആ വീട് സേതുവിനോടുള്ള സ്നേഹംകൊണ്ട് മുതലാളി കൊടുത്തതല്ലായിരുന്നു. മുതലാളിക്ക് ഇഷ്ടമുള്ള സ്ത്രീകളെ കൊണ്ടുവന്നു പാർപ്പിക്കാനുള്ള ഒരിടമായിരുന്നു ആ വീട്. 'ചുറ്റും മതിൽക്കെട്ടുള്ള ഈ ചെറിയ വീട് ഒഴിഞ്ഞുകിട്ടിയപ്പോൾ ആർക്കും തെറ്റിദ്ധാരണയുണ്ടാകാതിരിക്കാൻ പാകത്തിൽ ഒരു പാർപ്പുകാരനെയായിരുന്നു മുതലാളിക്കാവശ്യം. റൈറ്ററുടെ പടിക്കൽ മുതലാളിയുടെ കാറ് കിടക്കുന്നതുകണ്ടാൽ ആർക്കും ചോദ്യങ്ങളുണ്ടാവില്ല. വിശ്വസ്തനായ കാവൽ നായയെപ്പോലെ മേനോന് പുറത്ത് ചുറ്റിപ്പറ്റി നിൽക്കാം (2009 ബി: 221). അപ്പോഴാണ് സേതുവിന് കാര്യങ്ങൾ മനസ്സിലായിത്തുടങ്ങിയത്. അതോടെ അവൻ ആ വീടിനെ വെറുത്തു. എന്നാൽ പിന്നീട് മുതലാളിയുടെ ഭാര്യ ലളിതാ ശ്രീനിവാസൻ സേതുവിനെ കാണാൻ ആ വീട്ടിൽ വരാൻ തുടങ്ങിയതോടെ അയാൾക്ക് ആ വീട് പ്രിയപ്പെട്ടതായി മാറി. 'നഗരപ്രാന്തത്തിലുള്ള ആ ചെറിയ വീടിനെ സ്നേഹിക്കാൻ തുടങ്ങിയിരുന്നു. ജാലകങ്ങൾക്ക് ഇളം പച്ചനിറത്തിലുള്ള വിരികളിട്ടു. വാതിൽക്കൽ ചിത്രപ്പണികളുള്ള നടുപിളർന്ന കർട്ടൺ. മെത്ത

യിൽ അരുകിൽ നീലവരകളുള്ള വെള്ള വിരികൾ (242 – 243). ഇങ്ങനെ ഒരേ വീടു തന്നെ സേതുവിന് ആദ്യം വെറുപ്പായും പിന്നീട് സ്നേഹമായും അനുഭവപ്പെടുന്നു.

### 3.2. അധ്വാനത്തിന്റെ അകസ്ഥലങ്ങൾ

വീട്ടകങ്ങളിലെ അധ്വാനം ഒരുകാലത്തും അർഹമായ തരത്തിൽ മാനിക്കപ്പെട്ടിട്ടില്ല. അധ്വാനം എന്നത് വീടിനുപുറത്തുപോയി പുരുഷൻ ചെയ്യുന്ന ജോലി മാത്രമാണ് എന്നതാണ് പൊതു ധാരണ. ആ അധ്വാനത്തിന്റെ പേരിലാണ് വീട്ടകങ്ങളിലെ അധികാരത്തിലേക്ക് അവർ എത്തുന്നത്. വീടിനകത്തെ അധ്വാനം എക്കാലവും സ്ത്രീയുടേത് മാത്രമായി കണ്ട ഒരു തെറ്റായ സാമൂഹ്യബോധമാണ് ഇന്നും മനുഷ്യനെ നയിക്കുന്നത്. ആണധികാരത്തിന്റെ കാലാകാലങ്ങളായുള്ള വാഴ്ചയിൽ വീട്ടിനുള്ളിൽ ഒതുങ്ങി/ഒടുങ്ങിപ്പോയ ധാരാളം പെണ്ണുങ്ങളുണ്ട്. അവരുടെ ജീവിതം ഒടുങ്ങിപ്പോയ ഇടമാണ് അടുക്കള.

#### 3.2.1. അധ്വാനത്തിന്റെ പെണ്ണിടം

*നാലുകെട്ട്* എന്ന നോവലിലെ ഇത്തരം കഥാപാത്രങ്ങളിൽ പാറുക്കുട്ടിയും മാളുവും മീനാക്ഷിയേടത്തിയും അമ്മിണിക്കുട്ടിയുമെല്ലാം വ്യത്യസ്ത ഭാഗങ്ങളിലാണ് നിൽക്കുന്നത്. *നാലുകെട്ട്* എന്ന നോവലിൽ കഥയുടെ മുഖ്യധാര യിലേക്ക് വരാതെ നിൽക്കുന്ന വ്യക്തിത്വമുള്ള ഒരു കഥാപാത്രമാണ് മാളു. തറവാട്ടിലെ അനന്തിരവന്റെ മകളാണ് അവൾ. വീട്ടുജോലികൾ അധികവും ചെയ്യുന്നത് മാളുവാണ്. തറവാട്ടിലെ മറ്റുപെൺകുട്ടികൾക്ക് അടുക്കള അധ്വാനമറിയാത്ത സ്ഥലമാകുമ്പോൾ മാളുവിന് കഠിനാധ്വാനത്തിന്റെ ഇടമാണ് അടുക്കള. ഒരേ സ്ഥലംതന്നെ മാളുവിനും കാരണവരുടെ മകളായ അമ്മിണിക്കും വ്യത്യസ്ത തരത്തിലാണ് അനുഭവപ്പെടുന്നത്. അതുപോലെ അപ്പുണ്ണിക്ക് നാലുകെട്ടിന്റെ അകസ്ഥലങ്ങളിൽ മാളുവും അമ്മിണിയും രണ്ടു തരത്തിലാണ് അനുഭവപ്പെടുന്നത്. സർപ്പംതുള്ളൽ കാണുവാൻ വന്ന അപ്പുണ്ണിയെ ആദ്യമായി കാണുന്നതും എവിടത്തെയാണെന്ന് അന്വേഷിക്കുന്നതും എല്ലാം കേട്ടപ്പോൾ അവനെയും കൂട്ടി സർപ്പംതുള്ളലിനു

പോകുന്നതും മാളുവാണ്. പിന്നീട് അപ്പുണ്ണിയെ ഇറക്കിവിട്ടതിനുശേഷവും അവൻ സ്കൂളിൽ പോകുന്ന വഴിയിൽ നിന്ന് അവനെ കാണുകയും വിശേഷങ്ങൾ അച്ചമ്മയോട് പറയുകയും ചെയ്യുന്നതും മാളുവാണ്. രണ്ടാമത് അപ്പുണ്ണി നാലു കെട്ടിലേക്ക് വരുമ്പോൾ അവന് ഭക്ഷണം വിളമ്പിക്കൊടുക്കുന്നതും അവന്റെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതും മാളുവാണ്. വീട്ടിലെ കാര്യങ്ങളെല്ലാം വലിയ മ്മാമയോട് പറയുന്ന കൃഷ്ണൻകുട്ടിയെ മാളു എപ്പോഴും ശ്രദ്ധിച്ചതും അപ്പുണ്ണി യോടുള്ള സ്നേഹം കൊണ്ടായിരുന്നു.

മാളുവിന് അപ്പുണ്ണിയോട് സ്നേഹവും കരുണയും എല്ലാമുണ്ട്. കാരണം അവളും അവനെപ്പോലെ തന്നെയാണ്. അമ്മ മരിച്ചുപോയി. അച്ഛന് അവളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയില്ല. വീടിന്റെ അകസ്ഥലം വിട്ട് വേറൊരിടത്തും അവളെ കാണാൻ കഴിയില്ല. കൂടുതൽ പഠിക്കാനൊന്നും അവൾക്ക് കഴിഞ്ഞില്ല. അവളുടെ അച്ഛൻ കടംവാങ്ങിയ പണം തിരിച്ച് കൊടുക്കാത്തതുകൊണ്ട് അപ്പുണ്ണിക്ക് പരീക്ഷക്ക് ഫീസ് അടക്കാൻ സാധിച്ചില്ലെന്ന് അവൾക്കറിയാം. അതിൽ അവൾക്ക് വിഷമമുണ്ട്. എന്നാൽ അവൾ നിസ്സഹായയായിരുന്നു. ജോലികിട്ടി പോകുമ്പോഴും അപ്പുണ്ണി മാളുവിനെ കാണുന്നുണ്ട്. അപ്പുണ്ണിക്ക് എന്തെങ്കിലും സഹായം ആവശ്യമുള്ള സ്ഥലത്തെല്ലാം മാളു എത്തുന്നുണ്ട്.

ഒടുവിൽ പണക്കാരനായി തിരിച്ചെത്തിയ അപ്പുണ്ണിയുടെ അടുത്തേക്ക് മാളു വിന്റെ അച്ഛൻ അവരുടെ കല്യാണക്കാര്യം പറഞ്ഞ് വരുമ്പോൾ അതു സാധ്യമല്ല എന്നു പറഞ്ഞ് തിരിച്ചയയ്ക്കുകയാണ് അപ്പുണ്ണി ചെയ്തത്. അപ്പുണ്ണിക്ക് എന്നും മാളുവിനോട് സഹതാപമായിരുന്നു. അതിനപ്പുറത്തേക്ക് അവളോട് ഒന്നുമുണ്ടാ യിരുന്നില്ല. സർപ്പസൗന്ദര്യമുള്ള അമ്മിണിയേടത്തിയോടായിരുന്നു അപ്പുണ്ണിയുടെ ആരാധന. മാളുവിന്റെ കറുപ്പിനെ ഇഷ്ടപ്പെടാൻ അപ്പുണ്ണിക്ക് ഒരിക്കലും കഴി ഞ്ഞില്ല.

'ഇടയ്ക്കു സംസാരിക്കാൻ അടുത്തു വരുന്നതു മാളുവാണ്. അവൾക്കു ചില പുന്നാരങ്ങൾ ചോദിക്കാനുണ്ട്. പാഠം വായിക്കുമ്പോൾ അവൾ അടുത്തു വന്നു ചിലപ്പോൾ നോക്കിക്കൊണ്ടു നില്ക്കും. അതവന് ഇഷ്ടമാകുന്നില്ല. പകൽ നടന്നതെല്ലാം വൈകുന്നേരം പറയുന്നത് അവളാണ്. കറുത്തു മെലിഞ്ഞ കൂർത്ത മുഖമുള്ള ആ പെണ്ണിനെ, എന്തോ അവനിഷ്ടമല്ല. അവൾ പാവമാണെന്നറിയാം. എന്നാലും - അവൾ സ്നേഹം കാട്ടാൻ തുടങ്ങുമ്പോൾ അവനു ദേഷ്യംതോന്നും'. (2009 സി: 33). പുറമേക്കുള്ള സൗന്ദര്യത്തിൽ മാത്രം അഭിരമിക്കുന്ന ഒരാളാണ് അപ്പുണ്ണിയെന്ന് നോവലിലെ പല സന്ദർഭങ്ങളിൽ നിന്നും വ്യക്തമാകുന്നുണ്ട്. അപരിചിതമായ, എല്ലാവരും അവഗണിക്കുന്ന ആ നാലുകെട്ടിനകത്ത് അവനെ സ്നേഹിക്കുകയും അവന്റെ കാര്യങ്ങൾ അന്വേഷിക്കുകയും എല്ലാം ചെയ്യുന്നത് മാളുവാണ്. പക്ഷേ അപ്പുണ്ണിക്ക് കൈതപ്പൂവിന്റെ മണമുള്ള അമ്മിണിയേടത്തിയോ ടായിരുന്നു ഇഷ്ടം.

'തങ്കേടത്തിക്കും അമ്മിണിയേടത്തിക്കും പട്ടുകൊണ്ടുള്ള കുപ്പായങ്ങൾ ഉണ്ട്. അവർ അരികത്തൂടെ കടന്നുപോകുമ്പോൾ നല്ല മണമുണ്ട് - കാച്ചിയ എണ്ണ യുടെ, ചന്ദനത്തിന്റെ, മട്ടിപ്പശയുടെ, കൈതപ്പൂവിന്റെ. മാളു അടുത്തൂടെ കടന്നു പോകുമ്പോൾ നനച്ചു നിവർത്താതെ ഇട്ട തുണിയുടെ മണമാണ്'. (2009 : സി 33) കാച്ചിയ എണ്ണ, ചന്ദനം, മട്ടിപ്പശ, കൈതപ്പൂ - ഇങ്ങനെ സുഗന്ധങ്ങളുടെ അനുഭവ ലോകത്തെയാണ് അപ്പുണ്ണി ഇഷ്ടപ്പെടുന്നത്. അതാണ് അവൻ സ്വപ്നം കാണുന്ന ത്. അപ്പുണ്ണി ഒന്നുമില്ലാത്ത അവസ്ഥയിലാണെങ്കിലും സമ്പന്നതയിൽ കഴിയുന്ന അമ്മിണിയേടത്തിയെയാണ് അവൻ ആഗ്രഹിക്കുന്നത്.

അടുക്കള എന്ന അകസ്ഥലത്ത് ഒതുങ്ങുന്ന മറ്റൊരു കഥാപാത്രമാണ് മീനാ ക്ഷിയേടത്തി. 'മീനാക്ഷിയേടത്തി എന്നൊരാൾ വീട്ടിനകത്തുണ്ടെന്ന് അധികമാരും അറിയില്ല. പുലരുന്നതിനുമുമ്പ് കുളിച്ച് അടുക്കളയിൽ കടന്നാൽ പിന്നെ രാത്രി എല്ലാവരുടെയും ഊണുകഴിഞ്ഞ് അടിച്ചു തളിക്കുന്ന നീലിക്കുള്ള കഞ്ഞി പകർന്നുവെച്ച് അടുപ്പും വീതനയും കഴുകിയ ശേഷമേ കിടക്കാവൂ' (2009 എ: 79).

നോവലിന്റെ ഒടുവിൽവരെ സ്നേഹവും ത്യാഗമനോഭാവവുമൊക്കെയുള്ള ഒരു കഥാപാത്രമായാണ് അവരെ ചിത്രീകരിച്ചിട്ടുള്ളത്. മാളുവും മീനാക്ഷി യേടത്തിയും ഇവിടെ സമാന കഥാപാത്രങ്ങളാവുകയാണ് ചെയ്യുന്നത്. നാലുകെ ട്ടിലെ അടുക്കള എന്ന സ്ഥലം മാളുവിനും മീനാക്ഷിക്കും അമ്മിണിക്കും തങ്ക ത്തിനും വ്യത്യസ്തമായ അനുഭവങ്ങളാണ് പകരുന്നത്.

### 3.2.2. നിസ്സഹായതയുടെ ഇടം

*അസുരവിത്തി*ലെ പകൽ വെളിച്ചം വീഴാത്ത വീട്ടിനകത്തു സദാ നനവൂറുന്ന കരിതേച്ച നിലത്ത് 'മുള'യുള്ള കാലുകൾ പാതിയൂന്നി പ്രാഞ്ചി പ്രാഞ്ചി നടക്കുന്ന കുഞ്ഞ്യോപ്പോൾ *നാലുകെട്ടി*ലെ മാളുവിനെയും മീനാക്ഷിയെയും അനുസ്മരിപ്പിക്കുന്ന കഥാപാത്രമാണ്. അവിവാഹിതയായ അവർ വീടിന്റെ അകത്ത് തളയ്ക്കപ്പെട്ടിരിക്കുന്നു.

'കുഞ്ഞ്യോപ്പോളുടെ കാര്യമോർക്കുമ്പോൾ, കരിപുരണ്ട അടുക്കളച്ചുവരു പോലെ ഒരിക്കലും തെളിയാത്ത ദൈന്യതയുടെ ചിത്രമാണ് അവരെന്ന് തോന്നുന്നു' (2009 എ: 31). അത്രയ്ക്ക് ദയനീയമായിരുന്നു അവരുടെ ജീവിതം. ഗോവിന്ദൻകുട്ടിയുടെ സങ്കടം മുഴുവൻ അവരുടെ കാര്യം ഓർത്താണ്. അവർക്ക് ഭക്ഷണം പോലും ചില ദിവസങ്ങളിൽ ലഭിക്കില്ല. കുമാരേട്ടൻ വീട്ടിൽ ഭക്ഷണം കഴിക്കാനുണ്ടെങ്കിൽ അവർ പട്ടിണിയാകുമെന്ന് ഗോവിന്ദൻകുട്ടിക്കറിയാം. ഒരാൾ അധികമുണ്ടെങ്കിൽ ആ വീട്ടിൽ ഭക്ഷണം തികയില്ല. അത്രയ്ക്ക് ദാരിദ്ര്യമായിരുന്നു അവർക്ക് ഉണ്ടായിരുന്നത്.

കുഞ്ഞ്യോപ്പോൾ സ്വന്തം സങ്കടങ്ങൾ ഒതുക്കി കഴിയുമ്പോഴും അവർക്ക് ആശ്വാസം അനിയൻ ഗോവിന്ദൻകുട്ടി ആയിരുന്നു. എന്നാൽ അവൻ ശേഖരൻ നായരോട് വഴക്കിട്ടതും വീട്ടിൽ നിന്നിറങ്ങിപ്പോയതും അവരെ ദുഃഖിപ്പിച്ചു.

'ധൃതിയിൽ കയറുകയും ഇറങ്ങുകയും ചെയ്യാൻ ആരുമില്ലാത്തതുകൊണ്ടു കോണിപ്പടികൾ ശബ്ദിക്കാറില്ല'(2009 എ: 185). എന്ന ഓർമ്മ അവരുടെ സങ്കടം

തന്നെയാണ്. ആ വീട്ടിൽ കുഞ്ഞ്യോപ്പോളെ സന്തോഷിപ്പിച്ചിരുന്നത് അനിയന്റെ സാന്നിധ്യമായിരുന്നു. കോണിപ്പടിയുടെ ശബ്ദം ഗോവിന്ദൻകുട്ടിയുടെ സാന്നി ധ്യത്തെ അടയാളപ്പെടുത്തുന്നതായിരുന്നു. ചലനാത്മകമായ ആ സ്ഥലം ഗോവി ന്ദൻകുട്ടി പോകുന്നതോടെ നിശ്ചലമാകുന്നു. കുഞ്ഞുകുട്ടികുഞ്ഞ്യോപ്പോളുടെ അനുഭവസ്ഥലത്തുനിന്നും അന്യമായ സ്ഥലത്തേക്കാണ് ഗോവിന്ദൻകുട്ടി പോയത്. ഗോവിന്ദൻകുട്ടിയുടെ കല്ല്യാണം കഴിഞ്ഞപ്പോൾ അവർ സന്തോഷിച്ചു എന്നാൽ അവൻ വീട്ടിൽ നിന്നും പോയത് അവരെ നൊമ്പരപ്പെടുത്തി. അവൻ ഒരു ഗൃഹ നാഥനായി മാറിയപോലെയായിരുന്നു വിവാഹം കഴിഞ്ഞ ശേഷമുള്ള അവന്റെ സംസാരം. അവൻ രക്ഷപ്പെട്ടു എന്നും അവർ ആശ്വസിച്ചു.

ദാരിദ്ര്യവും കഷ്ടപ്പാടും നിറഞ്ഞ ആ വീടിന്റെ അകസ്ഥലങ്ങളിൽനിന്നും ഗോവിന്ദൻകുട്ടി മാറുന്നതോടെ ആ സ്ഥലത്തിന് മറ്റൊരു മാനം കൈവരുന്നു. ഗോവിന്ദൻകുട്ടിയുടെ അസാന്നിധ്യം സൃഷ്ടിക്കുന്ന ശൂന്യത നികത്താൻ പിന്നീട് വീട്ടിലെ കാര്യങ്ങൾ നോക്കുന്ന കുമാരേട്ടന് കഴിയുന്നില്ല. ഇതിന്റെയെല്ലാം വിങ്ങൽ കുഞ്ഞ്യോപ്പോളുടെ ഉള്ളിലുണ്ട്.

'പെരുമ്പലത്തെ കളത്തിലേക്കു താമസം മാറിപ്പോകുന്ന സമയത്ത് ഒരു വിഷമവും തോന്നിയിരുന്നില്ല. പക്ഷേ കല്ല്യാണത്തിനുശേഷം ഭാര്യയുടെ പിറകെ ചെറിയ ഇരുമ്പുപെട്ടി തൂക്കി അവൻ പടിയിറങ്ങുമ്പോൾ മനസ്സിൽ വ്യക്തമാവാത്ത ഒരസ്വസ്ഥത ചുറ്റിപ്പിണഞ്ഞു കിടന്നു. ദൂരെ, അത്തുണ്ണി മുഹമ്മദിന്റെ, സവാരി വണ്ടിയുടെ കിലുക്കം അകന്നു പോയപ്പോൾ തോന്നിപ്പോയി: കൊയ്ത്തും മെതിയും കഴിഞ്ഞാലും അവൻ വരില്ല' (2009 എ: 185).

അവരുടെ ആ തോന്നൽ യാഥാർത്ഥ്യമായി. അവർക്ക് അറിയാമായിരുന്നു ഗോവിന്ദൻകുട്ടിയുടെ മനസ്സ്. അവന്റെ നിസ്സഹായത ഒരിക്കലും അവർക്ക് കണ്ടു നിൽക്കാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ടാണ് ശേഖരൻനായരെ തല്ലാൻ ചെന്ന ദിവസം രാത്രി വീട്ടിൽ വന്നപ്പോൾ അവനെ കാണാൻ പോകാതിരുന്നത്. പക്ഷേ

നിസ്സഹായതയുടെ ശബ്ദമായിരുന്നില്ല അവന്റേത്. തന്റേടത്തോടെയുള്ള അവന്റെ വാക്കുകൾ കേട്ടപ്പോൾ കുഞ്ഞ്യോപ്പോൾ ഓടിയെത്തി. അപ്പോഴേക്കും അവൻ പോയിരുന്നു.

ധൃതിയിൽ കയറിയിറങ്ങുന്ന കോണിപ്പടികളുടെ ശബ്ദവും അവന്റെ സാന്നിധ്യത്തിലുള്ള അമ്മയുടെ വഴക്കു പറച്ചിലും ചക്കമടൽ വെട്ടിയരിഞ്ഞ് വെച്ച ഭക്ഷണവും ആ വീട്ടിനകത്തുണ്ടാക്കുന്ന സ്നേഹത്തിന്റെ സാന്നിധ്യം ഗോവിന്ദൻ കുട്ടി പോകുന്നതോടെ ആ സ്ഥലത്തുനിന്നും മറയുന്നു. തീർത്തും നിസ്സഹായമായ ഈ ഇടത്തിൽ അവർ ഒടുങ്ങുന്നു.

### 3.2.3. സംഘർഷത്തിന്റെ ഇടങ്ങൾ

*കാല*ത്തിലെ അകസ്ഥലങ്ങൾ ദാരിദ്ര്യത്തിന്റേതും ഒപ്പം സംഘർഷത്തിന്റേതുമാണ്. സേതുവിന്റെ അമ്മയും ചെറിയമ്മയും തമ്മിലുള്ള സംഘർഷമാണ് അടുക്കളയെ സങ്കീർണ്ണമാക്കുന്നത്. സേതുവിന്റെ കൂട്ടുകാരൻ വീട്ടിലേക്ക് വന്നപ്പോൾ ചായയെടുക്കാൻ പറഞ്ഞ സേതുവിനോട് അവർ പറയുന്ന മറുപടി ആ വീട്ടിലെ അവരുടെ അവസ്ഥകൾ വെളിവാക്കുന്നതാണ്. 'ഗൃഹഭരണം നിന്റെ അമ്മയ്ക്കല്ലേ?' എന്ന് ചെറിയമ്മ അവരുടെ നിസ്സഹായതകൊണ്ടാണ് പറഞ്ഞുപോകുന്നത്. ഭർത്താവ് മരിച്ചതിനുശേഷം സേതുവിന്റെ അച്ഛനയക്കുന്ന പണംകൊണ്ടാണ് ചെറിയമ്മയും മകളും കഴിഞ്ഞുകൂടുന്നത്. ഇതിന്റെ സംഘർഷമാണ് സേതുവിന്റെ അമ്മയുടേയും ചെറിയമ്മയുടേയും പെരുമാറ്റത്തിൽ കാണുന്നത്. സ്വന്തം അനിയത്തിയേയും മകളേയും സംരക്ഷിക്കുന്നതിലുള്ള അവരുടെ ഈ അങ്കലാപ്പ് യഥാർത്ഥത്തിൽ ദാരിദ്ര്യം കൊണ്ടുമാത്രമാണ്.

## 3.3. അധികാരസ്ഥലം

സ്ഥലം മാറുന്നതിനനുസരിച്ച് അധികാരവും അധികാരരൂപങ്ങളും മാറുന്നുണ്ട്. ഈ നോവലുകളിലെല്ലാം അധികാരത്തിനുവേണ്ടിയുള്ള മത്സരങ്ങൾ ദൃശ്യ

മാണ്. പകപോക്കലുകളും സഹായങ്ങളും എല്ലാം ഈ അധികാരവുമായി ബന്ധപ്പെട്ടിരിക്കുന്നു.

### 3.3.1. അധികാരത്തിന്റെ സംഘർഷങ്ങൾ

*നാലുകെട്ടി*ലെ അധികാരത്തിന്റെ പ്രതിരൂപം വലിയമ്മാമ എന്ന കഥാപാത്രമാണ്. അപ്പുണ്ണിയെ തറവാട്ടിൽനിന്ന് ആട്ടിയിറക്കിയത് അയാളാണ്. നോവലിൽ അയാളുടെ രണ്ടു ജീവതഘട്ടങ്ങളാണ് കാണുന്നത്. ഒന്ന് അയാളുടെ പ്രതാപകാലം, രണ്ടാമത് സമ്പത്തെല്ലാം ക്ഷയിച്ച അയാളുടെ അവസ്ഥയും. 'വലിയമ്മാമയുടെ മുഖത്ത് പഴയ പ്രതാപമില്ല. ശരീരവും മനസ്സും ക്ഷീണിച്ചിട്ടുണ്ടെന്ന് ഒറ്റനോട്ടത്തിൽ മനസ്സിലാവും. അപ്പുണ്ണിയുടെ കണ്ണുകളെ നേരിടാൻ വലിയമ്മാമ പ്രയാസപ്പെടുന്നുണ്ടെന്ന് തോന്നി' (2009 സി: 197). വലിയമ്മാമയുടെ പ്രതാപകാലത്ത് അപ്പുണ്ണിക്ക് ദാരിദ്ര്യവും കഷ്ടപ്പാടും നിറഞ്ഞ കാലമായിരുന്നു. എന്നാൽ ജോലിചെയ്ത് പണം സമ്പാദിച്ച് അപ്പുണ്ണി വരുന്നത് വലിയമ്മാമയുടെ ദുരിതം നിറഞ്ഞ കാലത്തിലേക്കായിരുന്നു. വലിയമ്മാമയുടെ അധഃപതനത്തെ ക്രൂരമായ ഒരു ആനന്ദത്തോടെയാണ് അപ്പുണ്ണി കാണുന്നത്.

നാലുകെട്ട് എന്ന ഗാർഹികാന്തരീക്ഷത്തെ, അന്നത്തെ കൂട്ടുകുടുംബവ്യവസ്ഥയുടെ അധികാരഘടനയെ എല്ലാം ഈ നോവലിൽ വായിച്ചെടുക്കാം. തറവാട്ടിലെ പരമാധികാരം കയ്യാളിയിരുന്നയാളാണ് വലിയമ്മാമ. അധ്വാനത്തിന്റെ ഇടങ്ങളിലൊന്നും ഈ കഥാപാത്രത്തെ കാണുന്നില്ല. എന്നാൽ അധികാരത്തിന്റെ ഇടങ്ങളിൽ എപ്പോഴും കാണാം. തറവാട്ടു സ്വത്തിന്റെ കണക്കും കാര്യങ്ങളും ഇയാളുടെ കയ്യിൽ ഭദ്രമാണ്. സംബന്ധം ചെയ്ത വീട്ടിലെ ചെലവ് നടത്താൻ നാലുകെട്ടിലെ വരുമാനമാണ് എടുക്കുന്നത്. അവിടെ മറ്റുള്ളവർ അധ്വാനിച്ച് കിട്ടുന്ന വരുമാനം യാതൊരു അധ്വാനത്തിലും പങ്കാളിയാകാതെ സംബന്ധവീട്ടിൽ കൊണ്ടുപോയി കൊടുക്കുന്നു. തറവാട്ടിൽ ഭാഗം നടക്കുന്നതോടെയാണ് വലിയമ്മാമ ദരിദ്രനാകുന്നത്. അധ്വാനിക്കാൻ തയ്യാറായ ആളുകൾ അതിജീവി

ക്കുകയും അല്ലാത്തവർ കഷ്ടപ്പെടുകയും ചെയ്തു. സ്വാഭാവികമായും അധ്വാനിക്കാൻ തയ്യാറല്ലാത്ത വലിയമ്മാമയുടെ സമ്പത്തും പ്രതാപവും ഇല്ലാതായി.

### 3.3.2. അധികാരത്തിന്റെ വ്യത്യസ്ത മുഖങ്ങൾ

*നാലുകെട്ടിലെ* വലിയമ്മാമയോട് സാമ്യമുള്ളതാണ് *അസുരവിത്തി*ലെ കുമാരൻ എന്ന കഥാപാത്രം. ഗോവിന്ദൻകുട്ടി ഏഴാം ക്ലാസ് ജയിച്ചിരുന്നെങ്കിലും അവനോട് ഇനി പഠിക്കേണ്ടെന്നും വയലിലെ കാര്യങ്ങൾ നോക്കിയാൽ മതിയെന്നും കുമാരേട്ടനാണ് പറഞ്ഞത്. സംബന്ധംചെയ്ത തറവാട്ടിൽ സഹായിക്കലാണ് അയാളുടെ പ്രധാന പണി. പണത്തിന് ആവശ്യമുള്ളപ്പോൾ സ്വന്തം വീട്ടിൽ വരും. ഒരിക്കൽ ഗോവിന്ദൻകുട്ടി ഇതിനെ ചോദ്യം ചെയ്തു. കുമാരേട്ടന്റെ കാർക്കശ്യത്തോടെയുള്ള മറുപടി ഇങ്ങനെയായിരുന്നു.

'താക്കോലോളം പോന്ന നീയ്യാടാ ന്നെ കാര്യസ്ഥാനം പഠിപ്പിക്ക്ണ്. നെന്നെ ഞാൻ' (2009 എ: 21).

*നാലുകെട്ടി*ലെ വലിയമ്മാമയും കുട്ടമ്മാമയും തമ്മിലുള്ള വാക്കുതർക്കത്തെ അനുസ്മരിപ്പിക്കുന്നതാണ് ഈ സംഘർഷം. സംബന്ധംചെയ്ത വീട്ടിൽ സ്വന്തം വീട്ടിലെ കാശുകൊണ്ട് ചെലവ് ചെയ്യുന്നത് കുമാരേട്ടന്റെയും വലിയമ്മാമയുടെയും രീതിയാണ്. എന്നാൽ സ്വന്തം വീട്ടിലെ കാര്യങ്ങൾ എങ്ങനെയാണ് കഴിയുന്നത് എന്ന് അയാൾ നോക്കാറില്ല. അവിടെത്തെ മനുഷ്യർ പട്ടിണി കിടക്കുന്നതൊന്നും ഇവർക്ക് പ്രശ്നമല്ല. *അസുരവിത്തി*ലെ കുഞ്ഞേ്യാപ്പോൾക്കും ഇതിനെ ചോദ്യം ചെയ്യണമെന്നുണ്ട്. എന്നാൽ അവരുടെ ശബ്ദം പൊങ്ങുമ്പോൾ അമ്മ അവരെ തടയുന്നു.

കുമാരേട്ടന്റെ സാന്നിധ്യം ആ സ്ഥലത്തിന് കുറച്ചുകൂടി അധികാരസ്ഥല പരിവേഷം നൽകുന്നു. വീട്ടിലേക്ക് സാധനങ്ങൾ വാങ്ങുവാൻ തന്റെ കയ്യിലുള്ള

പണം അയാൾ പെങ്ങളെ ഏൽപ്പിക്കുന്നുണ്ട്. ഗോവിന്ദൻകുട്ടി വീട്ടിലുണ്ടായിരുന്നപ്പോഴുള്ള അവസ്ഥയിൽ നിന്നും മാറി വീട്ടിലേക്ക് സാധനങ്ങൾ കൊണ്ടുവരികയും വീട്ടുകാര്യങ്ങൾ നോക്കുകയും ചെയ്യുന്ന ഒരാളായി കുമാരേട്ടൻ മാറുന്നുണ്ട്. കുമാരേട്ടന്റെ വൈയക്തിക സ്ഥലപരിസരം നിസ്സഹായതയുടേതായിരുന്നു. അയാൾ ഒരിക്കലും അമിതമായി ദേഷ്യപ്പെടാത്ത വ്യക്തിയാണ്. സംബന്ധം ചെയ്ത വീട്ടിൽ നിന്നും അവഗണന നേരിട്ടതോടെ അയാൾ തളർന്നു. അങ്ങനെയാണ് സ്വന്തം വീട്ടിൽ എത്തുന്നത്. ഒടുവിൽ ഗോവിന്ദൻകുട്ടി മതം മാറിയതറിഞ്ഞ് വീട്ടിൽ വന്ന കുമാരേട്ടൻ കുഞ്ഞുകുട്ടിയോട് പറയുന്ന വാക്കുകൾ ഇതിനുദാഹരണമാണ്.

'ഒന്നുകിൽ നാലാള് കാണേ ഓന്റെ കൊടല്മാല എടുക്കാ. അല്ലെങ്കിൽ ഒരു കഷണം കയറു ചെലവാക്കി ന്റെ ആയുസ്സ് ഒടുക്കാ, രണ്ടിനും വയ്യെനിയ്ക്ക്. അനുഭവിയ്ക്കന്നെ, അനുഭവിയ്ക്കന്നെ' (2009 എ: 197).

ഈ നിസ്സഹായത നോവലിൽ മുഴുവൻ അയാളിൽ പ്രകടമായി കാണുന്നുണ്ട്. ഒരിക്കൽ അധികാരത്തോടെയും തന്റേടത്തോടെയും സംസാരിച്ചിരുന്ന ആളായിരുന്നു കുമാരേട്ടൻ. *നാലുകെട്ടി*ലെ വലിയമ്മാമയുടെ പതനം പോലെ തന്നെ *അസുരവിത്തി*ലെ കുമാരേട്ടനും സമ്പത്തും പ്രതാപവും എല്ലാം നഷ്ടമായി. ഈ കഥാപാത്രങ്ങളിൽ സമാനമായ അവസ്ഥകൾ കാണുന്നുണ്ട്.

*അസുരവിത്തി*ലെ അധികാരത്തിന്റെ മറ്റു രണ്ടിടങ്ങളാണ് ശേഖരൻനായരും മുതലാളിയും. ഈ രണ്ട് അധികാരരൂപങ്ങൾക്കും രണ്ടു മതത്തിന്റെ പരിവേഷമുണ്ട്. ഹിന്ദുമതക്കാരുടെ പ്രശ്നങ്ങൾ തീർത്ത് അവർക്കുവേണ്ട കാര്യങ്ങൾ ചെയ്യുന്ന ശേഖരൻനായർ നോവലിന്റെ സാമൂഹ്യസ്ഥലത്ത് പലപ്പോഴും ഇടപെടുന്നുണ്ട്. മുതലാളി മറ്റുള്ളവരെ ഇസ്ലാമിലേക്ക് ചേർക്കുകയും അവരുടെ പ്രശ്നങ്ങളിൽ ഇടപെടുകയും ചെയ്യുന്നു. ശേഖരൻനായരും മുതലാളിയും തമ്മിൽ ചില

സംഘർഷങ്ങൾ നടക്കുന്നുണ്ട്. നോവലിന്റെ സാമൂഹ്യസ്ഥലത്തെ സംഘർഷ ഭരിതമാക്കുന്നത് ഇവരാണ്.

### 3.3.3. അധികാരത്തിന്റെ പെണ്ണിടം

*കാല*ത്തിൽ ഇത്തരം അധികാരസംഘർഷമില്ല. പകരം സേതുവിന്റെ അമ്മയും ചെറിയമ്മയും തമ്മിലുള്ള വഴക്കാണ്. ജോലിസ്ഥലത്തുനിന്നും ആവശ്യ ത്തിന് പണമയക്കാത്ത അച്ഛൻ. അതിന്റെ പേരിൽ പരിഭവം പറയുന്ന അമ്മ. ആദ്യ ഭർത്താവ് ഉപേക്ഷിച്ച ചെറിയമ്മ. ഇവരെകൂടി നോക്കേണ്ടിവരുന്നതിന്റെ പേരി ലുള്ള അമ്മയുടെ ദേഷ്യം. ഇവയെല്ലാം കൂടിയാണ് സേതുവിന്റെ വീടിന്റെ അക സ്ഥലത്തെ സംഘർഷഭരിതമാക്കുന്നത്. ദാരിദ്ര്യവും പട്ടിണിയും വീട്ടകങ്ങളെ ദുരിതമയമാക്കി തീർക്കുകയാണ് ചെയ്യുന്നത്.

*കാല*ത്തിലെ അധികാരരൂപമായി വരുന്നത് സേതുവിന്റെ അമ്മയാണ്. അതിനു കാരണം അവന്റെ അച്ഛന്റെ പണം കൊണ്ടാണ് വീട്ടിലെ ചെലവ് നടത്തുന്നത് എന്നതാണ്. അതിലപ്പുറമുള്ള അധികാരമൊന്നും അവർക്ക് കിട്ടുന്നില്ല. മാധവൻ അവിവാഹിതനായിരുന്നപ്പോൾ സഹോദരിമാർക്ക് അയാൾ പ്രിയപ്പെട്ടവനായിരുന്നു. അയാൾ വിവാഹം കഴിക്കാൻ തീരുമാനിക്കുന്നതിനെ അവർ അകമേ എതിർത്തു. അയാളുടെ അധ്വാനത്തിന്റെ ഫലം ഇനി ലഭിക്കില്ല എന്ന തോന്നലാണ് അവർ വിവാഹത്തെ എതിർക്കാൻ കാരണം. സമ്പത്തുമായി ബന്ധപ്പെട്ടാണ് ഇത്തരം സംഘർഷങ്ങൾ ഉണ്ടാകുന്നത്. അനിയൻ വിവാഹം കഴിക്കുന്നതിലല്ല അയാൾ വഴി വരുന്ന വരുമാനം നിലക്കുന്നതിലാണ് അവർക്ക് വിഷമം. ഇത് അന്നത്തെ കുടുംബ വ്യവസ്ഥയുടെ ഫലമാണ്. മാധവന് സുമി ത്രയെ വിവാഹം ചെയ്യാനായിരുന്നു താല്പര്യം. എന്നാൽ അവളുടെ ജ്യേഷ്ഠത്തി ദേവുവിനെ അയാൾക്ക് വിവാഹം ചെയ്യേണ്ടിവന്നു. അതിനുശേഷം സുമിത്രയും ദേവുവും തമ്മിൽ നിരന്തരം വഴക്കും സംഘർഷങ്ങളുമുണ്ടായി. വീടിന്റെ അകസ്ഥ

ലങ്ങളിൽ ഇത്തരം സംഘർഷങ്ങൾ ഇടക്കിടെ കാണാം. ഇത്തരം സംഘർ ഷങ്ങളിൽ നിന്നും ഒഴിഞ്ഞുമാറുകയാണ് സേതു ചെയ്യുന്നത്.

### 3.4. വിദ്യാലയം എന്ന സ്ഥലം

വിദ്യാലയം *നാലുകെട്ടി*ലാണ് കൂടുതൽ ചിത്രീകരിക്കപ്പെടുന്നത്. *അസുരവി ത്തിൽ* ഗോവിന്ദൻകുട്ടിയുടെ ഓർമ്മകൾക്കിടയിലുള്ള വിദ്യാലയത്തിന്റെ കാഴ്ചക ളാണ്. *കാല*ത്തിലാകട്ടെ കോളേജനുഭവങ്ങളാണ് ആവിഷ്കരിക്കപ്പെടുന്നത്. ഈ അനുഭവങ്ങളോരോന്നും അപ്പുണ്ണിയുടെയും ഗോവിന്ദൻകുട്ടിയുടെയും സേതുവി ന്റെയും ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. അപ്പുണ്ണിക്ക് ജോലി കിട്ടിയപ്പോൾ പോകുവാൻ വണ്ടിക്കൂലി കൊടുത്ത രാമകൃഷ്ണൻമാസ്റ്ററും ഗോവിന്ദൻകുട്ടി ഉച്ചക്ക് ഭക്ഷണം കൊണ്ടുവരുന്ന പാത്രത്തിൽ കഞ്ഞിവെള്ളം മാത്രമാണ് ഉള്ള തെന്ന് അറിഞ്ഞ് പാതി ഭക്ഷണം അവനോട് എടുത്തോളാൻ പറഞ്ഞ രാജമ്മുവും സ്വാർത്ഥലേശമില്ലാതെ ജീവിക്കുന്ന സേതുവിന്റെ സുഹൃത്ത് കൃഷ്ണൻകുട്ടിയു മെല്ലാം പഠനകാലത്തിനുശേഷവും അവരുടെ ജീവിതത്തെ സ്വാധീനിച്ചവരാണ്. ഇങ്ങനെ വിശാലമായൊരു അനുഭവലോകമായിരുന്നു വിദ്യാലയം.

#### 3.4.1. വിജയത്തിന്റെ സ്ഥലപരിസരം

ദാരിദ്ര്യം നിറഞ്ഞ കാലമാണ് *നാലുകെട്ടി*ലെ അപ്പുണ്ണിയുടെ സ്കൂൾ ജീവിതകാലം. നല്ല ഭക്ഷണമോ വസ്ത്രമോ ഇല്ലാതെയാണ് അപ്പുണ്ണി പഠിച്ചു വളർന്നത്. സ്കൂളിലെ ഫീസ്പോലും വലിയൊരു പ്രതിസന്ധി ആയിരുന്നു. അമ്മ ജോലിചെയ്താണ് അപ്പുണ്ണിയെ സ്കൂളിൽ അയച്ചത്.

സ്കൂൾ വിട്ടു വീട്ടിലെത്തിയാൽ അടുക്കളയിൽ ഉറിയിലാക്കി വെച്ചിരിക്കുന്ന കഞ്ഞിക്കിണ്ണമെടുത്ത് ഒറ്റവീർപ്പിന് മോന്തിക്കുടിച്ചാണ് അപ്പുണ്ണി വിശപ്പ് മാറ്റുന്നത്. തൃത്താല സ്കൂളിൽ പോകുന്ന സമയത്ത് നാലുകെട്ടിനടുത്തെത്തുമ്പോൾ നോക്കാറുണ്ട്. പക്ഷേ കവുങ്ങിൻതോപ്പിനു നടുവിലൂടെ നാലുകെട്ട് ശരിക്കു

കാണാറില്ല. അല്ലെങ്കിൽ അവന്റെ കാഴ്ചയ്ക്കു പുറത്താണ് അപ്പോൾ നാലുകെട്ട്. നാലുകെട്ടിൽ നിന്നും രണ്ടുപേർ സ്കൂളിൽ വരുന്നുണ്ട്. ഭാസ്കരനും കൃഷ്ണൻ കുട്ടിയും. അവർ കാളവണ്ടിയിലാണ് സ്കൂളിൽ വരുന്നത്. ചായംതേച്ച കൊമ്പും കൊമ്പിന്റെ തുമ്പത്തു നീലത്തുരടും കഴുത്തിൽ തോൽപ്പട്ടയിൽ കോർത്തിട്ട കുടമണിയുമുള്ള വെള്ളക്കാള വലിക്കുന്ന വണ്ടിയിലാണ് അവർ വരുന്നത്. സ്കൂളിൽ പലർക്കും അസൂയയാണ് അവരോട്. മുഹമ്മദ് എന്ന സഹപാഠി കാളവണ്ടിയെപ്പറ്റി എപ്പോഴും അപ്പുണ്ണിയോടു പറയും. അങ്ങനെ സഹിക്കെട്ടാണ് അവൻ അവരുടെ തറവാട്ടിലേതാണെന്ന് പറഞ്ഞത്. ആ വാർത്ത ഭാസ്കരന്റെ ചെവിയിലെത്തി. അവന്റെ മറുപടി അപ്പുണ്ണിയെ കരയിച്ചു. ഒരേ തറവാട്ടിലെ കുട്ടികളായിട്ടും അവർക്ക് രണ്ടുതരം ജീവിതമായിരുന്നു. ദാരിദ്ര്യവും കഷ്ടപ്പാടും സഹിച്ചാണ് അപ്പുണ്ണി കുട്ടിക്കാലത്ത് കഴിഞ്ഞത്.

അപ്പുണ്ണിക്ക് പഠനത്തിലെ മികവുകൊണ്ട് സ്കൂളിൽ അംഗീകാരം കിട്ടുന്നുണ്ട്. അരക്കൊല്ലപ്പരീക്ഷയിൽ ഒന്നാമനായതുകൊണ്ട് അവന് ആറുറുപ്പിക സ്കോളർഷിപ്പ് പാസായി. തറവാട്ടിൽ വലിയമ്മ അവനോട് അന്ന് സ്നേഹ ത്തോടെ പെരുമാറി. സ്കോളർഷിപ്പ് കിട്ടിയ പണം അവൻ അമ്മമ്മയെ ഏൽപ്പിച്ചു. എന്നാൽ ആ പണം അമ്മമ്മയുടെ കയ്യിൽനിന്നും കുട്ടമ്മാമ വാങ്ങി. ഫൈനൽ പരീക്ഷയ്ക്ക് ഫീസ് അടയ്ക്കാൻ കടംവാങ്ങിയ പണം അപ്പുണ്ണി ചോദിച്ചപ്പോൾ അയാൾ തിരിച്ചു കൊടുത്തില്ല. അതോടെ അപ്പുണ്ണി വീണ്ടും കുഴങ്ങി. അവസാനം അവനറിയാതെ അമ്മ മുഹമ്മദിന്റെ കയ്യിൽ അവനുള്ള പണം ഏൽപ്പിച്ചു. ഇങ്ങനെ പണത്തിന്റെ ബുദ്ധിമുട്ട് പലതരത്തിൽ പഠനകാലത്ത് അപ്പുണ്ണിക്ക് അനുഭവപ്പെട്ടു.

എങ്കിലും ജീവിതവിജയത്തിന്റെ സ്ഥലപരിസരമായാണ് വിദ്യാലയം അപ്പു ണ്ണിക്ക് അനുഭവപ്പെട്ടത്. പത്താംക്ലാസ് റിസൾട്ട് വന്നപ്പോൾ അപ്പുണ്ണി വിജയിച്ചു. അവന് പണമടയ്ക്കാൻ സഹായിച്ച മുഹമ്മദ് തോറ്റുപോയി. അവൻ നേടിയ വലിയ വിജയം തറവാട്ടിൽ മറ്റാർക്കും വലിയൊരു വിശേഷമായില്ല. ആ പരീക്ഷ

എഴുതാനും വിജയം നേടാനും അപ്പുണ്ണിയെ സഹായിച്ചത് അമ്മയുടെ സ്നേഹം തന്നെയാണ്.

### 3.4.2. വിദ്യാലയത്തിന്റെ ഓർമ്മകൾ

*അസുരവിത്തി*ലെ വിദ്യാലയം ഗോവിന്ദൻകുട്ടിയുടെ ഓർമ്മയിൽ തെളിയുന്നതാണ്. അവിടെയും വ്യക്തമാകുന്നത് കുട്ടിക്കാലത്ത് അനുഭവിച്ച ദാരിദ്ര്യം തന്നെയാണ്. ഗോവിന്ദൻകുട്ടിയും കൊച്ചപ്പനും രാജമ്മുവും ഒരുമിച്ചാണ് സ്കൂളിൽ പോയിരുന്നത്. മറ്റു രണ്ടു കുട്ടികളും സാമ്പത്തിക ഭദ്രതയുള്ള കുടുംബത്തിലെ അംഗങ്ങളായിരുന്നു. ഉച്ചയ്ക്ക് അവർ രണ്ടുപേരും ഉണ്ണുമ്പോൾ ഗോവിന്ദൻകുട്ടി സൂത്രത്തിൽ ഒഴിഞ്ഞുമാറും. കാരണം അവന്റെ പാത്രത്തിൽ കഞ്ഞി മാത്രമാണ് ഉണ്ടാവുക. ഒരിക്കൽ കൊച്ചപ്പൻ പാത്രം തുറന്നു. അത് ഇന്നും ഗോവിന്ദൻകുട്ടിക്ക് സഹിക്കാനാകാത്ത അപമാനമാണ്. ഇങ്ങനെ പട്ടിണിയുടെ അനുഭവമാണ് ഗോവിന്ദൻകുട്ടിയുടേത്. ദാരിദ്ര്യമാണ് ഇവിടെയും കുട്ടിക്കാലം ദുരിതമാക്കുന്നത്. ഇങ്ങനെ പട്ടിണിയുടെ ഒരു സ്ഥലപരിസരമാണ് അസുരവിത്തിലെ വിദ്യാലയ ചിത്രീകരണത്തിൽ കാണുന്നത്.

### 3.4.3. കോളേജും നഗരാനുഭവവും

*കാല*ത്തിൽ സ്കൂൾ ജീവിതത്തേക്കാളേറെ കോളേജ് ജീവിതമാണ് കടന്നുവരുന്നത്. സേതു പത്താംക്ലാസ് ജയിച്ചത് വീട്ടിൽ വലിയൊരു സംഭവമൊന്നും ആയിരുന്നില്ല. കൂട്ടുകാരനായ ഹരിദാസന്റെ നമ്പർ മാത്രമേ സേതുവിന് അറിയൂ. അവൻ തോറ്റിരുന്നു. ഇതിനു സമാനമായൊരു സംഭവം *നാലുകെട്ടി*ലുണ്ട്. അവിടെ അപ്പുണ്ണി ജയിക്കുന്നു; അവന് പരീക്ഷ എഴുതാൻ ഫീസ് അടക്കാൻ പണം സംഘടിപ്പിച്ചു കൊടുത്ത മുഹമ്മദ് തോൽക്കുന്നു. എം. ടി യുടെ നായകൻമാർ സുഹൃത്തുക്കളെ പരാജയത്തിന്റെ അനുഭവലോകത്താണ് പലപ്പോഴും കാണുന്നത്.

കോളേജിൽ ചേർന്ന സേതുവിന്റെ ജീവിതത്തിന് ഒട്ടേറെ മാറ്റംവന്നു. ഗ്രാമത്തിന്റെ സ്ഥലരാശിയിൽനിന്നും വ്യത്യസ്തമായ അന്തരീക്ഷമുള്ള നഗരസ്ഥലം പിന്നീട് അവന്റെ ജീവിതത്തെ പലതരത്തിൽ സ്വാധീനിച്ചു.

'മുകളിലും താഴെയുമായി പതിനാറു മുറികളുള്ള ചെറിയ കെട്ടിടം കോളേജു വക ഹോസ്റ്റലാക്കി മാറ്റിയിട്ട് അധികകാലമായില്ലത്രേ. മെയിൻ ഹോസ്റ്റലിൽ സീനിയേഴ്സിനെ മാത്രമേ ചേർക്കൂ. ദൂരെ രണ്ട് ഹോസ്റ്റലുകൾകൂടി ഉണ്ട്. 'പ്രേമകുമാറി'ൽ സ്ഥലം തരാമെന്ന് വാർഡൻ പറഞ്ഞപ്പോൾ അതുമതി, അതു തന്നെമതി എന്ന് തോന്നി. പൊട്ടിപ്പൊളിഞ്ഞ ചുമരുകളും ഇരുവശത്തുകൂടെയും ഇരമ്പിപ്പോകുന്ന വാഹനങ്ങൾ കാറ്റിൽ അടിച്ചുകയറ്റുന്ന പൊടിപുരണ്ട ഇഷ്ടികനിലവും എല്ലാമാണെങ്കിലും ആ പേർ, സേതുവിന്റെ മനസ്സിൽ സുന്ദരമായ ഒരു സങ്കല്പം പോലെ നിമിഷങ്ങളോളം സുഗന്ധം പരത്തി നിന്നു' (2009 ബി: 39).

വ്യത്യസ്ത സ്വഭാവക്കാരായ സുഹൃത്തുക്കളായിരുന്നു അവിടെ ഉണ്ടായിരുന്നത്. സ്വന്തമായി അധ്വാനിച്ച് പഠിക്കാൻ പണം കണ്ടെത്തിയ കൃഷ്ണൻകുട്ടി ഒരു വശത്ത്. ആർഭാടജീവിതം നയിക്കുന്ന ശിവശങ്കരനും പ്രഭാകരനുമൊക്കെയാണ് മറുപക്ഷം. സുഹൃത്തായ ഡാനിയേലും അവന്റെ അച്ഛനും തമ്മിലുള്ള പെരുമാറ്റം കണ്ട് സേതു അമ്പരന്നു. വലിയ പോണ്ടിയാക്ക് കാറിൽ വന്നിറങ്ങിയ അയാൾ ഒരു റേഡിയോ മകന് സമ്മാനമായി നൽകി. പോകുമ്പോൾ സുഹൃത്തുക്കളെപ്പോലെ അച്ഛനും മകനും പരസ്പരം യാത്ര പറഞ്ഞ് പിരിയുന്ന രംഗം സേതുവും കൃഷ്ണൻകുട്ടിയും നോക്കിനിന്നു. അവർക്ക് അന്യമായ ലോകമായിരുന്നു അത്. സേതു അച്ഛൻ പാലക്കാട് വഴി ട്രെയിനിൽ പോകുമ്പോൾ കാണാൻ ചെല്ലുന്നുണ്ട്. കയ്യിലുള്ള പണം ചെലവാക്കി പോകുന്നത് അച്ഛൻ പണമെന്തെങ്കിലും തരുമെന്ന് കരുതിയായിരുന്നു. പക്ഷേ, അവന് ഒന്നും കിട്ടിയില്ല. ഇങ്ങനെ പഠനകാലം സേതുവിന് ഇല്ലായ്മയുടെ കാലം തന്നെയാണ്.

### 3.5. അങ്ങാടി എന്ന സാമൂഹ്യസ്ഥലം

*നാലുകെട്ടിലും അസുരവിത്തിലും* ഗ്രാമപ്രദേശങ്ങളിലെ പീടികകൾ ചിത്രീകരിക്കപ്പെടുന്നുണ്ട്. ഗ്രാമീണരുടെ സംസാരങ്ങളാണ് അവിടെ അധികവും. അതിന്റെ നിഷ്കളങ്കതയും ഇവിടെ കാണാം. എന്നാൽ *കാലത്തിൽ* നഗരത്തിലെ ഹോട്ടലുകളാണ് അധികവും. അവിടത്തെ തിരക്കും സംഭാഷണവും ഗ്രാമത്തിലേതിൽനിന്നും തീർത്തും വ്യത്യസ്തമാണ്.

### 3.5.1 കാഴ്ചയുടെ സ്ഥലാനുഭവം

അപ്പുണ്ണി വീട്ടിലേക്ക് സാധനങ്ങൾ വാങ്ങാൻ പോകുന്ന അങ്ങാടിയാണ് നോവലിൽ അവൻ ഇടപെടുന്ന ആദ്യ സാമൂഹ്യസ്ഥലം[14]. വൈക്കോൽമേഞ്ഞ പീടികകളാണ് എല്ലാം. പതിനാലാം നമ്പർ വിളക്കുകൾ എരിയുന്ന കടകളാണ് അധികവും. പെട്രോമാക്സ് വിളക്കുള്ളത് യൂസുപ്പിന്റെ കടയിൽ മാത്രമാണ്. യൂസുപ്പിന്റെ കടയിൽ വെളിച്ചെണ്ണ വാങ്ങുവാൻ വന്ന വൈകുന്നേരമാണ് കടയിൽ വെച്ച് അപ്പുണ്ണി തന്റെ അച്ഛന്റെ മരണത്തിന് ഉത്തരവാദിയെന്ന് എല്ലാവരും പറഞ്ഞ സൈതാലിക്കുട്ടിയെ കാണുന്നത്. കടയിൽ വെച്ച് അപരിചിതനായ ആളെ കണ്ടെങ്കിലും വീട്ടിലേക്ക് പോരുമ്പോൾ കോച്ചിയാണ് അത് സെയ്താലിക്കുട്ടിയാണെന്ന് പറഞ്ഞത്.

നോവലിന്റെ തുടക്കത്തിൽ അപ്പുണ്ണിയുടെ പ്രതികാരചിന്തയിലെ പ്രതിയോഗിയാണ് സെയ്താലിക്കുട്ടി. വളർന്ന് വലിയ ആളായാൽ സെയ്താലിക്കുട്ടിയോട് പകരം ചോദിക്കണം എന്നതാണ് അപ്പുണ്ണിയുടെ ലക്ഷ്യം. 'അന്ന്, അന്നൊരിക്കൽ, സെയ്താലിക്കുട്ടിയെ കണ്ടുമുട്ടാതിരിക്കില്ല. എന്നിട്ട് വേണം പകരം ചോദിക്കാൻ.

---

14 സാമൂഹ്യസ്ഥലം ഉണ്ടാവുന്നതും നിലനിൽക്കുന്നതും വസ്തുവും വ്യവഹാരവും തമ്മിലുള്ള, ഭൗതികവും ആശയവും തമ്മിലുള്ള, അനുഭവിക്കുന്നതും ഭാവനയിൽ കാണുന്നതും തമ്മിലുള്ള യോജിപ്പിൽ നിന്നാണെന്ന് സ്ഥലത്തിന്റെ ഉൽപാദനം എന്ന കൃതിയിൽ ഹെന്റി ലെഫെബ്വ്രെ പറയുന്നുണ്ട്. (Lefebvre, 1991:32). യഥാർത്ഥത്തിൽ വിഭിന്ന വ്യവഹാരങ്ങളാണ് വ്യത്യസ്ത സാമൂഹ്യ സ്ഥലങ്ങളെ സൃഷ്ടിക്കുന്നത്.

സെയ്താലിക്കുട്ടിയുടെ കഴുത്തു കൈകളിൽക്കിടന്നു പിടയുമ്പോൾ പറയും: 'നീയ ല്ലേ, നീയല്ലേ എന്റെ . . . ' (2009 സി: 7) അങ്ങനെ പ്രതികാരം ചെയ്യാൻ കാത്തി രുന്ന ശത്രുവിനെ കൺമുമ്പിൽ കണ്ട സ്ഥലം യൂസുപ്പിന്റെ കടയാണ്. അപ്പുണ്ണി യുടെ വൈയക്തികസ്ഥലപരിസരങ്ങളെ നിരന്തരം അലോസരപ്പെടുത്തിയിരുന്ന ശത്രുവിനെ അപ്പുണ്ണി കാണുന്നത് അയാൾ മാത്രമുള്ള ഏകാന്തമായ ഒരു സ്ഥലപ രിസരത്തുവെച്ചല്ല. വ്യത്യസ്തതരം ആളുകൾ നിരന്തരം ഇടപെട്ടുകൊണ്ടിരിക്കുന്ന ഒരു സാമൂഹ്യസ്ഥലത്തുവെച്ചാണ്. ആൾക്കൂട്ടത്തിനിടയിലൊരാൾ മാത്രമായിട്ടാണ് അപ്പുണ്ണി സെയ്താലിക്കുട്ടിയെ കാണുന്നത്. അതുകൊണ്ടുതന്നെയാകാം വൈയ ക്തികതയും ഏകാന്തതയും ചേരുന്ന സ്ഥലപരിസരത്തെ പ്രതികാരചിന്തകളെ ഇല്ലാതാക്കും വിധത്തിൽ പിന്നീട് സെയ്താലിക്കുട്ടി മാറിയത്. സ്നേഹവും ദയയും സഹായവും എല്ലാം ഒരു സമൂഹത്തിനുള്ളിൽ നിലനിൽക്കുന്ന വികാരങ്ങ ളാണ്. അതുകൊണ്ട് തന്നെയാകാം സെയ്താലിക്കുട്ടിക്ക് പിന്നീടുണ്ടാകുന്ന മാറ്റ ത്തിന് അനുസരിച്ചുള്ള ഒരു സാമൂഹ്യസ്ഥലപരിസരത്ത് അയാളെ പ്രത്യക്ഷപ്പെടു ത്തിയത്. അപ്പുണ്ണിയുടെ വൈയക്തികസ്ഥലത്ത്, ഓർമകളുടെ ഇടത്തിൽ എല്ലാം സെയ്താലിക്കുട്ടി ദുഷ്ടനാണ്. എന്നാൽ സെയ്താലിക്കുട്ടി ഇടപെടുന്ന സാമൂഹ്യ സ്ഥലപരിസരങ്ങളിലെല്ലാം അയാൾ നന്മയുള്ള വ്യക്തിയാണ്.

പിന്നീട് യൂസുപ്പിന്റെ കട ഒരു പരദൂഷണസദസ്സായാണ് നോവലിൽ കടന്നു വരുന്നത്. കടയിലെ കച്ചവടമൊന്നും അവിടെ പരാമർശിക്കപ്പെടുന്നില്ല. 'വിശേ ഷിച്ചു ജോലിയൊന്നുമില്ലാത്തവരുടെ താവളമാണ് ആ പീടിക. ആരെയെങ്കിലും കുറേ പരിഹസിക്കുക, ചന്തയ്ക്കു പോയവരോ, ആസ്പത്രിക്കു പോയവരോ കൊണ്ടുവരുന്ന ലോകവാർത്തകൾ കുറേ നുണയും ചേർത്ത് വിതരണം ചെയ്യുക. ഇതൊക്കെയാണ് അവിടെ വന്നുകൂടുന്നവരുടെ പരിപാടി' (2009 സി: 67). പുറമെ നിന്നുള്ള വാർത്തകൾ എത്തുന്നത് അവിടെയാണ്. ആ വാർത്തകൾ മറ്റുള്ളവ രോട് പറയുകയും ആളുകളുടെ കുറ്റം പറയുകയുമൊക്കെ ചെയ്യുന്ന സ്ഥലമായി ആ കട മാറുന്നുണ്ട്.

ഗ്രാമത്തിലെ ഏക തുന്നൽക്കാരൻ ഇരിക്കുന്നതും യൂസുപ്പിന്റെ പീടികയിലാണ്. സാധാരണ റാവുത്തർ തയ്ച്ച് കൊണ്ടുവരുന്ന കുപ്പായങ്ങളാണ് അപ്പുണ്ണിക്ക് അമ്മ വാങ്ങികൊടുക്കുന്നത്. അതിനു പകരം ഇനി അവന്റെ അളവിനു പാകമുള്ള വസ്ത്രങ്ങൾ തയ്പ്പിക്കാം. സൂചി കടകടയെന്നു ശബ്ദിച്ച് ധൃതിയിൽ താണു പൊങ്ങുന്നതും വർണ്ണമുള്ള തുണികൾ ചുരുളായി വരുന്നതും അപ്പുണ്ണിക്ക് ഇഷ്ടപ്പെട്ട കാഴ്ചയാണ്. ഇങ്ങനെ കൂടല്ലൂർ ഗ്രാമത്തിലേക്ക് ആധുനികതയുടെ അടയാളങ്ങൾ പതിയെ കയറി വരുന്നുണ്ട്.

### 3.5.2. പുതിയ ചിന്തകളുടെ ഇടം

*അസുരവിത്തി*ലും ആധുനികസ്ഥലബോധത്തിന്റെ ചില അംശങ്ങൾ കടന്നു വരുന്നുണ്ട്. 'നാലുപേർക്കു കഴിയാനുണ്ടായിരുന്ന പത്തുപറ നിലം അതാ കതിരിട്ടു കിടക്കുന്നു. അതു കൊയ്യാനെത്തുന്നതു താഴത്തേതിലെ ചെറുമക്കളല്ല. മമ്മാലിയുടെ കൂലിപ്പണിക്കാരാണ്. നാശം..................'(2009 ബി: 52).

ഒരേ സ്ഥലം, പക്ഷേ കാലം മാറിയപ്പോൾ ആ സ്ഥലത്തിന്റെ മാനം മറ്റൊന്നായി. ജന്മിത്തത്തിന്റെ സ്ഥലരാശിയിൽനിന്നും മുതലാളിത്തത്തിന്റെ സ്ഥലരാശിയിലേക്ക് അന്തരീക്ഷം മാറിപ്പോയി.

ഗ്രാമത്തിൽ കോളറ പടർന്നപ്പോൾ പലതരം വ്യാഖ്യാനങ്ങളുണ്ടായി. അന്ധവിശ്വാസവും പല കഥകളും എല്ലാം ചേർന്ന് ഗ്രാമസ്ഥലത്തെ സംഘർഷഭരിതമാക്കുകയാണ് ചെയ്തത്. 'അയിത്തല്യ, ചിത്തല്യ; ഹിന്ദും മാപ്ലേം ഭേദല്യ'- അതുകൊണ്ടാണ് അസുഖം വരുന്നത് എന്നായിരുന്നു ശേഖരൻനായരുടെ കണ്ടെത്തൽ. ജാതി-മത സൗഹാർദ്ദങ്ങളെ റദ്ദ് ചെയ്യുന്നതാണ് ശേഖരൻനായരുടെ ഈ വാക്കുകൾ.

ഈ സമയത്ത് ഡോക്ടറെ കാണിച്ച് കുത്തിവെപ്പ് നടത്തിയാൽ അസുഖം ഭേദമാകുമോയെന്ന് പീടികക്കാരൻ മൊയ്തീൻകുട്ടിമാപ്ല ചോദിക്കുന്നുണ്ട്. അത്

പോഴത്തമാണെന്നാണ് പണിക്കരുടെ അഭിപ്രായം. ശാസ്ത്രവും വിശ്വാസവും തമ്മിലുള്ള സംഘർഷമാണിവിടെ നടക്കുന്നത്. ഈ സംഘർഷത്തിൽ ഭൂരിഭാഗം ആളുകളും അന്ധവിശ്വാസത്തെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. എങ്കിലും ഡോക്ടർ, കുത്തിവെപ്പ് എന്നിവ ആധുനികമായ ഒരു സ്ഥലബോധം പ്രദാനം ചെയ്യുന്നുണ്ട്.

### 3.5.3. കാപട്യങ്ങളുടെ ലോകം

ആധുനിക ഇടം കൂടുതൽ പ്രത്യക്ഷപ്പെടുന്നത് *കാല*ത്തിലാണ്. സേതു പഠിക്കാൻപോയ കോളേജ് സ്ഥിതിചെയ്യുന്ന നഗരസ്ഥലവും ഒടുവിൽ ശ്രീനിവാസൻമുതലാളിയുടെ കൂടെ ജോലി ചെയ്യുന്ന നഗരവും ആധുനിക സ്ഥലമാണ്. തീവണ്ടിയും ഹോട്ടലും സിഗരറ്റും മദ്യവും കോട്ടമൈതാനവും എല്ലാമുള്ള വേറിട്ടൊരു ലോകത്താണ് സേതു എത്തിയത്. നാട്ടിൽ സേതു പ്രണയിച്ച സുമിത്രയെ വെല്ലുന്ന സുന്ദരിമാരുടെ ലോകം. നഗരത്തിന്റെ തിരക്കുള്ള അവിടം സേതുവിന് ഇഷ്ടമായി. അപരസ്ഥലത്തേക്കുള്ള സേതുവിന്റെ ആദ്യയാത്ര കോളേജ് പഠനത്തിന് ആയിരുന്നു.

## 3.6. കളിസ്ഥലം

*നാലുകെട്ടിലെ* കഥ നടക്കുന്ന കൂടല്ലൂർ, പെരുമ്പലം എന്നീ ഗ്രാമങ്ങളിലെ ഒരു പ്രധാന വിനോദം പകിടകളി[15] ആയിരുന്നു. കൂടല്ലൂർ ദേശക്കാരും പെരുമ്പലം ദേശക്കാരും തമ്മിലായിരുന്നു പ്രധാനമായും മത്സരം. ഇത് ഒരു വിനോദത്തിനുമപ്പുറം രണ്ടു ദേശത്തിന്റെ അഭിമാനപ്രശ്നമായി പലപ്പോഴും മാറിയിരുന്നു. പറഞ്ഞു പകിടയെറിഞ്ഞ് എണ്ണം വീഴ്ത്തുന്ന ഒരു കളിക്കാരനേ കൂടല്ലൂര്

[15] ഉരുട്ടിക്കളിക്കുന്നതിനുള്ള ഒരു കരുവാണ് പകിട (പകട). പകിടയുരുട്ടി കളിക്കുന്ന ഒരു ഗ്രാമീണ വിനോദമാണ് പകിടകളി. സ്ത്രീ പുരുഷ ഭേദമോ പ്രായ വ്യത്യാസമോ ഇല്ലാതെ ഈ കളിയിൽ ആർക്കും ഏർപ്പെടാം. ഓണം, തിരുവാതിര എന്നീ വിശേഷാവസരങ്ങളിൽ പകിടകളിയിൽ ഏർപ്പെടുകയെന്നത് സാധാരണമായിരുന്നു. പകിടകളിയെക്കുറിച്ച് വടക്കൻ പാട്ടുകളിൽ പരാമർശമുണ്ട്. (ഡോ. എം. വി. വിഷ്ണു നമ്പൂതിരി, 2000: 390).

ഉണ്ടായിരുന്നൊള്ളൂ. അത് കോന്തുണ്ണിനായരാണ്.  പാറുക്കുട്ടിയുടെയും മുത്താച്ചി യുടെയും മറ്റും ഓർമ്മകളിൽ തെളിയുന്ന കഥാപാത്രമാണ് കോന്തുണ്ണിനായർ. 'പകിടകളിക്കാരൻ കോന്തുണ്ണിനായർ എന്ന കഥാപാത്രമാവട്ടെ, പാറുക്കുട്ടിയുടെ ഓർമ്മകളിലൂടെയേ നോവലിൽ സ്ഥാനപ്പെടുന്നുള്ളൂ. എങ്കിലും കനത്ത സാന്നിദ്ധ്യം തന്നെ'എന്ന് കെ. പി. ശങ്കരൻ അഭിപ്രായപ്പെടുന്നു (എൻ. ജയകൃ ഷ്ണൻ 2012: 34).  ഇങ്ങനെ ഓർമ്മകളിലൂടെ രൂപം കൊള്ളുകയും നോവലിൽ നിരന്തരസാന്നിദ്ധ്യമാവുകയും ചെയ്യുന്ന കഥാപാത്രമാണ് കോന്തുണ്ണിനായർ. കൂട ല്ലൂരെ ഇപ്പോഴത്തെ മുന്തിയ കളിക്കാരനായ കുട്ടൻ നായർ കോന്തുണ്ണിനായരുടെ കളിയിലെ പ്രാഗത്ഭ്യം പറയാറുണ്ട്. പെരുമ്പലത്തുകാരുമായുള്ള അവസാന വര കളി നടക്കുന്ന സമയത്ത് തോൽവി ഉറപ്പായ കൂടല്ലൂർകാർ വിഷമിച്ചു നിൽക്കുമ്പോഴാണ് കോന്തുണ്ണിനായർ അച്ചുമ്മാനിൽനിന്നും കരു വാങ്ങുന്നത്.

'കെട്ടിക്കോളി കൊമ്പ്ന്നും പറഞ്ഞ്, ഒരേറും കൊടുത്തു മൂപ്പരങ്ങടു നടന്നു. മൂപ്പരു കളത്തിലെ പടിക്കലെത്ത്യപ്പളാ ഇവിടെ കരു നിന്നത്, നോക്കുമ്പോ പകിട! അങ്ങനെത്തെ ഒരാങ്കുട്ടി ഇനിണ്ടാവില്ല' (2009: സി 16).  അത് അപ്പുണ്ണിയുടെ അച്ഛ നായിരുന്നു. അപ്പുണ്ണിയുടെ ഓർമ്മകളിൽ ഒരു വീരനായകപരിവേഷമാണ് അച്ഛന് നൽകിയിരുന്നത്.  ദേശത്തിന്റെ മാനംകാത്ത പകിടകളിക്കാരനായിരുന്നു അവന്റെ അച്ഛൻ. എന്നാൽ മകൻ പകിടയും കളിച്ചു നടക്കുന്നത് അമ്മയ്ക്ക് ഇഷ്ടമല്ലാ യിരുന്നു. എന്നാൽ ദേശത്തിന്റെ മാനംകാത്ത കളിക്കാരനെ നാട്ടുകാർക്ക് ഇഷ്ട മായിരുന്നു.

ഭക്തിയും വിനോദവും കൂടിച്ചേരുന്ന ഒരു സ്ഥലരാശിയാണ് കളിസ്ഥലം. കൂടല്ലൂരും പെരുമ്പലവും തമ്മിലുള്ള ഒരു കളി വിവരിക്കുന്നുണ്ട് നോവലിൽ. കൂടല്ലൂരുകാർ കളിയിൽ തോൽക്കാൻ പോവുകയാണ്. അപ്പുറത്ത് മണ്ണാൻ ചോപ്പനെക്കൊണ്ട് മന്ത്രവാദം ചെയ്യിച്ചാണ് മാരാർ കളിക്കുന്നതെന്നാണ് കൂടല്ലൂരുകാരുടെ കണ്ടെത്തൽ. ദേശത്തിന്റെ അഭിമാനമാണ് ആ കളിസ്ഥലം. ആ

ദേശത്തിന്റെ ഭഗവതിയെത്തന്നെ ജപിച്ചുകൊണ്ട് കോന്തുണ്ണിനായർ കളി ജയിച്ചുകയറി. ഇവിടെ മന്ത്രവാദവും ജപവും തമ്മിലുള്ള ഒരു കളി നടക്കുന്നുണ്ട്. ജാതിയിൽ താഴ്ന്ന വിഭാഗക്കാരാണ് മന്ത്രവാദം ചെയ്യുന്നത്. എന്നാൽ കോന്തുണ്ണി നായർ അമ്പലത്തിനകത്തെ ഭഗവതിയെ ജപിക്കുന്നു. ഇവിടെ കീഴാളദൈവത്തെ മേലാള ദൈവങ്ങൾ പരാജയപ്പെടുത്തുകയാണ്. ഒറ്റ വാക്കുകൊണ്ട് കീഴാള ദൈവ ത്തെയും പ്രാർത്ഥനയേയും എല്ലാം ഒരു 'മന്ത്രവാദ'ത്തിലേക്ക് ഒതുക്കുകയാണ് ചെയ്യുന്നത്.

സ്വന്തം ദേശത്തു മാത്രമല്ല മറ്റു ദേശങ്ങളിലും പോയി കളിച്ച് ജയിച്ചവ നായിരുന്നു കോന്തുണ്ണിനായർ. തോൽക്കാതെ കളിച്ചിരുന്ന ഒരു തെക്കൻ മണ്ണാ നുണ്ടായിരുന്നു അക്കാലത്ത്. അയാളുടെ മണ്ടകത്തിന്റെ മുൻപിൽവെച്ചു മാത്രമേ കളിക്കൂ. അവിടെവെച്ചുതന്നെ കോന്തുണ്ണിനായർ അയാളെ തോൽപ്പിച്ചു. ഇത് അയാളുടെ തോൽവി മാത്രമല്ല അയാളുടെ വിശ്വാസങ്ങളുടെ തോൽവി കൂടിയാണ്. ഇങ്ങനെ കളിയും വിശ്വാസവും കൂടിക്കുഴയുന്ന സ്ഥലരാശിയാണ് *നാലുകെട്ടി*ലെ കളിസ്ഥലത്ത് കാണുന്നത്. സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടുകയും ദേശത്തിന്റെ സ്ഥലപരിസരങ്ങളിൽ നിരന്തര സാന്നിധ്യമാവുകയും ചെയ്യുന്ന ഏക കഥാപാത്രം കോന്തുണ്ണിനായർ മാത്രമാണ്.

### 3.7. ആരാധനാസ്ഥലം

*നാലുകെട്ടിലെ* കൊടിക്കുന്നത്തുകാവും നാഗക്കാവുകളുമെല്ലാം ആരാധനാ സ്ഥലമാണ്. ദേവിയേയും നാഗങ്ങളെയുമൊക്കെ ആരാധിക്കുന്ന ഒരു സമൂഹമാണ് അവിടെ ഉണ്ടായിരുന്നത്. കൊടിക്കുന്നത്ത് കാവിലെ കുരുതി[16]ക്ക് താലം എടു

[16] ശാക്തേയപൂജാവിധികളിലൊന്നാണ് കുരുതി തർപ്പണം. ആട്, കോഴി എന്നിവയെ അറുത്ത് ഇഷ്ടദേവതകൾക്ക് കുരുതി അർപ്പിക്കുന്ന രീതിയായിരുന്നു ഇത്. എന്നാൽ കേരള ബ്രാഹ്മണർ മൃഗങ്ങളെ അറുത്ത് രക്തതർപ്പണം ചെയ്യുന്നവരല്ല. എങ്കിലും മഞ്ഞളും ചുണ്ണാമ്പും വെള്ളത്തിൽ കലർത്തി, മലരും തെച്ചിപ്പൂവുമിട്ട് രക്തപ്രതീതി വരുത്തി കുരുതി തർപ്പണം ചെയ്തു പോരുന്നു. ഇത് മറ്റുള്ളവരെ അനുകരിച്ചും അനുസരിച്ചും ചെയ്യുന്നതാണ്. പാന, ഭഗവതിപ്പാട്ട്, കളംപാട്ട് (കളമെഴുത്തുപാട്ട്), തെയ്യം, തിറ, കെന്ത്രോൻപാട്ട്, കുറുന്തിനിപ്പാട്ട്, കാളിയൂട്ട് തുടങ്ങിയ അനുഷ്ഠാന

ക്കുന്നിടത്ത് മതസംഘർഷത്തിന്റെ സാധ്യത ഉണ്ടായിരുന്നു. ആണുങ്ങൾ ഒരു രക്ഷാനിര തീർത്താണ് താലമെടുത്ത പെൺകുട്ടികളെ സംരക്ഷിക്കുന്നത്. അവിടെ വെച്ചും പാറുക്കുട്ടി കോന്തുണ്ണിനായരെ കാണുന്നുണ്ട്. അയാൾ കൂടെ യുണ്ട് എന്നത് പാറുക്കുട്ടിക്ക് ധൈര്യം നൽകുന്നു. ഇവിടെ ആരാധനാസ്ഥലം ഒരു പ്രണയസ്ഥലം കൂടിയായി മാറുന്നുണ്ട്.

നാഗക്കാവുകളും ഒരു ആരാധനാസ്ഥലമായി നോവലിൽ വരുന്നുണ്ട്. സർപ്പതുള്ളൽ നടക്കുന്നതെല്ലാം ഈ നാഗാരാധനയുമായി ബന്ധപ്പെട്ടാണ്. *നാലുകെട്ടിലാ*ണ് ഇത്തരത്തിലുള്ള ആരാധനാസ്ഥലങ്ങൾ കൂടുതൽ കാണുന്നത്.

### 3.8. തൊഴിലിടം

പാറുക്കുട്ടി പണിക്കുപോകുന്ന ഇല്ലം തൊഴിൽസ്ഥലത്തെ പെണ്ണിന്റെ ദയനീയാവസ്ഥയുടെ സാക്ഷ്യമാണ്. ഇല്ലത്തെ നമ്പൂതിരിയുടെ തേജസും അവരുടെ എച്ചിൽ ഭക്ഷണമായി കഴിക്കേണ്ടിവരുന്നതും പാറുക്കുട്ടിയുടെ തൊഴിൽസ്ഥലത്തെ ദുരിതത്തിന്റെ നേർക്കാഴ്ചയാണ്.

എന്നാൽ വയനാട്ടിലെ  തൊഴിലിടത്തിൽ ഇതുപോലെ ജാതീയമായ വിവേചനങ്ങളൊന്നും കാണുന്നില്ല. എന്നാൽ ഓഫീസിലെ മേലുദ്യോഗസ്ഥരുടെ കൊള്ളരുതായ്മകളും മാനേജരുടെ കർശനനിയമങ്ങളും എല്ലാം  പറയുന്ന രാധാകൃഷ്ണൻനായരുടെ വാക്കുകളിലൂടെ അവിടെയും പ്രശ്നമുണ്ട് എന്ന് വ്യക്തമാണ്.

### 3.9. പെണ്ണിടം

*നാലുകെട്ട്* എന്ന നോവലിലെ കീഴാളരായ സ്ത്രീകൾ പണിക്കുപോകുന്നവരും വൈകുന്നേരം വീട്ടിലേക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങി വീടു നോക്കു

---

കർമ്മങ്ങൾക്കെല്ലാം കുരുതിതർപ്പണം പ്രധാനമാണ്. ചില കാവുകളിലും ഭഗവതിക്ഷേത്രങ്ങളിലും 'കുരുതി' മാത്രമായും പതിവുണ്ട് (2000: 261-262).

ന്നവരുമാണ്. അവർക്ക് പകലന്തിയോളം കഠിനാദ്ധ്വാനം ചെയ്യേണ്ടിവരുന്നുണ്ട്. എങ്കിലും അവരുടെ ജീവിതത്തിന് ഒരു കരുത്തുണ്ട്. അത് സ്വന്തമായി അദ്ധ്വാനിച്ച് ജീവിക്കുന്നതിന്റെ കരുത്താണ്. അങ്ങാടി, കടകൾ എന്നീ പൊതു ഇടങ്ങളിൽ അവരുടെ സാന്നിധ്യമുണ്ട്. ഒരു വീട് പുലർത്താൻ അവർക്ക് കഴിയുന്നു. പുരുഷനെ ആശ്രയിക്കാതെ സ്വന്തമായി ഒരിടം വീടിനുള്ളിലും പൊതുഇടത്തിലും നേടാൻ അവർക്ക് കഴിയുന്നു. നാലുകെട്ടിനകത്തെ സ്ത്രീകളെ അപേക്ഷിച്ച് കൂടുതൽ സ്വതന്ത്രരാണവർ. വൈകുന്നേരം ചൂട്ടുകത്തിച്ച് പുരയിലേക്ക് പോകുന്ന ആ സ്ത്രീകൾ കൂടല്ലൂരെന്ന ഗ്രാമസ്ഥലത്ത് ഇടപെടുന്നവരാണ്. എന്നാൽ നാലുകെട്ടിനകത്തെ സ്ത്രീകൾക്ക് വീടിനു പുറത്തൊരു ലോകമില്ല. അവർക്ക് സ്വന്തമായി ഒരു ഇടമില്ല. തറവാട് ഉപേക്ഷിച്ച പാറുക്കുട്ടി മാത്രമാണ് സ്വാതന്ത്ര്യത്തിന്റെ ലോകത്ത് എത്തുന്നത്.

### 3.10. സാമ്പത്തികസ്ഥലം

ഈ മൂന്ന് നോവലുകളിലും സമ്പത്ത് ഒരു പ്രധാന പ്രമേയമായി വരുന്നുണ്ട്. സമ്പത്തിന് വേണ്ടിയുള്ള യാത്രകൾ *നാലുകെട്ടിൽ* കാണാം. *അസുരവിത്തിലാ*കട്ടെ ദാരിദ്ര്യത്തിന്റെ നിസ്സഹായതകൊണ്ട് കഴിയുന്ന കഥാപാത്രങ്ങളെയാണ് കാണുന്നത്. ഇവിടെ സമ്പത്തിന്റെ ഉടമകളായി ചിലർ സ്വയം പ്രഖ്യാപിച്ച കാഴ്ചയാണ് ഉള്ളത്. *കാല*ത്തിലാകട്ടെ എല്ലാം വെട്ടിപ്പിടിക്കുന്ന വേഗത്തിലാണ് സേതു മുതലാളിയായി മാറുന്നത്.

#### 3.10.1. സമ്പത്തും മറുനാടും

സമ്പത്തിനെ കേന്ദ്രീകരിച്ചാണ് നാലുകെട്ട് നിലനിൽക്കുന്നത്. നോവലിന്റെ തുടക്കത്തിൽ യൂസുപ്പിന്റെ കടയിൽ സാമ്പത്തിക വിനിമയം നടക്കുന്നത് കാണുന്നുണ്ട്. പണികഴിഞ്ഞ് വല്ലി വാങ്ങി വരുന്ന കീഴാളസ്ത്രീകൾ സാധനങ്ങൾ വാങ്ങുന്നതാണ് സന്ദർഭം. രണ്ടുമുക്കാലിന് മണ്ണെണ്ണയും ഒരു മുക്കാലിനു വെറ്റിലയും വാങ്ങുന്ന സാമ്പത്തിക വിനിമയമാണ് അവിടെ നടക്കുന്നത്. കീഴാളരായ സ്ത്രീക

ളുടെ കയ്യിൽ പണമുണ്ട്. അവർ അതുകൊണ്ട് വീട്ടിലേക്ക് വേണ്ട സാധനങ്ങൾ വാങ്ങുന്നു. എന്നാൽ നാലുകെട്ടിനകത്തെ സ്ത്രീകളുടെ  കൈവശം പണമൊന്നും ഇല്ല. നാലുകെട്ട് ഉപേക്ഷിച്ച പാറുക്കുട്ടി പണത്തിന്റെ വിനിമയപരിസരത്തിൽ ഇട പെടുന്നുണ്ട്. അപ്പുണ്ണിയെ പഠിപ്പിക്കാൻ വേണ്ട തുക പാറുക്കുട്ടിയുടെ കയ്യിലില്ല. അപ്പുണ്ണി തൃത്താല സ്കൂളിൽ ചേരാൻ പോകുമ്പോൾ കൂടെപ്പോകാൻ ആരുമില്ല. അപ്പോഴാണ് ശങ്കരൻനായരോട് അപ്പുണ്ണിയുടെ കൂടെ പോകാൻ പാറുക്കുട്ടി പറ ഞ്ഞത്. 'ഫീസ് വേണം മാസ്തിലു നാലുറുപ്പീം പതിമൂന്നണീം. ചേര്മ്പോ  വേറീം ചെലവൊക്കെണ്ടത്രെ. ആമിനുമ്മയുടെ കുറി കിട്ട്യേന്ന് എട്ടുറുപ്പിക എടുത്തു വെച്ചിട്ടുണ്ട്' (2009 സി: 64).

അപ്പുണ്ണിയെ സ്കൂളിൽ ചേർക്കാനുള്ള ഫീസ് പാറുക്കുട്ടി കരുതിയിട്ടുണ്ട്. ആ നാട്ടിലെ ആളുകൾക്ക് സാമ്പത്തികമായ ആശ്വാസം നൽകുന്നത് ആമിനുമ്മ നടത്തുന്ന കുറിയാണ്. അപ്പുണ്ണിക്ക് സ്കൂളിലേക്ക് കഞ്ഞി കൊണ്ടുപോകുവാൻ പാത്രമില്ല. അതും ആമിനുമ്മയുടെ കുറി കിട്ടിയപ്പോൾ വാങ്ങാമെന്നാണ് കരുതിയി രുന്നത്. എന്നാൽ അതിനേക്കാൾ ആവശ്യം ഒരു ഷർട്ടും മുണ്ടും ആയതുകൊണ്ട് തൂക്കുപാത്രം വാങ്ങിയില്ല. ഇങ്ങനെ ആ നാട്ടിലെ പാവപ്പെട്ട മനുഷ്യർ അവരുടെ ആവശ്യങ്ങൾ നിവർത്തിക്കുന്നത് ഈ കുറിയിൽ ചേർന്നുകൊണ്ടാണ്. പുതിയ കാലത്തിന്റെ സാമ്പത്തിക ഏജൻസികളോ പണമിടപാട് സ്ഥാപനങ്ങളോ ആ ഗ്രാമത്തിലേക്ക് എത്തിയിട്ടില്ല. അവിടത്തെ പ്രധാന സാമ്പത്തികവിനിമയ മാർഗ്ഗം ആമിനുമ്മയുടെ കുറിയാണ്.

വീടുവിട്ടിറങ്ങി നാലുകെട്ടിലെത്തിയ അപ്പുണ്ണിക്ക് ആരുടെ അടുത്തുനിന്നും സാമ്പത്തികസഹായമൊന്നും ലഭിച്ചില്ല. അപ്പോഴാണ് സ്കോളർഷിപ്പു കിട്ടുന്നത്. അരക്കൊല്ലപ്പരീക്ഷയ്ക്ക് ഒന്നാമനായതുകൊണ്ടാണ് സ്കോളർഷിപ്പ് കിട്ടിയത്. അതോടെ അപ്പുണ്ണി ഫീസ് അടക്കുക എന്ന പ്രതിസന്ധിയിൽനിന്നും മുക്തനായി.

ഗവൺമെന്റ് പരീക്ഷയ്ക്ക് ഫീസ് അടക്കേണ്ട ഘട്ടം വന്നപ്പോഴാണ് അപ്പു ണ്ണിക്ക് പിന്നെയും പ്രയാസം നേരിട്ടത്. സ്കോളർഷിപ്പ് കുടിശ്ശികയായി ലഭിച്ച

സംഖ്യ അപ്പുണ്ണി അമ്മമ്മയെ ഏൽപ്പിച്ചു. അത് കുട്ടമ്മാമ കടമായി വാങ്ങി. അപ്പു ണ്ണിക്ക് ആവശ്യം വന്നപ്പോൾ തിരിച്ചുചോദിച്ചെങ്കിലും കൊടുത്തില്ല. അതൊടെ പരീക്ഷ എഴുതാൻ പറ്റുമോ എന്നുപോലും അവൻ സംശയിച്ചു. ഒടുവിൽ ഫീസട യ്ക്കേണ്ട അവസാനദിവസം കൂട്ടുകാരനായ മുഹമ്മദ് പണവുമായെത്തി. അത് അപ്പുണ്ണിയുടെ അമ്മ കൊടുത്തയച്ചതായിരുന്നു. അപ്പുണ്ണിക്ക് പരീക്ഷ എഴുതാൻ അവൻ പഠിച്ചു നേടിയ പണമല്ല, അവൻ ഉപേക്ഷിച്ച അവന്റെ അമ്മ അദ്ധ്വാനിച്ച് നേടിയ പണംതന്നെ വേണ്ടിവന്നു.

നോവലിന്റെ ഒടുവിലും പണം ഒരു മുഖ്യപ്രശ്നമായി മാറുന്നുണ്ട്. അപ്പുണ്ണി മറുനാട്ടിൽ പോയി പണം സമ്പാദിച്ച് വന്നപ്പോൾ വലിയമ്മാമ കടത്തിൽ മുങ്ങി നിൽക്കുകയായിരുന്നു. അഭിമാനം നോക്കാതെ വലിയമ്മാമയെ അപ്പുണ്ണിയുടെ മുന്നിലേക്കെത്തിച്ചത് അയാളുടെ കയ്യിലുള്ള പണമായിരുന്നു. പണം സമ്പാദിച്ച് വന്നതോടെ കുടുംബത്തിലും നാട്ടിലും അപ്പുണ്ണി എല്ലാവർക്കും വേണ്ടപ്പെട്ടവ നായി മാറുന്നുണ്ട്.

ഒടുവിൽ വലിയമ്മാമ പറഞ്ഞവിലയ്ക്ക് അപ്പുണ്ണി നാലുകെട്ട് വാങ്ങി ക്കുന്നു. തന്നെ ഒരിക്കൽ ആട്ടിയിറക്കിവിട്ട ആ നാലുകെട്ട് നിലനിന്നു കാണുവാൻ തനിക്ക് ആഗ്രഹമില്ല എന്നു പറഞ്ഞുകൊണ്ടാണ് അത് വാങ്ങിക്കുന്നത്. തനിക്കു വന്ന അപമാനം താൻ അധ്വാനിച്ച് നേടിയ പണംകൊണ്ട് വീട്ടുകയാണ് അപ്പുണ്ണി. ഇവിടെ പണമാണ് അഭിമാനചിഹ്നമായി മാറുന്നത്.

കൃഷി ഒരു പ്രധാന വരുമാനമാർഗ്ഗമാണ് നോവലിൽ. പ്രത്യേകിച്ച് നാലു കെട്ട് നിലനിൽക്കുന്നത് കൃഷിയിലൂടെയും തറവാട്ടിലെത്തിച്ചേരുന്ന നെല്ലിലൂ ടെയും മറ്റുമാണ്. അവിടത്തെ അംഗങ്ങൾ ആരുംതന്നെ മറ്റു ജോലികൾക്കൊന്നും പോകുന്നില്ല. അതായത് സ്വന്തമായ അധ്വാനത്തിലൂടെ ഒരു സമ്പത്തും നാലുകെട്ടി ലെത്തിച്ചേരുന്നില്ല. പരമ്പരാഗതമായി കിട്ടിയ ഭൂമിയും കർഷകരുടെ അധ്വാനവു മാണ് നാലുകെട്ടിനെ നിലനിർത്തുന്നത്. അപ്പോൾ നാലുകെട്ടുകളും സമ്പന്നമായ

വരേണ്യതറവാടുകളും നിലനിൽക്കുന്നതിനു പിറകിലെ കീഴാള അധ്വാനം വ്യക്ത മാകും.

അപ്പുണ്ണിയെ ധനികനാക്കുന്നത് അന്യനാട്ടിൽ നിന്നും നേടിയ പണമാണ്. സ്വന്തം നാട്ടിൽ അധ്വാനിച്ച് എം.ടി യുടെ നായകന്മാർ ഒന്നും നേടുന്നില്ല. അന്യനാ ട്ടിൽ നിന്നും പണം നേടി സ്വന്തം ഗ്രാമത്തിൽ അന്തസ്സോടെ ജീവിക്കാനാണ് ഇക്കൂ ട്ടർ ശ്രമിച്ചത്. അന്യനാട്ടിൽ നിന്നും സമ്പാദിച്ച പണമാണ് നോവലിലെ സാമ്പ ത്തികസ്ഥലരാശി മെച്ചമാക്കിത്തീർക്കുന്നത്.

### 3.10.2. സമ്പത്തിന്റെ ആൾരൂപങ്ങൾ

ശേഖരൻനായരും മുതലാളിയുമാണ് *അസുരവിത്തി*ലെ സാമ്പത്തിക സ്ഥല ത്തിന്റെ ഉടമകൾ. മുതലാളി പുഴക്കടവിന്നടുത്ത് നിസ്കാരപ്പള്ളി പണികഴിച്ചപ്പോൾ ശേഖരൻനായർ പൊളിഞ്ഞുകിടന്ന കുന്നത്തെ അമ്പലം പുതുക്കി പണിയിച്ചു. മത പരമായ കാര്യങ്ങളിൽ ഇടപെട്ട് സാമുദായിക ശക്തികളായി നിൽക്കുകയാണ് ഇരു വരും. ഇവരുടെ കൂടെ രണ്ടുസംഘമായി ഇരു മതത്തിലേയും കുറേപ്പേർ എപ്പോഴു മുണ്ടാകും.

തെക്കുംമുറി ഗ്രാമത്തിലേക്ക് അന്യനാട്ടിൽനിന്നും പണം വരുന്നുണ്ട്. കുഞ്ഞരയ്ക്കാരുടെ വീട്ടിലേക്ക് മകൻ അബ്ദു പട്ടാളത്തിൽ ജോലിചെയ്ത് സമ്പാ ദിച്ച പണം എത്തുന്നുണ്ട്. അവൻ അയക്കുന്ന ഇരുപതു രൂപകൊണ്ടാണ് ആ കുടുംബം അല്ലലില്ലാതെ കഴിയുന്നത്. മകളുടെ കല്യാണം നടത്താനും കുഞ്ഞര യ്ക്കാർ പ്രതീക്ഷിയ്ക്കുന്നത് മകന്റെ പണം തന്നെയാണ്.

കൃഷിഭൂമി ധാരാളമുണ്ട് നോവലിൽ. ശേഖരൻനായർക്ക് ആയിരം പറ നില മുണ്ട്. അറുപതു മൂപ്പുള്ള ചിറ്റേനി വിതച്ച പുത്തൻകളത്തിലെ കൃഷിസ്ഥലം. മൂന്നു കണ്ടവും ഒരുവള്ളും ചേർന്ന് ചെറുകോടുനിലം കതിരാടി നിൽക്കുന്നു. ഇരുനൂ റോളം കവുങ്ങും കൊല്ലത്തിൽ ആറു ചാക്കു നെല്ലു പാട്ടവുമുള്ള കൈതത്തോടു

മുതൽക്കു പൂമാൻ പാലം വരെയുള്ള താഴത്തേതിൽ തറവാട്ടുകാരുടെ കൃഷിഭൂമി. ലഹരി പിടിപ്പിക്കുന്ന ചേറിന്റെ മണമുള്ള ഊർച്ചക്കണ്ടങ്ങൾ. ചെറുമക്കൾ കാവൽ നിൽക്കുന്ന, വിളഞ്ഞുകിടക്കുന്ന പെരുമ്പലത്തെ പാടം, ഇങ്ങനെ സമൃദ്ധമായ കൃഷിഭൂമിയുടെ വിവരണം നോവലിൽ കാണുന്നുണ്ട്. വരുമാനത്തിന്റെ പ്രധാന ഉറ വിടമാണ് ഈ കൃഷിഭൂമി. എന്നാൽ ഈ നിലങ്ങൾ ഒരു സാമ്പത്തിക ഉറവിടമെന്ന നിലയിൽ സമൂഹത്തിലെ ഏത് വിഭാഗത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഈ നിലങ്ങളിൽനിന്നും ഉത്പാദിപ്പിക്കപ്പെടുന്ന സമ്പത്തിന്റെ അവകാശി സമൂഹ ത്തിലെ ഏത് വിഭാഗമാണ്? ആ സമ്പത്ത് ഉത്പാദിപ്പിക്കാൻ ആ നിലങ്ങളിൽ അധ്വാനിക്കുന്നത് ആരാണ്? അവരോ അവരുടെ അധ്വാനമോ നോവലിന്റെ സ്ഥല പരിസരങ്ങളിൽ വരുന്നില്ല. നിലത്തിന്റെ ഉടമകളും സമ്പത്തിന്റെ അവകാശികളും ആഖ്യാനത്തിൽ മുഖ്യസ്ഥാനം നേടുകയും ചെയ്യുന്നുണ്ട്. അപ്പോൾ നോവലിന്റെ ആഖ്യാനം അധ്വാനിക്കുന്നവന്റെ പക്ഷത്തല്ല എന്ന് വ്യക്തമാണ്. സാമ്പത്തിക സ്ഥലപരിസരത്തുനിന്നും അധ്വാനിക്കുന്നവനെ മാറ്റി നിർത്തുകയാണ് നോവലിൽ ചെയ്യുന്നത്. അധ്വാനിക്കുന്നവന്റെ കുടിലുകളും കൂരകളും ദരിദ്രസ്ഥലരാശിയി ലേക്കും തറവാടുകൾ സമ്പന്നതയുടെ സ്ഥലരാശിയിലേക്കും എത്തുന്ന കാഴ്ച യാണ് നോവലിൽ കാണുന്നത്.

### 3.10.3. ഇല്ലായ്മകളുടെ കാലം

*കാലം*ത്തിൽ സേതുവിന്റെ അച്ഛൻ മറുനാട്ടിൽ ജോലിചെയ്ത് അയക്കുന്ന പണം കൊണ്ടാണ് വീട്ടിലുള്ള ചെലവ് മുഴുവൻ നിവർത്തിച്ചു പോരുന്നത്. അതു കൊണ്ടുതന്നെ സേതുവിന്റെ അമ്മയ്ക്കാണ് വീട്ടിൽ മുഖ്യസ്ഥാനം. അത്തരം വരു മാനം ഇല്ലാത്തതുകൊണ്ടുതന്നെ സേതുവിന്റെ ചെറിയമ്മ വീട്ടിൽ ഒതുങ്ങിക്കൂടുക യാണ്. വീട്ടുചെലവിന്റെ പേരിൽ പലപ്പോഴും അമ്മയും ചെറിയമ്മയും തമ്മിൽ വഴ ക്കുണ്ടാവുകയും ചെയ്യുന്നുണ്ട്.

സേതു പഠനത്തിന്റെ കാര്യത്തിലും സാമ്പത്തികവിഷമം അനുഭവിക്കുന്നുണ്ട്. കോളേജ് പഠനകാലത്താണ് സേതു കൂടുതൽ പ്രശ്നം അനുഭവിക്കുന്നത്. പണക്കാരായ കൂട്ടുകാരുടെ ഇടയിൽ കഴിയാൻ സേതുവിന് വിഷമമാണ്. ഹോട്ടലിൽ പോയി അവരുടെ കൂടെ ഭക്ഷണം കഴിക്കേണ്ട സന്ദർഭമുണ്ടാകുമ്പോൾ ഒഴിഞ്ഞുമാറുകയാണ് സേതു ചെയ്യുന്നത്. തന്റെ ദാരിദ്ര്യം മറ്റുള്ളവരെ അറിയിക്കാതെ സേതു കഴിയുകയാണ്. നഗരസ്ഥലത്തെ സാമ്പത്തിക സ്ഥലരാശിയിൽ സേതുവിന് അന്ന് ഇടമില്ലായിരുന്നു എന്ന് വ്യക്തമാണ്.

സേതു പഠനകാലത്ത് വ്യത്യസ്തരായ സുഹൃത്തുക്കളെ കാണുന്നുണ്ട്. നല്ല സമ്പത്തുള്ള കുടുംബത്തിലെ അംഗമായ ഡാനിയേൽ അച്ഛന്റെ പണംകൊണ്ട് സുഖമായി കഴിയുന്നു. സ്വന്തമായി അധ്വാനിച്ച പണംകൊണ്ട് പഠിക്കാൻ വന്ന കൃഷ്ണൻകുട്ടി സംതൃപ്തിയോടെയും സന്തോഷത്തോടെയും ജീവിക്കുന്നു. ഇതു രണ്ടുമില്ലാത്ത അവസ്ഥയിലാണ് സേതു കഴിഞ്ഞത്.ഇവർ സാമ്പത്തിക സ്ഥലത്തിന്റെ രണ്ടു ധ്രുവങ്ങളായി നിൽക്കുന്നു. ഈ സാമ്പത്തിക പരിസരത്തിലാണ് സേതുവിന്റെ പഠനകാലം.

സേതുവിന്റെ അമ്മയും ചെറിയമ്മയും സഹോദരനായ മാധവനോട് ഒരു വിവാഹം കഴിച്ച് കുടുംബമായി ജീവിക്കാൻ നിർബന്ധിച്ചിരുന്നു. ആദ്യമൊക്കെ വിവാഹം കഴിക്കാൻ കൂട്ടാക്കാതിരുന്ന മാധവൻ ഒടുവിൽ വിവാഹം കഴിക്കാൻ തീരുമാനിയ്ക്കുന്നത് വീട്ടിൽ വഴക്കിന് കാരണമാകുന്നുണ്ട്. വീട്ടിലുള്ള സഹോദരിമാർ വിവാഹത്തെ എതിർത്തു. ഇതിന്റെ യഥാർത്ഥ കാരണം സഹോദരന്റെ അധ്വാനവും അതിലൂടെ ലഭിക്കുന്ന സമ്പത്തും ഇനി വീട്ടിലേക്ക് എത്തില്ല എന്നതായിരുന്നു. സാമ്പത്തിക പ്രതിസന്ധി തന്നെയാണ് സഹോദരിമാർ വിവാഹത്തെ എതിർക്കുന്നതിന്റെ പ്രധാന കാരണം എന്നു വ്യക്തമാണ്. കുടുംബ ബന്ധങ്ങളിൽ സമ്പത്ത് ഏതുതരത്തിലാണ് സ്വാധീനം ചെലുത്തുന്നത് എന്നതിന് ഉദാഹരണമാണ് മാധവന്റെ വിവാഹത്തോടനുബന്ധിച്ച് നടന്ന സംഘർഷങ്ങൾ.

### 3.11. കീഴാളസ്ഥലരാശി

കീഴാള-കർഷക ജീവിതങ്ങൾ വേണ്ടത്ര ഈ കൃതികളിൽ ആവിഷ്കരിക്കപ്പെട്ടില്ല. നെല്ലും പാടവും നിറഞ്ഞ പ്രദേശങ്ങൾ ഉണ്ടെങ്കിലും അവിടുത്തെ അധ്വാനിക്കുന്നവരുടെ വേദനകളും സ്വപ്നങ്ങളും അർഹമായ രീതിയിൽ പരിഗണിക്കപ്പെട്ടിട്ടില്ല. പലപ്പോഴും പേരില്ലാതെ ജാതിപ്പേരിൽ സൂചിപ്പിക്കപ്പെടുന്ന കഥാപാത്രങ്ങളാണ് ഇതിലെ കീഴാള കഥാപാത്രങ്ങൾ.

#### 3.11.1. ദൈന്യതയുടെ ഇടം

*നാലുകെട്ട്* എന്ന നോവലിൽ കീഴാളജനവിഭാഗത്തെ വളരെ കുറച്ച് സന്ദർഭങ്ങളിൽ മാത്രമാണ് കാണുന്നത്. നോവലിന്റെ ആദ്യത്തിൽ യൂസൂപ്പിന്റെ കടയിലെ തിരക്ക് പരാമർശിക്കുന്നുണ്ട്. വല്ലി വാങ്ങിവരുന്ന ചെറുമികൾ സാധനങ്ങൾ വാങ്ങാൻ തിരക്കു കൂട്ടുകയാണ്. അവർ തമ്മിൽ ചാളയിലെ കാര്യങ്ങളും 'തമ്പുരാൻ പടിക്കലെ' വിശേഷങ്ങളും  പറയുന്നുണ്ട്. സാധനങ്ങൾ വാങ്ങാൻ വന്ന അപ്പുണ്ണിക്ക് അവരുടെ ഇടയിലൂടെ കടന്നുചെല്ലാൻ തോന്നുന്നില്ല. അവരെ തൊട്ടാൽ അയിത്തമാകുമെന്നവനറിയാം. പക്ഷേ അവരുടെ അധ്വാനത്തിലൂടെ ലഭിക്കുന്ന നെല്ലിന് അയിത്തമൊന്നുമില്ല എന്നതാണ് രസകരമായ വസ്തുത. അയിത്തം കാരണം മാറിനിന്ന അപ്പുണ്ണിക്ക്  തിരിച്ച്പോകുമ്പോൾ ചൂട്ടു കത്തിച്ച് വെളിച്ചം കാട്ടിക്കൊടുക്കുന്നത് കോച്ചിയാണ്. അധ്വാനിച്ച് വീട്ടിലേക്ക് സാധനങ്ങൾ വാങ്ങി ചൂട്ട് കത്തിച്ച് വീട്ടിലേക്ക് പോകുന്ന കീഴാളസ്ത്രീകൾ അധ്വാനത്തിന്റെയും തന്റേടത്തിന്റെയും വലിയൊരു സന്ദേശം നമുക്കു നൽകുന്നു.

നാലുകെട്ടിൽ സർപ്പംതുള്ളൽ നടക്കുന്ന സന്ദർഭത്തിൽ തറവാട്ടിലുള്ള എല്ലാവരും സന്തോഷത്തിലായിരുന്നു. അപ്പോൾ മാളുവിന്റെ മനസ്സിലൂടെ ഒരുപാട് ആലോചനകൾ കടന്നുപോകുന്നുണ്ട്. സർപ്പക്കാവിന്റെ വിവരണവും അവിടെ നോവലിസ്റ്റ് നൽകുന്നു. താഴെയും മേലെയുമായി രണ്ടു സർപ്പക്കാവുകളുണ്ട്.

രണ്ടിലും കൂടി മൂന്നു നാഗങ്ങളുമുണ്ട്. കരിനാഗം, മണിനാഗം, അഞ്ജനമണി നാഗം എന്നിങ്ങനെയാണ് അവയുടെ പേര്.

'കരിനാഗം ചീത്തയാണ്. താണ ജാതിയാണ്. അയ്യപ്പനും ചാത്തപ്പനും ഒക്കെ ഉള്ളപോലെയായിരിക്കുമെന്ന് മാളു വിചാരിച്ചു'(2009: സി 39).

നാഗങ്ങളിൽപോലും മേൽ-കീഴ് ബന്ധങ്ങൾ ഉണ്ടെന്ന് കുട്ടികൾപോലും വിശ്വസിച്ചു. ശിവരാത്രിക്കു പാലും പഴവും കൊടുക്കുമ്പോൾ ആദ്യം കരിനാഗത്തിനു വെയ്ക്കുന്നത് മേലേക്കാവിൽ കരിനാഗം ചെന്ന് അശുദ്ധമാക്കാതിരിക്കുവാൻ വേണ്ടിയാണ്. അതുപോലെ മറ്റുള്ള മേൽജാതിക്കാരെ അശുദ്ധമാക്കുന്നവരാണ് അയ്യപ്പനും ചാത്തപ്പനും എന്ന് മാളുവിന് അറിയാം. അയ്യപ്പനും ചാത്തപ്പനും അശുദ്ധി കൽപ്പിക്കപ്പെട്ട വലിയൊരു വിഭാഗത്തിന്റെ പ്രതിനിധികൾ മാത്രമാണ്. ചെറിയ കുട്ടികളിൽപോലും അശുദ്ധിയുടെ ഈ പാഠങ്ങൾ നിലനിൽക്കുന്നുണ്ട്. അതുകൊണ്ടാണ് കടയിൽപോയ അപ്പുണ്ണിക്കും സർപ്പക്കാവിന്റെ വിവരണത്തിൽ മാളുവിനും അയിത്തത്തെക്കുറിച്ചുള്ള വിചാരമുണ്ടാകുന്നത്. ഇത്തരം സാമൂഹ്യാവസ്ഥകളെ പ്രശ്നവൽക്കരിക്കുകയാണ് എം.ടി കൃതികൾ ചെയ്യുന്നത്.

പണിക്കാരികൾ എച്ചിലിലകൾ വാഴക്കുണ്ടിലിടുന്നിടത്ത് അതിനായി മത്സരിക്കുന്ന കുട്ടികളെ കാണുന്നുണ്ട്. 'പണിക്കാരികൾ എച്ചിലിലകൾ മുന്നിലൂടെ എടുത്തുകൊണ്ടുപോയി വാഴക്കുണ്ടിലിടുന്നു. അവിടെ ചെറുമക്കുട്ടികൾ എച്ചിൽ വാരാൻ തമ്മിൽ തല്ലുകൂടി മത്സരിച്ചു നിൽക്കുകയാണ്'(2009: സി 45).

ഇതേ സമയത്ത് അകത്ത് രണ്ടുതരം പ്രഥമൻ കൂട്ടിയുള്ള സദ്യയാണ്. എച്ചിലിലകൾക്കുവേണ്ടി മത്സരിക്കുന്ന കുട്ടികൾ അന്നു നിലനിന്ന സാമൂഹ്യാവസ്ഥയുടെ ദയനീയ മുഖമാണ് കാണിച്ചുതരുന്നത്. ഭക്ഷണംപോലും ലഭിക്കാത്ത വലിയൊരു ജനവിഭാഗത്തിന്റെ ദൈന്യം ഇവിടെ കാണുന്നുണ്ട്.

നാലുകെട്ടിലെ കിണർ തേവാൻ വരുന്നത് ശങ്കരൻനായരാണ്. ആ കിണറ് ചെറുമക്കളും തീയരും തൊടാൻ പാടില്ല. കിണർ അശുദ്ധമാക്കാതിരിക്കാനാണ്

ശങ്കരൻനായരെക്കൊണ്ട് തേവിക്കുന്നത്. ഇത്തരത്തിൽ ജാതീയമായ വേർതിരിവുകളുടെ ഒരു ഇടമായിരുന്നു പാറുക്കുട്ടിയുടെ തറവാടായ നാലുകെട്ട്.

### 3.11.2. അധ്വാനത്തിന്റെ നിലങ്ങൾ

പുഴയുടെ വക്കത്ത് വൈകുന്നേരം ഇരിക്കാറുള്ള ഗോവിന്ദൻകുട്ടിയേയും അയാൾ കാണുന്ന കാഴ്ചകളും വിവരിച്ചുകൊണ്ടാണ് *അസുരവിത്ത്* തുടങ്ങുന്നത്. ആൾത്തിരക്കിൽ പോകുന്ന ചിലരെ നോവലിസ്റ്റ് വർണ്ണിക്കുന്നുണ്ട്.

'അക്കരെയുള്ള പള്ളിയാലുകളിൽ പുല്ലുചെത്താൻ പോകുന്ന ചെറുമികൾ, നേന്ത്രവാഴത്തോട്ടത്തിൽ തേവാനും തിരിക്കാനും പോകുന്ന ചെറുമക്കൾ, കോഴിയും ഇലക്കെട്ടും ചെറുകായയും കച്ചവടം ചെയ്യാൻ പോകുന്ന മാപ്പിളമാർ....'(2009 എ: 15).

രണ്ടു സമുദായത്തെയാണ് ഇവിടെ വിവരിക്കുന്നത്. വേറെയാരും ഈ വിവരണത്തിൽ വരുന്നില്ല. ഇവിടെ ദളിതരായ ആളുകളാണ് മണ്ണുമായും കൃഷിയുമായും ബന്ധപ്പെട്ട പണികൾ ചെയ്യുന്നത് എന്ന് വ്യക്തമാണ്. കൃഷിഭൂമി ധാരാളമുള്ള ഗ്രാമത്തിലാണ് കഥ നടക്കുന്നത്. അതുകൊണ്ടുതന്നെ അതിൽ ധാരാളമായി പരാമർശിപ്പിക്കപ്പെടേണ്ടത് കീഴാള ജനവിഭാഗങ്ങൾ തന്നെയാണ്. എന്നാൽ കീഴാള ജനതയെ മുഖ്യധാരയിൽ നിന്ന് മാറ്റി നിർത്തുന്ന ആഖ്യാനമാണ് നോവലിൽ കാണുന്നത്.

വയലിൽ പണിയുണ്ടായിരുന്ന കാലത്ത് പുലർച്ചെ അയ്യപ്പനെ ഉണർത്താൻ കൂക്കിവിളിച്ചിരുന്നത് ഗോവിന്ദൻകുട്ടി ഓർക്കുന്നു. അന്ന് ആ കൂക്കിവിളി കേട്ടായിരുന്നു കാക്കയും കോഴിയും കരഞ്ഞിരുന്നത്. അത്രരാവിലെ പാടത്തെത്തേണ്ടവനായിരുന്നു അയ്യപ്പൻ. നോവലിൽ ഗോവിന്ദൻകുട്ടി പണിക്കൊന്നും പോകാതെ രാവിലെ നേരത്തെ എണീക്കാതെ കിടന്നുറങ്ങുന്നതിന് അമ്മ ചീത്തപറഞ്ഞപ്പോഴാണ് ഈ കാര്യം ഗോവിന്ദൻകുട്ടി ഓർക്കുന്നത്. പാടത്ത് പണിയുണ്ടായിരുന്ന

പ്പോൾ അയ്യപ്പനെ വിളിക്കാൻ അതിരാവിലെ ഉണർന്ന് കൂക്കിവിളിച്ചത് വലിയൊരു ത്യാഗംപോലെ നോവലിൽ ആഖ്യാനം ചെയ്യുമ്പോൾ അതിരാവിലെ കൂക്കൂകേട്ട് പാടത്ത് പണിക്കുപോകുന്ന അയ്യപ്പന്റെ ജീവിതം ആഖ്യാനപരിസരത്ത് വരുന്നില്ല.

വിശ്രമം പോലുമില്ലാത്ത അധ്വാനമാണ് കർഷകർക്ക് ഉണ്ടായിരുന്നത്. കാര്യസ്ഥൻമാരുടെ ആജ്ഞകൾ അവരെ എപ്പോഴും നിയന്ത്രിച്ചു. ഞാറുനടുന്ന പെണ്ണുങ്ങളോട് പാടാൻ പറയുകയാണ് അതുവഴി പോകുന്ന പലരും. എന്നാൽ അവർ ധൃതിയിൽ നട്ടുകയറുകയാണ് ചെയ്തത്. ഇതുകണ്ട് വരമ്പിലൂടെ നടന്നു പോയവർ അവരെ കുറ്റപ്പെടുത്തുകയാണ് ചെയ്തത്.

ഗോവിന്ദൻകുട്ടി ചെറുപ്പത്തിൽ മാമ്പിയുടെ കൂടെ നടന്നിരുന്നതിന് അമ്മ യുടെ കയ്യിൽനിന്നും വഴക്ക് കേട്ടിട്ടുണ്ട്. കീഴാളരായ കുട്ടികളുടെ കൂടെ നടന്ന് വീട്ടിലേക്ക് കുളിക്കാതെ കടന്നതിനും ശിക്ഷകിട്ടി. സമപ്രായക്കാരായ കുട്ടികളാ യിട്ടും ഒരുമിച്ച് നടക്കാൻപോലും അനുവദിക്കുന്നില്ല. നാലാം ക്ലാസ്സിൽ പഠിക്കു മ്പോൾ ഒരിക്കൽ മാമ്പി കൊണ്ടുവന്ന ബീഡി വലിച്ചത് കുമാരേട്ടൻ കാണുകയും ഗോവിന്ദൻകുട്ടിക്ക് അടി കിട്ടുകയും ചെയ്തു. കുട്ടിക്കാലത്തുതന്നെ ബീഡിവലി ക്കുകയും മറ്റു കുട്ടികൾക്ക് ബീഡി കൊണ്ടുവന്ന് കൊടുക്കുകയും ചെയ്യുന്ന ഒരു ചീത്ത കുട്ടിയായിട്ടാണ് മാമ്പിയെ ചിത്രീകരിച്ചിരിക്കുന്നത്. കീഴാള വിഭാഗ ത്തിൽപ്പെട്ട കുട്ടികളെ ചീത്തകാര്യങ്ങൾ ചെയ്തുകൊണ്ട് നടക്കുന്നവരായിട്ടാണ് നോവലിൽ ആഖ്യാനം ചെയ്തിട്ടുള്ളത്. 'ഗോവിന്ദൻകുട്ടി സ്കൂളിൽ പോകാൻ തുടങ്ങിയ കാലത്തു മാമ്പി പൂന്തോട്ടത്തിലെ കന്നിനെ നോക്കാൻ തുടങ്ങി; അഞ്ചാം ക്ലാസ് ജയിച്ചപ്പോഴേക്ക് ഓണവും വിഷുവും എടുത്തു പൂന്തോട്ടത്തിലെ പടിക്കൽ ചെറുമനായി... ' (2009 എ: 43).

ഒരേ പ്രായത്തിലുള്ള കുട്ടികൾക്ക് രണ്ടുതരം സാമൂഹികനീതിയാണ് ലഭി ക്കുന്നത്. ഒരു കുട്ടി സ്കൂളിൽ പോകുമ്പോൾ മറ്റേ കുട്ടി കന്നിനെ നോക്കാൻ തുട ങ്ങുന്നു. കീഴാളന്റെ മക്കൾക്ക് വിദ്യാഭ്യാസം നിഷേധിച്ച് അവരെ കുട്ടിക്കാലം

തൊട്ടേ പാടത്തും പറമ്പിലും പണിയെടുപ്പിച്ച് അവരുടെ ജീവിതം അടിമകളെ പ്പോലെയാക്കുകയാണ് മേലാളവർഗ്ഗം ചെയ്തത്. ഈ വ്യവസ്ഥയെ തന്നെയാണ് എം. ടി കൃതികളും അടയാളപ്പെടുത്തുന്നത്.

ഗോവിന്ദൻകുട്ടി വീട്ടിൽ കിടക്കുമ്പോൾ ദൂരെ പടിഞ്ഞാറെ കുന്നിൻ ചെരു വിനപ്പുറത്തെ പറയച്ചാളയിൽ നിന്നും തുടികൊട്ടുന്ന ശബ്ദം കേൾക്കുന്നുണ്ട്. കാറ്റിൽ ഉലയുന്ന ഉണങ്ങിയ വാഴക്കൈകളുടെ കിരുകിരുപ്പും നാട്ടുവഴിയിലൂടെ പോകുന്ന കാളവണ്ടിയുടെ കിലുക്കവും തുടികൊട്ടുമെല്ലാം ഗോവിന്ദൻകുട്ടിക്ക് ഒരു പോലെയാണ് അനുഭവപ്പെടുന്നത്. ധാരാളം കീഴാള ഉത്സവങ്ങൾ നടക്കുന്ന സ്ഥല മാണ് വള്ളുവനാടൻ ഗ്രാമങ്ങൾ. എന്നാൽ ഇത്തരം കീഴാള ഉത്സവങ്ങളിലേ ക്കൊന്നും നോവലിന്റെ ശ്രദ്ധ എത്തുന്നില്ല.

പെരുമ്പലത്തേക്ക് കൃഷിപ്പണിയുടെ മേൽനോട്ടത്തിനായി പോകുമ്പോൾ ഗോവിന്ദൻകുട്ടിക്ക് സന്തോഷമായിരുന്നു. പത്തിരുനൂറുപറ വിത്തിന്റെ സ്ഥലമുണ്ട്. ഓണവും വിഷുവുമെടുത്ത മുപ്പതോളം ചെറുമക്കളെയും ആറുജോഡി കന്നി നേയും നിയന്ത്രിക്കുന്നതിലാണ് ഗോവിന്ദൻകുട്ടി സന്തോഷവും അഭിമാനവും കണ്ടെത്തുന്നത്. ഒരു യജമാന സ്വഭാവത്തിലേക്കു തന്നെയാണ് അയാളും എത്തു ന്നത്. താൻ മനസിൽ താലോലിച്ചിരുന്ന ഫ്യൂഡൽ സ്വപ്നങ്ങൾ സാക്ഷാത്ക്കരി ക്കാൻ പോകുന്നതിന്റെ സന്തോഷമായിരുന്നു ഗോവിന്ദൻകുട്ടിക്കുണ്ടായിരുന്നത്.

പെരുമ്പലത്തെ വിളഞ്ഞു കിടക്കുന്ന പാടങ്ങളിൽ മുളങ്കാലുകളിൽ പൊക്കി ക്കെട്ടിയ മാടപ്പുരകളിൽ ചെറുമക്കൾ കാവൽനിൽക്കുന്ന കാഴ്ച വിവരിക്കുന്നുണ്ട്. വിളകൾ സംരക്ഷിക്കാൻ കാവൽമാടങ്ങളിൽ ഉറക്കമൊഴിഞ്ഞ് കാവലിരിക്കുകയാ ണവർ. നിലമുഴുന്നതുമുതൽ നെല്ല് പത്തായത്തിൽ ഭദ്രമായെത്തുന്നതുവരെ ഓരോ ഘട്ടത്തിലും കഠിനാധ്വാനം ചെയ്യുന്നവരാണ് കർഷകത്തൊഴിലാളികൾ. വള്ളുവനാട് അവരുടെ അധ്വാനത്തിന്റെ ഭൂമികയാണ്, അവരുടെ ഭൂമിയാണ്.

എന്നാൽ അവരെ അധ്വാനസ്ഥലത്തു നിർത്തി അധികാരസ്ഥലത്ത് ആജ്ഞകളു മായി നിലയുറപ്പിച്ച മേലാളവർഗ്ഗം സാമൂഹികമായ അനീതിയുടെ സാക്ഷ്യമാണ്.

മതം മാറിയാലും ഉള്ളിലെ ജാതിബോധം പോകില്ലെന്നതിന്റെ ഉദാഹരണ മാണ് ഗോവിന്ദൻകുട്ടി പൊന്നാനി പള്ളിയിൽവെച്ചു കണ്ട ചെറുപ്പക്കാരൻ. ഗോവി ന്ദൻകുട്ടി നായരാണെന്നറിഞ്ഞപ്പോൾ അയാൾ താനും നായരാണെന്ന് വ്യക്ത മാക്കി.

'അങ്ങനെ വരട്ടെ; ഞാനും നായരാ. സ്ഥാനിനായരാ. കോലോത്ത്ന്ന് ഇപ്പളും ഞങ്ങടെ കൂട്ടക്കാർക്ക് അവകാശമുണ്ട്'(2009 എ: 172).

മതം മാറുവാൻ വന്നിട്ടും അയാളുടെ ഉള്ളിലെ ജാത്യാഭിമാനം പോയിട്ടില്ല. തന്റെ ജാതീയമായ അന്തസ്സ് വെളിവാക്കാൻ ലഭിക്കുന്ന ഒരവസരവും അയാൾ പാഴാക്കില്ല. കരിക്കട്ടപോലെ കറുത്ത ശരീരമുള്ള ഒരു മനുഷ്യൻ അങ്ങോട്ടുവന്ന പ്പോൾ അയാൾ ഗോവിന്ദൻകുട്ടിയോട് 'ചെർമ്മൻ തൊപ്പിട്ടോനാ അത്' (2009 എ: 172) എന്നാണ് പറഞ്ഞത്.

### 3.11.3. കീഴടങ്ങലിന്റെ ആവർത്തനങ്ങൾ

*കാലത്തി*ലും കീഴാള ജീവിത ചിത്രീകരണം വ്യത്യസ്തമല്ല. നോവലിന്റെ തുടക്കത്തിൽ ഇരുമ്പുപെട്ടിയും കോസറിയും ചുമന്ന് നടക്കുന്ന വൃദ്ധനായ ചെറു മന്റെ കിതപ്പ് എം.ടി കൃതികളിൽ ഉടനീളം കേൾക്കാം. കീഴാളജീവിതത്തിന്റെ ഈ കിതപ്പുകൾ എം.ടി കൃതികളുടെ മുഖ്യ ആഖ്യാനത്തിനകത്ത് ഒരിക്കലും വരുന്നില്ല. സമ്പന്നമായ തറവാടുകളുടെ അകസ്ഥലങ്ങളും അധികാരസ്ഥലങ്ങളും അവയുടെ ആഢ്യത്വവും ദാരിദ്ര്യവുമെല്ലാം മാറിമാറി വിവരിക്കുന്ന എം.ടി കൃതികൾ കുടിലു കളുടെയും ചാളകളുടെയും അകസ്ഥലങ്ങളിലേക്ക് ഒരിക്കലും കടന്നുചെല്ലുന്നില്ല.

സേതുവിന്റെ സ്കൂൾ പഠനകാലം നോവലിൽ വിവരിക്കുന്നുണ്ട്. പരീക്ഷ ജയിച്ച് സേതു വീട്ടിലെത്തിയപ്പോൾ വീട്ടുകാർ കാര്യമായി ഗൗനിച്ചില്ല. അപ്പോൾ

അവൻ കുന്നിറങ്ങി തോട്ടുവക്കിൽ ചെല്ലുമ്പോൾ ചെറുമക്കുട്ടികൾ ഞണ്ടിനെ പിടിക്കുന്ന കാഴ്ച കാണുന്നുണ്ട്. തോട്ടുവക്കിൽ ഇല്ലക്കാരുടെ പുറമ്പറമ്പിൽപ്പെട്ട പാടത്തേക്ക് ചെരിഞ്ഞുവീഴാറായ മാവിന്റെ ചുവട്ടിൽ മുമ്പ് കന്നാലിപ്പിള്ളേരെ തോൽപ്പിക്കാൻ ഉണ്ണിനമ്പൂതിരിയും സുമിത്രയും സേതുവും ഊഴമിട്ടു കാത്തിരുന്ന കാലം സേതു അപ്പോൾ ഓർക്കുന്നു. കന്നുകാലികളെ നോക്കുന്ന കീഴാളവിഭാഗത്തിൽപ്പെട്ട കുട്ടികളെയാണ് കന്നാലിപ്പിള്ളേർ എന്ന് നോവലിൽ വിശേഷിപ്പിക്കുന്നത്. ദുരിതമയമായ ജീവിതം നയിക്കുന്ന ആ കുട്ടികളെ മനുഷ്യക്കുഞ്ഞുങ്ങളായി ഈ കൃതികളിൽ പരിഗണിക്കുന്നില്ല.

തോട്ടത്തിൽ സർവ്വാണിസ്സദ്യ കാത്തുനിൽക്കുന്ന ചെറുമക്കളും ചെറുമികളും നോവലിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. തായം കളിച്ചിരിക്കുന്ന ചെറുമക്കുട്ടികളും നോവലിൽ കടന്നുവരുന്നുണ്ട്.

കോളേജിലെ പഠനം കഴിഞ്ഞ് സേതു തിരിച്ചുവരുമ്പോൾ പെട്ടി ചുമക്കാൻ താമി കാത്തുനിൽക്കുന്നുണ്ടായിരുന്നു. 'മൂന്നരമണിക്കാണു സ്റ്റേഷനിൽ ഇറങ്ങിയത്. നേരത്തെ അമ്മയ്ക്കു കത്തെഴുതിയിരുന്നതുകൊണ്ട് ചെറുമച്ചെക്കൻ കാത്തുനിൽപ്പുണ്ട്. വലിയ കട്ടപ്പല്ലുകളും കുറ്റിത്തലയുമുള്ള താമി വലുതായിരിക്കുന്നു.

നാലുകൊല്ലം മുമ്പ് മഴക്കാലത്തെ രാത്രിയിൽ പെട്ടിയും ചുമന്ന് സ്റ്റേഷനിലേക്ക് കൂടെ വന്നത് താമിയുടെ തന്തയായിരുന്നു. അവനിപ്പോൾ പണിയെടുക്കാറില്ല. മുടിനീട്ടി ചെറുമക്കളുടെ കോമരമായി മാറിയിരിക്കുകയാണത്രെ'(2009 ബി: 152)

സ്കൂൾ പഠനം കഴിഞ്ഞ് സേതു നഗരത്തിലെ കോളേജിൽ ചേർന്നു. നാലുകൊല്ലം കൊണ്ടു സേതു പഠിച്ചു മിടുക്കനായി, എന്നാൽ താമി എന്ന കീഴാളയുവാവിന്റെ സാമൂഹ്യസ്ഥലപരിസരം മാറുന്നില്ല. താമിയുടെ അച്ഛൻ ചെയ്ത ജോലി തന്നെയാണ് താമിയും ചെയ്യുന്നത്. നോവൽ അവസാനിക്കുമ്പോഴും ചുമടുതാങ്ങിയ ചെറുമൻ സേതുവിന്റെ പിറകിലുണ്ട്. നോവലിൽ ഒരിടത്തും ആഖ്യാന

ത്തിനകത്തേക്ക് അവൻ വരുന്നില്ല. അച്ഛനെപോലെ കീഴടങ്ങാൻ വിധിക്കപ്പെട്ടാണ് താമിയും ജീവിക്കുന്നത്. ഇവിടെ കീഴാളത ഒരു ആവർത്തനമായി അവരെ പിൻതുടരുന്ന കാഴ്ചയാണ് കാണുന്നത്.

### 3.12. നാട്-മറുനാട്

നാടും മറുനാടുമായുള്ള സംഘർഷവും സമന്വയവും ഈ നോവലുകളിലെല്ലാം വരുന്നുണ്ട്. *നാലുകെട്ടിൽ* അപ്പുണ്ണി ജോലിക്കായി വയനാട്ടിലേക്കാണ് പോകുന്നത്. എം.ടി യുടെ നായകൻമാരാരും സ്വന്തം നാട്ടിലെ മണ്ണിൽനിന്നും പണമുണ്ടാക്കുകയോ പണക്കാരാവുകയോ ചെയ്യുന്നില്ല. ധനികനാകണമെങ്കിൽ അന്യനാട്ടിൽ പോകണം എന്ന ധാരണയെ ശക്തിപ്പെടുത്തുകയാണ് ഈ നായകന്മാർ ചെയ്യുന്നത്. അന്നം തരുന്നത് എപ്പോഴും മറുനാട് മാത്രമാണ്. *അസുരവിത്തി*ലെ ഗോവിന്ദൻകുട്ടിയും ജോലിക്കായി അധികം അകലേക്കല്ലെങ്കിലും സ്വന്തം ഗ്രാമം വിട്ട് അന്യഗ്രാമത്തിലേക്ക് പോകുന്നുണ്ട്. ഇങ്ങനെ കഷ്ടപ്പാടും ദുരിതവും തരുന്നൊരു സ്ഥലം മാത്രമാണ് ഇവർക്ക് സ്വന്തം ഗ്രാമം. സേതു നഗരത്തിന്റെ കാപട്യങ്ങൾ ഏറെ അനുഭവിക്കുകയും അതിലേക്ക് വീണുപോവുകയും ചെയ്യുന്നുണ്ട്. സ്വന്തം സ്ഥലത്തെ മാറ്റിനിർത്തി അപരസ്ഥലത്തെ പുൽകാനുള്ളൊരു വ്യഗ്രത ഇവരുടെ സ്വഭാവ സവിശേഷത തന്നെയാണ്.

*നാലുകെട്ട്* എന്ന നോവലിൽ ഒരു നഗരം കാണുന്നില്ല. കുടിയേറ്റത്തിന്റെയും കൊളോണിയൽ അധിനിവേശത്തിന്റെയും സ്ഥലഭൂമികയായ വയനാട് അപ്പുണ്ണി ഉപജീവനം തേടുന്ന സ്ഥലമായി മാറുന്നുണ്ട്. ചെറിയ കടകളും ആൾത്തിരക്കില്ലാത്ത കവലകളുമൊക്കെയുള്ള ഒരു സ്ഥലത്താണ് അപ്പുണ്ണി എത്തുന്നത്. തന്റെ പ്രതികാരം നിറവേറ്റുവാൻ, തന്റെ അഭിമാനം സംരക്ഷിക്കാൻ അപ്പുണ്ണി ജോലിചെയ്ത് പണമുണ്ടാക്കുന്നത് ആ അപരിചിതസ്ഥലഭൂമികയിൽനിന്നു തന്നെയാണ്.

പെരുമ്പലം എന്ന ഗ്രാമത്തിലേക്ക് പണിക്കുപോകുമ്പോൾ ഒരു ഗ്രാമം വിട്ട് മറ്റൊരു ഗ്രാമത്തിലേക്ക് പോകുന്നതായല്ല, ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്തേക്ക് പോകുന്നതായാണ് ഗോവിന്ദൻകുട്ടിക്ക് തോന്നിയത്. നോവലിന്റെ അവസാനം അയാൾ ഒരു യാത്ര പുറപ്പെടുകയാണ്. തിരിച്ചുവരാൻ വേണ്ടിയുള്ള യാത്രയാണെന്ന് പറയുന്നുണ്ട്. എങ്കിലും ആ ഗ്രാമം അയാൾക്ക് സംതൃപ്തിയും സമാധാനവും നൽകില്ലെന്ന ഉറപ്പിലാണ് ഗ്രാമം വിട്ട് ആ യാത്ര പോകുന്നത്.

*കാലത്തിലെ* സേതു പലവട്ടം ഗ്രാമത്തിൽനിന്നും അപരസ്ഥലത്തേക്ക് യാത്ര ചെയ്യുന്നുണ്ട്. പഠിക്കാനും ജോലിക്കും എല്ലാമായി പോവുകയും തിരിച്ചുവരികയും ചെയ്യുന്നു. നായകന്മാർ എല്ലാവരും തിരിച്ച് ഗ്രാമത്തിലേക്ക് വരാൻ ആഗ്രഹിക്കുന്നവരാണ്. അവർക്ക് നഗരസ്ഥലം ഒരു ഇടത്താവളം മാത്രമാണ്. നഗരത്തിൽവെച്ചാണ് സേതു ശ്രീനിവാസൻ മുതലാളിയെ പരിചയപ്പെടുന്നതും ഒടുവിൽ അയാളുടെ ഭാര്യയെ വിവാഹം കഴിക്കുകയും സമ്പന്നനാവുകയും ഒക്കെ ചെയ്യുന്നത്. എന്നാൽ അതെല്ലാം തന്റെ ഗ്രാമത്തിലോ വീട്ടുകാരെയോ അറിയിക്കാതെ അയാൾ ജീവിക്കുന്നു. ഇങ്ങനെ കാപട്യത്തിന്റെ ഒരു മറുനാടും നിരാശയുടെ നാടുമാണ് സേതുവിന്റെ ജീവിതത്തിൽ ഉണ്ടായത്.

### 3.13. സാമൂഹ്യ ഇടങ്ങളുടെ അഭാവം

*നാലുകെട്ട്, അസുരവിത്ത്, കാലം* എന്നീ കൃതികളിലെ വിവിധ ഇടങ്ങളുടെ വിശകലനത്തിൽ സാമൂഹ്യ ഇടങ്ങളേക്കാൾ വൈയക്തിക ഇടങ്ങൾക്കാണ് പ്രാധാന്യമെന്നു കാണാം. വീടും വീട്ടിനുള്ളിലെ സംഭവവികാസങ്ങളും വൈയക്തിക സംഘർഷങ്ങളുമാണ് കൂടുതൽ കാണുന്നത്. കാരണവന്മാർക്ക് വീട് അധികാരത്തിന്റെ ഇടമാകുമ്പോൾ സ്ത്രീകൾക്ക് നിസ്സഹായതയുടെ ഇടമാവുകയാണ്. അപ്പുണ്ണി, ഗോവിന്ദൻകുട്ടി, സേതു എന്നീ നായക കഥാപാത്രങ്ങൾക്ക് വീട് വെറുക്കപ്പെട്ട ഒരു ഇടമാണ്. വീട്ടകങ്ങളുടെ അസ്വാതന്ത്ര്യത്തിൽനിന്ന് പുറത്തു കടക്കുന്നത് പാറുക്കുട്ടി മാത്രമാണ്. ഓരോ വീടും അതിനകത്തെ വ്യക്തികൾക്ക്

വ്യത്യസ്ത തരത്തിലാണ് അനുഭവപ്പെടുന്നത്. വീടിനു പുറത്തുള്ള ഇടങ്ങളായി ഈ കൃതികളിൽ കാണുന്ന വിദ്യാലയം, അങ്ങാടി, കളിസ്ഥലം, ആരാധനാസ്ഥലം എന്നീ സാമൂഹിക സ്ഥലങ്ങൾ അധികവും വിവിധ കഥാപാത്രങ്ങളുടെ ഓർമ്മയിൽ തെളിയുന്നതാണ്. നേരിട്ട് നോവലിന്റെ ആഖ്യാനത്തിനകത്ത് വരുന്ന സ്ഥലങ്ങൾ വൈയക്തിക ഇടങ്ങളാണ്. വള്ളുവനാട് എന്ന കാർഷിക സ്ഥലത്തിന്റെ പശ്ചാത്തലത്തിൽ കഥ പറയുമ്പോഴും കാർഷിക സമൂഹ ജീവിതത്തിന്റെ ഘടകങ്ങൾ ഈ കൃതികളിലൊന്നും ആവിഷ്കാരത്തിന്റെ മുഖ്യധാരയിലേക്ക് വരുന്നില്ല. ഇതിനു കാരണം ജനജീവിതത്തിന്റെ ഇടങ്ങളിലേക്ക് ഈ കൃതികൾ കടന്നു ചെല്ലുന്നില്ല എന്നതാണ്. ഇതുകൊണ്ട് തന്നെയാണ് സാമൂഹ്യഇടങ്ങളുടെ അഭാവം എം.ടി കൃതികളിൽ കാണുന്നത്.

# അധ്യായം 4

# ഭാഷയും ഭാഷണവും

# എം. ടി കൃതികളിലെ സ്ഥലപരിസരങ്ങളിൽ

മനുഷ്യരുടെ അതിജീവനം സാധ്യമാക്കിയത് അധ്വാനമാണ്. അധ്വാനത്തിന്റെ സംയോജനം സംഭവിച്ചതാകട്ടെ ഭാഷയിലൂടെയും. അതുകൊണ്ടാണ് ഭാഷ മനുഷ്യരുടെ ഭൗതികമായ അതിജീവനത്തിന്റെ തന്നെ ഭാഗമാണെന്ന് പറയുന്നത്. അത് അധ്വാനബന്ധങ്ങളുടെ ഉപോൽപ്പന്നമല്ല, അധ്വാനബന്ധങ്ങളുടെ നിർമ്മാണ ഘടകം തന്നെയാണ്. ഇന്ന് മാനവരാശി നേടിയ പുരോഗതിയുടെ ഒരു പ്രധാന കാരണവും ഭാഷതന്നെയാണ്. ജീവിതരീതികളിൽനിന്നും ചുറ്റുപാടുകളിൽനിന്നും ഉരുത്തിരിഞ്ഞ സംസ്കാരമാണ് ഓരോയിടത്തും ഭാഷയുടെ സ്വഭാവത്തെ നിർണ്ണയിച്ചിട്ടുള്ളത്. ചുരുക്കത്തിൽ ഭാഷ ഒരു സാമൂഹികോൽപ്പന്നമാണെന്നു പറയാം. അതുകൊണ്ടുതന്നെ സമൂഹത്തിൽനിന്ന് ഭാഷയെയോ ഭാഷയിൽനിന്ന് സമൂഹത്തെയോ മാറ്റിനിർത്താൻ കഴിയില്ല. ഈ സാമൂഹിക ബന്ധത്തിന്റെ സവിശേഷത കൊണ്ടാണ് ഭാഷയ്ക്ക് ദേശപരമായും സാമുദായികവുമായ വ്യത്യാസങ്ങൾ ഉണ്ടാകുന്നത്. മേലാളനും കീഴാളനും ഭാഷയെ ഉപയോഗിക്കുന്നത് ഒരുപോലെയല്ല. എഴുത്തും വായനയും അറിയുന്ന ഒരാളും അറിയാത്ത ഒരാളും ഭാഷയെ ഉപയോഗിക്കുന്നത് വ്യത്യസ്തതരത്തിലാണ്. അധികാരത്തിന്റെയും മേൽക്കോയ്മയുടെയും ഉപകരണമാക്കി ഭാഷയെ മാറ്റുകയാണ് മേലാളവർഗ്ഗം ചെയ്തത്.

### 4.1. വള്ളുവനാടൻ ഭാഷ

ഭാഷയ്ക്ക് പ്രാദേശിക വ്യത്യാസങ്ങൾ കാണുന്നുണ്ട്. ദേശവും ഭാഷയും തമ്മിൽ വ്യക്തമായ ബന്ധവുമുണ്ട്. ഓരോ ദേശത്തും മുൻപു സൂചിപ്പിച്ച പോലെ സമുദായപരമായ വ്യത്യാസങ്ങളുണ്ടാകും. ഏതൊരു ദേശത്തുമെന്നപോലെ വള്ളുവനാട് എന്ന ദേശത്തും ഇത്തരത്തിൽ സാമുദായിക ഭേദങ്ങളോടെയുള്ള ഭാഷയാണ് നിലനിന്നിരുന്നത്. വള്ളുവനാട് എന്ന ദേശത്തെ തന്റെ കൃതികളുടെ കേന്ദ്രമാക്കുമ്പോൾ എം.ടി ആ ദേശത്തെ ഭാഷയേയും തന്റെ കൃതികളിൽ ആവിഷ്കരിക്കുന്നുണ്ട്. എം.ടി യുടെ സാഹിത്യകൃതികളിലൂടെയും സിനിമകളിലൂടെയുമാണ്

വള്ളുവനാടൻ ഭാഷയ്ക്ക് ഇത്രയേറെ പ്രചാരം സിദ്ധിച്ചത്. 'ഒരു ഗ്രാമത്തിന്റെ ഭാഷ ഒരു ജനതയുടെ സാംസ്കാരിക ചിഹ്നമായി മാറുക എന്ന ഈ അപൂർവ്വത സംഭവിച്ചത് എം.ടിയുടെ സാഹിത്യപ്രവർത്തനത്തിലൂടെയായിരുന്നു' (പ്രതാപൻ തായാട്ട്, 2014:31). കേരളത്തിലെ വൈവിധ്യമാർന്ന ഭാഷകൾക്കിടയ്ക്കാണ് വള്ളുവ നാടൻ ഭാഷ ഇത്രയേറെ പ്രസിദ്ധി നേടിയത്. എന്നാൽ എം.ടിയുടെ കൃതിക ളിലൂടെ സ്ഥാപിച്ചുറപ്പിക്കപ്പെട്ട ഭാഷ അവിടെ ഉണ്ടായിരുന്ന മധ്യവർഗ്ഗത്തിന്റേതുമാ ത്രമായിരുന്നു. കീഴാള-കർഷക ഭാഷണങ്ങളൊന്നും ഇതിൽ ഉള്ളടങ്ങിയിരുന്നില്ല.

നോവലിലെ സംഭാഷണങ്ങളിൽ കടന്നുവരുന്ന 'എവടയ്ക്കാ', 'നിയ്ക്കാരാ', 'കുട്ട്യാനിയ്യ്', 'വീട്ടിത്തന്ന്യാണ്' തുടങ്ങിയ പ്രയോഗങ്ങൾ മധ്യവർഗ്ഗത്തിൽപ്പെട്ട ആളുകളുടെ സംസാരത്തെ വ്യതിരിക്തമാക്കുന്നുണ്ട്.

'ഇമ്പ്ര്യാൾമ്യോ' എന്ന അഭിസംബോധന അന്നു നിലനിന്ന ജാതി സമൂഹ ത്തിന്റെ ഫലമായി ഉണ്ടായതാണ്. ഇങ്ങനെ വിളിച്ചിരുന്നത് കീഴാള വിഭാഗക്കാർ ആയിരുന്നു. 'നായിപ്പ്', 'കാസർട്ട്' തുടങ്ങിയവ കീഴാള വിഭാഗങ്ങളുടെ ഭാഷാപ്ര യോഗങ്ങളാണ്.

'ബക്കാണം', 'ഓല്ക്കെന്താ', 'മൊയലാളി', 'കായി', 'സ്ലാമിങ്ങള്', 'ഞീം' തുടങ്ങിയ പ്രയോഗങ്ങൾ മുസ്ലീം സമുദായത്തിനകത്തുള്ളതാണ്. വള്ളുവനാടൻ ഭാഷയ്ക്ക് ഇത്തരത്തിലുള്ള വൈവിധ്യങ്ങളുണ്ടെങ്കിലും ഇതിൽ മധ്യവർഗ്ഗത്തിന്റെ ഭാഷയാണ് എം. ടിയുടെ നോവലിന്റെ ആഖ്യാനത്തിനകത്ത് മുഖ്യസ്ഥാനം നേടു ന്നത്.

ഭാഷയിലൂടെ രൂപപ്പെട്ട ദേശത്തിന്റെ സവിശേഷതകൾ അറിയണമെങ്കിൽ കൃതികളിലെ സംഭാഷണങ്ങൾക്കൂടി വിശകലനം ചെയ്യണം. ഭാഷയുടെ ഘടനയെ ഫെർഡിനന്റ് ഡി സൊസ്സ്യൂർ ഭാഷ (Language), ഭാഷണം (Parol) എന്ന ദ്വന്ദ്വത്തി ലൂടെയാണ് വിശദീകരിച്ചിട്ടുള്ളത്. സാമാന്യവ്യാകരണനിയമങ്ങൾക്കൊണ്ടും സങ്കേതബദ്ധതകൊണ്ടും നിർമ്മിതമാണ് ഭാഷ. ഭാഷയിൽനിന്നും ജനിക്കുന്നതും

വ്യക്തികൾ കൈകാര്യം ചെയ്യുമ്പോൾ വ്യത്യാസപ്പെടുന്നതുമായ പ്രത്യക്ഷ രൂപ മാണ് ഭാഷണം. ഈ ആശയത്തെ സംസ്കാരവിശകലനത്തിൽ പ്രയോജനപ്പെടു ത്താവുന്നതാണ്. എം. ടി യുടെ നോവലുകളിലെ സാംസ്കാരിക അബോധത്തിന്റെ പ്രകടനമായിക്കൂടി ഇവയിലെ സംഭാഷണങ്ങളെ മനസ്സിലാക്കാം. ഈ അർത്ഥ ത്തിൽ സംഭാഷണ വിശകലനം സാമൂഹിക ഘടനയുടെ സ്വരൂപത്തെ വെളിപ്പെടു ത്തുന്നതായിരിക്കും.

കൃതിയിലെ സംഭാഷണങ്ങൾ വിശകലനം ചെയ്തുകൊണ്ട് ദേശസൂചക ങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയാണ് ഇവിടെ ചെയ്യുന്നത്. കേരളത്തിൽ വളരെയ ധികം പ്രചാരത്തിലായ ഒരു ഭാഷാശൈലിയായി വള്ളുവനാടൻ ഭാഷാശൈലി മാറിയത് എം.ടി യുടെ സിനിമകളിലൂടെയാണ്. ഈ ഭാഷാശൈലി തന്നെയാണ് എം.ടി യുടെ നോവലുകളിലും കഥകളിലും കാണുന്നത്. നായർ തറവാടുകളിലെ മനുഷ്യരുടെ സംഭാഷണ ഭാഷയാണ് നോവലിന്റെ ആകെക്കൂടെയുള്ള ഭാഷ എന്ന് *നാലുകെട്ട്, അസുരവിത്ത്, കാലം* എന്നീ നോവലുകൾ വായിക്കുമ്പോൾ ബോധ്യ മാകും. നഷ്ടബോധവും ഗൃഹാതുരത്വവും ദുരിതങ്ങളും ഏകാന്തതയുമൊക്കെ ആവിഷ്കരിക്കാൻ വള്ളുവനാടൻ ഭാഷയ്ക്കേ കഴിയൂ എന്ന് ബോധ്യമുണ്ടാക്കു വാൻ തന്റെ സിനിമകളിലൂടെ എം.ടി യ്ക്ക് സാധിച്ചിട്ടുണ്ട്. ഈ ഭാഷ സൃഷ്ടി ക്കുന്ന വൈകാരികതയും എം.ടി കൃതികൾ ഇത്രമേൽ വായിക്കാൻ ആളുകളെ പ്രേരിപ്പിച്ച ഒരു ഘടകമാണ്. ചുരുക്കത്തിൽ എം.ടി കൃതികളിലൂടെയാണ് വള്ളുവ നാടൻ ഭാഷയ്ക്ക് ഇത്രമേൽ പ്രചാരം ലഭിച്ചത്. ഈ വള്ളുവനാടൻ ഭാഷ ഏതു തരത്തിലാണ് എം. ടി കൃതികളിൽ കാണുന്നതെന്ന് ഈ അധ്യായത്തിൽ അന്വേ ഷിക്കുന്നുണ്ട്. ഭാഷയുടെ പ്രയോഗ സവിശേഷതകൾ കൂടുതൽ പ്രകടമാകുന്നത് സംഭാഷണത്തിലൂടെയാണ്. അതുകൊണ്ട് സംഭാഷണ വിശകലനത്തിലൂടെ വള്ളു വനാടൻ ഭാഷയുടെ സവിശേഷതയും അതിലെ ദേശത്തിന്റെ പ്രത്യേകതകളും കണ്ടെത്താൻ ശ്രമിക്കുകയാണ് ഈ അധ്യായത്തിൽ ചെയ്യുന്നത്. നോവലിലും കഥയിലും രൂപപ്പെടുന്ന സംഭാഷണങ്ങളിൽ കഥാപാത്രത്തിന്റെ വ്യക്തിത്വപ്രകാ

ശനം മാത്രമല്ല കാണാനാവുക. കഥാപാത്രം ജീവിക്കുന്ന ദേശം, കാലം എന്നീ സാമൂഹ്യഘടകങ്ങളും സംഭാഷണത്തിലൂടെ ഉരുത്തിരിഞ്ഞുവരും. നോവൽ സാഹിത്യത്തിലെ സംഭാഷണത്തിന് കാലാനുസൃതമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. ആദ്യകാല സാഹിത്യകൃതികളിലെ സംഭാഷണം കൃത്രിമത്വം നിറഞ്ഞ ശൈലിയിലായിരുന്നു. എന്നാൽ നവോത്ഥാനകാലത്തോടെ അതുവരെ സാഹിത്യവ്യവഹാരത്തിൽ ഇടം കിട്ടാതിരുന്ന മനുഷ്യജീവിതവും അവരുടെ സംഭാഷണങ്ങളുമെല്ലാം ഇടംനേടി. വായനക്കാരോട് കൂടുതൽ സംവദിയ്ക്കുന്ന, അവരുടെ സംഭാഷണത്തോടടുത്തു നിൽക്കുന്നതായിരുന്നു നവോത്ഥാനകാല കൃതികളിലെ സംഭാഷണരീതി.

മനുഷ്യപ്രകൃതത്തിന്റെ ആവിഷ്കാരമാണ് സംഭാഷണം. അങ്ങനെ നോക്കുമ്പോൾ അതൊരു മാനുഷിക വ്യാപാരമാണ്. ഭാഷണം എന്നത് ഒരു വ്യക്തി തന്റെ ഉള്ളിലുള്ള ആശയങ്ങൾ മറ്റുള്ളവരെ അറിയിക്കാൻ ഭാഷയെന്ന മാധ്യമത്തിലൂടെ നടത്തുന്ന ഉക്തിയാണ്. സംഭാഷണം എന്നത് ഒരു സംസ്കൃത പദമാണ്. സമ്യഗ്ഭാഷണം എന്നാണ് സംസ്കൃതത്തിൽ ഈ പദത്തിന്റെ അർത്ഥം. ഭാഷണം എന്ന അർത്ഥത്തിൽ മലയാളത്തിൽ സംഭാഷണം, പറച്ചിൽ, സംസാരം എന്നെല്ലാം പ്രയോഗിക്കുന്നുണ്ട്. സംഭാഷണത്തിലൂടെ വെറും ആശയവിനിമയം മാത്രമല്ല സംഭവിക്കുന്നത്. നാം നമ്മെ ആവിഷ്കരിക്കുകയാണ് ഭാഷണത്തിലൂടെ ചെയ്യുന്നത്. ജീവിതത്തിലായാലും സാഹിത്യത്തിലായാലും ഏതെങ്കിലും ഒരു ലക്ഷ്യം നിറവേറ്റുക എന്ന പൊതുധർമ്മം സംഭാഷണത്തിനുണ്ട്.

സംഭാഷണത്തിന് വിവിധ ധർമ്മങ്ങളുണ്ട്. പറയുന്ന ആളുടെ വൈകാരികതയ്ക്കാണ് കൂടുതൽ പ്രധാന്യമെങ്കിൽ അത് സംഭാഷണത്തിന്റെ വൈകാരിക ധർമ്മമാണ് നിർവ്വഹിക്കുന്നത്. കേൾക്കുന്നയാളിൽ ഒരു ധാരണ സൃഷ്ടിക്കുക എന്ന ധർമ്മവും ഭാഷണത്തിനുണ്ട്. പറയുന്നയാൾക്കും കേൾക്കുന്നയാൾക്കുമല്ലാതെ പറയുന്ന കാര്യത്തിന് അല്ലെങ്കിൽ വിഷയത്തിനാണ് പ്രാധാന്യമെങ്കിൽ ആ

ഭാഷണം സന്ദേശപ്രധാനമായ ധർമ്മമാണ് നിർവ്വഹിക്കുന്നതെന്ന് പറയാം. ചില പ്പോൾ കാര്യമാത്രപ്രസക്തമല്ലാത്ത കുശലാന്വേഷണങ്ങളായി നിലവിലുള്ള ബന്ധത്തെ ഊട്ടിയുറപ്പിക്കുന്ന സംഭാഷണവുമുണ്ടാകാം. ഇത്തരത്തിലുള്ള ഭാഷ ണങ്ങളെല്ലാം *നാലുകെട്ട്, അസുരവിത്ത്, കാലം* എന്നീ നോവലുകളിൽ കാണു ന്നുണ്ട്.

സമരവും സംഘർഷവും സഹകരണവും സമവായവുമെല്ലാം നിലനിൽക്കു ന്നതാണ് ഏതൊരു ഗ്രാമവും. വള്ളുവനാടും അത്തരമൊരു ഗ്രാമം തന്നെയാണ്. അത്തരമൊരു നാടിനെ ഒരു സാഹിത്യകൃതിയിൽ ആവിഷ്കരിക്കുമ്പോൾ ഇവ യെല്ലാം യഥാതഥമായി ആവിഷ്കരിക്കാൻ കഴിയില്ല. നാടിന്റെയും സമൂഹ ത്തിന്റെയും കുടുംബത്തിന്റെയും വ്യക്തിമനസിന്റെയുമെല്ലാം സംഘർഷങ്ങളാണ് എഴുത്തുകാർ തങ്ങളുടെ ഭാവനാപരിസരത്തുവെച്ച് രൂപപ്പെടുത്തിയെടുക്കുന്നത്. ഇത്തരം സംഘർഷങ്ങളും സമവായങ്ങളുമെല്ലാം പ്രകടമാകുന്ന ആഖ്യാനതന്ത്രങ്ങ ളിലൊന്നാണ് നോവലിലെ സംഭാഷണവിന്യാസം. വ്യക്തിയുടെയും കുടുംബ ത്തിന്റെയും സംഘർഷങ്ങളാണ് എം.ടി കൃതികളിൽ കൂടുതൽ ആവിഷ്ക രിക്കപ്പെട്ടിരിക്കുന്നത്. ഇതിൽ വ്യക്തിയാണെങ്കിലും കുടുംബമാണെങ്കിലും അവർ ജീവിക്കുന്ന നാടുമായി ബന്ധപ്പെട്ട് നിൽക്കുന്നവരാണ്. അതുകൊണ്ടുതന്നെ വ്യക്തിയുടെയും കുടുംബത്തിന്റെയും കഥ പറയുന്ന കൃതികൾ യഥാർത്ഥത്തിൽ പറയുന്നത് നാടിന്റെ കഥ കൂടിയാണ്. തകരുന്ന നായർ തറവാടുകളുടെ കഥ പറഞ്ഞ എം.ടി വാസുദേവൻനായർ വള്ളുവനാടിന്റെ കഥാകാരൻ എന്നറിയപ്പെ ട്ടതും ഇക്കാരണംകൊണ്ടുതന്നെയാണ്.

വള്ളുവനാടൻ പശ്ചാത്തലത്തിൽ എഴുതപ്പെട്ട *നാലുകെട്ട്, അസുരവിത്ത്, കാലം* എന്നീ കൃതികളിലെ സംഭാഷണങ്ങളെയാണിവിടെ വിശകലനം ചെയ്യു ന്നത്. കുടുംബബന്ധ പശ്ചാത്തലത്തിലുള്ള സംഭാഷണം, സാമൂഹ്യബന്ധ പശ്ചാ ത്തലത്തിലുള്ള സംഭാഷണം എന്നിങ്ങനെ ഈ സംഭാഷണങ്ങളെ വിഭജിക്കുകയും

അവയിലെ സ്ത്രീ-പുരുഷഭാഷണങ്ങൾ, പുരുഷ-പുരുഷഭാഷണങ്ങൾ, സ്ത്രീ-സ്ത്രീഭാഷണങ്ങൾ എന്നിവയിലൂടെ തെളിയുന്ന സ്ഥലബോധം ഏതുതരത്തിലാണെന്ന് അന്വേഷിക്കുകയുമാണിവിടെ ചെയ്യുന്നത്. സംഭാഷണങ്ങളിൽ ദേശം നേരിട്ട് പ്രത്യക്ഷപ്പെടുന്നില്ല. എന്നാൽ സ്ഥലം മാറുമ്പോൾ സാമൂഹ്യബന്ധങ്ങൾക്കും കുടുംബബന്ധങ്ങൾക്കും മാറ്റം വരും. ആ മാറ്റം കഥാപാത്രങ്ങളിൽ സംഘർഷങ്ങളുണ്ടാക്കുന്നു. ആ സംഘർഷങ്ങൾ സംഭാഷണങ്ങളിലൂടെയാണ് തെളിഞ്ഞുകാണുന്നത്.

ഈ മൂന്ന് നോവലുകളിലും തറവാടുകൾക്കകത്തെ വൈയക്തിക സംഘർഷങ്ങൾ തന്നെയാണ് കൂടുതലും കാണുന്നത്. ഈ സംഘർഷങ്ങൾ അവർ തമ്മിലുള്ള സംഭാഷണത്തിൽ വ്യക്തമാണ്. ഈ ഭാഷണങ്ങളോരോന്നും അവർ നിൽക്കുന്ന ഇടത്തെ പ്രത്യക്ഷമായോ പരോക്ഷമായോ സൂചിപ്പിക്കുന്നുണ്ട്. എം.ടി കൃതികളിലൂടെ രൂപപ്പെടുന്ന സാമൂഹ്യബന്ധങ്ങളെക്കുറിച്ചാണ് മുൻ അധ്യായത്തിൽ ചർച്ച ചെയ്തത്. ആ ബന്ധങ്ങളെ സൂക്ഷ്മമായ അർത്ഥത്തിൽ അടയാളപ്പെടുത്താൻ കഴിയുക കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണത്തിലൂടെയാണ്. വള്ളുവനാട് എന്ന ദേശത്തിന്റെ അധികാരം കട്ടപിടിച്ചുകിടക്കുന്ന ഇടങ്ങളെ എം. ടി ആവിഷ്കരിക്കുന്നുണ്ട്. ഈ അധികാരം നിലനിൽക്കുന്നത് കുടുംബഘടനയ്ക്കകത്തും തറവാട്ടകങ്ങൾക്കിടയിലുമെല്ലാമാണ്. ഈ ഇടങ്ങളെ സംഭാഷണവിശകലനത്തിലൂടെ കണ്ടെത്താൻ ശ്രമിക്കുകയാണിവിടെ ചെയ്യുന്നത്.

### 4.2. കുടുംബബന്ധ പശ്ചാത്തലത്തിലുള്ള സ്ത്രീ-പുരുഷഭാഷണങ്ങൾ

കുടുംബബന്ധപശ്ചാത്തലത്തിലുള്ള ആളുകളുടെ സംഭാഷണമാണിവിടെ വിശകലനം ചെയ്യുന്നത്. ഇത്തരം ഭാഷണങ്ങളധികവും വീട്ടിനകത്താണ് നടക്കുന്നത്. ആ വീടുകളും അവിടത്തെ സംഭാഷണങ്ങളും ആ നാട്ടിലെ മറ്റുപല വീടുകളെയും കുടുംബങ്ങളെയും പ്രതിനിധാനം ചെയ്യുന്നുണ്ട്. *നാലുകെട്ടി*ലെ അപ്പുണ്ണിയും അമ്മയും തമ്മിലും അപ്പുണ്ണിയും മുത്താച്ചിയും തമ്മിലും അപ്പുണ്ണിയും

വലിയമ്മാമയും തമ്മിലും അപ്പുണ്ണിയും കുട്ടമ്മാമയും തമ്മിലുമൊക്കെയുള്ള ഭാഷണങ്ങൾ കുടുംബബന്ധത്തിലുള്ളവർ തമ്മിലുള്ള സംഭാഷണത്തിന് ഉദാഹരണമാണ്. *അസുരവിത്തിലെ* കുമാരനും അമ്മയും തമ്മിലും കുഞ്ഞരയ്ക്കാരും ഭാര്യയും തമ്മിലുമെല്ലാമുള്ള ഭാഷണങ്ങൾ ഇത്തരത്തിലുള്ളവയാണ്. *കാലത്തി*ലെ സേതുവും അമ്മയും തമ്മിലും സേതുവും ചെറിയമ്മയും തമ്മിലുമൊക്കെയുള്ള ഭാഷണങ്ങളും കുടുംബബന്ധ ഭാഷണങ്ങളാണ്. അതുപോലെ അപ്പുണ്ണിയും വലിയമ്മാമയും തമ്മിലും അപ്പുണ്ണിയും കുട്ടമ്മാമയും തമ്മിലും നടക്കുന്ന സംഭാഷണങ്ങളും ഇതിനുദാഹരണമാണ്.

### 4.2.1. ഗൃഹഭാഷണങ്ങൾ

*നാലുകെട്ട്* എന്ന നോവലിന്റെ ആദ്യത്തിലും അവസാനത്തിലും അപ്പുണ്ണിയും അമ്മയും തമ്മിലുള്ള സംഭാഷണങ്ങളുണ്ട്. നോവലിൽ ഏറ്റവും അധികമുള്ളത് സ്ത്രീ-പുരുഷഭാഷണങ്ങളാണ്. *നാലുകെട്ടി*ലെ അപ്പുണ്ണിയും അമ്മയും തമ്മിലുള്ള സംഭാഷണങ്ങൾ അവരുടെ അവസ്ഥകളെയും അതിലൂടെ അവർ നിൽക്കുന്ന ഇടത്തിന്റെ അവസ്ഥകളെയും കാണിച്ചു തരുന്നുണ്ട്. നാലുകെട്ടിലേക്ക് സർപ്പം തുള്ളൽ കാണുവാൻ പോകണമെന്ന് പറഞ്ഞ് അപ്പുണ്ണി വാശിപിടിച്ചപ്പോൾ അമ്മ പറയുന്ന മറുപടിയിൽ അമ്മയുടെ സ്നേഹം വ്യക്തമാണ്. എന്നാൽ അങ്ങോട്ട് പോയാലുണ്ടാകുന്ന ഭവിഷ്യത്തുകൾ ഓർത്ത് പിൻതിരിപ്പിക്കുകയാണ് ചെയ്യുന്നത്.

> 'ന്റെ മോൻ അദും ദും പറഞ്ഞ് ശാഠ്യം പിടിക്കരുത്'
> 'മോനെന്തിനാ അവിടെ പോണ്'
> 'അപ്പുണ്ണി കരേണ്ടാ'
> 'മോൻ വേണെങ്കിൽ പോയ്ക്കോ' (2009 സി: 28)

ഇവിടെ ഘട്ടം ഘട്ടമായി അമ്മയുടെ കാർക്കശ്യം കുറഞ്ഞു വരുന്നത് കാണാം. അമ്മയുടെ നിസ്സഹായതയും അവരുടെ വാക്കുകളിൽ കാണുന്നുണ്ട്. ഒടു

വിൽ അമ്മ സ്വയം പറയുന്നതിങ്ങനെയാണ്.

‘ഓനൊരു കുട്ട്യല്ലേ? ഓനും മോഹംണ്ടാവില്ലേ?’

‘അവിടെ മറ്റുള്ളോർക്ക് ഉള്ളന്തി നെനക്കും ഒരവകാശംണ്ടല്ലോ, ന്റെ മോൻ പൊയ്ക്കോ’ (2009 സി: 29)

മകനെ സന്തോഷത്തോടെ പറഞ്ഞയക്കുന്ന ധൈര്യവും തന്റേടവുമുള്ള ഒരു ശബ്ദമായി പാറുക്കുട്ടിയുടെ വാക്കുകൾ ക്രമേണ മാറുന്നുണ്ട്. മാത്രമല്ല തനിയ്ക്കും തന്റെ മകനും അവകാശപ്പെട്ട ഇടമാണ് നാലുകെട്ട് എന്ന ബോധ്യമാണ് അവരുടെ വാക്കുകളിൽ കണ്ടെത്താൻ കഴിയുക. ‘ഓനൊരു കുട്ട്യല്ലേ’ എന്നു പറയുന്നിടത്ത് അപ്പുണ്ണിക്ക് പോകുവാൻ ഒരു ബന്ധുവീടുപോലുമില്ല എന്ന യാഥാർത്ഥ്യവും തെളിയുന്നു. ബന്ധുവീടുകളിലേക്ക് കൂട്ടുകാർ പോകുമ്പോൾ അപ്പുണ്ണി വിഷമത്തോടെ നിൽക്കുകയാണ് ചെയ്യുക. അവന്റെ ആ മോഹങ്ങൾ തറവാട്ടിലേക്ക് പോകുന്നതോടെ കുറച്ചെങ്കിലും സാധിക്കട്ടെ എന്ന് പാറുക്കുട്ടി കരുതി. ഈ രണ്ടു ഭാഷണങ്ങളിലും അമ്മയാണ് സംസാരിക്കുന്നത്. അമ്മയുടെ നാലുകെട്ടിനോടുള്ള വൈകാരിക ബന്ധവും ഒപ്പം മകനോടുള്ള സ്നേഹവുംതന്നെയാണ് ഇവിടെ കാണുന്നത്. പിന്നീട് വരുന്ന ഭാഷണത്തിൽ മുൻഭാഷണങ്ങളിൽനിന്നും വ്യത്യസ്തമായി അപ്പുണ്ണിയുടെ ശബ്ദവും കേൾക്കുന്നുണ്ട്. അമ്മയുടെ ചോദ്യങ്ങൾക്കുള്ള ധിക്കാരം നിറഞ്ഞ മറുപടിയിലൂടെ ആ ഇടത്തോടുള്ള വെറുപ്പ് പ്രകടമാക്കുകയാണവൻ ചെയ്യുന്നത്.

അപ്പുണ്ണിയും അമ്മയും തമ്മിലുള്ള മറ്റൊരു സംഭാഷണം ശങ്കരൻനായരെ ചൊല്ലിയാണ്.

‘ഇത്ര നേർത്തേ എവടയ്ക്കാ അപ്പുണ്ണ്യേ’

‘ഞാൻ പോണൂ’

‘എവടയ്ക്കാന്റെ മോനേ?’

'എവടയ്ക്കെങ്കിലും'

'ന്റെ മോനേ, നീയല്ലാണ്ട് നിയ്ക്കാരാ'

'അമ്മയ്ക്ക് ശങ്കരന്നായരില്ല്യേ?' (2009 സി: 100)

പാറുക്കുട്ടി ഭർത്താവ് മരിച്ചെങ്കിലും മകനെ കഷ്ടപ്പെട്ട് വളർത്തി വലുതാക്കി. എന്നാൽ അമ്മയും മകനും മാത്രമുള്ള ലോകത്തേക്ക് ശങ്കരൻനായർ വരുന്നതോടെ, അയാളെയും പാറുക്കുട്ടിയേയും ചേർത്ത് ആളുകൾ പറയുന്നത് അപ്പുണ്ണി കേൾക്കുന്നതിലൂടെ അവന് അമ്മയോട് കടുത്ത ദേഷ്യമായി. അതോടെ അവൻ വീട് വിട്ടിറങ്ങാൻ തീരുമാനിക്കുന്നു. മകൻ പോകുന്നതിലുള്ള സങ്കടവും നിരാശയും പാറുക്കുട്ടിയുടെ വാക്കുകളിൽ പ്രകടമാണ്. എന്നാൽ അമ്മയ്ക്ക് ശങ്കരൻനായരില്ലേ എന്ന ചോദ്യത്തിൽ താൻ വീട്ടിൽനിന്നും പുറത്താകുകയാണെന്ന മകന്റെ ആശങ്കയും സങ്കടവും വ്യക്തമാണ്. 'എവടയ്ക്കാ?' എന്ന ചോദ്യത്തിന് 'എവടയ്ക്കെങ്കിലും' എന്ന് മറുപടി പറയുമ്പോൾ ഇതുവരെ ഉണ്ടായിരുന്ന ഇടം നഷ്ടമാവുകയാണ് എന്ന് അപ്പുണ്ണിക്ക് മനസ്സിലാകുന്നു. ഇടം നഷ്ടപ്പെട്ടവനായി അപ്പുണ്ണി മാറുകയാണ് ചെയ്യുന്നത്.

നോവലിന്റെ ഒടുവിലും അപ്പുണ്ണിയും അമ്മയും തമ്മിലുള്ള സംഭാഷണമുണ്ട്. നാലുകെട്ട് വിലയ്ക്ക് വാങ്ങിയശേഷം അങ്ങോട്ട് അമ്മയേയും ശങ്കരൻനായരേയും വിളിച്ചുകൊണ്ടുവരുന്നതാണ് സന്ദർഭം.

'അമ്മ കയറിക്കോളൂ'

അവർ സംശയിച്ചു നിൽക്കുന്നതുകണ്ട് അയാൾ പറഞ്ഞു. 'ധൈര്യമായി കയറാം' (2009 സി: 203)

'എന്തൊരിരുട്ടാ ഇതിനകത്ത്, അപ്പുണ്ണ്യേ'

'പകലും ഇതിനകത്ത് ഇരുട്ടാണ് ഇവിടെ കാരണോമ്മാരുടെ പ്രേതങ്ങളുണ്ടാവും പകലും'

അമ്മ സംഭ്രമത്തോടെ അയാളുടെ മുഖത്തു നോക്കി

> 'അമ്മ പേടിയ്ക്കണ്ടാ ഈ നാലുകെട്ടു പൊളിക്കാൻ ഏർപ്പാടു ചെയ്യ ണം. ഇവിടെ കാറ്റും വെളിച്ചവും കടക്കുന്ന ഒരു ചെറിയ വീടുമതി' (2009 സി: 204).

വയനാട്ടിൽ പോയി ജോലിചെയ്ത് അപ്പുണ്ണി പണം സമ്പാദിച്ചു ഒരിക്കൽ തന്റെ അമ്മയേയും പിന്നീട് തന്നേയും ആട്ടിയിറക്കിയ നാലുകെട്ട് വാങ്ങി. പണ്ട് താൻ ഉപേക്ഷിച്ചുപോയ അമ്മയേയും ശങ്കരൻനായരെയും അയാൾ നാലുകെട്ടി ലേക്ക് കൊണ്ടുവന്നു. അവിടേക്ക് വീണ്ടും വരുമ്പോഴുണ്ടാകുന്ന ഭയവും സംഭ്രമവു മെല്ലാം പാറുക്കുട്ടിക്കുണ്ട്. കാറ്റും വെളിച്ചവും കടക്കുന്ന ചെറിയ വീടുമതി എന്ന അപ്പുണ്ണിയുടെ വാക്കുകൾ ആധുനികമായ സ്ഥലബോധത്തിലേക്കെത്തുന്ന ഒരാ ളുടെ നിരീക്ഷണമായി മാറുന്നുണ്ട്.

അപ്പുണ്ണിയും അമ്മയും തമ്മിൽ നടക്കുന്ന ഈ സംഭാഷണങ്ങളിലൊന്നും ദേശത്തിന്റെ സൂചനകളോ മുദ്രകളോ കാണുന്നില്ല. വീട്ടിനകത്തെ ദാരിദ്ര്യവും കുടുംബത്തിലെ പ്രശ്നങ്ങളും മറ്റുമാണ് ഇവരുടെ സംഭാഷണത്തിൽ പ്രധാന മായും വരുന്നത്. വീടിനുപുറത്തുള്ള ഒരു ലോകം ഇവരുടെ സംസാരത്തിലെവി ടെയും കാണുന്നില്ല. തികച്ചും വൈയക്തികമായ ഒരു ലോകമാണ് ഇവരുടെ സംഭാ ഷണങ്ങളിലൂടെ ഉരുത്തിരിഞ്ഞു വരുന്നത്. വ്യക്തി, വീട്, കുടുംബം, ജോലി എന്നി വയ്ക്കപ്പുറമുള്ള സമൂഹത്തിന്റെ ഇടപെടലുകളെയൊക്കെ റദ്ദ് ചെയ്യുന്നതാണ് ഇത്തരം ചിത്രീകരണം. ഇതിന് മികച്ച ഉദാഹരണങ്ങളാണ് *നാലുകെട്ടിലെ* അപ്പു ണ്ണിയും അമ്മയും തമ്മിലുള്ള സംഭാഷണം. എന്നാൽ നാലുകെട്ട് പൊളിക്കണം എന്ന് അപ്പുണ്ണി പറയുന്നിടത്ത് നാട് പരോക്ഷമായി വരുന്നുണ്ട്. ആ നാട്ടിലെ ഏറ്റവും വലിയ തറവാടായിരുന്നു അത്. മറ്റു നാലുകെട്ടുകളെക്കുറിച്ചൊന്നും നോവലിൽ പരാമർശമില്ല. അങ്ങനെ നോക്കുമ്പോൾ നാലുകെട്ട് തകരുന്നതോടെ ആ നാട്ടിലെ ഒരു സാംസ്കാരിക അടയാളമാണ് ഇല്ലാതാകുന്നത്.

#### 4.2.2. ഭാഷണത്തിൽ തെളിയുന്ന ഭാവനാലോകം

*നാലുകെട്ടിലെ* സ്ത്രീ-പുരുഷഭാഷണങ്ങളിൽ പ്രധാനമായ മറ്റൊരു സംഭാഷണം അപ്പുണ്ണിയും മുത്താച്ചിയും തമ്മിലുള്ളതാണ്. അപ്പുണ്ണിയും മുത്താച്ചിയും തമ്മിൽ നടക്കുന്ന സംഭാഷണം അപ്പുണ്ണിക്ക് അച്ഛനെപ്പറ്റിയും തറവാടിനെപ്പറ്റിയും ഒക്കെയുള്ള ചിത്രം നൽകുന്നു.

> 'ഓനെപ്പോലെ സ്നേഹം ഉള്ള ഒരാങ്കുട്ടി ഈ ദേശത്ത് ഉണ്ടായിട്ടില്ല'
> (2009 സി: 15).

അപ്പുണ്ണിയുടെ അച്ഛൻ കോന്തുണ്ണിനായരെപ്പറ്റിയുള്ള മുത്താച്ചിയുടെ അഭിപ്രായം ഇതാണ്. ദേശവുമായി ബന്ധപ്പെടുത്തിയാണ് കോന്തുണ്ണിനായരെ പരാമർശിക്കുന്നത്. വടക്കേപ്പാട്ടെ തറവാട്ടുകാർ പാറുക്കുട്ടിയുടെ കല്യാണം നടത്താൻ തീരുമാനിച്ചു. പക്ഷേ കല്യാണക്കാർ പടിക്കലെത്തിയപ്പോൾ അകത്തുള്ളവർ അമ്പരന്നു. അകത്തു പെണ്ണില്ല.

> 'അതെന്തേ മുത്താച്ചി?'

'കോന്തുണ്ണി പാറുക്കുട്ടീനെ കട്ടോണ്ടോയി. അതന്നെ.' (2009 സി: 18) ഈ വാക്കുകളിൽ തന്റെ അച്ഛന്റെ ധീരത അപ്പുണ്ണി അറിയുന്നു. വടക്കേപ്പാട്ടെന്ന വലിയ തറവാട്ടിൽനിന്നും പെണ്ണിനെ കൊണ്ടുപോകുവാൻ ധൈര്യം കാണിച്ചവനാണ് അവന്റെ അച്ഛൻ. ശ്രീകൃഷ്ണന്റെ സുഭദ്രാഹരണ കഥ കേൾക്കുമ്പോൾ അപ്പുണ്ണിയുടെ ഉള്ളിൽ തെളിയുന്നത് ഈ പിതൃരൂപമാണ്. ഏതു ശക്തികളേയും വെല്ലുവിളിച്ച് തനിക്ക് ഇഷ്ടപ്പെട്ടത് സ്വന്തമാക്കാൻ തന്റേടം കാണിച്ച അഭിമാനിയായി പിതാവ് അവന്റെ ഉള്ളിൽ നിലനിൽക്കുന്നു.

അച്ഛന്റെയും അമ്മയുടെയും വിവാഹവും അച്ഛനും സെയ്താലിക്കുട്ടിയും തമ്മിൽ നടത്തിയ പങ്കുകച്ചവടത്തിന്റെ കഥയും അപ്പുണ്ണിക്ക് പറഞ്ഞുകൊടുക്കുന്നതും മുത്താച്ചിയാണ്. ഒടുവിൽ ഭക്ഷണത്തിൽ വിഷം കലർത്തി സെയ്താലി

ക്കുട്ടി അച്ഛനെ കൊന്നതും മുത്താച്ചി അപ്പുണ്ണിയോട് പറയുന്നു.

'മാപ്ലാരടെ ചോറു നമ്മളുണ്ണോ മുത്തശ്ശീ?'

'നെന്റച്ഛനല്ലേ ആള്' (2009 സി: 19).

ഈ സംഭാഷണത്തിൽ അന്നത്തെ ആ ദേശത്തിന്റെ സാമൂഹ്യാവസ്ഥ വ്യക്തമാണ്. ആ വ്യവസ്ഥയ്ക്ക് എതിരുനിന്നയാളാണ് കോന്തുണ്ണിനായർ. മാപ്പിള മാരുടെ ഭക്ഷണം ഉയർന്ന ജാതിയിൽപ്പെട്ടവർ കഴിക്കാതിരുന്ന കാലത്താണ് സെയ്താലിക്കുട്ടിയുടെ വീട്ടിൽനിന്നും കോന്തുണ്ണിനായർ ഭക്ഷണം കഴിച്ചത്. മാത്ര മല്ല മാപ്പിളമാരുടെ പീടികയിൽനിന്നു ചായകുടിക്കുന്നവൻ എന്നൊരു ആരോ പണം കോന്തുണ്ണിനായരെപ്പറ്റി നേരത്തെ തന്നെയുണ്ട്.

നാലുകെട്ടിനെപ്പറ്റിയുള്ള വിവരണവും അവിടത്തെ അപ്പുണ്ണിയുടെ അവകാ ശവും വിവരിക്കുന്നതും മുത്താച്ചി തന്നെയാണ്.

'വല്യോരു തറവാട്ടിൽപ്പെട്ട കുട്ട്യാ നിയ്യ്' (2009 സി: 20)

അറുപത്തിനാലാളുകളുണ്ടായിരുന്ന വീടാണത്. ആ തറവാട്ടിലെ ഒരംഗ മാണ് അപ്പുണ്ണിയും. വീടിന്റെ പകുതിയിലധികവും ഇപ്പോൾ പൊളിച്ചുകളഞ്ഞിരി ക്കുന്നു. എങ്കിലും നാട്ടിൽ ആഢ്യത്വത്തിന്റെ പ്രതീകമായി ഇന്നും നാലുകെട്ട് നിൽക്കുന്നു.

നാലുകെട്ടിൽ കഴിഞ്ഞ ഭുവനേശ്വരീ പൂജയെപ്പറ്റിയും അവിടെ നടക്കുന്ന സർപ്പം തുള്ളലിനെപ്പറ്റിയുമെല്ലാം മുത്താച്ചി വിവരിച്ചു. ഭുവനേശ്വരീ പൂജ യെപ്പറ്റിയും അന്നുണ്ടാകുന്ന ഭക്ഷണത്തെപ്പറ്റിയുമെല്ലാം മുത്താച്ചി അവനോടു പറ യുന്നുണ്ട്.

'ഭുവനേശ്വരീ പൂജയ്ക്ക് എന്തൊക്ക്യാണ്ടാവ്വാ, മുത്താച്ച്യേ

മുത്താച്ചി ഒരു പാട്ടുപോലെ ചൊല്ലാൻ തുടങ്ങി

അവിലുമലരുശർക്കര നാളികേരം കരോലപ്പം തണ്ണീരാമൃത്

അത്രയുമായപ്പോഴേക്കും അപ്പുണ്ണിയുടെ വായിൽ വെള്ളം നിറഞ്ഞു.

'പിന്നെ കോഴ്യെറച്ചീം മുത്താച്ചി അപ്പൂന് ഒരു സാതനം കൊണ്ടന്നി ട്ടുണ്ട്.'

ഭാണ്ഡമഴിച്ചു പുറത്തെടുത്തു രണ്ട് തണ്ണീരാമൃത്' (2009 സി: 26)

ഇവിടെ അപ്പുണ്ണിക്ക് കേട്ടുമാത്രം പരിചയമുള്ള ഒരു സ്ഥലത്തെ രുചികളെ ഒരു സംഭാഷണത്തിലൂടെ അനുഭവിപ്പിക്കുകയാണ് മുത്താച്ചി ചെയ്യുന്നത്. 'ഉള്ളി മൂപ്പിച്ച ചോറാ'ണ് അപ്പുണ്ണി കഴിച്ച ഏറ്റവും രുചിയുള്ള ഭക്ഷണം. എന്നാൽ വൈവിധ്യമാർന്ന രുചികളുടെ ഒരു സ്ഥലമായി അവന്റെ ഭാവനാദേശത്ത് നാലു കെട്ട് തല ഉയർത്തി നിന്നു. അപ്പുണ്ണിക്ക് മുത്താച്ചിയുമായുള്ള സംഭാഷണത്തി ലൂടെയാണ് നാലുകെട്ടിലേക്ക് പോകാനുള്ള ആഗ്രഹം ഉണ്ടായത്. ഒരുപക്ഷേ, നാലുകെട്ട് വാങ്ങാൻ വരെയുള്ള സാഹചര്യത്തിലേക്ക് അപ്പുണ്ണിയെ എത്തിച്ചത് മുത്താച്ചിയുമായുള്ള സംഭാഷണം തന്നെയാണ്.

വീട്ടിനുപുറത്തുള്ള ഒരു ദേശത്തിന്റെ സാന്നിധ്യം ഇവർ തമ്മിലുള്ള സംഭാ ഷണത്തിൽ വരുന്നുണ്ട്. പകിടകളിയെപ്പറ്റിയും കോന്തുണ്ണിനായരും സെയ്താലി ക്കുട്ടിയും തമ്മിലുള്ള പങ്കുകച്ചവടത്തെപ്പറ്റിയുമൊക്കെയുള്ള സംഭാഷണത്തിൽ വീടിനുപുറത്തുള്ള ഒരു ലോകമാണ് കാണുന്നത്. ഒടുവിൽ നാലുകെട്ടിലേക്ക് അപ്പുണ്ണിയെ കൊണ്ടുപോകുന്നതും മുത്താച്ചിയാണ്. ഇങ്ങനെ വൈയക്തികമായ കാര്യങ്ങളാണ് സംസാരിക്കുന്നതെങ്കിലും അതിനുപുറത്തുള്ള ഒരു ലോകത്തേക്ക് ഇവരുടെ സംഭാഷണം എത്തുന്നുണ്ട്. 'കൊളംമ്പിലും' 'ശിങ്കപ്പൂരും' പോയ മുത്താച്ചി ആ ഗ്രാമം വിട്ട് പുറംലോകം കണ്ട വളരെ ചുരുക്കം സ്ത്രീകളിലൊരാ ളാണ്. ആ മുത്താച്ചി തന്നെയാണ് അപ്പുണ്ണിയെ വീടിന് പുറത്തേക്ക് കൊണ്ടുപോ കുന്നത്. വീടിനു പുറത്തുള്ള കാര്യങ്ങൾ അവൻ അറിയുന്നതും മുത്താച്ചിയുമായു ള്ള സംഭാഷണത്തിലൂടെയാണ്.

#### 4.2.3. സംഭാഷണത്തിലെ ദേശസൂചകങ്ങൾ

നോവലിലെ ദേശമുദ്രകൾ വെളിവാകുന്ന സംഭാഷണങ്ങൾ *അസുരവിത്തി*ലും കാണുന്നുണ്ട്. തന്റെ കുട്ടിക്കാലത്ത് അമ്മയും കുമാരേട്ടനും തമ്മിൽ നടന്ന ഒരു സംഭാഷണം ഗോവിന്ദൻകുട്ടി ഓർക്കുന്നതാണ് സന്ദർഭം.

> 'നമ്മടെ ചെവോട്ട്ലെ വെള എങ്ങനെണ്ട് കുമാരാ?'
>
> എത്ര നല്ല വിളയാണെങ്കിലും കുമാരേട്ടൻ പറയുക, ഉം, തരക്കേടില്ല എന്നു മാത്രമാണ്.
>
> അയ്യപ്പൻ സന്ധ്യയ്ക്ക് കയറിവരുമ്പോൾ ഒന്നുകൂടി ചോദിക്കും. 'എങ്ങനെണ്ട് അയ്യപ്പാ നെല്ല്?'
>
> 'മോസൊന്നൂല്ല്യ ഇമ്പ്രാൾമ്യോ'
>
> 'കാളി പറയാ, ഈ പടിവട്ടത്തുവെച്ച് നല്ല നെല്ലു നമ്മടെയാണെന്ന്. നല്ല കറുപ്പും ചെനപ്പും. കണ്ടാൽ കണ്ണുരുട്ടുംന്നാ ഓള് പറേണ്'
>
> 'നെല്ലൊക്കെ അസ്സല് നെല്ലാ ഇനി മിറ്റത്തു എത്തുമ്പോ അറിയാം ബാക്ക്യൊക്കെ' (2009 എ: 19).

ഇവിടെ ആ നാട്ടിലെ കാർഷികാവസ്ഥയുടെ അന്നത്തെ ചിത്രമാണ് കാണുന്നത്. 'വെള' എന്നത് വിളവിനെയാണ് സൂചിപ്പിക്കുന്നത്. 'നല്ല കറുപ്പും ചെനപ്പും' എന്നു പറയുന്നിടത്ത് നെല്ലിന്റെ ഗുണമാണ് സൂചിപ്പിക്കുന്നത്. എന്നാൽ 'ഇമ്പ്രാൾമ്യോ' എന്ന വിളിയാൽ അന്നത്തെ ജാതിവ്യവസ്ഥയുടെ സൂചന തെളിയുന്നു. നെല്ലിനെക്കുറിച്ച് ആധികാരികമായി പറയാൻ കഴിയുന്നത് അയ്യപ്പനും കാളിക്കുമാണ്. കാരണം മണ്ണിനോടും കൃഷിയോടും അത്രമേൽ ഗാഢമായ ബന്ധമുള്ളത് അവർക്ക് മാത്രമാണ്. അതുകൊണ്ടുതന്നെയാണ് മകനോട് ചോദിച്ചാലും കുഞ്ഞിക്കാള൮്യമ്മ അയ്യപ്പൻ വരുമ്പോൾ ഒന്നുകൂടി ചോദിക്കുന്നത്. വരമ്പത്ത് നിന്ന് നോക്കിയുള്ള അറിവും പാടത്തിറങ്ങി അധ്വാനിക്കുന്ന അറിവും വ്യത്യാസമുള്ളതു

തന്നെയാണ്. പക്ഷേ അധ്വാനിക്കുന്നത് അയ്യപ്പനും കാളിയുമാണെങ്കിലും നെല്ല് എത്തുന്നത് കുഞ്ഞിക്കാളൃമ്മയുടെ മുറ്റത്താണ്. ഇത് അന്നത്തെ ജന്മിത്ത വ്യവ സ്ഥിതിയുടെ കൂടി സാക്ഷ്യമാണ്. ഇങ്ങനെ അന്നത്തെ ഗ്രാമാന്തരീക്ഷം ഇവരുടെ സംഭാഷണത്തിലൂടെ തെളിയുന്നു.

#### 4.2.4. പുറത്തേക്കു വികസിക്കുന്ന ഭാഷണങ്ങൾ

*അസുരവിത്തി*ലെ സ്ത്രീ-പുരുഷഭാഷണങ്ങളിൽ കുടുംബത്തിലെ സംഘർ ഷങ്ങളാണ് അധികവും. ഇതിനുദാഹരണമാണ് കുമാരനും അമ്മയും തമ്മിലുള്ള സംഭാഷണം. താൻ സംബന്ധം ചെയ്ത വീട്ടിലേക്ക് തന്റെ വീട്ടിലെ സമ്പാദ്യം കൂടെ എടുത്താണ് കുമാരൻ ചെലവു ചെയ്തത്. എന്നാൽ വീട്ടിലെ സമ്പാദ്യം തീർന്നതോടെ സംബന്ധം ചെയ്തിടത്ത് അയാൾക്ക് വിലയില്ലാതായി.

> 'എന്റെ മരിച്ചുപോയ അച്ഛന്റെ കാലാണ് ആ പടി ഇനി ഞാൻ ചവി ട്ടില്ല'.
>
> അമ്മ ഒന്നും മിണ്ടുന്നില്ല.
>
> 'ഏറെ കുത്ത്യാ ചേരേം കടിക്കും. ഇല്യാത്തോടക്കു കടം വാങ്ങിയും അത്യധ്വാനം ചെയ്തും കൊണ്ടോയിക്കൊടുത്ത് - '
>
> 'അയിന് ഓളും കുട്ട്യോളും എന്തേ പെഴച്ച് കുമാരാ?'
>
> 'നാലാളുടെ മുമ്പിലുവെച്ച്, അതും മറ്റ് സമ്മന്തക്കാര്ള്ളപ്പോ, ആ തന്തന്റെ മാനം കെട്ത്ത്യപ്പോ ഓളത് കേട്ടുകൊണ്ടു നിന്നു' (2009 ബി: 74).

കുമാരനും അമ്മയും തമ്മിലുള്ള ഈ സംഭാഷണത്തിൽ അയാളുടെ അവസ്ഥ പ്രകടമാകുന്നുണ്ട്. 'ഏറെ കുത്ത്യാ ചേരേം കടിക്കു'മെന്ന പഴഞ്ചൊല്ലി ലൂടെ ഭാര്യ വീട്ടുകാർ ഒരുപാട് ദ്രോഹിച്ചിട്ടുണ്ട് കുമാരനെ എന്ന് വ്യക്തമാകും. കടം വാങ്ങിയും അധ്വാനിച്ചും ഒരുപാട് പണം അയാൾ സംബന്ധം ചെയ്ത വീട്ടി

ലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ പണം തീർന്നതോടെ അവിടത്തെ കാരണവർ അയാളെ അപമാനിച്ചു. അയാളുടെ ഭാര്യപോലും ഒന്നും പറയാതെ കേട്ടുനിന്നു. അതിലെല്ലാം ഉള്ള ദേഷ്യവും വിഷമവും തീർക്കുകയാണയാൾ ഇവിടെ ചെയ്യുന്നത്. ഇത് അക്കാലത്ത് നിലനിന്ന വ്യവസ്ഥയുടെ പ്രശ്നം കൂടിയാണ്. കുമാരനും അമ്മയും തമ്മിലുള്ള ഈ സംഭാഷണത്തിലൂടെ അന്നത്തെ നായർ തറവാടുകൾ അകമേ എത്ര സംഘർഷഭരിതമായിരുന്നു എന്ന് വെളിപ്പെടുന്നുണ്ട്. അക്കാലത്ത് സംബന്ധം ചെയ്തവരുടെ എല്ലാം അവസ്ഥ ഇതിനു തുല്യമാണ്. *നാലുകെട്ടിലെ* കാരണവരും സ്വന്തം വീട്ടിലെ സമ്പാദ്യമെടുത്താണ് ഭാര്യവീട്ടിൽ പണം എത്തിക്കുന്നത്. ഇതിന്റെ പേരിലാണ് കാരണവരും മരുമകനും തമ്മിൽ വഴക്കുണ്ടാകുന്നത്. *അസുരവിത്തിലെ* കുമാരനും അനിയൻ ഗോവിന്ദൻകുട്ടിയും തമ്മിൽ വഴക്കുണ്ടാകുന്നതും ഇക്കാരണംകൊണ്ടു തന്നെയാണ്. അവിടെനിന്ന് സംബന്ധം ചെയ്ത മറ്റ് ആളുകളുടെ മുൻപിൽ വെച്ച് തന്നെ അപമാനിച്ചതും കുമാരന്റെ ദേഷ്യം വർദ്ധിപ്പിച്ചു. അക്കാലത്തെ സംബന്ധവ്യവസ്ഥകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ വെളിവാക്കുവാൻ ഈ സംഭാഷണംകൊണ്ട് കഴിയുന്നു.

കുഞ്ഞരയ്ക്കാരും ഭാര്യയും തമ്മിലുള്ള സംസാരത്തിൽ എപ്പോഴും കുഞ്ഞരയ്ക്കാരുടെ ശബ്ദമാണ് ഉച്ചത്തിൽ കേൾക്കുന്നത്. എങ്കിലും ഇവർ തമ്മിലുള്ള ഭാഷണത്തിൽ വീടിനുപുറത്തുള്ള എന്നാൽ നാടുമായി ബന്ധപ്പെട്ട കാര്യങ്ങൾ വരുന്നുണ്ട്. കന്നുപൂട്ട് കഴിയുമ്പോളേയ്ക്കും തല്ലും വക്കാണവും തുടങ്ങി. ആ സംഘർഷത്തിന്റെ സാരം കുഞ്ഞരയ്ക്കാരും ഭാര്യയും തമ്മിൽ നടക്കുന്ന സംഭാഷണത്തിൽ തെളിയുന്നു.

> 'ആരാ തല്ലും ബക്കാണും?'
>
> ചോദിച്ചതിനല്ല, മനസ്സിലെന്തെങ്കിലും വിചാരം കടന്നാൽ മാപ്പിള ഉത്തരം പറയുകയെന്നു തിത്തുമ്മയ്ക്കറിയാം.
>
> 'തൊടങ്ങട്ടെ ഓല്ക്കെന്താ, മൊയലാളിക്കു കായിണ്ട്; ശേഖരൻനായർക്കും കായിണ്ട്, കേസും കൂട്ടും നടത്ത്ണ് ഓലക്കു പതിന

ഞായിം പുലീം കളിക്കണ് ശേലേള്ളൂ. ചങ്കും പൊങ്കുല്യാത്ത കൊറേ സ്ലാമിങ്ങളുണ്ട് തല്ലാൻ. കൊറേ ഹിന്ദുക്കളും ണ്ട്, ത്ഫൂ!' (2009 എ: 56).

മതത്തിന്റെ പേരിൽ സംഘർഷം നടക്കുന്ന സ്ഥലമാണ് അതെന്ന് ഈ സംഭാഷണത്തിൽ വ്യക്തമാണ്. രണ്ടു മതത്തിൽപ്പെട്ട മുതലാളിമാർക്കു വേണ്ടി രണ്ടു കൂട്ടത്തിൽപ്പെട്ട ആളുകൾചേർന്ന് തമ്മിൽ തല്ലുകയാണ്. എന്നാൽ മുതലാളി മാർക്ക് അത് കേവലം വിനോദം മാത്രമാണ്. അവർക്ക് ഒന്നും നഷ്ടപ്പെടാനില്ല. പണമുള്ളതുകൊണ്ട് മുതലാളിമാർ കേസ് നടത്തും. അവരുടെ അഭിമാനം സംര ക്ഷിക്കുന്നതിന് തമ്മിൽ തല്ലാൻ കുറേ പാവം മനുഷ്യരും. ചങ്കും പൊങ്കുല്യാത്ത വർ എന്ന കുഞ്ഞരയ്ക്കാരുടെ പ്രയോഗത്തിൽ ശരിയും തെറ്റും തിരിച്ചറിയാത്ത മുതലാളിമാർ പറയുന്നത് അതുപോലെ അനുസരിയ്ക്കുന്ന പാവപ്പെട്ട മനുഷ്യരെ യാണ് സൂചിപ്പിക്കുന്നത്. ഇത്തരം മതത്തിന്റെ പേരിലുള്ള സംഘർഷങ്ങളെ എതിർക്കുന്നയാളാണ് കുഞ്ഞരയ്ക്കാർ. ആ മനോഭാവം അയാളുടെ വാക്കുകളിൽ പ്രകടമാവുകയും ചെയ്യുന്നുണ്ട്.

ഒടുവിൽ ഗ്രാമത്തിൽ കോളറ പടർന്ന് മരിച്ചത് ആ ഗ്രാമത്തിലെ നിരവധി ആളുകളായിരുന്നു. മൃതദേഹങ്ങൾ മറവുചെയ്യാൻപോലും ആരും തയ്യാറല്ലാതായി. ആർക്കും വേണ്ടാത്ത ഗോവിന്ദൻകുട്ടി തന്നെ അവസാനം മൃതദേഹങ്ങൾ മറവുചെ യ്യാനെത്തി. കുഞ്ഞരയ്ക്കാരും ഭാര്യയും തമ്മിലുള്ള സംഭാഷണമാണ് സന്ദർഭം.

'ചാവുമ്പളാ മന്സനു പണ്ടില്ലാത്ത പക വര്ണ്'

കുഞ്ഞരയ്ക്കാർ ആരോടെന്നില്ലാതെ പറഞ്ഞു.

'എന്തേന്നും ണ്ടായ്യേ?'

'ഒരി മന്സൻ തിരിഞ്ഞുനോക്കാണ്ടോ? ആ പെണ്ണ് ജീവനോടെ ഇരി ക്കുമ്പോ അത്തിണ്ണേമ്മ്ല് ആളൊയ്ഞ്ഞ നേരണ്ടായിരുന്നോ? കണ്ണും കടപ്പും ല്യാത്ത ആ തള്ള ചത്ത ശവം വെച്ച് എന്തു കാട്ടും?'

'ഞീം മരെച്ചാൻ ആള് വന്നില്ലേ'

'ആരുല്ല്യേങ്കീ ഞാൻ ചെയ്യും പടച്ചോന്ണ്ട് എല്ലാത്തിനും'. കുഞ്ഞരയ്ക്കാരുടെ ശബ്ദം പിന്നേയും താണു. 'രണ്ടും കല്പിച്ചന്ന്യാ ഞാൻ ചെന്ന് അപ്പളയ്ക്ക് ആളെത്തീർന്ന്. ആണൊരുത്തന്ണ്ട് കെയക്കുമ്മുറീല് ഒർത്തനെങ്കിലും ന്ന് കണ്ടത്ന്നാ ഞാൻ.'

'ആരാ?'

'ആ നായരുട്ടി' (2009 എ: 263)

ജീവിച്ചിരിക്കുമ്പോൾ ധാരാളം ആളുകൾ വന്നിരുന്ന ഒരു സ്ഥലമായിരുന്നു ചക്കമ്മയുടെ വീട്. സമൂഹത്തിന് സഭ്യമല്ലാത്ത തരത്തിൽ ജീവിച്ചവരാണ് ആ അമ്മയും മകളും. എന്നാൽ ആ മകൾ കോളറ പിടിപെട്ട് മരിച്ചപ്പോൾ ആരും എത്തിയില്ല. കുഞ്ഞരയ്ക്കാർ ആദ്യമായി ആ വീട്ടിലെത്തിയത് ശവം മറവുചെയ്യാൻ വേണ്ടിയാണ്. എന്നാൽ ഗോവിന്ദൻകുട്ടി അപ്പോഴേക്കും അതിനായി അവിടെ എത്തിയിരുന്നു. നോവലിലെ മനുഷ്യസ്നേഹമുള്ള രണ്ടു കഥാപാത്രങ്ങളായി ഗോവിന്ദൻകുട്ടിയും കുഞ്ഞരയ്ക്കാരും മാറുന്നുണ്ട്. *നാലുകെട്ടിലെ* സ്ത്രീ-പുരുഷഭാഷണങ്ങളെ അപേക്ഷിച്ച് വീടിനുപുറത്തുള്ള ദേശവിവരങ്ങൾ *അസുരവിത്തിൽ* കൂടുതൽ ചർച്ച ചെയ്യുന്നുണ്ട്. നാട്ടിലെ മതസംഘർഷത്തെപ്പറ്റിയും ഗ്രാമത്തിൽ പടർന്ന കോളറയെപ്പറ്റിയും സംസാരിക്കുന്ന കുഞ്ഞരയ്ക്കാരും ഭാര്യ തിത്തുമ്മുവും ചെറുകോടുനിലത്തെ കൃഷിയെപ്പറ്റി അയ്യപ്പനോട് പറയുന്ന കുഞ്ഞിക്കാള്യമ്മയും ആ നാടിന്റെ അവസ്ഥകളെപ്പറ്റിയാണ് പറയുന്നത്. വീടിനപ്പുറമുള്ള നാടും നാട്ടാരും അവരുടെ സംഭാഷണത്തിന്റെ കേന്ദ്രസ്ഥാനത്തേക്ക് വരുന്നുണ്ട്.

#### 4.2.5. ഭാഷണത്തിലെ വീട്ടകങ്ങൾ

*കാലം* എന്ന നോവലിലെ സ്ത്രീ-പുരുഷഭാഷണങ്ങളിൽ വീട്ടിനകത്തെ സംഘർഷങ്ങൾ തന്നെയാണ് കൂടുതലും വരുന്നത്. കുടുംബത്തിലെ ആചാരമര്യാ

ദകളും ചില സംഭാഷണത്തിൽ കേൾക്കാം. സേതുവിന്റെ അച്ഛന്റെ വീട്ടിൽനിന്നും സരോജിനി പ്രസവിച്ച കാര്യം പങ്ങൂട്ടി പറയാൻ വന്നതാണ് സന്ദർഭം.

> 'നെന്റെ കയ്യില് കാശ്ണ്ടോടാ കുട്ട്യേ?'
>
> ദേഷ്യമാണ് തോന്നിയത്. 'എവിട്ന്ന്?'
>
> അമ്മ ആരോടെന്നില്ലാതെ പറഞ്ഞു. 'പെറ്റതു പറയാൻ വരുമ്പോ അഞ്ചുറുപ്യങ്കിലും കൊടുക്കണ്ടേ? ഇല്ലത്തിയ്ക്ക് പത്മൂനെ വിട്ട്വോക്കാം. പെട്ടീന്ന് അലക്ക്യേമുണ്ട്ണ്ടെങ്കിൽ ഒന്നു താ. ആ പങ്ങൂട്ടിക്കു കൊടുക്കണം' (2009 ബി: 84).

കുടുംബത്തിൽ ദാരിദ്ര്യം ആണെങ്കിലും ആചാര്യമര്യാദ പാലിക്കാൻ ശ്രമിക്കുകയാണ് സേതുവിന്റെ അമ്മ. പ്രസവിച്ചത് പറയാൻ വരുന്ന ആൾക്ക് പണവും കോടിമുണ്ടും കൊടുക്കണം. പണത്തേക്കാൾ പ്രാധാന്യം ഇത്തരം മര്യാദകൾക്കുണ്ട് എന്നും അത് പാലിക്കുകയാണ് അഭിമാനത്തിന്റെ ലക്ഷണമെന്നും അവർ കരുതുന്നു.

സേതുവിന്റെ പുഷ്പോത്ത് തറവാട്ടിലേക്കുള്ള പോക്കിൽ അമ്മയ്ക്ക് തീരെ താത്പര്യമില്ല. ഈ താത്പര്യക്കുറവ് സേതുവും അമ്മയും തമ്മിലുള്ള ഒരു സംഭാഷണത്തിൽ വരുന്നുണ്ട്.

> 'കെട്ടിരിപ്പും നിക്ഷേപും വച്ചിട്ടല്ല നിന്നെ പഠിപ്പിക്ക്ണത്. അന്യനാട്ടീല്ക്കെടന്ന് ആ തന്ത കഷ്ടപ്പെട്ണതു നിങ്ങളാച്ചെലർക്കു വേണ്ടിയാണ്'
>
> ആകെ ക്ഷോഭിച്ചുപോയി. തിരിഞ്ഞുനിന്ന് അരിശം പതറുന്ന സ്വരത്തിൽ ചോദിച്ചു:
>
> 'അതിനു ഞാനെന്തു വേണം?'

'പഠിക്കണ്ട നേരത്തു കണ്ണിക്കണ്ടോടെ സർക്കീട്ടടിച്ചോ. നീയും ന്നിട്ട് ഏട്ടന്റെ തൊണയായിക്കോ'. (2009 ബി: 144)

ഹോസ്റ്റലിൽനിന്നും വീട്ടിൽ പറയാതെ പുഷ്പോത്ത് വീട്ടിലേക്കു പോയത് തങ്കമണിയെ കാണുവാൻവേണ്ടിയാണ്. ജ്യേഷ്ഠൻ പാലക്കാട് വന്നപ്പോൾ ഹോസ്റ്റ ലിൽ ചെന്ന് സേതുവിനെ അന്വേഷിച്ചു. അവൻ അവിടെ ഇല്ലായിരുന്നു. അങ്ങിനെ യാണ് ഒടുവിൽ സേതുവിന് അവിടെ പോയകാര്യം വീട്ടിൽ പറയേണ്ടി വന്നത്. അച്ഛനും അമ്മയ്ക്കും പുഷ്പോത്തു വീട്ടുകാർ ശത്രുക്കളാണ്. അവിടത്തെ തങ്ക മണി എന്ന പെൺകുട്ടിയുമായി സേതു ഇഷ്ടത്തിലുമായിരുന്നു. അതുകൊണ്ടു തന്നെ അവിടെ പോകുന്നത് അവർക്ക് ഇഷ്ടമല്ല. മാത്രമല്ല സേതുവിന്റെ ജ്യേഷ്ഠൻ പരമേശ്വരൻ വിവാഹം കഴിഞ്ഞാണ് ഭാര്യയുടെ കൂടെ വേറെവീട്ടിൽ താമസമാക്കിയത്. അതുപോലെ സേതുവും മാറുമോ എന്ന ഭയവും അമ്മയുടെ വാക്കുകളിൽ കാണുന്നുണ്ട്.

സേതുവിന്റെ പഠനം അവസാനിച്ച് അവൻ വീട്ടിലെത്തിയപ്പോഴേക്കും അച്ഛൻ റിട്ടയർ ചെയ്ത് വന്നിരുന്നു. അച്ഛന്റെ കയ്യിൽനിന്നും അമ്മ പ്രതീക്ഷിച്ച പണമൊന്നും ലഭിച്ചില്ല എന്ന് അമ്മയുടെ വാക്കുകളിൽ വ്യക്തമാണ്.

'ഉം പിരിഞ്ഞു വരുമ്പോൾ കനകം ല്ലേ കൊണ്ടന്നിരിക്ക്ണ്, കനകം! എന്റെ നാവുമ്മ്ന്ന് ഓരോന്ന് വീഴരുതേന്ന് പ്രാർത്ഥിക്കാ ഞാൻ!'

അമ്മ ക്ഷോഭമടക്കാൻ പ്രയാസപ്പെടുന്നുണ്ടെന്നു തോന്നി.

'പെങ്ങന്മാരുടെ ഊട്ടും പൂശീം, സൽക്കാരും കഴിഞ്ഞിട്ടല്ലേ വര്ണ്? ഞാൻ വിചാരിച്ചതാ.' (2009 ബി: 154)

ഭർത്താവ് ജോലിയിൽ നിന്നും പിരിഞ്ഞ് വരുമ്പോൾ കുറച്ച് പണമുണ്ടാകു മെന്നും അതുകൊണ്ട് വൈക്കോൽപുരയുടെ മേൽക്കൂരമാറ്റി ഓടിടണമെന്നും പുഴ വക്കത്ത് അൽപ്പം കൃഷിസ്ഥലം വാങ്ങണമെന്നും അവർ വിചാരിച്ചിരുന്നു.

എന്നാൽ ആദ്യം പെങ്ങൻമാരുടെ അടുത്ത് പോയിട്ടാണ് അയാൾ വീട്ടിലേക്ക് വന്നത്. അതുകൊണ്ടുതന്നെ കുറേ പണം പെങ്ങന്മാർക്കുവേണ്ടി ചെലവാക്കി. അതിലുള്ള ദേഷ്യമാണ് സേതുവിന്റെ അമ്മയുടെ വാക്കുകളിൽ കാണുന്നത്.

വീട്ടിലെ കാര്യങ്ങൾ നോക്കുന്നത് സേതുവിന്റെ അമ്മയാണെങ്കിലും സഹോദരൻ മാധവനാണ് അധികാരം. ചെറിയ ജ്യേഷ്ടത്തിയും മാധവനും തമ്മിലുള്ള സംഭാഷണമാണ് സന്ദർഭം.

> 'മാധവാ, നീയൊന്ന്ങ്ങ്ട് വര്ണ്ണ്ടോ?'
>
> തിരിഞ്ഞുനോക്കാതെ ചോദിച്ചു.
>
> 'എന്താ വേണ്ടത്'
>
> 'പത്തായം തൊറന്നു കുറച്ചു നീററടയ്ക്ക എടുത്തുതാ' (2009 സി: 106)

കാർഷികവിളകളുടെ സൂക്ഷിപ്പ് പുരുഷന്മാരുടെ നിയന്ത്രണത്തിൽ തന്നെയാണ്. വീട്ടിലെ മുതിർന്നവർ പെങ്ങന്മാരാണെങ്കിലും അധികാരം പുരുഷനിൽ തന്നെയാണ് എന്നതിന്റെ സൂചനയാണ് ഈ സംഭാഷണം.

സംബന്ധം ചെയ്ത ആളുകളെക്കൊണ്ട് ഇല്ലത്തെ പണികളെല്ലാം ചെയ്യിക്കുക അന്നത്തെ പതിവാണ്. മാധവനും അങ്ങനെയൊരു അവസ്ഥയിലാണെന്ന് അയാളുടെ വാക്കുകൾ കേട്ടാൽ മനസിലാകും.

> 'ഇല്ലത്തുനിന്ന് രണ്ടുമൂന്നു പ്രാവശ്യം വിളിച്ചിരുന്നു. നീയവിടെ പോയ്യോ? മാധവമ്മാമ മിണ്ടിയില്ല.
>
> 'വട്ടീം വയറും വലിച്ച് ആ ചെര്യേ കുഞ്ഞാത്തല് തന്ന്യാണ് വേലീടടുത്തു വന്ന് വിളിച്ചത്.'
>
> 'അതിന് ഞാനെന്തുവേണം? ഗോവിന്ദന്റെ പത്തായത്തിൽ കെട്ക്ക്ണ നെല്ല് ഞാൻ വിചാരിച്ചാൽ കിട്ട്വോ? എന്നെ ശമ്പളം

തന്നിട്ട് കാര്യസ്ഥ പണിക്ക് നിർത്തീട്ടില്ല. ഒന്നിമ്പോക്കണം പോന്ന ഒരാണൊരുത്തനുണ്ടല്ലൊ കാര്യം അന്വേഷിക്കാൻ' (2009 ബി: 140)

സംബന്ധം ചെയ്തവർ സ്വന്തം വീട്ടിൽ നിന്നു പണംകൊണ്ടുവന്ന് ചെലവു നടത്താറുണ്ട് പലപ്പോഴും. ശമ്പളം കൊടുക്കേണ്ട. പണികൾ ചെയ്യിക്കാനും കാര്യ സ്ഥപണിക്കും ഒരാൾ. അത്രയൊക്കെയേ സംബന്ധം ചെയ്ത വീട്ടിൽ ഒരാൾക്ക് സ്ഥാനമുള്ളൂ. ശമ്പളം നൽകാതെ ആജ്ഞാനുവർത്തികളായി അവരെ നിർത്തുക യാണ്. രണ്ടുവീട്ടിലും വിലയില്ലാതെ ആർക്കോവേണ്ടി പണിചെയ്ത് ജീവിക്കുക യാണ് ഇത്തരം ആളുകൾ. ഇതിലുള്ള പ്രതിഷേധമാണ് മാധവന്റെ വാക്കുകൾ.

നോവലിന്റെ ഒടുവിൽ സേതു നാട്ടിൽ തിരിച്ചെത്തുന്നുണ്ട്. ചെറിയമ്മയും സേതുവും തമ്മിലുള്ള സംഭാഷണമാണ് സന്ദർഭം.

'പരമീശന്റെ കമ്പി വന്നപ്പോൾ നീയ്ണ്ടായിരുന്നില്ല അല്ലേ?'

ചുമരിനു നേർക്കു മുഖം തിരിച്ച് അടച്ച കണ്ണുകൾ തുടയ്ക്കുന്നതു കണ്ടു.

'വരും വരുംച്ചിട്ട് പെലർച്ച വണ്ടിവരെ കാത്തു. എന്നിട്ടാ ശവമെടു ത്തത്.' (2009 ബി: 255)

സേതുവിന്റെ അമ്മ മരിച്ച കാര്യമാണ് ഇവിടെ സൂചിപ്പിക്കുന്നത്. അമ്മയെ അവസാനമായി ഒരു നോക്കുകാണാൻ സേതു വന്നില്ല. ജീവിച്ചിരുന്നപ്പോൾ പര സ്പരം വഴക്കു കൂടുമായിരുന്നെങ്കിലും ജ്യേഷ്ഠത്തിയോടുള്ള സ്നേഹം ചെറിയമ്മ യുടെ കണ്ണീരിലൂടെ സേതു അറിയുന്നു. സേതു വരാൻ അവർ ഒരുപാടുസമയം കാത്തിരുന്നു എന്നും ചെറിയമ്മയുടെ വാക്കുകളിൽ നിന്നും സേതുവിന് വ്യക്ത മായി. ലളിതാ ശ്രീനിവാസന്റെ കൂടെ നഗരത്തിൽ കഴിയുമ്പോഴാണ് അമ്മ മരിച്ച വിവരം സേതു അറിഞ്ഞത്. ബിസിനസ്സും കേസുമൊക്കെയായി അയാൾക്ക് വരാൻ കഴിഞ്ഞില്ല. പക്ഷെ അയാൾ ഒന്നും പറയാതെ നിശബ്ദനായി പോവുക യാണ് ചെയ്യുന്നത്.

### 4.2.6. ആചാരവും വിശ്വാസവും

ആ നാട്ടിലെ ആളുകളുടെ വിശ്വാസവുമായി ബന്ധപ്പെട്ട സംഭാഷണവും നോവലിൽ കാണുന്നുണ്ട്. മാധവൻനായരും സുമിത്രയും തമ്മിലുള്ള സംഭാഷണ മാണ് സന്ദർഭം.

> 'നാളെ ഗുളികനു കൊടുക്കണംന്ന് പറഞ്ഞു അമ്മ. മാധവേട്ടനോ ടൊന്നു വരാൻ പറഞ്ഞു.'
>
> പെട്ടെന്ന് ഒന്നും പറയാൻ തോന്നിയില്ല.
>
> 'ആടോൾക്ക് ദെണ്ണം വന്നപ്പോൾ നേർന്നതാ. നാളെയ്ക്ക് ഒക്കെ ഏല്പിച്ചിട്ടുണ്ട്.' (2009 ബി: 69).

ഗാർഹികാന്തരീക്ഷവുമായി ബന്ധപ്പെട്ട ആരാധനാമൂർത്തിയാണ് ഗുളികൻ. പ്രാദേശികമായ വിശ്വാസത്തിന്റെ ഭാഗമാണ് ഇത്തരം ദൈവങ്ങൾ. മാത്രമല്ല ഇത്തരം അനുഷ്ഠാനങ്ങൾ ചെയ്യുവാൻ പുരുഷന്മാർ വേണമെന്ന ധ്വനിയുണ്ട് ഈ സംഭാഷണത്തിൽ. അന്ധവിശ്വാസത്തിന്റെ കാഠിന്യവും ഈ വാക്കുകളിൽ തെളി യുന്നു.

### 4.2.7. തിരിച്ചുവിളിക്കുന്ന വാക്കുകൾ

അസുഖം ബാധിച്ച ഏടത്തിയമ്മ നഗരത്തിലെ ആശുപത്രിയിലേക്കെത്തു മ്പോൾ സേതു പോയി കാണുന്നുണ്ട്. അവിടെ വെച്ചാണ് നാട്ടിലെ കൂടുതൽ കാര്യങ്ങൾ സേതു അറിയുന്നത്.

> 'മാധവമ്മാമ ഇപ്പോ വീട്ടിത്തന്ന്യാണ്. അതു നീയറിഞ്ഞില്ലേ?'
>
> 'ഇല്ല'
>
> 'യൂസുപ്പിന്റെ പീടിക മാധവമ്മാമ വാങ്ങി. പലചരക്കു കച്ചോടാ. നല്ല കച്ചോടാന്നാ പറേണ്.'
>
> 'കേട്ടു'.

> ‘വടക്കേല് ഭാഗം കഴിഞ്ഞതറിഞ്ഞില്ലേ?’
>
> ‘അറിയില്ല. കച്ചവടം തുടങ്ങിയത് അറിഞ്ഞിട്ടില്ല എങ്കിലും പറഞ്ഞു:’
>
> ‘ഇന്നാള് ആരോ വന്നപ്പോ പറഞ്ഞു’ (2009 ബി: 247)

നാട്ടിലെ കാര്യങ്ങൾ ഒന്നും സേതു അറിഞ്ഞിരുന്നില്ല. എന്നാലും അറിയുമെന്ന മട്ടിലാണ് മറുപടി പറഞ്ഞത്. നാടും അവിടത്തെ ബന്ധങ്ങളും മറക്കാനാണ് സേതു ശ്രമിച്ചത്. സുമിത്രയും ദേവുവും ഭാഗം വെച്ചു പിരിഞ്ഞതും സുമിത്ര തനിച്ചു താമസിക്കുന്നതുമെല്ലാം ഏട്ടത്തിയമ്മയുടെ വാക്കുകളിൽ നിന്നാണ് അറിഞ്ഞത്. സുമിത്രയെപ്പറ്റി കേട്ടതെല്ലാം അയാൾക്ക് സങ്കടം നൽകി.

### 4.3. കുടുംബബന്ധ പശ്ചാത്തലത്തിലുള്ള പുരുഷ-പുരുഷഭാഷണങ്ങൾ

നോവലിലെ പുരുഷ ഭാഷണങ്ങൾ അധികാരവുമായി ബന്ധപ്പെട്ടതാണ്. വലിയമ്മാമയും അപ്പുണ്ണിയും തമ്മിലും അപ്പുണ്ണിയും കുട്ടമ്മാമയും തമ്മിലുമുള്ള സംഭാഷണങ്ങളിൽ അധികാരത്തിന്റെ ഏറ്റക്കുറച്ചിലുകളും അതുണ്ടാക്കുന്ന സംഘർഷങ്ങളുമാണ് കൂടുതൽ കാണുന്നത്.

#### 4.3.1. അധികാരവും നിസ്സഹായതയും

അപ്പുണ്ണിയും നാലുകെട്ടിലെ കാരണവരായ വലിയമ്മാമയും തമ്മിൽ നടക്കുന്ന സംഭാഷണത്തിനും രണ്ടു ഘട്ടമുണ്ട്. ആദ്യഭാഗത്ത് വലിയമ്മാമ മാത്രമാണ് സംസാരിക്കുന്നത്.

> ‘ഇപ്പോൾ കൊന്നുകളയുമെന്നാണു കരുതിയത്.... മരിക്കാൻ പോവുകയാണ്... അവന്റെ പിടലിയിൽ ആ കൈവിരലുകൾ അമർന്നു. .... മുറ്റത്തേക്കുള്ള വാതിൽ ചൂണ്ടി വലിയമ്മാമ അലറി:
>
> എറങ്ങടാ .... ഇനി ഈ വളപ്പിനകത്തു കണ്ടാൽ കാലു തച്ചൊടിക്കും ഞാൻ..ഫോ...’ (2009 സി: 57).

*നാലുകെട്ടിൽ* സർപ്പംതുള്ളൽ കാണുവാൻ വന്ന അപ്പുണ്ണിയെ ആട്ടിയിറക്കുന്നതാണ് സന്ദർഭം. അധികാരത്തിന്റെ ശബ്ദമാണ് വലിയമ്മാമയുടേത്. തറവാടിനെ അപമാനിച്ച പാറുക്കുട്ടിയുടെ മകനായതുകൊണ്ടാണ് അവനെ ആട്ടിയിറക്കിയത്. കഞ്ഞികുടിക്കാനിരുന്നിടത്തുനിന്നാണ് അയാൾ കുട്ടിയായ അപ്പുണ്ണിയെ ഓടിച്ചത്.

എന്നാൽ നോവലിന്റെ ഒടുവിൽ അപ്പുണ്ണിയുടെ മുൻപിൽ കടംപെരുകി ദയനീയമായി നിൽക്കുന്ന കാരണവരെയാണ് കാണുന്നത്. അയാൾ അപ്പുണ്ണിയോട് കാശ് കടം ചോദിക്കാൻ വന്നതാണ്.

> 'ഈ നാലുകെട്ടു നിലനിന്നുകാണാൻ എനിക്കാഗ്രഹമില്ല. ഇവിടെ നിന്ന് എന്നെ ആട്ടിയിറക്കിയതു നിങ്ങൾ മറന്നിട്ടുണ്ടാവും. എനിക്കതു മറക്കാൻ വയ്യാ.'
>
> തണുത്തുറഞ്ഞ നിശബ്ദത അവർക്കിടയിൽ തങ്ങിനിന്നു. ഇടറുന്ന സ്വരത്തിൽ വലിയമ്മാമ പറഞ്ഞു;
>
> 'അങ്ങന്യൊക്കെ പറ്റി. ഇപ്പതിനു ഞാൻ ദുഃഖിക്കുന്നുണ്ട്. കഴിഞ്ഞതൊക്കെ മറക്ക്, അപ്പുണ്ണ്യേ.' (2009 സി: 199)

ദയനീയമായി യാചിക്കാൻ അയാൾക്ക് മാനക്കേട് തോന്നുന്നില്ല. അക്കാലമത്രയും അഭിമാനത്തിന്റെ പ്രതീകമായ നാലുകെട്ട് അന്യാധീനപ്പെട്ട് പോകാതിരിക്കാൻ അപ്പുണ്ണിയുടെ പണം വേണം. അതിനാണ്; അഭിമാനം സംരക്ഷിക്കാനാണ് അപ്പുണ്ണിയുടെ മുൻപിൽ വല്യമ്മാമ എത്തുന്നത്. മാപ്പിളമാർ ചോദിക്കുന്നുണ്ടെങ്കിൽ അവർക്കു കൊടുക്കാൻ അയാളുടെ അഭിമാനം അനുവദിക്കുന്നില്ല.

ഇതുപോലെ അപ്പുണ്ണിയുടെ മുൻപിൽ കുട്ടമ്മാമയും എത്തുന്നുണ്ട്. പഠിച്ചിരുന്ന കാലത്ത് അപ്പുണ്ണിക്ക് സ്കോളർഷിപ്പ് കിട്ടിയ പൈസ കുട്ടമ്മാമ കടമായിവാങ്ങി. പക്ഷേ അപ്പുണ്ണിക്ക് ഫീസ് അടയ്ക്കേണ്ട സമയം വന്നപ്പോൾ അത്

തിരിച്ചുകൊടുത്തുമില്ല. പിന്നീട് അപ്പുണ്ണി പണക്കാരനായി തിരിച്ചെത്തിയപ്പോൾ കുട്ടമ്മാമ വലിയമ്മാമയെപ്പോലെ തന്നെ കഷ്ടത്തിലായിരുന്നു. ഈ രണ്ട് അവസ്ഥയും അവർ തമ്മിലുള്ള സംഭാഷണത്തിൽ തെളിയുന്നു. അപ്പുണ്ണി സാമ്പത്തിക സ്ഥിരത കൈവരിച്ച് നാട്ടിൽ  തിരിച്ചെത്തുമ്പോഴേക്കും തറവാട് ക്ഷയിക്കുകയും അമ്മാവൻമാർ ദയനീയാവസ്ഥയിലെത്തുകയും ചെയ്തിരുന്നു. അപ്പുണ്ണി പഠിച്ചുരുന്ന കാലത്ത് അഹങ്കാരത്തോടെയും പുച്ഛത്തോടെയുമായിരുന്നു അവനോട് കുട്ടമ്മാമ സംസാരിച്ചിരുന്നത്.

> 'പതിനഞ്ചാം തീയതി ഗവർമ്മണ്ടു പരീക്ഷയ്ക്കു ഫീസടയ്ക്കണം'
>
> 'അയിന്'
>
> 'കുട്ടമ്മാമ'
>
> 'കടം പിരിക്കാൻ വന്നതാടാ?'
>
> 'ഞാനെന്താ ചെയ്യണ്ട് - ഫീസടച്ചിട്ടില്ലെങ്കി -'
>
> 'നെന്റെ നാലു നൊട്ട വാങ്ങിച്ചിട്ട്ണ്ട് ച്ചിട്ടല്ലേടാ ഇത്?  എന്റയ്യിലു പണുംല്യ പന്നിക്കുട്ടീംല്യ'
>
> 'കരച്ചിൽ വന്നു. എങ്കിലും കരഞ്ഞില്ല. വേദനിക്കുമ്പോൾ കരയാതിരിക്കാൻ അവൻ പഠിച്ചു കഴിഞ്ഞിരുന്നു'
>
> അവൻ അകത്തേയ്ക്ക് പോരുമ്പോൾ, കുട്ടമ്മാമ പറഞ്ഞു:
>
> 'ഇനി നീയൊക്കെ പഠിച്ചിട്ടു തുക്കിടിസ്സായ്പായിട്ടല്ലേ വര്ാ?' (2009 സി: 150)

ഈ സംഭാഷണത്തിൽ കുട്ടമ്മാമയുടെ ധാർഷ്ഠ്യവും അപ്പുണ്ണിയുടെ ദയനീയതയും വ്യക്തമാണ്. എത്ര പഠിച്ചാലും അപ്പുണ്ണിക്ക് നല്ല കാലമുണ്ടാവില്ല എന്ന ധ്വനി അയാളുടെ വാക്കുകളിൽ ഉള്ളടങ്ങിയിരിക്കുന്നു. കടം പിരിക്കാൻ വന്നതാടാ എന്ന ചോദ്യത്തിൽത്തന്നെ തിരിച്ചുകൊടുക്കാൻ വേണ്ടി വാങ്ങിയതല്ല ആ പണം

എന്നാണ് അയാൾ സൂചിപ്പിക്കുന്നത്. 'നാലുനൊട്ട' എന്ന് അപ്പുണ്ണിയുടെ പണത്തെ നിസ്സാരവൽക്കരിക്കുകയാണ് കുട്ടമ്മാമ ചെയ്യുന്നത്. നോവലിന്റെ അവസാനം കാണുന്നത് കുട്ടമ്മാമയുടെ ദയനീയമായ ചിത്രമാണ്. അപ്പുണ്ണി പണക്കാരനായി തിരിച്ചെത്തിയതറിഞ്ഞ് കുട്ടമ്മാമ കാണാൻ വരുന്നുണ്ട്.

> 'നിയ്ക്ക് പണ്ടത്തന്തി അധ്വാനിക്കാൻ വയ്യ. ആ പെണ്ണിന്റെ സ്തിത്യാലോചിക്കുമ്പൊഴാ എനിക്കു വ്യസനം.'
>
> അതിന് അപ്പുണ്ണി ഒന്നുമൂളി.
>
> 'അവളക്കാച്ചാൽ നിന്നെ പ്രാണനാ ......'
>
> കുട്ടമ്മാമ പിന്നെയും എന്തോ പറയാനുള്ളപോലെ പതുങ്ങി
>
> 'ഞാനെന്തുവേണം'
>
> 'ഓൾക്കു നീയെന്നേ ഒരാശ്രയംള്ളൂ'
>
> അപ്പുണ്ണിയുടെ മനസ്സിൽ പഴയ ഓർമ്മകളുടെ ചുഴലിക്കാറ്റ് അടിച്ചു കയറുകയായിരുന്നു. തണുത്ത സ്വരത്തിൽ അയാൾ പറഞ്ഞു.
>
> 'ഞാൻ തുക്കിടി സായ്വൊന്നും ആയിട്ടില്ല്യല്ലോ?' (2009 സി: 196)

പണ്ട് തന്നോട് പറഞ്ഞ ഓരോ വാക്കിനും പകരം വീട്ടുകയായിരുന്നു അപ്പുണ്ണി. തൊപ്പിക്കുട തലയിൽവെച്ച് കുട്ടമ്മാമ പതുക്കെ കുന്നിറങ്ങി പോകുന്നതു കണ്ടപ്പോൾ അപ്പുണ്ണിക്ക് ക്രൂരമായ ആനന്ദമാണ് തോന്നിയത്. പണമാണ് അന്തസ്സിന്റെ മാനദണ്ഡം എന്ന് ഇവിടെ വ്യക്തമാണ്. പഴയ അപ്പുണ്ണിക്ക് മകളെ വിവാഹംകഴിച്ചുകൊടുക്കാൻ അയാൾ ഒരിക്കലും തയ്യാറാകില്ല. എന്നാൽ ഇപ്പോൾ അപ്പുണ്ണി അയാൾക്ക് സ്വീകാര്യനാണ്. അതിന്റെ കാരണം അപ്പുണ്ണിയുടെ പണമാണ്.

*നാലുകെട്ട്* എന്ന നോവലിൽ തറവാട്ടുകാരണവരായ കുഞ്ഞിക്കൃഷ്ണമേനോനും മരുമകൻ കുട്ടനും കാരണവരുടെ സഹോദരിയും അധികാരിയും എല്ലാം

ചേർന്ന് തറവാട്ടുസ്വത്തിന്റെ കാര്യത്തിൽ ഒരു സംഭാഷണം നടക്കുന്നുണ്ട്. കുഞ്ഞിക്കൃഷ്ണമേനോനും അനിയനും തമ്മിലാണ് തർക്കം നടന്നത്. തറവാട്ടുസ്വത്തിന്റെ വിനിയോഗം സംബന്ധവ്യവസ്ഥ കുടുംബത്തിലുണ്ടാക്കുന്ന അരക്ഷിതാവസ്ഥ എന്നിവയെല്ലാം ഈ സംഭാഷണത്തിൽ വ്യക്തമാണ്.

> 'എനിക്കു പറയാൻ പേട്യോന്നൂല്ല്യ'. അവടെ വെച്ചടി വെച്ചടി കേറ്റാ. എങ്ങനെ? അവിടുന്ന് ആരെങ്കിലും വന്നാൽ ന്റെ പെങ്ങന്മാര് ചോറും കൂട്ടാനും പത്തായപ്പെരേലിക്കു കെട്ടണം: പൂന്തോട്ടത്തുകാരുടെ വെള്ളാട്ട്യോളും ദാസ്യോളും അല്ലേ ഇവ്ട്ത്തെ പെണ്ണുങ്ങള്! കാക്കാശിനു ഗതിയില്ലാണ്ടു കെടന്നകൂട്ടരാ' – (2009 സി: 143).

സ്വന്തം വീട്ടിലെ കാര്യങ്ങൾ നോക്കാതെ സംബന്ധം ചെയ്ത വീട്ടിലെ കാര്യങ്ങൾ നോക്കുന്ന കാരണവരെയാണ് മരുമകൻ കുട്ടൻ ചോദ്യം ചെയ്യുന്നത്. കാൽക്കാശിനു ഗതിയില്ലാതിരുന്ന പൂന്തോട്ടത്തിൽ തറവാട് ഇപ്പോൾ നല്ല സാമ്പത്തിക സ്ഥിതിയിലെത്തിയത് വടക്കേപ്പാട്ട് തറവാട്ടിൽ നിന്നു നെല്ലും പണവും കൊണ്ടുപോയിട്ടാണ്. മാത്രമല്ല തറവാട്ടിലെ സ്ത്രീകളുടെ ദൈന്യതയും ഇവിടെ തെളിയുന്നു. വെള്ളാട്ട്യോളും ദാസ്യോളും എന്നീ വാക്കുകളിലൂടെ അവിടുത്തെ പണിക്കാർക്കു സമമാണ് വടക്കേപ്പാട്ടെ സ്ത്രീകളുടെ നില എന്നും വ്യക്തമാകും.

> 'ഈ കീറാമാറാപ്പു പേര്യേന്റെ വക നിയ്ക്കു കിട്ടി. അതോണ്ടന്യാ പറേണ് നിയ്ക്ക്, രണ്ടോരി മൊതലു വേണം നിയ്ക്കിവറ്റിന്റെ ഒരു കാശും അധികം വേണ്ടാ. അതോണ്ടല്ല. തറവാട്ടു കാരണോരായാൽ അങ്ങന്യാ പണ്ടയ്ക്കു പണ്ടേ.'
>
> 'നടക്കില്ല' കുട്ടമ്മാമയ്ക്കു വീണ്ടും ശബ്ദം പൊങ്ങി
>
> അധികാരി കുട്ടമ്മാമയെ ഉപദേശിച്ചു:
>
> 'അങ്ങനെ പറയരുത്, കുട്ടന്നായരേ. അതൊക്കെ നാട്ടുനടപ്പല്ലേ?'
>
> 'ആ കാലൊക്കെ പണ്ടേര്ന്ന്.' (2009 സി: 145).

ഒരു കാശും അധികം വേണ്ടെന്നു പറയുന്ന കാരണവർ രണ്ടോഹരി സ്വത്താണ് ആവശ്യപ്പെടുന്നത്. അതിനായി ന്യായം പറയുന്നത് പണ്ടുതൊട്ടേയുള്ള നാട്ടുനടപ്പ് അതാണെന്നാണ്. എന്നാൽ ആ നാട്ടുനടപ്പിനെ കുട്ടൻനായർ ചോദ്യം ചെയ്തു. കാലംമാറി എന്ന ബോധ്യമാണ് കാരണവർക്ക് മരുമകനിലൂടെ ലഭിച്ചത്. നാട്ടുനടപ്പിനേയും പഴയ സ്വത്തവകാശത്തേയും ചോദ്യം ചെയ്യുകയാണ് കുട്ടൻനായർ. അക്കാലത്തെ സ്വത്തവകാശവും കുടുംബവ്യവസ്ഥയുമൊക്കെ ഇവരുടെ സംഭാഷണത്തിലൂടെ തെളിയുന്നു. നാലുകെട്ടിന്റെ തകർച്ചയുടെ കാരണങ്ങളിലേക്ക് കൂടി നയിക്കുന്നതാണ് ഈ സംഭാഷണം.

അപ്പുണ്ണി നാലുകെട്ടിലേക്ക് വീണ്ടും വരുമ്പോൾ കാരണവർ അവനെ മർദ്ദിക്കുന്നുണ്ട്. അവനെ അടിക്കുന്നത് തടഞ്ഞത് കുട്ടൻനായരാണ്.

> 'ആ ചെക്കനെ തൊടരുത്. ഞാനാ പറേണ്!'
>
> വലിയമ്മാമയുടെ കൈ താണു.
>
> 'നീയാരാ ന്നോട് കല്പിക്കാൻ?'
>
> 'ആരെങ്കിലായ്ക്കോട്ടെ. അവനെ തല്ലരുതെന്ന് ഞാനാ പറഞ്ഞത്. തച്ചാൽ അതിനു ശേഷംണ്ട്.'
>
> വലിയമ്മാമ മരുമകന്റെ നേരെ തിരിഞ്ഞു:
>
> 'പ്ഫ നീയെന്നാടാ ഇത്രയ്ക്ക് വല്തായ്യേ?'
>
> അപ്പോഴും കുട്ടമ്മാമ ഉറച്ച സ്വരത്തിൽ പറഞ്ഞു:
>
> 'അമ്മാമയ്ക്കു വയസ്സായെന്നു ഞാനോർക്കില്ല'.
>
> പടമെടുത്തു നിന്ന വലിയമ്മാമ ആകെ ചുളുങ്ങിപ്പോയി. (2009 സി: 106).

കുട്ടൻനായരും കാരണവരും തമ്മിലുള്ള അത്തരമൊരു സംഭാഷണം ആദ്യമായാണ് നാലുകെട്ടിൽ ഉണ്ടായത്. കാരണവരുടെ ആജ്ഞകളെ കാലാകാലങ്ങ

ളായി അനുസരിച്ചു പോരുകയായിരുന്നു പതിവ്. ആരും അതിനെ അതുവരെ ചോദ്യം ചെയ്തിട്ടില്ലായിരുന്നു. കുട്ടൻനായർ ഇവിടെ കാരണവരെ ചോദ്യം ചെയ്തത് അപ്പുണ്ണിയോടുള്ള സ്നേഹംകൊണ്ടായിരുന്നില്ല. മറിച്ച് കാരണവരുടെ പ്രവൃത്തികളോടുള്ള ശക്തമായ പ്രതിഷേധം കൊണ്ടാണ്. ജന്മിമാരുടെയും ഭൂപ്രഭുക്കന്മാരുടെയും ക്രൂരമായ പീഡനങ്ങൾ അക്കാലത്തെ കീഴാള-കർഷകത്തൊഴിലാളികൾ അനുഭവിച്ചിരുന്നു. എന്നാൽ അത്തരം സന്ദർഭങ്ങളോ സാഹചര്യങ്ങളോ *നാലുകെട്ട്* എന്ന നോവലിൽ വരുന്നില്ല. എന്നാൽ തറവാട്ടകങ്ങളിൽ പുരുഷന്മാരടക്കമുള്ളവർ കാരണവന്മാരിൽനിന്നു അനുഭവിച്ചിരുന്ന അനീതികളെയും പീഡനങ്ങളെയും തന്റെ കൃതികളിലൂടെ ആവിഷ്കരിക്കാനുള്ള എം.ടി യുടെ ശ്രമം ഈ സംഭാഷണത്തിൽ കാണുന്നുണ്ട്. 'അമ്മാമയ്ക്കു വയസ്സായെന്നു ഞാനോർക്കില്ല' എന്നു പറയുന്നിടത്ത് കാരണവരെകൂടി ഭയപ്പെടുത്തുന്ന പ്രതിഷേധത്തിന്റെ ശബ്ദം നാലുകെട്ടിൽ മുഴങ്ങുന്നു. കുട്ടൻനായരുടെ സംഭാഷണത്തിൽ 'ഞാൻ' എന്ന കർത്തൃശബ്ദം ആവർത്തിച്ച് വരുന്നുണ്ട്. അതിലൂടെ അയാൾക്കും ഒരു സ്വത്വമുണ്ടെന്നും ആ തറവാട്ടിലെ കാര്യങ്ങൾ തീരുമാനിക്കാൻ അവകാശമുണ്ടെന്നും സൂചിപ്പിക്കുകയാണ് അയാൾ ചെയ്യുന്നത്.

കാരണവരും മരുമകനും തമ്മിലുള്ള തർക്കം തറവാട്ടിലെ എല്ലാവരെയും ബാധിക്കുന്നുണ്ട്. ചെലവിനുള്ള നെല്ല് അളന്നിട്ടു കൊടുക്കുന്ന ദിവസം മീനാക്ഷി ചെന്നപ്പോൾ കാരണവർ നെല്ല് കൊടുത്തില്ല. മരുമകൻ കാര്യമറിഞ്ഞപ്പോൾ ചോദിക്കാൻ ചെന്നു. അപ്പോൾ കാരണവർ അയാളോടുകയർത്തു.

> 'തൊറക്കില്ല ഞാൻ പത്തായം, നീയാരാന്നോടു കല്പിക്കാൻ?'
>
> മാളുവും വലിയമ്മയും തങ്കേടത്തിയും ഉമ്മറക്കോലായിൽ നിന്നു ശ്രദ്ധിക്കുകയായിരുന്നു.
>
> 'ഞാനോ? ഞാൻ ഈ തറവാട്ടിലെ ഒരാളന്ന്യാ, രാവുപകലു ഞാൻ ചോര നീരാക്കി പണിതിട്ടാ നെല്ല്ണ്ടാവ്ണ്.' (2009 സി: 108).

നാലുകെട്ടിൽ താമസിക്കാനെത്തിയ അപ്പുണ്ണിയെ കാരണവർ ഇറക്കിവിടാൻ ശ്രമിച്ചപ്പോൾ കുട്ടൻനായരാണ് തടഞ്ഞത്. അതോടെയാണ് ഇരുവരും തമ്മിലുള്ള പ്രശ്നങ്ങൾ തുടങ്ങിയത്. അധ്വാനിക്കുന്നവരെല്ലാം കാരണവരുടെ ദയക്കായി കാത്തിരിക്കുകയാണ്. നെല്ലുമുഴുവൻ പത്തായത്തിലാക്കി അതുപൂട്ടി താക്കോൽ കൈവശം വെച്ച കാരണവർ പഴയ ഫ്യൂഡൽ കാലത്തിന്റെ പ്രതിനിധി തന്നെയാണ്. എന്നാൽ കുട്ടൻനായരുടെ വാക്കുകളിൽ തറവാട്ടകങ്ങൾക്കുള്ളിൽത്തന്നെ നിലനിന്ന അനീതിയും അസമത്വവും വെളിവാക്കുന്നുണ്ട്. തറവാട്ടിലെ കുട്ടികളുൾപ്പെടെയുള്ളവർക്ക് ഭക്ഷണത്തിനുള്ള നെല്ല് വരെ നൽകാതിരിക്കുന്ന തറവാട്ടുകാരണവന്മാരുടെ ക്രൂരതയാണ് നാലുകെട്ടിലെ കാരണവരുടെ പ്രവൃത്തിയിലൂടെ കാണുന്നത്. 'നീയാരാ ന്നോടു കല്പിക്കാൻ?' എന്നു ചോദിക്കുന്നിടത്ത് താൻതന്നെയാണ് പരമാധികാരിയെന്നും തന്നെ ചോദ്യം ചെയ്യുവാൻ ആർക്കും അധികാരമില്ലെന്നും ഉറപ്പിക്കുകയാണ് കാരണവർ ചെയ്യുന്നത്. ഈ സംഘർഷമെല്ലാം നടക്കുമ്പോഴും ശബ്ദമില്ലാത്ത ജന്മങ്ങളായി പ്രതിഷേധിക്കാൻ അവകാശമില്ലാത്തവരായി അവിടത്തെ സ്ത്രീകൾ നാലുകെട്ടിനുള്ളിൽ കഴിയുന്നു.

### 4.3.2. പ്രതികാരഭാഷണം

നാട്ടിലെ പ്രമാണിയായ ശേഖരൻനായർ ഭാര്യയുടെ സഹോദരനായ ഗോവിന്ദൻകുട്ടിക്ക് തന്റെ വീട്ടിൽ ജോലിക്കുനിന്ന മീനാക്ഷിയെ വിവാഹം ചെയ്തുകൊടുക്കുന്നുണ്ട്. എന്നാൽ പിന്നീടാണ് ഗോവിന്ദൻകുട്ടി ചതി മനസ്സിലാക്കിയത്. ശേഖരൻനായരുടെ മകൻ കൊച്ചപ്പൻ ഗർഭിണിയാക്കിയ പെണ്ണിനെയാണ് അയാൾ ഗോവിന്ദൻകുട്ടിക്ക് കല്യാണം കഴിപ്പിച്ചുകൊടുത്തത്. അതോടെ പെണ്ണിനെ അവളുടെ വീട്ടിൽ കൊണ്ടുചെന്നാക്കി. ശേഖരൻനായരെ കൊല്ലാനായി ഗോവിന്ദൻകൂട്ടി അയാളുടെ വീട്ടിലെത്തി.

'നിയ്ന്നെ അവമാനിക്കാനാ ഭാവം?'

ചുമലിൽ വെച്ച കൈ ആരുടേതെന്നു നോക്കാതെ തട്ടിക്കളഞ്ഞ്

ഗോവിന്ദൻകുട്ടി പറഞ്ഞു:

'അല്ലാ, നിങ്ങടെ കൊടലെടുക്കാൻ. അതിനാ വന്നത്. അതു കഴി ഞ്ഞിട്ടേ പോണൊള്ളൂ' (2009 എ: 147)

ഇവിടെ ഗോവിന്ദൻകുട്ടിയുടെ ധൈര്യവും കരുത്തും പ്രകടമാണ്. അവൻ വന്നത് തനിക്കേറ്റ അപമാനത്തിനു പകരം വീട്ടാനാണ്.

പിന്നീട് കുഞ്ഞരയ്ക്കാരുടെ വീട്ടിൽ താമസമാക്കിയപ്പോൾ ശേഖരൻനായ രുടെ ആളുകൾ തല്ലാൻ വന്നു. അപ്പോൾ കുഞ്ഞരയ്ക്കാരാണ് അയാളെ സഹായി ച്ചത്.

'ഇതില് തനിക്കെന്തെടോ കാര്യം?'

'പത്താളുചേർന്ന് ഒരുത്തനെ തല്ലിക്കൊല്ലുമ്പോ അതിനിയ്ക്കു കാര്യാ. ഓടിനെടാ ബലാല്കളെ. അല്ലെങ്കി ഓരോരുത്തനായി വരി' (2009 എ: 165).

എന്നും ന്യായത്തിന്റെ പക്ഷത്തുനിൽക്കുന്നയാളാണ് കുഞ്ഞരയ്ക്കാർ. അത് അയാളുടെ വാക്കുകളിൽ തെളിയുന്നുണ്ട്. തല്ലാൻ വന്നവർ ഇതില് തനി ക്കെന്താ കാര്യമെന്ന് ചോദിയ്ക്കുന്നത് ഹിന്ദുമതത്തിൽപ്പെട്ടവനെ തല്ലുന്നത് ഇസ്ലാ മായ കുഞ്ഞരയ്ക്കാർ തടഞ്ഞതുകൊണ്ടാണ്. മതപരമായ കണ്ണോടെ കാര്യങ്ങളെ വീക്ഷിക്കുന്ന ഒരു സമൂഹത്തിന്റെ ചിത്രം ഇവിടെ കാണുന്നുണ്ട്. മതസം ഘർഷവും വാശിയും നിറഞ്ഞതാണ് *അസുരവിത്തിലെ* പുരുഷഭാഷണങ്ങളിൽ അധികവും. വീടിനകത്തും വീടിനുപുറത്തും സംസാരിക്കുന്ന കാര്യങ്ങൾ ഇത്തര ത്തിലുള്ളതാണ്. സംഘർഷം നിറഞ്ഞ അകവും പുറവും ചേരുന്നതാണ് *അസുര വിത്തിലെ* പുരുഷഭാഷണങ്ങൾ.

### 4.3.3. നിരാശയുടെ ഇടം

സേതുവിന്റെ അച്ഛൻ പെങ്ങളുടെ മകൻ പഠിത്തത്തിൽ പിന്നിലാണ്. പക്ഷേ ജീവിക്കാനാവശ്യമായ വരുമാനം അവൻ കണ്ടെത്തുന്നുണ്ട്.

> 'സേതോട്ടന് എത്രകൊല്ലം വേണം. ഇനി കോളേജിൽ?'
>
> 'ഇനിയും കുറേ കൊല്ലം വേണം. തോൽക്കാതിരിക്കേം വേണം.'
>
> 'സേതോട്ടൻ തോൽക്കേ? അസ്സലായി. ഞാനൊരു കച്ചോടം തൊട ങ്ങാനാണു പ്ലാൻ. പഞ്ചായത്താപ്പീസിന്റെ അടുത്ത രണ്ടുമുറി പീടിക കണ്ടുവച്ചിട്ടുണ്ട്. ഉദ്യോഗം നമ്മക്കു പറ്റില്ല'
>
> 'എന്തിന് ഉദ്യോഗം? തേങ്ങയിടാനുണ്ട്. നെല്ലുണ്ട്. ഇതൊന്നും ഇല്ലാ ത്തവർക്കല്ലേ ഉദ്യോഗം തെണ്ടേണ്ട കാര്യമൊള്ളൂ?' (2009 ബി: 94).

രവി കച്ചവടം തുടങ്ങാനുള്ള കാര്യങ്ങൾ നോക്കിവെച്ചിട്ടുണ്ട്. എന്നാൽ പഠിക്കുന്നുണ്ടെങ്കിലും സേതുവിന്റെ ഉള്ളിൽ കുടുംബത്തിൽ സമ്പത്തില്ലാതായതിന്റെ നിരാശ കാണുന്നുണ്ട്. തേങ്ങയും നെല്ലും ഒന്നും ഇല്ലാത്തവർക്കേ ഉദ്യോഗം ആവശ്യമൊള്ളൂ എന്നാണ് സേതുവിന്റെ അഭിപ്രായം. പഠിച്ച ഏതൊരാൾക്കും ജോലി കിട്ടാനായിരിക്കും ആഗ്രഹം. എന്നാൽ പാടവും പറമ്പും ധാരാളമുള്ള ഒരാളായി ജീവിക്കാനാണ് സേതുവിന് ഇഷ്ടം. സമ്പത്തുള്ള ഒരു വീട്ടിൽ ജനിക്കാതിരുന്നതുകൊണ്ടാണ് ഉദ്യോഗം തെണ്ടേണ്ട ഗതി വന്നതെന്ന സൂചനയും സേതുവിന്റെ വാക്കിലുണ്ട്. കാലത്തിലെ സേതുവിന്റെ അമ്മയും ചെറിയമ്മയും തമ്മിലുള്ള സംഭാഷണം വീടിന്റെ അകസ്ഥലത്തെ സംഘർഷങ്ങൾ വെളിവാക്കുന്നുണ്ട്.

### 4.3.4. ഓർമ്മകൾ ഉണർത്തുന്ന ഭാഷണങ്ങൾ

നഗരജീവിതത്തിലെ തിരക്കിനിടയിലേക്ക് ഗ്രാമത്തിന്റെ ഓർമ്മകളുമായി ആദ്യം എത്തുന്നത് തങ്കമണിയുടെ അനിയൻ ഉണ്ണിയാണ്. രണ്ടാമത് എത്തുന്നത്

സേതുവിന്റെ ജ്യേഷ്ഠനാണ്.നഗരത്തിലെ സുഹൃത്തുക്കളുമായി മദ്യപിച്ച് വീട്ടി ലേക്ക് വരുമ്പോഴാണ് തങ്കമണിയുടെ അനിയൻ ഉണ്ണിയെ സേതു കാണുന്നത്. ഉണ്ണിയെ സേതു അവിടെ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല.

> 'വരുന്ന വിവരത്തിന് നിനക്കെഴുതായിരുന്നില്ലേ? ഞാൻ കാത്തു നിൽക്കില്ലേ?'
>
> 'തങ്കോപ്പു എഴുതിയിരുന്നു.'
>
> 'ങ്ഹും,'
>
> ചവറ്റുകൊട്ടയിൽ തുറക്കാതെ വീണ കത്തുകളുടെ കൂട്ടത്തിൽ അവ ളുടെ കത്തും ഉണ്ടായിരുന്നു.
>
> അവൻ ബാഗ് തുറന്ന് ഒരു കത്ത് നീട്ടിക്കൊണ്ട് പറഞ്ഞു
>
> 'തങ്കോപ്പുവിന്റെ കത്താണ്' (2009 ബി: 230)

തങ്കമണിയുടെ കത്തുകൾ ഒരിക്കൽ സേതുവിന്റെ ജീവിതത്തിലെ പ്രണയ ത്തിന്റെ സാക്ഷ്യമായിരുന്നു. അവളുടെ കത്തുകൾ കിട്ടാനായി കാത്തിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ജോലികിട്ടി നഗരത്തിൽ എത്തിയതോടെ സുമിത്ര യെയും തങ്കമണിയെയുമെല്ലാം സേതു മറന്നു. നാട്ടിൽനിന്നു വരുന്ന കത്തുകൾ തുറന്നു നോക്കാറില്ല. തങ്കമണി അയച്ച കത്തുകളും ആ കൂട്ടത്തിൽ ഉണ്ടാകുമെന്ന് സേതുവിന്റെ ഈ സംഭാഷണത്തിൽ നിന്നു വ്യക്തമാകും.

നഗരത്തിലെ ആശുപത്രിയിൽ ചികിത്സയ്ക്ക് ജ്യേഷ്ഠത്തിയമ്മയെ കൊണ്ടു വന്നപ്പോൾ സേതുവിനെ അന്വേഷിച്ച് ജ്യേഷ്ഠൻ വരുന്നുണ്ട്. വീട്ടിലേയും നാട്ടി ലേയും കാര്യങ്ങൾ സേതു ജ്യേഷ്ഠന്റെ വാക്കുകളിലൂടെയാണ് അറിയുന്നത്.

> 'കഷ്ടകാലം ന്നേ പറയേണ്ടു. അമ്മയ്ക്കും നല്ല സുഖംല്യ. എന്നും കെടപ്പാ.'

'വല്ല ഡോക്ടറേം കാണിക്കായിരുന്നില്ലേ?'

'മുസ്സിനെ കാണിച്ചു. ആ ഡോക്ടർ ലാസറെ രണ്ടുമൂന്നു തവണ കൊണ്ടന്നു.' (2009 ബി: 245).

അമ്മയെ സേതു കണ്ടിട്ട് കാലം കുറച്ചായി. അമ്മയ്ക്കു അസുഖമായി കിട ക്കുന്നതുപോലും സേതു ഇപ്പോഴാണ് അറിയുന്നത്. സേതുവിന്റെ കയ്യിൽ ധാരാളം പണമുണ്ട്. പക്ഷേ അതൊന്നും അമ്മയ്ക്ക് ഉപകാരപ്പെടാത്ത വിധത്തിൽ കുടുംബ ത്തിൽ നിന്നും അകന്നാണ് സേതു കഴിഞ്ഞത്.

ജ്യേഷ്ഠൻ പറഞ്ഞതെല്ലാം സേതുവിന്റെ ഓർമ്മകളെ അലോസരപ്പെടു ത്തുന്ന കാര്യങ്ങളായിരുന്നു.

'പുഷ്പോത്തെ കാര്യത്തെപ്പറ്റി നീയെന്താ നിശ്ചയിച്ചിരിക്ക്ണ്?'

'ഉം പിന്നെയാവാം.'

'ആർക്കും അതിലലോഗ്യംല്ല്യ. മുമ്പ് വല്ലവരും വല്ലതും പറഞ്ഞൂച്ചിട്ട് അതൊക്കെ കാര്യാക്കാൻണ്ടോ?'

'ആവാം പിന്നെയാവാം' (2009 ബി: 248)

ഒരിക്കൽ വീട്ടുകാരെതിർത്താലും നടത്തണമെന്നു സേതു നിശ്ചയിച്ച കാര്യ മാണ്. എന്നാൽ ആ ബന്ധത്തിൽ നിന്നും ഇപ്പോൾ സേതു ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നത്. ഒന്നിലും ഉറച്ചുനിൽക്കാതെ എല്ലാറ്റിൽനിന്നും ഒളിച്ചോടുന്ന സേതു വിനെയാണ് *കാല*ത്തിൽ കാണാൻ കഴിയുക.

### 4.4. കുടുംബബന്ധ പശ്ചാത്തലത്തിലെ സ്ത്രീ-സ്ത്രീഭാഷണങ്ങൾ

ഇതിൽ പ്രധാനമായും *നാലുകെട്ടിലെ* അപ്പുണ്ണിയുടെ അച്ഛമ്മയും ചെറിയ മ്മയും തമ്മിലുള്ള ഭാഷണവും *കാല*ത്തിലെ സേതുവിന്റെ അമ്മയും ചെറിയമ്മയും തമ്മിലുള്ള ഭാഷണവുമാണ് വരുന്നത്.

### 4.4.1. നഷ്ടപ്പെടുന്ന അവകാശങ്ങൾ

*നാലുകെട്ടിലെ* സ്ത്രീ ഭാഷണങ്ങളിൽ പലപ്പോഴും വീട്ടിലെയും കുടുംബ ത്തിലെയും കാര്യങ്ങൾ മാത്രമാണ് പരാമർശിക്കപ്പെടുന്നത്. അപ്പുണ്ണി നാലുകെ ട്ടിൽ ആദ്യമായി വന്നപ്പോൾ അവനെ തിരിച്ചറിയുന്നതാണ് സന്ദർഭം.

> 'അമ്മ ഓരോ ആപത്ത് വലിച്ചുവെയ്ക്കാ'
>
> 'എന്താടീ ആപത്ത്?'
>
> 'അമ്മാമ്മ അറിഞ്ഞാൽ ന്ന്ബ്ടെ ഇരിക്കണ്ട.'
>
> അമ്മയ്ക്കു ശുണ്ഠി കയറിയെന്നു തോന്നുന്നു.
>
> 'എന്താടി, ന്നെ അങ്ങട്ടു കൊല്ല്വോ?' (2009 സി: 55)

ഇവിടെ ആപത്ത് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അപ്പുണ്ണിയെയാണ്. അപ്പുണ്ണിയെ അവിടെ കണ്ടാൽ കാരണവർ ദേഷ്യപ്പെടും എന്ന താക്കീതാണ് കുഞ്ചുക്കുട്ടി നൽകുന്നത്. അവരുടെ സഹോദരിയുടെ മകനാണ് അപ്പുണ്ണി. എന്നിട്ടും അവനോട് ഒരു ദയയും ആ സ്ത്രീക്ക് തോന്നുന്നില്ല. കാരണം അപ്പുണ്ണി അവിടെ വരികയും ക്രമേണ അവിടെ താമസമാക്കുകയുമൊക്കെ ചെയ്താൽ പിറകെ അവന്റെ അമ്മ പാറുക്കുട്ടിയും വരും. അവർ വരുന്നത് കാരണവർ അംഗീ കരിച്ചാൽ തറവാട്ടുസ്വത്തിൽ നിന്ന് ഒരു ഭാഗം അവർക്കും കൊടുക്കേണ്ടിവരും എന്ന ഭയവും കുഞ്ചുക്കുട്ടിക്കുണ്ട്. ആദ്യമായി കാണുന്ന സഹോദരിയുടെ മക നോട് ഒരു സ്നേഹവും ആ സ്ത്രീക്ക് തോന്നാതിരിക്കുന്നതിന്റെ കാരണവും സ്വത്തുമായി ബന്ധപ്പെട്ടുതന്നെയാണ്. 'എനിക്കും എന്റെ കുട്ടികൾക്കും സ്വൈരാ യിരിക്കണം' എന്ന് കുഞ്ചുക്കുട്ടി തുടർന്നു പറയുന്നുണ്ട്. സ്വാർത്ഥത നിറഞ്ഞ വാക്കുകളാണ് അവരുടേത്. എന്നാൽ പാറുക്കുട്ടിയുടെ അമ്മ അപ്പുണ്ണിയോട് സ്നേഹത്തോടെയാണ് പെരുമാറുന്നത്. ആ സ്നേഹം അവരുടെ ഓരോ വാക്കിലു മുണ്ട്. ആദ്യമായി കാണുന്ന തന്റെ മകളുടെ മകനോട് ആ വൃദ്ധയ്ക്കുള്ള വാത്സല്യം അവരുടെ സംഭാഷണത്തിൽ തെളിയുന്നു.

### 4.4.2. ഇല്ലായ്മയുടെ സംഘർഷങ്ങൾ

*കാലത്തിൽ* സേതുവിന്റെ അമ്മയും ചെറിയമ്മയും തമ്മിൽ നടക്കുന്ന സംഭാഷണങ്ങളിൽ ആ വീട്ടിലെ ദാരിദ്ര്യത്തിന്റെ സംഘർഷങ്ങൾ കാണാം. ചെറിയമ്മയ്ക്ക് അടുത്താരെങ്കിലും പേരിനുണ്ടായാൽ മതി. നൂറായിരം കാര്യങ്ങൾ പറയാൻ തുടങ്ങും.

> 'ഉപകാരത്തിന് ഒരാളില്ല. ഉപദ്രവത്തിന് എല്ലാവരും ണ്ട്.'
>
> ചെറിയമ്മ കോലായിൽ നടന്നു. വെള്ളപ്പാണ്ടു കയറിയ ചുണ്ടുകൾ ഇടയ്ക്കിടെ തുടച്ചു മുറ്റത്തേയ്ക്കു കാർക്കിച്ചു തുപ്പി അങ്കത്തിനൊരുങ്ങുകയാണ്.
>
> 'നൂറാളുടെ പിന്നാലെ നടന്നിട്ട് ആ ചാത്തപ്പന്റെ ചെക്കൻ ഒരു പാള എടുത്ത്കൊണ്ടന്ന് തന്നതാ. ഇപ്പോ അതിനും ആവശ്യക്കാരായി'.
>
> സേതു അരിശത്തോടെ മിണ്ടാതിരുന്നു. അകത്ത് ചെന്ന് അമ്മ ആരോടെന്നില്ലാതെ പറയുന്നത് കേട്ടു:
>
> 'ഉച്ചയാമ്പോ ഒരു ഭാഗത്ത് ഒന്നു തല ചായ്ക്കാംന്ന് വിചാരിച്ചതാ. അതിനും സമ്മതിക്കില്ല'. (2009 ബി: 10-11).

സേതുവിന്റെ ചെറിയമ്മയുടെ അരക്ഷിതാവസ്ഥയും അമ്മയുടെ അധികാരവും ഈ സംഭാഷണത്തിൽ കേൾക്കാം. ഉപകാരത്തിന് ആരുമില്ലാതിരിക്കുന്ന ഒരവസ്ഥയിലാണ് ചെറിയമ്മ ജീവിക്കുന്നത്. എന്നാൽ പണിയെല്ലാം കഴിഞ്ഞ് വിശ്രമിക്കുമ്പോൾ അതിനും സ്വൈരം തരുന്നില്ല എന്ന പരിഭവമാണ് സേതുവിന്റെ അമ്മ പറഞ്ഞത്.

### 4.5. സാമൂഹ്യബന്ധ പശ്ചാത്തലത്തിലുള്ള സ്ത്രീ-പുരുഷഭാഷണങ്ങൾ

സാമൂഹ്യബന്ധ പശ്ചാത്തലത്തിൽ നടക്കുന്ന ഭാഷണങ്ങളിൽ *നാലുകെട്ടി*ലെ കീഴാളരായ കർഷകതൊഴിലാളി സ്ത്രീകളും കച്ചവടക്കാരനായ യൂസുപ്പും തമ്മിലുള്ള ഭാഷണവും കോന്തുണ്ണിനായരും പാറുക്കുട്ടിയും തമ്മിലുള്ള ഭാഷണവും *കാല*ത്തിലെ സേതുവും സുമിത്രയും തമ്മിലും സേതുവും ലളിതാ ശ്രീനിവാസനും തമ്മിലുള്ള ഭാഷണങ്ങളുമാണ് പ്രധാനമായും വരുന്നത്.

#### 4.5.1. കീഴാളഭാഷണങ്ങൾ

കീഴാള വിഭാഗത്തിൽപ്പെട്ട കർഷകസ്ത്രീകൾ വൈകുന്നേരം യൂസുപ്പിന്റെ കടയിൽ നിന്നു സാധനങ്ങൾ വാങ്ങിക്കുന്ന സന്ദർഭമുണ്ട്. ഇവിടെ ഇവരുടെ സംഭാഷണം ചിത്രീകരിക്കുന്നിടത്ത് മറുപടി എവിടെയും കാണുന്നില്ല. മറ്റു സംഭാഷണങ്ങളിലെല്ലാം ഒരാൾ പറയുന്നതിന് മറുപടി അടുത്തയാൾ പറയുന്നുണ്ട്. എന്നാൽ ഇവർ സാധനങ്ങൾ ചോദിക്കുന്നതിന് കടക്കാരൻ ഭാഷണത്തിലൂടെ പ്രതികരിക്കുന്നില്ല.

അപ്പുണ്ണി യൂസുപ്പിന്റെ പീടികയിൽ ചെന്നു കയറിയപ്പോൾ നല്ല തിരക്കായിരുന്നു. പണി കഴിഞ്ഞു വല്ലി വാങ്ങിവരുന്ന ചെറുമികൾ സാമാനം വാങ്ങുന്ന സമയമാണ്.

> 'രണ്ടുക്കാലിനു കാസർട്ട്'
>
> 'നായിപ്പ്'
>
> 'ഒരുക്കാലിനു വെത്തിലേം പൊകലേം കൂടി'
>
> 'ന്നെ ഒന്നു വേഗം ഒയ്വാക്കീം, മൊയ്ല്യാരേ.' (2009 സി: 10)

ഇവിടെ കാസർട്ട്, ഇപ്പ്, വെത്തില എന്നീ പ്രയോഗങ്ങളിലൂടെ കീഴാളഭാഷയെ നോവലിസ്റ്റ് ആവിഷ്കരിക്കുന്നുണ്ട്. എന്നാൽ അവർ ചോദിക്കുന്ന കാര്യങ്ങൾക്ക് ആരും മറുപടി പറയുന്നില്ല. അവരോട് തിരിച്ചൊന്നും പറയാൻ തയ്യാറാ

കാത്ത ഒരു പൊതുഇടത്തിലാണ് അവർ കഴിയുന്നത് എന്ന് ഈ സന്ദർഭത്തിൽ വ്യക്തമാകും.

### 4.5.2. പ്രണയഭാഷണങ്ങൾ

*നാലുകെട്ടിലെ* പ്രണയസ്ഥലങ്ങൾ കോന്തുണ്ണിനായരും പാറുക്കുട്ടിയും തമ്മിൽ കണ്ടുമുട്ടുന്ന സ്ഥലവും പിന്നീട് ശങ്കരൻനായരും പാറുക്കുട്ടിയും കണ്ടുമുട്ടുന്ന സ്ഥലവുമാണ്. *കാല*ത്തിലാകട്ടെ സേതുവും സുമിത്രയും തമ്മിലുള്ള കണ്ടുമുട്ടലുകൾ പ്രണയത്തിന്റെ സ്ഥലപരിസരങ്ങളിൽ വെച്ചാണ്.

#### 4.5.2.1. പ്രണയത്തിന്റെ പുതിയ ഇടം

*നാലുകെട്ടിലെ* കോന്തുണ്ണിനായരും പാറുക്കുട്ടിയും അധികവും കണ്ടുമുട്ടുന്നത് വീടിനു പുറത്തുവെച്ചാണ്. പാറുക്കുട്ടിക്ക് തറവാട്ടുകാർ വിവാഹം നിശ്ചയിച്ചു. എന്നാൽ അവൾ തനിക്കിഷ്ടപ്പെട്ട കോന്തുണ്ണിനായരെ കാണുവാൻ കാത്തിരുന്നു. അവൾ കല്യാണത്തിന്റെ തലേദിവസം കണ്ടുമുട്ടുന്നതാണ് സന്ദർഭം.

> 'പാറൂട്ടീ'
>
> .................
>
> 'എന്താ പാറൂട്ടീ?'
>
> പറയാൻ വാക്കുകളില്ലായിരുന്നു. ഒന്നും വ്യക്തമായി ബോധമുണ്ടായിരുന്നില്ല. എന്തെല്ലാമോ പറഞ്ഞു, കേട്ടു രണ്ടാമതൊരു നിമിഷം ആലോചിക്കാൻ മനസ്സിനു കഴിഞ്ഞില്ല.
>
> 'പാറൂട്ടിക്ക് എന്നെ വിശ്വാസംണ്ടോ?'
>
> മിണ്ടാൻ വയ്യാ...ഹൃദയം നിറഞ്ഞുനിൽക്കുകയാണ്.
>
> 'എനിക്ക് നാലുകെട്ടും നെല്ലിൻ പത്തായവും ഇല്ല്യ. എന്നാലും ഞാനൊരാണാണ്. ധൈര്യമുണ്ടെങ്കിൽ പോന്നോളൂ ഈ കൈത്തണ്ടയ്ക്ക് ബലമുള്ള കാലംവരെ പൊലർത്തിക്കോളാം...'

ആ ശരീരത്തേക്കാളും കരുത്തുണ്ടായിരുന്നു വാക്കുകൾക്ക്. കണ്ണട ച്ചുകൊണ്ട്. പതുക്കെ വ്യക്തമായി പറഞ്ഞു.

'വരാം.' (2009 സി: 37-38)

ഈ സംഭാഷണത്തിൽ കോന്തുണ്ണിനായരുടെ കരുത്തിനാണ് പ്രാധാന്യം കൊടുത്തത്. നാലുകെട്ടും നെല്ലിൻ പത്തായവും ആഢ്യത്വത്തിന്റെയും സമ്പന്നത യുടെയും പ്രതീകമായിരുന്നു. ശരീരത്തെയും വെല്ലുന്ന ആ വാക്കാണ് അവൾക്ക് കോന്തുണ്ണിനായരുടെ കൂടെ ഇറങ്ങിവരാൻ ധൈര്യം കൊടുത്തത്.

**4.5.2.2. അഭയത്തിന്റെ പുതിയ ഇടം**

കോന്തുണ്ണിനായരുടെ മരണശേഷം വളരെ വർഷങ്ങൾ കഴിഞ്ഞാണ് ശങ്ക രൻനായർ പാറുക്കുട്ടിയോട് വിവാഹാഭ്യർത്ഥന നടത്തുന്നത്. എന്നാൽ അവൾ മകനുവേണ്ടി അതുപേക്ഷിച്ചു. എന്നാൽ പിന്നീട് മകൻ വീട് വിട്ടുപോയി. മഴ യിൽ വെള്ളം കയറി മരണത്തെ മുഖാമുഖം കണ്ടപ്പോൾ പാറുക്കുട്ടിയുടെ രക്ഷക നായി ശങ്കരൻനായരെത്തി. മഴയുടെ സംഹാരതാണ്ഡവത്തിൽ വീടുകളിലെല്ലാം വെള്ളം കയറി ആളുകൾ വീടൊഴിഞ്ഞു പോയപ്പോൾ പാറുക്കുട്ടിമാത്രം എങ്ങും പോയില്ല. മകൻ വീടുവിട്ടുപോയ ദുഃഖത്തിൽ മരണത്തെ സ്വയം വരിക്കാനൊ രുങ്ങി പാറുക്കുട്ടി അവിടെക്കഴിഞ്ഞു. എന്നാൽ വെള്ളംകയറി വീടു തകരാൻ പോകുന്നതിനു മുൻപേ ശങ്കരൻനായരെത്തി.

'ഞാനാണ്, പേടിക്കണ്ട, ശങ്കരൻനായര്'

കാലടികൾ പതറി. അവസാനത്തെ വേരും അറ്റു കടപുഴങ്ങുന്നതു പോലെ ചെരിഞ്ഞു.

'താഴെ വീണില്ല. അതിനു മുമ്പു കരുത്തുള്ള രണ്ടു കൈകൾ താങ്ങി'

'തോണി കൊണ്ടന്നിട്ട്ണ്ട്. പോരൂ...' (2009 എ: 122).

മരണത്തെ മുഖാമുഖം കണ്ട പാറുക്കുട്ടിയെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുപോകുന്നത് ശങ്കരൻനായരാണ്. ആമിനുമ്മ ആവുന്നതുപോലെ വിളിച്ചതാണ്. എന്നാൽ അതൊന്നും കേൾക്കാതിരുന്ന പാറുക്കുട്ടിയെ കൊണ്ടുപോകാൻ ശങ്കരൻനായർക്ക് കഴിഞ്ഞത് അവർക്കിടയിലുള്ള സ്നേഹം കൊണ്ടുതന്നെയാണ്. അധികമൊന്നും അവർ സംസാരിക്കുന്നില്ല. എങ്കിലും ആറ്റിക്കുറുക്കിയുള്ള ആ വാക്കുകളിൽ ജീവിതത്തിൽ കൂടെയുണ്ടാകും എന്ന സുരക്ഷിതത്വബോധം അവൾക്ക് കൊടുക്കാൻ അയാൾക്ക് കഴിഞ്ഞു. ഒരിക്കൽ തന്റെ സ്നേഹം നിഷേധിച്ചത് പാറുക്കുട്ടിക്ക് മകനോടുള്ള സ്നേഹം കൊണ്ടാണെന്ന് ശങ്കരൻനായർ തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ടുതന്നെയാണ് യഥാസമയം അയാൾ പാറുക്കുട്ടിയെ രക്ഷിക്കാനെത്തിയതും അയാളുടെ കൂടെ പാറുക്കുട്ടി പോയതും. പണ്ട് കോന്തുണ്ണിനായരോടൊപ്പം പാറുക്കുട്ടി ഇറങ്ങിപ്പോയതും ഒരു മഴക്കാലത്താണ്. 'തോണി കൊണ്ടന്നിട്ട്ണ്ട് പോരൂ' എന്ന ക്ഷണം ജീവിതത്തിലേക്കു തന്നെയാണ് 'ഞാനാ ശങ്കരന്നായര്' എന്നു പറയുന്നിടത്ത് ആദ്യം വിവാഹക്കാര്യം പറഞ്ഞപ്പോഴത്തെ ജാള്യതയൊന്നും അയാൾക്കുണ്ടായില്ല. സ്നേഹത്തിന്റെയും ആത്മവിശ്വാസത്തിന്റെയും ശബ്ദമായിരുന്നു അപ്പോൾ ശങ്കരൻനായർക്ക് ഉണ്ടായത്. *നാലുകെട്ടിലെ* സ്ത്രീ-പുരുഷഭാഷണങ്ങളിലെല്ലാം കീഴടങ്ങി നിൽക്കുന്ന സ്ത്രീ ശബ്ദമാണ് കേൾക്കുന്നത്. കോന്തുണ്ണിനായരോടും ശങ്കരൻനായരോടും പാറുക്കുട്ടി സംസാരിക്കുമ്പോൾ ഭാഷണത്തിൽ പാറുക്കുട്ടിക്ക് പ്രാധാന്യം വളരെ കുറവാണ്. കോന്തുണ്ണിനായരോടുള്ള ഭാഷണത്തിൽ 'വരാം' എന്നുമാത്രമാണ് പാറുക്കുട്ടി പറയുന്നത്. സ്വാതന്ത്ര്യം തേടി നാലുകെട്ട് വിട്ടിറങ്ങിയ പാറുക്കുട്ടി പോലും ഭർത്താവിന്റെയും മകന്റെയും ആശ്രയമുള്ള ഒരു ഇടത്തിലാണ് സുരക്ഷിതയാകുന്നത്.

**4.5.2.3. പ്രണയത്തിന്റെ അപരിചിത ഇടങ്ങൾ**

*കാലം* നോവലിന്റെ ഒടുവിൽ സേതു ഗ്രാമത്തിൽ തിരിച്ചെത്തുന്നുണ്ട്. അപ്പോഴേക്കും സുമിത്ര സന്യാസത്തിന്റെ വഴിയിലെത്തിയിരുന്നു. ഓരോ പെണ്ണി

നെയും ഉപേക്ഷിച്ച് പുതിയത് തേടിപ്പോയ സേതു ഒടുവിൽ ഒന്നും നേടിയില്ല എന്ന യാഥാർത്ഥ്യം തിരിച്ചറിയുന്നു. അപ്പോഴാണ് സുമിത്രയെ കാണുവാൻ സേതു പോകുന്നത്. കുന്നിൻ മുകളിൽ സുമിത്ര തനിച്ചു താമസിക്കുന്ന വീട്ടിലേക്കാണ് സേതു എത്തുന്നത്.

'നിനക്ക് എന്നോടു വെറുപ്പുണ്ടോ?'

അപ്പോൾ സുമിത്ര ചിരിച്ചു. വർഷങ്ങൾക്കപ്പുറത്തു കേട്ട ഒരു ചിരിയുടെ മാറ്റൊലി മനസ്സിൽ ഒരു നിമിഷം ഒഴുകി നടന്നു.

'എനിക്ക് ... എനിക്കു നിന്നെ ഇഷ്ടമായിരുന്നു'

സുമിത്ര വീണ്ടും വികൃതമായി ചിരിച്ചു.

'ഇഷ്ടം' അയാൾ തിണ്ണയിലെ ചാണകമടർന്ന പാടുകളിലേക്കു കണ്ണുകൾ താഴ്ത്തിയപ്പോൾ സുമിത്ര പറയുന്നതു കേട്ടു; 'സേതൂന് എന്നും ഒരാളോടേ ഇഷ്ടംണ്ടായിരുന്നൊള്ളു സേതുനോട് മാത്രം' (2009 ബി: 270)

ഗ്രാമത്തിൽ തിരിച്ചെത്തുമ്പോൾ നഷ്ടപ്പെട്ട സ്നേഹത്തിന്റെ വില സേതു അറിയുന്നു. സുമിത്രയുടെ വാക്കുകൾ തന്നെയാണ് സേതു. സേതുവിന്റെ ഇഷ്ടങ്ങൾക്കനുസരിച്ച് മാത്രമാണ് അയാൾ ജീവിച്ചത്. സുമിത്ര ജീവിത വിരക്തിയോടെ ജീവിക്കുമ്പോൾ ജീവിതത്തോടുള്ള ആസക്തി നഷ്ടപ്പെടാത്ത സേതുവിനെയാണ് നോവലിന്റെ ഒടുവിലും കാണുന്നത്. സേതുവിന്റെ പ്രണയസങ്കല്പവും സ്നേഹവും സുമിത്രയ്ക്ക് അപരിചിതമായ ഇടമായിരുന്നു.

### 4.5.3. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ഭാഷണങ്ങൾ

*കാലത്തിൽ* കൃഷിയുമായി ബന്ധപ്പെട്ട സംഭാഷണം വരുന്നുണ്ട്. ഇല്ലത്തെ ആത്തോലും മാധവനും തമ്മിലാണ് സംഭാഷണം.

'ഗോവിന്ദൻ ബാക്കി നെല്ലിന്റെ കാര്യമൊന്നും പറഞ്ഞില്ലേ മാധവാ?'

'കണ്ടിട്ടില്ല, അടേൃൻ ഒന്നുംകൂടി ചോയിച്ചോക്കാം.'

'ചിങ്ങത്തില് ഇരുന്നൂറു വടിച്ചി തന്നോടത്ത് ഇക്കുറി അമ്പതാ കൊണ്ടന്നത്. ഇങ്ങന്യാച്ചാൽ കുറച്ചു കഷ്ടം തന്ന്യാണേയ്!' (2009 ബി: 71).

നെല്ലിന്റെ ഇല്ലായ്മയും കാർഷിക വ്യവസ്ഥയുടെ തകർച്ചയുടെ സൂചനയും ഈ സംഭാഷണത്തിലുണ്ട്. പണ്ടു കൊയ്തിരുന്ന നെല്ലൊന്നും ഇന്ന് കൊയ്തെടുക്കാൻ ഉണ്ടാവുന്നില്ല എന്ന് ഇവരുടെ സംസാരത്തിൽ വ്യക്തമാണ്. *കാല*ത്തിലെ സ്ത്രീ-പുരുഷഭാഷണങ്ങൾ വീട്ടിലൊതുങ്ങുന്നതാണ്. ഗ്രാമത്തെയോ അവിടത്തെ മറ്റ് ആളുകളെയോ ഈ സംഭാഷണങ്ങൾ പരിഗണിക്കുന്നില്ല. സ്ത്രീകളുടെ പരാതിയും പരിഭവങ്ങളുമായി ഈ സംഭാഷണങ്ങൾ ഒതുങ്ങുന്നു.

### 4.5.4. നഗരഭാഷണങ്ങൾ

നഗരം സേതുവിന് പുതിയ ജോലിയും പുതിയ ബന്ധങ്ങളും നൽകുന്നുണ്ട്. അവന് ജോലി കൊടുത്ത ശ്രീനിവാസൻ മുതലാളിയുടെ ഭാര്യയായ ലളിതയെ സേതു ഇഷ്ടപ്പെട്ടു. സേതുവിന്റെ കൂടെയാണ് ലളിതാ ശ്രീനിവാസൻ പിന്നീട് ജീവിക്കുന്നത്. അതിനുമുൻപ് അവർ കടപ്പുറത്ത് വെച്ച് കാണുന്നുണ്ട്.

'തനിച്ചാണോ താമസം?'

പ്രതീക്ഷിക്കാതിരിക്കുമ്പോഴായിരുന്നു ആ ചോദ്യം.

'അതെ'

'എങ്ങനെ സമയം കഴിക്കും?, സേ ഓൺ എ സൺഡേ ലൈക്ക് ദിസ്!'

അയാൾ ചിരിച്ചു. 'വല്ലതും വായിക്കും. അല്ലെങ്കിൽ വെറുതെ നടക്കും.' (2009 ബി: 234).

സേതുവിന്റെ വ്യക്തിജീവിതത്തിലേക്ക് എത്തിപ്പെടാൻ സാധിക്കുന്ന ചോദ്യങ്ങളായിരുന്നു ലളിതാ ശ്രീനിവാസൻ ചോദിച്ചത്. അവർ അനുഭവിക്കുന്ന ഏകാന്തതയെപ്പറ്റിയും അവർ പറയുന്നുണ്ട്. ജോലിത്തിരക്കുള്ള ഭർത്താവ് അവരെ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ഒരു അർത്ഥത്തിൽ സേതുവും ലളിതാ ശ്രീനിവാസനും അനുഭവിക്കുന്നത് മടുപ്പിക്കുന്ന ഏകാന്തത തന്നെയാണ്. ഉള്ളിൽ തട്ടാത്ത യാന്ത്രികമായൊരു തലത്തിലാണ് നഗരത്തിലെ സ്ത്രീ-പുരുഷ ഭാഷണം എത്തുന്നത്.

### 4.6. സാമൂഹ്യബന്ധ പശ്ചാത്തലത്തിലുള്ള പുരുഷഭാഷണങ്ങൾ

ഓരോ സംഭാഷണങ്ങളും ഗ്രാമപരിസരത്തും നഗരപരിസരത്തും നടക്കുമ്പോൾ എന്തൊക്കെയാണ് വിഷയമാകുന്നത് ആരെല്ലാമാണ് സംഭാഷണത്തിൽ മുഖ്യഭാഷകരാകുന്നത്, ആരെല്ലാമാണ് നിശബ്ദമാക്കപ്പെട്ടുപോകുന്നത്, ദേശവും ദേശസൂചകങ്ങളും ആരുടെ ഭാഷണങ്ങളിലാണ് കൂടുതൽ വരുന്നത് എന്നെല്ലാം അന്വേഷിക്കുകയും വിശകലനവിധേയമാക്കുകയുമാണ് ഇവിടെ ചെയ്യുന്നത്.

#### 4.6.1. സംഭാഷണത്തിലെ ദേശകാഴ്ചകൾ

കൂടല്ലൂർ ദേശവും പെരുമ്പലം ദേശവും തമ്മിൽ പകിടകളി നടക്കുന്ന സന്ദർഭം കൂടല്ലൂരെ ഇപ്പോഴത്തെ മുന്തിയ കളിക്കാരനായ കുട്ടൻനായർ ഓർത്തെടുക്കുന്നുണ്ട്. കൂടല്ലൂർ ദേശം പരാജയപ്പെടാൻ പോവുകയാണ്. അച്ചുമ്മാൻ പകിടയെടുത്ത് എന്തുചെയ്യണമെന്നറിയാതെ നിൽക്കുന്നു.

> 'ചതിച്ചല്ലോ തമ്പ്രാനേയ്' - കള്ളി പറഞ്ഞാൽ അച്ചുമ്മാനും ധൈര്യല്ല. ആ കയ്യീലു കെട്ടീല്ല്യെങ്കി തോറ്റതെന്നെ. എന്നെനോക്കി മൂപ്പരു പതുക്കനെ ചോയ്ച്ചു: 'എന്താടാ കുട്ടാ' ദേശത്തിന്റെ മാനാ പോണ്!
>
> അച്ചുമ്മാൻ ന്നാലും ഉശിരാ വിടില്ല. ഏതേർന്ന് പുള്ളി! തിരിഞ്ഞിട്ടു ചോയ്ക്ക്യാണ് ഒറക്കെ: 'കുട്ട്യോളാരെങ്കിലും ണ്ടോ?

അപ്പോഴാണ് : 'കരുങ്ങട്ടു തന്നാട്ടെ, കാരണോരേ'

'നോക്കുമ്പോ കോന്തുണ്യാര്!'(2009 സി: 16)

അവിടെ കളിച്ച് ജയിച്ച് കൂടല്ലൂർ ദേശത്തിന്റെ മാനം കാത്തയാളാണ് കോന്തുണ്ണിനായർ. നാടുമായും നാട്ടുകാരുമായും അത്രമേൽ ബന്ധമുള്ള വ്യക്തിയായിരുന്നു കോന്തുണ്ണിനായർ. നാട്ടിലെ ചെറുപ്പക്കാർ പലരും അയാളുടെ കൂടെയായിരുന്നു. എല്ലാ ജാതിക്കാരുടെ കൂടെയും നടക്കുന്ന, മാപ്പിളമാരുടെ പീടികയിൽനിന്നും ചായ കുടിക്കുന്ന ആൾ. നന്നായി മണ്ണിൽ അധ്വാനിച്ച് കൃഷിചെയ്യുന്നയാൾ. അങ്ങനെ കൂടല്ലൂർ എന്ന ദേശത്തോടും മനുഷ്യരോടും വളരെയധികം ഇണങ്ങി ജീവിച്ചിരുന്ന ആളായിരുന്നു കോന്തുണ്ണിനായർ. ഇത്തരത്തിൽ നാടിനോട് ചേർന്ന് നിൽക്കുന്ന കഥാപാത്രങ്ങൾ *നാലുകെട്ടിൽ* വേറെ കാണുന്നില്ല.

നാടുമായി ഇണങ്ങി ജീവിച്ചിരുന്ന വ്യക്തിയായിരുന്നു കോന്തുണ്ണിനായർ. കൊടിക്കുന്നത്തുകാവിലെ കുരുതി നടത്താൻ മുന്നിട്ടിറങ്ങിയതും കോന്തുണ്ണിനായരാണ്. അക്കൊല്ലം ലഹളയുണ്ടാകുമെന്ന് പലരും കരുതിയിരുന്നു. ശിവരാത്രിക്ക് ഹിന്ദു മുസ്ലീം സംഘർഷം ഉണ്ടായിരുന്നു. ദേശത്തെ ചെറുപ്പക്കാരായിരുന്നു കുരുതി നടത്തിയിരുന്നത്. പ്രധാനി കോന്തുണ്ണിനായർ തന്നെ. സംഘർഷമുണ്ടാകുമെന്ന് സംശയിച്ചിരിക്കുന്ന വീടുകളിലെല്ലാം അയാൾ കയറിയിറങ്ങി.

> 'ഒരു കുഴപ്പോണ്ടാവില്ല്യ. കോന്തുണ്ണിക്ക് ആയ്സ്ള്ള കാലത്ത് ഒന്നും പേടിക്കണ്ടാ' (2009 സി: 36).

കോന്തുണ്ണിനായരുടെ ഒരോ സംഭാഷണത്തിലും അയാളുടെ ആത്മവിശ്വാസവും ധൈര്യവും പ്രകടമായി കാണുന്നുണ്ട്. മാത്രമല്ല ആ നാടുമായി ബന്ധപ്പെട്ട കാര്യങ്ങളിലാണ് അയാൾ ഇടപെടുന്നത് എന്നകാര്യം അയാളുടെ വാക്കുകളിൽ തെളിയുന്നു.

#### 4.6.2. സംഭാഷണങ്ങളും ദേശമുദ്രകളും

കന്നുപൂട്ട് നടക്കാറുള്ള കൂടല്ലൂർ ദേശത്തിന്റെ പ്രത്യേകത *അസുരവിത്തിലെ* ഗോവിന്ദൻകുട്ടിയും കണ്ടങ്കോരനും തമ്മിൽ നടക്കുന്ന സംഭാഷണത്തിൽ വരുന്നുണ്ട്. ഊർച്ചമരം കൊണ്ടുപോകുവാൻ കണ്ടങ്കോരൻ വരുന്നതാണ് സന്ദർഭം.

> 'നാളെയല്ലേ പൂട്ട് കണ്ടങ്കോരാ?'
>
> 'ആ അകായില് ഊർച്ചമരം തെകയില്ല. അതാ അടേ്യൻ വന്നത്'
>
> 'കന്നൊട്ട്ണ്ടൊ?'
>
> 'ഏറ്റ്ട്ട്ള്ളത് മ്മിണിണ്ട്. മുത്ത്യേലേന്നും കുമാരനെല്ലൂര്ന്നും ഒക്കെ കന്ന് വരിണ്ണ്ട്.'
>
> 'കളത്ത്ക്കാരടെ എര്തിന് തൊണേതാ?'
>
> 'ആലൂര്ന്ന് തമ്പുരാന്റെ പോത്ത് വര്ണ്ണ്ട്' (2009 എ: 22).

ഇവിടെ കാർഷിക സംസ്കൃതിയുമായി ചേർന്നുനിൽക്കുന്ന ഗ്രാമജീവിതമാണ് കാണുന്നത്. കാർഷികവൃത്തിയുമായി ചേർന്നുനിൽക്കുന്ന ഒരു കായികവിനോദമാണ് കന്നുപൂട്ട്. അത് ഒരു മത്സരം തന്നെയാണ്. ദേശങ്ങൾ തമ്മിലുള്ള വീറും വാശിയും മത്സരത്തിലുടനീളം കാണാം. മുതൃലയിൽ നിന്നും കുമാരനെല്ലൂര് നിന്നുമുള്ള കന്നുകളും ആലൂര്ന്നുള്ള പോത്തും എല്ലാംചേർന്ന് വരുമ്പോൾ മത്സരത്തിന്റെ ആവേശം കൂടുകയാണ് ചെയ്യുന്നത്.

അകായില്, അടേ്യൻ എന്നീ വാക്കുകൾ സാമൂഹിക ജീവിതത്തിലെ ജാതിമേധാവിത്വത്തെ അടയാളപ്പെടുത്തുന്നുണ്ട്. മേലാള സമുദായത്തിലെ ആളുകളും ഇതിൽ കന്നിനെ പങ്കെടുപ്പിച്ചിരുന്നു എന്ന് ഇവരുടെ സംഭാഷണത്തിൽ വ്യക്തമാണ്.

കളത്തിലെ പടിക്കൽനിന്നു ഞാറ്റുമുടി ചിന്നുന്ന കണ്ടങ്കോരനോട് ആരോ വിളിച്ചു പറയുന്നതു കേട്ടു:

'വലിയൊരു നാടും പണിയ്യായിട്ട് ഈ ചെറുമോള്യടെ നാവെറങ്ങ്യോ? പാടാൻ പറയെടാ കണ്ടങ്കോരാ' (2009 എ: 42)

കർഷകത്തൊഴിലാളികളുടെ അധ്വാനത്തെ മറ്റുള്ളവർ ഒരു വിനോദമെന്ന പോലെയാണ് കാണുന്നത്. മറ്റു രണ്ടുപേർ വീണ്ടും സംഭാഷണം തുടരുന്നു.

'പാട്ടും കൂത്ത്വൊക്കെ പണ്ടത്തെ കാലായിരുന്നു. ഇപ്പം നേരം മെനക്കെടീക്കണം വല്ലി മണി കൊറയാതെ അളന്നു വാങ്ങണം.' (2009 എ: 42)

ഇവിടെയും കർഷകരുടെ അധ്വാനത്തെ പുച്ഛത്തോടെ കാണുന്ന ഒരു സമൂഹത്തിന്റെ വാക്കുകളാണ് കേട്ടത്. പണ്ടത്തെ കാലത്തുള്ള പാട്ടൊക്കെ ഇല്ലാതായതിന്റെ സങ്കടവും കൂലി അളന്നു വാങ്ങുന്നതിലുള്ള അമർഷവും അവരുടെ വാക്കുകളിലുണ്ട്. കീഴാള സ്ത്രീകളുടെ അധ്വാനത്തിന് അവർ വില കൽപ്പിക്കുന്നില്ല. നോവലിലെ അപ്രധാന കഥാപാത്രങ്ങൾപോലും പണ്ടത്തെ ജന്മിത്തകാലത്തിന്റെ ഓർമ്മകളിലാണ് ഇപ്പോഴും കഴിയുന്നതെന്ന് ഇവരുടെ വാക്കുകളിലൂടെ ഉറപ്പിക്കാം.

പിന്നീട് ഗോവിന്ദൻകുട്ടിക്ക് ശേഖരൻനായർ ജോലിയാക്കിക്കൊടുക്കുകയും അയാളുടെ വിവാഹം നടത്തിക്കൊടുക്കുകയും ചെയ്തു. ശേഖരൻനായരുടെ വീട്ടിൽ പണിക്കു നിന്നിരുന്ന മീനാക്ഷിയെയായിരുന്നു ഗോവിന്ദൻകുട്ടി വിവാഹം ചെയ്തത്. പിന്നീട് ഗോവിന്ദൻകുട്ടിയും ഭാര്യയും പണിസ്ഥലമായ പെരുമ്പലത്തേക്കുവന്ന് പണിക്കാരെ കാണുന്നതാണ് സന്ദർഭം.

'ഇമ്പ്രാളം വന്ന തെവതായിട്ട് പണിക്കാർക്കു ചോറ്ല്യേ ചോയ്ക്കീൻ ചേനാരെ'.

കാരി മാക്കുണ്ണിയോട് ഒരു ശുപാർശ പറഞ്ഞു.

'കൊയ്ത്ത് കഴ്യേട്ടെടോ. പുത്തരിക്ക് എല്ലാ പണിക്കാർക്കും ചോറുണ്ട് കള പ്പെരേന്ന്. ഗോവിന്ദൻകുട്ടി വാക്കുകൊടുത്തു' (2009 എ: 42).

ഇവിടെ തൊഴിലാളികളുടെ അന്നത്തെ അവസ്ഥ പ്രകടമാണ്. എന്തെങ്കിലും വിശേഷമുണ്ടെങ്കിൽ മാത്രമെ അവർക്ക് ചോറ് ലഭിക്കൂ. ഗോവിന്ദൻകുട്ടിയുടെ വാഗ്ദാനത്തിൽ അയാളുടെ വൈയക്തികമായ ആഹ്ലാദവും പ്രകടമാണ്. ഇമ്പ്രാ ളം, തെവതം എന്നീ വാക്കുകൾ കീഴാളസമൂഹം മാത്രം ഉപയോഗിക്കുന്നതാണ്.

### 4.6.3. മനക്കരുത്തിന്റെ ഇടം

വീടുവിട്ടിറങ്ങിയ അപ്പുണ്ണിയെ നരിവാളൻകുന്നിന്റെ ചരിവിൽവെച്ച് സെയ്താലിക്കുട്ടി കാണുന്നുണ്ട്. അവിടെ വെച്ച് അപ്പുണ്ണിയോട് സെയ്താലിക്കുട്ടി സംസാരിക്കുകയും അവന് തറവാട്ടിലേക്ക് കയറിച്ചെല്ലാനുള്ള ധൈര്യം നൽകു കയും ചെയ്തു. അച്ഛനെപ്പോലെ കരുത്തുള്ളവനാക്കി മകനെ മാറ്റാനാണ് ഇവിടെ സെയ്താലിക്കുട്ടി ശ്രമിക്കുന്നത്. അപ്പുണ്ണി വീടുവിട്ടിറങ്ങി കുന്നിൻചെരിവിൽ ഇരി ക്കുന്നതാണ് സന്ദർഭം.

'ഞാനൊരു കാര്യം പറയാം. രണ്ടീസം ഒരുത്തൂടീല് നിക്കീ, അപ്പോ ദേസ്യൊക്കെ മാറും. പിന്നമ്മടെ അടുത്ത് പൊക്കോളീ.'

'അതിനു ഞാനെവിടെ പൂവാനാ?'

'വടക്കേപ്പാട്ടു പോയി നിക്കീ. അത്ങ്ങടെ വീടല്ലേ?'

വടക്കേപ്പാട്ട്. അവിടെനിന്നാണ് ആട്ടിയിറക്കിയത്.

'അവിടെങ്ങക്കും അവകാശമുള്ളതല്ലേ?' ഉസറും ചൊണീം വേണം. പൂവ്വാൻ പറഞ്ഞാ പോവീല്ലാന്ന് പറയീ' (2009 സി: 103)

അപ്പുണ്ണിക്ക് നാലുകെട്ടിലേക്ക് പോകാനുള്ള ധൈര്യം കൊടുക്കുന്നത് അവൻ ശത്രുവായി കണ്ടിരുന്ന സെയ്താലിക്കുട്ടിയാണ്. അപ്പുണ്ണിക്കും അവകാശ

പ്പെട്ടതാണ് നാലുകെട്ട് എന്ന് അവനെ പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ സെയ്താലിക്കുട്ടിയുടെ വാക്കുകൾക്ക് കഴിയുന്നുണ്ട്. 'ഉസറും ചൊണീം വേണം' എന്നു പറയുന്നിടത്ത് ഉശിരും ചുണയുമുള്ള അവന്റെ അച്ഛനെ ഓർമ്മപ്പെടുത്തുകയാണ്, അല്ലെങ്കിൽ ഓർത്തെടുക്കുകയാണ് സെയ്താലിക്കുട്ടി. പോകാൻ പറഞ്ഞാലും പോകരുതെന്ന് പറയുന്നത് ആദ്യം അപ്പുണ്ണിക്ക് നാലുകെട്ടിൽ നിന്നുണ്ടായ അനുഭവം സെയ്താലിക്കുട്ടിക്ക് അറിയുന്നതുകൊണ്ടാണ്. മാത്രമല്ല അമ്മയുടെ  അടുത്തേക്ക് അപ്പുണ്ണിയോട് തിരിച്ചുപോകുവാൻ തന്നെയാണ് സെയ്താലിക്കുട്ടി പറയുന്നത്. അതിന് അവൻ സമ്മതിക്കാത്തതുകൊണ്ടാണ് നാലുകെട്ടിലേക്ക് പോകുവാൻ സെയ്താലിക്കുട്ടി പറയുന്നത്. അപ്പുണ്ണിയും അമ്മയും ഒരുമിച്ച് കഴിയണമെന്നുള്ള സെയ്താലിക്കുട്ടിയുടെ ആഗ്രഹവും അയാളുടെ വാക്കുകളിൽ പ്രകടമാണ്. ഒരിക്കൽ താൻ ദ്രോഹിച്ച ആ കുടുംബത്തെ രക്ഷപ്പെടുത്താനും സഹായിക്കാനുമാണ് സെയ്താലിക്കുട്ടി ശ്രമിക്കുന്നത്. അപ്പുണ്ണിയുടെ നിസ്സഹായാവസ്ഥകളിലെല്ലാം ആശ്വാസമായി സെയ്താലിക്കുട്ടി എത്തുന്നുണ്ട്.

### 4.6.4. അറിവിന്റെ ഇടങ്ങൾ

*നാലുകെട്ടിലെ* വ്യത്യസ്തമായൊരു കഥാപാത്രമാണ് രാമകൃഷ്ണൻ മാസ്റ്റർ. അപ്പുണ്ണിക്ക് അവധിക്കാലത്ത് വായിക്കാൻ പുസ്തകം കൊടുത്തത് രാമകൃഷ്ണൻ മാസ്റ്ററാണ്. വയനാട്ടിൽ ജോലികിട്ടി പോകുമ്പോഴും വഴിച്ചെലവിന് പണം കൊടുത്തതും മാസ്റ്റർ തന്നെയാണ്.

> 'റിസൾട്ട് വരാൻ ഇനിയും കഴിയണം അല്ലേ? ഇപ്പളെന്തു ചെയ്യുന്നു?'
>
> 'ഒന്നും ചെയ്യാനില്ല്യ സർ. വല്ലതും വായിക്കാൻ ഇവിടങ്ങളിൽ ഒന്നും കിട്ടില്ല്യ.' (2009 സി: 160)
>
> 'എന്റെ വീട്ടിൽ വന്നോളൂ പുസ്തകം കിട്ടാഞ്ഞു വായിക്കാതിരിക്കണ്ട.'

അപ്പുണ്ണിക്ക് അത് കേട്ടപ്പോൾ വളരെ സന്തോഷം തോന്നി. അവധിക്കാലത്ത് മാസ്റ്ററുടെ വീട്ടിൽ പോകുന്നത് പതിവാക്കി.

ഒടുവിൽ വയനാട്ടിൽ ജോലി ശരിയായിട്ടുണ്ടെന്ന് സെയ്താലിക്കുട്ടി അറിയിച്ചപ്പോൾ യാത്രയ്ക്കുള്ള കാശിന് ചെന്നതും മാസ്റ്ററുടെ അടുത്താണ്. കാര്യം പറഞ്ഞതും മാസ്റ്റർ സമ്മതിച്ചു.

'അപ്പുണ്ണി ഇരിക്കൂ. ഞാനിതാവരുന്നു'

മാസ്റ്റർ ഷർട്ടെടുത്തിട്ടു പുറത്തുപോയി. കുറച്ചുനേരം കഴിഞ്ഞു തിരിച്ചുവരാൻ. തിരിച്ചുവന്നപ്പോൾ മാസ്റ്റർ ചിരിച്ചുകൊണ്ടു പറഞ്ഞു. 'അപ്പുണ്ണിക്കു ഭാഗ്യംണ്ട്, ദാ' പത്തുറുപ്പികയുടെ ഒരു നോട്ട്! (2009 സി: 168).

ആ പണം കൊണ്ട് അപ്പുണ്ണി ജോലി തേടിപ്പോയി. ഒടുവിൽ പണക്കാരനായി നാട്ടിൽ തിരിച്ചെത്തി. വിദ്യാർത്ഥികളുടെ മനസ്സറിഞ്ഞ് അവരെ നയിക്കുന്ന ഒരധ്യാപകനെ രാമകൃഷ്ണൻമാസ്റ്ററിലൂടെ കാണാനാവും. വായിക്കാൻ ഇഷ്ടപ്പെടുന്ന അപ്പുണ്ണിക്ക് വായനയുടെ ഒരു വലിയ ലോകം തുറന്നുകൊടുത്തത് മാസ്റ്ററാണ്.

### 4.6.5. സംഘർഷം നിറയുന്ന സംഭാഷണങ്ങൾ

*അസുരവിത്തിലെ* പുരുഷഭാഷണങ്ങളിൽ മതസംഘർഷമാണ് കൂടുതൽ വിഷയമാകുന്നത്. മതവൈരം ഉണ്ടാക്കുന്ന കാര്യങ്ങളാണ് ശേഖരൻനായർ പറയുന്നത്. കോപ്പക്കുട്ടി മാമ്പിയെ തല്ലിയ കേസ് രാജിയായതിനെപ്പറ്റി ശേഖരൻനായരും നാരായണൻനായരും തമ്മിലുള്ള സംഭാഷണമാണ് സന്ദർഭം.

'സജ്ജനങ്ങൾക്കറിയാം, ആരോടാ പെരുമാറണ്ടത്ന്ന്. ഈ നാട്ടില്ണ്ട് കൊറെ ചെറ്റകള്, മാപ്ലയ്ക്കു കൊടപിടിച്ചുകൊടുക്കും, മൊയലാളീന്നല്ലാതെ ഒന്നിനെങ്കിലും നാക്കത്ത്ന്നു വീഴ്വോ? നെരത്ത്മ്പകൂടെ അവൻ

പോണ്ണ്ടെങ്കിൽ ഒന്നിനും ഊര ഒറയ്ക്കില്ല. അത് കാണ്മ്പോ എനിക്കങ്ങനെ...'

''മാമ്പിടെ കേസ് - '' നാരായണൻനായർ വഴിക്കുവെച്ചുകേട്ട വാർത്ത പതുക്കെ എടുത്തിട്ടു.

''എങ്ങന്യാണ്ടോ ആവാണ്ടിരിക്യാ? ഇവിടെ ഹിന്ദുക്കൾക്ക് ഒരുമണ്ടോ? ഓരോര്ത്തനും താനല്ലേ രാജാവ്ന്നാ നാട്യം അതിനു മാപ്ലാരെ കണ്ടു പഠിക്കണം.''

''അയിന് സംശല്ല്യേയ്''.

''കുട്ടിശ്ശങ്കരമേൻനോട് അതേ ഞാൻ പറഞ്ഞത്. ഞാൻ എന്നെക്കൊണ്ടാവ്ണ കാലത്തു നോക്കി. മാപ്ലമൊറോള് ഇപ്പോ വീണ്ടും തലപൊന്തിക്കാ. ഇപ്പത്തെ ചെറുപ്പക്കാര് വയ്ക്കെങ്കിൽ നോക്കിക്കോട്ടെ,'' (2009 എ: 86).

കുഞ്ഞഹമ്മദ് മുതലാളിയെ എല്ലാവരും 'മൊതലാളി' എന്നാണ് വിളിക്കുക. എന്നാൽ ശേഖരൻനായരെ സ്വമതക്കാരുപോലും അങ്ങനെ വിളിക്കാത്തതിൽ അയാൾക്ക് കലശലായ ദേഷ്യമുണ്ട്. നോവലിന്റെ ആഖ്യാനത്തിലും കുഞ്ഞഹമ്മദിനെ മുതലാളി എന്നുതന്നെയാണ് പരാമർശിക്കുന്നത്. ശേഖരൻനായരെ അംഗീകരിക്കാതെ ഓരോരുത്തരും കേമന്മാരായി നടിക്കുന്നതാണ് ഹിന്ദുക്കളുടെ കുഴപ്പമായി ശേഖരൻനായർ കാണുന്നത്. മാപ്പിളമാരുടെ ഒരുമ ഹിന്ദുക്കൾക്കില്ല എന്നാതാണ് അയാളുടെ മറ്റൊരു പരാതി. മാപ്പിളമാർക്കെതിരെ തനിക്കു കഴിയുന്ന പോലെ താൻ നോക്കിയെന്നും ഇനി ഇപ്പോഴത്തെ ചെറുപ്പക്കാര് നോക്കിക്കോട്ടെ എന്നും പറയുന്നിടത്ത് പുതിയ യുവാക്കളെ മതസംഘട്ടനത്തിലേക്ക് ആഹ്വാനം ചെയ്യുകയാണ് ശേഖരൻനായർ. യഥാർത്ഥത്തിൽ ആ നാട്ടുകാരെ സഹായിക്കുന്നതിലധികം ഉപദ്രവം ചെയ്യുന്ന രണ്ടാളുകളാണ് ശേഖരൻനായരും മുതലാളിയും.

നാട്ടിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയാലും ആളുകളുടെ മന സ്സിൽ മതവിദ്വേഷത്തിന്റെ വിത്തുകൾ പാകുന്ന ഇവർ ആ ദേശത്ത് തെളിഞ്ഞു കാണുന്ന വിഷവിത്തുകളാണ്. സ്വന്തം മതക്കാർക്ക് പ്രിയങ്കരരാവാനുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് ഇവർ നാട്ടിൽ അധികവും ചെയ്യുന്നത്. വീണ്ടും വീണ്ടും ചെറുപ്പക്കാരെ മതത്തിന്റെ പേരിൽ സംഘർഷത്തിലേക്ക് നയിക്കുകയാണ് ശേഖരൻനായരുടെ പ്രധാന പരിപാടി.

മറ്റുമതക്കാരുടെ ഭക്ഷണം കഴിക്കുന്നത് മോശമായി കരുതിയിരുന്നു എന്ന സൂചന എം. ടി കൃതികളിൽ കാണുന്നുണ്ട്. മാപ്പിളമാരുടെ ചായ ഹിന്ദുക്കൾ കുടി ക്കാൻ പാടില്ലെന്ന് *നാലുകെട്ടിലും* പറയുന്നുണ്ട്. *നാലുകെട്ടി*ലെ കോന്തുണ്ണിനായ രും *അസുരവിത്തിലെ* ഗോവിന്ദൻകുട്ടിയും ഇത്തരത്തിലുള്ള അയിത്തങ്ങളെ നിഷേധിച്ചവരാണ്. നാടിനോടും നാട്ടുകാരോടും ചേർന്നു നിൽക്കുന്ന രണ്ട് കഥാ പാത്രങ്ങളാണ് കോന്തുണ്ണിനായരും ഗോവിന്ദൻകുട്ടിയുമെന്ന് ഇവരുടെ പ്രവൃത്തിക ളിൽ നിന്ന് വ്യക്തമാണ്.

ആ ഗ്രാമം നന്നാകാൻ രണ്ടുപേരെ തല്ലണമെന്ന് കുഞ്ഞരയ്ക്കാർ ഗോവി ന്ദൻകുട്ടിയോട് പറയുന്നുണ്ട്.

> ''ന്റെ നോട്ടത്തില് രണ്ടാളെ തല്ലാനുണ്ട്. ഒന്ന് ങ്ങടെ അള്യേനെത്ത ന്നെ. ഈച്ചപാക്യംകൊണ്ടു കായ്ണ്ടാക്യ ആ മൂക്കൻ നായരെ ഇങ്ങക്ക് പറേമ്പം ദേസ്യം ബരണ്ട. അത് ങ്ങള് കയിച്ചാ മറ്റതു ഞാനേറ്റ്''.
>
> ജാള്യത പുറത്തുകാട്ടാതെ രസം നടിച്ചുകൊണ്ടു ഗോവിന്ദൻകുട്ടി ചോദിച്ചു.
>
> ''മറ്റതാര്യാ?''

> ''മറ്റതു ചോയിക്കാൻണ്ടോ? മൊയലാളീനെത്തന്നെ. അത്നുള്ള ആവതൊക്കെ കുഞ്ഞരയ്ക്കാരക്ക് ഇപ്പളുംണ്ട്ന്നു കൂട്ടിക്കോളീ'' (2009 എ: 64).

ഗ്രാമത്തിൽ മതസംഘർഷമുണ്ടാക്കുന്നതിന് നേതൃത്വം നൽകുന്നത് ശേഖരൻനായരും മുതലാളിയുമായതുകൊണ്ടാണ് കുഞ്ഞരയ്ക്കാർ അങ്ങനെ പറഞ്ഞത്. മറ്റുള്ളവരെ തല്ലുകൊള്ളിക്കുന്ന ഇവരും തല്ലുകിട്ടുന്നതിന്റെ വേദന അറിയട്ടെ എന്നും അയാൾ കരുതുന്നു. തല്ലാനുള്ള ആളുകളെ തെരഞ്ഞെടുക്കുന്നതിലും കുഞ്ഞരയ്ക്കാർ ശ്രദ്ധിക്കുന്നുണ്ട്. ഭാവിയിൽ ഒരു സംഘർഷം ഉണ്ടാകാതിരിക്കാനാണ് ശേഖരൻനായരെ തല്ലാൻ ഗോവിന്ദൻകുട്ടിയും മുതലാളിയെ തല്ലാൻ കുഞ്ഞരയ്ക്കാരും മതിയെന്ന് അയാൾ പറയുന്നത്. ഇത് തല്ലാൻവേണ്ടി പറയുന്നതല്ലെങ്കിൽ കൂടി ആ നാട്ടിലെ ജീവിതത്തിന്റെ യാഥാർത്ഥ്യം വെളിവാക്കാൻ ഈ സംഭാഷണത്തിന് കഴിയുന്നുണ്ട്. ശേഖരൻനായരെ ഗോവിന്ദൻകുട്ടി അടിച്ചാൽ സംഘർഷമുണ്ടാകും. എന്നാൽ അത് മതത്തിന്റെ പേരിലുള്ള സംഘർഷമാവില്ല. ജാതിയും മതവും മനുഷ്യനെ തമ്മിലടിപ്പിക്കുന്ന പ്രധാന ശക്തിയാണ്. അതുകൊണ്ടാണ് കളിയായിട്ടാണെങ്കിലും കുഞ്ഞരയ്ക്കാർ ഇങ്ങനെയൊരു നിർദ്ദേശം വെയ്ക്കുന്നത്.

ഗ്രാമത്തിൽ കന്നുപൂട്ട് നടന്നപ്പോഴുണ്ടായ സംഘർഷം കേസിൽ കലാശിച്ചു. ഇൻസ്പെക്ടർ ശേഖരൻനായരുടെ കന്നു തെളിച്ചിരുന്ന മാമ്പിയെയും മുതലാളിയുടെ കന്ന് തെളിച്ച കോപ്പക്കുട്ടിയെയും മുതലാളിയുടെ വീട്ടിലേക്ക് വിളിച്ചുവരുത്തി. ചില ചോദ്യങ്ങൾ ചോദിച്ച ശേഷം കേസ് രാജിയാക്കുവാൻ പറഞ്ഞു. ശേഖരൻനായരെ മുതലാളിയുടെ വീട്ടിലേക്ക് ചെല്ലാൻ ഇൻസ്പെക്ടർ ആളെ അയച്ചു. അതിലുള്ള പ്രതിഷേധം ശേഖരൻനായരുടെ വാക്കുകളിലുണ്ട്.

> ''ഒന്നവടംവരെ ചെല്ലാൻ പറഞ്ഞു.''
>
> ''ആര്?''

> ''ഇൻസെട്ടർ. മൊയ്ലാളീടെ ബെഗ്ലാവില് -''
>
> ''പ്ഫ!'' ഒരാട്ടാണു കൊടുത്തത്: ''ആരെടാ നിന്റെ മൊയലാളി? ഇൻസെട്ടരോടു പറ, പൂന്തോട്ടത്തിലെ ശേഖരൻനായർക്ക് ഒരു സ്ഥലണ്ട്. കാണണങ്കില് അവിടെ വരണംന്ന്'' (2009 എ: 84).

രണ്ട് തുല്യ ശക്തികളായിട്ടാണ് ശേഖരൻനായരും മുതലാളിയും ആ നാട്ടിൽ കഴിയുന്നത്. അതിലൊരാൾ മുമ്പിലെത്തുന്നത് അടുത്തയാൾക്ക് സഹിക്കില്ല. അത് ഈ സംഭാഷണത്തിൽ വ്യക്തമാണ്. മുതലാളിയുടെ വീട്ടിലേക്ക് ചെല്ലുന്നത് ശേഖരൻനായർക്ക് അപമാനമാണ്. ആ നാട്ടിലെ പ്രമാണിമാരെയും അവരുടെ കിടമത്സരവും അറിയാൻ സഹായിക്കുന്നതാണ് ഈ സംഭാഷണം.

ഇപ്പോൾ മതസംഘർഷങ്ങൾ നടക്കുന്ന ആ നാട്ടിൽ പണ്ട് ലഹളക്കാലത്തു പോലും ഒരു വാക്കേറ്റം നടക്കില്ലായിരുന്നു. പണ്ടൊരിക്കൽ ലഹളയുണ്ടായപ്പോൾ ഹിന്ദുമതത്തിൽപ്പെട്ട ആളുകൾ വീടൊഴിഞ്ഞു പോകണോ എന്ന് സംശയിച്ചു നിന്നു. അന്ന് വലിയ മുതലാളിയാണ് അവർക്ക് ധൈര്യം നൽകിയത്.

> 'ആരും പോണ്ട. ഞമ്മള് പടച്ചോന്റെ വേണ്ട്കണ്ടായിട്ടു കണ്ണടയ്ക്കാണ്ട് ഇരിക്ക്ണ്ണ്ടെങ്കി ഒറ്റ മാപ്ലീം ഒരു ഹിന്ദൂനെ തൊടൂല' (2009 എ: 59).

അന്യമതസ്ഥർക്ക് ധൈര്യംനൽകുന്നതോടൊപ്പം അദ്ദേഹത്തിന് സ്വസമുദായത്തിലുള്ള ആധികാരികതയും ഈ വാക്കുകൾ വ്യക്തമാക്കുന്നുണ്ട്. അന്നത്തെ മുതലാളി മതസംഘർഷങ്ങൾ ഒഴിവാക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ ഇന്ന് രണ്ടു മതത്തിൽപ്പെട്ട മുതലാളിമാരും മതത്തിന്റെ പേരിൽ സംഘർഷങ്ങൾ ഉണ്ടാക്കാനാണ് ശ്രമിക്കുന്നത്. പഴയ ആളുകൾക്കുണ്ടായിരുന്ന സഹിഷ്ണുതയും മാനവികതാ ബോധവുമെല്ലാം പുതിയ തലമുറയ്ക്കില്ലാതാവുന്നു എന്ന സൂചനയും നോവലിലെ ചില സന്ദർഭങ്ങളിലെ സംഭാഷണങ്ങൾ വ്യക്തമാക്കുന്നുണ്ട്. ശേഖ

രൻനായരും മുതലാളിയും രണ്ടു മതങ്ങളുടെ നേതാക്കന്മാരായി തമ്മിൽസംഘർഷ ങ്ങളുണ്ടാക്കുകയാണ്. കുഞ്ഞരയ്ക്കാരും ഭാര്യയും തമ്മിലുള്ള സംഭാഷണത്തിൽ ഇത് വ്യക്തമാണ്.

**4.6.6. കാലത്തിന്റെ മാറ്റങ്ങൾ**

പണ്ട് നമ്പൂതിരിമാർ നായന്മാരുടെ വീട്ടിൽനിന്നു ഭക്ഷണം കഴിച്ചിരുന്നില്ല. ഇത് മാറി വരുന്നതിന്റെ സൂചന ഒരു സംഭാഷണത്തിൽ വരുന്നുണ്ട്. മാധവന്റെ വിവാഹമാണ് സന്ദർഭം.

> 'അളിയൻ വീണ്ടും ചാരുകസേരയിലിരുന്നു വിളിച്ചു:'മാധവാ!' ഉണ്ണ്യ മ്പൂരിക്ക് എന്താ കൊടുക്ക്വാ? എളനീരും പഴും ആയാലോ?'
>
> 'ആ കാലൊക്കെ പോയി അല്ലേ ഉണ്ണ്യമ്പൂരീ? പരമേശ്വരൻ പറഞ്ഞു.
>
> 'ചായ ആവാം, വിരോധല്യ' (2009 ബി: 115).

ഇളനീരും പഴവും വീട്ടിൽ പാചകം ചെയ്യാത്തതാണ്. അതുകൊണ്ടാണ് നമ്പൂതിരിക്ക് അതു കൊടുക്കാമെന്ന് ആദ്യം പറഞ്ഞത്. എന്നാൽ കാലംമാറി എന്നത് ശരിവെക്കുകയാണ് ഉണ്ണിനമ്പൂതിരി ചെയ്യുന്നത്.

*കാല*ത്തിലെ സേതുവും ഉണ്ണിനമ്പൂതിരിയും തമ്മിലുള്ള സംഭാഷണങ്ങളിൽ കാലത്തിന്റെ മാറ്റങ്ങളും അത് ഉൾക്കൊള്ളാൻ കഴിയാത്ത അസഹിഷ്ണുതയും കടന്നുവരുന്നുണ്ട്. ഭൂപരിഷ്കരണ നിയമം വന്നതിന്റെ സൂചനയും ഇവരുടെ സംഭാഷണത്തിൽ കടന്നുവരുന്നുണ്ട്. ഈ നിയമത്തെ ഭയപ്പാടോടെയാണ് ഉണ്ണിന മ്പൂതിരി കാണുന്നത്.

> 'പിന്നേയ് -' ഉണ്ണിനമ്പൂതിരി തലയിൽ മാന്തിക്കൊണ്ട് എന്തോ ഓർത്തിട്ടെന്നപോലെ നിന്നു. 'ഭൂമി ഒക്കെ പാട്ടക്കാർക്ക് എടു ക്കാംന്നു കടലാസിലൊക്കെ വന്നൂന്ന് പറേണ്ണ്ടല്ലോ. സേതു കണ്ടി രുന്വോ?.'

സേതു പരുങ്ങി. എന്നിട്ടു പറഞ്ഞു:

'പാട്ടക്കാർക്കു സ്വന്താക്കാംന്നില്ല. പാട്ടം കൊറയും. അധികം ഭൂമി ള്ളോരക്കേ പേടിക്കേണ്ടൂ'

'കുന്നമ്പിള്ളിയോടു ചോദിച്ചു. കോടതീ പോയാലും കാര്യല്ല. ഗോവിന്ദന്റെ ഭാഗാവും ഗേർമ്മെണ്ട്ച്ചാൽ എന്താ ചെയ്യാ? സ്വാത ന്ത്രംന്നൊക്കെ കേട്ടപ്പോത്രത്തോളം നിരീച്ചില്ല്യേ!' (2009 ബി: 143)

കാലത്തിന്റെ മാറ്റത്തെ ഭയപ്പാടോടെ നോക്കിക്കാണുന്ന വ്യക്തിയാണ് ഉണ്ണി നമ്പൂതിരി. പത്രത്തിൽ വാർത്ത വന്നതിനെയാണ് 'കടലാസിലൊക്കെ വന്നൂന്ന്' പറയുന്നത്. ഇതൊക്കെ സ്വതന്ത്ര്യത്തിന്റെ ദോഷമായിട്ടാണ് അയാൾ കാണുന്നത്. സമ്പത്ത് നഷ്ടപ്പെട്ടുപോകുന്നതിന്റെ വേവലാതിയും അയാളുടെ വാക്കുകളിലുണ്ട്. ഒരു സാമൂഹിക ക്രമത്തിന്റെ ഗുണപരമായമാറ്റമാണ് ഭൂപരിഷ്കരണ നിയമത്തി ലൂടെ സാധിച്ചത്. അതിന്റെ അലയൊലികൾ ആ ഗ്രാമത്തിലും എത്തി എന്നതിന്റെ തെളിവാണ് ഉണ്ണിനമ്പൂതിരിയുടെ വാക്കുകൾ.

ഉണ്ണിനമ്പൂതിരിയുടെ വൈകാരിക ഭാഷണം തന്നെയാണിത്. ഈ സംഭാഷ ണത്തിൽ അയാൾ പറയുന്ന കാര്യങ്ങളൊന്നും ശരിയായ വിവരങ്ങളല്ല. എന്നാൽ ഈ സംഭാഷണത്തിലൊരു സന്ദേശമുണ്ട്. അതിനാണ് പ്രാധാന്യം. ഭൂപരിഷ്ക രണം വരുന്നു, പാട്ടവ്യവസ്ഥ ഇല്ലാതാകാൻ പോകുന്നു എന്നൊക്കെയുള്ള വിവരം അയാൾ അറിയുമ്പോഴുള്ള വൈകാരികത തന്നെയാണ് അയാൾ പങ്കുവെയ്ക്കുന്ന ത്. ഈ സംഭാഷണം ഒരു കാലത്തെ അടയാളപ്പെടുത്തുന്നുണ്ട്. ഒപ്പം സ്ഥലത്തിൽ സംഭവിയ്ക്കാൻ പോകുന്ന മാറ്റത്തെയും സൂചിപ്പിക്കുന്നുണ്ട്. ഇതുവരെ ഉണ്ണിനമ്പൂ തിരിയുടേതായിരുന്ന സ്ഥലം ഇനി അയാളുടേതല്ലാതാവാൻ പോകുന്നു എന്ന തിരിച്ചറിവിലുണ്ടാകുന്ന ആധിയാണ് ഇവിടെ കാണുന്നത്. കാലത്തിൽ വരുന്നൊരു മാറ്റത്തെ സ്ഥലത്തിൽ വരുന്നൊരു പരിണാമമായിട്ടാണ് ഇവിടെ ആവിഷ്കരിക്കു ന്നത്. അതിന്റെ ആധിയാണ് ഉണ്ണിനമ്പൂതിരി പങ്കുവെയ്ക്കുന്നത്.

നോവലിലെ സാമൂഹിക അംശങ്ങൾ പ്രകടമാകുന്നതാണ് സേതുവും ഉണ്ണി നമ്പൂതിരിയും തമ്മിലുള്ള സംഭാഷണം. രണ്ടുപേരും കുളക്കടവിൽ വെച്ച് കാണുന്നതാണ് സന്ദർഭം.

> 'സേതൂന് ഇനി ഡോട്ടറ് ഭാഗം പഠിച്ചൂടെ?'
>
> 'എന്താ ഉണ്ണിനമ്പൂതിരിക്ക് പെട്ടെന്ന് ഇങ്ങനെ തോന്നാൻ'
>
> 'ഒരുപാടു പണച്ചിലവുണ്ട് ഉണ്ണ്യേമ്പൂരീ. നമ്മക്കൊന്നും പറ്റില്ല'
>
> 'അല്ല ഡോട്ടർമാർക്കു പറഞ്ഞ കാശാപ്പൊ അകത്ത്ള്ളാൾടെ പ്രസവത്തിന്'
>
> ഉണ്ണിനമ്പൂതിരിയുടെ അന്തർജ്ജനത്തിനു നാലുദിവസം പ്രസവവേദന നീണ്ടുനിന്നു. മൂന്നുതവണ ആറുനാഴിക ദൂരത്തുള്ള ഡോക്ടറെ കൊണ്ടുവന്നു.
>
> 'ഡോട്ടറ് ഒരു വാരരാ. നമ്മടെ ആബടെ -ന്താണ് ശുകപുരം. വാര്യത്താണ് അവസാനം ന്നോടു ചോയ്ച്ചു. കുട്ടി വേണോ തള്ള വേണോന്ന്. കുട്ട്യേ എടുത്തപ്പോ ജീവൻല്യ. പിന്നീം വാരരടെ ചികിത്സ്യന്നായിരുന്നു '(2009: സി 142).

ഉണ്ണി നമ്പൂതിരിക്ക് വിദ്യാഭ്യാസം കുറവാണ്. അറിയുന്ന ഒരാൾ ഡോക്ടർ ആയാൽ പരിചരണം കൂടുമെന്നും പണത്തിന്റെ ബുദ്ധിമുട്ട് കണ്ടറിയുകയും ഒക്കെ ചെയ്യുമെന്ന് ശുദ്ധഗതിക്കാരനായ ഉണ്ണിനമ്പൂതിരി കരുതുന്നു. അന്ന് എല്ലായിടത്തും വൈദ്യസഹായം ലഭ്യമല്ലായിരുന്നു എന്ന സൂചനയും ഉണ്ണിനമ്പൂതിരിയുടെ വാക്കുകളിൽ നിന്നും മനസ്സിലാക്കാൻ കഴിയും. നല്ല ആശുപത്രികളും ഡോക്ടർമാരുടെ സേവനവും ഉണ്ടായിരുന്നെങ്കിൽ ചിലപ്പോൾ ഉണ്ണിനമ്പൂതിരിയുടെ കുഞ്ഞും രക്ഷപ്പെടുമായിരുന്നു എന്ന വിശ്വാസവും ഉണ്ണിനമ്പൂതിരിയുടെ വാക്കുകളിൽ തെളിയുന്നു.

സേതു ഗ്രാമത്തിലേക്ക് വീണ്ടും തിരിച്ചുവരുമ്പോഴേക്ക് ഗ്രാമത്തിൽ മാറ്റങ്ങൾ വരുന്നതിന്റെ സൂചന കാണുന്നുണ്ട്. ചുമട്ടുകാരനും സേതുവും തമ്മിലുള്ള സംഭാഷണമാണ് സന്ദർഭം.

> 'പാലം പണി തൊടങ്ങ്ണ്ണ്ട്. മൊതലാളി ഇനി വരുമ്പോ കാറക്കരയ്ക്ക് കൊണ്ടോവാം'. ശ്രദ്ധിക്കാതെ നടക്കുമ്പോൾ വീണ്ടും പിന്നിൽനിന്ന് അവന്റെ വിളി കേൾക്കുന്നു.
>
> 'മൊതലാളീ' –
>
> 'മൊതലാളി പ്പോ നാട്ടില് വന്നിട്ട് എത്തറ കൊല്ലായി'? (2009 ബി: 205).

ആ ഗ്രാമത്തിലേക്ക് ആധുനികതയുടെ അടയാളങ്ങൾ കടന്നുവരുന്നതിന്റെ സൂചനയാണ് ചുമട്ടുകാരന്റെ വാക്കുകൾ. പാലം വരുന്നതോടെ ഗ്രാമത്തിലേക്ക് വാഹനങ്ങൾ വരും. ഗ്രാമാന്തരീക്ഷം പതുക്കെ മാറും. സേതുവിനെപ്പോലുള്ളവർക്ക് വാഹനം വീട്ടിലേക്ക് കൊണ്ടുപോകാം. മാത്രമല്ല സേതു ഒരുപാട് വർഷങ്ങൾക്കു ശേഷമാണ് ഗ്രാമത്തിൽ എത്തുന്നത് എന്ന സൂചനയും ഇവിടെ തെളിയുന്നു.

### 4.6.7. യൗവ്വനത്തിന്റെ ക്ഷോഭങ്ങൾ

ഹോസ്റ്റലിൽ വെച്ച് സേതുവും സുഹൃത്ത് കൃഷ്ണൻകുട്ടിയും തമ്മിലുള്ള സംഭാഷണത്തിൽ സേതുവിന്റെ സ്വാർത്ഥത വെളിപ്പെടുന്നുണ്ട്. സേതുവിന്റെ കാമുകിയായ തങ്കമണിയെപ്പറ്റി പറയുന്നതാണ് സന്ദർഭം.

> 'സത്യം പറഞ്ഞാൽ ഞാൻ മനസ്സിൽ പ്രാർത്ഥിക്കയായിരുന്നു'
>
> 'പാസ്സാവാൻ?'
>
> 'അല്ല എന്റെ ഗേൾഫ്രൻഡ് പാസ്സാവല്ലേ എന്ന്' (2009 ബി: 151)

അവൾ ജയിച്ചാൽ നഗരത്തിലെ കോളേജിൽ ചേരുന്നതും അവളെയും കൂട്ടുകാരികളെയും ആളുകൾ റോഡരികിൽ നിന്നും നോക്കുന്നതും സേതുവിന് സഹിക്കാൻ പറ്റുന്നില്ല. മാത്രമല്ല നഗരത്തിലെ കോളേജിൽ പഠിച്ച് വരുമ്പോ ഴേയ്ക്ക് അവൾ മാറിപ്പോകുമോയെന്ന ഭയവും സേതുവിന് ഉണ്ട്. സേതുവിന്റെ സ്വാർത്ഥത ഇവിടെ വ്യക്തമാണ്. അതുകൊണ്ടാണ് തങ്കമണി ജയിക്കാതിരിക്കാൻ സേതു പ്രാർത്ഥിച്ചത്.

കോളേജിൽ പരീക്ഷ കഴിഞ്ഞതോടെ ആഘോഷത്തിന്റെ അന്തരീക്ഷമായി. ഗ്രാമാന്തരീക്ഷത്തിൽ നിന്നും തീർത്തും വ്യത്യസ്തമായ സംഭാഷണമാണ് അവി ടെ നടക്കുന്നത്. സേതുവിന്റെ സുഹൃത്തുക്കൾ മദ്യപിക്കുന്നതാണ് സന്ദർഭം.

> 'പേടിക്കേണ്ട .....മദ്യമാണ്'
>
> 'പ്രൊഹിബിഷനല്ലേ?'
>
> അതാണാദ്യം തോന്നിയത്. നിയമലംഘനത്തിനാണു കൂട്ടുനില്ക്കു ന്നത്. 'പ്രൊഹിബിഷൻ ഇതിനു ബാധകമല്ല. എല്ലാ ഷോപ്പിലും വിൽക്ക്ണ്ണ്ട്. ബെസ്റ്റ് സാധനാ' (2009 ബി: 149).

കോഴ്സ് തീർന്നതിന്റെ ആഘോഷമാണ് ഹോസ്റ്റലിൽ. മദ്യം ഹോസ്റ്റലിൽ കൊണ്ടുവരാൻ പാടില്ലെന്ന് അറിയുന്നതുകൊണ്ട് സേതു ആദ്യം എതിർത്തു. എന്നാൽ അതൊന്നും പ്രശ്നമല്ലെന്ന നിലപാടിലായിരുന്നു അവന്റെ സുഹൃത്തു ക്കൾ. മാത്രമല്ല, 'ബെസ്റ്റ് സാധനാ' എന്നുപറഞ്ഞുകൊണ്ട് സേതുവിനെ കൂടി മദ്യ പിക്കാൻ അവർ ക്ഷണിക്കുകയും ചെയ്യുന്നുണ്ട്.

കൂട്ടുകാർ സംഭാഷണം അവിടെയും നിർത്തിയില്ല. അവർ പ്രൊഹിബിഷ നെതിരെ ആവേശത്തോടെ സംസാരിക്കുകയാണ്.

> 'ഞാൻ പ്രൊഹിബിഷന് എതിരാണ്. നിയമം കൊണ്ടു നമ്മളെ യൊന്നും മഹാത്മാഗാന്ധിമാരാക്കാൻ നോക്കണ്ട'

അരവിന്ദന്റെ കണ്ണുകൾ അല്പം ചെറുതായിട്ടുണ്ടെന്നു തോന്നി. ഗ്ലാസ്സ് വീണ്ടും കൈകൾ മാറി.

ബാലകൃഷ്ണനു സംസാരിക്കാൻ പൊടുന്നനെ ആവേശം കിട്ടിയതു പോലെ തോന്നി. 'എന്റെ ഫ്രൻഡ് പറയും. പട്ടിണി കിടക്കുമ്പോൾ സർക്കാർ ചോറു തരാമെന്നേറ്റിട്ടുണ്ടോ? പഠിപ്പു കഴിഞ്ഞു തെണ്ടിന ടക്കുമ്പോൾ ജോലി തരാമെന്നേറ്റിട്ടുണ്ടോ? എന്നിട്ടാ അവന്റെ യൊക്കെ നിയമം!' (2009 ബി: 150).

അഭ്യസ്തവിദ്യരുടെ തൊഴിൽ പ്രശ്നങ്ങളിലേക്കും സർക്കാറിന്റെ നിർബ ന്ധിത നിയമങ്ങളിലേക്കും അഹിംസാവാദത്തിലേക്കും പട്ടിണിയിലേക്കുമെല്ലാം അവരുടെ ചർച്ചകൾ നീളുന്നുണ്ട്. ഒരു ബൗദ്ധിക സംവാദമായി മാറാൻ സാധ്യത യുണ്ടെങ്കിലും മദ്യലഹരിയിൽ ആ ചർച്ച വഴിമുട്ടി. പുതുതലമുറക്കുള്ള പുച്ഛവും ധിക്കാരവുമെല്ലാം അവരുടെ പെരുമാറ്റത്തിലുണ്ട്. നോവലിലെ വ്യത്യസ്തമാ യൊരു സംസാരമായി ഈ നഗരസംഭാഷണം മാറുന്നുണ്ട്.

### 4.6.8. നഗരത്തിലെ ചതിക്കുഴികൾ

റൈട്ടറായി ജോലികിട്ടി നഗരത്തിൽ ജീവിക്കുമ്പോൾ തീർത്തും വേറിട്ട കാര്യങ്ങളാണ് സേതു സംസാരിക്കുന്നത്. ശ്രീനിവാസൻ മുതലാളിയുമായി സംസാ രിക്കുന്നതാണ് സന്ദർഭം.

'കാഷ് - ബാലൻസ് ശരിയാണോ?'

'അതെ'

'ഞാൻ മിനിഞ്ഞാന്നെടുത്ത ആയിരോ?'

'അത് സസ്പെൻസിൽ വെച്ചിട്ടുണ്ട്' (2009 ബി: 205).

പണവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഇവിടെ പറയുന്നത്. ഇവിടെയു ള്ളത് ഔപചാരികമായ ഒരു സംഭാഷണം മാത്രമാണ്. സേതുവിന് എല്ലാ സഹായ

ങ്ങളും ശ്രീനിവാസൻ മുതലാളി ചെയ്തു കൊടുക്കുന്നുണ്ട്. ഓഫീസിൽ വെച്ചുള്ള സംഭാഷണത്തിൽ അതും മുതലാളി അന്വേഷിക്കുന്നുണ്ട്.

> 'ആ പിന്നെ റൈറ്ററേ! വീടെങ്ങനെണ്ട്?'
>
> 'നന്ന്'
>
> 'ഊണൊക്ക്യോ'
>
> 'ഹോട്ടല്ന്ന്' (2009 ബി: 205)

ഈ സംഭാഷണത്തിൽ നിന്നും ശ്രീനിവാസൻ മുതലാളി സേതുവിന്റെ കാര്യത്തിൽ എത്രമാത്രം ശ്രദ്ധകാണിക്കുന്നുവെന്ന് വ്യക്തമാണ്. പക്ഷേ പിന്നീട് അയാളുടെ സ്നേഹത്തിനുപിന്നിലെ സ്വാർത്ഥത സേതു അറിയുന്നുണ്ട്.

## 4.7. സാമൂഹ്യബന്ധ പശ്ചാത്തലത്തിലെ സ്ത്രീ-സ്ത്രീഭാഷണങ്ങൾ

*നാലുകെട്ടിലെ* ആമിനുമ്മയും മുത്താച്ചിയും തമ്മിലും *അസുരവിത്തിലെ* കുഞ്ഞിക്കാളൃമ്മയും തിത്തുമ്മയും തമ്മിലുമുള്ള ഭാഷണങ്ങൾ സാമൂഹ്യബന്ധ പശ്ചാത്തലത്തിലുള്ള സ്ത്രീഭാഷണങ്ങളാണ്.

### 4.7.1. നാടിന്റെ ഇന്നലെകൾ

*നാലുകെട്ട്* എന്ന നോവലിൽ ആമിനുമ്മയും മുത്താച്ചിയും ഒരു വെള്ള പ്പൊക്കം ഓർക്കുന്നുണ്ട്. മറ്റൊരു മഴക്കാലത്താണ് അവർ ഇത് ഓർക്കുന്നത്.

> 'പൂമാന്തോട്ടില്യ്ക്ക് വെള്ളം എത്തിരിക്ക്ണ്. ചതിക്ക്വോ പട ച്ചോനേ?'
>
> മുത്താച്ചി ക്ഷണിച്ചു
>
> 'ഇങ്ങട്ട് കേറിന്നോ ഉമ്മാ'
>
> ഉമ്മ കുട ചെരിച്ചുപിടിച്ച് ഇറവെള്ളം തട്ടാതെ ഉമ്മറത്തേയ്ക്കു കയ റിനിന്നു.

'തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കം ങക്കോർമ്മണ്ടോ!'

'ഉണ്ടല്ലോ ഞെമ്മളൊക്കെ സെയ്താലിക്കന്റെ പെരേലിക്കല്ലേ ഒയ്ച്ച്? ന്റങ്ങളേ അന്നല്ലേ ഞമ്മടെ തന്തപ്ലാവ് പെരേമ്മ്ല് വീണത്?' (2009 എ: 115)

ചരിത്രബദ്ധമായൊരു സംഭാഷണമാണത്. തൊണ്ണൂറ്റൊമ്പതിലെ വെള്ള പ്പൊക്കം വള്ളുവനാടിനെ, വിശേഷിച്ച് കൂടല്ലൂരിനെ എങ്ങനെ ബാധിച്ചു എന്ന തിന്റെ രേഖകളാണ് മുത്താച്ചിയുടെയും ആമിനുമ്മയുടെയും ഓർമ്മകൾ. കാല ത്തെയും അന്നത്തെ ദേശത്തെയും ഓർത്തെടുക്കുന്നതാണ് ഇവരുടെ സംഭാ ഷണം.

#### 4.7.2. മനുഷ്യത്വത്തിന്റെ ഇടം

അയിത്തവും ശുദ്ധിയും മറന്ന മാനവികതയുടെ കാലം കുഞ്ഞരയ്ക്കാരുടെ ഭാര്യ തിത്തുമ്മ ഇപ്പോഴും ഓർക്കാറുണ്ട്. പ്രകൃതി വല്ലാതെ ക്ഷോഭിച്ച ഒരു ദിവസ മായിരുന്നു തിത്തുമ്മ നബീസുവിനെ പ്രസവിച്ചത്. കവുങ്ങിൻ തോട്ടത്തിൽ കാറ്റ് മുടിയഴിച്ചിട്ടാടിയ ദിവസം റോട്ടു വക്കത്തെ മരങ്ങളുടെ കൊമ്പുകൾ പൊട്ടി വീഴാൻ തുടങ്ങിയപ്പോൾ കുഞ്ഞരയ്ക്കാർ ഗർഭിണിയായ ഭാര്യയേയും മക്കളേയും കൊണ്ട് താഴത്തേതിൽ തറവാടിന്റെ പടിക്കൽ വന്നു വിളിച്ചു. കുഞ്ഞിക്കാള്യമ്മ അടുക്കളയുടെ തൊട്ടുള്ള മുറിയിൽ അവരെ താമസിക്കാൻ സമ്മതിച്ചു.

'നേരം വെളിച്ചാവുമ്പോ ആര് ആര്യോക്ക്യാ കാണ്വാന്നു നിശ്ശം ല്യണ്ടിരിക്ക്ണ നേരാ. അയിത്തും നോക്കില്യ, ചിത്തും നോക്കില്യ' (2009 എ: 63).

കുഞ്ഞിക്കാള്യമ്മയുടെ ഈ വാക്കുകൾ ജാതിക്കും മതത്തിനും അപ്പുറ ത്തുള്ള മനുഷ്യസ്നേഹത്തിന്റെ സാക്ഷ്യമാണ്. മനുഷ്യജീവിതത്തിന്റെ നശ്വര തയും അതിനിടയിൽ ജീവിക്കുന്ന കാലത്ത് ചെയ്യുന്ന നന്മകളും എല്ലാം അവർ

ഓർക്കുന്നു. നേരം വെളുക്കുമ്പോ ആരാണുണ്ടാവുക എന്നത് വലിയൊരു ചോദ്യ മാണ്. സമ്പന്നനോ പാവപ്പെട്ടവനോ സവർണ്ണനോ അവർണ്ണനോ ആരാണ് പ്രകൃതി ക്ഷോഭത്തിൽ മരണപ്പെടുക എന്നത് ആർക്കും പറയാൻ കഴിയില്ല. അതു കൊണ്ടാണ് അങ്ങനെയൊരു തിരിച്ചറിവ് കുഞ്ഞിക്കാള്യമ്മയ്ക്ക് ഉണ്ടാകുന്നത്. അതുകൊണ്ടാണ് കുഞ്ഞിക്കാള്യമ്മ തന്റെ വീട് കുഞ്ഞരയ്ക്കാരുടെ കുടുംബത്തിന് തുറന്നു കൊടുത്തത്.

*നാലുകെട്ട്, കാലം* എന്നീ നോവലുകളെ അപേക്ഷിച്ച് വീടിനു പുറത്തുള്ള നാട് കൂടുതൽ ചിത്രീകരിക്കപ്പെടുന്നത് *അസുരവിത്ത്* എന്ന നോവലിലാണ്. ഗ്രാമ ത്തിനു പുറത്തുള്ള നഗരസ്ഥലം ഈ നോവലിൽ ഇല്ല. നഗരമോ നഗരവർണ്ണന കളോ നഗരഭാഷണങ്ങളോ ഈ നോവലിൽ കടന്നു വരുന്നില്ല. തെക്കുംമുറി എന്ന ഗ്രാമവും പെരുമ്പലം ഗ്രാമവുമാണ് രണ്ട് സ്ഥലങ്ങളായി നോവലിൽ കാണുന്നത്. പിന്നീട് നോവലിൽ പരാമർശിക്കുന്ന സ്ഥലങ്ങൾ കുഞ്ഞരയ്ക്കാരുടെ മകൻ ജോലി ചെയ്യുന്ന കേരളത്തിനു പുറത്തുള്ള സ്ഥലവും ഗോവിന്ദൻകുട്ടി മതംമാറു വാൻ പോകുന്ന പൊന്നാനിയുമാണ്. ഗ്രാമത്തിൽ നടക്കുന്ന ഭാഷണങ്ങളിലൂടെ തെളിയുന്നത് അവിടത്തെ ഗ്രാമജീവിതത്തിന്റെ ചിത്രമാണ്.

### 4.8. വൈയക്തിക ഭാഷണങ്ങളുടെ ഇടങ്ങൾ

*നാലുകെട്ട്, അസുരവിത്ത്, കാലം* എന്നീ മൂന്നു നോവലുകളിലെ സംഭാഷ ണങ്ങൾ വിശകലനം ചെയ്യുമ്പോൾ അവയിലെല്ലാം ദേശവുമായി ബന്ധപ്പെട്ട കാര്യ ങ്ങൾ വളരെ കുറച്ചേപരമാർശിക്കപ്പെടുന്നുള്ളൂ എന്ന് വ്യക്തമാകും. വീടും വീട്ടിന കത്തെ കുടുംബബന്ധങ്ങളും അവയുടെ പ്രശ്നങ്ങളുമാണ് സംഭാഷണങ്ങളിൽ അധികവും വരുന്നത്. സ്ത്രീ-പുരുഷ സംഭാഷണങ്ങളിൽ എപ്പോഴും വ്യക്തമായ ആധിപത്യം ലഭിക്കുന്നത് പുരുഷ ഭാഷണങ്ങൾക്ക് തന്നെയാണ്. കോന്തുണ്ണിനാ യരും പാറുക്കുട്ടിയും തമ്മിലുള്ള ഭാഷണത്തിലും ശങ്കരൻനായരും പാറുക്കുട്ടിയും

തമ്മിലുള്ള ഭാഷണത്തിലും പാറുക്കുട്ടിയുടെ ദൈന്യതയും പുരുഷകഥാപാത്രങ്ങളുടെ കരുത്തും പ്രകടമാകുന്നുണ്ട്. അപ്പുണ്ണിയും പാറുക്കുട്ടിയും തമ്മിലുള്ള സംഭാഷണത്തിലും മേധാവിത്വം അപ്പുണ്ണിക്കുതന്നെയാണ്. എന്നാൽ പുരുഷഭാഷണത്തിനു മുകളിൽ സ്ത്രീഭാഷണം ആധിപത്യം സ്ഥാപിക്കുന്നത് *കാല*ത്തിൽ കാണുന്നുണ്ട്. നോവലിന്റെ അവസാനഭാഗത്ത് സേതുവും സുമിത്രയും തമ്മിലുള്ള സംഭാഷണത്തിൽ സേതുവിന്റെ വാക്കുകൾ ദുർബലമായിപ്പോകുന്നത് കാണാം. സുമിത്രയുടെ ചിരിപോലും സേതുവിനെ നിസ്സഹായനാക്കുന്നു. വീടിനുപുറത്തേക്ക് നീളുന്ന ഭാഷണങ്ങളിൽ പ്രധാനം *നാലുകെട്ടിലെ* മുത്താച്ചിയും അപ്പുണ്ണിയും തമ്മിലുള്ളതാണ്. നഗരഭാഷണങ്ങൾ കടന്നുവരുന്നത് കാലത്തിൽ മാത്രമാണ്. ചുരുക്കത്തിൽ പുരുഷാധിപത്യസ്വഭാവത്തിലുള്ള കുടുംബ-ദേശ ചിത്രീകരണമാണ് എം.ടി.കൃതികളിലെ സംഭാഷണവിശകലനത്തിലൂടെ തെളിഞ്ഞുകാണുന്നത്.

*നാലുകെട്ടിലെ* പുരുഷഭാഷണങ്ങളെല്ലാം അധികാരത്തിന്റെയും ധാർഷ്ട്യത്തിന്റെയും സൂചകങ്ങളാണ്. നോവലിലെ പുരുഷഭാഷണങ്ങൾ പ്രധാനമായും കുടുംബബന്ധമുള്ളവർ തമ്മിലാണ്. അപ്പുണ്ണിയും വലിയമ്മാമയും തമ്മിലും അപ്പുണ്ണിയും കുട്ടമ്മാമയും തമ്മിലും വലിയമ്മാമയും കുട്ടമ്മാമയും തമ്മിലുമാണ് മിക്ക സംഭാഷണങ്ങളും. ഈ സംഭാഷണങ്ങളിൽ കാരണവർക്കാണ് ഭാഷയുള്ളത്. ആദ്യ ഭാഷണത്തിൽ അപ്പുണ്ണിക്ക് ശബ്ദം പോലുമില്ല. എന്നാൽ കാരണവരും കുട്ടൻനായരും തമ്മിലുള്ള സംഭാഷണം ശബ്ദമില്ലാതിരുന്നവർക്ക് ശബ്ദം തിരിച്ചുകിട്ടുന്നതിന്റെ സൂചനയാണ്. ഈ ശബ്ദത്തിന്റെ മൂർദ്ധന്യാവസ്ഥ നോവലിന്റെ ഒടുവിൽ കാരണവരും അപ്പുണ്ണിയും തമ്മിലുള്ള സംഭാഷണത്തിൽ കാണുന്നുണ്ട്.

നാലുകെട്ട് എന്ന സ്ഥലം നിശ്ചലമായി നിൽക്കുന്ന ഒരു ഇടമാണ്. അവിടത്തെ ചില കഥാപാത്രങ്ങളുടെ അവസ്ഥയും അതുപോലെയാണ്. *നാലുകെട്ടിലെ* പുരുഷഭാഷണങ്ങളിൽ അധികാരത്തിന്റെയും വ്യവസ്ഥയുടെയും മാറ്റം കാണാം.

ആദ്യം ശബ്ദമുണ്ടായിരുന്ന വലിയമ്മാമയുടെയും കുട്ടമ്മാമയുടെയും ശബ്ദത്തിന് നോവലിന്റെ ഒടുവിലെത്തുമ്പോൾ ഇടർച്ച നേരിടുന്നു. എന്നാൽ നിശ്ശബ്ദനായ അപ്പുണ്ണിക്ക് വാക്കും ശബ്ദവും തിരിച്ചുകിട്ടുകയും ചെയ്യുന്നുണ്ട്. എന്നാൽ സ്ത്രീ-പുരുഷ ഭാഷണങ്ങൾ വിശകലനം ചെയ്യുമ്പോൾ കാലം മാറിയാലും പെണ്ണിന്റെ അവസ്ഥയ്ക്ക് മാറ്റമില്ലെന്ന് മനസ്സിലാകുന്നു. ആദ്യം കോന്തുണ്ണിനായ രെയും പിന്നീട് ശങ്കരൻനായരെയും ഒടുവിൽ അപ്പുണ്ണിയെയും അനുസരിക്കുന്ന, അവരെ ആശ്രയിച്ച് ജീവിക്കുന്ന ഒരു കഥാപാത്രമാണ് പാറുക്കുട്ടി എന്ന് ബോധ്യ മാകും. സ്വന്തം ഇഷ്ടത്തിനനുസരിച്ച് നാലുകെട്ടിൽ നിന്നും പുറത്തുകടന്ന് കോന്തുണ്ണിനായരോടൊപ്പം ജീവിക്കാൻ ധൈര്യം കാണിച്ചെങ്കിലും ആണധികാര ത്തിന്റെ ആധിപത്യത്തിൽനിന്നും കുതറിമാറാൻ പാറുക്കുട്ടിക്ക് കഴിഞ്ഞില്ല. മക നോടും കോന്തുണ്ണിനായരോടും ശങ്കരൻനായരോടുമൊക്കെയുള്ള സംഭാഷണ ങ്ങൾ നിസഹായതയുടേതാണ്. സ്ത്രീകൾ പരസ്പരമുള്ള ഭാഷണങ്ങളും ഭയത്തി ന്റെയും നിസ്സഹായതയുടെയും ശബ്ദങ്ങളാണ്. നാലുകെട്ടിലേക്ക് അപ്പുണ്ണി താമ സിക്കാൻ വന്നപ്പോൾ അച്ചമ്മയും വലിയമ്മയും തമ്മിൽ നടക്കുന്ന സംഭാഷണം ശ്രദ്ധിച്ചാൽ അവരുടെ ഭയം വ്യക്തമാകും. കാരണവർ അറിഞ്ഞാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ഓർത്താണ് അവരുടെ ഭയം. എന്നാൽ ദേശമുദ്രകൾ, സ്ത്രീഭാഷണ ങ്ങളിൽ കാണുന്നുണ്ട്. ഇതല്ലാതെ നോവലിലുള്ള മറ്റൊരു പ്രധാന പുരുഷഭാ ഷണം അപ്പുണ്ണിയും സെയ്താലിക്കുട്ടിയും തമ്മിലാണ്. സെയ്താലിക്കുട്ടി അപ്പു ണ്ണിക്ക് ധൈര്യം പകരുകയാണ് ഈ സംഭാഷണങ്ങളിലൂടെ. ഒപ്പം അവനെ എന്തും നേരിടാൻ സന്നദ്ധനാക്കുകയും ചെയ്യുന്നു. പകിടകളി സ്ഥലത്ത് വെച്ചുള്ള കോന്തു ണ്ണിനായരുടെ സംഭാഷണവും പൗരുഷത്വത്തിന്റെ വാക്കുകളാണ്.

*അസുരവിത്തിലെ* സ്ത്രീ പുരുഷഭാഷണങ്ങളിൽ കുമാരനും അമ്മയും തമ്മിലുള്ള സംഭാഷണം കുമാരന്റെ നിസ്സഹായതയും ദേഷ്യവുമെല്ലാം പ്രകടമാ ക്കുന്നതാണ്. അമ്മയ്ക്കും ആ സംഭാഷണത്തിൽ തുല്യ പ്രാധാന്യമുണ്ട്. എന്നാൽ കുഞ്ഞരയ്ക്കാരും ഭാര്യയും തമ്മിലുള്ള സംഭാഷണം നാടിന്റെ ചിത്രം വ്യക്തമാ

ക്കുന്നതാണ്. പുരുഷഭാഷണങ്ങൾ ആ നാട്ടിലെ അവസ്ഥയെ പ്രത്യക്ഷത്തിൽ തന്നെ സൂചിപ്പിക്കുന്നുണ്ട്. വീട്ടിനുള്ളിലുള്ള കുമാരനും ഗോവിന്ദൻകുട്ടിയും തമ്മിലുള്ള സംഭാഷണത്തിൽ കുമാരേട്ടന്റെ വാക്കുകൾക്കാണ് ആധിപത്യസ്വഭാവം കാണുന്നത്. അത് അധികാരത്തിന്റേതു കൂടിയാണ്. *കാല*ത്തിൽ ഗ്രാമാന്തരീക്ഷത്തിൽ വീട്ടകങ്ങളിലെ സംഘർഷങ്ങളും നഗരാന്തരീക്ഷത്തിൽ യാന്ത്രികഭാഷണങ്ങളുമാണ് കൂടുതൽ കാണുന്നത്.

*കാല*ത്തിൽ ഗ്രാമാന്തരീക്ഷത്തിലും നഗരാന്തരീക്ഷത്തിലുമുള്ള സംഭാഷണങ്ങൾ കടന്നുവരുന്നുണ്ട്. സ്ത്രീ-പുരുഷഭാഷണങ്ങളിലും പുരുഷ ഭാഷണങ്ങളിലും വൈകാരികതയുടെ അംശം ഏറെയുണ്ട്. എന്നാൽ കേന്ദ്രകഥാപാത്രമായ സേതു ഈ വൈകാരിക ഭാഷണങ്ങളെ റദ്ദുചെയ്യുകയാണ്. തങ്കമണിയുടെ അനിയൻ അന്വേഷിച്ചു വന്നപ്പോഴും അമ്മയുടെ മരണത്തെപ്പറ്റി ചെറിയമ്മ കണ്ണുതുടച്ചു കൊണ്ട് പറഞ്ഞപ്പോഴും സേതു സ്വാർത്ഥനാണെന്ന് സുമിത്ര പറഞ്ഞപ്പോഴും ആ ഭാഷണങ്ങളുടെ വൈകാരിക അംശങ്ങളെ പുറത്താക്കി മനസിന്റെ വാതിലുകളെല്ലാം കൊട്ടിയടയ്ക്കുന്ന സേതുവിനെയാണ് കാണുന്നത്. നഗരത്തിലേക്കു വന്ന ജ്യേഷ്ഠനും ഏട്ടത്തിയമ്മയും തങ്കമണിയുടെ അനിയനും സേതുവിനോട് ഗ്രാമത്തിലേക്ക് വരാൻ പ്രത്യക്ഷമായും പരോക്ഷമായും പറയുന്നുണ്ട്. എന്നാൽ അതിൽനിന്നെല്ലാം അയാൾ ഓടിയൊളിക്കുകയാണ് ചെയ്യുന്നത്. സേതുവിനോട് മറ്റുള്ളവർ പറയുന്ന കാര്യങ്ങളെ അതേ വൈകാരികതയോടെ അയാൾ സ്വീകരിച്ചാൽ അയാൾ നിൽക്കുന്ന ഇടത്തിനൊരു ജൈവികതയുണ്ടാകും. എന്നാൽ ഈ സംഭാഷണങ്ങളിൽനിന്നും ഒഴിഞ്ഞുമാറി ജൈവികമായൊരു സ്ഥലത്തുനിന്നും സ്വയം അന്യവൽക്കരിച്ച് സ്വപ്നാത്മകമായൊരു സ്ഥലത്ത് ചേക്കേറുകയാണ് സേതു ചെയ്യുന്നത്. *കാല*ത്തിലെ സ്ത്രീ ഭാഷണങ്ങളിൽ അധികവും വീട്ടിനകത്തെ പരാതികളും പരിഭവങ്ങളുമാണ്. ഈ മൂന്നു കൃതികളിലും പുരുഷഭാഷണത്തിന് കീഴടങ്ങിനിൽക്കുന്ന സ്ത്രീ ഭാഷണങ്ങളാണ് അധികവും. എന്നാൽ നോവലിന്റെ ഒടുവിൽ സേതുവും സുമിത്രയും തമ്മിലുള്ള ഭാഷണത്തിൽ സുമിത്രയുടെ

വാക്കുകൾക്കു മുമ്പിൽ സേതു നിസ്സഹായനാവുന്നതു കാണാം. സുമിത്രയുടെ ചിരിപോലും അയാളെ തളർത്തുന്നു. ഒഴിഞ്ഞുമാറാൻപോലുമാകാതെ ആ സ്ഥലം അയാളെ പുതിയ ബോധ്യങ്ങളിലേക്ക് എത്തിക്കുന്നു.

# ഉപസംഹാരം

'വള്ളുവനാട് എന്ന നിർമ്മിതി എം.ടി വാസുദേവൻനായരുടെ കൃതികളിൽ' എന്ന ഈ പ്രബന്ധത്തിൽ വള്ളുവനാട് എന്ന ദേശം എം.ടി യുടെ കൃതികളിൽ ഏതെല്ലാം തരത്തിലാണ് പ്രതിനിധാനം ചെയ്യപ്പെടുന്നത് എന്ന അന്വേഷണമാണ് നടത്തിയത്.

കൊളോണിയൽ ഭരണത്തിനു മുമ്പും പിമ്പും വള്ളുവനാട് എന്ന ദേശത്തിന്റെ അവസ്ഥകൾ ഏറെ വ്യത്യസ്തമായിരുന്നു. വള്ളുവനാടിന്റെ രാജചരിത്രം പരിശോധിക്കുമ്പോൾ ആ നാടിന് ആയ്‌വംശവുമായും പല്ലവരാജവംശവുമായും ബന്ധമുണ്ടെന്നു വ്യക്തമാകുന്നുണ്ട്. ആദി വള്ളുവനാടിനെപ്പറ്റിയും വള്ളുവനാടും നെടുങ്ങനാടും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും സാമൂതിരിയുടെ ആക്രമണങ്ങളെപ്പറ്റിയുമെല്ലാം ഈ അധ്യായത്തിൽ പരാമർശിക്കുന്നുണ്ട്. നാട്ടുരാജ്യങ്ങൾ തമ്മിലുള്ള മത്സരങ്ങളിൽപ്പെട്ട് നാട്ടതിർത്തികൾക്ക് വ്യത്യാസങ്ങൾ വന്നിട്ടുണ്ട്. കൊളോണിയൽ ഭരണത്തോടെയും അതിരുകൾ പുനർനിശ്ചയിക്കപ്പെടുന്നുണ്ട്. സ്വാതന്ത്ര്യാനന്തര ബ്രിട്ടീഷ് ഭരണകാലത്തുണ്ടായിരുന്ന വള്ളുവനാട് താലൂക്ക് എന്ന വിഭജനവും ഇല്ലാതായി.

വള്ളുവനാടിന് വ്യക്തമായ കീഴാളബന്ധമുണ്ടെന്ന് ഈ നാടിന്റെ കീഴാളചരിത്രം പരിശോധിക്കുന്നതിലൂടെ വ്യക്തമാണ്. വള്ളുവനാട്ടിലെ നാടൻ പാട്ടുകൾ വിശകലനം ചെയ്തതിലൂടെ ആ ദേശത്തിന്റെ പഴയ സാമൂഹ്യാവസ്ഥകൾ കണ്ടെത്താനും സാധിക്കുന്നു. ജാതിഭേദങ്ങളില്ലെന്നു ബോധ്യപ്പെടുത്താൻ കാലങ്ങളായി പ്രചാരത്തിലുള്ള 'പറയിപെറ്റ പന്തിരുകുലം' എന്ന മിത്തുപോലും വള്ളുവനാടൻ മണ്ണിലാണുള്ളത്. വള്ളുവനാട്ടിലെ ഉത്സവങ്ങളിലും വ്യക്തമായ കീഴാളസാന്നിധ്യമുണ്ട്. മലവാഴിയാട്ടം പോലുള്ള ആട്ടവും പാട്ടും നടക്കുന്ന മണ്ടകങ്ങളും നാട്ടുകാവുകളും ധാരാളമായുള്ള സ്ഥലമാണ് വള്ളുവനാട്. കൂടാതെ സ്വാതന്ത്ര്യസമരം, കർഷകസമരങ്ങൾ, ക്ഷേത്രപ്രവേശനസമരങ്ങൾ എന്നിവയെല്ലാം നടന്ന ദേശമാണ് വള്ളുവനാട്. മാമാങ്കത്തിൽ സാമൂതിരിയെ പരാജയപ്പെ

ടുത്താൻ പോകുന്ന ചാവേർപ്പോരാളികൾ കീഴടങ്ങാൻ കൂട്ടാക്കാത്ത, സമരസജ്ജ രായ ഒരു ജനതയുടെ സാക്ഷ്യമാണ്.

ഇത്തരത്തിൽ പോരാട്ടവീര്യം പ്രകടിപ്പിക്കുന്ന വള്ളുവനാടൻ ദേശത്തെ അതിൽ നിന്നും വ്യത്യസ്തമായാണ് എം. ടി തന്റെ കൃതികളുടെ പശ്ചാത്തലമായി ആവിഷ്കരിച്ചിരിക്കുന്നത്. എം. ടി യുടെ കൃതികളിൽ തെളിയുന്ന ഭൂപ്രകൃതിയോ സാമൂഹ്യബന്ധങ്ങളോ സംഭാഷണങ്ങളോ ഒന്നും ഈ ദേശത്തിന്റെ നില നിൽക്കുന്ന ചരിത്രത്തോട് നീതി പുലർത്തുന്നില്ല. സാഹിത്യം എന്ന വ്യവ ഹാരരൂപത്തിനകത്ത് ആവിഷ്കരിക്കപ്പെടുന്ന ദേശം ചരിത്രമെന്ന വ്യവഹാരരൂപ ത്തിനകത്തു രൂപപ്പെടുന്ന ദേശത്തിന്റെ പകർപ്പോ ആവർത്തനമോ ആകണമെന്നി ല്ല. കാരണം ദേശം എന്നത് ആഖ്യാനപരമാണ്. അത് വ്യത്യസ്ത ഭാവനകളിലൂടെ സൃഷ്ടിക്കപ്പെടാം. അതെല്ലാം ഓരോ ഭാവനാദേശങ്ങളാണ്. ചരിത്രത്തിലൂടെ രൂപ പ്പെടുന്ന ഭാവനാദേശം, മിത്തുകളിലൂടെയും ഐതിഹ്യങ്ങളിലൂടെയും രൂപപ്പെടുന്ന ഭാവനാദേശം, നാടൻ പാട്ടുകളിലൂടെ രൂപപ്പെടുന്ന ഭാവനാദേശം, സാഹിത്യകൃതി കളിലൂടെ രൂപപ്പെടുന്ന ഭാവനാദേശം ഇങ്ങനെ വ്യത്യസ്ത തരത്തിലാണ് ദേശം ആഖ്യാനം ചെയ്യപ്പെടുന്നത്. ഇങ്ങനെ സാഹിത്യത്തിൽ, പ്രത്യേകിച്ച് നോവൽ സാഹിത്യത്തിൽ വ്യത്യസ്ത എഴുത്തുകാരുടെ കൃതികളിൽ വള്ളുവനാട് എന്ന സ്ഥലം ആഖ്യാനം ചെയ്യപ്പെട്ടിട്ടുണ്ട്. വള്ളുവനാടിന്റെ പശ്ചാത്തലത്തിൽ നോവലു കളെഴുതിയ ഉറൂബ്, ചെറുകാട് എന്നിവരുടെ എഴുത്തിലെ ദേശത്തിന്റെ സവിശേഷ തകളും ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നുണ്ട്. മാത്രമല്ല എം. ടി യുടെ രചനാ ലോകത്തെ സാമാന്യമായി പരിചയപ്പെടുത്തുകയും ചെയ്യുന്നു. ഇങ്ങനെ വള്ളുവ നാടിന്റെ രാജചരിത്രം, കീഴാള ചരിത്രം, കൊളോണിയൽ ഭരണകാലത്തെ വള്ളുവ നാടിന്റെ അവസ്ഥ, മിത്തുകൾ എന്നിവ വിശകലനം ചെയ്യുന്നതോടൊപ്പം വള്ളുവനാടൻ നോവൽ സാഹിത്യത്തെ കൂടി ഈ അധ്യായത്തിൽ പരിചയപ്പെടു ത്തുന്നുണ്ട്. ചരിത്രത്തിലോ മിത്തുകളിലോ ആവിഷ്കരിക്കപ്പെട്ട വള്ളുവനാട്ടിൽ

നിന്നും തീർത്തും വ്യത്യസ്തമായ തരത്തിലാണ് എം.ടി കൃതികളിലെ വള്ളുവനാടിന്റെ നിർമ്മിതി.

എം. ടി കൃതികളിൽ ആവിഷ്കരിച്ചിരിക്കുന്ന ഭൂപ്രകൃതി നിശബ്ദമാണ്. വയലുകൾ ധാരാളമുള്ള പ്രദേശമാണ് വള്ളുവനാട്. വള്ളുവനാടിന്റെ കുടിയേറ്റ ചരിത്രം പരിശോധിച്ചാൽ ആ ജനതയ്ക്ക് വയലുമായുള്ള ബന്ധം വ്യക്തമാകും. ഭാരതപ്പുഴയുടെ ഇരുകരകളിലേക്കും ഇക്കൂട്ടർ കുടിയേറാനുള്ള പ്രധാനകാരണം അവരുടെ പ്രധാന ജീവിതോപാധി കൃഷിയായിരുന്നു എന്നതാണ്. എന്നാൽ കാർഷിക ജീവിതത്തിന്റെ ജൈവികതയെ ഇല്ലായ്മ ചെയ്യുന്നതാണ് എം. ടി കൃതികളിലെ വയൽ ചിത്രീകരണം. ജലത്തിന്റെ ആധിക്യമോ ഇല്ലായ്മയോ ആണ് വയൽ ചിത്രീകരണത്തിൽ ദൃശ്യമാകുന്നത്. ഇത് രണ്ടും കർഷകരെ സംബന്ധിച്ചിടത്തോളം വിഷമകരമായ അവസ്ഥയാണ്. പുഴകളും മഴയുമെല്ലാം ഇത്തരത്തിൽ കർഷകജീവിതങ്ങളെ ദുരിതത്തിലാക്കുന്ന തരത്തിലാണ് ചിത്രീകരിച്ചിരിക്കുന്നത്. കുന്നിൻചെരിവുകൾ ഒരു അഭയസ്ഥാനമായും വൈയക്തിക സ്ഥലമായുമൊക്കെയാണ് നോവലുകളിൽ അടയാളപ്പെട്ടു കിടക്കുന്നത്. അധ്വാനോന്മുഖമായ ഒരു സ്ഥലമായി കുന്നിൻ ചെരിവുകളും വയലുകളും ഈ കൃതികളിലൊന്നും കാണുന്നില്ല. മഴ ഒന്നുകിൽ തീരെ ഇല്ലാത്ത അവസ്ഥ അല്ലെങ്കിൽ തകർത്തു പെയ്യുന്ന അവസ്ഥ. ഇങ്ങനെ കർഷക ജീവിതം ദുഃസ്സഹമാക്കുന്ന തരത്തിലാണ് മഴയുടെ ചിത്രീകരണം. പുഴയുടെ അവസ്ഥയും ഇതിൽ നിന്നും ഭിന്നമല്ല. ഒന്നുകിൽ കണ്ണീർചാലുപോലെ ശോഷിച്ച് ഒഴുകുന്ന പുഴ അല്ലെങ്കിൽ കരകവിഞ്ഞൊഴുകുന്ന പുഴ. ഇങ്ങനെയാണ് പുഴ എം. ടി കൃതികളിൽ കാണപ്പെടുന്നത്. ഇവിടെയെല്ലാം കർഷകന് ദുരിതം വിതക്കുന്ന തരത്തിലാണ് ഭൂപ്രകൃതി ചിത്രീകരിച്ചിട്ടുള്ളത്.

വ്യക്തിയുടെ കാഴ്ചസൗന്ദര്യത്തെ മുഖ്യമായി കാണുന്ന പ്രകൃതി നിർമ്മിതിയാണ് എം. ടി കൃതികൾ മുന്നോട്ടുവെക്കുന്നത്. വയൽക്കാഴ്ചകളിൽ വയലിനെ അധ്വാന വിമുഖമായ ഒന്നായാണ് ചിത്രീകരിക്കുന്നത്. വയലും നാലുകെട്ടും

തമ്മിലൊരു ബന്ധമുണ്ട്. വയലില്ലാതെ നാലുകെട്ട് നിലനിൽക്കില്ല. നാലുകെട്ട് നിലനിൽക്കുന്ന വ്യവസ്ഥയിൽ വയലിടങ്ങളിലെ അധ്വാനവും കൊയ്തെടുക്കുന്ന നെല്ലും അത്യന്താപേക്ഷിതമാണ്. കാരണം അവ രണ്ടും ഒരേ കാലത്തിന്റെ സാമൂഹ്യ നിർമ്മിതിയാണ്. എന്നാൽ ഈ സാമൂഹ്യബന്ധത്തിൽ നിന്നും വിടുതി തേടി നാലുകെട്ടിനെ സ്വയം പൂർണ്ണമായൊരു സ്ഥലമാക്കി മാറ്റുകയും വയലിനെ അധ്വാന വിമുഖമാക്കുകയും ചെയ്തുകൊണ്ടാണ് എം. ടി കൃതികളുടെ കഥാ ലോകം സാധ്യമാകുന്നത്.

സാമൂഹ്യബന്ധങ്ങളുടെ വിശകലനത്തിൽ വ്യക്തിബന്ധങ്ങൾ സാമൂഹ്യ ബന്ധങ്ങളെ കീഴടക്കുന്ന കാഴ്ചയാണ് കാണാനാവുക. എം.ടി കൃതികളിലെ ഇട ങ്ങളുടെ വിശകലനത്തിൽ വീടിന്റെ അകസ്ഥലങ്ങളാണ് പ്രധാനമായും കാണു ന്നത്. പുരുഷന്മാരുടെ അധികാരമത്സരങ്ങളും അവകാശത്തർക്കങ്ങളും വീട്ടക ങ്ങളെ സംഘർഷഭരിതമാക്കുമ്പോൾ സ്ത്രീ കഥാപാത്രങ്ങളുടെ നിസ്സഹായത അകസ്ഥലങ്ങളെ വേദനയുടെ ലോകമാക്കി മാറ്റുന്നു. ദാരിദ്ര്യം നിറഞ്ഞ വീട്ടകങ്ങ ളാണ് മൂന്ന് നോവലുകളിലും കാണുന്നത്. സ്വന്തം നാട്ടിൽ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിൽ പരാജയപ്പെടുന്നവരാണ് മിക്ക നായകന്മാരും. അപ്പുണ്ണിയും സേതുവും അന്യനാട്ടിൽപോയി പണം സമ്പാദിച്ചു വന്ന് നല്ല നിലയിൽ ജീവിക്കാ നാരംഭിക്കുന്നു. എന്നാൽ ഗ്രാമം വിട്ടുപോകാൻ കഴിയാതിരുന്ന ഗോവിന്ദൻകുട്ടി കൂടുതൽ ദുരന്തങ്ങളിലേക്ക് വീണുകൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ അയാളും ഒടുവിൽ ഒരു യാത്രപുറപ്പെടുകയാണ്. തിരിച്ചുവരാൻ വേണ്ടിയുള്ള യാത്ര. ഇതിൽ നിന്നും എം. ടി പറഞ്ഞുവെക്കുന്ന കാര്യം സ്വന്തം ഗ്രാമം അവർക്ക് ജീവിതയോഗ്യമല്ല എന്നാണ്.

വീടിനു പുറത്തുള്ള ഇടങ്ങളിലൊന്നും സ്ത്രീകളെ അധികം കാണുന്നില്ല. കീഴാളരായ സ്ത്രീകൾ മാത്രമാണ് സ്വന്തമായി അധ്വാനിച്ച് ജീവിക്കുന്നത്. അവർ നോവലിലെ മറ്റു സ്ത്രീ കഥാപാത്രങ്ങളെ അപേക്ഷിച്ച് സ്വാതന്ത്ര്യം കൂടുതൽ

നേടുന്നുണ്ട്. താൻ ജീവിക്കുന്ന ദേശത്ത് ഇടപെട്ടുകൊണ്ടിരിക്കുന്നത് കീഴാള കർഷക സ്ത്രീകളാണ്. വീട്ടകങ്ങളിൽ നിന്നും സ്വാതന്ത്ര്യം തേടിപ്പോയത് *നാലു കെട്ടി*ലെ പാറുക്കുട്ടി മാത്രമാണ്. എന്നാൽ അവളുടെ ജീവിതത്തിലെ ദുരന്തങ്ങൾ ചിത്രീകരിച്ചുകൊണ്ട് ഇത്തരം സ്വാതന്ത്ര്യങ്ങൾ പെണ്ണിനു നൽകുക മറ്റൊരു ദുരന്ത ജീവിതമാണെന്ന ധാരണ ഈ നോവൽ വായനക്കാരന് നൽകുന്നു.

താൻ ജീവിക്കുന്ന ഗ്രാമവുമായി നേരിട്ട് ഇടപെടുന്നത് *അസുരവിത്തിലെ* ഗോവിന്ദൻകുട്ടി മാത്രമാണ്. *നാലുകെട്ടി*ലെ അപ്പുണ്ണിയോ *കാലത്തിലെ* സേതുവോ സ്വന്തം ഗ്രാമജീവിതത്തിൽ ഏതെങ്കിലും തരത്തിൽ ഇടപെടുകയോ അതിന്റെ ഭാഗമാവുകയോ ചെയ്യുന്നില്ല. നാട്ടിൽ കോളറ പടർന്നു പിടിച്ചപ്പോൾ തെക്കുംമുറി ഗ്രാമത്തിന്റെ രക്ഷകനായി വന്ന ഗോവിന്ദൻകുട്ടി തന്നെയാണ് തന്റെ ഗ്രാമത്തോട് ചേർന്നുനിൽക്കുന്ന എം.ടി യുടെ നായകൻ. *നാലുകെട്ടിലെ* കോന്തു ണ്ണിനായരും ദേശവുമായി ഇടപെട്ടു ജീവിച്ചയാളാണ്. ഇങ്ങനെ ചുരുക്കം കഥാപാ ത്രങ്ങളേ വീട്ടകങ്ങളിൽ നിന്നും പുറത്തേക്കിറങ്ങുകയും സാമൂഹ്യസ്ഥല പരിസര ങ്ങളിൽ ഇടപെടുകയും ചെയ്യുന്നൊള്ളൂ.

സാമൂഹ്യബന്ധങ്ങൾ കൂടുതൽ സൂക്ഷ്മമായി മനസിലാക്കാൻ കഴിയുക സംഭാഷണ വിശകലനത്തിലൂടെയാണ്. നോവലിലെ കുടുംബ പശ്ചാത്തലത്തി ലുള്ള ഭാഷണങ്ങളിൽ സമ്പത്തും അധികാരവുമാണ് പുരുഷ ശബ്ദങ്ങളെ നിയ ന്ത്രിക്കുന്നത് എന്നുകാണാം. ഇല്ലായ്മയുടേയും ദാരിദ്ര്യത്തിന്റെയും പെൺഭാഷണ ങ്ങളും അധികാരമത്സരത്തിന്റെ പുരുഷ ഭാഷണങ്ങളും വീട്ടകങ്ങളെ സംഘർഷഭരി തമാക്കുന്നുണ്ട്. എന്നാൽ ഈ പുരുഷഭാഷണങ്ങളിൽ ആദ്യം ശബ്ദമില്ലാതിരുന്ന കഥാപാത്രങ്ങൾക്ക് പിന്നീട് ശബ്ദം തിരിച്ചുകിട്ടുന്നുണ്ട്. ആദ്യം അന്യമായിരുന്ന സമ്പത്ത് അവരിൽ തിരിച്ച് വരുന്നതോടെയാണ് ഈ മാറ്റം സംഭവിക്കുന്നത്.

നോവലിലെ സംഭാഷണങ്ങളിൽ ദേശമുദ്രകൾ കുറവാണ്. ഗൃഹപശ്ചാത്ത ലമാണ് മിക്കസംഭാഷണങ്ങളുടെയും കേന്ദ്രം. കീഴാളകർഷക ഭാഷണങ്ങളും അധി

കമില്ല. മധ്യവർഗ്ഗത്തെ പ്രതിനിധാനം ചെയ്യുന്നതാണ് എം. ടി കൃതികളിലെ ഭാഷ. ഇതിൽ പ്രാദേശിക മുദ്രകളേക്കാളേറെ ഗൃഹാതുരത്വത്തിന്റെയും ആത്മവിമർശനത്തിന്റെയും മുദ്രകളാണ് കണ്ടെത്താൻ കഴിയുക. എല്ലാ വിഭാഗങ്ങളുടേയും ഭാഷയും സംസ്കാരവും ചേർന്നാണ് ഒരു സ്ഥലം രൂപപ്പെടുന്നത്. ഇത് പരസ്പര പൂരകമാണ്. എന്നാൽ ഇവിടെ ചില ശബ്ദങ്ങളെ നിശബ്ദമാക്കിക്കൊണ്ടുള്ള ദേശ രൂപീകരണമാണ് നടക്കുന്നത്.

ഇങ്ങനെ ചരിത്രത്തിലും മിത്തുകളിലും ഐതിഹ്യങ്ങളിലുമൊക്കെയുള്ള വള്ളുവനാട്ടിൽ നിന്നു വ്യത്യസ്തമായി വള്ളുവനാടിനെ മറ്റൊരു ഭാവനാദേശമായി രൂപപ്പെടുത്തുകയാണ് എം. ടി തന്റെ കൃതികളിലൂടെ ചെയ്യുന്നത്. ചെറുകാടും ഉറൂബും ആവിഷ്കരിച്ചതിൽ നിന്നും വ്യത്യസ്തമായൊരു വള്ളുവനാടിനെയാണ് എം. ടി കൃതികളിലൂടെ കണ്ടെടുക്കാൻ കഴിയുക. കീഴാള-കർഷകർ ഏറെയുള്ള വള്ളുവനാട്ടിലെ കഥ പറയുമ്പോൾ അവരുടെ ഇടങ്ങളോ ജീവിതമോ ഒന്നും ആഖ്യാന പരിസരത്ത് വരുന്നില്ല. കീഴാള-കർഷക ശബ്ദങ്ങളെ ഇല്ലാതാക്കിക്കൊണ്ടാണ് എം. ടി കൃതികളിലെ ദേശം ആവിഷ്കരിക്കപ്പെടുന്നത്. ഒരു നാടിന്റെ സാമൂഹ്യ ജീവിതത്തിൽ ഇടപെടാതെ വൈയക്തികമായൊരു ഇടത്തിലാണ് മിക്ക കഥാപാത്രങ്ങളെയും കാണുന്നത്. ഇങ്ങനെ നിശബ്ദമായ ഭൂപ്രകൃതിയും നിശ്ചലമായ സാമൂഹ്യബന്ധങ്ങളും ഇല്ലാതാവുന്ന ഭാഷണങ്ങളും എല്ലാം ചേർന്നുള്ള ഒരു വള്ളുവനാടിനെയാണ് എം. ടി തന്റെ കൃതികളിൽ ആവിഷ്കരിക്കുന്നത്. ഇവിടെ ആഖ്യാനം ചെയ്യപ്പെടുന്നത് യഥാർത്ഥ വള്ളുവനാടല്ല. എം. ടി യുടെ പ്രത്യയ ശാസ്ത്ര സ്ഥലമായിട്ടാണ് ഈ വള്ളുവനാട് നിൽക്കുന്നത്. ഈ പ്രത്യയശാസ്ത്ര സ്ഥലത്തെ വിശകലന വിധേയമാക്കിക്കൊണ്ട് എം. ടി കൃതികളിലൂടെ രൂപപ്പെട്ട വള്ളുവനാടിന്റെ പ്രത്യേകതകൾ കണ്ടെത്താനാണ് ഈ ഗവേഷണ പ്രബന്ധത്തിൽ ശ്രമിച്ചത്.

# ഗ്രന്ഥസൂചി

അക്ബർ, കക്കട്ടിൽ. 2014 : *നമ്മുടെ എം. ടി,* കോഴിക്കോട് : ഹരിതം ബുക്സ്.

അച്യുതൻ, എം. 2001 : *നോവൽ പ്രശ്നങ്ങളും പഠനങ്ങളും,* കോട്ടയം : നാഷണൽ ബുക്സ്റ്റാൾ.

അനിൽകുമാർ, ടി. കെ. 2004 : *മലയാളസാഹിത്യത്തിലെ കീഴാള പരിപ്രേക്ഷ്യം,* തൃശ്ശൂർ : കേരളസാഹിത്യ അക്കാദമി.

അപ്പൻ, കെ. പി. 1997 : *മാറുന്ന മലയാളനോവൽ,* കോട്ടയം: ഡി. സി. ബുക്സ്.

അയ്യപ്പപണിക്കർ, കെ. 1999 : *ഇന്ത്യൻ സാഹിത്യസിദ്ധാന്തം പ്രസക്തിയും സാധ്യതയും,* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

അരുൺ, ചൊവ്വേരി. 2014 : *എം.ടി. കഥാപഠനങ്ങൾ,* കോഴിക്കോട്: ഹരിതം ബുക്സ്.

അശോകൻ, ഏങ്ങണ്ടിയൂർ. 2007 : *എം. ടി.യുടെ പാദമുദ്രകൾ,* കായംകുളം: സിതാര ബുക്സ്.

അൻസാരി, എം.ടി. 2008 : *മലബാർ ദേശീയതയുടെ ഇടപെടലുകൾ,* കോട്ടയം: ഡി.സി. ബുക്സ്.

ആനന്ദ്, കാവാലം. 2010 : *എം. ടി യുടെ രചനകൾ ഒരു പുനർവായന,* തൃശ്ശൂർ: കറന്റ് ബുക്സ്.

ഇബ്രാഹിം, ബേവിഞ്ച. 2014 : *എം. ടി. യുടെ കഥാലോകം,* കണ്ണൂർ: ആൽഫാ വൺ പബ്ലിഷിംഗ്.

ഈശ്വരവാരിയർ, കെ. വി. 2009 : *ജീവിതം എന്റെ ബോധിവൃക്ഷം,* എസ്. രാജേന്ദു

ഉഷാ നമ്പൂതിരിപ്പാട്. 1994: *സാമൂഹിക ഭാഷാവിജ്ഞാനം,* തിരുവനന്തപുരം: സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജസ് നളന്ദ.

ഉറൂബ്. 1974 : *അണിയറ,* കോട്ടയം: നാഷണൽ ബുക് സ്റ്റാൾ.

______________________. 1993 : *സുന്ദരികളും സുന്ദരൻമാരും,* തൃശ്ശൂർ: കറന്റ് ബുക്സ്.

______________________. 2008 : *മിണ്ടാപ്പെണ്ണ്*, കോഴിക്കോട്: പൂർണ്ണപബ്ലിക്കേഷൻസ്.

കബീർ, വി. സി. 2011 : *പാലക്കാട്ടുച്ചേരി മുതൽ പാലക്കാടു വരെ,*കോഴിക്കോട്: മാതൃഭൂമി ബുക്സ്.

കുഞ്ഞബ്ദുള്ള, പുനത്തിൽ. 2014 : *എന്റെ എം. ടി.,* കോഴിക്കോട്: ഹരിതം ബുക്സ്.

കുമാരൻ, വയലേരി. 2004: *ഭാഷയും സമൂഹവും,* കോഴിക്കോട്: പാപ്പിയോൺ.

കുശലകുമാരി, പി.കെ. 1997 : *സമൂഹമനസ്സും മലയാളനോവലും,* തൃശ്ശൂർ: മലയാളപഠന ഗവേഷണ കേന്ദ്രം.

കൃഷ്ണകുമാർ, കെ. സി. 2013 : *കേരളം ജില്ലകളിലൂടെ*, കോഴിക്കോട്: മാതൃഭൂമിബുക്സ്.

ഗണേശ്, കെ. എൻ. 1990: *കേരളത്തിന്റെ ഇന്നലെകൾ,* തിരുവനന്തപുരം: കേരള സർക്കാർ സാംസ്കാരിക വകുപ്പ്.

ഗിരീഷ്, പി.എം. 2001 : *അധികാരവും ഭാഷയും,* കോഴിക്കോട്: പാപ്പിയോൺ.

ഗോപാലകൃഷ്ണൻ, പി. കെ. 1987 : *കേരളത്തിന്റെ സാംസ്കാരിക ചരിത്രം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗോപിനാഥൻ, ആർ. 2013 : *കേരളത്തനിമ,* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ചെറുകാട്. 1974 : *ജീവിതപ്പാത*, തൃശ്ശൂർ: കറന്റ് ബുക്സ്.

______________________. 1976: *ഭൂപ്രഭു*, കോഴിക്കോട്: ദേശാഭിമാനി ബുക്ക്ഹൗസ്.

______________________. 2004 : *മണ്ണിന്റെ മാറിൽ,* തൃശ്ശൂർ: ഡി. സി. ബുക്സ്.

ജയകുമാർ, കെ. 2014 : *മൗനത്തിന്റെ വാൽമീകം,* കോഴിക്കോട്: ഹരിതം ബുക്സ്.

ജയകൃഷ്ണൻ, എൻ. (എഡി.) 2012 : *നാലുകെട്ടിന്റെ തച്ചുശാസ്ത്രം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ജോബിൻ, ചക്കാമല., ശ്രീജിത്ത്, ജി. (എഡി.) 2012 : *മലയാള നോവൽ നഗരഭാവനയുടെ ഒരു നൂറ്റാണ്ട്,* കോട്ടയം: പാപ്പിറസ് ബുക്സ്.

ജോൺപോൾ. 2011 : *കഥയിതു വാസുദേവം,* കോട്ടയം: ഡി. സി ബുക്സ്.

ജോർജ്, കെ.എം. (എഡി.) 2000 : *ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ,* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം.

ജോർജ്ജ്, സി. ജെ. 2001: *ചിഹ്നശാസ്ത്രവും ഘടനാവാദവും,* കോട്ടയം: ഡി. സി. ബുക്സ്.

ടോണിമാത്യു. 1997 : *എം. ടി.യുടെ സർഗ്ഗപ്രപഞ്ചം,* തിരുവനന്തപുരം. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഡാർവിൻ, ജെ. 2010 : *പൈതൃകത്തിന്റെ വേരുകൾ,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

തരകൻ, കെ. എം. 1978 : *മലയാളനോവൽ സാഹിത്യ ചരിത്രം,* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

______________________. 1986 : *അനശ്വരനായ ഉറൂബ്*, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ.

______________________. 1992 : *ആധുനിക നോവൽ ദർശനം,* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

ദാമോദർ ധർമ്മാനന്ദ് കൊസാംബി. 2010 : *മിത്തും യാഥാർത്ഥ്യവും*, തിരുവനന്തപുരം: മൈത്രി ബുക്സ്.

നരേന്ദ്രനാഥ്, പി. 2008 : *പറയിപെറ്റ പന്തിരുകുലം,* തിരുവനന്തപുരം: പ്രഭാത് ബുക്ക് ഹൗസ്.

നമ്പൂതിരി, എൻ. എം. ശിവദാസ്, പി. കെ. (എഡി.) 2009 : *കേരളചരിത്രത്തിന്റെ നാട്ടുവഴികൾ,* കോട്ടയം: ഡി. സി ബുക്സ്.

നാരായണൻ,പാലക്കീഴ്. (എഡി.) 2010 : *മുത്തശ്ശിയുടെ അരനൂറ്റാണ്ട്,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

പണിക്കർ, കെ.എൻ., പി. പവിത്രൻ, കെ. എം. ഭരതൻ, വി. ബാബുരാജ്, ഇ. ദിനേശൻ. 2007: *കടത്തനാടിന്റെ സാഹിത്യ പാരമ്പര്യം,* കടത്തനാട് ജനസംസ്കാര പഠനകേന്ദ്രം, കോട്ടയം: കറന്റ് ബുക്സ്.

പ്രതാപൻ, തായാട്ട്. 2014 : *പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ ഇതിഹാസങ്ങൾ,* കോഴിക്കോട്: ഹരിതം ബുക്സ്.

പ്രതീഷ്, എസ്. (ഡോ.) 2014 : *എം. ടി. കല ദേശം സ്വത്വം,* കോഴിക്കോട്: ഹരിതം ബുക്സ്.

പ്രദീപൻ,പാമ്പിരിക്കുന്ന്. 2011 : *ദലിത് സൗന്ദര്യശാസ്ത്രം,* കോട്ടയം: ഡി.സി. ബുക്സ്.

പ്രഭാകരൻ,പഴശ്ശി. 1998 : *ചെറുകാടിന്റെ ലോകം* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.

ബാനർജി, ഇ. 2009 : *മിത്തും മലയാള നോവലും,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ബാലകൃഷ്ണൻ, പി. കെ. 1983: *ജാതിവ്യവസ്ഥയും കേരള ചരിത്രവും,* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ.

ബാലചന്ദ്രൻ, വടക്കേടത്ത്. 2011: *ചെറുത്തുനിൽപ്പിന്റെ ദേശങ്ങൾ,* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

ബെഞ്ചമിൻ, ഡി. 1997: *നോവൽസാഹിത്യ പഠനങ്ങൾ,* ആറയൂർ: മാളുബൻ പബ്ലിക്കേഷൻസ്.

ഭാസ്കര ഗുപ്തൻ, ഇ. വി. 2004: *ദേശായനം,* കടമ്പഴിപ്പുറം: സമഭാവിനി ബുക്സ്.

മേനോൻ, എം. എസ്. 1995: *സ്മൃതിമണ്ഡലം*, തിരുവനന്തപുരം: ചിന്തപബ്ലിഷേഴ്സ്.

മോഹനൻ, എൻ. 2011: *ഇന്നലത്തെ മഴ*, തൃശ്ശൂർ: കറന്റ് ബുക്സ്.

മോഹൻരാജ്, എ.ടി. 1997: *ചരിത്രത്തിന്റെ സാന്ത്വനം,* കാലിക്കറ്റ് യൂണിവേഴ്സിറ്റി: ലെഫ്റ്റ് ബുക്സ്.

രത്നമ്മ, കെ. 2005: *പ്രാചീനശാസനങ്ങളും മലയാള പരിഭാഷയും,* തിരുവനന്തപുരം: സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് കേരള സർക്കാർ.

രവി നമ്പൂതിരിപ്പാട്, കെ.വി. 2003: *ധാതു നിഘണ്ടു,* തൃശ്ശൂർ: രവി നമ്പൂതിരിപ്പാട്.

രവീന്ദ്രൻ, എം.ടി. 2008: *എം. ടി.യും കൂടല്ലൂരും,* തിരുവനന്തപുരം: മെലിൻഡ ബുക്സ്.

രവീന്ദ്രൻ,പി.പി. 2003: *ഇടപെടലുകൾ,* കോട്ടയം: ഡി.സി. ബുക്സ്.

______________________. 2013: *എതിരെഴുത്തുകൾ: ഭാവുകത്വത്തിന്റെ ഭൂമിശാസ്ത്രം,* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം.

രാഘവവാരിയർ, രാജൻ ഗുരുക്കൾ. 1992: *കേരളചരിത്രം.* കോട്ടയം: കറന്റ് ബുക്സ്.

രാജഗോപാലൻ, ഇ. പി. 2001 : *ഇന്ദുലേഖ വായനയുടെ ദിശകൾ,* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

______________________. 2008 : *നാട്ടറിവും വിമോചനവും*, പയ്യന്നൂർ: പുസ്തക ഭവൻ.

രാജശേഖരൻ, എസ്. 2010 : *പരിസ്ഥിതി ദർശനം മലയാളകവിതയിൽ,* തിരുവനന്തപുരം. കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.

രാജശേഖരൻ,പി. കെ. 1999: *അന്ധനായ ദൈവം മലയാളനോവലിന്റെ നൂറുവർഷങ്ങൾ,* കോട്ടയം: ഡി. സി ബുക്സ്.

രാജൻ, ചുങ്കത്ത്. 2010 : *പന്തിരുകുലത്തിന്റെ പിൻഗാമികൾ,* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

രാജൻ, എൻ. 1999 : *പ്രക്ഷോഭത്തിന്റെ ജ്വാലകൾ* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ.

രാജേന്ദു, എസ്. 2011: *വള്ളുവനാടിന്റെ കലാചരിത്രം,* കോഴിക്കോട്: എസ്. രാജേന്ദു.

______________. 2012: എ : *നെടുങ്ങനാട് ചരിത്രം,* പെരിന്തൽമണ്ണ: കെ. ശങ്കരനാരായണൻ, മാധവം.

______________. 2012 ബി : *വള്ളുവനാട് ചരിത്രം,* പെരിന്തൽമണ്ണ : കെ. ശങ്കരനാരായണൻ, മാധവം.

രാജേന്ദ്രൻ, സി. 2000: *സൊസ്സ്യൂർ ഘടനാവാദത്തിന്റെ ആചാര്യൻ,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

______________. 2006 : *പുതുവായന,* കോട്ടയം: ഡി. സി ബുക്സ്.

രാധാകൃഷ്ണൻ, പി. എസ്. 2005 : *സാഹിത്യം ചരിത്രം സംസ്കാരം,* തൃശ്ശൂർ: കറന്റ് ബുക്സ്.

രാധാകൃഷ്ണൻനായർ, ഡി. 2000: *ആഖ്യാന വിജ്ഞാനം,* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

രാമകൃഷ്ണൻ, ഇ. വി. 2001 : *ദേശീയതകളും സാഹിത്യവും,* കോട്ടയം: ഡി. സി. ബുക്സ്.

| | | |
|---|---|---|
| ______________________. | 2012 : | *അനുഭവങ്ങളെ ആർക്കാണുപേടി,* കോട്ടയം: ഡി. സി. ബുക്സ്. |
| രാമചന്ദ്രൻ, പുതുശ്ശേരി. | 2007: | *കേരള ചരിത്രത്തിന്റെ അടിസ്ഥാന രേഖകൾ,* തിരുവനന്തപുരം: സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജസ്. |
| രാമചന്ദ്രൻ നായർ, കെ. | 2006 : | *പരിജ്ഞാനം*, തൃശ്ശൂർ: കറന്റ് ബുക്സ്. |
| ലത്തീഫ്, പറമ്പിൽ. | 2008 : | *എം.ടി യുടെ ലോകം,* കോഴിക്കോട്: മാതൃ ഭൂമി ബുക്സ്. |
| ലീലാകൃഷ്ണൻ, *ആലങ്കോട്.* | 2011 : | *എം.ടി ദേശം വിശ്വാസം പുരാവൃത്തങ്ങൾ,* കോട്ടയം: ഡി. സി. ബുക്സ്. |
| ______________________. | 2013 : | *വള്ളുവനാടൻ പൂരക്കാഴ്ച്ചകൾ,* കോട്ടയം: ഡി. സി. ബുക്സ്. |
| ലീലാവതി, എം. | 2012: | *അസുരവിത്ത് ഒരുപഠനം,* കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്. |
| വാസുദേവൻനായർ, എം. ടി | 1983: | *പാതിരാവും പകൽവെളിച്ചവും,* കോട്ടയം: കറന്റ് ബുക്സ് |
| ______________________. | 1996 : | *രണ്ടാമൂഴം,* തൃശ്ശൂർ: കറന്റ് ബുക്സ്. |
| ______________________. | 2006: | *വാരാണസി,* തൃശ്ശൂർ: കറന്റ് ബുക്സ് |
| ______________________. | 2009 എ: | *അസുരവിത്ത്,* കോട്ടയം: ഡി. സി. ബുക്സ്. |
| ______________________. | 2009 ബി: | *കാലം,* തൃശ്ശൂർ: കറന്റ് ബുക്സ്. |
| ______________________. | 2009 സി: | *നാലുകെട്ട്*, തൃശ്ശൂർ: കറന്റ് ബുക്സ്. |
| ______________________. | 2009: | *എം.ടി. ജാലകങ്ങളും കവാടങ്ങളും,* കണ്ണൂർ: കൈരളി ബുക്സ്. |

______________________. 2011: *വിലാപയാത്ര,* തൃശ്ശൂർ: കോസ്മോ ബുക്സ്

______________________. 2013: *എം. ടി. വാക്കുകളുടെ വിസ്മയം,* തൃശ്ശൂർ: എച്ച് ആന്റ് സി പബ്ലിഷിംഗ് ഹൗസ്.

______________________. 2015: *കാഥികന്റെ പണിപ്പുര,* കോട്ടയം: ഡി.സി.ബുക്സ്.

വിജയൻ, എം.എൻ. (എഡി). 2000: *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം,* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

______________________ (സമാഹരണം). 2013 : *കേസരിയുടെ ചരിത്ര ഗവേഷണങ്ങൾ,* വാല്യം 4. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

വിജയകൃഷ്ണൻ, എൻ. പി. 2012 : *എം. ടി കഥയുടെ പുതുപാഠങ്ങൾ*, കോഴിക്കോട്: മാതൃഭൂമി ബുക്സ്.

വില്യം ലോഗൻ. 2012 : *മലബാർ മാന്വൽ,* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

വിഷ്ണുനമ്പൂതിരി എം.വി. 2000: *ഫോക്‌ലോർ നിഘണ്ടു,* തിരുവനന്തപുരം: ദി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജസ്, നളന്ദ.

ശങ്കുണ്ണി, കൊട്ടാരത്തിൽ. 1982: *ഐതിഹ്യമാല,* തൃശ്ശൂർ: കറന്റ് ബുക്സ്.

ശത്രുഘ്നൻ. 2014 : *എം.ടി യും ഞാനും,* കോഴിക്കോട്: ഹരിതം ബുക്സ്.

ശിവശങ്കരൻനായർ, എം. 2003 : *വള്ളുവനാട്ടിലെ നാടൻപാട്ടുകൾ,* തൃശ്ശൂർ.

ശ്രീകുമാർ, കെ. 2014: *എം. ടി. തൊട്ടരികെ,* കോഴിക്കോട്: ഹരിതം ബുക്സ്.

ശ്രീധരമേനോൻ, എ. 1997 : *കേരള ചരിത്രം* മദ്രാസ്: എസ് വിശ്വനാഥ പ്രിന്റേഴ്സ് ആന്റ് പബ്ലിഷേഴ്സ്.

ശ്രീധരൻ, അഞ്ചുമൂർത്തി. 2010: *തിണസിദ്ധാന്തം ചരിത്രവും വർത്തമാനവും,* കാലിക്കറ്റ് യൂണിവേഴ്സിറ്റി: തത്ത്വപബ്ലി

ഷിംഗ് ഹൗസ്.

ശ്രീരാമൻ, വി. കെ. 2013 : *കാലത്തിന്റെ നാലുകെട്ട്,* കണ്ണൂർ: കൈരളി ബുക്സ്.

ഷാജി ജേക്കബ്. (എഡി.) 2010 : *മലയാള നോവൽ ദേശഭാവനയും രാഷ്ട്രീയ ഭൂപടങ്ങളും,* ന്യൂഡൽഹി: സാഹിത്യ അക്കാദമി.

____________________. 2012 : *തകഴി കാലഭൂപടങ്ങൾ,* കണ്ണൂർ: കൈരളിബുക്സ്

ഷിഫ, കെ. എസ്. 2012 : *സാമൂഹിക രാഷ്ട്രീയ ചരിത്രം ചെറുകാടിന്റെ നോവലുകളിൽ,* കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം.

ഷിബുമുഹമ്മദ്. (എഡി.) 2009 : *ഉറൂബിന്റെ ലോകം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഷൈബിൻ ഷഹാന. 2014 : *എഴുത്തച്ഛനും പെരുന്തച്ഛനും,* കോഴിക്കോട്: ഹരിതം ബുക്സ്.

സജീവൻ, എ. 2014 : *എം.ടി നോവൽ പഠനങ്ങൾ,* കോഴിക്കോട്: ഹരിതം ബുക്സ്.

സഹദേവൻ, എ. 2014 : *ചോരപൊടിയാത്ത ഭാഷ,* കോഴിക്കോട്: ഹരിതം ബുക്സ്.

സുധീഷ്, വി. ആർ. 2013 : *സംഭാഷണങ്ങൾ,* കോഴിക്കോട്: ഒലീവ് ബുക്സ്റ്റാൾ.

സുധീർ, കിടങ്ങൂർ 2005 : *നഗരവും നോവലും,* തിരുവനന്തപുരം: മാളുബൻ പബ്ലിക്കേഷൻസ്.

സുരേന്ദ്രൻ, വി. യു. 2009: *വായന അധികാരം പ്രത്യയ ശാസ്ത്രം,* കോഴിക്കോട്: സർഗ്ഗ ബുക്സ്.

സെബാസ്റ്റ്യൻ, വട്ടമറ്റം. 2006 : *ഭാഷയും ആധിപത്യവും,* കോട്ടയം: കറന്റ് ബുക്സ്.

സെൽവി, സേവ്യർ. 2000 : *മഹാകാലത്തിന്റെമൗനങ്ങൾ*, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ.

സോമൻ, നെല്ലിവിള. 2013 : *സ്ഥലം കാലം ചെറുകഥ*, കോട്ടയം: കറന്റ് ബുക്സ്.

ഹാഫിസ് മുഹമ്മദ്, പി. ബി., വസിഷ്ഠ്, എൻ. പി. 2011 : *മലബാർ പൈതൃകവും പ്രതാപവും*, കോഴിക്കോട്: മാതൃഭൂമി ബുക്സ്.

## English Books


| | | |
|---|---|---|
| Agnew, John . | 1987 | *Sapce and Politics,* The geographical mediation of state and society, London: Allen and unwin. |
| Anderson, Benedict. | 1997: | *Imagined Communities: Reflection on the origin and spread of Nationalism,* London: Verso, 1991. |
| Bakhtin, Mikhael. | 1981: | *The Dialogic Imagination: Four Essays.* Ed. Michael Holquist. Trans. Caryl Cmason. Austin: Universities of Texas Press, |
| Bhabha, K. Homi (Ed.) | 1990: | *Nation and Narration.* London: Routledge, |
| Foucault, Michel. | 2005: | "Spatialised power, Hetrotopia and Examples", *IACD* 1999 24 May 2005, <http://www.eng.fin. edu.tw/ literary criticism/post modern urban /foucault hetrotopia.html/> |
| Goldstein A.M. | 1998: | A Dictionary of Physics. Delhi: CBS Publishers, |
| Miller J. Hillis. | 1995: | *Topographies.* California: Stanford University Press, |
| Lefebvre, Henri. | 1991. | *The Production of space.* Trans. Donald Nicholson-Smith. Cambridge: Blackwell, |

**ആനുകാലികങ്ങൾ**


| | | |
|---|---|---|
| ദിലീപ്, എം. മേനോൻ | ജൂലൈ 2005 : | 'ഇരുട്ടിന്റെ ആത്മാക്കൾ: എം.ടി. സ്ഥലം കാലം', പച്ചക്കുതിര. |
| പവിത്രൻ, പി. | 2002 ആഗസ്റ്റ് 23 : | 'ചെറുകാടിന്റെ വള്ളുവനാട് എം. ടി യുടെ വള്ളുവനാട്', മാധ്യമം ആഴ്ച പ്പതിപ്പ് ലക്കം 32,പുസ്തകം 5 പു. 53-57. |
| പവിത്രൻ, പി., ഗീത | 2006 ഫെബ്രുവരി 24: | 'ഗ്രാമാതിർത്തികൾ രക്ഷയും തടവും', മാധ്യമം ആഴ്ചപ്പതിപ്പ് |
| ബഷീർ, എം.എം. | 2010 ജൂലായ് - സെപ്തംബർ : | 'കഥാസാഹിത്യത്തിലെ സ്ഥലപ്രകൃതി', *സാഹിത്യവിമർശനം* ത്രൈമാസിക. |
| രാജഗോപാലൻ, ഇ. പി. | 2004 ഏപ്രിൽ 25- മെയ് 1: | 'സ്ഥവും കലയും അധികാരവും : കൃഷ്ണഗാഥയിലെ സ്ഥല സങ്കല്പ ത്തെപ്പറ്റി ഒരു ഭൗതിക വിചാരം, മാതൃഭൂമി ആഴ്ചപതിപ്പ്. |
| രാജഗോപാലൻ, ഇ.പി. | 2003 ഏപ്രിൽ - ജൂൺ : | 'അരങ്ങും സിംഹാസനവും : ശാകുന്തളത്തിലെ സ്ഥലസങ്കൽപ്പത്തെപ്പറ്റി', *പച്ചക്കുതിര.*പുസ്തകം 2 ലക്കം 1പു. 83 - 86. |
| രാജേഷ്, എം.ആർ. | 2005 : | 'നോവൽ ദേശം ആധുനികത', *സാഹിത്യലോകം.* പു. 29 - 85. |
| രാമകൃഷ്ണൻ, ഇ. വി. | 1999 സെപ്തംബർ: | 'നോവൽ പ്രദേശത്തെ എഴുതുമ്പോൾ', *ഭാഷാപോഷിണി.* |
| വാസുദേവൻനായർ, എം. ടി. | 2009 ജൂൺ : | 'തുറന്നുവെച്ച അറിവുകൾ', പച്ചക്കുതിര. |

വിജയകുമാർ മേനോൻ. 1997 മെയ് – ജൂലായ് : 'നാലുകെട്ടിന്റെ നിനവ്', *കേരളീയതയുടെ നാട്ടറിവ്* പുസ്തകം 2 ലക്കം 7പു. 254 – 257.

സുബ്രഹ്മണ്യൻ, കെ. വി. 2007 ഡിസംബർ: 'നാലുകെട്ടിന്റെ പരിണാമങ്ങൾ', പച്ചക്കുതിര.


**ഗവേഷണ പ്രബന്ധങ്ങൾ**


അജിത്, ജി. കൃഷ്ണ. 2012: *നവോത്ഥാനകാല മലയാള നോവലിലെ സ്ഥല ദർശനം.* തിരുവനന്തപുരം: കേരള സർവ്വകലാശാല.

ലിനീഷ്, എം. 2005: *മലയാള നോവലിലെ സ്ഥലനിർമ്മിതി: കോഴിക്കോടൻ നോവലുകളെ ആധാരമാക്കി ഒരു പഠനം.* കോഴിക്കോട്: കാലിക്കറ്റ് സർവ്വകലാശാല, മലയാള വിഭാഗം.

# അനുബന്ധം

## ദേശത്തെക്കുറിച്ച് എം. ടി

ദേശം തന്റെ എഴുത്തിനെ സ്വാധീനിച്ചതിനെപ്പറ്റി എം. ടി പലസ്ഥലങ്ങളിൽ പലപ്പോഴായി പറഞ്ഞിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ മിക്ക കൃതികളുടെയും പശ്ചാത്തലം വള്ളുവനാടൻ ഗ്രാമമാണ്. അദ്ദേഹം വിവിധ പ്രഭാഷണങ്ങളിലും കൃതികളുടെ ആമുഖക്കുറിപ്പുകളിലും അഭിമുഖങ്ങളിലും തന്റെ ദേശത്തെക്കുറിച്ച് നിരന്തരം പറഞ്ഞിട്ടുണ്ട്. ഇവയിൽ ചില സംഭാഷണങ്ങളും ആമുഖക്കുറിപ്പുകളും ഈ പഠനത്തിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

**പ്രഭാഷണങ്ങൾ**

1. 'എനിക്കു സുപരിചിതമായ ഗ്രാമമാണ് എന്റെ ഭൂരിപക്ഷം കൃതികളുടെയും പശ്ചാത്തലം. അതിലൂടെ ഒഴുകിപ്പോകുന്ന പുഴ എന്റെ ജീവധമനിയാണ്. ഗ്രാമം എനിക്കു ശബ്ദങ്ങളും ബിംബങ്ങളും വാക്കുകളും തന്നു. ഗ്രാമത്തിലെയെന്നപോലെ, മനുഷ്യപ്രകൃതിയിലെ ഋതുഭേദങ്ങൾ എന്നും എന്നെ ആകർഷിക്കുന്നു. മനുഷ്യാവസ്ഥയിലെ സങ്കീർണ്ണതകൾ, കൊടുംക്രൂരനെന്നു വിധിക്കപ്പെട്ടവൻ ഒരിക്കൽ മൃദുല ഹൃദയം തുറന്നു കാണിച്ച് നമ്മെ അമ്പരപ്പിക്കുന്നു. നന്മയുടെ നിറകുടമായി വിശേഷിപ്പിക്കപ്പെട്ടവൻ ഭീകരതയുടെ ദംഷ്ട്രകൾ അപ്രതീക്ഷിതമായി പുറത്തുകാട്ടുന്നു. മനുഷ്യൻ എന്ന നിത്യാത്ഭുതത്തെപ്പറ്റി നാം ചിന്തിച്ച് അസ്വസ്ഥരാവുന്നു.'

   - എം.ടി വാസുദേവൻനായർ, ജ്ഞാനപീഠ പ്രസംഗം,1996 മാർച്ച് 25 തിരുവനന്തപുരം. (വി.കെ.ശ്രീരാമൻ 2013: 54)

2. 'താന്നിക്കുന്നിന്റെ നെറുകയിൽ നിന്നാൽ മെയിൽ വണ്ടി കരുണൂർ പാലം കടക്കുന്നതു കാണാം. ഉച്ച തിരിയുമ്പോൾ, കുറ്റിപ്പുറത്തുനിന്ന് തപാൽ കൂടല്ലൂരിലെ സ്ഥിരപ്പെടുത്താത്ത തപാലാപ്പീസിൽ എത്തുമ്പോൾ നാലരമണിയാവും. തപാലാപ്പീസ് സന്ദർശനം ഒരു നിത്യചടങ്ങായിരുന്നു. ഏതെങ്കിലും

ഒരു മാസികയിൽ എന്റെ... എന്നും നിഗൂഢമായ പ്രതീക്ഷയോടെയാണ് തപാലാപ്പീസിലെത്തുന്നത്'

- എം. ടി വാസുദേവൻനായർ, ഡി. ലിറ്റ് പ്രസംഗം-1996 ജൂൺ 22 കോഴിക്കോട് സർവ്വകലാശാല, (വി. കെ. ശ്രീരാമൻ 2013 :63).

3. 'ഞാൻ കൂടുതലെഴുതിയത് കഥകളാണ്. എവിടെയോ നടന്ന, നടന്നിരിക്കാവുന്ന മനുഷ്യാവസ്ഥകളുടെ കഥകൾ. 'സൂക്ഷിച്ചു നോക്ക്, ഇതിൽ അസാധാരണമായ എന്തോ ഉണ്ട്' എന്ന നിശബ്ദ പ്രേരണയോടെ എന്റെ മനസ്സിന്റെ കിളിവാതിൽ തിരിച്ചറിഞ്ഞ് കടന്നുവന്ന് എന്നെ സ്വീകരിച്ച പ്രമേയങ്ങളോട് ഞാൻ നന്ദി പറയുന്നു. ഇടവഴികളിലും ഇരുട്ടുമുറികളിലും കുന്നിൻചെരിവിലും പുഴക്കടവിലുമൊക്കെ കഥകൾ ഒളിപ്പിച്ചുവെച്ച് തിരിഞ്ഞു പിടിക്കാൻ അടക്കിയ ചിരിയും ഒതുങ്ങിയ വെല്ലുവിളിയുമായി എന്നെ എന്നും വിളച്ചിറക്കിയ ഗ്രാമത്തിനും ഞാൻ നന്ദി പറയട്ടെ'.

- മഹാത്മാഗാന്ധി സർവ്വകലാശാലാ ഡി.ലിറ്റ് സ്വീകരണ പ്രഭാഷണം, 1996 നവംബർ 21 (എം. ടി വാസുദേവൻനായർ, 2013:25).

4. 'മറ്റു പല പ്രദേശങ്ങൾക്കുമില്ലാത്ത ഒരു സവിശേഷത വള്ളുവനാടിനുണ്ട്. അന്യോന്യം വഴക്കിടുന്നവർ, സ്നേഹിക്കുന്നവർ. കുടുംബബന്ധങ്ങളിലെ ഈ സവിശേഷത കൃതികളിലും കാണാം. ചെറുകാടിന്റെ ആത്മകഥയായ *ജീവിതപ്പാത*യിൽ ഒരമ്മാമനുണ്ട്- മരുമകൻ കുട്ടിക്ക് തന്റെ പേരിടണമെന്നു ശഠിക്കുന്ന കാരണവർ. കുടുംബബന്ധങ്ങളിലെ ഈ ദാർഢ്യവും പില്ക്കാലത്തെ അകൽച്ചയും അന്വേഷണവിധേയമാക്കേണ്ടതാണ്.

ഈ പ്രദേശത്തെ നമ്മുടെ പൂർവ്വികരുടെ കൃതികൾ പരിശോധിക്കുമ്പോൾ അവയിൽ ഒരു മതാതീത സൗഹൃദഭാവം ദർശിക്കാനാവും. അത് ഇവിടത്തെ ജനജീവിതത്തിന്റെ ഭാഗമായിരുന്നു. ഉറൂബിന്റെ കൃതികളിലും ചെറു

കാടിന്റെ കൃതികളിലും ഇടശ്ശേരിക്കവിതകളിലുമൊക്കെ ഇത് ജ്വലിച്ചു നിൽക്കുന്നതു കാണാം.'

- വള്ളുവനാടൻ സാഹിത്യത്തനിമ- ഉദ്ഘാടന പ്രസംഗം, 1995 മെയ് കുറ്റിപ്പുറം (എം. ടി വാസുദേവൻനായർ, 2013:88-89).

**ആമുഖകുറിപ്പുകൾ**

1. 'എന്റെ സാഹിത്യ ജീവിതത്തിൽ മറ്റെന്തിനോടുമുള്ളതിലധികം ഞാൻ കടപ്പെട്ടിരിക്കുന്നത് കൂടല്ലൂരിനോടാണ്. വേലായുധേട്ടന്റെയും ഗോവിന്ദൻകുട്ടിയുടെയും പകിടകളിക്കാരൻ കോന്തുണ്ണി അമ്മാമയുടെയും കാതുമുറിച്ച മീനാക്ഷിയേടത്തിയുടെയും നാടായ കൂടല്ലൂരിനോട്. എന്റെ ചെറിയ അനുഭവമണ്ഡലത്തിൽപ്പെട്ട സ്ത്രീ പുരുഷന്മാരുടെ കഥകളാണ് എന്റെ സാഹിത്യത്തിൽ ഭൂരിഭാഗവും. അതിന്റെ നാലതിരുകൾക്കപ്പുറത്ത് കടക്കില്ലെന്ന നിർബന്ധമുണ്ടോ എന്നു ചോദിക്കാം. ഇല്ല. വ്യത്യസ്തമായ ഭൂഭാഗങ്ങൾ തേടി ഞാൻ അലയാറുണ്ട്'.

-എം. ടി.യുടെ തെരഞ്ഞെടുത്ത കഥകളുടെ മുഖക്കുറിപ്പിൽ നിന്നും

2. '... ഇത്തരം അസംഖ്യം കഥകൾ കേട്ടാണ് ഞങ്ങൾ കുട്ടികൾ വളർന്നത്. പകടകളിക്കാരനായ കോന്തുണ്ണി അമ്മാവൻ ഞങ്ങളുടെ തൊട്ടടുത്ത്, ഭാര്യവീട്ടിലാണ് താമസിച്ചിരുന്നത്. ചെറിയ ക്ലാസിൽ പഠിക്കുന്ന കാലത്തു കോന്തുണ്ണി അമ്മാമനെ ഞാൻ പലപ്പോഴും കാണുമായിരുന്നു. പറ്റുകച്ചവടക്കാരൻ വിഷം കൊടുത്താണ് അമ്മാവനെ കൊന്നതെന്നും നാട്ടിലാകെ കഥ പരന്നിരുന്നു. കോന്തുണ്ണി അമ്മാമന്റെ വ്യക്തമായ ചിത്രം ഇപ്പോഴും എന്റെ മനസിലുണ്ട്. സ്കൂളിൽ നിന്നും തിരികെ വന്നശേഷം അമ്മാമന്റെ വീടിനടുത്തുള്ള കുളത്തിൽ കുളിക്കുന്ന പതിവുണ്ടായിരുന്നു ഞങ്ങൾക്ക്.

വരാന്തയിലിരുന്ന് അമ്മാമൻ അത്താഴം കഴിക്കുകയായിരിക്കും അപ്പോൾ. ഞങ്ങളെ ഓരോരുത്തരേയും പേരുചൊല്ലി അടുത്തേക്കു വിളിച്ചിരുത്തും. ഒരുരുളച്ചോറെങ്കിലും ഞങ്ങൾ കഴിക്കണമെന്നാണ് വ്യവസ്ഥ. ഞങ്ങൾ പത്തുകുട്ടികൾ അമ്മാമനു ചുറ്റുമിരുന്ന് ഉരുള വാങ്ങിക്കഴിക്കും'.

(എൻ. ജയകൃഷ്ണൻ എഡിറ്റു ചെയ്ത *നാലുകെട്ടിന്റെ തച്ചുശാസ്ത്രം* എന്ന പുസ്തകത്തിലെ 'നാലുകെട്ടിനെക്കുറിച്ച് എം.ടി' എന്ന ഓർമ്മക്കുറിപ്പിൽ നിന്ന്, പുറം 361).

**അഭിമുഖങ്ങൾ**

1. കൂടല്ലൂരിനോടാണോ കോഴിക്കോടിനോടാണോ കൂടുതൽ ഇഷ്ടം?

അങ്ങനെയൊന്നുമില്ല. താമസിക്കാൻ ഏതു സ്ഥലവും ഇഷ്ടമാണ്. പക്ഷേ കൂടല്ലൂരിൽ പല സൗകര്യങ്ങളും ഇല്ല. അടുത്തു നല്ല ആശുപത്രിയില്ല, നല്ല ഡോക്ടർമാരില്ല, പിന്നെ യാത്രയുടെ ബുദ്ധിമുട്ട്. പ്രധാനമായിട്ടും ഈ പുഴയുടെ പഴയ ഭംഗിയില്ല. അതുകൊണ്ട് ഇപ്പോൾ പഴയമാതിരി അവിടെപ്പോയി താമസിക്കാറില്ല. പുഴയായിരുന്നു കൂടല്ലൂരിന്റെ വലിയ ആകർഷണം. ഇടയ്ക്ക് രണ്ടുദിവസമൊക്കെ പോയി നിൽക്കുന്നു എന്നല്ലാതെ ഇപ്പോൾ താമസിക്കാറില്ല.

- എം.ടി വാസുദേവൻനായരും സി.ആർ.രതീഷ്കുമാറും തമ്മിലുള്ള സംഭാഷണത്തിൽനിന്ന് (ടോണിമാത്യു, 1977: 611)

2. മരിക്കുന്നതിന് കുറച്ചുനാൾ മുമ്പ് തിക്കോടിയനുമായി സംസാരിച്ചപ്പോൾ മതത്തിന്റെയും ജാതിയുടെയും പേരിൽ ഇവിടെ പെരുകിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ അദ്ദേഹത്തെ വല്ലാതെ അലട്ടുന്നതായി തോന്നിയിരുന്നു...?

ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ ഒരു ദുരന്തമായിട്ട് എനിക്ക് തോന്നുന്നത് മതാതീതമായി നമുക്ക് മനുഷ്യനെ കാണാൻ കഴിയാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിച്ചേരുന്നു എന്നുള്ളതാണ്. പണ്ട് ഇങ്ങനെ ഉണ്ടായിട്ടില്ല. എന്റെ ഗ്രാമത്തിൽ 'അവർ' 'ഞങ്ങള്' എന്നു പറഞ്ഞിരുന്നില്ല. ഇന്ന് ഇവരിങ്ങനെ ചെയ്യുന്നു. അപ്പോൾ നമ്മളിങ്ങനെ ചെയ്യണോ എന്നാണ് ഞാൻ അവിടെ ചെല്ലുമ്പോൾ ചെറുപ്പക്കാർ, കുട്ടികൾകൂടി പറയുന്നത്. പണ്ട് ആ ഗ്രാമീണർ ഒരു ഉത്സവം നടത്തുന്നുണ്ടെങ്കിൽ ഹിന്ദുക്കളും മുസ്ലീങ്ങളും ഒന്നുപോലെ പങ്കെടുക്കും. ഇന്ന് അങ്ങനെയല്ല. അവർ ഞങ്ങൾ എന്ന രീതിയിൽ സംസാരിക്കാൻ തുടങ്ങിയിരിക്കുന്നു. ആരാണോ ഇവരെ ഈ ചിന്താഗതിയിലേക്ക് എത്തിച്ചത്, അവർ എവിടെയോ ഇരുന്ന് പറഞ്ഞ്, ആവർത്തിച്ചു പറഞ്ഞ്, ഇതുറപ്പിക്കുന്നു. ഇത് നമ്മുടെ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ശാപമാണ്. ഒരാൾക്ക് അമ്പലത്തിൽ പോകാം. ചർച്ചിൽ പോകാം. പള്ളിയിൽ പോകാം. ഈ ആളുകളൊക്കെ ഒരേ തരത്തിലുള്ള വസ്ത്രം ധരിക്കുന്നു. ഒരാളുടെ ആരാധനാക്രമം വേറൊന്ന് എന്നു വെച്ചുകൊണ്ട് ആ ആളെ ഒരു അന്യനായി കാണുക, ഒരു ശത്രുവായി കാണുക എന്നത് പണ്ട് ഉണ്ടായിട്ടില്ല. ഇന്ന് അത് എന്റെ ഗ്രാമത്തിലേക്കും പ്രചരിക്കുന്നു. എന്റെ ഗ്രാമം എന്നു പറഞ്ഞാൽ സൗഹൃദത്തിന്റെ ഗ്രാമമാണ്. പരസ്പര സഹായത്തിന്റെ, സഹകരണത്തിന്റെ ഗ്രാമമാണ്. ആ ഗ്രാമത്തിലേക്കു കൂടി ഇത് വ്യാപിച്ചു എന്നു പറഞ്ഞാൽ ഇന്ത്യാരാജ്യം മുഴുവൻ ഇത് വളരെ വ്യാപകമായിട്ട് വന്നതിന്റെ പ്രതിഫലനമായിട്ടാണ് ഞാൻ കാണുന്നത്. നമുക്ക് എന്തുചെയ്യാൻ പറ്റും എന്നുള്ളതാണ് ഇവിടെ ആലോചിക്കാനുള്ളത്. ആകെ ഉള്ളത് വാക്കുകളാണ്. ആ വാക്കുകൾ ഇത് തടഞ്ഞു നിർത്താൻ ഉപയോഗിക്കുക എന്നതിൽക്കവിഞ്ഞ് നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല

- എം.ടി വാസുദേവൻനായരും അക്ബർ കക്കട്ടിലും തമ്മിലുള്ള സംഭാഷണത്തിൽ നിന്ന് (അക്ബർ കക്കട്ടിൽ, 2014; 96).

3. എം.ടി യുടെ അന്നത്തെ കഥകളിലും നോവലുകളിലുമൊക്കെ ഉപയോഗിക്കുന്ന 'ഇമേജുകൾ' നമ്മുടെ കാർഷികപ്രകൃതിയിൽ നിന്ന് വരുന്നതാണ്. ഉദാഹരണത്തിന് ഒരു പെണ്ണിനെ കവുങ്ങിൻ പൂക്കുലയോടോ വാഴക്കൂമ്പിനോടോ ഉപമിച്ചുകൊണ്ട്. കുറേ കാലത്തിനുശേഷം 'ഹോര'യിലേക്കും 'പുരാവൃത്ത'ത്തിലേക്കും 'വില്പന'യിലേക്കും വരുമ്പോൾ എം.ടി യുടെ ഇമേജുകൾ മുഴുവൻ നാഗരികമായിരുന്നു. അപ്പോൾ എം.ടി ക്കുണ്ടാകുന്ന മാനസികാവസ്ഥ എന്താണ്?

'അത് അറിയാതെ 'സിറ്റ്വേഷൻ' അനുസരിച്ച് വരുന്നതാണ്. എന്നിൽ 'ബേസിക്' ആയിട്ട് ഒരു കൃഷിക്കാരൻ ഉണ്ട്. ഞാൻ ജനിച്ചതും ഒരു കർഷക കുടുംബത്തിലാണ്. ഞങ്ങളുടെ നാട്ടിൽ (ഞാനിതെവിടെയോ പ്രസംഗിച്ചിട്ടുണ്ട്). വീട്ടിന്റെ പടിക്കലൊക്കെ വയലാണ്. വയലൊക്കെ നിറഞ്ഞ കതിരിട്ട് നിൽക്കുമ്പോൾ, വയലിന്റെ അക്കരെ വീട്ടിലുള്ള കന്നാലികളെയും ഊട്ടുകാളകളെയും വരമ്പിലൂടെ വേഗത്തിൽ ഓടിച്ചുകൊണ്ടു പോകണം. ഇല്ലെങ്കിൽ, അവ നിന്നിട്ട് കതിരൊക്കെ കടിക്കും. അപ്പോൾ അന്നത്തെ ആൺകുട്ടികളെയാണ് അതിന് നിയോഗിക്കുക. 'ആരാ അവിടെയുള്ളത്, ആ ആരാ അവിടെ ഉള്ളത്, ആ, നീ വാ' കാരണം ഓരോന്നിന്റെ പിന്നാലെയും ഓടാൻ ഓരോ ആള് വേണം. നമുക്ക് എട്ടു ഒമ്പത് വയസ്സുള്ളപ്പോൾ അമ്മാവൻ വിളിച്ചിട്ട് 'നീ വാ' എന്നും പറയുമ്പോൾ നമുക്കതൊരു ചെറിയ ത്രില്ലാ. നമ്മളെ ഒന്നംഗീകരിക്കുന്നു എന്ന തോന്നൽ. ആ കാലത്തു ഗ്രാമവുമായി ബന്ധപ്പെട്ടു എന്തു ചെയ്യുമ്പോഴും നമ്മളിൽ ഈ ഗ്രാമീണ ജീവിതത്തിന്റെയും കാർഷിക ജീവിതത്തിന്റെയും കുറേ ഇമേജുകൾ മനസ്സിൽ സ്ഥാനം പിടിക്കുന്നു. കവിതയിൽ ഇടശ്ശേരിയുടെ കവിതയിൽ

എപ്പോഴും വരും. ഇടശ്ശേരി തനി കൃഷിക്കാരനായിരുന്നു. ഇത്തരം 'ബേസിക്' ആയിട്ടുള്ള ഒരു കൃഷിക്കാരന്റെ മനസ്സുണ്ടെനിക്ക്. എനിക്ക് തോന്നുന്നത് അങ്ങനെയൊരു 'ബാക്ഗ്രൗണ്ട്' എനിക്ക് കിട്ടിയത് വളരെ മെച്ചമായി എന്നാണ്.

- എം.ടി യും വി.ആർ. സുധീഷും തമ്മിലുള്ള സംഭാഷണത്തിൽ നിന്ന് (വി. ആർ. സുധീഷ്, 2013:21).

4. എം.ടി യുടെ നോവലിൽ മുസ്‌ലിം കഥാപാത്രങ്ങൾക്ക് നല്ല തെളിച്ചവും വെളിച്ചവും കിട്ടുന്നുണ്ട്. അതിനെക്കുറിച്ചെന്തെങ്കിലും പറയാനുണ്ടോ?

'ഞങ്ങളുടെ ഗ്രാമത്തിൽ ഏതാണ്ട് 45% മുസ്ലീംകളുണ്ട്. എന്റെ ചെറുപ്പ കാലത്ത് ഞാൻ ഇവരൊക്കെയായിട്ട് വളരെയധികം ഇടപഴകിയിരുന്നു. അവരുടെയൊക്കെ വീട്ടിൽ വിശേഷങ്ങൾക്കുണ്ടാകുന്ന സാധനങ്ങൾ ഞങ്ങൾക്ക് കൊടുത്തയക്കുമായിരുന്നു. ഞങ്ങളും അങ്ങോട്ട് കൊടുത്ത യ്ക്കും. ഞങ്ങളുടെ ഗ്രാമജീവിതത്തിന്റെ ഭാഗമായിരുന്നു അവർ. ഞാൻ കുട്ടിയായിരുന്ന കാലത്ത് 42 ലോ മറ്റോ കൊടുങ്കാറ്റും വെള്ളപ്പൊക്കവും ഒക്കെ വന്നിട്ടുള്ള വർഷം ഭാരതപ്പുഴ കവിഞ്ഞൊഴുകി വീടിന്റെ പടിവരെ വെള്ളംവന്നു. കൊടുങ്കാറ്റിന്റെ ആരംഭം എനിക്കിന്നും ഓർമ്മയുണ്ട്. അപ്പോൾ ആമിനുമ്മ ഒരു ചെറിയ കുട്ടിയുമായിട്ട് കോരിച്ചൊരിയുന്ന മഴ യക്ക് വീട്ടുമുറ്റത്ത് വന്നു. ഞങ്ങളുടെ വീട്ടിൽ മച്ചിൽ ഭഗവതിയിരിക്കുന്നു എന്നൊരു സങ്കൽപ്പമുണ്ട്. സ്ത്രീകളൊന്നും പുറത്തായിരിക്കുമ്പോൾ ആ ഭാഗത്ത് പോകാറില്ല. ഇറച്ചിയും മീനും ഒന്നും മുൻവാതിലിലൂടെ കയറ്റാറി ല്ല. അപ്പോൾ ആമിനുമ്മ ഇങ്ങനെ സംശയിച്ചു നില്ക്കുമ്പോൾ അമ്മ പറ ഞ്ഞു. 'ഇങ്ങനൊരു അത്യാപത്ത് വന്നിരിക്കുമ്പോ ഭഗവതീടെ കാര്യ മൊന്നും നോക്കണംന്നില്ല. വാതില് തൊറക്കടാ' ന്ന്. എന്നിട്ട് ഈ സ്ത്രീ ഞങ്ങളുടെ വീട്ടിൽ പ്രസവിച്ചു വടക്കെ കെട്ടില്. അങ്ങനെ ഗ്രാമജീവിത

ത്തിൽ ഇവരുമായിട്ട് ഒരുപാട് സമ്പർക്കമുണ്ടായിട്ടുണ്ട്. ഗ്രാമത്തിലെ തോണിക്കാരൻ എന്നും ഒരു മുസ്ലീമായിരുന്നു. അയാൾക്ക് സ്ഥിരം നെല്ലും ഒക്കെ കൊടുക്കുന്നതിന് പുറമെ, ഓണക്കാലത്ത് അവിട്ടം ദിവസം ഉമ്മറത്ത് ഇലയൊക്കെ വെച്ച് സദ്യ കൊടുക്കും. നമുക്ക് പരിചയമുള്ള മുസ്ലീം കുടുംബങ്ങളിൽ നിന്ന് ആളുകൾ സദ്യഉണ്ണാൻ വരും. എനിക്കിന്നും നാട്ടിലെ 'ക്ലോസ്ഫ്രണ്ട്സ്' ഇവരാണ്. അതുകൊണ്ട് പലപ്പോഴും ഈ ക്യാരക്ടേഴ്സ് എന്റെ കഥകളിലും നോവലുകളിലും ഒക്കെ കയറി വന്നിട്ടുണ്ട്'

- എം. ടി യും വി.ആർ. സുധീഷും തമ്മിലുള്ള സംഭാഷണത്തിൽ നിന്ന് (വി. ആർ. സുധീഷ്, 2013:37).

5. കൂടല്ലൂർ കഥകളെന്ന് താങ്കളുടെ കഥകളെ വിളിക്കുന്നതിഷ്ടമാണോ? കൂടല്ലൂരിനോട് എന്താണിത്ര കടപ്പാട്?

'കൂടല്ലൂർ കഥകളെന്ന് വിളിക്കുന്നത്കൊണ്ട് തനിക്ക് കുഴപ്പമൊന്നും തോന്നുന്നില്ല. കൂടല്ലൂരിനോട് കടപ്പാട്-കൂടല്ലൂർ എന്ന ഗ്രാമത്തിൽ ഞാൻ ജനിച്ചു എന്റെ ബാല്യകാലം മുഴുവൻ ഞാനവിടെ വളർന്നു. എന്റെ പൂർവ്വികന്മാരായിട്ടുള്ള ആൾക്കാർ മുഴുവൻ വളർന്നത് അവിടെയാണ്. ഈ കാലഘട്ടത്തിൽ നാമൊക്കെ വേരുകൾ തേടിക്കൊണ്ടിരിക്കുകയാണ്. എനിക്ക് വല്ല വേരുകളുമുണ്ടെങ്കിൽ എന്റെ വേരുകൾ ആ ഗ്രാമത്തിൽ കിടക്കുന്നു. അതുകൊണ്ടാണ് എന്റെ കഥകളിൽ കൂടല്ലൂരും കൂടല്ലൂരിലെ കഥാപാത്രങ്ങളും വന്നിട്ടുള്ളത്. നിങ്ങൾ ഇത് വിശകലനം ചെയ്തിട്ടുണ്ടെങ്കിൽ പല എഴുത്തുകാരുടെയും കാര്യത്തിൽ ഇതു തന്നെയായിരിക്കും സ്ഥിതി. അവർ ജനിച്ചു വളർന്ന സാഹചര്യത്തിൽ നിന്ന് ജീവിതത്തിന്റെ ഏത് സാഹചര്യത്തിൽ ചെന്നുപെട്ടാലും പരിപൂർണ്ണമായി അവർക്ക് വിട്ടുനിൽക്കാൻ സാധിക്കുകയില്ല. അവരുടെ വേരുകൾ അവിടെയുണ്ട്. ആ വേരുകൾ അവരുടെ സാഹിത്യത്തിലും കാണം. ആ വേരുകൾ മറന്നിട്ട് അതല്ലാത്ത സാഹിത്യ

സൃഷ്ടികൾ നടത്തിയിട്ടുള്ള ആളുകൾ പോലും പിന്നീട് അവർ സ്വന്തം വേരുകൾ തേടിക്കൊണ്ട്, കഥകൾ തേടിക്കൊണ്ട്, മനുഷ്യരെ തേടിക്കൊണ്ട് അവരുടെ ഗ്രാമത്തിലേക്ക് പോയിട്ടുള്ള അനുഭവങ്ങൾ കാണാം. സമീപകാലത്തെ മലയാള സാഹിത്യത്തിന്റെ ചരിത്രം നോക്കിയിട്ടുണ്ടെങ്കിൽ അത് മനസ്സിലാകും. അത് ലോകസാഹിത്യത്തിലും നടന്നിട്ടുള്ളതാണ്. ഏത് സാഹിത്യകാരനുമുണ്ട് അവന്റെ വേരുകൾ. അതവന്റെ ഗ്രാമമായിട്ട്, ദേശമായിട്ട്, വളർന്നുവന്ന സാഹചര്യമായിട്ട് ബന്ധപ്പെട്ടു കിടക്കുന്നു'

- എം.ടി യും ഇബ്രാഹിം ബേവിഞ്ചയും തമ്മിലുള്ള അഭിമുഖ സംഭാഷണത്തിൽ നിന്ന് (ഇബ്രാഹിം ബേവിഞ്ച, 2014: 13-14).